സഞ്ചിക
2

INTERNATIONAL
CONGRESS ON
KERALA STUDIES

അഞ്ചാം അന്താരാഷ്ട്ര കേരള പഠനകോൺഗ്രസ്

# അധികാര വികേന്ദ്രീകരണവും തദ്ദേശഭരണവും

## ത്രിദിന സെമിനാർ



2025 ഫെബ്രുവരി 22-24 • ഇ.കെ. നായനാർ അക്കാദമി • കണ്ണൂർ

പാട്യം ഗോപാലൻ പഠനഗവേഷണകേന്ദ്രം, കണ്ണൂർ
എ.കെ.ജി. പഠനഗവേഷണകേന്ദ്രം • തിരുവനന്തപുരം

INTERNATIONAL
CONGRESS ON
KERALA STUDIES

INTERNATIONAL
CONGRESS ON
KERALA STUDIES


**അഞ്ചാം അന്താരാഷ്ട്ര**
**കേരള പഠനകോൺഗ്രസ്**
2025 ഫെബ്രുവരി 22, 23, 24 • കണ്ണൂർ

**അധികാര വികേന്ദ്രീകരണവും**
**തദ്ദേശസ്വയംഭരണവും**
**സെമിനാർ**

*പ്രസിദ്ധീകരണം*

എ.കെ.ജി. പഠനഗവേഷണകേന്ദ്രം
തിരുവനന്തപുരം

പാട്യം ഗോപാലൻ പഠനഗവേഷണകേന്ദ്രം
കണ്ണൂർ

*കവർ ഡിസൈൻ & ലേ-ഔട്ട്*
ഗോഡ്ഫ്രെയ്സ് ഗ്രാഫിക്സ്

കോപ്പി: 2000

*അച്ചടി*
ടൈം ഓഫ്സെറ്റ് പ്രിന്റേഴ്സ്, തിരുവനന്തപുരം

സഞ്ചിക
2

INTERNATIONAL
CONGRESS ON
KERALA STUDIES

അഞ്ചാം അന്താരാഷ്ട്ര
കേരള പഠനകോൺഗ്രസ്

# അധികാര വികേന്ദ്രീകരണവും തദ്ദേശസ്വയംഭരണവും

## സെമിനാർ

2025 ഫെബ്രുവരി 22, 23, 24 • കണ്ണൂർ

പാട്യം ഗോപാലൻ പഠനഗവേഷണകേന്ദ്രം, കണ്ണൂർ
എ.കെ.ജി. പഠനഗവേഷണകേന്ദ്രം • തിരുവനന്തപുരം

# ആമുഖം

**അ**ഞ്ചാമത് അന്തർദേശീയ കേരള പഠന കോൺഗ്രസ് 2025 ഡിസംബർ മാസത്തിൽ തിരുവനതപുരത്ത് വച്ച് നടക്കുവാൻ പോകുകയാണ്. പങ്കാളിത്തം പരമാവധി ഉറപ്പാക്കുന്നതിനും സംവാദം കൂടുതൽ ആഴത്തിലുള്ളതാക്കുന്നതിനും വേണ്ടി പഠന കോൺഗ്രസിന് മുന്നോടിയായി വിവിധ വികസന മേഖലകളെക്കുറിച്ച് വിപുലമായ സെമിനാറുകൾ നടത്തിവരുകയാണ്. ഇതുവരെ പൊതുവിദ്യാഭ്യാസം, കൃഷി, ധനകാര്യം, ഭരണനിർവ്വഹണം, പ്രവാസം, ആരോഗ്യം എന്നിവയെ ആസ്പദമാക്കിയുള്ള അഞ്ച് സെമിനാറുകൾ നടന്നുകഴിഞ്ഞു. ഈ പരമ്പരയുടെ ഭാഗമാണ് കണ്ണൂർ സ. നായനാർ അക്കാഡമിയിൽ വച്ച് നടക്കുന്ന അധികാര വികേന്ദ്രീകരണവും തദ്ദേശ ഭരണവും സംബന്ധിച്ച ത്രിദിന സെമിനാർ.

സ. ഇ.എം.എസ്സിന്റെ നേതൃത്വത്തിൽ നടന്ന ഒന്നാം പഠന കോൺഗ്രസിന്റെ തുടർച്ചയായിട്ടാണ് ജനകീയാസൂത്രണം രൂപം കൊണ്ടത്. ജനകീയാസൂത്രണം ആവിഷ്കരിക്കപെട്ട് കാൽ നൂറ്റാണ്ടു പിന്നിട്ടു കഴിഞ്ഞു. ഇത് വരെയുള്ള അനുഭവങ്ങൾ പുതിയ വെല്ലുവിളികളെ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത, കൊണ്ട് വരേണ്ടുന്ന പരിഷ്കാരങ്ങൾ, എന്നിവയെക്കുറിച്ച് സമഗ്രമായി അവലോകനം ചെയ്യേണ്ടതുണ്ട്. “അധികാര വികേന്ദ്രീകരണം നവകേരളത്തിനു” എന്നതാണ് നമ്മുടെ മുദ്രാവാക്യം. ഇത്തരമൊരു ചർച്ചക്ക് കണ്ണൂരിൽ നടക്കുന്ന അധികാരവികേന്ദ്രീകരണവും തദ്ദേശഭരണവും എന്ന സെമിനാർ വേദി ഒരുക്കുന്നു.

സെമിനാറിന്റെ രണ്ടാം ദിവസത്തെ അവതരണങ്ങളാണ് ഈ സഞ്ചിക 2ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നാൽപ്പതു സമ്മേളനങ്ങളിലായി വിവിധ വിഷയങ്ങളിൽ ജനപ്രതിനിധുകൾ, ഉദ്യോഗസ്ഥർ, വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ, ഗവേഷകർ തുടങ്ങിയവരാണ് പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നത്. ഹ്രസ്വമായ അവതരണങ്ങൾക്ക് പുറമേ, ഭൂരിപക്ഷം അവതരണങ്ങളുമായി ബന്ധപ്പെട്ടു ചെറു വീഡിയോകളും പ്രദർശിപ്പിക്കുന്നുണ്ട്. വിവിധ വികസന മേഖലകൾ പ്രത്യേകമായി ഇവിടെ ചർച്ച ചെയ്യപ്പെടുന്നു. ഇതിനു പുറമേ മാലിന്യനിർമാർജനം, അതി ദാരിദ്ര്യം, സാന്ത്വന പരിചരണം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനവും ദുരന്ത-നിവാരണവും, ആരോഗ്യം, പട്ടിക ജാതി-വർഗ്ഗ വികസനം, തൊഴിലും പ്രാദേശിക സാമ്പത്തിക വികസനവും, IT & ഇ-ഗവേർണൻസ്, തൊഴിലും പ്രാദേശിക

സാമ്പത്തിക വികസനവും, കുടുംബശ്രീ തുടങ്ങിയ വിഷയങ്ങളും ഇവിടെ ചർച്ച ചെയ്യപ്പെടുന്നു.

ഒന്നാം ദിവസം ചർച്ച ചെയ്ത സമീപനരേഖകൾ രണ്ടാം ദിവസത്തെ അനുഭവ കുറിപ്പുകളുമായി ബന്ധപ്പെടുത്തിയാണ് അഞ്ചാം കേരള പഠന കോൺഗ്രസ്സിൽ അവതരിപ്പിക്കേണ്ട അധികാര വികേന്ദ്രീകരണം സംബന്ധിച്ച സമഗ്രരേഖ തയ്യാറാക്കുക. അങ്ങനെ വിദഗ്ധരുടെ വിശകലനങ്ങളും പ്രവർത്തകരുടെ അനുഭവജ്ഞാനവും സംയോജിക്കപ്പെടുന്നു.

അഞ്ചാമത് കേരള പഠന കോൺഗ്രസിന്റെ അക്കാദമിക് സംഘാടനത്തിനായി എസ്. രാമചന്ദ്രൻ പിള്ള ചെയർമാനും ടി എം തോമസ് ഐസക് സെക്രട്ടിയുമായി ഒരു അക്കാദമിക് സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ അക്കാദമിക് സമിതിക്ക് കീഴിൽ ഓരോ വികസനമേഖലാ സെമിനാറിനും പ്രത്യേകം അക്കാദമിക് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണം സംബന്ധിച്ച സെമിനാറിന്റെ അക്കാദമിക് കമ്മിറ്റിയുടെ ചെയർമാൻ പാലോളി മുഹമ്മദ് കുട്ടിയും, കോ-ചെയർമാൻ ജിജു പി അല്ക്സുമാണ്. ഡോ. ജോയ് ഇളമൺ ആണ് സമിതിയുടെ കൺവീനർ. അധികാര വികേന്ദ്രീകരണം സംബന്ധിച്ച അക്കാദമിക് സമിതിയുടെ യോഗമാണ് മുകളിൽ സൂചിപ്പിച്ച ഓരോ വിഷയ മേഖലയ്ക്കുമുള്ള വിദഗ്ധ സമിതികൾക്ക് രൂപം നൽകിയത്. ഇവയ്ക്ക് പുറമെ പാട്യം പഠന ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കണ്ണൂരിൽ ഒരു സംഘാടക സമിതിക്കും രൂപം നൽകിയിട്ടുണ്ട്. അതിന്റെ ചെയർമാൻ ഇ പി ജയരാജനും, സെക്രട്ടറി എം വി ജയരാജനുമാണ്.

ചുരുക്കത്തിൽ വലിയൊരു സംഘം വിദഗ്ധരുടെയും പ്രവർത്തകരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെയാണ് ഈ സെമിനാറും, പ്രബന്ധ സഞ്ചികകളും രൂപം കൊണ്ടിട്ടുള്ളത്. അവരൊടെല്ലാമുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു. ഈ പ്രബന്ധ സമാഹാരങ്ങൾ പ്രായോഗിക പ്രവർത്തകർക്ക് മാത്രമല്ല ഗവേഷണ-പണ്ഡിതൻമാർക്കും ആശ്രയിക്കാവുന്ന ആധികാരിക രേഖതന്നെയാണ്. ഇവ സെമിനാറിനു മുന്നിൽ അവതരിപ്പിക്കുന്നതിന് അതിയായ സന്തോഷമുണ്ട്

**എസ്. രാമചന്ദ്രൻപിള്ള**
*ചെയർമാൻ*

**ടി.എം. തോമസ് ഐസക്**
*സെക്രട്ടറി*

അക്കാദമിക് സമിതി, അഞ്ചാമത് കേരള പഠന കോൺഗ്രസ്
എകെജി പഠന ഗവേഷണ കേന്ദ്രം

# ഉള്ളടക്കം


| | | |
|---|---|---|
| | ഏകോപനവും സംയോജിത പ്രവർത്തനങ്ങളുംതദ്ദേശസ്വയംഭരണവകുപ്പ്, ഘടകസ്ഥാപനങ്ങൾ, മിഷനുകൾ<br>**ഡോ. സി.പി. വിനോദ്** | xv |
| | **കുടുംബശ്രീ സംഘടനയുടെ ശക്തി** | |
| 1. | സ്കൂളുകളിൽ പ്രഭാത ഭക്ഷണം നഗരസഭ - കുടുംബശ്രീ സംയോജന പദ്ധതി<br>**വൽസല കുമാരി** | 1 |
| 2. | കുടുംബശ്രീ സി ഡി എസ് സി എസ് ആർ സംയോജനപ്രവർത്തങ്ങൾ<br>**മായാ ശശികുമാർ** | 1 |
| 3. | കുടുംബശ്രീ - പ്രവർത്തനങ്ങൾ കണ്ണൂർ ആറളം പട്ടികവർഗ്ഗ പുനരധിവാസ കേന്ദ്രത്തിൽ<br>**ജിതേഷ് ടി വി** | 2 |
| 4. | തിരികെ സ്കൂളിൽ - ബാക്ക് ടു സ്കൂൾ | 3 |
| 5. | ബാലസഭ<br>**ഷീനാ ബീവി** | 4 |
| 6. | തീരദേശ മേഖലയിലെ പ്രത്യേക ഇടപെടൽ<br>**റെജി തോമസ്** | 5 |
| 7. | ഏക്സാത് കുടുംബശ്രീ സാമൂഹ്യ പരിശീലന സ്ഥാപനങ്ങൾ<br>**മനു ജി.** | 6 |
| 8. | നഗര ഉപജീവന കേന്ദ്രം (City Livelihood Center- CLC) ഗുരുവായൂർ നഗരസഭാ- കുടുംബശ്രീ സംയോജന പദ്ധതി<br>**അമ്പിളി ഉണ്ണിക്കൃഷ്ണൻ** | 7 |
| 9. | ഷീ സ്റ്റാർട്സ് ഹരിപ്പാട് നഗരസഭ സിഡിഎസ്<br>**സിന്ധു ആർ നായർ** | 8 |
| 10. | നൂതന സംരംഭങ്ങൾ കാസർഗോഡ്<br>**രാജേഷ് എ വി** | 8 |
| 11. | ഐ എസ് ഒ സർട്ടിഫിക്കറ്റ് ലഭിച്ച ആദ്യ സി ഡി എസ് വെങ്ങപ്പള്ളി<br>**ബബിത** | 10 |
| 12. | ഇതൾ ബഡ്സ് ബ്രാന്റഡ് ഉത്പന്നങ്ങൾ<br>**ജസീൽ** | 10 |
| 13. | ഭാഷ ന്യൂനപക്ഷ മേഖലയിലെ കുടുംബശ്രീ ഇടപെടലുകൾ<br>**ഫാത്തിമത്ത് സുഹറ & രതീഷ് പി.** | 11 |
| 14. | ടേക്ക് എ ബ്രേക്ക് -ഹരിത മിത്രം കരുനാഗപ്പള്ളി<br>**തങ്കച്ചി** | 12 |
| 15. | കുടുംബശ്രീ നേതൃത്വത്തിൽ പാഠപുസ്തക വിതരണം വേഗത്തിൽ<br>**ജിജിൻ ഗംഗാധരൻ** | 12 |
| 16. | കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത് ഹരിത കർമ്മസേന<br>**ദിവ്യ കെ.** | 13 |
| 17. | KIBS (കുടുംബശ്രീ ഇനിഷ്യേറ്റീവ് ഫോർ ബിസിനസ്സ് സൊല്യൂഷൻസ്)<br>**വിബിത ബാബു** | 14 |
| 18. | 'കിത്താബ്'കുടുംബശ്രീ പുസ്തക വായന പ്രോത്സാഹന പരിപാടി<br>**ഡോ. എം. സുർജിത്** | 15 |
| 19. | അമ്മക്കൂട്ടം കൃഷി വീട്<br>**പി. ഷൈജ** | 15 |

| | | |
|---|---|---|
| 20. | ടെക്നോ വേൾഡ് ഐ ടി യൂണിറ്റ്<br>**വിജയ കെ.** | 16 |
| 21. | പഞ്ചായത്തിരാജ് സംവിധാനവും സ്ത്രീ കൂട്ടായ്മകളും സംയോജന പ്രവർത്തനങ്ങൾ ഇതര സംസ്ഥാനങ്ങളിൽ | 17 |
| 22. | കുട്ടീസ് ബാൻഡ് - ബാലസഭാ ബാൻഡ്<br>**അജിതാ ഷാജി** | 18 |
| 23. | പട്ടികവർഗ്ഗ മേഖലയിലെ കുടുംബശ്രീ ഇടപെടലുകൾ-മറയൂർ<br>**സിനി പി.** | 19 |
| 24. | മേപ്പാടി ഉരുൾപൊട്ടൽ ദുരന്ത ബാധിത കുടുംബങ്ങൾക്കുള്ള മൈക്രോ പ്ലാൻ<br>**ബിജോയ് കെ.ജെ. & ജയേഷ് വി.** | 20 |
| 25. | മാതൃക സിഡിഎസ് നടത്തറ-തൃശൂർ<br>**ജീജ** | 21 |
| 26. | മാതൃക അയൽക്കൂട്ടം - സ്വന്തം കെട്ടിടം - എറണാകുളം ചൈതന്യ അയൽക്കൂട്ടം<br>**സിമി ബാബു** | 22 |
| 27. | ഭദ്രദീപം അയൽക്കൂട്ടം<br>**ബ്ലോക്ക്: വടവുകോട്-പുത്തൻകുരിശ്, സിഡിഎസ്: മഴുവന്നൂർ സിഡി എസ്** | 22 |
| 28. | എ.ഡി.എസ്സുകൾക്ക് സ്വന്തമായി ഓഫീസ് മാതൃക-പരപ്പനങ്ങാടി<br>**അനിൽ കുമാർ** | 23 |
| 29. | ആർ ഒ പ്ലാന്റ് പയ്യന്നൂർ കുടുംബശ്രീ – നഗരസഭ സംയോജന പദ്ധതി<br>**ദിവ്യ പി.** | 24 |
| 30. | ഭിന്നശേഷിക്കാർക്കും മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും ആശ്രയമായി<br>സൈമൺ ബ്രിട്ടോ സാന്ത്വനം ഷെൽട്ടർ ഹോം<br>**വിജയ വി.കെ.** | 25 |
| 31. | കുടുംബശ്രീ പെരുമ കയർ യൂണിറ്റ്<br>**വനിത എം.** | 26 |
| 32. | കുടുംബശ്രീ പ്രീമിയം കഫേ | 26 |
| 33. | പാഥേയം പദ്ധതി പുനലൂർ നഗരസഭ – കുടുംബശ്രീ സംയോജന പദ്ധതി<br>**റസൂൽ ബീവി** | 27 |
| 34. | സ്കൂഫെ- കണ്ണൂർകുടുംബശ്രീയുടെ പൊതു വിദ്യാലയത്തിലെ സംരംഭം<br>**ആര്യശ്രീ** | 27 |
| 35. | സ്നേഹിത ജെൻഡർ ഹെല്പ് ഡെസ്ക് പത്തനംതിട്ടയിലെ വേറിട്ട പ്രവർത്തനങ്ങൾ<br>**റസിയ കെ.എം.** | 28 |
| 36. | പാരഡൈസ് ബഡ്സ് തിരുനെല്ലി<br>**ആഷിക് സി.എസ്.** | 29 |
| 37. | സംയോജന മാതൃകയുടെ സംഘഗാഥ തിരുവല്ല നഗരസഭാ കുടുംബശ്രീ സംയോജന പ്രവർത്തനം<br>**ജമീല എ** | 30 |
| 38. | 'സാക്ഷാത്ക്കാരം' ഷെൽട്ടർ ഹോം<br>**ഷൈന ഷൈജു** | 31 |
| 39. | കുടുംബശ്രീ ആസ്ഥാന മന്ദിരംതൃശൂർ കോർപ്പറേഷൻ സംയോജന പ്രൊജക്റ്റ്<br>**റജില കൃഷ്ണകുമാർ** | 32 |
| 40. | അട്ടപ്പാടി വനസുന്ദരി'വനസുന്ദരി' ഹെർബൽ ചിക്കന്റെ പിറവി<br>**പ്രഭാകരൻ എം മേലത്ത്** | 33 |
| 41. | കുടുംബശ്രീ ഇന്നലെ ഇന്ന് നാളെ<br>**ഹേമലത സി.കെ.** | 34 |
| 42. | കുടുംബശ്രീ സംഘടനാ സംവിധാനം സംയോജന സാധ്യതകൾ<br>**റെജീന റ്റി.എം.** | 35 |
| 43. | കുടുംബശ്രീ സംഘടനാ ശാക്തീകരണം സാമൂഹ്യ പിന്തുണാ സംവിധാനങ്ങളിലൂടെ<br>**സലീന എൻ.എസ്.** | 36 |
| 44. | കുടുംബശ്രീയും സംഘടനാ സംവിധാനവും മിഷനും<br>**നിഷാദ് സി.സി.** | 36 |
| 45. | കുടുംബശ്രീയും യുവതലമുറയും<br>**ഒലീന സി.** | 37 |

| | | |
|---|---|---|
| 46. | കുടുംബശ്രീയും കേരളത്തിലെ മൈക്രോ ഫിനാൻസ് മേഖലയും<br>**ഡോ. ക്രിസ്റ്റബെൽ പി.ജെ.** | 38 |
| 47. | കുടുംബശ്രീ സൂക്ഷ്മ സമ്പാദ്യ വായ്പാ പ്രവർത്തനങ്ങൾ: നേട്ടങ്ങൾ, വെല്ലുവിളികൾ, സാധ്യതകൾ<br>**അനിഷ്കുമാർ എം.എസ്.** | 39 |
| 48. | കുടുംബശ്രീ സംഘടനാ സംവിധാനം: സാമ്പത്തിക അച്ചടക്കം, സുതാര്യത, സ്വയം പര്യാപ്തത<br>**ഗിരിജ രാമകൃഷ്ണൻ** | 40 |
| 49. | കുടുംബശ്രീ- സൂക്ഷ്മ സാമ്പത്തിക പ്രവർത്തനവും പാർശ്വവത്കൃത സമൂഹവും<br>**റിജേഷ് വി.എസ്.** | 41 |
| 50. | സംരംഭ പ്രവർത്തനങ്ങളിൽ കുടുംബശ്രീയുടെ ഭാവി<br>**രാജേഷ് എ.വി.** | 42 |
| 51. | ജീവനോപാധി വികസനത്തിൽ സാങ്കേതികവിദ്യയുടെ ഉപയോഗവും വിദഗ്ധ സ്ഥാപനങ്ങളുടെ സേവനങ്ങളുടെ പ്രയോജനവും<br>**പ്രശാന്ത് എം.പി.** | 43 |
| 52. | കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനസാധ്യത<br>**ടോണി കെ. ജോസ്** | 44 |
| 53. | കുടുംബശ്രീയും നൂതന തൊഴിൽ സാധ്യതകളും – വൈജ്ഞാനിക സമ്പദ് ഘടനയും നൈപുണ്യ വികസനവും<br>**ഷിബു എൻ.പി.** | 45 |
| 54. | കുടുംബശ്രീയും തുല്യനീതിയും ഇടപെടലുകളും സാധ്യതകളും<br>**ഡോ. മോനിഷ യു.** | 46 |
| 55. | സ്ത്രീകളും കലാസാംസ്കാരിക ഇടങ്ങളും- കുടുംബശ്രീ സാധ്യതകൾ<br>**ബിനു ആനമങ്ങാട്** | 48 |
| 56. | പാർശ്വവൽകൃത സമൂഹവും കുടുംബശ്രീയും ഇടപെടലുകൾ, വെല്ലുവിളികൾ, സാധ്യതകൾ<br>**പ്രഭാകരൻ എം. മേലത്ത്** | 49 |
| 57. | ബാലാവകാശ പ്രവർത്തനങ്ങളും കുടുംബശ്രീ സാമൂഹ്യ സംഘടനാ സംവിധാനവും<br>**നയന എസ്.** | 50 |
| **മാലിന്യ നിർമാർജനം** | | |
| 58. | മാലിന്യ സംസ്കരണം ഔദ്യോഗിക ശ്രേണീകരണം<br>**ബാബുകുമാർ കെ.ബി.** | 51 |
| 59. | Processing Biodegradable Waste Using Black Soldier Fly Larvae:<br>A Sustainable Solution for Kerala's Municipalities and Panchayats<br>**Fabbco Bio Cycle Pvt. Ltd.** | 52 |
| 60. | ഒറിജിനൽ കുന്നംകുളം അഥവാ മാലിന്യസംസ്കരണത്തിലെ കുന്നംകുളം മാതൃക<br>**മനോജ്കുമാർ വി.** | 55 |
| 61. | ശുചിത്വം-മാലിന്യ സംസ്കരണം-ഹരിത വിദ്യാലയം<br>**സുദീപ് പി. ദാസ്** | 59 |
| 62. | യുവതയും മാലിന്യ മുക്ത കേരളവും<br>**സുഹാന ആർ.എച്ച്.** | 61 |
| 63. | Community-Led Waste Management and Water Body Revitalization: A Case Study from Rajaji Nagar<br>**Vinishma** | 62 |
| 64. | ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങളിൽ സൊസൈറ്റി മോഡൽ (ഹീൽ പൊന്നുരുന്നി)<br>**ദിപിൻ ദിലീപ്** | 63 |
| 65. | മാലിന്യ മുക്തം നവകേരളം ജൈവ അജൈവ മാലിന്യ സംസ്കരണം<br>**വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത്** | 64 |
| 66. | ക്ലീൻവെള്ളാഞ്ചിറ ഗ്രീൻവെള്ളാഞ്ചിറ(ഒരു സമഗ്രസുസ്ഥിരശുചിത്വപദ്ധതി)<br>**കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്** | 65 |
| 67. | മാലിന്യമുക്ത ഗ്രാമപഞ്ചായത്ത്<br>**കണ്ണപുരം** | 66 |
| 68. | നഗരസൗന്ദര്യ വൽക്കരണത്തിന്റെ ജനകീയ മാതൃക<br>**കൊയിലാണ്ടി ഗ്രാമപഞ്ചായത്ത്** | 67 |
| 69. | ശുചിത്വം... സുന്ദരം... എന്റെ കുറ്റ്യാട്ടൂർ...<br>**കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ** | 68 |

| | | |
|---|---|---|
| 70. | തൊഴിലുറപ്പ് പദ്ധതിയിലൂടെ മാലിന്യ സംസ്കരണ രംഗത്തും പുതു ചരിത്രം രചിച്ച വലിയപറമ്പ പഞ്ചായത്ത്<br>**വലിയപറമ്പ** | 70 |
| 71. | മാലിന്യ നിർമാർജനം<br>**നെന്മണിക്കര ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേന** | 72 |
| 72. | മാലിന്യസംസ്കരണം പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ സൂക്ഷ്മതല ഇടപെടലുകൾ – അനുഭവങ്ങൾ<br>**പെരളശ്ശേരി** | 73 |
| 73. | പാച്ചപൊയ്കവേങ്ങാടിന്റെ സുന്ദര തെരുവ്<br>**വേങ്ങാട് ഗ്രാമപഞ്ചായത്ത്** | 75 |
| 74. | ചേലക്കര ഗ്രാമ പഞ്ചായത്ത്<br>**ചേലക്കര** | 76 |
| 75. | തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്<br>**തളിപ്പറമ്പ്** | 79 |
| **ആരോഗ്യം** | | |
| 76. | Kowledge, Attitude and Practice of Occupational Health and<br>Safety among Haritha Karma Sena in Thiruvananthapuram Corporation<br>**Ashly Shaji** | 81 |
| 77. | ആരോഗ്യ ഗ്രാമം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ...<br>**അശ്വതി എൽ.** | 82 |
| 78. | മുതിർന്നവരുടെ ജീവിതം സജീവവും സർഗാത്മകവും സമൂഹത്തിന് പ്രയോജനകരവുമാക്കുവതെങ്ങനെ?<br>**പ്രൊഫ. ഡോ. രാജു ഡി. കൃഷ്ണപുരം** | 83 |
| 79. | Formal and Informal Artefacts with Respect to<br>Non-Communicable Disease among Tribes of Attapadi in Palakkad District<br>**Divya Suresh** | 84 |
| 80. | ആരോഗ്യം<br>**നൂർജഹാൻ** | 85 |
| 81. | എന്താണ് ആരോഗ്യം<br>**സനുപ്രിയ** | 86 |
| 82. | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഭാരതീയ ചികിത്സ വകുപ്പും<br>**ഡോ: സുഗേഷ് കുമാർ ജി എസ്സ്** | 86 |
| 83. | കോങ്ങാട് ഗ്രാമപഞ്ചായത്ത്<br>**കോങ്ങാട്** | 88 |
| 84. | ആരോഗ്യം<br>**പിലിക്കോട് ഗ്രാമപഞ്ചായത്ത്** | 88 |
| 85. | ഹോമിയോപ്പതി<br>**വല്ലപ്പുഴ** | 89 |
| **വിദ്യാഭ്യാസം** | | |
| 86. | Empowering Education: An Exploration of Unnathi Programmes Impact on Quality Education<br>**Anu Roy** | 90 |
| 87. | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അനൗപചാരിക വിദ്യാഭ്യാസവും<br>**ഡോ. ജെ. വിജയമ്മ** | 91 |
| 88. | Decentralisation in School Education: An Analysis of Institutional Structures in<br>School and Local Governments for School Governance<br>**Dr. N. Ajith Kumar, Aswathi Rebecca Asok & Dr. Bibin Thambi** | 92 |
| 89. | Rural Libraries and Local Governance The Experience of Mayyil Panchayath, Kannur<br>**Rishna K.K.** | 93 |
| 90. | Revitalizing Education in Kerala: A Critical Analysis of the Existing Education System -the role of<br>local self-government institutions and Proposed Amendments for Sustainable Development<br>**Vineetha V.T.** | 94 |
| 91. | Establishing Campus Network Systems: The Role of Higher Education in Advancing Sustainable Standards<br>**Abhirami K.P.** | 99 |
| 92. | വിദ്യാഭ്യാസം<br>**ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്** | 100 |

| കൃഷിയും അനുബന്ധ മേഖലകളും | |
|---|---|
| 93. Beyond Green Evangelism: Assessing the Impact of Haritha Karma Sena in Erattayar Gram Panchayat, Kerala<br>**Abhilash Babu** | 101 |
| 94. Locked in Place: Class, Caste, and the Political Economy of Wild Animal Incursions in Settled Agricultural Tribal Hamlets in Kerala<br>**Dr. Abhilash T.** | 102 |
| 95. കന്നുകാലി വളർത്തൽ ലാഭകരമാക്കിയാൽ കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കാം<br>**കെ.കെ. ജഗദീശൻ** | 103 |
| 96. Environmental Justice in Kerala's Decentralized Governance: Voices from the Margins<br>**Krishna Prabha V., Aparna P.R., Aswathy S. & Dr. bdul Basith T.** | 104 |
| 97. ക്ഷീര-മൃഗ സംരക്ഷണ മേഖലയെ ലോക നിലവാരത്തിലെത്തിക്കുന്നതിന് ഏതാനും ചില ആശയങ്ങൾ<br>**എം.വി. വിജയൻ** | 105 |
| 98. കോൾ നിലങ്ങളുടെ തരം മാറ്റ വിനിയോഗവും നിർമാണ പ്രവർത്തനങ്ങളും: തൃശ്ശൂർ പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് ഒരു പഠനം<br>**രഞ്ജന കെ.കെ. & ഡോ. ശ്രീജിഷ വി.പി.** | 111 |
| 99. Use of Databases for Decentralised Planning in Agriculture<br>**O.R. Sulaja** | 112 |
| 100. കൃഷിയും അനുബന്ധ മേഖലകളും<br>**ചെറുതാഴം ഗ്രാമപഞ്ചായത്ത്** | 112 |
| 101. നമുക്കായ് ഒരു ഹരിത വീഥി<br>**കരകുളം ഗ്രാമപഞ്ചായത്ത്** | 113 |
| 102. പരിസ്ഥിതി – പച്ചത്തുരുത്ത്<br>**മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്** | 114 |
| 103. കൃഷിയും അനുബന്ധമേഖലകളും<br>**ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്** | 116 |
| 104. കൃഷിയും അനുബന്ധമേഖലകളും<br>**വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്** | 117 |
| **ജല സംരക്ഷണം കുടിവെള്ളം** | |
| 105. തോട് നന്നായാൽ നാട് നന്നാകു<br>**ആർ. സബീഷ് മണവേലി** | 118 |
| **പട്ടിക ജാതി പട്ടിക വർഗ്ഗ വികസനം** | |
| 106. കേരളത്തിലെ ഗോത്രവിഭാഗങ്ങളിൽ അധികാര വികേന്ദ്രീകരണത്തിന്റെ സ്വാധീനം: പ്രശ്നങ്ങൾ, വെല്ലുവിളികൾ, ശാക്തീകരണത്തിനുള്ള സാധ്യതകൾ<br>**അരുൺ കെ.എൽ.** | 119 |
| 107. Impact of development policies in improving the socio - economic status of Kanikkar tribe at Kuttichal Grama Panchayat in Trivandrum District<br>**Jimly V.K. & Dr. Sreejisha V.P.** | 122 |
| 108. സായാഹ്ന പഠന കേന്ദ്രം<br>**ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്** | 123 |
| **ലിംഗനീതിയും സ്ത്രീ ശാക്തീകരണവും** | |
| 109. ലിംഗനീതിയും സ്ത്രീ ശാക്തീകരണവും<br>**അനഘ്** | 124 |
| 110. അധികാര വികേന്ദ്രീകരണവും ലിംഗ നീതിയ്ക്കായുള്ള പ്രവർത്തനങ്ങൾ- സാധ്യതകളും പരിമിതികളും<br>**മല്ലിക കെ.എം.** | 125 |
| 111. Challenges Faced by Women Workers in Haritha Karma Sena<br>**Rasna Muhammed M.** | 126 |
| **കാലാവസ്ഥ വ്യതിയാനം, ദുരന്ത നിവാരണം** | |
| 112. കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കുറയ്ക്കാൻ ശുചിത്വ കേരളവും<br>**സുഹാന ആർ.എച്ച്.** | 126 |
| 113. Disaster-Sensitive Kerala: The Need for People-Centered, Risk-Informed Planning<br>**Dr. Shaji E.** | 127 |

| | |
|---|---|
| 114. ഹരിതവാനം - ജനകീയ കാർബൺ ന്യൂട്രൽ പദ്ധതി<br>**പിലിക്കോട് ഗ്രാമ പഞ്ചായത്ത്** | 128 |
| 115. നെറ്റ് സീറോ കാർബൺ വടകര നഗരസഭ2035 ൽ ലക്ഷ്യത്തിലേക്ക്…<br>**വടകര ഗ്രാമ പഞ്ചായത്ത്** | 130 |
| 116. കാലാവസ്ഥാ വ്യതിയാനം<br>**വലിയപറമ്പ ഗ്രാമ പഞ്ചായത്ത്** | 131 |
| **ബാലസൗഹൃദ തദ്ദേശഭരണം** | |
| 117. വിദ്യാർത്ഥി ശൃംഖല, തദ്ദേശ സ്വയംഭരണം, പൗരബോധം, സമൂഹ വികസനം, കൊച്ചി<br>**ആബേൽ ആന്റണി** | 133 |
| 118. ബാല സൗഹൃദഗ്രാമം<br>**ധന്യ പി. നന്ദനൻ** | 133 |
| 119. Child-Friendly Local Governance: Integrating Child Resource Centres into Sdg<br>**Dharsana V. Radhakrishnan** | 135 |
| 120. Early Detection of Developmental Delays – Collaborative Initiatives with<br>Local Self-Government Institutions (LSGI)<br>**Dr. Keerthy S., Dr. Nimmy Joseph & Chandrababu C.** | 136 |
| 121. ചൈൽഡ് ബജറ്റിങ് : ബാലസൗഹൃദ തദ്ദേശഭരണത്തിന്റെ ശാക്തീകരണവും പ്രാദേശിക സർക്കാരുകളുടെ<br>സാധ്യതകളും<br>**ഹേമചന്ദ്രൻ ജെ.** | 138 |
| 122. ബാലസൗഹൃദ പഞ്ചായത്തും ചൈൽഡ് റിസോഴ്സ് സെന്ററും<br>**നീതു സുധാകരൻ** | 139 |
| 123. ബാലസൗഹൃദ ഗ്രാമം<br>**നേഖ ടി.എസ്.** | 139 |
| 124. പ്രാതൽ കാതൽ<br>**ചിറക്കടവ് ഗ്രാമപഞ്ചായത്ത്** | 141 |
| **ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം** | |
| 125. NIPMR Satelite Centre At AngamalyA Joint Project Of Angamaly Block Panchayath & NIPMR<br>**C. Chandrababu & Sijo A.S.** | 141 |
| 126. ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം<br>**സി. മോഹനദാസൻ** | 143 |
| 127. CDMRP- An implementation Project for Social Inclusion in Developmental Disability<br>**Dr. Baby Shari P.A.** | 144 |
| 128. Early Detection of Developmental Delays – Collaborative Initiatives<br>With Local Self-Government Institutions (LSGI)<br>**Dr. Keerthy S., Dr. Nimmy Joseph & C. Chandrababu** | 145 |
| 129. ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം<br>**കെ. സച്ചിദാനന്ദൻ & ജിഷാബിന്ദു എം.കെ.** | 146 |
| 130. Autism Spectrum Disorder and Nutrition: A study to Identifying Gaps and Opportunities for Intervention in Kerala<br>**Kavitha Raj K.N. & Beela G.K.** | 147 |
| 131. Intellectual Disability and autism<br>**K.S. Vijayalekshmi** | 148 |
| 132. NIPMR's STARS Program: A Multidisciplinary Approach to School Readiness for Children with Special Needs<br>**Madhumita Rajendraprasad** | 149 |
| 133. ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ<br>**മതിലകം ബ്ലോക്ക് പഞ്ചായത്ത്** | 152 |
| 134. ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം<br>**ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്** | 153 |
| **വയോസൗഹൃദ തദ്ദേശഭരണം** | |
| 135. വയോജന സൗഹൃദ തദ്ദേശ ഭരണം<br>**അമരവിള രാമകൃഷ്ണൻ** | 153 |

| | |
|---|---|
| 136. Fostering Compassionate Communities: Integrating Grief Counseling and<br>Death Literacy for age friendly grama panchayats<br>**Jeeva J.R. & Dr. Vijayakumar K.** | 157 |
| 137. Evaluating Home Nursing Service Quality for the Elderly Wellbeing in Thiruvananthapuram<br>Key Factors and Gaps<br>**Yadin V Nair** | 158 |
| 138. വയോജന സൗഹൃദ പഞ്ചായത്ത്<br>**പിലിക്കോട് ഗ്രാമപഞ്ചായത്ത്** | 159 |
| **തൊഴിലും പ്രാദേശിക സാമ്പത്തിക വികസനവും** | |
| 139. Micro Enterprise Entrepreneurship Scheme (MEES): Empowering Entrepreneurs for Economic Growth in Kerala<br>**Premnath Ravindranath** | 160 |
| 140. ഗ്രാമസഭ: പ്രതിസന്ധികളും പ്രതീക്ഷകളും<br>**ഡോ. രാമന്തളി രവി** | 162 |
| 141. ഓൺലൈൻ ട്രഷറികളുടെ അധികാര വികേന്ദ്രീകരണവും ട്രഷറികളുടെ ധനസഞ്ചയവും<br>**സതീഷ് ബാബു കൊല്ലമ്പലത്ത്** | 164 |
| **തൊഴിലും പ്രാദേശിക സാമ്പത്തിക വികസനവും** | |
| 142. സന്നദ്ധതീരം<br>**ആൽഫ്രെഡ് മാത്യു** | 166 |
| 143. യുവശക്തി - കേരള മോഡൽ കാര്യശേഷി വികസനം<br>**ബിബിൻ ബേബി** | 167 |
| 144. സന്നദ്ധ പ്രവർത്തനത്തിലൂടെ സാമൂഹിക നീതി : ഒരു കേരളാ മോഡൽ<br>**എലിസബത്ത്** | 168 |
| 145. അധികാരവികേന്ദ്രീകരണവും നൂതനാശയങ്ങളും<br>**രമ്യ രമണൻ** | 171 |
| 146. Participation, Communication, and Empowerment for Development Through Decentralization:<br>A Case Study on the Process of the Extreme Poor Selection Campaign in Kerala<br>**Rishna K.K. & Dr. Rajesh Kumar B.M.** | 172 |
| 147. തദ്ദേശഭരണം :യുവ ജനപ്രതിനിധികൾ സാധ്യതകളും വെല്ലുവിളികളും<br>**ഷിജു സി.പി.** | 173 |
| 148. Role of Gram Panchayats in Community Development: The Need for MSW Graduates in Local Governance<br>**Swathy Krishna & Jesty Rajan** | 174 |
| 149. ഗ്രാമ ഭവൻ<br>**ആര്യനാട് ഗ്രാമ പഞ്ചായത്ത്** | 175 |
| 150. അഴിമതി രഹിത തദ്ദേശഭരണ സ്ഥാപനങ്ങൾ<br>**കരിവെള്ളൂർ-പെരളം ഗ്രാമ പഞ്ചായത്ത്** | 175 |
| 151. മൂന്നുപെരിയ ചെറുപട്ടണങ്ങൾ സൗന്ദര്യവൽക്കുന്നതിനുള്ള പെരളശ്ശേരി മാതൃക<br>**പെരളശ്ശേരി ഗ്രാമപഞ്ചായത്ത്** | 176 |
| 152. സൗരവൈദ്യുതി കൊയ്യാൻ പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ സോളാർ പാടം<br>**പെരളശ്ശേരി ഗ്രാമപഞ്ചായത്ത്** | 178 |
| **തൊഴിലുറപ്പ് പദ്ധതി** | |
| 153. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണവും<br>സോഷ്യൽ ഓഡിറ്റും: കേരളത്തിന്റെ അനുഭവ പാഠങ്ങൾ<br>**ഡോ. എൻ. രമാകാന്തൻ** | 179 |
| 154. Employment Challenges Faced by Contractual Youth in Local Self-Government: A Case Study Analysis<br>**Soundariya** | 185 |
| **വിജ്ഞാന കേരളം** | |
| 155. ഒരു തദ്ദേശ സ്വയംഭരണസ്ഥാപനം ഒരു ആശയം (OLOI)പ്രാദേശിക പ്രശ്ന പരിഹാരത്തിനും<br>സാമ്പത്തിക വികസനത്തിനുമായി ക്വാഡ്രപ്പിൾ ഹെലിക്സ് മാതൃക<br>**വിമൽ രവി, ഡോ. അശോക് കുമാർ എ., ഡോ. വൃന്ദ വി. നായർ & വിപിൻ വി.സി.** | 185 |
| 156. പ്രാദേശിക സമ്പത്തിക വികസനവും തൊഴിലും - മൈഗ്രേഷൻ കോൺക്ലേവും വിജ്ഞാന പത്തനംതിട്ട<br>**ബി. ഹരികുമാർ, അജിത് കുമാർ ആർ. & ഡോ. വിവേക് ജേക്കബ് എബ്രഹാം** | 187 |

| | |
|---|---|
| 157. ഉടനടി പരിഹാരം ആവശ്യമുള്ള സങ്കീർണ്ണ പ്രശ്നങ്ങൾക്ക് നൂതന പരിഹാരങ്ങൾ കണ്ടെത്താൻ കെ-ഡിസ്ക് മുന്നോട്ടുവയ്ക്കുന്നഹാക്കത്തോൺ മാതൃക<br>**ജോസിൻ ജോൺ, ഡോ. ഷെറിൻ സാം ജോസ്, സാന്ത്വന പി.എസ്.& ഭാഗ്യ ബി. അനിൽ** | 190 |
| 158. നൈപുണി വികസനം ഉന്നതവിദ്യാഭ്യാസമേഖലയിൽതദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക്<br>**ബി. ഹരികുമാർ, ഡോ. റാണി ആർ. നായർ & ഡോ. തോംസൺ കെ. അലക്സ്** | 193 |
| 159. ഷീ വെൽനസ് സെന്റർ തുമ്പമൺ<br>**പന്തളം ബ്ലോക്ക് പഞ്ചായത്ത് -കുടുംബശ്രീ സംയുക്ത സംരംഭം** | 196 |
| 160. മാലിന്യ നിർമാർജനം<br>**ആന്തൂർ നഗരസഭ** | 197 |
| 161. ഹരിതകർമ്മസേന പ്രവർത്തനമികവ്<br>**ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്** | 199 |
| 162. സമ്പൂർണ്ണ ശുചിത്വവും മാലിന്യനിർമാർജനവും<br>**കതിരൂർ ഗ്രാമപഞ്ചായത്ത്** | 200 |
| 163. മാലിന്യമുക്തം നവകേരളം പദ്ധതി<br>**പയ്യന്നൂർ നഗരസഭ** | 201 |
| 164. മാലിന്യനിർമാർജനം<br>**പയ്യന്നൂർ ഗ്രാമപഞ്ചായത്ത്** | 202 |
| 165. ക്ലീൻ പെരുമണ്ണ ഗ്രീൻ പെരുമണ്ണ<br>**പെരുമണ്ണ ഗ്രാമപഞ്ചായത്ത്** | 204 |
| 166. ആരോഗ്യം<br>**കതിരൂർ ഗ്രാമപഞ്ചായത്ത്** | 205 |
| 167. വിദ്യാഭ്യാസം<br>**കതിരൂർ ഗ്രാമപഞ്ചായത്ത്** | 206 |
| 168. സമഗ്ര വിദ്യാഭ്യാസ പരിപാടി - സ്റ്റൈൽ<br>**കണ്ണൂർ ജില്ലാ പഞ്ചായത്ത്** | 207 |
| 169. സുസ്ഥിര കാർഷിക വികസനത്തിനായുള്ളസംയോജിത ഇടപെടൽ മാതൃക<br>**അടിമാലി ഗ്രാമപഞ്ചായത്ത്** | 210 |
| 170. കാലാവസ്ഥ വ്യതിയാനം, ദുരന്ത നിവാരണം,ജൈവവൈവിധ്യ സംരക്ഷണം<br>**കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത്** | 211 |
| 171. ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിലെമികച്ച ജല, ഊർജ്ജ സംരക്ഷണമാതൃക<br>**മരിയൻ കോളേജ്, കുട്ടിക്കാനം** | 212 |
| 172. ലിംഗസമത്വത്തിൽ അധിഷ്ഠിതമായ ഭരണവും പരിപാടിയും<br>**കതിരൂർ ഗ്രാമപഞ്ചായത്ത്** | 213 |
| 173. ട്രാൻസ്ജന്റർപോളിസിയും തദ്ദേശസ്വയംഭരണവകുപ്പുകളും<br>**ഡോ. രശ്മി ജി.** | 214 |
| 174. ലിംഗനീതിയും സ്ത്രീശാക്തീകരണവും<br>**താനാളൂർ ഗ്രാമപഞ്ചായത്ത്** | 216 |
| 175. ബാലസൗഹൃദ തദ്ദേശഭരണം<br>**ഒളവണ്ണ ഗ്രാമപഞ്ചായത്ത്** | 217 |
| 176. ചെപ്പ് (CHEP- Children's Happiness and Empowerment Programme)<br>**കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത്** | 220 |
| 177. പായം ബാലസൗഹൃദ പഞ്ചായത്ത്<br>**പായം ഗ്രാമപഞ്ചായത്ത്** | 221 |
| 178. വയോസൗഹൃദ തദ്ദേശഭരണം<br>**ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്** | 223 |
| 179. തൊഴിലും പ്രാദേശിക സാമ്പത്തിക വികസനവും<br>**പേരാമ്പ്ര ഗ്രാമപഞ്ചായത്ത്** | 224 |
| 180. സംയോജിത/ സംയുക്ത പദ്ധതികൾ, നൂതന പ്രവർത്തനങ്ങൾ<br>**കതിരൂർ ഗ്രാമപഞ്ചായത്ത്** | 226 |
| 181. തൊഴിലുറപ്പ് പദ്ധതി<br>**കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത്** | 227 |

# ഏകോപനവും സംയോജിത പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണവകുപ്പ്, ഘടകസ്ഥാപനങ്ങൾ, മിഷനുകൾ

ഡോ. സി.പി. വിനോദ്

**അ**ധികാര വികേന്ദ്രീകരണം വിഭവ കൈമാറ്റത്തോടൊപ്പം നടത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീരിക്കുന്ന പ്രക്രിയ കേരളത്തിൽ മൂന്ന് ദശകം പൂർത്തീകരിക്കുമ്പോൾ ദൈനംദിന ഭരണ നിർവ്വഹണ സംവിധാനം എത്ര മാത്രം ഫലപ്രദമായും ജനകേന്ദ്രീകൃതമായും പ്രവർത്തിക്കുന്നു എന്നും ഈ സംവിധാനങ്ങൾ എങ്ങിനെയൊക്കെ കൂടുതൽ പരിഷ്കരിക്കപ്പെടണം എന്നും പരിശോധിക്കപ്പെടേണ്ടതുണ്ട്. പ്രളയവും മഹാമാരിയും നിപ്പ പോലുള്ള പൊതുജനാരോഗ്യ പ്രതിസന്ധികളും അതിജീവിക്കുന്നതിൻറെ ഭാഗമായി ഏകോപിതമായ പ്രവർത്തന മാതൃകകൾ ഒട്ടേറെ സൃഷ്ട്ടിക്കപ്പെട്ടിട്ടുണ്ട്. ഈ അനുഭവങ്ങളെ സ്വാംശീകരിച്ചുകൊണ്ട് സുസ്ഥിരവും കാര്യക്ഷവുമായ ഒരു സമഗ്ര സംവിധാനം നിലനിൽക്കുന്ന രാഷ്ട്രീയ ചട്ടക്കൂട്ടിനകത്ത് എങ്ങിനെ രൂപീകരിക്കാം എന്നതാണ് ഇത് സംബന്ധിച്ച ചർച്ചകളിൽ ഉയർന്നു വരുന്ന പ്രധാന ചോദ്യം.

ദീർഘകാല അടിസ്ഥാനത്തിൽ സ്വയം സജ്ജമായ പ്രാദേശിക സർക്കാരുകളായി പരിവർത്തിക്കപ്പെടേണ്ടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണാ സംവിധാനം കാര്യക്ഷമമായ ഒരു പ്രാദേശിക തദ്ദേശ ഭരണ സർവീസ് കൂടെ ആയിരിക്കണം എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പ് രൂപീകരണത്തെ മനസ്സിലാക്കേണ്ടത്. ഒന്നാം ഭരണ പരിഷ്ക്കാര കമ്മീഷൻ മുതൽ മുന്നോട്ടു വയ്ക്കുകയും ശക്തിപ്പെടുത്തുകയും ചെയ്ത വികേന്ദ്രീകൃത ഭരണ നിർവ്വഹണം എന്ന നയത്തെ മുന്നോട്ട് കൊണ്ട് പോകുന്നതിനുള്ള നയത്തിന്റെ കാലികമായ പുതുക്കൽ പുതിയ ചർച്ചകളിലൂടെ നടക്കേണ്ടതുണ്ട്. സാങ്കേതികമായി വികസിക്കുന്ന പുതിയ കാലത്തിന്റെയും ലോകത്തിന്റെയും നവീനതകളെ ഭരണ നിർവ്വഹണം സംബന്ധിച്ച ഏകോപന സാധ്യതകളിൽ ഉൾചേർക്കേണ്ടതുണ്ട്. ഫീൽഡ് അധിഷ്ഠിതമായ ഭരണ നിർവ്വഹണത്തെ പ്രാദേശിക ഭരണ സംവിധാനങ്ങൾ വളരെ വികസിച്ചിട്ടുള്ള രാജ്യങ്ങളിലുള്ള കാര്യക്ഷമതയും പ്രൊഫഷണലിസവും കലർന്ന പുതിയ മാനേജ്മെന്റ് രീതികൾ സ്വീകരിച്ചു കൊണ്ട് പരിഷ്കരിക്കുന്നതിനുള്ള ആശയങ്ങൾ ചർച്ച ചെയ്യേണ്ടതുണ്ട്. പുതിയ ക്യാൻവാസിൽ ഭരണ നിർവ്വഹണം സംബന്ധിച്ച ചർച്ചകൾ ക്രോഡീകരിക്കപ്പെടേണ്ടതുണ്ട്. നിലനിൽക്കുന്ന സവിശേഷ പ്രശ്നങ്ങളെ ഇതുമായി ബന്ധപ്പെടുത്തി സൂക്ഷ്മതലത്തിൽ പരിശോധിക്കപ്പെടേണ്ടതുമുണ്ട്.

ജനകീയാസൂത്രണത്തോടനുബന്ധിച്ച് സെൻ കമ്മിറ്റി ശുപാർശകൾ നടപ്പാക്കുന്നതിലൂടെ വരുത്തിയ പരിഷ്കാരങ്ങളാണ് അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട ഭരണ നിർവ്വഹണ മേഖലയിൽ ഉണ്ടായ പ്രധാന മാറ്റങ്ങൾ. ഇത് പ്രധാനാമായും കൈമാറികിട്ടിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ പ്രവർത്തനത്തെ പദ്ധതിപ്രവർത്തനങ്ങളിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഇഴ ചേർക്കുന്നതിന് സ്വീകരിച്ച ഇരട്ട നിയന്ത്രണം (Dual Control) എന്ന പുതിയ സമീപനത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു. വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, വകുപ്പും തമ്മിലുള്ള പരസ്പര ബന്ധം പരിശോധിച്ച് ഉയർന്നുവരുന്ന പ്രത്യേകമായ പ്രശ്നങ്ങളും അതോടൊപ്പം ആവശ്യമായ പരിഹാരങ്ങളും നിർദേശിച്ചുകൊണ്ട് അധികാര വികേന്ദ്രീകരണത്തെ ശക്തിപ്പെടുത്താൻ ഉതകുന്ന വിധത്തിൽ ചർച്ചകൾ നടക്കേണ്ടതുണ്ട്. പരസ്പര ബഹുമാനവും വിശ്വാസവും വളർത്തിയെടുക്കാൻ കഴിയുന്ന വിധത്തിൽ ഉദ്യോഗസ്ഥ സംവിധാനം ചിട്ടപ്പെടുത്തേണ്ടതുണ്ട്.

സെൻ കമ്മിറ്റി നിർദേശങ്ങൾ നടപ്പാക്കുന്നതോടൊപ്പം തന്നെയായിരുന്നു നിലവിലുണ്ടായിരുന്ന ഗ്രാമ വികസനം, പഞ്ചായത്ത്, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളെ ഏകീകരിച്ചുള്ള ഒരു പൊതു വകുപ്പ് രൂപീകരിക്കുന്നതിനുള്ള തീരുമാനവും ഉണ്ടാവുന്നതും അത് ഇപ്പോൾ നടപ്പാക്കി കഴിഞ്ഞിട്ടുള്ളതും. വിവിധ വിഷയമേഖലകളിൽ വിവിധ തലങ്ങളിലായി ഏകോപനവും ഉദ്ഗ്രഥനവും ഉറപ്പ് വരുത്താൻ കഴിയുന്ന വിധത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ സഹായക സംവിധാനമായി ഏകീകൃത വകുപ്പിനെ എപ്രകാരം പരിവർത്തിപ്പിക്കണം എന്നതിനെ കുറിച്ച് വിശദമായ ചർച്ച തന്നെ നടക്കേണ്ടതുണ്ട്. ഏകീകരണം യാഥാർത്ഥ്യമാക്കുമ്പോൾ നേരിടുന്ന നിയമപരവും നിർവ്വഹണപരവുമായ പ്രശ്നങ്ങളെ പ്രത്യകം പരിശോധിക്കേണ്ടതുണ്ട്. വകുപ്പിനകത്തെ സാങ്കേതിക വൈദഗ്ധ്യ കേന്ദ്രങ്ങളായ ആസൂത്രണ – എഞ്ചിനീയറിംഗ് വിഭാഗങ്ങളെ ജനകേന്ദ്രീകൃത ഭരണ നടത്തിപ്പുമായി ചേർത്തുകൊണ്ട് മുന്നോട്ടു കൊണ്ട് പോകുന്നതിനുള്ള പുതിയ സാധ്യതകളെ ആഗോള അനുഭവങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കേണ്ടതുണ്ട്. ജനകീയ ഭരണ നിർവഹണ സംവിധാനം എന്ന നിലയിൽ സേവന മനോഭാവം വളർത്തുന്നതിനോടൊപ്പം ജീവനക്കാരിൽ വികസന നടത്തിപ്പ്, മാലിന്യ പരിപാലനം, ദുരന്ത നിവാരണം,

പൊതുജനാരോഗ്യം, പരിസ്ഥിതി സംരക്ഷണം, പ്രാദേശിക സാമ്പത്തിക വികസനം തുടങ്ങി ഒട്ടേറെ വിഷയങ്ങളിൽ കാര്യപ്രാപ്തി ആർജ്ജിക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ടും പൊതുവായും വകുപ്പിനകത്ത് പുതിയ മനോഭാവവും പുത്തൻ ശേഷികളും സൃഷ്ടിക്കാൻ പര്യാപ്തമായ വിധത്തിൽ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുള്ള ആശയങ്ങളും സാമഗ്രികളും അന്വേഷിക്കേണ്ടതുണ്ട്.

കേരളത്തിലെ അധികാര വികേന്ദ്രീകരണ പ്രസ്ഥാനത്തിന്റെ സൃഷ്ടികളായി തന്നെയാണ് കുടുംബശ്രീ, ശുചിത്വ മിഷൻ, ഇൻഫോർമേഷൻ കേരള മിഷൻ തുടങ്ങിയ സമാന്തര സംവിധാനങ്ങളും തദ്ദേശ ഭരണ നിർവ്വഹണ രംഗത്ത് നിലവിൽ വരുന്നത്. വിവിധ മേഖലകളിൽ ഇവർ നടത്തുന്ന പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് പ്രവർത്തിക്കുന്നതിന്റെ അനുഭവങ്ങളും സാധ്യതകളും പരിശോധിക്കേണ്ടതുണ്ട്. മിഷനുകളുടേതടക്കം വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് വകുപ്പിനകത്ത് നിർമ്മിക്കപ്പെടേണ്ടുന്ന ഔദ്യോഗിക ഓർമ്മകളെ (Institutional memories) അടയാളപ്പെടുത്തി വെക്കേണ്ടത് ദീർഘകാലാടിസ്ഥാനത്തിൽ ഭരണ നിർവ്വഹണത്തിലെ അനിവാര്യതയാണ്. ഇക്കാര്യം കൊണ്ടു തന്നെ മിഷനുകളുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ നേടുന്നതിന് തെരഞ്ഞെടുത്ത കൗൺസിലുകളുമായി ചേർന്ന് പ്രവർത്തിക്കുന്നതിനുള്ള കൂടുതൽ കര്യക്ഷമമായ ഏകോപനം തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് എങ്ങിനെ ഉണ്ടാക്കാം എന്നതും പ്രധാന വിഷയമായി ഉയർന്നു വരുന്നു.

# കുടുംബശ്രീ സംഘടനയുടെ ശക്തി

## 1

## സ്കൂളുകളിൽ പ്രഭാത ഭക്ഷണം
## നഗരസഭ - കുടുംബശ്രീ സംയോജന പദ്ധതി

വൽസല കുമാരി

അടൂർ നഗരസഭാ പരിധിയിലുള്ള ഗവ: എൽ.പി സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തു തുക വകയിരുത്തിയത് 2018-19 ലെ അടൂർ നഗരസഭാ വാർഷിക പദ്ധതിയിലാണു. കുടുംബശ്രീ യൂണിറ്റുകളെ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കാനായി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അടൂർ നഗരസഭാ സി.ഡി.എസ്സിൽ 18, 19, 20 വാർഡുകളിലെ അയൽക്കൂട്ട അംഗങ്ങൾ ഉൾപ്പെടുന്ന "പുലരി " കാറ്ററിംഗ് ഗ്രൂപ്പ് രൂപീകരിച്ചു. ഈ സംരംഭം 2018 ഒക്ടോബർ മാസം മുതൽ നഗരസഭാ പരിധിയിലെ 8 സ്കൂളുകളിലായി 464 കുട്ടികൾക്കു പദ്ധതി പ്രകാരം ഭക്ഷണം നൽകിവരുന്നു.

യൂണിറ്റ് പ്രവർത്തനത്തിനായി NULM പദ്ധതിയുടെ സ്വയം തൊഴിൽ ഘടകത്തിലുൾപ്പെടുത്തി 4 ലക്ഷം രൂപ ബാങ്ക് വായ്പ ലഭ്യമായിട്ടുണ്ട്. കൂടാതെ അടൂർ നഗരസഭാ സി.ഡി.എസ്സിൽ നിന്നും കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ടിനത്തിലും 1.5 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്.

കുട്ടികൾക്കു സുരക്ഷിതവും പോഷകസമൃദ്ധവും ആരോഗ്യപരവുമായ (ആവിയിൽ തയ്യാറാക്കിയ) ഭക്ഷണം ലഭ്യമാക്കുന്നതിന് പുറമെ 4 കുടുംബശ്രീ അംഗങ്ങൾക്ക് സ്ഥിരമായ മാസവരുമാനം Rs. 15,000/- രൂപ വീതം ലഭിക്കുന്നതിന് കൂടി ഈ പദ്ധതിയിലൂടെ സാധിക്കുന്നുണ്ട്. ഇത് കൂടാതെ മറ്റു ഓർഡറുകൾ ലഭിക്കുന്നതിലൂടെയും അധിക വരുമാനം യൂണിറ്റിന് ലഭിക്കുന്നുണ്ട്.

നഗരസഭാ കുടുംബശ്രീ സംയോജന പ്രവർത്തനങ്ങൾക്ക് ഒരു ഉത്തമ മാതൃകയായി ഇത് കണക്കാക്കാവുന്നതാണ്.

## 2

## കുടുംബശ്രീ സി ഡി എസ്
## സി എസ് ആർ സംയോജനപ്രവർത്തങ്ങൾ

മായാ ശശികുമാർ

2018 ൽ അമരമ്പലം ഗ്രാമപഞ്ചായത്ത് ബഹു. രാജ്യസഭ എംപി ശ്രീ അബ്ദുൽ വഹാബ് സൻസദ് ആദർശ് ഗ്രാമ യോജന (SAGY) പഞ്ചായത്തായി തെരഞ്ഞെടുത്തു. പഞ്ചായത്തിൽ വികസന പ്രവർത്തനങ്ങൾ ചർച്ച നടത്തത്തിനിടയിൽ സിഡിഎസ് ചെയർപേഴ്സൺ ഒരു ക്ഷണം ലഭിച്ചു. 18 വർഷമായി പഞ്ചായത്തിന്റെ സ്ഥല പരിമിതിയുള്ള റൂമിൽ ആയിരുന്നു സിഡിഎസ് ഓഫീസ് പ്രവർത്തിച്ചിരുന്നത്. 7,000 ഓളം വരുന്ന കുടുംബശ്രീ കുടുംബങ്ങളിൽനിന്നും വരുന്ന അയൽക്കൂട്ട വനിതകളുടെബുദ്ധിമുട്ടുകൾ മനസ്സിലാക്കി സി.ഡി.എസ് ചെയർപേഴ്സൺ ആ മീറ്റിങ്ങിൽ ഓഫീസിന്റെ പരിമിതിയെക്കുറിച്ചും കുടുംബശ്രീയുടെ വിശാലമായ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. വളരെയധികം സ്ത്രീകൾ നൈപുണ്യ പരിശീലനങ്ങൾക്ക് ദൂരെയുള്ള പഞ്ചായത്തിലേക്ക് പോകേണ്ട ഒരു സ്ഥിതിയാണുള്ളത് അവർക്ക് സ്വന്തമായിട്ട് ഒരു പരിശീലന കേന്ദ്രം അമരമ്പലത്ത് ഉണ്ടെങ്കിൽ അവരുടെ അഭിരുചിക്ക് അനുസരിച്ചുള്ള പരിശീലനങ്ങൾ അവരുടെ നാട്ടിൽ തന്നെ പഠിച്ച് അവർക്ക് ഒരു വരുമാനം കണ്ടെത്തുന്നതിന് സാധിക്കും എന്ന് യോഗത്തിൽ അറിയിച്ചു. ആയതിൻ പ്രകാരം കുടുംബശ്രീ ഓഫീസ് പ്രവർത്തനത്തിന് ഒരു ഓഫീസും അതിനോട് ചേർന്ന് ഒരു പരിശീലന കേന്ദ്രവും ആരംഭിക്കുന്നതിന് ഒരു പ്രൊജക്ട് സമർപ്പിക്കുകയും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ വഴി സി എസ് ആർ ഫണ്ട് 40 ലക്ഷം രൂപ ഉപയോഗിച്ചു സി.ഡി.എസ് ഓഫീസും പരിശീലന കേന്ദ്രവും നിർമ്മിക്കാൻ സാധിച്ചു. ഇതിനായി 10 സെന്റ് സ്ഥലം ഗ്രാമ പഞ്ചായത്ത് വിട്ടു നൽകുകയും ചെയ്തു. ജീവിത ശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും വനിതക

ശ്ക്ക് വ്യായാമം ഉറപ്പാക്കുന്നതിനുമായി സൈക്കിൾ വില്ലേജ് എന്ന ആശയം പ്രൊജക്ട് ആക്കി സൗത്ത് ഇന്ത്യൻ ബാങ്കിനെ സമീപിക്കുകയും ബാങ്കിന്റെ സിഎസ്ആർ ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ ചെല വഴിച്ച 100 സൈക്കിൾ അമരമമ്പലം ഗ്രാമപഞ്ചായ ത്തിലെ കുടുംബശ്രീ വനിതകൾക്ക് നൽകി

ഇതിനു പുറമേ ബി ആർ സി ക്ക് സ്വന്തമായി ഒരു വാഹനം വാങ്ങുന്നതിന് വ്യാപാര സ്ഥാപനങ്ങൾ, അയൽക്കൂട്ടങ്ങൾ, യുവജന ക്ലബ്ബുകൾ എന്നിവരുടെ സഹായത്തോടെ സിഡിഎസ് ബിരിയാണി ചലഞ്ച് സംഘടിപ്പിക്കുക വഴി 10 ലക്ഷം രൂപ സമാഹരിക്കുക യും 8 ലക്ഷം രൂപ ഉപയോഗിച്ച് വാഹനം വാങ്ങുകയും 2 ലക്ഷം രൂപ മെയിൻനൻസ് ചിലവിലേക്ക് മാറ്റി വെച്ചി ട്ടുമുണ്ട്.

3

## കുടുംബശ്രീ - പ്രവർത്തനങ്ങൾ കണ്ണൂർ ആറളം പട്ടികവർഗ്ഗ പുനരധിവാസ കേന്ദ്രത്തിൽ

ജിതേഷ് ടി വി

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഭൂമിയി ല്ലാതെയിരുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട 3300 പേർക്ക് കേരള സർക്കാർ ആറളം ഫാർമിംഗ് കോർ പറേഷൻ ഏറ്റെടുത്തു ഒരേക്കർ വീതം ഒരു കുടും ബത്തിന് എന്ന രീതിയിൽ ഭൂമി നൽകിയത്. കേരള ത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട മിക്കവാറും എല്ലാ വിഭാഗക്കാരും ഇവിടെ അധിവസിക്കുന്നുണ്ട്. 1700 കുടുംബങ്ങളാണ് നിലവിൽ ഇവിടെ സ്ഥിര താമസമുള്ളത്.

ഈ പുനരധിവാസ മേഖലയിൽ കുടുംബശ്രീ പ്ര വർത്തനം സജീവമല്ല എന്നത് 2016 ൽ മനസിലാ ക്കിയതിന്റെ ഭാഗമായി ദേശീയഗ്രാമീണ ഉപജീവന മിഷനുമായി ബന്ധപ്പെട്ട അട്ടപ്പാടിയിൽ നടപ്പിലാക്കിയ മാതൃകയിൽ സാമൂഹ്യ ഇടപെടൽ നടത്താൻ തീരുമാ നിക്കുന്നു. ഇതിന്റെ ഭാഗമായി അട്ടപ്പാടിയിൽ നിന്നും കമ്മ്യൂണിറ്റി വർക്ക് നടത്താൻ പറ്റുന്ന കുടുംബശ്രീ അനിമേറ്റർമാർ, കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺ മാർ എന്നിവരെ പ്രത്യേകമായി നിയോഗിച്ചു പ്രാഥമിക മൊബിലൈസേഷൻ സംഘടിപ്പിക്കുന്നു. തടുർന്ന് കമ്മ്യൂണിറ്റിയിൽ നിന്നും ആവശ്യപ്പെട്ടതിന്റെ അടി സ്ഥാനത്തിൽ ഒരു പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന് അനുമതി നൽകുന്നു.

2018 ൽ കുടുംബശ്രീ ആറളം ഫാം പുനരധിവാസ മേഖലയിൽ കുടുംബശ്രീ നേതൃത്വത്തിൽ പട്ടികവർഗ്ഗ സ്പെഷ്യൽ പ്രൊജക്റ്റ് ആരംഭം കുറിക്കുന്നു. ആറളം ഫാമിൽ നിന്നും തെരെഞ്ഞെടുത്ത 11 അനിമേറ്റർമാർ ഒരു പ്രൊജക്റ്റ് കോ ഓർഡിനേറ്റർ എന്ന രീതിയിലും, ജില്ല മിഷന്റെ മറ്റു സഹായങ്ങളും ഉറപ്പാക്കിയുള്ള പ്ര വർത്തനമാണ് തുടക്കത്തിൽ ഉണ്ടായിരുന്നത്. ആറളം ഗ്രാമ പഞ്ചായത്തിലെ ആറാം വാർഡിൽ പെട്ട ഈ പട്ടികവർഗ്ഗ മേഖലയിലേക്ക് ഗ്രാമ പഞ്ചായത്തിന്റെ പൂർണ്ണ സഹകരണത്തോടെയും, നേതൃത്വത്തിലും ആണ് കുടുബശ്രീ ഇടപെടലുകൾ നടത്തിവരുന്നത്.

പുനരധിവാസ മേഖലയിലെ 6 ബ്ലോക്കുകളിൽ ആണ് ഭൂമി കിട്ടിയ കുടുംബങ്ങൾ അധിവസിക്കുന്നത്. ഓരോ ഫാം ബ്ലോക്കിലും ഉള്ള കുടുംബഗങ്ങളുടെ എണ്ണം കണക്കാക്കി അനിമേറ്റർമാരെ നിയോഗിച്ചു. ഇവരിലൂടെ നടത്തിയ മൊബിലൈസേഷനിലൂടെ 105 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഉണ്ടായി. പുനര ധിവാസ മേഖലയിലെ സ്ഥിരം താമസക്കാരായ 1300 ൽ പരം കുടുംബങ്ങളും കുടുംബശ്രീയുടെ ഭാഗമായി മാറി.

### കുടുംബശ്രീ പ്രവർത്തനത്തിൽ നടത്തിയ പ്രധാന ഇടപെടലുകൾ

- 13 ബ്രിഡ്ജ് കോഴ്സ് സെന്ററുകൾ, അതിലൂടെ 300 ൽ പരം കുട്ടികൾക്കുള്ള പ്രതിദിന വിദ്യാ ഭ്യാസ - ബോധവത്കരണ പ്രവർത്തനങ്ങൾ
- 12 SHE ക്ലബ്ബുകൾ, കൗമാരക്കാരും യുവതികളും ചേർന്നുള്ള ക്ലബ്ബുകൾ
- 12 യൂത്ത് ക്ലബ്ബുകൾ, യുവതീ യുവാക്കളുടെ കൂട്ടായ്മ.
- 6 സ്പെഷ്യൽ എ ഡി എസ്
- ഓക്സിലറി ഗ്രൂപ്പുകൾ
- ബാലസഭകളും കുട്ടികളും

### ഉപജീവന മേഖലയിലെ ഇടപെടലുകൾ

തൊഴിലുറപ്പാണ് ഗ്രാമ പഞ്ചായത്ത് മുഖാന്തിരം ഇവിടുത്തെ കുടുംബങ്ങൾക്ക് ലഭിക്കുന്ന ഏറ്റവും വലിയ പിന്തുണ. സർക്കാരിന്റെ ട്രൈബൽ പ്ലസ് പദ്ധ തിയിലൂടെ 150 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്ന പ്രവർത്തനം നടത്തിവരുന്നുണ്ട്. ഇതിൽ കുടുംബശ്രീ മുഖാന്തിരം നടത്തിയ മുൻകൂർ വേതന വിതരണം ഏറ്റവും മികച്ച പിന്തുണയായി ഇവിടുത്തെ ജനങ്ങൾ ക്ക് ഉപകാരപ്രദമായി. ആടുവളർത്തൽ, കോഴി വളർത്തൽ, പോത്തുവളർത്താൽ എന്നീ പ്രവർത്ത നങ്ങൾക്ക് കുടുംബശ്രീ മുഖാന്തിരം കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് നല്കാൻ സാധിച്ചു. ഇത്തരത്തിൽ മൃഗസംരക്ഷണ പ്രവർത്തനത്തിൽ ഏർപെട്ടവർക്കുള്ള

കൂട് നിർമ്മാണം ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കൻ സാധിച്ചു.

ആദികുട: കേരളത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 60 പേർ കുട നിർമ്മാണത്തിൽ ഏർപ്പെടുകയും, ആറളം ആദി എന്ന ബ്രാൻഡിൽ കുട നിർമ്മിച്ച് വിപണിയിൽ എത്തിക്കുകയും ചെയ്തു. കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 10 ലക്ഷം രൂപ റിവോൾ വിങ് ഫണ്ട് ഉപയോഗപ്പെടുത്തിയാണ് ഇ പ്രവർത്തനം ആരംഭിച്ചത്. പ്രവർത്തനമൂലധനമായി വേണ്ടിവരുണന്ന് തുക കുടുംബശ്രീ മുഖാന്തിരം വിനിയോഗിച്ചുവരുന്നു. ഒരു വർഷം 25 മുതൽ 30 ലക്ഷം വരെ വിറ്റുവരവ് ഇന്ന് ആദി കുടയ്ക്കുണ്ട്. കടുംബശ്രീ പരിപാടികളിൽ ആദികുട ഗിഫ്റ്റ് ആയും നൽകിവരുന്നുണ്ട്. ഭാവിയിൽ ഈ യൂണിറ്റിൽ നിന്നും മഴക്കോട്ട്, സ്കൂൾ ബാഗ് എന്നിവ കൂടി വിപണിയിൽ എത്തിക്കാനുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചിട്ടുണ്ട്.

കൊക്കോസ് വെളിച്ചെണ്ണ: ആറളം ഫാമിലെ 5 സ്ത്രീകൾ ചേർന്ന് നടത്തുന്ന മറ്റൊരു വിജയകരമായ സംരംഭമാണ്. ജില്ല പഞ്ചായത്തിന്റെ 50 ശതമാനം തുക സബ്സിഡി ആയി ലഭ്യമാക്കിയാണ് ഈ സംരംഭം ആരംഭിച്ചത്. ഫാമിലെത്തന്നെ തേങ്ങാ സംഭരിച്ചു കൊപ്രയുണ്ടാക്കി വെളിച്ചെണ്ണയുണ്ടാക്കുന്ന പ്രവർത്തനത്തിൽ നബാർഡ്, കുടുംബശ്രീ, ഫാമിങ് കോർപ്പറേഷൻ എന്നിവർ പൂർണ്ണ പിന്തുണ നൽകിവരുന്നു. നിലവിൽ വെളിച്ചെണ്ണയ്ക്ക് പുറമെ തേങ്ങാ ചമ്മന്തിപൊടി കൂടി തയ്യാറാക്കാനുള്ള ശ്രമത്തിലാണ്.

പുൽതൈല നിർമാണ യൂണിറ്റ്: ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പിന്തുണയോടെ നടപ്പിലാക്കിയ പ്രവർത്തനമാണ്. മികച്ച പുല്ല് ലഭിക്കുന്നത് മനസിലാക്കിയാണ് ഈ പ്രവർത്തനം ആരംഭിച്ചത്. നിലവിലെ യൂണിറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഉൽപ്പന്നം വിപണിയിൽ എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എല്ലാ ഫാം ബ്ലോക്കുകളും കുടുംബശ്രീ കിയോസ്കുകൾ സ്ഥാപിച്ചു. ഫാമിങ് കോർപറേഷന്റെ കാന്റീൻ നടത്തിപ്പ് കുടുംബശ്രീ യൂണിറ്റ് വഴി ചെയ്തുവരുന്നു. കാടുവെട്ടൽ യൂണിറ്റ്, കടുംബശ്രീ ജെ എൽ ജികൾ, എള്ള് കൃഷി, മഞ്ഞൾ, രാമച്ചം കൃഷി തുടങ്ങിയ ഉപജീവന ഇടപെടലുകൾ മികച്ച രീതിയിൽ നടന്നുവരുന്നു.

പ്രധാന വെല്ലുവിളിയുള്ളത് വന്യമൃഗങ്ങളുടെ ആക്രമണമാണ്. കാർഷിക വിളകളുടെ സംരക്ഷണത്തിന് കർഷകർ നന്നേ അധ്വാനിക്കേണ്ടിവരുന്നുണ്ട്. ആയതിനാൽ ഫാം മേഖലയ്ക്കപ്പുറത്തുള്ള ഉപജീവന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കൂടുതൽ ശ്രമങ്ങൾ ഉണ്ടാകുന്നുണ്ട്.

**സാമൂഹ്യ ഇടപെടലുകൾ**

വിവിധ പ്രദേശങ്ങളിൽ നിന്നും വന്നവരായതുകൊണ്ട് എല്ലാ ഘട്ടത്തിലും വിവിധ തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും, കൗൺസിലിംഗ് സെഷനുകളും കുടുംബശ്രീ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. കുട്ടികൾക്കുള്ള കല കായിക പ്രവർത്തനങ്ങൾ, തിരികെ സ്കൂൾ പ്രവർത്തനങ്ങൾ, പോഷകാഹാര പ്രവർത്തനങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമം സംബന്ധിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, യുവാക്കളുടെ തൊഴിൽ സംബന്ധിച്ചുള്ള ഇടപെടലുകൾ, വിധവകൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മാർ എന്നിവർക്കുള്ള ഇടപെടലുകൾ, സാമൂഹ്യ ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നിവയെല്ലാം ആവശ്യാനുസരണം നടപ്പിലാക്കി വരുന്നുണ്ട്

കടുംബശ്രീ ചെറിയ കാലം കൊണ്ട് ആറളം ഫാമിലെ ഏറ്റവും പ്രധാനപ്പെട്ട സംവിധാനമായി മാറിയതിനു പിന്നിൽ ഉള്ളത് ആറളം ഫാമിനകത്തു പ്രവർത്തിക്കുന്ന പ്രൊജക്റ്റ് മാനേജ്മന്റ് യൂണിറ്റിന്റെയും, അവരുടെ സംയോജന പ്രവർത്തനങ്ങളുമാണ് എന്ന് പറയാതെ വയ്യ.

## 4

## തിരികെ സ്കൂളിൽ - ബാക്ക് ടു സ്കൂൾ

വർഷങ്ങൾക്ക് മുമ്പ് പടിയിറങ്ങിയ വിദ്യാലയ മുറ്റത്തേക്ക് ഗൃഹാതുരത്വമുണർത്തുന്ന ഓർമകളുമായി അയൽക്കൂട്ട വനിതകൾ വീണ്ടുമെത്തി ചരിത്രം കുറിച്ച പരിപാടിയാണ്. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ഒക്ടോബർ ഒന്നു മുതൽ ഡിസംബർ 31 വരെ കുടുംബശ്രീയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'തിരികെ സ്കൂളിൽ' സംസ്ഥാനതല ക്യാമ്പെയ്ന്റെ ഭാഗമായി അയൽക്കൂട്ട വനിതകൾ വീണ്ടും വിദ്യാലയങ്ങളിലേക്കെത്തി. ഓരോ സി.ഡി.എസിനു കീഴിലുമുള്ള വിദ്യാലയങ്ങളിലായി അയൽക്കൂട്ടങ്ങൾ പങ്കെടുത്തു. അവധി ദിനങ്ങളിൽ സംഘടിപ്പിച്ച ക്യാമ്പെയ്നു വേണ്ടി സംസ്ഥാനത്ത് രണ്ടായിരത്തിലേറെ സ്കൂളുകൾ അനുവദിച്ചിരുന്നു.

സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട് നാളിതുവരെ സംഘടിപ്പിച്ചതിൽ ഏറ്റവും ബൃഹത്തായ ക്യാമ്പെയ്നാണ് 'തിരികെ സ്കൂളിൽ'. വിജ്ഞാന സമ്പാദനത്തിന്റെ ഭാഗമായി 38 ലക്ഷം അയൽക്കൂട്ട വനിതകൾ പഠിതാക്കളായി എത്തി എന്നതാണ് ക്യാമ്പെയ്ന്റെ മുഖ്യ സവിശേഷത. 20000 ഏരിയ ഡെവലപ്മെന്റ് സൊസൈറ്റികൾ, 1071 സി.ഡി.എസുകൾ, 15,000

റിസോഴ്സ് പേഴ്സൺമാർ, കുടുംബശ്രീ സ്നേഹിത, വിവിധ പരിശീലന ഗ്രൂപ്പിലെ അംഗങ്ങൾ, സംസ്ഥാന ജില്ലാ മിഷൻ ജീവനക്കാർ എന്നിവർ ഉൾപ്പെടെ അര കോടിയിലേറെ പേരാണ് ക്യാമ്പെയ്നിൽ പങ്കാളിത്തം വഹിച്ചത്.

സ്കൂൾ വിദ്യാഭ്യാസ കാലത്തെ അനുസ്മരിപ്പിക്കുന്ന വിധമാണ് ക്യാമ്പെയ്ൻ പ്രവർത്തനങ്ങൾ ആവിഷ്ക രിച്ചിരുന്നത്. രാവിലെ 9.30 മുതൽ 4.30 വരെയാണ് ക്ലാസ് സമയം. 9.30 മുതൽ 9.45 വരെ അസംബ്ളി. ഇതിൽ കുടുംബശ്രീയുടെ മുദ്രഗീതം ആലപിക്കും. അതിനു ശേഷം ക്ലാസുകൾ ആരംഭിക്കും. സംഘശക്തി അനുഭവ പാഠങ്ങൾ, അയൽക്കൂട്ടത്തി ന്റെ സ്പന്ദനം കണക്കിലാണ്, സംഘഗാനം-ജീവിതഭ ദ്രത ഞങ്ങളുടെ സന്തോഷം, ഉപജീവനം-ആശയങ്ങൾ പദ്ധതികൾ, ഡിജിറ്റൽ കാലം എന്നിവയാണ് പാഠ്യ വിഷയങ്ങൾ. ഇവയോരോന്നും അഞ്ചു പാഠങ്ങളായി തിരിച്ചാണ് പരിശീലനം നൽകിയത്. പരിശീലനം ലഭിച്ച 15000ത്തോളം റിസോഴ്സ് പേഴ്സൺമാരാണ് അധ്യാപകരായി എത്തിയത്. ഉച്ചയ്ക്ക് മുമ്പ് പതിനഞ്ച് മിനിട്ട് ഇടവേളയുണ്ട്. ഒന്നു മുതൽ ഒന്നേ മുക്കാൽ വരെയാണ് ഉച്ചഭക്ഷണത്തിനുള്ള സമയം. എല്ലാവരും ഒരുമിച്ചിരുന്നാകും ഭക്ഷണം കഴിക്കുക. കൂടാതെ ഈ സമയത്ത് ചെറിയ കലാപരിപാടികളും നടത്തും. ഓരോ പീഡിയഡ് കഴിയുമ്പോഴും ബെല്ലടിക്കും. ഉച്ച ഭക്ഷണം, കുടിവെള്ളം. സ്നാക്സ്, സ്കൂൾ ബാഗ്, സ്മാർട്ട് ഫോൺ, ഇയർഫോൺ എന്നിവ വിദ്യാർത്ഥിനികൾ തന്നെയാണ് കൊണ്ടു വരേണ്ടത്. താൽപര്യമുള്ള അയൽക്കൂട്ടങ്ങൾക്ക് യൂണിഫോമും ധരിക്കാം.

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പുതിയ കാല സാധ്യതകൾക്കനുസൃതമായി നൂതന പദ്ധതികൾ ഏറ്റെടുക്കാൻ അയൽക്കൂട്ടങ്ങളെ പ്രാപ്തമാക്കുകയാ യിരുന്നു ക്യാമ്പെയ്ന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. അയൽക്കൂട്ടങ്ങളിലെ സൂക്ഷ്മസാമ്പത്തിക ഉപജീവന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, ഡിജിറ്റൽ സാങ്കേതിക വിദ്യയെ കുറിച്ച് അവബോധം സൃഷ്ടി ക്കുക, സ്ത്രീപദവി ഉയർത്തുന്നതിന് സഹായകമാ കുന്ന കാഴ്ചപ്പാട് സൃഷ്ടിക്കുക എന്നിവയും ക്യാമ്പെ യ്നിലൂടെ ലക്ഷ്യമിട്ടിരുന്നത്.

2024 ഫെബ്രുവരി 6 ന് തിരുവനന്തപുരത്തെ കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ, തദ്ദേശ സ്വയംഭരണ വകുപ്പും എക്സൈസ് വകുപ്പും മന്ത്രി ശ്രീ. എം. ബി. രാജേഷ് 'ബാക്ക് ടു സ്കൂൾ' കാമ്പയിൻ ഔദ്യോഗികമായി അവസാനിപ്പി ക്കുന്നതായി പ്രഖ്യാപിച്ചു.

ഒരു സംസ്ഥാനത്തെ സ്ത്രീകൾ സംഘടിപ്പിക്കു ന്ന ഏറ്റവും വലിയ പരിശീലന കാമ്പയിൻ എന്ന വിഭാഗത്തിൽ ഇന്ത്യ ബുക്ക്സ് ഓഫ് അവാർഡ്സ്, ഏഷ്യ ബുക്ക്സ് ഓഫ് അവാർഡ്സ് എന്നീ രണ്ട് ലോക റെക്കോർഡുകളുടെ സർട്ടിഫിക്കറ്റുകൾ മന്ത്രി കൈമാറി.

കുടുംബശ്രീയുടെ ത്രിതല ഘടന ശക്തിപ്പെടുത്തുന്ന തിനും മാറുന്ന കാലത്തിനനുസരിച്ച് നൂതന സംരംഭ ങ്ങൾ ഏറ്റെടുക്കാൻ അയൽക്കൂട്ട സ്ത്രീകളെ സജ്ജ രാക്കുന്നതിനുമായി സംഘടിപ്പിച്ച ക്യാമ്പയിനിൽ 38,70,794 അയൽക്കൂട്ട അംഗങ്ങൾ പങ്കെടുത്തു.

## 5

## ബാലസഭ

ഷീനാ ബീവി

കുട്ടികളുടെ സർഗ്ഗാത്മകവും വൈജ്ഞാനികവുമായ വളർച്ചയ്ക്കായി കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്ര വർത്തിച്ച് വരുന്ന കുട്ടികളുടെ അയൽക്കൂട്ടമാണ് ബാലസഭ. ബാലസഭ ത്രിതല സംഘടനാ സംവി ധാനത്തിന്റെ രൂപീകരണവും പുനഃ സംഘടനയും കൂടാതെ ജില്ലാ ബാലപാർലമെന്റ്, ബാലസഭ സംഗ മങ്ങൾ, വിജ്ഞാനപ്രദവും വ്യക്തിത്വ വികസനത്തിന് ഉതുകുന്നതുമായ നൂതനപ്രവർത്തനങ്ങൾ, കായിക പരിശീലനങ്ങളും മത്സരങ്ങളും, കലാപരിപോഷണ ത്തിനായുള്ള വിവിധ പ്രവർത്തനങ്ങൾ, കുട്ടികളുടെ മാസിക, ശിചിത്വ ക്യാമ്പയിൻ, ശാസ്ത്ര ഗണിത പരി പോഷണത്തിനായുള്ള വിവിധ ക്യാമ്പുകൾ, പ്രസംഗ പരിശീലനം, പ്രബന്ധ മത്സരങ്ങൾ, ദിനാചരണങ്ങൾ, ബാലകൃഷി, കുട്ടി സംരംഭങ്ങൾ എന്നിവ ബാലസഭ കുട്ടികൾക്കായി നടത്തിവരുന്നു.

കൈകൊട്ടിക്കളി: തെന്മല സി.ഡി.എസ്സിലെ ഉറുകുന്ന് ഉന്നതിയിലെ കൃഷ്ണകൃപ, ദീപം എന്നീ ബാലസഭ അംഗങ്ങളായ സുമിത, ശ്രീപ്രിയ, അഭിരാമി, അമൃത, ആർഷ, അർച്ചന, അമിത, ദീപിക, വൈഗ, നീരജ, കാരുണ്യ, കാർത്തിക എന്നിവർ ചേർന്ന് 02.06.2024 ൽ ശിവശക്തി കൈകൊട്ടിക്കളി എന്ന പേരിൽ ഒരു ഗ്രൂപ്പ് ആരംഭിച്ചു. കുടുംബശ്രീ പട്ടികവർഗ്ഗ അനി മേറ്റർ പരിശീലനത്തിന് നേതൃത്വം നൽകി. വിവിധ ക്ലബ്ബുകൾ, അമ്പലങ്ങൾ എന്നിവർ നടത്തുന്ന പ്രോ ഗ്രാമുകളിൽ ബുക്കിംഗ് അനുസരിച്ച് പ്രോഗ്രാം അവത രിപ്പിച്ചു വരുന്നു. യാത്രയ്ക്കും മറ്റ് ചിലവുകൾക്കുമായി ഒരു ഫീസ് ഈടാക്കിയാണ് പ്രോഗ്രാം അവതരിപ്പിക്കു ന്നത്. രക്ഷകർത്താക്കൾ, എ.ഡി.എസ് അംഗങ്ങൾ, ബാലസഭ ആർ.പി എന്നിവരുടെ സഹകരണത്തോടെ

നാളിതുവരെ പത്തോളം വേദികൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ബാലലൈബ്രറി: മയ്യനാട് സി.ഡി.എസ്സിലെ വാർഡ് 16 ൽ പ്രവർത്തിക്കുന്ന എന്നീ ബാലസഭ അംഗങ്ങളായ പേര് ചേർന്ന് അവിടെ ഒരു ലൈബ്രറി സ്ഥാപിക്കുകയും ബാലസഭ അംഗങ്ങൾക്കിടയിൽ വായനാശീലം കൊണ്ടുവരുന്നതിന് കാരണമാകുകയും ചെയ്തു. 20 ബുക്കുകളുടെ ആരംഭിച്ച ലൈബ്രറിയിൽ ഇന്ന് 50 അധികം ബുക്കുകൾ ആയിട്ടുണ്ട്.

ബാലസഭ ആർ.പി : ബാലസഭാ പ്രവർത്തനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഏകോപിച്ചും, തദ്ദേശ സ്ഥാപനങ്ങളിൽ ചേർത്തുകൊണ്ടും സംയോജിപ്പിച്ചുമുള്ള പ്രവർത്തനങ്ങൾ നടത്താൻ എല്ലാ തദ്ദേശ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും ബാലസഭാ റിസോഴ്സ് പേഴ്സൺമാർ പ്രവർത്തിച്ചുവരുന്നുണ്ട്

കുട്ടി സംരംഭം: മയ്യനാട് സി.ഡി.എസ്സിലെ വാർഡ് 20 ൽ പ്രവർത്തിക്കുന്ന ബാലസഭകളിലെ 22 കുട്ടികൾ ചേർന്ന് കുട്ടി സംരംഭം ആരംഭിച്ചു. ലോഷൻ, ഡിഷ് വാഷ്, സോപ്പ് എന്നിവ ചെയ്ത് രക്ഷകർത്താക്കൾ, അയൽക്കൂട്ടങ്ങൾ, എ. ഡി.എസ് എന്നിവരുടെ സഹകരണത്തോടെ വില്പന നടത്തിവരുന്നു.

## 6

# തീരദേശ മേഖലയിലെ പ്രത്യേക ഇടപെടൽ

റെജി തോമസ്

കേരളത്തിൽ സ്ത്രീ ശാക്തീകരണം എന്ന് പറയുമ്പോൾ കൂട്ടിച്ചേർത്തി വായിക്കേണ്ട ആദ്യത്തെ വാക്ക് കുടുംബശ്രീ തന്നെയാണ്.... ദാരിദ്രനിർമാർജനം എന്ന ലക്ഷ്യത്തിൽ തുടങ്ങിയ കുടുംബശ്രീ വീട്ടമ്മമാരും വീടുകളും വഴി സമൂഹത്തിൽ തുറന്നു കാണിക്കുന്നത് ഇച്ഛാശക്തി കൊണ്ട് വെട്ടിപ്പിടിച്ച ഒരു പെൺ സാമ്രാജ്യം തന്നെയാണ്. കാൽനൂ റ്റാണ്ട് പിന്നിടുമ്പോൾ കൈവരിച്ച നേട്ടങ്ങൾ ഒട്ടനവധിയാണ്. ഇന്ന് സമൂഹത്തിൽ ഏറ്റവും കൂടുതൽ അരക്ഷിതാവസ്ഥ അനുഭവിക്കുന്ന വിഭാഗത്തിൽ പെട്ട ഒന്നാണ് തീരദേശവാസികൾ. അത്തരത്തിൽ തീരദേശ നിവാസികളുടെ ഉന്നമനത്തിനും, അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ആയി കുടുംബശ്രീ ആവിഷ്കരിച്ചിട്ടുള്ള സമഗ്ര പദ്ധതിയാണ് തീരശ്രീ.. ഇത്തരത്തിൽ തീരദേശ മേഖലയിലെ കാര്യക്ഷമമായ പ്രവർത്തനങ്ങളിൽ മുന്നിട്ടു നിൽക്കുന്ന തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്കിലെ ഏറിയാട് സി ഡി എസ് മികച്ച മാതൃകകളിൽ ഒന്നാണ്. തീരദേശ മേഖലകളിലെ സമഗ്ര വികസനം ലക്ഷ്യം വെച്ച് കൊണ്ടുള്ള ഇടപെടൽ ആണ് സി.ഡി.എസ്സിന്റെ നേതൃത്വത്തിൽ നടത്തിയത്. വയോജനങ്ങളുടെയും, കുട്ടികളുടെയും സമഗ്ര ലക്ഷ്യം വെച്ച് നിരവധി പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു. കൂടുതൽ കുടുംബങ്ങളെ കുടുംമ്പശ്രീയിൽ ഉൾച്ചേർക്കുന്നതിന് കമ്മ്യൂണിറ്റിയുടെ നേതൃത്വത്തിൽ പ്രത്യേക ഇടപെടൽ നടത്തി. കൂടാതെ നിർജീവ അയൽക്കൂട്ടങ്ങളുടെ പുനരുജ്ജീവനവും, കൂട്ടിത്തരവാദിത്വം ഉറപ്പുവരുത്താൻ ഉതകുന്ന രീതിയിൽ സംഘടന ശാക്തീകരണ പ്രവർത്തനങ്ങൾ, കാര്യശേഷി വികസന പരിപാടികൾ, പുസ്തകമെഴുത്ത് പരിശീലനം, സാമ്പത്തിക സാക്ഷരതാ ക്ലാസുകൾ, ഇൻഷുറൻസ്, പരിരക്ഷ പദ്ധതികൾ, സംരംഭകത്വ വികസന പരിപാടികൾ, ലിംഗാധിഷ്ഠിത അവബോധം എന്നിവയിൽ ഊന്നിയ വിവിധങ്ങളായ പരിശീലന പരിപാടികൾ നടത്താൻ സാധിച്ചു. ഇതുവഴി സുശക്തമായ സംഘടന സംവിധാനം കെട്ടിപ്പടുക്കാനും, നൂതനമായ സംരംഭ പ്രവർത്തനനങ്ങൾ ആരംഭിക്കാനും സാധിച്ചു. തീരദേശ മേഖലയിലെ എല്ലാ മേഖലയിലും ഉള്ള ആളുകളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി കൊണ്ടാണ് ബാലസഭ മുതൽ വയോജന അയൽക്കൂട്ടം വരെ കാര്യക്ഷമമായ ഇടപെടലുകൾ തീരശ്രീ പദ്ധതിയിലൂടെ നടത്തിവരുന്നത്.....എറിയാട് സിഡിഎസ് ഇൽ 23 എ. ഡി. എസ് കളിലായി 625 അയൽക്കൂട്ടങ്ങൾ, 8549 അയൽക്കൂട്ടാഗങ്ങൾ, 23 ഓക്സിലിയറി ഗ്രൂപ്പുകൾ, 70 വയോജന അയൽക്കൂട്ടങ്ങൾ, 1 ഭിന്നശേഷി അയൽക്കൂട്ടം, 62 ജെ എൽ ജി കൾ, 138 ഗ്രൂപ്പ് സംരംഭങ്ങൾ, 215 വ്യക്തിഗത സംരംഭങ്ങൾ, 35 ബാലസഭകൾ എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

7

# ഏക്സാത് കുടുംബശ്രീ സാമൂഹ്യ പരിശീലന സ്ഥാപനങ്ങൾ

മനു ജി.

സംഘടനാ സംവിധാനത്തിനുള്ളിൽ നിന്നും കഴിവും വൈദഗ്ധ്യവുമുള്ളവരെ ഉൾപ്പെടുത്തി കുടുംബശ്രീ നേതൃത്വത്തിൽ വിവിധങ്ങളായ പരിശീലനങ്ങളും പരിപാടികളും ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് 2005-2006 കാലയളവിൽ കോഴിക്കോട്, എറണാകുളം, ആലപ്പുഴ എന്നീ മൂന്ന് റീജിയണുകളിയായി ആരംഭിച്ച കുടുംബശ്രീയുടെ സാമൂഹിക പരിശീലന സ്ഥാപനമാണ് ഏക്സാത്. 2012 ഓടുകൂടി എല്ലാ ജില്ലകളിലുമായി 19 സാമൂഹ്യ പരിശീലന സ്ഥാപനങ്ങൾ നിലവിൽ വന്നു. ഇന്ന് 300 മുഴുവൻ സമയ പ്രവർത്തകരും 3000 ത്തോളം സാമൂഹ്യ പരിശീലകരും വിദഗ്ധരും പ്രവർത്തിക്കുന്നു. സംഘടനാ ശാക്തീകരണം, സ്ത്രീകളുടേയും കുട്ടികളുടേയും ശാക്തീകരണം തൊഴിൽവൈദ്ധ്യം, സോഫ്റ്റ് സ്കിൽ, അരികുവൽക്കരിക്കപ്പെടുന്നവരുടെ ഉന്നമനം തുടങ്ങിയ മേഖലകളിലെല്ലാം അറിവും കഴിവും സന്നിവിശേഷിപ്പിച്ച് മനോഭവത്തിൽ ഗുണപരമായ മാറ്റംവരുത്തി വിവിധങ്ങളായ പരിശീലനങ്ങളും പരിപാടികളും നടത്തിവരുന്നു.

2005 - 2010 ൽ കാലയളവിൽ സംഘടനാശാക്തീകരണം, അമൃതം ന്യൂട്രിമിക്സ്, സാന്ത്വനം, പിന്തുണാ സംവിധാനങ്ങൾക്കുള്ള പരിശീലനം എന്നിവയായിരുന്നു ഏക്സാതിന്റെ പ്രവർത്തനമേഖലയെങ്കിൽ 2010 -2015 ആയപ്പോൾ കുടുംബശ്രീ പരിശീലനങ്ങളോടൊപ്പം വിവിധ സർക്കാർ സർക്കാരിതര വകുപ്പുകളുടെ ജീവനോപാധി പരിശീലനങ്ങൾ, സർവ്വേ തുടങ്ങിയ ഏറ്റെടുത്തു തുടങ്ങി. ഇതോടൊപ്പം 2015-20 കാലയളവിൽ മാർക്കറ്റിംഗ്, നിർമ്മാണമേഖലയിലെ പരിശീലനങ്ങൾ, ഫെസിലിറ്റേഷൻ റോളുകളിലേക്ക് ഏക്സാത് മാറുകയുണ്ടായി. 2020 -2025 ആയപ്പോൾ കാർഷിക മൃഗസംരക്ഷണ മേഖലയിലെ പരിശീലനങ്ങൾ, മാർക്കറ്റിംഗ് സപ്പോർട്ട്, റിസർച്ച് ആന്റ് സർവ്വേ പ്രവർത്തനം, മൊഡ്യൂൾ ഇവന്റുകൾ, തീം സ്റ്റാളുകൾ, ഇ കൊമേഴ്സ്,ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾ, മെന്റർഷിപ്പ് എന്നീ നാനാമേഖലകളിലേക്ക് കൂടി പ്രവർത്തനം വ്യാപിപ്പിച്ചു.

ബ്യൂട്ടീഷ്യൻ കോഴ്സുകൾ, ഫാഷൻ ഡിസൈനിംഗ് ആന്റ് ടെയ്ലറിംഗ്, നിർമ്മാണമേഖല, കെമിക്കൽ ഉല്പന്നങ്ങളുടെ നിർമ്മാണം, എൽ.ഇ.ഡി ബൾബ്, ഇവന്റ് മാനേജ്മെന്റ്, ഫുഡ് പ്രോസസിംഗ്, ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പരിശീലനം എന്നിവയിലൂടെ ഒട്ടേറെ സാധാരണക്കാർക്ക് ഉപജീവനമാർഗ്ഗം കണ്ടെത്തി ഉയർന്ന തൊഴിലും വരുമാനവും സ്വദേശത്തും വിദേശത്തും ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഈ വർഷംമുതൽ മാറിയകാലത്തിനൊപ്പം ഒരുപിടി പുതിയ പ്രവർത്തനങ്ങൾകൂടി ഏറ്റെടുക്കുകയാണ് ഏക്സാത്. ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള വിവിധ പരിശീലനങ്ങൾ, സർവ്വേകൾ, ഇവന്റുകൾ, പുതുസാങ്കേതിക വിദ്യകൾ പരിശീലിപ്പിക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും ഏവരേയും പ്രാപ്തരാക്കാൻ അപ് സ്കില്ലിംഗ് ശില്പശാലകൾ സംഘടിപ്പിക്കുകയും അതിനൊപ്പം ഓരോ ആവശ്യങ്ങൾക്കനുസൃതമായി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഒരു ഡിജിറ്റൽ ഫോഴ്സിനെ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളിലാണ് ഏക്സാത് ഇപ്പോൾ. നവമാധ്യമമേഖലയിലും വിവരസാങ്കേതിക വിദ്യയിലും ഊന്നിയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കൽ, കുടുംബശ്രീ ഇതര സർക്കാർ സംവിധാനങ്ങളുടെ കീഴിലുള്ള ഉല്പന്നങ്ങൾ ഓൺലൈൻ വിപണനം നടത്തുന്നതിനുള്ള പോർട്ടലുകൾ, മൊബൈൽ ആപ്പ് എന്നിവ പുതിയ പദ്ധതികളാണ്. ഇവന്റ് മാനേജ്മെന്റ് കൂടാതെ ടെക്നിക്കൽ ഇവന്റ് പ്രൊഡക്ഷൻ എന്നീമേഖലകളിലും ഫോട്ടോ/ വീഡിയോ പ്രോഡക്ഷൻ, എന്നീമേഖലകളിൽ ഈ വർഷം മുതൽ ഏക്സാതിന്റെ സാന്നിദ്ധ്യമുണ്ടാകും.

## 8

# നഗര ഉപജീവന കേന്ദ്രം (City Livelihood Center- CLC) ഗുരുവായൂർ നഗരസഭാ- കുടുംബശ്രീ സംയോജന പദ്ധതി

അമ്പിളി ഉണ്ണിക്കൃഷ്ണൻ

ഗുരുവായൂർ നഗരസഭയുടെ പ്രസാദ് പദ്ധതിയുടെ ഭാഗമായി പടിഞ്ഞാറേ നടയിൽ പണിപൂർത്തികരിച്ചിട്ടുള്ള അമിനിറ്റി സെന്റർ, ദേശീയ നഗര ഉപജീവന മിഷൻ നഗര ഉപജീവന കേന്ദ്രമായി 17/11/2022 മുതൽ പ്രവർത്തിച്ചുവരുന്നു. തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുവാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്. കൂടാതെ നഗര ദരിദ്രരായ വനിതകൾക്ക് നിരവധി തൊഴിൽ അവസരങ്ങൾ നൽകുന്നു.

**നിലവിൽ 110 വനിതകൾക്ക് നേരിട്ട് നഗര ഉപജീവന കേന്ദ്രത്തിന്റെ വിവിധ സ്ഥാപനങ്ങളിൽ തൊഴിലവസരങ്ങൾ നൽകുന്നു. നൂറിൽപരം വനിതകൾക്ക് നൈപുണ്യ പരിശീലനം നൽകി തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.**

പദ്ധതിയുടെ പ്രത്യേകത

- പ്രാദേശിക തൊഴിലവസരങ്ങൾ പ്രാദേശികർക്ക് നൽകിക്കൊണ്ടുള്ള സുസ്ഥിര വികസനത്തിനായുള്ള വിവിധ പദ്ധതികളുടെ സംയോജനത്തിന്റെ ആദ്യത്തെ മാതൃക.
- നഗരസഭകളിൽ നടപ്പിലാക്കുവാൻ കഴിയുന്ന കുടുംബശ്രീയുടെ പുതിയ മാതൃക.
- നഗരത്തിലെത്തുന്ന ആളുകൾക്ക് മിതമായ നിരക്കിൽ മികച്ച സൗകര്യങ്ങൾ ഒരുക്കുന്നു

### പ്രധാന സേവനങ്ങൾ

- ഫ്രഷ്അപ്പ് സൗകര്യങ്ങൾ
- ഷോർട്ട് സ്റ്റേ ഡോർമെറ്ററി സേവനങ്ങൾ
- ക്ലോക്ക്റൂം സൗകര്യങ്ങൾ
- കുടുംബശ്രീ സിഗ്നേച്ചർ ഷോപ്പ്
- കുടുംബശ്രീ കഫെ
- ഓൺലൈൻ സർവീസ്
- എടിഎം കൗണ്ടർ

### മറ്റുസേവനങ്ങൾ

വിവിധ നൈപുണ്യ പരിശീലനങ്ങൾ, തൊഴിൽ മേളകൾ, ഹൗസ് കീപ്പിംഗ്, ഈവൻ മാനേജ്മെന്റ്, നഗരങ്ങളിലെ പാവങ്ങൾക്ക് വിപണനം നടത്താനുള്ള സഹായം, പ്രസവാനന്തര ശുശ്രൂഷ, ഹോം നഴ്സിംഗ്, ആയ, കുക്ക് മറ്റു സേവനങ്ങൾ

### വരുമാന സ്രോതസ്

നഗരസഭയുടെ സേവനങ്ങൾ നൽകിക്കൊണ്ടും വരുമാന ദായക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടും നഗര ഉപജീവന കേന്ദ്രം നടത്തിപ്പിനായുള്ള വരുമാനം കണ്ടെത്തുന്നു.

### വരുമാനം പങ്കിടുന്ന മാതൃക

നഗരസഭയുടെ സേവനങ്ങളിലൂടെ ലഭിക്കുന്ന മൊത്തം വരുമാനത്തിന്റെ 50% ശതമാനം നഗരസഭയ്ക്കും 50% നഗരം ഉപജീവന കേന്ദ്രത്തിനും ലഭിക്കുന്നു. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും കൗൺസിലിന്റെയും അംഗീകാരത്തോടെ വരുമാനം പങ്കിടുന്ന വ്യവസ്ഥയിൽ മാറ്റം വരുത്താവുന്നതാണ്.

### ഭരണചുമതല

ഭരണചുമതല നിർവഹിക്കുന്നത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഉപദേശക കമ്മിറ്റിയുടെ/ കൗൺസിലിന്റെ അംഗീകാരത്തോടുകൂടി മോണിറ്ററിംഗ് കമ്മിറ്റിയാണ്.

### എക്സിക്യൂട്ടീവ് കമ്മിറ്റി

- നഗരസഭ ചെയർമാൻ -ചെയർമാൻ
- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ- കൺവീനർ
- കുടുംബശ്രീ പ്രോഗ്രാം ഓഫീസർ (അർബൻ)
- കുടുംബശ്രീ CFO/ACO
- നഗരസഭാ സെക്രട്ടറി
- കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ
- സിറ്റി പ്രൊജക്റ്റ് ഓഫീസർ
- കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സൺസ്
- കുടുംബശ്രീ സിഡിഎസ് ഉപജീവന ഉപസമിതി കൺവീനർമാർ

### ഉപദേശകസമിതി

- നഗരസഭ ചെയർമാൻ
- നഗരസഭാവൈസ് ചെയർപേഴ്സൺ
- സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാർ
- കുടുംബശ്രീ സിഡി എസ് ചെയർപേഴ്സൺമാർ
- നഗരസഭ സെക്രട്ടറി
- സിറ്റി പ്രോജക്ട് ഓഫീസർ

എല്ലാ മൂന്നുമാസം കൂടുമ്പോഴും ഉപദേശക സമിതി യുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും യോഗം ചേരേണ്ടതാണ്. ടിയോഗങ്ങളിൽ നാളിതുവരെയുള്ള വരവ്ചെലവ് കണക്കുകളുടെ അംഗീകാരം വാങ്ങേ ണ്ടതാണ്. നഗര ഉപജീവന കേന്ദ്രത്തിന്റെ നടത്തിപ്പി നാവശ്യമായ സാധനങ്ങളും മറ്റും പ്രൊക്യൂയർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് വാങ്ങേണ്ടത്. എല്ലാമാസവും ഈ സ്ഥാപനത്തിന്റെ മോണിറ്ററിംഗ് കമ്മിറ്റി ചേരേണ്ടതാണ്. മേൽ കമ്മിറ്റിയുടെ അനുമ തിയോടുകൂടി വിവിധ വരുമാനദായക പ്രവർത്തന ങ്ങളിലൂടെ അധികവരുമാനം കണ്ടെത്താവുന്നതാണ്. അടിയന്തരഘട്ടങ്ങളിൽമേൽ കമ്മിറ്റികളുടെ യോഗം പ്രത്യേകം വിളിച്ചു ചേർക്കാവുന്നതാണ്.

## 9

## ഷീ സ്റ്റാർട്സ് ഹരിപ്പാട് നഗരസഭ സിഡിഎസ്

സിന്ധു ആർ നായർ

### ആമുഖം

ഇരുപത്തി അഞ്ചാം വാർഷികം ആഘോഷിക്കുന്ന കുടുംബശ്രീ സംഘടന സംവിധാനത്തിൽ വന്നിട്ടുള്ള ഏറ്റവും നൂതനമായ ആശയമാണ് ഓക്സിലറി ഗ്രൂപ്പുകൾ. കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾക്കു പുറമെ കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമാകാൻ താല്പ ര്യമുള്ള 18 മുതൽ 40 വയസ്സ് വരെ ഉള്ള വനിതകളെ ഉൾപ്പെടുത്തി ഓക്സിലറി ഗ്രൂപ്പുകൾ കുടുംബശ്രീയുടെ ഭാഗമായി നിലവിൽ ഉണ്ട്. ഇപ്രകാരം രൂപീകരിക്കുന്ന ഓസ്‌ലറി ഗ്രൂപ്പ് അംഗങ്ങൾക്ക് സംരംഭ പ്രവർത്തന ങ്ങൾക്ക് അവസരം നൽകുന്നതിനായി ആവിഷ്കരിച്ചി ട്ടുള്ള പദ്ധതിയാണ് "ഷി സ്റ്റാർട്സ്". ഈ പദ്ധതിയി ലൂടെ സംരംഭകത്വ താല്പര്യമുള്ള ഓക്സിലറി ഗ്രൂപ്പ് അംഗ ങ്ങൾക്ക് അവരുടെ അഭിരുചിക്കനുസരിച്ചു സംരംഭം ആരംഭിക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും കുടുംബശ്രീ മുഖേന നൽകുന്നു.

### ഹരിപ്പാട് ഷി സ്റ്റാർട്സ് (RISE TOGETHER)

ഷീ സ്റ്റാർട്സ് പദ്ധതി പ്രകാരം ഹരിപ്പാട് സി ഡി എസിൽ 11 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. വാർഡ് 27 ൽ ആരംഭിച്ചിട്ടുള്ള വി.സ് ക്രാഫ്റ്റ്, ലെറ്റർ വേൾഡ്, ഷൈൻഷൈൻ ഡിറ്റർജെന്റ്, H&H സ്നാക്ക്സ്, ഇശൽ മെഹന്തി, നിതുസ് സ്നാക്ക്സ്, സിമെന്തക ബ്യൂട്ടി സോപ്പ് എന്നിവ മാതൃകാപരമായ രീതിയിൽ ആണ് പ്രവർത്തനങ്ങൾ നടത്തിവരുന്നത്. വാർഡ് 9 ൽ പ്ര വർത്തിച്ചു വരുന്ന വികൂറി ഫാഷൻസ്, വാർഡ് 11 ലെ നവമി സ്റ്റിച്ചിങ്, വാർഡ് 28 ലെ ഹരിഗീതം സ്റ്റോഴ്സ്, വാർഡ് 12 ലെ റീസൈക്കിൾസ് സ്മാർട്ട് എന്നീ സംരം ഭങ്ങളും മികച്ച രീതിയിൽ പ്രവർത്തിക്കുന്നവയാണു.

മേല്പറഞ്ഞ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടി അവരുടെ ഓക്സിലറി ഗ്രൂപ്പ് സമാഹരിച്ച ആന്തരിക വായ്പയും, ലിങ്കേജ് വായ്പയും പി എം സ്വാനിധി വായ്പയും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. മികച്ച നേതൃപാടവും സംരംഭങ്ങൾ വിജയിപ്പിക്കാനുള്ള ശ്ര മവുമാണു ഈ സംരംഭങ്ങളെ മാതൃകയാക്കുന്നത്. ഹരിപ്പാട് നഗരസഭയുടെ സി ഡി എസ് ന്റെയും NULM, MEC യുടെയും നിരന്തരമായ ഇടപെടീലും കൃത്യമായ പിന്തുണയും മോണിറ്ററിങ്ങും ഈ സംരം ഭങ്ങളെ വിജയിപ്പിക്കുന്നതിനു സഹായിക്കുന്നു.

## 10

## നൂതന സംരംഭങ്ങൾ കാസർഗോഡ്

രാജേഷ് എ വി

ജില്ലയിലെ വിവിധ സി.ഡി.എസ്സുകളിലെ നൂതനവും നിലവിൽ പരുഷ സമൂഹം മാത്രം ചെയ്യുവരുന്നതുമായ ചില സംരംഭങ്ങളെയാണ് പരിചപ്പെടുത്തുന്നത്.

### മൊബൈൽ റിപ്പയറിങ് ഷോപ്പ്

2024 ഫെബ്രുവരി 11ന് ആരംഭിച്ച സംരംഭമാണ് ഇത്. തൃക്കരിപ്പൂർ കോയങ്കരയിൽ ആണ് ഈ മൊബൈൽ റിപ്പയറിങ് ഷോപ്പ് സ്ഥിതി ചെയ്യുന്നത്. പുരുഷൻ മാർ മാത്രം ചെയ്യു വന്നിരുന്ന മേഖലയിൽ സ്ത്രീ കൾക്ക് വരാൻ പറ്റിയത് കുടുംബശ്രീ ജില്ലാമിഷൻ ന്റെ നിർ ദേശപ്രകാരം ജോബ് കഫെ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടി ന്റെ നേതൃത്വത്തിൽ 30 ദിവസം ട്രെയിനിങ് ഉപയോ ഗപ്പെടുത്തിയത് വഴിയാണ്. സംരംഭത്തിലേക്ക് വരാൻ താൽപര്യം കൂടിയതും, നൂതനമായ സംരംഭങ്ങൾ പ്രോ ത്സാഹിപ്പിക്കുന്നതിന് ജില്ലാ മിഷന്റെ ഉറച്ച പിന്തുണ ലഭിക്കുന്നതുമൂലം ഇന്ന് നല്ല രീതിയിൽ സംരംഭം

ചെയുന്നു. മാസത്തിൽ 10000 രൂപയിൽ അധികം വരുമാനം ലഭിക്കുന്നു. കൂടാതെ ഫോട്ടോ സ്റ്റാറ്റ്, റീചാർജ്, മണി ട്രാൻസ്ഫർ, അക്സസ്സറീസ് എന്നിവ കൂടി ചെയ്യു വരുന്നു. കുടുംബശ്രീ യുടെ എല്ലാം പിന്തുണ സഹായ സഹകരണങ്ങളും കിട്ടുന്നു. ലോൺ നിലവിൽ എടുക്കേണ്ടി വന്നില്ല.

### വനിതാ ടൂവീലർ വർക്ക് ഷോപ്പ്

കാസർഗോഡ് വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്, ഭീമനടി യിലാണ് കേരളത്തിലെ ആദ്യത്തെ വനിതാ ടൂവീലർ വർക്ക് ഷോപ്പ് സ്ഥിതി ചെയ്യുന്നത്. സ്പാന്നർ തങ്ങളുടെ കൈയിൽ ഭദ്രമാണെന്ന് തെളിയിക്കുക യാണ് കാസർഗോഡ് വെസ്റ്റ് എളേരിയിലെ മൂന്ന് സ്ത്രീകൾ. വെസ്റ്റ് എളേരി ഭീമനടി കാലിക്കടവിൽ സിഗ്നോറ എന്ന പേരിൽ കേരളത്തിലെ ആദ്യത്തെ വനിതാ ടൂവീലർ വർക്ക് ഷോപ്പ് തുടങ്ങിയിരിക്കുക യാണ് മൂന്ന് വനിതകൾ. ബിൻസി ജിജോ, ബിന്ദു ഡൊമനിക്, മേഴ്സി പി എന്നിവരാണ് വർക്ക്ഷാ പ്പിന്റെ നടത്തിപ്പുകാരും ജീവനക്കാരും. സ്വയം സംരംഭത്തിൽ പുതുവഴി തെളിക്കുകയാണ് ഈ മൂന്ന് സ്ത്രീകൾ. ഇരുചക്ര വാഹനങ്ങൾ നന്നാക്കു ന്നതെങ്ങനെയെന്ന് കൃത്യമായി പഠിച്ചാണ് മൂവരും ചേർന്ന് വർക്ക് ഷോപ്പ് തുടങ്ങുന്നത്. കുടുംബശ്രീ ജില്ലാ മിഷന്റെ ജോബ് കഫേയുടെഭാഗമായി ബ്ലോക്ക് തല സ്കിൽ ട്രെയിനിംഗിലാണ് ഇവർ പരിശീലനം നേടിയത്. കുടുംബശ്രീ ജോബ് കഫേയിൽ ഇരുചക്ര വാഹനങ്ങളെ കുറിച്ച് പഠിപ്പിച്ചത് ശ്രീനാഥ് മേലോത്ത് ആണ്. മൂന്ന് പഞ്ചായത്തിൽ നിന്നായി 22 പേരാണ് നൈപുണ്യ പരിശീലന പരിപാടിയിൽ പങ്കെടുത്തത്. സ്കൂട്ടറും മറ്റും ഓടിച്ച് മാത്രം പരിചയമുള്ള സ്ത്രീകൾ ക്ലാസിന്റെ ആദ്യ ദിനം ഒന്ന് പേടിച്ചു. ആദ്യ ദിവസത്തെ പേടി ആവേശമായി മാറി. പോകെ പോകെ കാര്യങ്ങൾ പഠിച്ചെടുത്തു. വർക്ക് ഷോപ്പ് ടൂളുകൾ കൈയിൽ വഴങ്ങി. 30 ദിവസത്തെ പരിശീലന പരിപാടി കഴി ഞ്ഞിറങ്ങുമ്പോൾ 22 സ്ത്രീകളും ഇരുചക്ര വാഹന ങ്ങളിൽ എക്സ്പേർട്സായി. ജോബ് കഫേയിലെ ക്ലാ സുകളുടെ ബലത്തിലാണ് മൂന്ന് പേരും കൂടി സ്വന്തം വർക്ക് തുടങ്ങാൻ പദ്ധതിയിടുന്നത്. അതിനായി മൂവരും ചേർന്ന് 2 ലക്ഷം രൂപയും സമാഹരിച്ചു. 2023 നവംബറിൽ വർക്ക് ഷോപ്പ് തുടങ്ങുകയും ചെയ്യു. വർക്ക്ഷോപ്പിൽ ഇവരെ കൂടാതെ സഹായത്തിന് ഒരാളും കൂടിയുണ്ട്.

### ഗ്രാമകിരണം സ്ട്രീറ്റ് ലൈറ്റ് & എൽ ഇ ഡി നിർമാണ പരിപാലന യൂണിറ്റ്

കാസറഗോഡ് കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃ ത്വത്തിൽ 2018 മാർച്ചിലാണ് ഗ്രാമകിരണം സ്ട്രീറ്റ് ലൈറ്റ് & എൽ ഇ ഡി നിർമാണ പരിപാലന യൂണിറ്റ് പ്രവർത്തനം ആരംഭിച്ചത്. 13 അംഗംങ്ങളാണ്പിലി ക്കോട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റിൽ സംരംഭ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളത്. കുടുംബശ്രീ സംരംഭമായതിനാൽ തെരുവ് വിളക്കു കളുടെ ഫൈറ്റിങ്ങും പരിപാലനവും ടെൻഡർ നടപ ടികളില്ലാതെ ഏറ്റെടുത്തു നടത്താമെന്ന ഗവണ്മെന്റ് ഉത്തരവ് ഉള്ളത്കൊണ്ട്തന്നെ (ഉ ന 211/ 2018 ത സ്വ ഭ വ, ഉ ന 455/ 2019 ത സ്വ ഭ വ) ഇരുപതോളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ (മുൻസിപ്പാലിറ്റി & പഞ്ചായത്ത് ) വർക്ക് ഏറ്റെടുത്ത് പൂർത്തീകരിച്ചു. സമയബന്ധിതമായ സേവനവും, തുടർപ്രവർത്തനങ്ങ ളും കൈക്കൊള്ളുന്നതുകൊണ്ട്തന്നെ മികച്ച പ്രതിക രണമാണ് ജനപ്രതിനിധികളിൽ നിന്നും ഉദ്യോഗസ്ഥ ന്മാരിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്.

### നിയതം അപ്പാരൽ പാർക്ക്, നീലേശ്വരം

കുടുംബശ്രീ സംസ്ഥാന മിഷന്റെ നിർദ്ദേശപ്രകാരം നടത്തിയ യുപി ആർ പി പദ്ധതിയിൽ നഗരസഭ കുടുംബശ്രീ സി ഡി എസ് നഗരസഭക്ക് സമർപ്പിച്ച പദ്ധ തിയിൽ പ്രദേശത്ത് കുടുംബശ്രീയുടെ ബ്രാൻറിൽ ഒരു അപ്പാരൽ യൂണിറ്റ് ആരംഭിക്കണമെന്നും കുടുംബശ്രീ അംഗങ്ങളായിട്ടുള്ള വർക്ക് ഒരു ജീവനോപാധി ലഭി ക്കുന്നതിനുമുള്ള നിർദ്ദേശം നഗരസഭക്ക് സമർപ്പിക്കു കയും, ആയതിന്റെ അടിസ്ഥാനത്തിൽ നിലേശ്വരം നഗരസഭ അപ്പരൽ യൂണിറ്റ് ആരംഭിക്കുന്നതു പദ്ധതി യിൽ ഉൾപ്പെടുത്തുകയുമായിരുന്നു. കുടുംബശ്രീ സി ഡി എസ് യോഗത്തിൽ വിഷയം ചർച്ച ചെയ്യുകയും വാർഡ് സഭ വഴി അപേക്ഷ ക്ഷണിക്കുകയും അതുവഴി സംരംഭകരെ കണ്ടെത്തുകയുമായിരുന്നു. ആരംഭ ഘട്ടത്തിൽ 10 കുടുംബശ്രീ അംഗങ്ങളെ സെലക്ട് ചെയ്യുകയും ജി ഓ ടി, ഈ ഡി പി തുടങ്ങി നിരവധി പരിശീലങ്ങൾ കുടുംബശ്രീ സിഡിഎസിന്റെയും ജില്ലാ മിഷന്റെയും നേതൃത്വത്തിൽ നൽകുകയും ചെയ്യു. നഗരസഭയുടെ 2023- 24 വാർഷിക പദ്ധതിയിൽ 12 ലക്ഷം രൂപ വകയിരുത്തുകയും നിയതം എന്ന പേരിൽ 08/06/2023 ്ന് നഗരസഭ ചെയർപേഴ്സൺ ആപ്പാരൽ യൂണിറ്റ് ഉദ്ഘാടനം ചെയ്യു. 15 ലക്ഷം രൂപ ആകെ ലോൺ തുകയിൽ ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി പ്രകാരമുള്ള ലോണും 12 ലക്ഷം രൂപ നഗരസഭയുടെ പദ്ധതി പ്രകാരമുള്ള സബ്സിഡിയാ യും ലഭിച്ചു.

പ്രധാനമായും നൈറ്റി ഉൾപ്പെടെയുള്ള ഡ്രസ്സുകളും സ്കൂൾ കുട്ടികൾക്കുള്ള യൂണിഫോമുകളും, ഹരിത കർമ്മ സേനകൾക്കുള യൂണിഫോമുകൾ, മറ്റു യൂണി ഫോമുകൾ എന്നിവയൊക്കെ ആണ് ബ്രാൻഡ് എന്ന രീതിയിൽ ചെയ്യ് കൊടുക്കുന്നത്. രണ്ടാംഘട്ടമായി മാർക്കറ്റിംഗ് ഉൾപ്പെടെയുള്ള മേഖലകളിൽ ശ്രദ്ധകേ ന്ദ്രീകരിച്ച് വിപുലമായ രീതിയിൽ ജില്ലയ്ക്ക് പുറത്തും സംരംഭ സാധ്യതകൾ വ്യാപിപ്പിക്കാനും കൂടുതൽ പേർക്ക് ഉപജീവനമാർഗ്ഗം കണ്ടെത്തി നൽകാനു മാണ് നിയതം അപ്പാരൽ പാർക്ക് ലക്ഷ്യമിടുന്നത്. 2 ലക്ഷം രൂപ മാസ വരുമാനം നിലവിൽ ലഭിക്കുന്നു ണ്ട്. മാസംതോറും നഗരസഭയുടെ നേതൃത്വത്തിലും കുടുംബശ്ര ീ സിഡിഎസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, സിറ്റി മിഷൻ മാനേജർ, കമ്യൂണിറ്റി ഓർഗ നൈസർ, എം. ഈ.സി എന്നിവയുടെ നേതൃത്വത്തിൽ പുരോഗമനം വിലയിരുത്താറുണ്ട്.

## 11

# ഐ എസ് ഒ സർട്ടിഫിക്കറ്റ് ലഭിച്ച ആദ്യ സി ഡി എസ് വെങ്ങപ്പള്ളി

ബബിത

കേരളത്തിന്റെ അഭിമാന പദ്ധതിയായ കുടുംബശ്രീക്ക് കൈവന്ന പൊൻതൂവലാണ് വയനാട് ജില്ലയിലെ വെങ്ങപ്പള്ളി സിഡിഎസ്. ഇന്റർ നാഷണൽ സ്റ്റാൻഡേർഡ് ഓപ്പറേഷൻ (ഐ എസ് ഒ) സർട്ടിഫിക്കേഷൻ ലഭിച്ച സംസ്ഥാനത്തെ ആദ്യത്തെ സി ഡി എസ് ഓഫീസ് എന്ന പദവിയാണ് വെങ്ങപ്പള്ളി സി ഡി എസ് സ്വന്തമാക്കിയത്. ജില്ലയിലെ താരതമ്യേനെ ചെറിയ സി ഡി എസ് ആയ വെങ്ങപ്പള്ളി കഴിഞ്ഞ വർഷമാണ് ഐ എസ് ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഓഫീസ് സംവിധാനം നവീകരിക്കുക വഴി മെച്ചപ്പെട്ട സേവനം പൊതു ജനങ്ങൾക്ക് സമയബന്ധിതമായി നൽകാൻ സി ഡി എസിന് കഴിയും. 150 ലധികം അയൽക്കൂട്ടങ്ങളിൽ നിന്നായി 2000 കുടുംബങ്ങൾ ആണ് വെങ്ങപ്പള്ളി സി ഡി എസിൽ ഉള്ളത്.

ഗ്രാമ പഞ്ചായത്തിന്റെയും കുടുംബശ്രീ ജില്ലാ മിഷന്റെയും പിന്തുണയോടെ ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്ഥാപനങ്ങളിൽ ഐ എസ് ഒ കൺസൽട്ടേഷൻ നൽകിയ കിലയുടെ ആഭിമുഖ്യത്തിലാണ് വെങ്ങപ്പള്ളി ഈ നേട്ടത്തിൽ എത്തിയിരിക്കുന്നത്. ഫയലുകൾ ക്രമീകരികരിച്ചും സി ഡി എസ് ഗുണമേന്മ നയം രൂപീകരിച്ചും പൊതുജന അഭിപ്രായം സ്വീകരിച്ചുമാണ് അഭിമാനർഹമായ നേട്ടം കുടുംബശ്രീ കൈവരിച്ചിരിക്കുന്നത്. സ്ഥാപനത്തിൽ ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുക വഴി സി ഡി എസ് സംവിധാനത്തെയും വിഭവങ്ങളെയും ഏറ്റവും ഫലപ്രദമായ രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഐ എസ് ഒ 9001-2015 സിസ്റ്റത്തിലൂടെ ഉദ്ദേശിക്കുന്നത്. ഐ എസ് ഒ സർടിഫിക്കേഷന് കൺസൽട്ടേഷൻ, സർടിഫിക്കേഷൻ എന്നിങ്ങനെ രണ്ട് പാർട്ടുകൾ ആണ് ഉള്ളത്. കൺസൽട്ടേഷൻ പാർട് കിലയുടെ സഹായത്തോടെയാണ് നടപ്പാക്കിയത്. NABCB (National Accreditation Board for Certification Body) അംഗീകാരം ലഭിച്ചിട്ടുള്ള ഏജൻസിക്ക് മാത്രമേ ഈ അംഗീകാരം നൽകാൻ സാധിക്കുകയൊള്ളു. ബ്യൂറോ ഓഫ് ഇന്ത്യക്ക് കീഴിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ ഭാഗമായി പ്രവർത്തിക്കുന്ന NABCB ആണ് ഇന്ത്യയിലെ സർടിഫിക്കേഷനുകളെ നിയന്ത്രിക്കുന്നത്.

സി ഡി എസ് പ്രവർത്തനങ്ങൾ കൃത്യമായി ഡോക്യുമെന്റ് ചെയ്യുകയും സി ഡി എസ് പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ മുൻകൂട്ടി കണ്ടെത്തി പരിഹാരം കാണാനും സി ഡി എസിന്റെ വിഭവങ്ങൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തി ഉത്പാദന ക്ഷമത വർധിപ്പിക്കാനുമാണ് ഐ എസ് ഒ സർടിഫിക്കേഷനിലൂടെ ഉദ്ദേശിക്കുന്നത്. ടാറ്റാ ക്വാളിറ്റി സർവീസ് ആണ് വെങ്ങപ്പള്ളി സി ഡി എസിന് ഐ എസ് ഒ ശുപാർശ ചെയ്ത് അംഗീകാരം നൽകിയിട്ടുള്ളത്. നൂറ്റി അറുപത്തിയേഴോളം അംഗരാജ്യങ്ങൾ ഉള്ള അന്താരാഷ്ട്ര ഏജൻസിയാണ് ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാൻഡേർഡൈസേഷൻ എന്ന് പറയുന്നത്. ഇരുപതിനാലായിരത്തിലധികം മേഖലകളിൽ ഐ എസ് ഒ നിലവിൽ സർടിഫിക്കേഷൻ നൽകുന്നുണ്ട്. സി ഡി എസുമായി ബന്ധപ്പെട്ട വിവരങ്ങൾ, സി ഡി എസ് സംവിധാനം, സി ഡി എസ് നൽകുന്ന സേവനങ്ങൾ, സി ഡി എസ് നയം, ഉത്തരവാദിത്വങ്ങൾ എന്നിവയെല്ലാം രേഖപ്പെടുത്തിയ ക്വാളിറ്റി മാന്വൽ, പ്രൊസീജിയർ മാന്വൽ എന്നിവ തയ്യാറാക്കിയതിനു ശേഷമാണു ഐ എസ് ഒ അംഗീകാരം സി ഡി എസിന് ലഭിച്ചിട്ടുള്ളത്.

## 12

# ഇതൾ ബഡ്സ് ബ്രാന്റഡ് ഉത്പന്നങ്ങൾ

ജസീൽ

ബഡ്സ് സ്ഥാപനങ്ങളിലെ രക്ഷിതാക്കളുടെയും കുട്ടികളുടെയും ഉന്നമനം ലക്ഷ്യമിട്ട് 2021-22 ൽ 162 ബഡ്സ് സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക ഉപജീവന പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ 14 ബഡ്സ് സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ആരംഭിച്ച ഉപജീവന പദ്ധതിയിലൂടെയുള്ള ഉത്പന്നങ്ങൾ ജില്ലാ ഭരണകൂടത്തിന്റെ സഹകരണത്തോടെ കുടുംബശ്രീ തിരുവനന്തപുരം ജില്ലാമിഷൻ ഇതൾ എന്ന പേരിൽ പേപ്പർ പേന, നോട്ട് പാഡ്, ഓഫീസ് ഫയൽ, പേപ്പർ ബാഗ്, തുണി സഞ്ചി എന്നിവ ബ്രാന്റ് ചെയ്ത് വിപണിയിലെത്തിച്ചിട്ടുണ്ട്. നൈപുണ്യ വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സംസ്ഥാന ഗവൺമെന്റ് സ്ഥാപനമായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻ

സിനു കീഴിലുള്ള കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈന്റെ സഹകരണത്തോടെയാണ് പേപ്പർ പേന, നോട്ട് പാഡ്, ഓഫീസ് ഫയൽ, പേപ്പർ ബാഗ്, തുണി സഞ്ചി എന്നിവയ്ക്കുള്ള രൂപരേഖ, standardization, പരിശീലനം എന്നിവ സംഘടിപ്പിച്ചത്. ജില്ലയിൽ സംഘടിപ്പിക്കുന്ന പരിപാടികളിലെ അതിഥികൾക്കുള്ള സ്നേഹോപഹാരം മുതൽ വിവിധങ്ങളായ ഉത്പന്നങ്ങൾ ഈ സ്ഥാപനങ്ങളിൽ നിർമ്മിച്ച് വിതരണം ചെയ്ത് വരുന്നു.

കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷന്റെ ബഡ്സ് സ്ഥാപനങ്ങളിലെ ഗുണഭോക്താക്കളും അവരുടെ രക്ഷിതാക്കളും തയ്യാറാക്കിയ നോട്ട്ബുക്കുകൾ, പേനകൾ, ഫയൽ ഫോൾഡറുകൾ എന്നിവയുൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്ക് വിപണന അവസരം നൽകിയ ' ഇതൾ വ്യാപാര മേള' ടെക്കികൾക്കിടയിൽ മികച്ച സ്വീകാര്യത നേടി. കിൻഫ്ര പാർക്കിലെ ടാറ്റ എൽക്സിയിൽ സംഘടിപ്പിച്ച 'ഇതൾ' ഉൽപ്പന്ന മേള ടെക്കികൾക്കിടയിൽ വലിയ ഹിറ്റായിരുന്നു. 14 ബഡ്സ് സ്ഥാപനങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ മേളയിൽ വിൽപ്പനയ്ക്കായി കൊണ്ടുവന്നു. ജില്ലയിലെ ഭിന്നശേഷിക്കാരും ബഡ്സ് സ്ഥാപനങ്ങളുടെ രക്ഷിതാക്കളും തയ്യാറാക്കിയ ഉൽപ്പന്നങ്ങൾ 2022 മുതൽ 'ഇതൾ' ബ്രാൻഡിന് കീഴിൽ ആരംഭിച്ചു.

കുടുംബശ്രീ നടത്തുന്ന പരിശീലന പരിപാടികൾ, സെമിനാറുകൾ എന്നിവയിലെല്ലാം നിലവിൽ ഇതൾ ബ്രാൻഡഡ് നോട്ട് ബുക്ക്, ഫയൽ, പേന എന്നിവയാണ് ഉപയോഗിക്കുന്നത്. സംസ്ഥാന മിഷൻ, കുടുംബശ്രീ ജില്ല മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ ഓഫീസിൽ ഫയൽ ബോർഡുകളും ഇതളിന്റെതായി ഉപയോഗിച്ചുവരുന്നുണ്ട്.

ബഡ്സ് ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്യുന്ന വേളയിൽ തന്നെ സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടുള്ള പരിപാടികളിൽ അതിഥികളെ സ്വീകരിക്കുന്നതടക്കമുള്ള കാര്യങ്ങൾക്കും മറ്റു പാരിതോഷികങ്ങൾ നൽകുമ്പോളും ബഡ്സ് ഉൽപ്പന്നങ്ങൾ ഉപയോഗിക്കണമെന്ന് ഉത്തരവും ഇറക്കിയിട്ടുണ്ട്.

**13**

## ഭാഷ ന്യൂനപക്ഷ മേഖലയിലെ കുടുംബശ്രീ ഇടപെടലുകൾ

ഫാത്തിമത്ത് സുഹറ & രതേഷ് പി.

ഭൂമിശാസ്ത്രപരമായ സവിശേഷതകളാലും സാമൂഹിക സാംസ്കാരിക വൈവിധ്യങ്ങളാലും സമ്പന്നമായ പ്രദേശമാണ് കാസറഗോഡ് ജില്ലയുടെ വടക്കു കിഴക്കൻ മേഖല. ഭാഷ പരമായ പ്രത്യേകതകൾ ഒരു സമൂഹത്തിന്റെ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളെ എങ്ങനെ സ്വാധീനിക്കുന്നു എന്നത് ഇവിടെ അധിവസിക്കുന്ന ജനങ്ങളുടെ ജീവിത നിലവാരത്തിന്റെ അടിസ്ഥാനത്തിൽ മനസിലാക്കാൻ സാധിക്കുന്നതാണ്. കന്നഡ ഭാഷ സംസാരിക്കുന്ന ജനങ്ങൾ അധിവസിക്കുന്ന പതിനഞ്ചോളം തദ്ദേശ സ്ഥാപന പ്രദേശങ്ങൾ കാസറഗോഡ് ജില്ലയിലുണ്ട്. ഈ പ്രദേശങ്ങളിലും കുടുംബശ്രീ മിഷൻ മറ്റു സ്ഥലങ്ങളിലെന്ന പോലെ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും വേരുറപ്പിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ എന്നിട്ടും ദാരിദ്ര ലഘൂകരണത്തിലും സ്ത്രീശാക്തീകരണത്തിലും കാസറഗോഡ് ജില്ലയിലെ ഇതര പ്രദേശങ്ങളിൽ കൈവരിച്ച നേട്ടങ്ങൾക്ക് ആനുപാതികമായ വളർച്ച കന്നഡ ന്യുനപക്ഷ മെഹളയിൽ കൈവരിക്കാൻ സാധിച്ചിട്ടില്ല. ഈ ഒരു സാഹചര്യത്തിലാണ് കുടുംബശ്രീ മിഷൻ കന്നഡ ഭാഷാന്യുനപക്ഷ മേഖലയിൽ പ്രത്യേക ഇടപെടലുകൾ നടത്തുന്നതിനായി കന്നഡ സ്പെഷ്യൽ പ്രൊജക്റ്റ് 2022- 23 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നത്. പതിനഞ്ചോളം പഞ്ചായത്തുകളിൽ പ്രത്യേക പരിശീലനം നൽകിയ മലയാളം കന്നഡ ഭാഷ കൈകാര്യം ചെയ്യുന്ന 30 റിസോഴ്സ് പേഴ്സൺ മാരെ നിയോഗിച്ചു. കന്നഡ കമ്മ്യൂണിറ്റി മെന്റർമാർ എന്ന പേരിൽ ഫീൽഡ് സ്റ്റാഫ് ആയി പ്രവർത്തിക്കുന്നു. കുടുംബശ്രീ സംഘടനാ വിപുലീകരണം, ശാക്തീകരണം, സൂക്ഷ്മസാമ്പത്തിക പ്രവർത്തനങ്ങൾ, ഉപജീവന മേഖല അഭിവൃദ്ധിപ്പെടുത്തൽ, പാർശ്വവല്കൃത സമൂഹങ്ങളുടെ ഉന്നമനം, ലിംഗ സമത്വ പ്രചാരണം, വിദ്യാഭ്യാസ, ശുചിത്വ, ആരോഗ്യ മേഖലകളിൽ ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ കമ്മ്യൂണിറ്റി മെന്റർമാർ വഴി നടപ്പിലാക്കി. നിലവിൽ മഞ്ചേശ്വരം, കാറഡുക്ക കാസറഗോഡ് ബ്ലോക്കിലെ 15 പഞ്ചായത്തുകളിൽ മറ്റു കുടുംബശ്രീ സി ഡി എസുകളോട് കിടപിടിക്കുന്ന മികച്ച മാറ്റം ഉണ്ടാക്കിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്.

15 പഞ്ചായത്തുകളിൽ ആണ് കന്നഡ സ്പെഷ്യൽ പ്രൊജക്റ്റ് നടപ്പിലാക്കുന്നത്. ഈ മേഖലയിലെ 1,00,619 കുടുംബങ്ങളിൽ 49931 കുടുംങ്ങളെ ഇതിനകം 3406 അയൽക്കൂട്ടങ്ങളിലായി ഉൾച്ചേർത്തിട്ടുണ്ട്. സ്പെഷ്യൽ പ്രൊജക്റ്റ് ആരംഭിച്ചതിനു ശേഷം 392 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കാനും പുതുതായി 4087 അംഗങ്ങളെ ഉൾപ്പെടുത്താനും സാധിച്ചു. 588 സംരംഭങ്ങൾ നിലവിൽ പ്രവർത്തിക്കുന്നു. സ്പെഷ്യൽ പദ്ധതിയുടെ ഭാഗമായി സംഘകൃഷി, അഗ്രി എന്റർപ്രൈസസ്, പ്ലാന്റ് നഴ്സറി, അഗ്രി ന്യൂട്രിഗാർഡൻ

യൂണിറ്റുകൾ, അഗ്രി ബിസിനെസ്സ് വെഞ്ചർ (ABV), ഡി ഡി യു ജി കെ വൈ മൊബിലൈസേഷൻ, ബാലസഭ എന്നിവ പുതുതുതായി രൂപീകരിക്കാൻ സാധിച്ചു. ഭാഷ ന്യൂനപക്ഷ മേഖലയിലെ കുടുംബ ങ്ങളെ കുടുംബശ്രീ സംവിധാനത്തോടപ്പം ഉൾച്ചേർ ക്കുന്നതിനു ശുചിത്വോത്സവം, വായനാദിനാചരണം, ബാലസംഗമം, കായിക തീരം, പ്രതിഭാതീരം പ്രവർത്ത നങ്ങൾ, സജ്ജം, ബാലസഭാ പഠന യാത്രകൾ തുടങ്ങീ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു.

**14**

## ടേക്ക് എ ബ്രേക്ക് -ഹരിത മിത്രം കരുനാഗപ്പള്ളി

തങ്കച്ചി

കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങളിലെ ശുചിത്യ -മാലിന്യ സംസ്കരണ മേഖലയിൽ പ്രവർ ത്തിക്കുന്ന സംഘടനാ സംവിധാനമാണ് ഹരിത കർമ്മസേന. കരുനാഗപ്പള്ളി നഗരസഭയുടെയും കുടുംബശ്രീയുടെയും നേതൃത്വത്തിൽ പ്രവർത്തി ക്കുന്ന ഹരിതകർമ്മസേന യൂണിറ്റാണ് ഹരിതമിത്രം കാന്റീൻ & കാറ്ററിംഗ് യൂണിറ്റ്. ഹരിതകർമ്മസേന അംഗങ്ങളുടെ ജോലിയിൽ തടസ്സം വരാതെ തങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്റ ഭാഗമായി നഗരസഭയുടെ ടേക്ക് എ ബ്രേക്ക് സംവിധാനം കൂടി ടി യൂണിറ്റിനെ ഏൽപ്പിക്കുന്നതിന് നഗരസഭ തീരുമാ നിക്കുകയുണ്ടായി.

കരുനാഗപ്പള്ളി നഗരസഭയിൽ നിലവിൽ അറുപത്തി യെട്ടു ഹരിത കർമ്മസേന അംഗങ്ങളാണുള്ളത്. ഈ അംഗങ്ങൾക്ക് അധികവരുമാനം ലഭിക്കണമെന്ന ലക്ഷ്യത്തോടെ നഗരസഭ ടേക്ക് എ ബ്രേക്ക് എന്ന സംവിധാനം ഹരിതകർമ്മസേനയെ ഏൽപ്പിക്കുകയും ആ സ്ഥാപനത്തിൽ തന്നെ ഹരിതമിത്രം ക്യാന്റീനും കാറ്ററിംഗ് യൂണിറ്റും ഹരിതചട്ടപരിപാലന സ്ഥാ പനവുമായി മാറ്റുക എന്നുള്ളതായിരുന്നു നഗരസ ഭയുടെ ഉദ്ദേശം. മുനിസിപ്പൽ ടവറിനോടടത്തുള്ള മാർക്കറ്റിനുള്ളിലാണ് ടേക്ക് എ ബ്രേക്ക് സംവിധാനം നിലകൊള്ളുന്നത്. ദിവസവും ഏകദേശം നൂറോളം സാധാരണക്കാരായ തൊഴിലാളികൾക്കായി ഭക്ഷണം തയാറാക്കി നൽകുകയും പൊതുജനങ്ങൾ വിശ്രമകേ ന്ദ്രം ഉപയോഗിക്കുകയും ചെയ്യുന്നു. നഗരസഭയുടെ വിവിധ പരിപാടികൾക്കുള്ള കാറ്ററിംഗ് സർവീസുക ളും ഓർഡർ അനുസരിച്ചുള്ള വിവിധ തരത്തിലുള്ള ഫുഡുകളും തയ്യാറാക്കി നൽകി വരുന്നു.കൂടാതെ ഒരു ദിവസം ഏകദേശം അയ്യായിരം രൂപയുടെ വിറ്റു വരവ് ഈ സ്ഥാപനത്തിന് ഉണ്ട്. പ്ലാസ്റ്റിക്കിന്റെ ബദൽ ഉല്പ്പന്നങ്ങളുടെ നിർമ്മാണം, ഹരിത ചട്ടം പാലിച്ചു കൊണ്ടുള്ള ഇവന്റുകൾ എന്നിവയ്ക്ക് നേതൃത്വംനൽകു ന്നതിന് വേണ്ടിയാണ് ഹരിത മിത്രം യൂണിറ്റ് രൂപീക രിച്ചിട്ടുള്ളത്.ഹരിതകർമ്മസേന കൺസോർഷ്യത്തി ന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന യൂണിറ്റിൽ എല്ലാ അംഗങ്ങളും റോട്ടേഷൻ വ്യവസ്ഥ യിൽ പ്രവർത്തിക്കുന്നു. നഗരസഭയുടെ പ്രോജെക്ടിൽ ഈ സ്ഥാപനത്തിന്റെ വികസനത്തിന് ആവശ്യമായ ഫണ്ടുകൾ വകയിരുത്തിയിട്ടുണ്ട്.

ഹരിതചട്ട പരിപാലന സ്ഥാപനത്തിന്റെ സാധന സാമ ഗ്രികൾ വാങ്ങിക്കുവാൻ 2024-25 വാർഷികപദ്ധതി യിൽ അഞ്ചുലക്ഷംരൂപ വകയിരിത്തിയിട്ടുള്ളതാണ്. ആയതിന്റെ പർച്ചേസ് നടപടികൾ ആയിട്ടുള്ളതാണ്. ഇവെന്റുകൾക്കു വാടകയ്ക്ക് നൽകുന്നതിനുള്ള പാത്ര ങ്ങൾ, ഗ്ലാസ്സുകൾ, സിറാമിക് പാത്രങ്ങൾ എന്നിവ ഉൾപ്പെടുത്തിയാണ് പ്രോജക്ട് തുക വകയിരുത്തിയി ട്ടുള്ളത്. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റേയും കുടുംബശ്രീയുടേയും പൂർണ പിന്തുണ സഹായ ത്തോടെ ടേക്ക് എ ബ്രേക്ക് സംവിധാനവും ഹരിത മിത്ര യൂണിറ്റും മികച്ച നിലയിൽ പ്രവർത്തിച്ചു വരുന്നു.

**15**

## കുടുംബശ്രീ നേതൃത്വത്തിൽ പാഠപുസ്തക വിതരണം വേഗത്തിൽ

ജിജിൻ ഗംഗാധരൻ

കേരളം കോവിഡ് മഹാമാരിയിൽ മുങ്ങിക്കിടന്ന ആ കാലത്ത് പുറത്തിറങ്ങാൻ ഭയപ്പെട്ടിരുന്ന ജനങ്ങ ൾക്കിടയിൽനിന്ന് പാലക്കാട് ജില്ലയിലെ ഒരു കൂട്ടം കുടുംബശ്രീ വനിതകൾ ഏറ്റെടുത്ത ഒരു പ്രവർത്തന മാണ് ജില്ലയിലെ സ്കൂളുകളിലേക്കുള്ള പാഠപുസ്തക വിതരണം. സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകൾക്ക് പുസ്തകങ്ങൾ തരംതിരിച്ച് എത്തി ക്കുന്നത് കുടുംബശ്രീക്ക് കീഴിലുള്ള ഷൊർണൂർ ഗോഡൗണിലെ സ്ത്രീ തൊഴിലാളികളാണ്. പുസ്ത കങ്ങൾ KBPS നിന്നും പ്രധാന ഗോഡൗണായ

ഷൊർണൂരിൽ എത്തിച്ച് ക്ലാസുകൾ തരംതിരിച്ച് 12 അസി.എഡ്യൂക്കേഷണൽ ഓഫീസർമാരുടെ കീഴിലുള്ള 235 സൊസൈറ്റികളിലും പുസ്തകം ഇറക്കികൊടുക്കുന്നതും വനിതകളായ തൊളിലാളി കൾ തന്നെയാണ്.

പാഠപുസ്തകങ്ങൾ അച്ചടിച്ച് പല തവണകളായി KBPS ഹബ്ബുകളിൽ ഇറക്കുന്നതിനനുസരിച് സോർട്ട് ചെയ്ത് മൂന്നു വോള്യവും രണ്ടു മൂന്നു തവണകളായി ട്ടാണ് സൊസൈറ്റികളിൽ എത്തിക്കാറുള്ളത്. ഇത്തരം സന്ദർഭങ്ങളിൽ പല സൊസൈറ്റികളും ഹബ്ബിൽ നേരിട്ട് വന്നു പുസ്തകം കൈപ്പറ്റി സഹായിക്കാറുണ്ട്. ചില സാങ്കേതിക കാരണങ്ങളാൽ പുസ്തകം ഇറക്കു വാൻ രാത്രിയായ സാഹചര്യങ്ങളിൽ സൊസൈറ്റി അധികൃതർ കാത്തിരിക്കുകയും സഹകരിക്കുകയും ചെയ്യാറുണ്ട്. പാഠപുസ്തക വിതരണവുമായി ബന്ധ പ്പെട്ട എല്ലാ രേഖകളും ഹബ്ബിൽ ഫയൽ ചെയ്യുകയും ഒറിജിനൽ കോപ്പി കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ എത്തിക്കുകയും ചെയ്തുവരുന്നു.

2023-24 അദ്ധ്യയന വർഷം 38.52 ലക്ഷം പാഠപുസ്ത കങ്ങളാണ് വിതരണം ചെയ്തത്. 2024-25 അധ്യയന വർഷത്തിലെ ആദ്യ പാദത്തിലേക്കുള്ള മുഴുവൻ പുസ്തകങ്ങളും സ്കൂൾ തുറക്കുന്നതിന് മുൻപുത ന്നെ അതാത് സ്കൂളുകളിൽ എത്തിച്ച കുടുംബശ്രീ വനിതകൾ ഈ പ്രവർത്തനം തുടങ്ങിയിട്ട് 5 വർഷ മാകുന്നു. ആകെ 14 സ്ത്രീ തൊഴിലാളികളാണ് ഇവിടെയുള്ളത്. ഈ വർഷം 53 ലക്ഷത്തിൽപ്പരം പുസ്തകങ്ങളാണ് KBPS ൽ നിന്നും ഷൊർണൂരിലെ ഗോഡൗണുകളിൽ എത്തി ജില്ലയിലെ വിവിധ സ്കൂളി ലേക്ക് വിതരണം ചെയ്തത്

## 16

# കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത് ഹരിത കർമ്മസേന

ദിവ്യ കെ.

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്കിൽ ഉൾപ്പെട്ട കീഴാറ്റൂർ ഗ്രാമ പഞ്ചായത്തിൽ 9200 ഓളം വീടുകളിലായി 42000 ത്തോളം ജനസംഖ്യ ഉണ്ട്

2020 ജനുവരി മാസം മുതൽ വാർഡുകളിൽ നിന്ന് മാലിന്യ ശേഖരണം ആരംഭിച്ച ഹരിത കർമ്മസേ നയിലെ ഒരു അംഗത്തിന് ശരാശരി 25000 രൂപ പ്രതിമാസ വരുമാനം നേടുന്നു, പഞ്ചായത്തിലെ 90% ശതമാനം വീടുകളും ഹരിത കർമ്മ സേനയുമായി സഹകരിക്കുന്നു,

പഞ്ചായത്തിൽ ആകെ 19 വാർഡുകളാണ് ഉള്ളത്, 2023 നവംബർ മാസം മുതൽ എല്ലാ വാർഡുകളി ലും മാസംതോറും ഹരിത കർമ്മസേന വാതിൽപ്പടി സേവനം നടത്തിവരുന്നു. ആകെ 21 അംഗങ്ങളാണ് ഹരിത കർമ്മ സേനയിൽ. ഒരു വാർഡിൽ നിന്നും ശരാശരി 1600 കിലോ അജൈവ മാലിന്യങ്ങൾ ശേഖരിക്കപ്പെടുന്നു, വീടുകളിൽ നിന്ന് 50 രൂപയും കടകളിൽ നിന്നു 100 രൂപയും യൂസർ ഫീ ആയി വാങ്ങുന്നു

2024 വർഷത്തിൽ 6500 തൊഴിൽ ദിനങ്ങൾ ഹരിത കർമ്മ സേനയുടെ പ്രവർത്തന ഫലമായി

സൃഷ്ടിക്കപ്പെടുകയുണ്ടായി. ശരാശരി പ്രതിദിന വരുമാ നമായി 950 രൂപ യാണ് ഓരോ ഹരിത കർമ്മ സേനാം ഗത്തിനും ലഭിക്കുന്നത്.21 അംഗങ്ങളെ 2 പേർ വരുന്ന ടീമുകളാക്കി തിരിച്ചിട്ടുണ്ട് ഒരു ടീമിന് 2 വാർഡുകൾ എന്ന രീതിയിലാണ് ഫീൽഡ് കളക്ഷൻ നടത്തുന്നത്.

ഒരു വാർഡ് 5 ദിവസത്തിനുള്ളിൽ കളക്ഷൻ പൂർത്തീ കരിക്കും.വാർഡിൽ നിന്നും കൊണ്ടുവരുന്ന അജൈവ മാലിന്യങ്ങൾ തരം തിരിച്ച് മാസാവസാനം വിൽപ്പന നടത്തി ഓരോ അംഗങ്ങൾക്കും വാർഡ് കളക്ഷനിൽ നിന്നും കിട്ടുന്ന തുകയും വിൽപ്പന നടത്തിയ തൂക്ക ത്തിനനുസരിച്ചും വേതനം ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നത്, ഇതുവരെയായി 1811 ടൺ പുനരുപയോഗ യോഗ്യമല്ലാത്ത മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്കും സ്വകാര്യ ഏജൻസിക്കും കൂടി കൈമാറിയിട്ടുണ്ട്, ഇതു വരെ പാഴ് വസ്തു വില്പനയി ലൂടെ ലഭ്യമായ ആകെ വരുമാനം 2795156 രൂപയാണ്. ആകെ ഹരിത കർമ്മ സേന അംഗങ്ങൾക്ക് വിതരണം ചെയ്ത തുക 1,40,32,239 രൂപ ആണ്.

അജൈവ മാലിന്യ പരിപാലന രംഗത്ത് 2019 ആഗസ്റ്റ് മാസം മുതൽ ഹരിത സഹായ സ്ഥാപന മായ സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേ ഷന്റെ സഹായത്തോടെ നല്ല രീതിയിലുള്ള മുന്നേറ്റ മാണ് കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് നടത്തിയിരുന്നത്. നിലവിൽ പ്രവർത്തനം ഗ്രാമപഞ്ചായത്ത് നേതൃത്വ ത്തിൽ ആണ് നടന്നു വരുന്നത്. കീഴാറ്റൂർ ഗ്രാമപഞ്ചാ യത്തിനോട് ചേർന്ന് 41000 ച അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിലാണ് എം.സി.എഫ് പ്രവൃത്തിച്ചുവരുന്നത്

- വാർഡുകളിൽ നിന്നെത്തുന്ന അജൈവ മാലിന്യം തരംതിരിക്കുന്നതിനായി പ്രത്യേക സ്ഥലസൗക ര്യം ഒരുക്കിയിരിക്കുന്നു.
- തരംതിരിക്കലിനു ശേഷമുള്ള റിജക്റ്റ് മെറ്റീരി യൽസ് കണ്ടെയ്നർ ലോറിയിലേക്ക് കയറ്റുന്നതി നാവശ്യമായ സ്ഥലം പ്രത്യേകം ഒരുക്കിയിട്ടുണ്ട്.
- എം.സി.എഫിൽ സെഗ്രഗേഷൻ ടേബിൾ, ബൈലിംഗ് മെഷീൻ, ഫ്ലാറ്റ് ഫോം ട്രോളി, വെയിങ് മെഷീൻ എന്നിവ സജ്ജികരിച്ചിരി ക്കുന്നു.

- പ്യൂരിഫൈഡ് ഡ്രിങ്കിം വാട്ടർ, ഡ്രസിങ് റൂം, സ്ത്രീ സൗഹൃദ ടോയ്‌ലറ്റ് നടായ്‌ലറ്റ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.
- അഗ്നി സുരക്ഷാ സംവിധാനം, ഇലക്ട്രിസിറ്റി, സി.സി.ടി.വി.എന്നിവയും ഒരുക്കിയിട്ടുണ്ട്.
- എല്ലാ ഹരിത കർമ്മ സേന അംഗങ്ങൾക്കും അഗ്നി സുരക്ഷകയെപ്പറ്റി പരിശീലനം നൽകിയിട്ടുണ്ട്.
- യൂണിഫോം, ഐ.ഡി. കാർഡ്, ഗ്ലൗസ്, ഗംബൂട്ട് എന്നിവ നൽകിയിട്ടുണ്ട്

**17**

# KIBS (കുടുംബശ്രീ ഇനിഷ്യേറ്റീവ് ഫോർ ബിസിനസ്സ് സൊല്യൂഷൻസ്)

വിബിത ബാബു

കുടുംബശ്രീയുടെ നേതൃത്വത്തിൽ കൊച്ചി മെട്രോയിലെ ഫെസിലിറ്റി മാനേജ്മെന്റ് സേവനങ്ങൾ

### 40,000 അപേക്ഷകരിൽ നിന്ന് തെരഞ്ഞെടുപ്പ്

2017 ജൂൺ മുതൽ കുടുംബശ്രീ ഫെസിലിറ്റി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിലാണ് കൊച്ചി മെട്രോയുടെ ഫെസിലിറ്റി മാനേജ്മെന്റ് സേവനങ്ങൾ കൈകാര്യം ചെയ്യുന്നത്. എറണാകുളം ജില്ലയിലെ എല്ലാ കുടുംബശ്രീ CDS കളിലേക്കും ജോലിക്കായി നോട്ടിഫിക്കേഷൻ അയച്ചതോടെയാണ് നിയമനപ്രക്രിയ ആരംഭിച്ചത്. 40,000 ത്തോളം അപേക്ഷകർ ഇതിന് സമർപ്പണം നടത്തിയപ്പോൾ, എഴുത്തു പരീക്ഷയും അഭിമുഖവും നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയാണ് ഉദ്യോഗാർത്ഥികളെ നിയമിച്ചത്.

### വിവിധ തസ്തികകളിൽ നിയമനം

നിലവിൽ കൊച്ചി മെട്രോയിലെ ടിക്കറ്റിംഗ്, കസ്റ്റമർ ഫെസിലിറ്റേഷൻ, ഹൗസ്കീപ്പിങ്, കാൾ സെന്റർ, ഗാർഡനിങ് തുടങ്ങിയ സേവനങ്ങൾ കുടുംബശ്രീയുടെ നേതൃത്വത്തിലാണ് നടക്കുന്നത്. നിയമനം ലഭിച്ച എല്ലാ ജീവനക്കാർക്കും ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പായി മൂന്നു ദിവസത്തെ റെസിഡൻഷ്യൽ ട്രെയിനിങ് നൽകുകയും ചെയ്തു.

### വേതനവും സൗജന്യ സൗകര്യങ്ങളും

ജീവനക്കാരുടെ ക്ഷേമം മുൻനിർത്തി സെൻട്രൽ മിനിമം വേതനവും ESI, PF തുടങ്ങിയ സാങ്കേതിക ആനുകൂല്യങ്ങളും കുടുംബശ്രീ ഉറപ്പു വരുത്തുന്നു. കൂടാതെ, കൊച്ചി മെട്രോ അധികരിച്ച് അനുവദിച്ച വേതന വർധനവിന് അനുസരിച്ചുള്ള കൂട്ടുതുകയും വർഷംതോറും ജീവനക്കാർക്ക് ലഭ്യമാക്കുന്നു.

### ആലുവ മുതൽ തൃപ്പൂണിത്തുറ വരെ സേവനം

ആരംഭ ഘട്ടത്തിൽ ആലുവ മുതൽ പാലാരിവട്ടം വരെയുള്ള മെട്രോ സ്റ്റേഷനുകളിലും, കൊച്ചി മെട്രോയുടെ ഓപ്പറേഷൻസ് കൺട്രോൾ സെന്ററിലുമാണ് കുടുംബശ്രീ ജീവനക്കാരെ നിയമിച്ചത്. പിന്നീട് സ്റ്റേഷനുകൾ വർധിച്ചതിനനുസരിച്ച് ആലുവ മുതൽ തൃപ്പൂണിത്തുറ വരെയും സേവനം വ്യാപിപ്പിച്ചു.

### കൊച്ചി വാട്ടർ മെട്രോ

കൊച്ചി വാട്ടർ മെട്രോയ്ക്ക് പുതിയ സേവനങ്ങൾ; നിയമനം, പരിശീലനം എന്നിവയിലെ പുതിയ മാറ്റങ്ങൾ

2022-ൽ ആരംഭിച്ച കൊച്ചി വാട്ടർ മെട്രോയുടെ വിവിധ സെർവീസ് വിഭാഗങ്ങളിൽ നിയമനത്തിനായി, കോചിങ്, ഹൗസ് കീപ്പിംഗ്, ഗാർഡനിംഗ് തുടങ്ങിയ മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് പുതിയ നിയമനങ്ങൾ നൽകാൻ കൊച്ചി വാട്ടർ മെട്രോ 'കിബ്സ്' (കുടുംബശ്രീ ഇനിഷ്യേറ്റീവ് ഫോർ ബിസിനസ്സ് സൊല്യൂഷൻസ്) പോർട്ടൽ വഴി പ്രവർത്തനം ആരംഭിച്ചു.

ആദ്യഘട്ടത്തിൽ, കൊച്ചി വാട്ടർ മെട്രോയുടെ ഹൈക്കോർട്ട്, വൈപ്പിൻ, ബോൾഗാട്ടി തുടങ്ങിയ പ്രധാന ടെർമിനലുകളിലെത്തുള്ള നിയമനങ്ങൾക്കായി, ഇവിടെയുള്ള സമീപപ്രദേശങ്ങളിലേക്കുള്ള കൊച്ചി ഈസ്റ്റ്, സൗത്ത്, മുളവുകാട്, ഇളംകുന്നപ്പുഴ CDS കളിൽ നിന്നുള്ള ദൈനംദിന ആവശ്യങ്ങളുമായി ബന്ധപ്പെട്ട പാർട്ടീസുകൾക്ക് അപേക്ഷ ക്ഷണിച്ചിരുന്നു.

പങ്കെടുത്തവരിൽ നിന്നുള്ള അഭിമുഖങ്ങളിലൂടെ ഏറ്റവും യോഗ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്തു. തിരഞ്ഞെടുത്തവർക്ക് കൊച്ചി വാട്ടർ മെട്രോയിൽ OJT (On-the-Job Training) നൽകുകയും, തുടർന്ന് അവർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. പുതിയ നിയമനത്തിലുള്ള ജീവനക്കാർക്ക് സ്റ്റേറ്റ് മിനിമം വേജ്, ESI, PF എന്നിവയും ലഭ്യമാക്കുന്നതോടെ, കുടുംബശ്രീയുടെ മെക്കാനിസം വെട്ടിമാറ്റാതെ രക്ഷിതാക്കളായി പ്രവർത്തിക്കുന്നു.

ഇപ്പോൾ 9 ടെർമിനലുകളിലായി വിവിധ സേവനങ്ങൾ ഏർപ്പെടുത്തുന്ന കൊച്ചി വാട്ടർ മെട്രോ, പണിയെടുക്കുന്ന മേഖലകളുടെ വിജ്ഞാപനങ്ങളും അഭിമുഖങ്ങളും വ്യത്യസ്ത CDS കളിൽ നടത്തുകയും, പാരമ്പര്യ രൂപത്തിലൂടെ ആവശ്യമായ ഉദ്യോഗസ്ഥരെ തെരഞ്ഞെടുത്ത് തൊഴിലവസരങ്ങൾ ഒരുക്കുന്നു.

## 18

# 'കിത്താബ്'
# കുടുംബശ്രീ പുസ്തക വായന പ്രോത്സാഹന പരിപാടി

ഡോ. എം. സുർജിത്

കണ്ണൂർ ജില്ലയിലെ കുടുംബശ്രീ പ്രവർത്തനങ്ങളിലെ ഏറ്റവും മാതൃകാപരമായതും ഏറ്റവും വിജയം കൈവരിച്ചതുമായ ആശയങ്ങളിൽ ഒന്നാണ് കിത്താബ്. കുടുംബശ്രീയുടെ ഇരുപത്തിയഞ്ചാമത് വാർഷികത്തിൽ സ്ത്രീകളിലെയും കുട്ടികളിലെയും വായനാശീലം വളർത്താനും തുടർന്ന് സ്ത്രീകളുടെ സർഗാത്മക സൃഷ്ടികൾ പ്രസിദ്ധീകരിക്കാനും വഴിയൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് കിത്താബിന് തുടക്കം കുറിച്ചത്. ഇതിന്റെ ഭാഗമായി പ്രാദേശിക ഗ്രന്ഥാലയങ്ങളുമായി സഹകരിച്ച് കുടുംബശ്രീ ജില്ലാ മിഷന്റെയും എഡിഎസ് കളുടെയും നേതൃത്വത്തിൽ നടപ്പിലാക്കിയ ജനകീയ പദ്ധതിയാണ് കിത്താബ്.

കണ്ണൂർ ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട 100 എഡിസക്കളിലാണ് കിത്താബ് ആദ്യം തുടങ്ങിയത്. എഡിസുകളുടെ നേതൃത്വത്തിൽ ലൈബ്രറികളിൽ നിന്നും പുസ്തകങ്ങൾ ശേഖരിച്ച് ഞായറാഴ്ചകളിൽ അയൽകൂട്ടങ്ങളിൽ വിതരണം ചെയ്യുകയും തുടർന്ന് അടുത്ത അയൽക്കൂട്ടം വരെയുള്ള സമയവേളയിൽ അവർ പുസ്തകങ്ങൾ വായിക്കുകയും അടുത്ത അയൽക്കൂട്ടത്തിൽ വച്ച് വായിച്ച പുസ്തകങ്ങളെ പറ്റി പരസ്പരം സംസാരിക്കുകയും തങ്ങളുടെ സർഗ്ഗസൃഷ്ടികൾ അയൽക്കൂട്ട വേദികളിൽ അവതരിപ്പിക്കുകയും ചെയ്യും. തുടർന്ന് അടുത്ത ഘട്ടം എന്ന നിലയിൽ മറ്റൊരു പുസ്തകം ആയിരിക്കും അവർ വായിക്കുക.

ഇന്ന് ജില്ലയിൽ 200 ലധികം എഡിസുകളിൽ കിത്താബ് ആരംഭിക്കാൻ സാധിച്ചു. അങ്ങനെ കിതാബിന്റെ തുടർപ്രവർത്തനം എന്നോളം കഥകൾ വായിക്കാനും അത് നാലാൾക്ക് മുന്നിൽ അവതരിപ്പിക്കാനും കഴിയുന്നവരുടെ ഇടയിൽ നിന്നും കലാകാരന്മാരെ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ ജില്ലാ മിഷൻ എന്ന നേതൃത്വത്തിൽ വിജയകരമായി രചന ക്യാമ്പ് സംഘടിപ്പിക്കുകയും അതിൽ നിന്ന് വന്ന രചനകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. പയ്യന്നൂർ യമുനാതീരത്ത് വച്ച് നടന്ന ക്യാമ്പിൽ 90 വനിതകളാണ് പങ്കെടുത്തത്. രചനകൾ കണ്ണൂർ കുടുംബശ്രീയുടെ മുഖമാസികയായ നിശാഗന്ധിയിൽ ആണ് പ്രസിദ്ധീകരിച്ചത്.

## 19

# അമ്മക്കൂട്ടം കൃഷി വീട്

പി. ഷൈജ

അമ്മക്കൂട്ടം കൃഷി വീട് എന്ന സവിശേഷ പദ്ധതി യാഥാർത്ഥ്യമാക്കി ശ്രദ്ധേയമാവുകയായാണ് കൂത്തുപറമ്പ് നഗര സിഡിഎസ്. കുടുംബശ്രീ സംസ്ഥാന മിഷൻ ആവിഷ്കരിച്ച ചലനം മെന്റർഷിപ്പ് പ്രോഗ്രാമിന്റെ ഭാഗമായിട്ടാണ് നഗരസഭയുടെ 28 വാർഡുകളിലുമായി കുടുംബശ്രീ അയൽക്കൂട്ട നേതൃത്വത്തിൽ അമ്മക്കൂട്ടം കൃഷി വീട് എന്ന ആശയവും കാർഷിക പ്രവർത്തനങ്ങളും രൂപപ്പെടുത്തിയത്.

ഓരോ വാർഡിലും വിവിധ പ്രദേശങ്ങളിൽ ഔപചാരികതയൊന്നുമില്ലാതെ അമ്മക്കൂട്ടങ്ങൾ ഒത്തുചേരുകയും കൃഷി വീട് എന്ന ആശയം ചർച്ച ചെയ്യുകയുമായിരുന്നു. തുടർന്ന് ഓരോ വീടുകളുടെയും ചുറ്റുവട്ടത്തോ ടെറസ്സുകളിലോ ചെറിയ തോതിൽ കൃഷി ആരംഭിച്ചു. പ്രാദേശികമായി ഒത്തുചേരുന്ന അമ്മക്കൂട്ടങ്ങൾ പ്രത്യേക ഇടം കണ്ടെത്തി കൂട്ടായ കൃഷിക്കും തുടക്കമിട്ടു. കൃഷിഭവൻ സഹായത്തോടെ, മുഴുവൻ കൂട്ടങ്ങളിലേക്കും വിത്തുകൾ എത്തിച്ചു. പ്രാദേശികമായി കൃഷി ചെയ്യുന്ന കർഷകരിൽ നിന്നും വിത്തുകൾ ശേഖരിച്ച് പരസ്പരം കൈമാറുന്ന മാതൃകാപരമായ ഇടപെടലും അയൽക്കൂട്ടങ്ങൾ നടത്തി. കാർഷിക അനുഭവമുള്ളവരുടെ കൂടെ ചേർന്ന് കൃഷി രീതികൾ മനസ്സിലാക്കുന്നതിനും ഏറ്റവും ഗുണമേന്മയുള്ള വിത്തിനങ്ങൾ ശേഖരിക്കുന്നതിനും അവർ പരിശ്രമിച്ചു. ഗാർഹിക ആവശ്യത്തിനും വിൽപ്പനയ്ക്കും ഉതകും വിധം വളരെ വിപുലമായ രീതിയിൽ കൃഷി ചെയ്യവരും ഓരോ വാർഡിലും ഉണ്ട്. കുടുംബശ്രീ സിഡിഎസ് നേതൃത്വത്തിൽ ഉപസമിതി അംഗങ്ങൾ പ്രാദേശികമായി ഒത്തുചേരുന്ന അമ്മമാരുടെ കൂട്ടങ്ങളിലേക്ക് നേരിട്ട് ചെല്ലുകയും അനുഭവങ്ങൾ പങ്കിടുകയും ചെയ്യുന്നു. കുത്തുപറമ്പ് കൃഷി ഓഫീസർ വാർഡുകളിൽ നേരിട്ടെത്തി കൃഷിയറിവുകൾ പകർന്നു നൽകുന്നതും അംഗങ്ങൾക്ക് സവിശേഷ അനുഭവങ്ങൾ സമ്മാനിക്കുന്നു. ഓരോ വാർഡിലും നഗരസഭ കൗൺസിലർമാരുടെ പിന്തുണയും പ്രോത്സാഹനവും

അമ്മക്കൂട്ടങ്ങൾക്ക് ലഭിക്കുന്നുണ്ട്. നിലവിൽ കൃഷി ചെയ്യുന്ന ചെറുതും വലുതുമായ അമ്മക്കൂട്ടങ്ങളെ സി ഡി എസ് അടിസ്ഥാനത്തിൽ പ്രത്യേകം രജിസ്റ്റർ ചെയ്തു ഉപജീവന ഉപസമിതി നേതൃത്വത്തിൽ തുടർപിന്തുണ ഉറപ്പാക്കാനുള്ള നടപടികളും ആവിഷ്കരിച്ചിട്ടുണ്ട്.

കാർഷിക പ്രവർത്തനങ്ങളോടൊപ്പം അമ്മമാർ കൃഷിയിടങ്ങളിൽ ഒത്തുചേർന്ന് കളിചിരി വർത്തമാനങ്ങളിലേർപ്പെട്ടും, നാടൻ പാട്ടുകൾ പാടിയും, നാട്ടറിവുകൾ പങ്കുവെച്ചും നവ്യാനുഭവങ്ങളുടെ ഒരു രസക്കൂടൊരുക്കുന്നതും ശ്രദ്ധേയമാണ്. ജീവിതത്തിന്റെ സായന്തനത്തിൽ സ്വാഭാവികമായി വന്ന് ചേരുന്ന ഒറ്റപ്പെടലിൽ നിന്നും മാനസിക പിരിമുറുക്കങ്ങളിൽ നിന്നും മോചനം നേടുന്നതിനും സന്തോഷവും ആശ്വാസവും കണ്ടെത്തുന്നതിനും അമ്മക്കൂട്ടങ്ങൾ വഴിയൊരുക്കുന്നു എന്നതും പദ്ധതിയുടെ സാമൂഹ്യ പ്രാധാന്യം വർധിപ്പിക്കുന്നു.

കാർഷിക വിളകൾക്ക് പ്രാദേശികമായും നഗരസഭാതലത്തിലും പ്രത്യേക വിപണിയൊരുക്കുന്നുണ്ട്. കൃഷിയിടങ്ങളിൽ നിന്നു തന്നെ നേരിട്ട് വിളകൾ വാങ്ങുന്നതിനും ആവശ്യക്കാർ എത്തുന്നുണ്ട്. വിളകൾക്ക് നാട്ടു ചന്ത എന്ന വാട്സ് ആപ്പ് ഗ്രൂപ്പിലൂടെ വിപണന പിന്തുണയൊരുക്കുന്നു. ഉപജീവന ഉപസമിതി കൺവീനർമാരുടെ നേതൃത്വത്തിൽ അമ്മക്കൂട്ടങ്ങളിൽ കാർഷിക അനുഭവങ്ങൾ പങ്കുവെക്കുന്നതിനും വളം ലഭ്യമാക്കുന്നതിനും പിന്തുണ ഉറപ്പാക്കുന്നു. വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക കൃഷിയറിവ് ക്ലാസ്സുകൾ നൽകുന്നു. മികച്ച അമ്മക്കൂട്ടങ്ങൾക്ക് സി.ഡി.എസ്. പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നു. കുത്തുപറമ്പ് നഗരസഭ ചലനം മെന്റർഷിപ്പ് പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് അമ്മക്കൂട്ടവും കൃഷിവീടും യാഥാർത്ഥ്യമാക്കുന്നത്.

കൃഷി അതിജീവനത്തിനുള്ള ഒരു വലിയ വഴിയാണ്. അമ്മക്കൂട്ടം ആ പേര് സൂചിപ്പിക്കുന്നതുപോലെ നാട്ടു നന്മയുടെ വഴിവിളക്കാകുന്ന കൂട്ടായ്മയായി തീരുകയാണ്. ഒരു വിപണി കണ്ടെത്തി വരുമാനം ഉണ്ടാക്കുക എന്നതിലുപരി സ്വന്തം വീടും നാടും സുരക്ഷിത ഭക്ഷണം ശീലമാക്കുന്ന ഒരു പുതിയ കാലത്തേയാണ് അമ്മക്കൂട്ടം ലക്ഷ്യമിടുന്നത്.

ഹരിത ഭവനങ്ങൾ എന്ന നിലയിൽ ഓരോ പുരയിടങ്ങളും രൂപാന്തരപ്പെടുത്തി ശുചിത്വപൂർണ്ണമായ നാടും നഗരവും യാഥാർത്ഥ്യമാക്കുക എന്ന വലിയ ദൗത്യത്തിലേക്കുള്ള ചുവടുവെപ്പു കൂടിയാണ് അമ്മക്കൂട്ടങ്ങളും കൃഷി വീടുമെന്ന ആശയത്തിന്റെ അടിസ്ഥാന തലമെന്നത് എടുത്തു പറയേണ്ടിയിരിക്കുന്നു. കുടുംബശ്രീ സിഡിഎസ് നേതൃത്വത്തിൽ എല്ലാ വാർഡുകളിലും നടന്ന ശുചീകരണ പ്രവർത്തനങ്ങളുടെ തുടർച്ച എന്നോണമാണ് കാർഷിക വിളകളും ചെടികളും നട്ടു പിടിപ്പിച്ച് പച്ചപ്പ് നിറഞ്ഞ, ആരോഗ്യ സമ്പുഷ്ടമായ പുരയിടങ്ങൾ ഹരിത ഭവനങ്ങൾ എന്ന നിലയിൽ രൂപാന്തരപ്പെടുത്തണമെന്ന് കൂത്തു പറമ്പ് സി.ഡി.എസ് നിശ്ചയിച്ചത്. ആ പ്രവർത്തനങ്ങളുടെ തുടർച്ചയായിട്ടാണ് അമ്മക്കൂട്ടം കൃഷി വീട് എന്ന പദ്ധതിയും ആരംഭിച്ചത്. ഓരോ വാർഡിൽ നിന്നും ലഭ്യമാകുന്ന പച്ചക്കറികളും ഗ്രാമീണ വിഭവങ്ങളും ഉൾപ്പെടുത്തി പ്രാദേശിക ചന്തകളും നഗരം കേന്ദ്രീകരിച്ച് നാട്ടുചന്തയും നടത്തുന്നതിനുള്ള പ്രവർത്തനവും പദ്ധതിയിലുണ്ട്. വളരെ ഊർജ്ജസ്വലമായിട്ടാണ് ഓരോ അയൽക്കൂട്ടങ്ങളും അമ്മക്കൂട്ടമെന്ന ആശയത്തെ സ്വീകരിക്കുന്നത്. ഭാവിയിൽ കാർഷിക വിളകളിൽ നിന്ന് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന സംരംഭ യൂണിറ്റുകളും വ്യവസായ വകുപ്പിന്റെ പിന്തുണയോടെ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് സി.ഡി.എസ് പ്രതീക്ഷിക്കുന്നു. പ്രാഥമിക ഘട്ടത്തിൽ സാമ്പത്തിക പിന്തുണ ഉറപ്പാക്കുന്നതിന് പ്രയാസമുണ്ടെങ്കിലും അടുത്തഘട്ടം ഓരോ വാർഡിനും പ്രത്യേക സാമ്പത്തിക പിന്തുണ ഉറപ്പാക്കുന്ന പദ്ധതികൾ രൂപപ്പെടുത്തി അംഗീകാരം നേടിയെടുക്കാൻ പിന്തുണ നൽകുമെന്നും നാളിതുവരെ നടന്ന പ്രവർത്തനങ്ങളിലെ സവിശേഷ മാതൃകയായി അമ്മകൂട്ടവും കൃഷി വീടും മാറുകയാണ്.

കുടുംബശ്രീ സിഡിഎസ് നേതൃത്വത്തിൽ ഒരു തുടർ പ്രവർത്തനം എന്ന നിലയിൽ അമ്മക്കൂട്ടം കൃഷി വീടിനെ രൂപപ്പെടുത്തുന്നതിനാണ് പരിശ്രമിക്കുന്നത്. നഗരസഭ നൽകുന്ന നിസ്തുലമായ പിന്തുണയും സഹായ സഹകരണങ്ങളും കുടുംബശ്രീ സംഘടനാ സംവിധാനത്തിന് ഏറെ ആവേശം പകരുന്നുമുണ്ട്.

**20**

## ടെക്നോ വേൾഡ് ഐ ടി യൂണിറ്റ്

വിജയ കെ.

കോഴിക്കോട് കോർപ്പറേഷൻ കുടുംബശ്രീയുടെ കീഴിൽ 18/03/2004 ന് അഭ്യസ്തവിദ്യരായ, ബി പി എൽ ഫാമിലിയിൽപെട്ട 10 വനിതകൾ ചേർന്നാണ് ടെക്നോവേൾഡ് തേർഡ് ഐടി യൂണിറ്റ് ആരംഭിച്ചത്. കോഴിക്കോട് കോർപ്പറേഷനിലെ വിവിധ എസ് എച്ച് ജിയിൽപ്പെട്ട മെമ്പർമാരായ ടീം അംഗങ്ങൾക്ക് കുടുംബശ്രീ ഐ ടി മുഖേനയാണ് കമ്പ്യൂട്ടർ ട്രയിനിംങ് ലഭിച്ചത്. ധനലക്ഷമി ബാങ്കിൽ നിന്നും 3,15,000 രൂപ ലോൺ എടുത്തായിരുന്നു യൂണിറ്റ് ആരംഭിച്ചത്.

2005 ലെ ഇലക്ഷൻ വന്നതോടെ ഈ യൂണിറ്റ് പ്രിന്റിംഗ് വർക്കുകളും ഏറ്റെടുത്തു തുടങ്ങി. വിവിധ സർക്കാർ ഓഫീസുകളിലെ കമ്പ്യൂട്ടറൈസേഷൻ വർക്കുകൾ

(ആർടിഒ, എസ് ആർ ഒ, ഇലക്ഷൻ സാനിറ്റേഷൻ, സ്റ്റാറ്റിസ്റ്റിക്സ്, ലാൻഡ് റെക്കോഡ്സ്, റേഷൻ കാർഡ്, ജനനമരണ വിവാഹ രജിസ്ട്രേഷൻ, നോർക്ക, വെൽഫയർ ബോർഡ്, സോഷ്യോ ഇക്കണോമിക്സ് കാസ്റ്റ് സെൻസസ് സർവ്വേ ആന്റ് ഡാറ്റ എൻട്രി) സമയ ബന്ധിതമായി ഏറ്റെടുത്ത് പൂർത്തിയാക്കി.

2008 ൽ വിവിധ ആശുപത്രികളിൽ ജനന മരണ രജിസ്ട്രേഷൻ കൌണ്ടറുകൾ ആരംഭിക്കുകയും 10 വനിതകൾക്ക് ജോലി കൊടുക്കാനും സാധിച്ചു. 2014 ൽ കോഴിക്കോട് കോർപ്പറേഷൻ ഓഫീസിൽ വരുന്ന പൊതുജനങ്ങൾക്ക് മിതമായ ഫീസ് ഈടാക്കി ആവശ്യമായ സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ കോർപ്പറേഷൻ കിയോസ്ക് ആരംഭിച്ചു. ഇതിലൂടെ 85 വനിതകൾക്ക് സ്ഥിരമായ വരുമാനം ഉറപ്പാക്കി.

2016 ൽആർ ടി ഒ യുടെ കീഴിൽ എം വി ഡി ഇ സേവ കേന്ദ്രം ആരംഭിച്ചു. ഇതിലൂടെ വാഹന സംബന്ധമായ എല്ലാ സേവനങ്ങളും ഇടനിലക്കാരില്ലാതെ കുറഞ്ഞ നിരക്കിൽ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനോടൊപ്പം 4 വനിതകൾക്ക് സ്ഥിരവരുമാവും ഉണ്ടാക്കാനും സാധിച്ചു. 2021 ൽ പ്രിന്റിംഗ് പ്രസ്സ് വിപുലീകരിച്ച് കൂടുതൽ പ്രിന്റിംഗ് ജോലികൾ ഏറ്റെടുത്ത് ചെയ്തു തുടങ്ങി.

2019ൽ ടെക്നോവേൾഡ് ട്രെയിനിംഗ് സെന്റർ എന്ന സ്ഥാപനം തുടങ്ങുകയും ട്രെയിനിംഗ് അഫിലിയേഷൻ ലഭിക്കുകയും ചെയ്തു. ഇതിലൂടെ ഡി ഡി യു ജി കെ വൈ, യുവകേരളം എന്നീ പ്രൊജക്ടുകളിലായി എസ് സി എസ് ടി, മൈനോറിറ്റി വിഭാഗങ്ങൾക്ക് മുൻഗണന നൽകി 270 പേർക്ക് സ്കിൽ ട്രെയിനിംഗ് നൽകാനും ജോലിയിലേക്ക് പ്രവേശിപ്പിക്കാനും സാധിച്ചു. എറൈസ് പ്രൊജക്ടിന്റെ കീഴിൽ 172 വനിതകൾക്ക് ഡാറ്റാ എൻട്രി കോഴ്സ് നൽകുകയും 80 പേർക്ക് താത്ക്കാലിക ജോലിയും നൽകി.

2024 ൽ പ്ലാൻ ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചു. ഇതിലൂടെ കുറഞ്ഞ ബഡ്ജറ്റിൽ ഉള്ള വീടുകൾക്ക് പ്രത്യേകമായി പി എം എ വൈ ഉപഭോക്താക്കൾക്ക് കുറഞ്ഞ ചിലവിൽ പ്ലാൻ തയ്യാറാക്കുന്നതിന് സാധിക്കുന്നു.

10 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളുമായി തുടങ്ങിയ യൂണിറ്റിൽ ഇന്ന് അൻപത് ലക്ഷത്തോളം വരുന്ന ആസ്തിയുണ്ട്. കൂടാതെ 70 വനിതകൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കുവാനും സാധിക്കുന്നു. 1500 ത്തിലധികം പേർക്ക് താത്ക്കാലിക ജോലി കൊടുക്കുവാനും സാധിച്ചു.

2004 ൽ മൂന്നര ലക്ഷം രൂപ ടേൺ ഓവർ ആയി ആരംഭിച്ച യൂണിറ്റ് 2024 ൽ 14457458/ രൂപ ടേൺഓവർ ഉള്ള യൂണിറ്റ് ആയി വളർന്നു. നിലവിൽ 20 ലക്ഷത്തിന്റെ എം എസ് എം ഇ ലോൺ ഉണ്ട്. യൂണിറ്റ് വളരെ നല്ല രീതിയിൽ മുന്നോട്ട് പോവുന്നു. 2010 ൽ കോഴിക്കോട് കുടുംബശ്രീ ജില്ലാ മിഷന്റെ നല്ല യൂണിറ്റിനുള്ള അവാർഡ് ലഭിച്ചു. 2023 ൽ മഴവിൽ മനോരമ പെൺതാരം അവാർഡ് ലഭിച്ചു. 2024 ൽ എൻ യു എൽ എം നാഷണൽ അവാർഡ് ലഭിച്ചു. 2025 ൽ കേരളവിഷൻ കോഴിക്കോട് ജില്ല അവാർഡ് ലഭിച്ചു.

## 21

# പഞ്ചായത്തിരാജ് സംവിധാനവും സ്ത്രീ കൂട്ടായ്മകളും സംയോജന പ്രവർത്തനങ്ങൾ ഇതര സംസ്ഥാനങ്ങളിൽ

വികസനത്തിനും വികേന്ദ്രികാസൂത്രണത്തിനും കേരളാ മാതൃക ഏറെ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങൾക്ക് ഇവ മാതൃകയായി പറയുമ്പോൾ കുടുംബശ്രീ സംവിധാനമാണ് ദേശിയ ഗ്രാമീണ മന്ത്രാലയം പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് തെരെഞ്ഞടുത്തത്. സ്ത്രീ കൂട്ടയ്മകൾ പ്രാദേശിക സർക്കാരുകളുമായി ചേർന്ന് പ്രവർത്തിക്കേണ്ടതിന്റെ അനിവാര്യത മനസ്സിലാക്കി ഇത് മറ്റു സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള പിന്തുണ നല്കുന്നതിനു കുടുംബശ്രീയെ തെരെഞ്ഞുടുക്കകയും 2013 മുതൽ 2023 വരെ പൈലറ്റടിസ്ഥാനത്തിൽ നടത്തുകയും ചെയ്തു.

കേരളത്തിലെ കുടുംബശ്രീ പ്രസ്ഥാനം രൂപകൽപന ചെയ്തത് മുതൽ തദ്ദേശ ഭരണ സ്ഥാപങ്ങളുമായി പ്രവർത്തിച്ച ആദ്യകാല സിഡിഎസ് ചെയർപേഴ്സൺമാർ, ട്രെയിനിങ് ഗ്രൂപ്പ് അംഗങ്ങൾ തുടങ്ങിയവരാണ് ഇതര സംസ്ഥാനങ്ങളിൽ ഈ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. രാജ്യത്തെ 15 സംസ്ഥാനങ്ങളിലായി അവിടുത്തെ പ്രാദേശിക സർക്കാരുകളുടെ ഘടന രീതി (തദ്ദേശഭരണ സംവിധാനം, പെസ (PESA ), Schedule V, Schedule VI, തുടങ്ങി വിവിധ സർക്കാർ സംവിധാനങ്ങൾ) എന്നിവ മനസ്സിലാക്കി ഇവിടുത്തെ സ്വയം സഹായ സംഘങ്ങളെ ശക്തിപ്പെടുത്തുകയാണ് ഇവർ ചെയ്തു വരുന്നത്. ഇതിനായി സ്വയം സഹായ സംഘങ്ങളിലെ സജീവ വനിതകളെ മെന്റർമാർ, ഇന്റേണൽ മെന്റർമാർ ആയി തെരെഞ്ഞെടുക്കുകയും പരിശീലനം നൽകി പ്രവർത്തിക്കാൻ സഹായം നൽകുകയുമാണ് ചെയ്യുന്നത്.

തൊഴിലുറപ്പ്, വിവിധ സർക്കാർ സ്കീമുകൾക്ക് ആവശ്യമായ ഗുണഭോക്താക്കളെ കണ്ടെത്തൽ, ഗ്രാമസഭക

ളിൽ പങ്കാളിത്തം ഉറപ്പാക്കൽ, സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടൽ നടത്തുന്നതിനാവശ്യമായ സഹായം നൽകൽ, ഉപജീവന പ്രവർത്തങ്ങൾക്കുള്ള സഹായം തുടങ്ങിയ മേഖലകളിൽ മെന്റർമാർ, വനിതകൾ എന്നിവർക്കാവശ്യമായ പിന്തുണ നൽകുകയും അത് വഴി അവരുടെ അവകാശങ്ങൾ, ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് പ്രാപ്തരാക്കുകയുമാണ് നമ്മൾ ചെയ്യുന്നത്. ഇതിനു പുറമെ സിറ്റിസൺ കമ്മിറ്റിസ്, പ്രവർത്തന (functional) കമ്മിറ്റിസ് എന്നിവയിൽ ഇവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും അജണ്ടകൾ വെയ്ക്കുകയും ചർച്ചകൾ നടത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സജ്ജരാക്കുകയും ചെയ്യുന്നു.

കേരളത്തിൽ നിന്നും പഞ്ചായത്തിരാജ് സംവിധാനവും സ്ത്രീ കൂട്ടായ്മകളും സംയോജന പ്രവർത്തന പദ്ധതിയിൽ നിലവിൽ 46 മെന്റർമാരും, ഉപജീവന വികസനത്തിൽ 150 മെന്റർമാരും പ്രവർത്തിക്കുന്നുണ്ട്. ഈ മാതൃകയുടെ പ്രയോജന മനസ്സിലാക്കി 2023 മുതൽ പൈലറ്റടിസ്ഥാനത്തിൽ നിന്നും സംസ്ഥാനം മുഴുവനും നടത്തുന്നതിനുള്ള നിർദ്ദേശം ഗ്രാമീണ മന്ത്രാലയം നൽകിയിട്ടുണ്ട്. ജനകീയാസൂത്രണം, പദ്ധതി തയ്യാറാക്കുന്നതിൽ കമ്മ്യൂണിറ്റിയുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് വില്ലേജ് പ്രോസ്പെരിറ്റി റേസിലിൻസ് പ്ലാൻ (VPRP ) അത് ഗ്രാമ പഞ്ചായത്ത് ഡെവലപ്മെന്റ് പ്ലാനുമായി സംയോജനം തുടങ്ങിയതെല്ലാം ഈ പ്രവർത്തങ്ങളുടെ തുടർച്ചയാണ് എന്നത് ഏറെ ശ്രേധേയമാണ്.

## 22

# കുട്ടീസ് ബാൻഡ് - ബാലസഭാ ബാൻഡ്

അജിതാ ഷാജി

ബാലസഭയ്ക്ക് സ്വന്തമായി ഒരു മ്യൂസിക് ബാൻഡ് എന്നത് കുടുംബശ്രീ എറണാകുളം ജില്ലാമിഷന്റെ ഒരു സ്വപ്ന പദ്ധതിയായിരുന്നു. കുട്ടികളിലെ സർഗ്ഗാത്മക കഴിവുകൾ വർധിപ്പിക്കുന്നതിലൂടെ അവരുടെ ഭാവി ജീവിതത്തിന് കൂടി ഗുണകരമാകുന്ന രീതിയിലുള്ള വ്യക്തിത്വ വികസനം സാധ്യമാക്കുന്നു എന്ന തിരിച്ചറിവ് ഇത്തരം ഒരു ബ്രഹത് പദ്ധതിയുമായി മുന്നോട്ട് പോകുന്നതിനു പ്രചോദനം നൽകി. ബാലസഭയിൽ അംഗങ്ങളായ സംഗീതാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുക എന്നതായിരുന്നു മ്യൂസിക് ബാൻഡ് രൂപകരണത്തിന്റെ ആദ്യപടി.

ജില്ലയിലെ 7 വീതം ബ്ലോക്കുകളെ ഓരോ ക്ലസ്റ്ററുകളായി തിരിച്ച് വെങ്ങോല സമൃദ്ധി ഗ്രാമം, എടത്തല ശാന്തിഗിരി ആശ്രമം എന്നിവിടങ്ങളിലായി മ്യൂസിക് ടാലെന്റ് ഹണ്ട് സംഘടിപ്പിക്കയുണ്ടായി. ജില്ലയിലെ 102 CDS കളിൽ നിന്നായി ഇരുന്നൂറോളം ബാലാസഭ കൂട്ടുകാർ ഈ ഓഡിഷനിൽ പങ്കെടുക്കുകയുണ്ടായി. ഓരോരുത്തരുടെയും പ്രകടനങ്ങൾ ഒന്നിനൊന്നു മികച്ചതായിരുന്നു. പല കുട്ടികൾക്കും സംഗീത അഭിരുചിയുണ്ടെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് കൃത്യമായ പരിശീലനം നേടാൻ സാധിക്കുന്നില്ല എന്നതും ഒരു തിരിച്ചറിവായിരുന്നു. അത്തരം 45 കുട്ടികൾ കൂടി ഉൾപ്പെട്ട ഒരു അന്തിമ ലിസ്റ്റ് ലഭിച്ചതു പ്രകാരം മികച്ച ഓർക്കസ്ട്ര ടീമിനെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് സംഗീത വിദഗ്ധരുടെ നേതൃത്വത്തിൽ 3 ദിവസം നീണ്ടുനിന്ന സഹവാസ മ്യൂസിക് വർക്ക്ഷോപ്പ് എടത്തല ശാന്തിഗിരി ആശ്രമത്തിൽ വച്ച് സംഘടിപ്പിച്ചു. ഈ വർക്ഷോപ്പ് കുട്ടികളിലെ സംഗീത അഭിരുചിയെ ത്രസിപ്പിക്കുന്നതോടൊപ്പം അവരിൽ വ്യക്തിത്വ വികസനം സാധ്യമാക്കുന്നതിനും ആത്മവിശ്വാസം വളർത്തിയെടുക്കുന്നതിനും പര്യാപ്തമായിരുന്നു. ഇതിൽ നിന്നും ലഭിച്ച 42 മികച്ച സംഗീത പ്രതിഭകളായിരുന്നു എറണാകുളം കുടുംബശ്രീ ബാലസഭ മ്യൂസിക് ബാൻഡിന്റെ അമരക്കാരായത്. തുടർന്ന് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ വച്ച് കുട്ടികൾക്ക് വിദഗ്ധ സംഗീത അധ്യാപകരുടെ നേതൃത്വത്തിൽ അഞ്ചോളം ദ്വിദിന സഹവാസ സംഗീത പരിശീലനങ്ങൾ സംഘടിപ്പിച്ചു. ഇത്രയും കുട്ടികളെ ഒരുമിച്ച് ഒരു സ്ഥലത്ത് എത്തിച്ചു പരിശീലനങ്ങൾ കൊടുക്കുക എന്നത് അത്യധികം ശ്രമകരമായിരുന്നു. ബാലസഭ മ്യൂസിക് ബാന്റിന് ഒരു പേര് നിർദ്ദേശിക്കുന്നതും ആയി ബന്ധപ്പെട്ട് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പരസ്യം നൽകുകയും നിരവധി നിർദ്ദേശങ്ങൾ ലഭിക്കയും അതിൽ നിന്നും ഏറ്റവും ലളിതവും നമ്മുടെ ബാലസഭ കുട്ടിപ്പാട്ടുകാരുടെ മ്യൂസിക് ബാന്റിന് അനിയോജ്യമായതുമായ പേര് തെരെഞ്ഞെടുക്കുകയും ചെയ്തു. ബാലസഭ മ്യൂസിക് ബാൻഡ് അതിന്റെ ആദ്യ പരിപാടി അവതരിപ്പിക്കുന്നതും ബാൻഡിന്റെ ഔപചാരികമായ ഉൽഘാടനം നിർവഹിക്കപ്പെടുന്നതും എറണാകുളം കുടുംബശ്രീ ജില്ലാമിഷൻ ആതിഥേയത്വം വഹിച്ച സരസ് എന്ന മഹാമേളയിലാണ്. അങ്ങനെ 2024 ലെ പുതുവർഷരാവിൽ സരസിന്റെ വേദിയിൽ കുടുംബശ്രീക്ക് എന്നും അഭിമാനിക്കുവാൻ കഴിയുന്ന ബാലസഭ കുട്ടിപ്പാട്ടുകാരുടെ കുട്ടീസ് ബാൻഡിനു കുടുംബശ്രീ യുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ആയിരുന്ന ശ്രീ ജാഫർ മാലിക് ഐ എ എസ് തിരിതെളിയിച്ചു. സരസിന്റ വേദിയെയും സദസ്സിനെയും ഇളക്കിമറിച്ച പ്രകടനമായിരുന്നു ഉൽഘാടനം ദിവസം തന്നെ അരങ്ങേറിയത്. തുടർന്ന് നിരവധി സ്റ്റേജുകളിലാണ് കുട്ടീസ് ബാൻഡ് അവരുടെ പ്രകടനങ്ങൾ കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. പത്തനംതിട്ടയിൽ

വച്ച് നടന്ന K4 കെയർ ഉദ്ഘാടന വേദി, കൊല്ലത്ത് നടന്ന തദ്ദേശ ദിനാഘോഷ വേദി, എറണാകുളം സെന്റ് ആൽബർട്സ് സ്കൂളിൽ വച്ച് നടന്ന ജിംഗിൾ ബെൽസ് വേദി, കുടുംബശ്രീ ബാലസഭ അന്താരാഷ്ട്ര ശുചിത്വ ഉച്ചകോടി, ചെങ്ങന്നൂർ ദേശീയ സരസ്മേള, തുടങ്ങി നിരവധി അനവധി വേദികളിൽ ഇതിനോടകം കഴിവ് തെളിയിച്ചു കഴിഞ്ഞു. ഓരോ സ്റ്റേജുകൾ പിന്നിടുമ്പോഴും കുട്ടീസ് ബാൻഡ് കൂടുതൽ കൂടുതൽ മികച്ച രീതിയിലേക്ക് ഉയർന്നു കൊണ്ടിരിക്കുകയാണ്.

**23**

## പട്ടികവർഗ്ഗ മേഖലയിലെ കുടുംബശ്രീ ഇടപെടലുകൾ-മറയൂർ

സിനി പി.

മറയൂരിലെ പട്ടികവർഗ വിദ്യാർത്ഥികൾക്ക് മികച്ച തൊഴിൽ ലഭിക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ ഇടുക്കി ജില്ലാ മിഷൻ, ഇടുക്കി ജില്ലാ ഭരണകൂടം, പട്ടികവർഗ വികസന വകുപ്പ് എന്നിവയുമായി സഹകരിച്ച് സംഘടിപ്പിച്ച ഗുരുകുലം 2017 പരിപാടി കുടുംബശ്രീയെ ഈ മേഖലയിൽ കൂടുതൽ കാര്യങ്ങൾ ചെയ്യാനുണ്ട് എന്ന് തിരിച്ചറിയിപ്പിച്ചു.

ഒരു റെസിഡൻഷ്യൽ പരിശീലന പരിപാടിയായിരുന്നു ഗുരുകുലം 2017. 2017 മെയ്-ജൂൺ മാസങ്ങളിൽ ഇടുക്കിയിലെ മറയൂരിൽ പരിശീലന പരിപാടി നടത്തി. ഇന്ത്യയിൽ ആദ്യമായാണ് ഒരു പ്രത്യേക വിഭാഗത്തിനായി രണ്ട് മാസത്തെ റെസിഡൻഷ്യൽ പ്രോഗ്രാം സംഘടിപ്പിച്ചത്. ഗുരുകുലം റെസിഡൻഷ്യൽ പരിശീലന പരിപാടിയിൽ ആകെ 150 പേർ പങ്കെടുത്തു, അതിൽ 18 പേർ ലോവർ ഡിവിഷൻ ക്ലർക്ക് (എൽഡിസി) ടെസ്റ്റിന് യോഗ്യത നേടി, 17 പേർ ലാസ്റ്റ് ഗ്രേഡ് സർവീസ് (എൽജിഎസ്) ടെസ്റ്റിന് യോഗ്യത നേടി.

കുടുംബശ്രീ ജില്ല മിഷൻ കീഴിൽ മറയൂർ കാന്തല്ലൂർ ഗ്രാമപഞ്ചായത്തുകളിലെ തദ്ദേശീയ ജനതയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ സഹായത്തോടെ ട്രൈബൽ സ്പെഷ്യൽ പ്രൊജക്ട് പ്രവർത്തനങ്ങൾ 2019-20 ൽ ആരംഭിച്ചു. മറയൂർ, കാന്തല്ലൂർ പഞ്ചായത്തുകളിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി മറയൂർ പത്തടിപാലത്ത് ഓഫീസ് ആരംഭിച്ചുഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി വിവിധ ഉന്നതികളിൽ നിന്ന് 15 ആനിമേറ്റർമാരെ തീരഞ്ഞെടുത്തു ഉന്നതി തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് ചുമതല നൽകി.

മറയൂർ CDS കീഴിൽ 66 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. 66 അയൽക്കൂട്ടങ്ങളിലായി 1055 അംഗങ്ങളാണുള്ളത്. അയൽക്കൂട്ടങ്ങളുടെ ഉപജീവന മാർഗ്ഗം ലക്ഷ്യമാക്കി വ്യക്തിഗതമായും ഗ്രൂപ്പായും വിവിധ സംരംഭങ്ങൾ ആരംഭിച്ചു പ്രവർത്തിച്ചു വരുന്നു. ആട് വളർത്തലിൽ 124, പുൽതൈലം 69, 4 തയ്യൽ യൂണിറ്റുകൾ, 71 കാർഷിക ഗ്രൂപ്പുകൾ എന്നിങ്ങനെ വിവിധ മേഖലകിൽ കുടുംബശ്രീ സാനിധ്യമറിയിച്ചു.

ഉന്നതികളിലെ വനവിഭവങ്ങൾ ശേഖരിച്ച് (തേൻ, പുൽതൈലം, റാഗി, തിന) വിപണിയിൽ എത്തിക്കുന്ന 4 പേരടങ്ങുന്ന യുവാക്കളുടെ 'വനമിത്ര' ഈ പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു. വനമിത്രയുടെ ഔട്ട് ലെറ്റ് മറയൂർ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നുണ്ട്. മറയൂർ ഗ്രാമ പഞ്ചായത്ത് ഭൂമി അനുവദിച്ചു മറയൂരിലെ ആട് കർഷകർക്ക് അവരുടെ ആടിനെ വില്പന നടത്താനുള്ള അടുചന്തയ്ക്കുള്ള സ്ഥലവും ലഭ്യമാക്കി. അവിടെ കുടുംബശ്രീ ഇടപെടലിലൂടെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

## 24

# മേപ്പാടി ഉരുൾപൊട്ടൽ ദുരന്ത ബാധിത കുടുംബങ്ങൾക്കുള്ള മൈക്രോ പ്ലാൻ

ബിജോയ് കെ.ജെ. & ജയേഷ് വി.

2024 ജൂലൈ 30നാണ് വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലെ ചൂരൽ മലയിൽ ഉരുൾപൊട്ടൽ ഉണ്ടാകുന്നത്. നാടിനെ മുഴുവൻ നടുക്കിയ ദുരന്തത്തിൽ നിരവധി പേരാണ് മരണപ്പെട്ടത്. പൊതുവിൽ തോട്ടം മേഖലയിലും കാർഷിക മേഖലയിലുമായി പണിയെടുക്കുന്ന ജനവിഭാഗമായിരുന്നു മുണ്ടക്കൈ-ചൂരൽമല പ്രദേശത്ത് താമസിച്ചിരുന്നത്. വയനാടിന്റെ ടൂറിസം ഭൂപടത്തിൽ വലിയ പങ്കുവഹിച്ചിരുന്ന മുണ്ടക്കൈ പ്രദേശവും ജനവിഭാഗവും ഒരൊറ്റ രാത്രി കൊണ്ട് നാമാവശേഷമാവുകയായിരുന്നു.

മേപ്പാടി ചൂരൽമലയുടെ പുനരധിവാസം ലക്ഷ്യം വെച്ചു കൊണ്ട് സർക്കാർ വലിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ തുടങ്ങിയത്. ദുരിതാശ്വാസ ക്യാമ്പുകൾ മുതൽ ദുരന്തമുഖത്ത് വരെ സർക്കാർ സംവിധാനങ്ങളെയും സ്വകാര്യ പങ്കാളിത്തത്തേയും ഉറപ്പാക്കിക്കൊണ്ട് രാഷ്ട്രീയ ഭേദമന്യേ കാര്യക്ഷമമായ ഇടപെടൽ നടത്തുകയും ചെയ്തു. വിവിധ പ്രദേശങ്ങളിലേക്ക് മാറി താമസിച്ച ദുരിതബാധിതരെ ചേർത്ത് നിർത്തുക എന്ന ലക്ഷ്യത്തോടു കൂടിയാണ് അവരുടെ പുനരധിവാസം ലക്ഷ്യം വെച്ചുകൊണ്ട് പദ്ധതി ആവിഷ്കരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നത്. അതിന്റെ ഭാഗമായി വിവിധ പ്രദേശങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് താമസിക്കുന്ന കുടുംബങ്ങളുടെ ക്ഷേമമുറ പ്പാക്കുന്നതിനും സർക്കാർ സേവനങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിനും കുടുംബശ്രീ മുഖാന്തരം ദുരിതബാധിതരിൽ നിന്ന് തന്നെ കമ്മ്യൂണിറ്റി മെമ്പർമാരെ തിരഞ്ഞെടുത്തു പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഇതിനെ തുടർന്ന് ദുരിതബാധിതരുടെ ആവശ്യങ്ങളും പ്രയാസങ്ങളും മനസ്സിലാക്കി ഒരു കുടുംബത്തിന്റെ സൂക്ഷ്മതല പ്ലാൻ തയ്യാറാക്കുന്നതിന് സർക്കാർ ആലോചിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീയെ ഈ പദ്ധതി നടപ്പാക്കുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തു. ഇതിനു മുന്നോടിയായി ഓഗസ്റ്റ് മാസത്തിൽതന്നെ ദുരിത പ്രദേശത്ത് താമസിച്ചവരുടെ സർവ്വേ പ്രവർത്തനം ഒരാഴ്ച കൊണ്ട് പൂർത്തീകരിച്ച് വിവരങ്ങൾ ജില്ലാ ഭരണകൂടത്തിന് നൽകുകയും ചെയ്തിരുന്നു. കുടുംബശ്രീ സംവിധാനത്തിന്റെ കെട്ടുറപ്പും സംഘാടനമികവും ഉറപ്പാക്കിക്കൊണ്ട് ജില്ലയുടെ വിവിധ പഞ്ചായത്തുകളിൽ താമസം മാറിയ ആളുകളെ നേരിൽ കണ്ട് ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിച്ച് ഓരോ കുടുംബത്തിനും പ്രത്യേക പ്ലാൻ തയ്യാറാക്കുകയും അവ രേഖപ്പെടുത്തുന്നതിന് വേണ്ടി രാജ്യത്ത് തന്നെ ആദ്യമായി ഒരു മൈക്രോ പ്ലാൻ ഡാഷ് ബോർഡ് തയ്യാറാക്കുകയും ചെയ്തു. സംസ്ഥാന ജില്ലാ മിഷൻ ടീം ഒരുമിച്ച് നടപ്പാക്കിയ പ്രവർത്തനത്തിന് ബഹു. ചീഫ് സെക്രട്ടറിയും എൽഎസ്ജിഡി സ്പെഷ്യൽ സെക്രട്ടറിയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറും ജില്ലാ കലക്ടറും നേതൃത്വം നൽകി. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ കീഴിൽ മിഷൻ ടീമും മൈക്രോപ്ലാൻ തയ്യാറാക്കുന്നതിൽ വിദഗ്ധരായവരും ചേർന്നാണ് രാവും പകലുമില്ലാതെ ഈ പ്രവർത്തനം പൂർത്തീകരിച്ചത്. മൈക്രോ പ്ലാനിലൂടെ ഓരോ കുടുംബത്തിന്റെയും ഉപജീവനാവശ്യങ്ങൾ, ആരോഗ്യ ആവശ്യങ്ങൾ വിദ്യാഭ്യാസപരമായ ആവശ്യങ്ങൾ, അടിസ്ഥാന സൌകര്യങ്ങൾ എന്നിവയെല്ലാം തയ്യാറാക്കാൻ സാധിച്ചു. പ്രസ്തുത പ്രവർത്തനം വളരെ സമയബന്ധിതമായി തന്നെ പൂർത്തീകരിക്കുകയും ഒരു മാസക്കാലം കൊണ്ട് ഡാഷ്ബോർഡിൽ എൻട്രി നടത്തി മേപ്പാടി ഗ്രാമപഞ്ചായത്തിനും ജില്ലാ ഏകോപന സമിതിക്കും കൈമാറാനും അംഗീകാരം വാങ്ങിക്കാനും സാധിച്ചു.

കുടുംബശ്രീയുടെ ചരിത്രത്തിൽ തന്നെ ബൃഹത്തായ ഒരു പദ്ധതിയാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്. ഒരു പ്രദേശത്തിന്റെ പുനരധിവാസം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഉപജീവന മേഖലയിൽ ക്രിയാത്മകമായ ഇടപെടലും നിലവിൽ കുടുംബശ്രീ മൈക്രോപ്ലാനിന്റെ ഉപോൽപ്പന്നമായി നടപ്പാക്കി വരികയാണ്.

25

## മാതൃക സിഡിഎസ് നടത്തറ-തൃശൂർ

ജീജ

കുടുംബശ്രീ സംഘടനാ സംവിധാനത്തെ സ്വയം നിയന്ത്രിതവും സാമ്പത്തിക സുസ്ഥിരവുമായ സംവിധാനമായി ഉയർത്തിക്കൊണ്ടുവരുക എന്ന ആശയത്തോടെ വികസിപ്പിച്ചെടുത്തിട്ടുള്ള ഒന്നാണ് മാതൃക സിഡിഎസ്സ്. അയൽക്കൂട്ടം, എഡിഎസ്, സി ഡി എസ് എന്നീ ത്രിതല സംഘടന സംവിധാനത്തിന്റെ അംഗങ്ങളുടെ പങ്കാളിത്തത്തോടെ ആ പ്രദേശത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കി, ഇതിന് ആവശ്യമായ വാർഷിക കർമ്മപദ്ധതി തയ്യാറാക്കി, വാർഷിക കർമ്മപദ്ധതിയുടെ നിർവഹണത്തിനും സാമ്പത്തിക സുസ്ഥിരതക്കും വേണ്ടി ആവശ്യമായ തുക കണ്ടെത്തുന്നതിനുള്ള ബിസിനസ് ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കൽ എന്നീ പക്രിയയിലൂടെയാണ് മാതൃക സി ഡി എസ് ആയി വികസിപ്പിക്കുന്നത്.

നടത്തറ സിഡിഎസിന്റെ വിഷൻ ബിൽഡിംഗ് പക്രിയയിലൂടെ ആ ഗ്രാമപഞ്ചായത്ത് പരിധിയിൽ നടത്തറ സിഡിഎസിന് കീഴിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് അയക്കുട്ടങ്ങളുടെ പങ്കാളിത്തത്തോടു കൂടി തയ്യാറാക്കി. ആരോഗ്യ ശുചിത്വ മേഖലയിലെ ഇടപെടൽ, കുട്ടികളുടെയും വയോജനങ്ങൾ ഉൾപ്പെടെയുള്ളവർക്ക് വേണ്ടിയുള്ള സാമൂഹിക ഇടപെടൽ. അൽകുട്ടങ്ങളുടെ സുസ്ഥിര വരുമാനം ഉറപ്പ് വരുത്താൻ ഉള്ള ഉപജീവന മാർഗങ്ങൾ, വിദ്യാഭ്യാസം മേഖലയിലെ ഇടപെടൽ, സിഡിഎസു കളുടെയും എഡിഎസ്സുകളുടേയും, ശാക്തീകരണം, എന്നീ പ്രവർത്തനങ്ങളാണ് നടത്തറ സിഡിഎസിന് കീഴിൽ ഇതിന്റെ ഭാഗമായി നടന്നുവരുന്നത്. കൂടാതെ അയൽക്കൂട്ട, എ ഡി. എസ്, സി ഡി എസ് സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വിഷൻ ബിൽഡിംഗ് പരിശീലനം, വാർഷിക കർമ്മ പദ്ധതി തയ്യാറാക്കൽ പരിശീലനം, ബിസിനസ് ഡെവലമെന്റ് പ്ലാൻ തയ്യാറാക്കൽ പരിശീലനം, മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം, സാമ്പത്തിക മാനേജ്മെന്റ് പരിശീലനം, ഭരണ നിർവഹണ പരിശീലനം തുടങ്ങി വിവിധങ്ങളായ പരിശീലങ്ങളാണ് ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചത്.

തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന നടത്തറ സിഡിഎസ്സിൽ 17 എസിഎസുകളിലായി 278 അയൽക്കൂട്ടങ്ങളും 4135 അയൽക്കൂട്ടഅംഗങ്ങളും 18 ഓക്സിലറി ഗ്രൂപ്പും 124 ജെഎൽജിയും 56 വ്യക്തിഗത സംരംഭങ്ങളും 62 ഗ്രൂപ്പ് സംരംഭങ്ങളും 53 ബാലസഭകളും 86 വയോജന അയൽക്കൂട്ടങ്ങളും 2 ഭിന്നശേഷി അയൽക്കൂട്ടങ്ങളും സി ഡി എസിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്നു. ത്രിതല സംഘടനാ സംവിധാനം ഏറ്റവും മികച്ചപ്പെട്ട രീതിയിൽ നടക്കുന്ന നടത്തറ സിഡിഎസിൽ പഞ്ചായത്തുമായുള്ള സംയോജന പ്രവർത്തനങ്ങളും നല്ല രീതിയിൽ ചെയ്തു വരുന്നുണ്ട്. കൂടാതെ കാർഷിക മൃഗസംരക്ഷ ണ മേഖലയിൽ നൂതനമാർഗങ്ങൾ നടത്തി വരുന്നുണ്ട്.

സ്ത്രീ ശാക്തീകരണ പ്രവർത്തനത്തിൽ ജില്ലയിലെ തന്നെ മികച്ച ജി ആർ സി യും മുഴുവൻ അയക്കൂട്ടങ്ങളിലും സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് വേണ്ടി ജെൻഡർ പോയിന്റ് പേഴ്സൺമാരെ തെരഞ്ഞെടുക്കുകയും കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

എൻആർഎൽഎം പദ്ധതിയിടെ ഭാഗമായി കുടുംബശ്രീയെ കുറിച്ച് പഠിക്കാൻ വരുന്ന സംസ്ഥാനത്തിന് അകത്തും പുറത്തുമുളവർക്ക് പഠിക്കാനുള്ള ഡെമോൺസ്ട്രേഷൻ സൈറ്റ് ആയും തെരഞ്ഞെടുത്തിട്ടുള്ളത് നടത്തറ സിഡിഎസിനെയാണ്. കൂടാതെ സിഡിഎസിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പരിശീലന കേന്ദ്രമായ കമ്മ്യൂണിറ്റി മാനേജ്മെന്റ് പരിശീലനമായ സിഎംടിസി അനുമതി ലഭ്യമാക്കുകയും അതിനാവശ്യമായ കെട്ടിടം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ സുസ്ഥിരമായ സിഡിഎസ് ആയി വികസിപ്പിക്കുന്നതിന് ആവശ്യമായ നിരവധി പ്രവർത്തനങ്ങൾ ഇതിനകം നടത്താൻ സാധിച്ചിട്ടുണ്ട്

## 26

# മാതൃക അയൽക്കൂട്ടം - സ്വന്തം കെട്ടിടം - എറണാകുളം ചൈതന്യ അയൽക്കൂട്ടം

സിമി ബാബു

ചേന്ദമംഗലം സിഡിഎസിലെ എ ഡി എസ് 18 ലെ, കുടുംബശ്രീയാണ് ചൈതന്യ. 2000 ൽ ആണ് ചൈതന്യ ഗ്രൂപ്പ് ന്റെ കൂട്ടായ്മ ആരംഭിച്ചത്. ആദ്യം 10 അംഗങ്ങൾ ആണ് ഗ്രൂപ്പ് ആരംഭിച്ചപ്പോൾ ഉണ്ടായിരുന്നത്. അദ്യം ഉണ്ടായിരുന്നവരിൽ 2 പേര് മരിച്ചു പോയി.. നിലവിൽ മരിച്ചുപോയ ഒരാളുടെ മരുമകളെ അംഗമായി ചേർത്തു. കൂടാതെ 2 അംഗങ്ങളും പുതിയതായി കടന്നു വന്നു. നിലവിൽ 11 അംഗങ്ങൾ ചൈതന്യ ഗ്രൂപ്പിൽ ഉണ്ട്. മോളി, സ്റ്റാറി, അന്ന ജോസഫ്, ശാന്ത, ഡെയ്സി, ഗ്രേസി ലോറൻസ്, എയ്ഞ്ചൽ, രശ്മി, ഗ്രേസി ദേവസി, മേരി, ജാൻസി മുതലായവരാണ് അംഗങ്ങൾ.

അവലോസ് പൊടിയും കൂടാതെ അവലോസ് ഉണ്ട, ഉണ്ണിയപ്പം മറ്റ് പലഹാരം ഉണ്ടാക്കുകയും,പാക്കറ്റ് ൽ ആക്കി വീടുകളിൽ നടന്നു വിൽക്കുകയുമാണ് ആദ്യ നാളുകളിൽ ചെയ്തിരുന്നത്. അരിപ്പൊടി, ഗോതമ്പു പൊടി കൂടാതെ മഞ്ഞൾ പൊടി, മുളക് പൊടി തുടങ്ങിയ കറി പൊടികൾ ഗ്രൂപ്പ് സ്വന്തമായി ഉണ്ടാക്കി വിൽക്കുകയും, ഒപ്പം പച്ചക്കറികൾ മാർക്കറ്റ് ൽ നിന്നും കൂടുതലായി വാങ്ങി, വീടുകളിലേക്ക് വിൽപ്പന നടത്തുകയും ചെയ്തിരുന്നു. ഫോൺ വിളിക്കുന്നതിന് കോയിൻ ബോക്സ് ഫോൺ ബൂത്ത് സ്ഥാപിക്കുക വഴി ഒരു നിശ്ചിത വരുമാനവും ഗ്രൂപ്പിന് ലഭിച്ചിരുന്നു.

2006 ൽ ഗ്രൂപ്പ് നു അഫിലിയേഷൻ ലഭിക്കുകയും, ബ്ലോക്ക് മായി ബന്ധപ്പെട്ട് 250000 രൂപ തൊഴിലിന് വേണ്ടിയുള്ള ഫണ്ട് പാസ്സ് ആയി ലഭിക്കുകയും, 100000 രൂപ സബ്സിഡി ലഭിക്കുകയും, 10000 രൂപ revolving fund ലഭിക്കുകയും ചെയ്തിട്ടുണ്ട്. മേല്പറഞ്ഞ ആനുകൂല്യങ്ങളാൽ ഗ്രൂപ്പ് വൈവിധ്യങ്ങളായുള്ള സംരംഭ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും, സംരംഭ പ്രവർത്തനങ്ങളിൽ നിന്ന് ലഭിച്ച ലാഭത്തിൽ നിന്നും ഗ്രൂപ്പ് സ്ഥലവും, കെട്ടിടവും സ്വന്തമാക്കുകയായിരുന്നു. VEO വഴി ആയി ചകിരി ചൂൽ നിർമാണം എന്ന സംരംഭം ഗ്രൂപ്പ് ആരംഭിച്ചു. ചകിരി ചൂൽ നിർമ്മാണത്തിലൂടെ എറണാകുളം മാർക്കറ്റ് ൽ നിന്നും 5000 രൂപ വരെ അന്നാളുകളിൽ ലാഭമായി ലഭിച്ചിരുന്നു..ചേന്ദമംഗലം മാറ്റപാടത്തിലെ വിപണനത്തിലൂടെ 2000 രൂപയോളം ലാഭം ലഭിച്ചിരുന്നു. തുടർന്ന് മോൾഡ്, നല്ല ചകിരി തുടങ്ങി അസംസ്കൃത വസ്തുക്കളുടെ അഭാവം സംരംഭത്തിന് വെല്ലുവിളിയായി മാറുകയായിരുന്നു. 60 വയസ്സിന് മുകളിൽ പ്രായമുള്ള അമ്മമാരായതിനാൽ, വീടുകൾ തോറും നടന്നുള്ള പലഹാര വില്പനയിൽ അമ്മമാരുട ആരോഗ്യപ്രശ്നങ്ങൾ വൻ വെല്ലുവിളിയായതോടെ നിലവിൽ ഗ്രൂപ്പ് സംരംഭ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നില്ല. ഗ്രൂപ്പ് ഇപ്പോഴും വളരെ സജീവമായി ഈ കെട്ടിടത്തിൽ മീറ്റിംഗ് കൂടി വരുന്നു. അഞ്ചു തവണയായി ബാങ്ക് ലങ്കേജ് ലോൺ ഗ്രൂപ്പ് എടുത്തിട്ടുണ്ട്. യൂണിയൻ ബാങ്ക് ൽ ആണ് ഗ്രൂപ്പ് അക്കൗണ്ട് എടുത്തിട്ടുള്ളത്. സജീവമായി micro credit പ്രവർത്തനങ്ങളിലും ഏർപ്പെട്ടു കൊണ്ടിരിക്കുന്നു

## 27

# ഭദ്രദീപം അയൽക്കൂട്ടം

ബ്ലോക്ക്: വടവുകോട്-പുത്തൻകുരിശ്, സിഡിഎസ്: മഴുവന്നൂർ സിഡി എസ്

മഴുവന്നൂർ സിഡി എസ് ലെ വാർഡ് 5 (വീട്ടൂർ) ലെ അയൽക്കൂട്ടമാണ് ഭദ്രദീപം. 13 പേര് കൂടി 2010 ൽ ആരംഭിച്ച അയൽക്കൂട്ടം ഇപ്പോൾ 10 പേരിൽ എത്തി നിൽക്കുന്നു. ഒരാൾ മരണപ്പെടുകയും, ഒരാൾ വിവാഹം കഴിഞ്ഞു പോകുകയും മറ്റൊരു വ്യക്തി പിരിഞ്ഞു പോകുകയും ചെയ്തു. പ്രദേശത്തിന്റെ പ്രത്യേകത കൊണ്ട് വലിയ കയറ്റം ഒക്കെ കയറി വേണം പല അംഗങ്ങളുടെയും വീട്ടിൽ എത്തിപ്പെടാൻ. ഓരോ അംഗങ്ങളുടെയും വീടുകളിൽ മാറി മാറി മീറ്റിംഗ് വയ്ക്കേണ്ടതുകൊണ്ട്, അതുകൊണ്ട് തന്നെ പ്രായമുള്ള ചിലർക്ക് അയൽക്കൂട്ടത്തിൽ വരുന്നത് ബുദ്ധിമുട്ടുണ്ടായി.ആ ഒരു ചിന്തയിൽ നിന്നാണ് എല്ലാവർക്കും സൗകര്യത്തിന് പൊതുവായ ഒരു മീറ്റിംഗ് സ്ഥലം വേണം എന്ന് തീരുമാനം ആയത്.എല്ലാവർക്കും എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കുന്ന സ്ഥലത്താണ് ഇപ്പോൾ ഓഫീസ് ഉള്ളത്. രാവിലെ 10 മുതൽ വൈകീട്ട് 5 വരെ പ്രവർത്തിക്കുന്ന ഓഫീസ് സംവിധാനം അയൽക്കൂട്ടത്തിന് സ്വന്തമായി ഉണ്ട്. എന്നിരുന്നാലും

അയൽക്കൂട്ടത്തിലെ സാമൂഹ്യ വികസന ഉപസമിതി കൺവീനർ എല്ലാ ആഴ്ചയിലും ഓരോ അംഗങ്ങളുടെ വീടുകളിൽ മാറി മാറി ചെന്ന് സന്ദർശനം നടത്തി പോരുന്നു. ഓഫീസ് സംവിധാനം വന്നതോടെ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിന് ഉള്ള സൗകര്യവും ആയി. അയൽക്കൂട്ടത്തിന് സ്വന്തമായി ചെറുതെങ്കിലും ഒരു മൈക്ക് വാങ്ങുവാൻ സാധിച്ചു. കൂടാതെ എല്ലാ അംഗങ്ങൾക്കും ഒരുമിച്ചു ഇരുന്നു കൂടുവാൻ ആയി 20 കസേരകൾ വാങ്ങി. ഹരിത പ്രോട്ടോകോൾ വന്നതോടെ മീറ്റിംഗുകൾക്ക് ചായ കൊടുക്കുന്നതിനായി സ്റ്റീൽ ഗ്ലാസുകളും വാങ്ങി.

അയൽക്കൂട്ടം ഇതുവരെ 6 ലിങ്കേജ് ലോണുകൾ എടുത്തിട്ടുണ്ട്. ആകെ 38 ലക്ഷം രൂപ. കൂടാതെ മിഷന്റെ നിർദ്ദേശപ്രകാരം ഓവർഡ്രാഫ്റ്റ് ആയി 1000000/- രൂപയും എടുത്തിട്ടുണ്ട്. അംഗങ്ങൾ എല്ലാവരും ജീവൻ ദീപം ഇൻഷുറൻസിൽ അംഗമായിട്ടുണ്ട്. ഓഫീസ് കെട്ടിടത്തിൽ തന്നെ അയൽക്കൂട്ടം തയ്യൽ യൂണിറ്റ് നടത്തുന്നുണ്ട്. കുടുംബശ്രീ CEF എടുത്താണ് ചെയ്യുന്നത്. കൂടാതെ നാട്ടുരുചി എന്ന പേരിൽ ഒരു കാറ്ററിംഗ് യൂണിറ്റ് കൂടി അംഗങ്ങൾ ചെയ്യുന്നുണ്ട്. മറ്റ് സാമൂഹിക പ്രവർത്തനങ്ങളിലും ഏർപ്പെടുന്നവർ ആണ് ഭദ്രദീപം അംഗങ്ങൾ. ബഡ്സ് സ്കൂൾ, ബഥനി അനാഥലയം എന്നിവർക്ക് ഭക്ഷണം കൊടുക്കുക, അംഗങ്ങൾക്ക് ചികിത്സാ സഹായം, കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം എന്നിവ ഇവർ ചെയ്തു പോരുന്നു. ഇനിയും മികച്ച പ്രവർത്തനങ്ങളിലൂടെ തന്നെ മുന്നോട്ട് പോകുക എന്നതാണ് എല്ലാവരുടെയും ലക്ഷ്യം.

**28**

## എ.ഡി.എസ്സുകൾക്ക് സ്വന്തമായി ഓഫീസ് മാതൃക-പരപ്പനങ്ങാടി

അനിൽ കുമാർ

പരപ്പനങ്ങാടി കുടുംബശ്രീ സി.ഡി.എസ്സ് നിലവിൽ 45 എ.ഡി.എസ്സുകളും 693 അയൽക്കൂട്ടങ്ങളുമായി പ്രവർത്തന ബാഹുല്ല്യമുള്ള ഒരു സി.ഡി.എസ്സാണ്. ചലനം മെന്റർഷിപ്പ് പ്രവർത്തനത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നഗര സി.ഡി.എസാണ് പരപ്പനങ്ങാടി. ഇതിന്റെ ഭാഗമായി അയൽക്കൂട്ടതലം മുതൽ സി.ഡിഎസ് തലം വരെ ഉപസമിതികൾ തിരിച്ചുള്ള സംഘടനാ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്ന ഒരു ഇടംകൂടിയാണിത്. കൂടുതൽ വാർഡുകളാൽ പ്രവർത്തന ബാഹുല്ല്യമുള്ളതിനാൽ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് കൊണ്ടു പോകുന്നതിലുള്ള ബുദ്ധിമുട്ട് നേരിട്ടപ്പോഴാണ് എ.ഡി.എസ് കേന്ദ്രീകരിച്ച് വികേന്ദ്രീകൃതമായ സംഘടനാ പ്രവർത്തനം ആലോചിക്കുകയും നഗരസഭ കൗൺസിൽ അംഗീകാരത്തോട്കൂടി സംയോജനസാധ്യത പ്രയോജനപ്പെടുത്തി അംഗൻവാടിയുടെ അധികമുള്ള മുറി ഉൾപ്പടെ 40 എണ്ണം നഗരസഭയുടെ കീഴിലുള്ള കെട്ടിടങ്ങളും 5 എണ്ണം വാടകകെട്ടിടത്തിലുമായി 45 എ.ഡി.എസിനും സ്വന്തമായി സുസ്ഥിര സ്വയംപര്യാപ്തമായ ഓഫീസ് സംവിധാനം പ്രവർത്തനക്ഷമമായിട്ടുണ്ട്.

മുമ്പ് സി.ഡി.എസ് കേന്ദ്രീകരിച്ച് നടന്ന എല്ലാപ്രവർത്തനങ്ങളും നിലവിൽ എ.ഡി.എസ് ഓഫീസ് കേന്ദ്രീകരിച്ച് വീകേന്ദ്രീകൃതമായി ഫലപ്രാപ്തിയും പങ്കാളിത്തമികവോടെയും സംഘടിപ്പിക്കുന്നതിന് കഴിയുന്നുണ്ട്. നഗരസഭയുടേയും കുടുംബശ്രീയുടേയും വികസനാവശ്യങ്ങളും വികസന പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്ന ഇടം എന്ന നിലയിൽ എ.ഡി.എസ് ഓഫീസുകൾ ഇന്ന് സജ്ജമാണ്.

**എ.ഡി.എസ് ഓഫീസുകൾ സജ്ജമായപ്പോൾ ഉണ്ടായ പ്രധാനപ്പെട്ട നേട്ടങ്ങൾ -**

- 300 രൂപവരെ മുടക്കി സി.ഡി.എസ് ഓഫീസിൽ പോകുന്നതിനു പകരം തൊട്ടടുത്ത എഡിഎസ് ഓഫീസിൽ വച്ച് ഓഡിറ്റ് നടന്നപ്പോൾ പണവും സമയവും ലാഭിക്കാൻ കഴിഞ്ഞു എന്നതാണ് അയൽക്കൂട്ട ഭാരവാഹികളുടെ അഭിപ്രായം. കൂടാതെ ആവശ്യമായ രേഖകൾ മറന്നാൽ ഉടനെ കൊണ്ടുവരാനും അയൽക്കൂട്ട എ.ഡി.എസ് അംഗങ്ങൾക്ക് ഓഡിറ്റിനെ കുറിച്ച് മനസ്സിലാക്കാനും സാധിച്ചു.
- ഓഡിറ്റിന്റെ ഉത്തരവാദിത്തപ്പെട്ടവരായി എ.ഡി.എസ് ഭാരവാഹികൾ മാറി.
- സി.ഡി.എസ് ഓഫീസിൽമാത്രം കേന്ദ്രീകൃതമായി നടന്നിരുന്ന പരിശീലനങ്ങൾ ഉൾപ്പെടെയുള്ളവ കൂടുതൽ ബഹുജനപങ്കാളിത്തത്തോടെ ചെലവ് കുറച്ച് എ.ഡി.എസ് ഓഫീസിൽവെച്ച് നടക്കുന്നു എന്നതാണ് എടുത്ത് പറയത്തക്ക പ്രത്യേകത.
- വാർഡ് സഭയുടെ പ്രധാന കേന്ദ്രമായി എ.ഡി.എസ് ഓഫീസ് മാറി.
- എ.ഡി.എസ് ഭരണസമിതി, അയൽക്കൂട്ടങ്ങൾ, ഓക്സിലറി അംഗങ്ങൾ, ബാലസഭാ കുട്ടികൾ, വയോജനങ്ങൾ, കാർഷിക ഗ്രൂപ്പുകൾ, സംരംഭകർ എന്നിവർക്കെല്ലാം ഒരുമിച്ച് കൂടാനൊരിടമായി എ.ഡി.എസ് ഓഫീസ് മാറി.
- സ്വന്തമായി ഓഫീസ് ഉള്ളതിനാൽ യോഗങ്ങളും പരിപാടികളും നടത്തുവാൻ മറ്റ് സ്ഥാപനങ്ങളുടെ

അനുമതിക്കായി കാത്തിരിക്കേണ്ടതില്ലാതെ അംഗങ്ങൾക്ക് സൗകര്യപെടുന്ന സമയത്ത് മീറ്റിംഗ് ചേരാൻ കഴിയുന്നു എന്നതാണ് എടുത്ത്പറയത്തക്ക പ്രത്യേകത.

സംരംഭ മീറ്റിംഗ് നടത്താനും വിപണന കേന്ദ്രമായി പ്രവർത്തിപ്പിക്കാനും, വാർഡ് തല മാസചന്തകൾ സംഘടിപ്പിക്കുന്നതിനും ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും അയൽക്കൂട്ട അംഗങ്ങൾക്ക് യഥേഷ്ടം ഉല്പന്നങ്ങൾ വാങ്ങുന്നതിനും അവസരമൊരുക്കുന്നു ഈ എഡിഎസ് ഓഫീസുകൾ. എ.ഡി.എസിന്റെ തനത് ഫണ്ട് ഉയർത്തുന്നതിനായി സമീപ സ്ഥലത്ത് എ.ഡി.എസിന്റെ നേതൃത്വത്തിൽ വിവിധ കൃഷികൾ ചെയ്തുവരുന്നുണ്ട്. കൂടാതെ, അയൽക്കൂട്ട അംഗങ്ങളിലും ബാലസഭ- ഓക്സലറി ഗ്രൂപ്പ് അംഗങ്ങളിലും വായനാശീലം വർദ്ധിപ്പിക്കുന്നതിന് എ.ഡി.എസ് ഓഫീസ് കേന്ദ്രീകരിച്ച് ലൈബ്രറി സജ്ജീകരിക്കുന്നു.

പ്രി.ജി.ഒ.ടികൾ, സംരംഭവികസന പരിശീലനങ്ങൾ, സ്ത്രീ സൗഹൃദ ക്ലാസുകൾ, സെമിനാറുകൾ, കൗൺസിലിംഗ്, സ്നേഹിത മൈക്രോ ഓഫീസ്, എന്നിവയുടെ സുസ്ഥിര സ്വയം പര്യാപ്തമായ വികേന്ദ്രീകൃത കേന്ദ്രങ്ങളായി പരപ്പനങ്ങാടിയിൽ എ.ഡി.എസ് മാറിയിരിക്കുന്നു

നഗരസഭ- കുടുംബശ്രീ വിവിധ സർക്കാർ പദ്ധതികൾ എന്നിവയുടെ എല്ലാം മൈക്രോലെവൽ സംയോജന സ്ഥാപനമായി എ.ഡി.എസ് മാറി എന്നതാണ് പരപ്പനങ്ങാടി എ.ഡി.എസ് ഓഫീസിന്റെ പ്രത്യേകത.

**29**

## ആർ ഒ പ്ലാന്റ് പയ്യന്നൂർ കുടുംബശ്രീ – നഗരസഭാ സംയോജന പദ്ധതി

ദിവ്യ പി.

നഗരസഭയുടെ സഹായത്തോടെ കുടുംബശ്രീ എൻ യു എൽ എം വഴി ശീതളം എന്ന പേരിൽ പയ്യന്നൂരിൽ ശുദ്ധജല യൂണിറ്റ് 07/03/2019 ൽ പ്രവർത്തനം ആരംഭിച്ചു. ശുദ്ധീകരിച്ച 20 ലിറ്റർ വെള്ളത്തിന് 50 രൂപ ഈടാക്കിയാണ് സ്ഥാപനങ്ങളിലും മറ്റും എത്തിച്ച് കൊടുക്കുന്നത്. ഒരു മണിക്കൂറിൽ 500 ലിറ്റർ വെള്ളം റിവേഴ്സ് ഓസ്മോസിസ് സാങ്കേതിക വിദ്യയിലൂടെ ശുദ്ധീകരിക്കാനുള്ള പ്ലാന്റ ഒരുക്കിയാണ് ശുദ്ധജല വിതരണം നടത്തുന്നത്. 12.75 ലക്ഷം ചിലവിലാണ് പ്ലാന്റ സ്ഥാപിച്ചത്. ഇതിൽ 6,37,500 രൂപ നഗരസഭയുടെ പദ്ധതി വിഹിതവും 6,37,500 രൂപ കുടുംബശ്രീ യൂണിറ്റ് എൻ യു എൽ എം പദ്ധതി വഴി പഞ്ചാബ് നാഷണൽ ബേങ്കിൽ നിന്ന് വായ്പയുമാണ്. ദിവ്യ പി, ലീന കെ വി, പ്രസീത കെ, നന്ദ സുരേന്ദ്രൻ എന്നീ 4 പേർ ചേർന്നാണ് പ്രവർത്തനം നടത്തുന്നത്. പുതിയ ബസ്സ് സ്റ്റാൻഡിന് സമീപമുള്ള സഗരസഭാ ഓഫീസ് കോമ്പൌണ്ടിൽ പ്രവർത്തിക്കുന്ന പ്ലാന്റിൽ സ്ഥാപിക്കുന്ന വെന്റിങ് മെഷിനിൽ നിന്ന് ഒരു രൂപയ്ക്ക് ഒരു ലിറ്റർ വെള്ളം ലഭ്യമാക്കാനുള്ള പദ്ധതി ഉടൻ ആരംഭിക്കും.

കുടിവെള്ള വിതരണത്തിലുള്ള ചൂഷണം തടയുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തരത്തിൽ പദ്ധതിയുമായി നഗരസഭയും കുടുംബശ്രീയും രംഗത്ത് എത്തുന്നത്. സ്വകാര്യ ഏജൻസികളാണ് ഇപ്പോൾ ജാറുകളിൽ ശുദ്ധീകരിച്ച വെള്ളം വിതരണം ചെയ്യുന്നത്. കുടുംബശ്രീയുടെ വരവോടെ ഈ മേഖലയിലെ ചൂഷണം തടയുവാൻ കഴിയുമെന്ന പ്രതീക്ഷയാണ് നഗരസഭയ്ക്കുള്ളത്.

നഗരസഭയിലെ ശീതളം ഗ്രൂപ്പിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും സഹായങ്ങളും ചെയർപേർസൺ കെ വി ലളിതയുടെ നേതൃത്വത്തിൽ സി ഡി എസ് ചെയർപേർസൺ, സഗരസഭാ സെക്രട്ടറി, സിറ്റി മിഷൻ യൂണിറ്റ് അംഗങ്ങൾ എന്നിവർ നൽകി വരുന്നു.

കുറഞ്ഞ ചിലവിൽ വിതരണം ചെയ്യുന്ന ശുദ്ധീകരിച്ച കുടിവെള്ളത്തിന് ആവശ്യക്കാർ ഏറി വരികയാണെന്നും, ഫീൽഡിൽ നിന്ന് നല്ല പ്രതികരണമാണ് ലഭിക്കുന്നതെന്നും ശീതളം ഗ്രൂപ്പ് സെക്രട്ടറി ദിവ്യ പറയുന്നു. വിതരണം വർദ്ധിപ്പിക്കുന്നതിന് പുതിയ വാഹനം വാങ്ങുവാനായി ഗ്രൂപ്പ് അംഗങ്ങൾ അവരുടെ എ ഡി എസ് - ആർ എഫ് ഉപയോഗിച്ചിരുന്നു.

## 30

# ഭിന്നശേഷിക്കാർക്കും മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും ആശ്രയമായി സൈമൺ ബ്രിട്ടോ സാന്ത്വനം ഷെൽട്ടർ ഹോം

വിജയ വി.കെ.

കുടുംബശ്രീ നോഡൽ ഏജൻസിയായി കേരളത്തിൽ നടപ്പിലാക്കി വരുന്ന ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ പിന്തുണയോടെ പെരിന്തൽമണ്ണ നഗരസഭയിൽ നടപ്പിലാക്കി വരുന്ന മാതൃകാ പദ്ധതിയാണ് 'സൈമൺ ബ്രിട്ടോ സാന്ത്വനം ഷെൽട്ടർ ഹോം'. നഗരങ്ങളിൽ കടത്തിണ്ണകളിലും തെരുവുകളിലും അന്തിയുറങ്ങുന്നവരെ പുനരധിവസിപ്പിക്കാനായി എൻ. യു. എൽ. എം പദ്ധതിക്ക് കീഴിൽ നടപ്പിലാക്കുന്ന ഷെൽട്ടർ ഹോമിന്റെ സാധ്യതകളാണ് പെരിന്തൽമണ്ണ നഗരസഭ ഭരണസമിതി നഗരത്തിലെയും പരിസര പ്രദേശങ്ങളിലേയും അരയ്ക്ക് താഴെ തളർന്ന് ജീവിതം ചുമരുകൾക്കുള്ളിൽ കഴിച്ച്കൂട്ടുവാൻ വിധിക്കപ്പെട്ട നിരവധി പേർക്ക് ഒത്തുകൂടുവാനും ഉപജീവനം കണ്ടെത്തുന്നതിനുമായി ഒരു സ്ഥിരം സംവിധാനം ഒരുക്കുന്നതിലേക്ക് കൊണ്ടെത്തിച്ചത്.

ഇതിനായി കുടുംബശ്രീ പ്രവർത്തകരുടെയും ജീവനക്കാരുടെയും നേതൃത്വത്തിൽ സർവ്വേ സംഘടിപ്പിച്ച് സംസ്ഥാന മിഷനിലേക്ക് വിശദമായ പദ്ധതിരേഖ സമർപ്പിക്കുകയും 2.5 കോടി രൂപ യുടെ എൻ. യു. എൽ.എം വിഹിതവും 2.12 കോടി രൂപ നഗരസഭ വിഹിതവും ഉൾപ്പെടുത്തിയാണ് ഷെൽട്ടർ ഹോം നിർമ്മാണം പൂർത്തിയാക്കിയത്. തൊഴിൽ പരിശീലനം നൽകുന്നതിനും സംരംഭം പ്രവർത്തനങ്ങൾക്കും മറ്റും അനുയോജ്യമായ വിധത്തിൽ ഭിന്നശേഷി സൗഹൃദ ബഹുനില കെട്ടിടം നിർമ്മിച്ച് 2021 ലാണ് ജില്ലയിലെ പ്രഥമ ഷെൽട്ടർ ഹോം പദ്ധതിക്ക് തുടക്കം കുറിച്ചത്.

ഇന്ന് സമൂഹത്തിൽ അരികുവൽക്കരിക്കപ്പെട്ടവരെ ചേർത്തുപിടിച്ച് ജീവിതത്തിന്റെ പുതിയ വഴികൾ വെട്ടിതെളിയിക്കുവാൻ സാന്ത്വനം ഷെൽട്ടർ ഹോമിന് കഴിയുന്നുണ്ട്. അരയ്ക്ക് താഴെ തളർന്ന് വീൽ ചെയറിൽ കഴിയുന്നവർക്ക് താമസം, ഭക്ഷണം, സൗജന്യ ഫിസിയോ തെറാപ്പി ചികിത്സ, തൊഴിൽ നൈപുണ്യ പരിശീലനം, ഫുഡ് പാക്കിംഗ് യൂണിറ്റ് എന്നിവ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മേഖലയിലെ മാനസിക വെല്ലുവിളികൾ നേരിട്ട് ദീർഘകാലം മരുന്ന് കഴിച്ച് വരുന്ന 15 ലേറെ പേർക്ക് വേണ്ടി ജില്ലാ ആരോഗ്യ വകുപ്പുമായി സഹകരിച്ച് 'പകൽ വീടും' ഈ കേന്ദ്രത്തിൽ തന്നെ പ്രവർത്തിക്കുന്നുണ്ട്. ഇവർക്ക് വേണ്ടി ഒക്യുപേഷണൽ തെറാപ്പി, പ്ലേ തെറാപ്പി തുടങ്ങിയ റിഹാബിലിറ്റേഷൻ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്.

മനഴി ചാരിറ്റബിൾ ട്രസ്റ്റുമായി സഹകരിച്ച് സൗജന്യ ഫിസിയോ തെറാപ്പി ചികിത്സ സൗകര്യവും ഒരുക്കിയിട്ടുണ്ട്. രോഗികൾക്കും കൂട്ടിരിപ്പുകാർക്കും താമസിച്ച് ഫിസിയോ തെറാപ്പി ചികിത്സ നേടുന്നതിന് ഷെൽട്ടർ ഹോമിൽ പ്രത്യേകം സൗകര്യമുണ്ട്. മാത്രമല്ല നഗരസഭയിലെ ബുദ്ധിപരമായ ബലഹീനതകൾ നേരിടുന്നവർക്കുള്ള പ്രത്യേക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി കുടുംബശ്രീയോട് ചേർന്ന് പ്രവർത്തിക്കുന്ന ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററും സാന്ത്വനം ഷെൽട്ടർ ഹോമിനോട് ചേർന്നാണ് പ്രവർത്തിക്കുന്നത്. കൂടാതെ ദൈനംദിന പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ വേതനം നൽകുന്നതിനും ഓപ്പറേഷൻ & മെയിന്റനൻസ് ഹെഡിൽ ഉൾപ്പെടുത്തി പ്രതിവർഷം 6 ലക്ഷം രൂപ സാമ്പത്തിക പിന്തുണയും എൻ.യു.എൽ. എമ്മിൽ നിന്നും അനുവദിക്കുന്നുണ്ട്.

മേഖലയിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിനായി ആധുനിക സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന സാന്ത്വനം ഷെൽട്ടർ ഹോം ഇതര നഗരസഭകൾക്കും അനുകരിക്കാവുന്ന മാതൃകയാണ്.

31

## കുടുംബശ്രീ പെരുമ കയർ യൂണിറ്റ്

വനിത എം.

ഒരു കൂട്ടം ട്രൈബൽ വനിതകളുടെ ജീവിത മാർഗമായ പെരുമാട്ടിയുടെ പെരുമ എന്ന് വിശേഷിപ്പിക്കാവുന്ന തനതു പ്രവർത്തനമാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിച്ച പെരുമ കയർ യൂണിറ്റ്. 2019 ൽ കുടുംബശ്രീ ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ പെരുമാട്ടി പഞ്ചായത്തിലെ പ്ലാച്ചിമടയിലാണ് ഈ യൂണിറ്റ് ആരംഭിച്ചത്.

മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനായി വനിതകൾക്ക് കുടുംബശ്രീ ജില്ലാമിഷനും കയർ ബോർഡും ചേർന്ന് പരിശീലനം നൽകുകയും ചെയ്ത ഈ യൂണിറ്റിൽ പട്ടിക വർഗ്ഗ വിഭാഗത്തിലെ പത്തോളം വനിതകൾ പ്രവർത്തിച്ചുവരുന്നു. കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിലും ഇവർക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്.

കോവിഡ് മൂലം പ്രതിസന്ധിയിലായ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായമായി 82,631 രൂപ കോവിഡ് റിസിയിലൻസ് ഫണ്ട് ലഭ്യമാക്കി.

ഇപ്പോൾ പ്രതിവർഷം ഒരുലക്ഷം രൂപ വരെ വരുമാനം ഓരോ സംരംഭകയ്ക്കും ലഭ്യമാക്കുന്ന വിധത്തിൽ പെരുമ കയർ യൂണിറ്റ് പ്രവർത്തിച്ചു വരികയും ചെയ്യുന്നു. പ്രാദേശികമായ വിവിധ മേളകളും വിവിധ മേഖലകളിൽ നിന്നുമ്മുള്ള ഓർഡറുകൾ ലഭിക്കുന്നുണ്ട് കൂടാതെ കുടുംബശ്രീയുടെ പിന്തുണയുടെ ഭാഗമായി എല്ലാ സരസ് മേളകളിലും പങ്കെടുക്കുന്നുണ്ട് ആയതിലൂടെ മികച്ച വരുമാനം ലഭിക്കുന്നു. പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ സ്വന്തമായി കെട്ടിടവും സ്ഥലവും അനുവദിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ നടന്നുവരുന്നു ഗ്രാമപഞ്ചായത്തിന്റെയും മികച്ച പിന്തുണ ലഭിക്കുന്നുണ്ട്.

32

## കുടുംബശ്രീ പ്രീമിയം കഫേ

കുടുംബശ്രീ പ്രീമിയം കഫേ കുടുംബശ്രീ മിഷന്റെ ഒരു നൂതന സംരംഭമാണ്. ഇത് ഹോട്ടൽ വ്യവസായത്തിൽ സ്ത്രീകളുടെ സാന്നിധ്യം വർദ്ധിപ്പിക്കുകയും, ഗുണമേൻമയുള്ള ഭക്ഷ്യവസ്തുക്കൾ ഉപഭോക്താക്കൾക്ക് എത്തിക്കുകയും ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. ഹൈവേക്കരുകിലോ ടൂറിസ്റ്റ് കേന്ദ്രങ്ങളിലോ നഗര കേന്ദ്രങ്ങളിലോ പോലുള്ള ധാരാളം ജനങ്ങൾ വന്നു പോകാൻ സാധ്യതയുള്ള ഇടങ്ങളിൽ, ചുരുങ്ങിയത് 50 പേർക്കെങ്കിലും ഇരുന്ന് ഭക്ഷണം കഴിക്കാൻ കഴിയുന്ന സ്ഥല സൗകര്യമുള്ള രീതിയിലാണു പ്രീമിയം കഫെ വിഭാവനം ചെയ്തിട്ടുള്ളത്. ഉയർന്ന ഗുണനിലവാരം ഉറപ്പാക്കുന്ന, പൂർണ്ണമായും ശീതീകരിച്ച റെസ്റ്റോറൻറുകളാണു പ്രീമിയം കഫെകൾ

**പ്രധാന സവിശേഷതകൾ:**

- ഉയർന്ന ഗുണമേൻമയുള്ള ഭക്ഷണം – ആരോഗ്യകരവും രുചികരവുമായ ഭക്ഷണം വീട്ടുപാചക രീതി പിന്തുടർന്ന് തയ്യാറാക്കുന്നു.
- വ്യത്യസ്തതയും ആധുനികതയും – പരമ്പരാഗത കേരളീയ വിഭവങ്ങൾക്കൊപ്പം വിവിധ സംയോജിത രുചികളും ഈ കഫേയിൽ ലഭ്യമാണ്.
- വ്യവസായാടിസ്ഥാനത്തിലുള്ള സജ്ജീകരണം – ഹൈജീൻ പാലിക്കുന്ന, പ്രീമിയം നിലവാരമുള്ള കിച്ചൻ സംവിധാനങ്ങൾ.
- സ്ത്രീശക്തീകരണം – കുടുംബശ്രീയുടെ വനിതാ സംരംഭകർ നടത്തുന്ന ഈ കഫേ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുന്നു.

കുടുംബശ്രീ പ്രീമിയം കഫേ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായ നിലവിൽ പ്രവർത്തിച്ചുവരുന്നു. ഇത് കുടുംബശ്രീ സംരംഭകരുടെ സാമ്പത്തിക ഉന്നമനത്തിനും സാമ്പത്തിക സുസ്ഥിരതക്കും സഹായിക്കുന്നു.

## 33

# പാഥേയം പദ്ധതി പുനലൂർ നഗരസഭ – കുടുംബശ്രീ സംയോജന പദ്ധതി

റസൂൽ ബീവി

2012-13 കാലയളവിൽ പുനലൂർ താലൂക്ക് ആശുപത്രിയിലെ കാന്റീനിൽ നിന്നായിരുന്നു മുബാറക് കാറ്ററിംഗ് യൂണിറ്റിന്റെ ആരംഭം. ആ സമയത്താണ് താലൂക്ക് ആശുപത്രിയിലെ കിടപ്പ് രോഗികൾക്ക് ഉച്ചഭക്ഷണം തയ്യാറാക്കി അവർ കിടക്കുന്ന ബെഡിനു അരികിൽ കൊണ്ടുപോയി കൊടുക്കണം എന്ന ഒരു ആശയം താലൂക്ക് ആശുപത്രിയിലെ സൂപ്രണ്ടും പുനലൂർ നഗരസഭ ഭരണാധികാരികളും ഉന്നയിച്ചത്. ആയതു പ്രകാരം 2013 ഏപ്രിൽ മാസം പതിനാലാം തീയതി വിഷു ദിനത്തിൽ ഉച്ചഭക്ഷണം പായസത്തോടുകൂടി കിടപ്പു രോഗികൾക്കു നൽകികൊണ്ട് അന്നത്തെ നഗരസഭ ചെയർമാനും ഹോസ്പിറ്റൽ സൂപ്രണ്ടും ചേർന്ന് പാഥേയം എന്ന പേരിൽ പദ്ധതി ഉദ്ഘാടനം നിർവഹിച്ചു. അക്കാലത്ത് സുമനസുള്ള നാട്ടുകാരുടെയും പ്രമുഖരുടേയും സഹായത്തോടെയാണ് പാഥേയം പദ്ധതിയുടെ ഭക്ഷണം കിടപ്പു രോഗികൾക്ക് നൽകിയിരുന്നത്.

2015-16 കാലയളവിൽ നഗരസഭയുടെ പ്ലാനിംഗ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രൊജക്റ്റ് ആക്കി ഇതിനുള്ള ഫണ്ട് കണ്ടെത്തി. അഞ്ചു അംഗങ്ങൾ ചേർന്ന് മുബാറക് കാറ്ററിംഗ് കുടുംബശ്രീ യൂണിറ്റ് രൂപികരിച്ചു ഈ പദ്ധതി തുടർന്നു കൊണ്ട് വരുന്നു.എല്ലാ രോഗികളുടെ കൂട്ടിരിപ്പുകാർ കൃത്യം 12മണി ആകുമ്പോൾ ഈ ഭക്ഷണത്തിനായി കാത്തു നിൽക്കും. കൂട്ടിരിപ്പുകാർ ഇല്ലാത്ത രോഗികൾക്ക് നേരിട്ടു കൊണ്ട് ചെന്ന് വിളമ്പി കൊടുക്കും. ഇതുവരെയും ഒരു പരാതിക്കും ഇട വരുത്താതെ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടു പോകുന്നു. നിലവിൽ നാലു അംഗങ്ങളാണുള്ളത്. തുടക്കത്തിൽ 40മുതൽ 50 രോഗികൾക്ക് ഭക്ഷണം നൽകുമായിരുന്നു. നിലവിൽ പുതിയ ബിൽഡിംഗ് വന്നതിനുശേഷം 100 മുതൽ 125 രോഗികൾക്ക് പ്രതിദിനം ഭക്ഷണം നൽകുന്നുണ്ട്.

2020-21 കാലയളവിൽ കൊറോണ ബാധിച്ചു കിടന്ന എല്ലാ രോഗികൾക്കും കൃത്യമായി ഭക്ഷണവും വെള്ളവും എത്തിച്ചു നൽകി നല്ല സേവനം കാഴ്ച വെച്ചതിനു ഹോസ്പിറ്റലിൽനിന്നും നഗരസഭയിൽ നിന്നും അവാർഡുകൾ നൽകി മുബാറക് കാറ്ററിംഗ് യൂണിറ്റിനെ ആദരിച്ചു. കൂടാതെ മാസം തോറും വേതനം എന്ന രീതിയിൽ ഒരു വരുമാനം ലഭിക്കുന്നുണ്ട്. ഓണത്തിന് ബോണസ് കിട്ടുന്നുണ്ട്. എല്ലാ വർഷവും നഗരസഭയിലെ പ്ലാൻ ഫണ്ടിൽ നിന്നും ലഭിക്കുന്ന തുകയും കുടുംബശ്രീ ലോണുകൾ എടുത്തും സംരംഭം നല്ല രീതിയിൽ മുന്നോട്ടു പോകാൻ സാധിക്കുന്നു.

## 34

# സ്കൂഫെ- കണ്ണൂർ
# കുടുംബശ്രീയുടെ പൊതു വിദ്യാലയത്തിലെ സംരംഭം

ആര്യശ്രീ

സ്കൂളുകളിലും കോളേജ് കാമ്പസുകളിലും വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും വിദ്യാർത്ഥികളെ സംരക്ഷിക്കൽ, കുട്ടികളിൽ പോഷകമൂല്യമുള്ള ഭക്ഷണം കഴിക്കുന്നതിനുള്ള ശീലവൽക്കരണം, ഇടവേളകളിൽ സ്കൂളിന്ന് പുറത്തു പുറത്തു പോകാതെയുള്ള സംരക്ഷണം ഉറപ്പു വരുത്തൽ തുടങ്ങി വിവിധ മുൻനിർത്തിയാണ് സ്കൂളുകളിൽ സ്കൂഫെ ആരംഭിച്ചത്.

കുടുംബശ്രീയും ജില്ലാ പഞ്ചായത്തും, വിദ്യാഭ്യാസ വകുപ്പ് കൂടി കൈകോർക്കുന്ന പദ്ധതിയാണിത്. പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ മറ്റുസാമഗ്രികളും സ്കൂളിനകത്തുതന്നെ ലഭ്യമാക്കും കൂടാതെ പോഷകമൂല്യമുള്ള ഭക്ഷണങ്ങളും ഈ സെന്റർ വഴി വിതരണം ചെയ്യും. കുടുംബശ്രീ അൽക്കൂട്ടങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട രണ്ടു മുതൽ മൂന്നു വരെ അംഗങ്ങളെ ഉൾപ്പെടുത്തിയാണ് ഈ സംരംഭക ഗ്രൂപ്പ് രൂപീകരിച്ചത്. കണ്ണൂർ ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം വികസിപ്പിക്കുകയും ചെയ്യു. ഇതുവഴി കുടുംബശ്രീ അംഗങ്ങൾക്ക് ഉപജീവനം ഉറപ്പുവരുത്താനും കുട്ടികൾക്ക് പോഷകമൂല്യമുള്ള ഭക്ഷണം കഴിക്കാനും, നല്ലൊരു ജീവിതശൈലി സൃഷ്ടിക്കാനും സാധിക്കും

35

# സ്നേഹിത ജെൻഡർ ഹെല്പ് ഡെസ്ക് പത്തനംതിട്ടയിലെ വേറിട്ട പ്രവർത്തനങ്ങൾ

റസിയ കെ.എം.

സമൂഹത്തിൽ ഒറ്റപ്പെട്ടവരും നിരാലംബരും പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവരുമായ സ്ത്രീകൾക്കും കുട്ടികൾക്കും 24 മണിക്കൂറും പിന്തുണയും സഹായവും താത്കാലിക അഭയവും നൽകുന്ന കേന്ദ്രം. സ്നേഹിതയിൽ സേവനത്തിനും പിന്തുണയ്ക്കുമായി എത്തുന്നവർക്ക് താത്കാലിക താമസ സൗകര്യവും കൗൺസിലിംഗും പുനരധിവാസ സഹായങ്ങളും മറ്റു വകുപ്പുകളുമായി ചേർന്ന് നിയമ ആരോഗ്യ പരിരക്ഷയും നൽകുന്നു. സ്നേഹിതയിൽ നാളിതുവരെ 3398 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 263 ആളുകൾക്ക് താൽക്കാലിക അഭയം നല്കാൻ സാധിച്ചിട്ടുണ്ട്.

**ലീഗൽ എയ്ഡ് ക്ലിനിക്ക്:** നിയമസഹായം ഉറപ്പാക്കുന്നതിനായി അടൂർ താലൂക്ക് ലീഗൽ സർവീസസ് അതോറിറ്റിയുമായി സഹകരിച്ച് 2018 ജൂൺ മാസം മുതൽ ലീഗൽ എയ്ഡ് ക്ലിനിക്ക് മാസത്തിൽ രണ്ട് എന്ന ക്രമത്തിൽ സ്നേഹിതയിൽ പ്രവർത്തിച്ച് വരുന്നു.

സ്നേഹിത എക്സ്റ്റൻഷൻ സെന്റർ :പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ജില്ലയിലെ അടൂർ, പന്തളം, തിരുവല്ല, റാന്നി, കൊടുമൺ പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് സ്നേഹിതയുടെ എക്സ്റ്റൻഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ആഴ്ചയിൽ ഒരു ദിവസമാണ് സ്നേഹിത കൗൺസിലറുടെയോ കമ്മ്യൂണിറ്റി കൗൺസിലറുടെയോ സേവനം ലഭ്യമാക്കുന്നത്. നാളിതുവരെ കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

**മരിമ്പഗോത്രതാളം എസ്.ടി മേഖലയിലെ ഇടപെടൽ:** ഊരുകളിൽ സന്ദർശനം, ഭവന സന്ദർശനം, ലഹരി ബോധവൽകരണ ക്യാമ്പയിനുകൾ, ആർത്തവശുചിത്വം, സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പുമായി സംയോജിച്ചിട്ടുള്ള അവബോധ പ്രവർത്തനങ്ങൾ, സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാത്ത കുട്ടികൾക്കിടയിൽ അവബോധ പരിപാടികൾ, ഗർഭാശയ ക്യാൻസർബോധവൽക്കരണ പരിപാടി, ലിംഗതുല്യത, വരുമാനദായക പ്രവർത്തങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കുടുംബശ്രീയുടെ തന്നെ വിവിധ പദ്ധതികളുമായി സംയോജിചിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ.

**ബോധ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടി:** സ്നേഹിത@സ്കൂൾ, ജെൻഡർ ക്ലബ്@സ്കൂൾ/കോളേജ് എന്നിവിടങ്ങളിൽ എക്സൈസ് വകുപ്പുമായി സംയോജിച്ചു നടപ്പാക്കിവരുന്ന ലഹരിവിരുദ്ധ ബോധവൽക്കരണപരിപാടിയാണ് 'ബോധ' സ്നേഹിത ജില്ലയിലെ 8 സ്നേഹിത@സ്കൂൾ, 4 ജെൻഡർക്ലബ്@സ്കൂൾ, 2 ജെൻഡർ ക്ലബ് @കോളേജ് എന്നിവിടങ്ങളിലെ കുട്ടികൾക്കും, യുവാക്കൾക്കും ലഹരിവിരുദ്ധ ബോധവത്കരണം സംഘടിപ്പിച്ചു വരുന്നത്.

**സുരക്ഷിത കൗമാരം:** കൗമാരപ്രായക്കാരായ കുട്ടികൾ, രക്ഷിതാക്കൾ എന്നിവർക്കായുള്ള അവബോധപരിപാടി. സ്നേഹിതയുടെ നേതൃത്വത്തിൽ കൗമാരപ്രായക്കാരായ കുട്ടികൾ, രക്ഷിതാക്കൾ എന്നിവർക്കായ് സംഘടിപ്പിച്ചുവരുന്ന അവബോധപരിപാടിയുടെ ഭാഗമായി പോക്സോനിയമം, കുട്ടികളുടെ അവകാശങ്ങൾ, നിയമസംവിധാനങ്ങൾ ഹൈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് POCSO എന്നിവ സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.

**വിളർച്ചയിൽ നിന്ന് വളർച്ചയിലേക്ക്:** അനീമിയ നിർണയ ക്യാമ്പ്.സ്നേഹിത @ സ്കൂൾ, ജെൻഡർ ക്ലബ് @ സ്കൂൾതലങ്ങളിലെ കൗമാരപ്രായക്കാരായ കുട്ടികൾക്കായി പ്രൈമറി ഹെൽത്ത് സെന്ററുകളുമായി ചേർന്ന് നടപ്പിലാക്കുന്ന അനീമിയ നിർണയ ക്യാമ്പ്.

**Together We Rise- വെബിനാർ:** സ്നേഹിതയുടെ നേതൃത്വത്തിൽ ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗിച്ച് സംഘടിപ്പിക്കുന്ന ക്യാമ്പയിൻ. ഓരോ മാസവും വ്യത്യസ്തങ്ങളായ മേഖലകളിലെ വിഷയവിദഗ്ധരുടെ ക്ലാസുകൾ വെബ്സീരീസ് മാതൃകയിൽ ഏകോപിപ്പിക്കുന്നു. ആനുകാലികവും സമൂഹത്തെ ചിന്തിപ്പിക്കുന്നതുമായ വിഷയങ്ങളിലാണ് സ്നേഹിത @ സ്കൂൾ, ജെൻഡർക്ലബ് @ സ്കൂൾ/കോളേജ്, സി.ഡി.എസ് ചെയർപേഴ്സൺമാർ, അക്കൗണ്ടന്റ്മാർ, ജില്ലയിലെ ജെൻഡർ പ്രോഗ്രാമുകളുമായി ബന്ധപെട്ടു പ്രവർത്തിക്കുന്ന ആർ. പി.മാർ, ജില്ലാമിഷൻ സ്റ്റാഫ്, വിജിലന്റ് ഗ്രൂപ്പ് അംഗങ്ങൾ, അയൽകൂട്ട ഔക്സിലറി ഗ്രൂപ്പ് അംഗങ്ങൾ എന്നിവരെ ഉൾകൊള്ളിച്ചു കൊണ്ട് 2 മണിക്കൂർ ദൈർഘ്യമുള്ള വെബിനാർ സംഘടിപ്പിക്കുന്നത്.

**Cervi CAN- കാൻസർ ബോധവൽകരണം:** സ്ത്രീകൾ ഉൾപ്പെടെയുള്ള ആളുകളിൽ സെർവിക്കൽ കാൻസർ സംബന്ധിച്ച വ്യക്തമായ അറിവും, സംരക്ഷണവും, പ്രചരിപ്പിക്കുക എന്നതാണ് ബോധവത്കരണ ക്ലാസ്സിന്റെ പ്രധാന ലക്ഷ്യം. ശരിയായ രീതിയിൽ അവബോധം സൃഷ്ടിക്കുക വഴി രോഗസാധ്യത കുറയ്ക്കാൻ കഴിയും എന്ന ലക്ഷ്യത്തിൽ ആണ് ജില്ലയിലെ അയൽക്കൂട്ട, ഔക്സില്ലറി അംഗങ്ങളിലേക്ക് സെർവിക്കൽ ക്യാൻസർ സംബന്ധിച്ച അവബോധം CerviCAN എന്ന പേരിൽ നൽകുന്നത്.

**വളർത്താം അറിവോടെ ബഡ്സ് സ്കൂൾ രക്ഷിതാക്കൾക്കായ്:** ജില്ലയിലെ ബഡ്സ് സ്കൂൾ രക്ഷിതാക്ക

ൾക്കായ് സംഘടിപ്പിക്കുന്ന കൗൺസിലിംഗ് പരിപാടി. ടി ക്ലാസുകളുടെ പ്രധാന ലക്ഷ്യം പ്രത്യേക പരിഗണന ആവശ്യമായ കുട്ടികളുടെ രക്ഷിതാക്കളെ അവരുടെ കുട്ടികളുടെ വളർച്ച, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയെ കുറിച്ച് ബോധവാന്മാരാക്കുകയും, അവരെ ശക്തമാക്കുകയും ചെയ്യുകയാണ്. സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ, തെറാപ്പിസ്റ്റുകൾ, മറ്റ് പ്രൊഫഷണലുകൾ എന്നിവരുടെ നേതൃത്വത്തിലാണ് ക്ലാസുകൾ സംഘടിപ്പിക്കുന്നത്.

**അറിയാം സ്നേഹിതയെ:** താഴെത്തട്ടിലും പൊതുജനങ്ങൾക്കിടയിലും സ്നേഹിതയുടെ സേവനസംവിധാനങ്ങളെപറ്റി അറിവ് നൽകുന്ന ക്യാമ്പയിൻ. സി.ഡി.എസ്, എ.ഡി.എസ് യോഗങ്ങൾ, എസ്.സി എസ്.ടി പ്ലാന്റേഷൻ മേഖലകൾ,തൊഴിലുറപ്പു പദ്ധതി തൊഴിലാളികൾ, പൊതുസഭകൾ, സ്കൂൾ, കോളേജ്, വിവിധ വകുപ്പുകൾ എന്നിവരിലേക്ക് സ്നേഹിതസംവിധാനത്തെകുറിച്ചുള്ള ബോധവൽക്കരണം നൽകുന്നത് ലക്ഷ്യം വെക്കുന്നു.

**അയൽക്കൂട്ടത്തിനൊപ്പം:** ജില്ലയിലെ അയൽക്കൂട്ടങ്ങളിൽ സ്നേഹിത ക്യാമ്പയിൻ. അയൽക്കൂട്ടങ്ങളിൽ സ്റ്റാഫുകൾ സന്ദർശിച്ചു സ്നേഹിതയെ കുറിച്ചും സ്നേഹിത നൽകുന്ന സേവനങ്ങളെ കുറിച്ചും വിശദമായി സംസാരിക്കുകയും സ്നേഹിതയുടെ ബ്രോഷർ, സ്റ്റിക്കർ എന്നിവ വിതരണം ചെയ്യുകയും സ്നേഹിതയുടെ കോൺടാക്ട് നമ്പർ നൽകുകയും ചെയ്തു വരുന്നു

**ഒപ്പം 2024:** പരീക്ഷയിൽ പ്രതീക്ഷിച്ച മികവ് നേടാൻ കഴിയാത്തവർക്കും, അടുത്ത ചുവടുവയ്പ്പിനായി കാത്തു നിൽക്കുന്നവർക്കുമുള്ള പ്രത്യേക കൗൺസിലിംഗ്.എസ്.എസ്.എൽ.സി, ഹയർസെക്കണ്ടറി പരീക്ഷാഫലം അറിയുന്ന സാഹചര്യത്തിലും കുട്ടികൾക്കും രക്ഷിതാക്കൾക്കുമുള്ള ആകുലത, അമിത ഉൽകണ്ഠ, ഭയം, മാനസിക സമ്മർദ്ദം തുടങ്ങിയവ ദൂരീകരിക്കുന്നതിനായി 'ഒപ്പം 2024' കൗൺസിലിംഗ് സേവനം നൽകുന്നു.

36

# പാരഡൈസ് ബഡ്സ് തിരുനെല്ലി

ആഷിക് സി.എസ്.

വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ പഞ്ചായത്തുകളിലൊന്നായ തിരുനെല്ലി ഗ്രാമപഞ്ചായത്ത് വിസ്തൃതി കൊണ്ട് ജില്ലയിൽ ഒന്നാമതുമാണ്. ജില്ലയിൽ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗവിഭാഗക്കാരുള്ള പഞ്ചായത്തും ഇതു തന്നെയാണ്. രണ്ട് റവന്യൂ വില്ലേജുകളും 17 വാർഡുകളും ഉൾപ്പെടുന്നതാണ് ഈ പഞ്ചായത്ത്.

ജനകീയാസൂത്രണം ആരംഭിച്ച കാലം മുതൽ പഞ്ചായത്ത് ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി ഒട്ടേറെ പദ്ധതിക.ൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

പ്രത്യേക പരിഗണന അർഹിക്കുന്ന ഒരു വിഭാഗത്തിന് പഞ്ചായത്തിൽ ഒരു ബഡ്സ് സ്കൂൾ തുടങ്ങുന്നതിന് ഭരണസമിതി തീരുമാനമെടുത്തു. മാനസിക ശാരിരിക വെല്ലുവിളികൾ നേരിടുന്ന 180 ൽ പരം ആളുക.ൾ തിരുനെല്ലി ഗ്രാമപഞ്ചായത്തിലുണ്ട്. അതുകൊണ്ട് തന്നെ നടപ്പിലാക്കേണ്ട ഒരു പദ്ധതിയാണ് ബഡ്സ് സ്ഥാപനമെന്ന് ഭരണസമിതിക്ക് ബോദ്ധ്യപ്പെട്ടു. പഞ്ചായത്തിന്റെയും കുടുംബശ്രീയുടേയും മേൽനോട്ടത്തി.ൽ സ്കൂ.ൾ ആരംഭിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. പഞ്ചായത്തിലെ 18 വയസ്സിന് താഴെ പ്രായമുള്ള വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിവരങ്ങൾ കുടുംബശ്രീ സി ഡി എസ് ശേഖരിച്ചു. ലഭ്യമായ ലിസ്റ്റ് അനുസരിച്ച് ഡോക്ടറുടെ സഹായത്തോടെ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. മെഡിക്കൽ ക്യാമ്പി.ൽ നിന്നും ലഭിച്ച വിവരങ്ങൾ മുൻനിർത്തി കുട്ടികൾക്കാവശ്യമായ പഠന പാഠ്യേതര ഉപകരണങ്ങളും ഫർണ്ണിച്ചറുകളും വാങ്ങുന്നതിന് പഞ്ചായത്ത് തീരുമാനമെടുത്തു. 2019 ജൂ.ൺ 7-ാം തീയതി ബഹു. മാനന്തവാടി നിയോജക മണ്ഡലം എം എ.ൽ എ ശ്രീ. ഒ ആ.ർ കേളു ബഡ്സ് സ്കൂളിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. കുടുംബശ്രീ സംസ്ഥാന മിഷൻ നൽകിയ 1250000 രൂപയും പഞ്ചായത്തിൽ നിന്നും ലഭിച്ച 10 ലക്ഷം രൂപയും ഉൾപ്പടെ 2250000 രൂപയുടെ പദ്ധതിയായിരുന്നു പഞ്ചായത്ത് ആവിഷ്കരിച്ചത്.

21 കുട്ടികളുമായി ചേലൂരിലെ ഒരു വാടക വീട്ടിലായിരുന്നു പാരഡൈസിന്റെ തുടക്കം. സ്ഥാപനം തുടങ്ങി നാല് മാസം പൂർത്തിയാകുമ്പോഴേക്കും തൃശ്ശിലേരിയിൽ സ്ഥാപനത്തിന് സ്വന്തമായി ഒരു കെട്ടിടം ലഭിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പഴയ എൽ പി സ്കൂൾ കെട്ടിടം പാരഡൈസിന്റെ പ്രവർത്തനങ്ങൾക്കായി പൂർണ്ണമായും വിട്ടുനൽകി.

1.5 ഏക്കറോളം സ്ഥലത്ത് വ്യാപിച്ച് കിടക്കുന്നതാണ് നിലവിലെ ബഡ്സ് സ്കൂൾ. മൂന്ന് ക്ലാസ് റൂമുകളും, ഒരു കിച്ചണും, ഒരു ഓഫീസ് റൂമും, രണ്ട് തെറാപ്പി ഹട്ടുകളും, ഒരു ഓപ്പൺ സ്റ്റേജും, രണ്ട് സ്റ്റോർ റൂമുകളും, ഡിസേബിൾ ഫ്രണ്ട്ലിയായി 8 ടോയ്ലറ്റുകൾ, സ്വന്തമായി കിണർ എന്നിവ നിലവിലുണ്ട്. 5 വർഷം പൂർത്തിയായ സ്ഥാപനത്തി.ൽ 42 കുട്ടികൾ പരിശീലനം നേടുന്നുണ്ട്. സ്ഥാപനത്തിനായി കട്ടേഷൻ വിളിച്ചെടുത്ത വാഹനത്തിലാണ് കുട്ടികൾ സ്കൂളിലെത്തുന്നത്. മാനേജ്മെന്റ് കമ്മറ്റി, പിടിഎ, മദർ

പി ടി എ, സ്കൂൾ സ്റ്റാഫ് മീറ്റിംഗ് എന്നിവ കൃത്യമായി നടത്താറുണ്ട്.

രണ്ട് അദ്ധ്യാപകർ, ഒരു നൃത്ത അദ്ധ്യാപക.ൻ, ഒരു വാദ്യോപകരണ പരിശീലക.ൻ, രണ്ട് യോഗ ഫാക്കൽറ്റി, രണ്ട് ബാന്റ് പരിശീലക.ർ, രണ്ട് ഹെൽപ്പർമാ.ർ, ഒരു ഡ്രൈവ.ർ എന്നിവരടങ്ങുന്നതാണ് സ്ഥാപനത്തിലെ ജീവനക്കാർ.

തിരുനെല്ലി ഗ്രാമപഞ്ചായത്തിനും കുടുംബശ്രീ ജില്ലാ മിഷനും അഭിമാനകരമായ നേട്ടങ്ങൾ ഉണ്ടാക്കികൊടുത്ത സ്ഥാപനമാണ് തിരുനെല്ലി ബഡ്സ് സ്കൂ.ൾ.

സ്ഥാപനം തുടങ്ങിയ കാലം മുത.ൽ ബഡ്സ് കലോൽസവത്തി.ൽ ജില്ലയിലെ ഓവറോൾ ചാമ്പ്യൻമാർ

രാഷ്ട്രപതിയായതിനുശേഷം സംസ്ഥാനം സന്ദർശിച്ച രാജ്യത്തിന്റെ പ്രഥമ വനിതയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ സ്നേഹോപഹാരം നൽകിയത് തിരുനെല്ലി ബഡ്സ് സ്കൂളിലെ വിദ്യാർത്ഥി വരച്ച ചിത്രമാണ്.

സംസ്ഥാനത്ത് ഏറ്റവും മികച്ച രീതിയിൽ കുടുംബശ്രീ നടപ്പിലാക്കുന്ന അഗ്രിതെറാപ്പി പദ്ധതി വിജയപ്രദമായി ചെയ്യുന്ന സ്ഥാപനമാണ്. ഒരു ഏക്കറോളം സ്ഥലത്ത് വിവിധ തരത്തിലുള്ള പച്ചക്കറികൾ കൃഷി ചെയ്യുകയും അത് കുട്ടികളുടെ ഭക്ഷണത്തിന് വേണ്ടി വിനിയോഗിക്കുകയും ചെയ്ത് വരുന്നു.

കോവിഡ് മഹാമാരി കാലത്ത് 18 വയസ്സിന് മുകളിൽ പ്രായമുള്ള മുഴുവ.ൻ കുട്ടികൾക്കും വാക്സിനേഷ.ൻ ആദ്യമായി പൂർത്തീകരിച്ചത് ഈ സ്ഥാപനമാണ്.

മഹാമാരിയുടെ കാലഘട്ടത്തിൽ രാജ്യത്ത് മുഴുവനുമുള്ള വിഭിന്നശേഷിക്കാർക്ക് ഒരു സ്വകാര്യ ടെലിവിഷൻ ചാനലിലൂടെ ഓൺലൈൻ ക്ലാസ് സംവിധാനം കുടുംബശ്രീ വയനാട് ജില്ലാമിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിന് തുടക്കം കുറിച്ചതും ഇവിടെയാണ്.

നാഷണൽ ആയുഷ് മിഷൻ മാനന്തവാടിയുടെ നേതൃത്വത്തി.ൽ വിദഗ്ദ യോഗപരിശീലകരുടെ നേതൃത്വത്തിൽ സ്ഥാപനത്തിൽ ആഴ്ചയിൽ ഒരു ദിവസം കൃത്യമായി യോഗ പരിശീലനം നടത്തി വരുന്നു.

സ്ഥാപനം തുടങ്ങിയതിന് ശേഷം പങ്കെടുത്ത 3 സംസ്ഥാന ബഡ്സ് കലോൽസവങ്ങളി.ൽ ആദ്യ തവണ മൂന്നാം സ്ഥാനവും ബാക്കി രണ്ട് തവണ ഓവറോൾ കിരീടവും കരസ്ഥമാക്കിയിട്ടുണ്ട്.

ബഡ്സ് കലോൽസവങ്ങളിൽ സ്ഥാപനം ഒറ്റയ്ക്ക് നേടിയ പോയിന്റുക.ൾ രണ്ടാം സ്ഥാനം കിട്ടിയ ജില്ലകൾക്ക് മുഴുവൻ കിട്ടിയ പോയിന്റുകളേക്കാ.ൾ കൂടുതലാണ്. സ്ഥാപനത്തിൽ നൽകി വരുന്ന ചിട്ടയായ കലാ കായിക പരിശീലനമാണ് ഇതിന് കാരണം. സംസ്ഥാനത്ത് തന്നെ ഒരു റസിഡൻഷ്യ.ൽ ക്യാമ്പ് സംവിധാനത്തിൽ പരിശീലനം നൽകുന്ന ഏക സ്ഥാപനവും ഇതാണ്.

ആദ്യമായി മികച്ച കാർഷിക വിദ്യാലയത്തിനുള്ള സംസ്ഥാന സർക്കാരിന്റെ കാർഷിക അവാർഡ്

സംസ്ഥാന സർക്കാരിന്റെ ഉജ്ജ്വലബാല്യം പുരസ്കാരം ഈ വർഷം ലഭിച്ചത് തിരുനെല്ലി ബഡ്സ് സ്കൂളിലെ വിദ്യാർത്ഥിക്കാണ്.

കുടുംബശ്രീ മിഷൻ നൽകിയ 1250000 രൂപ ആദ്യമായി പൂർണ്ണതോതിൽ ചെലവഴിച്ചതും ഈ സ്ഥാപനമാണ്.

**37**

# സംയോജന മാതൃകയുടെ സംഘഗാഥ
# തിരുവല്ല നഗരസഭാ കുടുംബശ്രീ സംയോജന പ്രവർത്തനം

ജമീല എ

തിരുവല്ല നഗരസഭയിലെ വാർഡ് 5 ലെ നക്ഷത്ര, പുലരി, കൈരളി, ബിസ്മി എന്നീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾ ആണ് സംഘകൃഷിയിലെ സംയോജന മാതൃക സൃഷ്ടിച്ചിട്ടുള്ളത്. സംസ്ഥാനത്തു 11 സി.ഡി.എസ്സുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ചലനം മെന്ററർഷിപ് പ്രോഗ്രാമിൽ പത്തനംതിട്ടയിൽ തിരുവല്ല വെസ്റ്റ് സി.ഡി.എസ്സ് ആണ് ഉൾപ്പെട്ടിട്ടുള്ളത്. ചലനം മെൻററർഷിപ് പ്രോഗ്രാമിന്റെ ആദ്യ പ്രവർത്തനത്തിൽ ഒന്നായിരുന്നു സി.ഡി.എസ് അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിച്ച ത്രിദിന വിഷൻ ബിൽഡിങ് പരിശീലനം. ഈ പരിശീലനത്തിൽ പ്രധാനപ്പെട്ട ഒന്നാണ് ഉപസമിതി പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്ന ബൂട്ട് ക്യാമ്പ്.

വെസ്റ്റ് സി.ഡി.എസ്സിന്റെ നേതൃത്വത്തിൽ കോഴഞ്ചേരി മാരാമൺ റിട്രീറ് സെൻററിൽ വച്ച് നടന്ന പരിശീലനത്തിൽ ഈ ബൂട്ട് ക്യാമ്പിൽ വാർഡ് സഭ, തൊഴിലുറപ്പു ഉപസമിതിയുടെ പ്രവർത്തന മേഖലകൾ വിശദീകരിക്കുന്നതിനു അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി ഓവർസിയറും പങ്കെടുത്തിരുന്നു. ആ ബൂട്ട് ക്യാമ്പിൽ അന്ന് വാർഡ് 5 ൽ നിന്നും പങ്കെടുത്ത സിഡിഎസ് അംഗവും അടിസ്ഥാന സൗകര്യ വികസന ഉപസമിതി കൺവീനറുമായ ജമീല തൊഴിലുറപ്പു പദ്ധതി വഴി ഏതെല്ലാം പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയുമെന്ന് മനസിലാക്കുകയും തുടർന്ന് പരിശീലനം ശേഷം നടന്ന എ.ഡി.എസ് മീറ്റിംഗിൽ ജമീല തൊഴിലുറപ്പു പദ്ധതിയുടെ സംയോജന സാധ്യതയെ കുറിച്ച് അവതരിപ്പിക്കുകയുണ്ടായി.

സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി അയ്യൻകാളി നഗര തൊഴിലുറപ്പു പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനായി എ.ഡി.എസ് യോഗത്തിൽ

തീരുമാനിക്കുകയുണ്ടായി. ഇതിനായി ജെ.എൽ.ജി യൂണിറ്റുകൾ രൂപീകരിക്കാനും തൊഴിൽ കാർഡിന് അപേക്ഷിക്കുവാനും തീരുമാനിച്ചു. നക്ഷത്ര, പുലരി എന്നീ അയൽക്കൂട്ടങ്ങളിലെ അഞ്ച് അംഗങ്ങൾ ആണ് ആദ്യമായി മുൻപോട്ടു വന്നത്. നഗരസഭാ തൊഴിലുറപ്പ് ടീമുമായി ചേർന്ന് സി.ഡി.എസ്സിന്റെ കൂടെ പിന്തുണയോടെ ഈ അഞ്ചു അംഗങ്ങൾ തൊഴിൽ കാർഡ് എടുക്കുകയും സി.ഡി.എസ് ജെ.എൽ.ജി രജിസ്റ്റർ ചെയ്യുകയുമുണ്ടായി.

പിന്നീട് വാർഡ് കൗൺസിലറുടെയും മറ്റു കുടുംബശ്രീ അംഗങ്ങളുടെയും പിന്തുണയോടെ വാർഡിൽ തരിശു നിലങ്ങൾ ഉള്ളത് കണ്ടെത്തുകയും ആദ്യ ഘട്ടത്തിൽ വിവിധ ഇടങ്ങളിലായി കുടുംബശ്രീ അംഗങ്ങളുടെ ഉൾപ്പെടെ 6 പേരുടെ ഒന്നര ഏക്കറിലധികം സ്ഥലം കൃഷിക്കായി പാട്ടത്തിന് എടുക്കുകയും ചെയ്തു. സ്ഥലം ലഭ്യമായതിനെ തുടർന്ന് കൂടുതൽ കുടുംബശ്രീ അംഗങ്ങൾ സംഘ കൃഷിയിലേക്കു തിരിഞ്ഞു. പുതിയതായി എത്തിയവർക്കും തൊഴിൽ കാർഡ് ലഭ്യമാക്കി. തുടർന്ന് തൊഴിൽ കാർഡ് ലഭിച്ചവർക്ക് തൊഴിലുറപ്പ് ജോലി നൽകികൊണ്ട് നിലമൊരുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പിന്നീടുണ്ടായത്. ഇതിനായി തൊഴിലുറപ്പു മസ്റ്റർ റോൾ തയ്യാറാക്കി.

ആദ്യം രൂപീകരിച്ച ജെ.എൽ.ജി ഗ്രൂപ്പിന്റെ പ്രവർത്തനം കണ്ടു പിന്നീട് മുൻപോട്ടു വന്ന 40 അംഗങ്ങൾക്കു കൂടി തൊഴിൽ കാർഡ് നൽകി മസ്റ്റർ റോളിലുൾപ്പെടുത്തി തൊഴിലുറപ്പു ജോലി നൽകി. ഈ രീതിയിൽ കണ്ടെത്തിയ എല്ലാ തരിശു നിലങ്ങളിലും നിലമൊരുക്കി. അത് വരെ കാടു പിടിച്ചു കിടന്നിരുന്ന സ്ഥലങ്ങളൊക്കെ കുടുംബശ്രീ അംഗങ്ങളുടെ കൈകരുത്തിൽ നല്ല കൃഷിയിടങ്ങളായി മാറുകയായിരുന്നു. നിലമൊരുക്കിയതിനു ശേഷം വീണ്ടും എല്ലാ ജെ.എൽ.ജികളുടെയും യോഗം നടത്തുകയും ഓരോ ഗ്രൂപ്പും ഏതെല്ലാം വിളകൾ ആണ് കൃഷി ചെയ്യുന്നത് എന്നത് പരസ്പരം ആലോചിച്ചു തീരുമാനിക്കുകയും അതനുസരിച്ചു വിത്തുകൾ ലഭ്യമാക്കുകയും ചെയ്തു. വിജയിച്ച കൃഷി രീതികൾ മനസിലാക്കുന്നതിന് കുടുംബശ്രീയുടെ വെബ്സൈറ്റു പരിശോധിക്കുകയും പ്രാദേശിക കർഷകരോട് ബന്ധപ്പെടുകയും ചെയ്തു.

ഈ പരിശ്രമങ്ങൾക്കെല്ലാം അവസാനം പ്രാദേശികമായി സാധ്യതയുള്ള വിളകൾ ഓരോ ഗ്രൂപ്പും തെരഞ്ഞെടുത്തു. കപ്പ, ചേന, ചേമ്പ്, ഏത്തവാഴ വഴുതന, കുതിക്ക, മുളക്, പാവൽ, തക്കാളി, ചീര എന്നീ ഇനം വിളകൾ ആണ് കൃഷി ചെയ്യുന്നത്. 2024 ഡിസംബർ 29 നു വാർഡ് കൗൺസിലറുടെ സാന്നിദ്ധ്യത്തിൽ ആദ്യ വിത്തിറക്കൽ നടന്നു. പ്രധാനമായും ജൈവ വളങ്ങൾ ആണ് കൃഷിക്കുപയോഗിക്കുന്നതു. ജെ.എൽ.ജി ഗ്രൂപ്പുകളിലെ മൂന്നു അംഗങ്ങളുടെ വീടുകളിൽ നഗരസഭയിൽ നിന്നും നൽകിയ റിംഗ് കമ്പോസ്റ്റ് ബിൻ ഉപയോഗിച്ച് കമ്പോസ്റ്റ് വളം തയ്യാറാക്കി കരിയില ശേഖരിച്ചു പൊടിച്ചു കരിയില കമ്പോസ്റ്റും ഉണ്ടാക്കി. ആടുഗ്രാമം യൂണിറ്റിൽ ഉൾപ്പെട്ട ജെ.എൽ.ജി അംഗങ്ങളുടെ വീടുകളിൽ നിന്നും ആട്ടിൻ കാഷ്ഠം ശേഖരിച്ചു വളമാക്കി. ഇതിനൊക്കെ പുറമെ ചീര വഴുതന എന്നിവയ്ക്ക് കുഞ്ഞി വെള്ളം പുളിപ്പിച്ചു വളമാക്കി ഉപയോഗിച്ചു. ചീരയുടെ ആദ്യ വിളവെടുപ്പ് നടന്നു കഴിഞ്ഞു.

തൊഴിലുറപ്പിൽ ഉൾപ്പെടുത്തി നിലവിലുള്ള 6 ജെ.എൽ.ജി ഗ്രൂപ്പുകളിലെ എല്ലാ അംഗങ്ങളും 10 മുതൽ 42 വരെ തൊഴിൽ ചെയ്തിട്ടുണ്ട്. നിലവിലുള്ള ഈ ഗ്രൂപ്പുകളുടെ കൂട്ടായ പ്രവർത്തനത്തിൽ ആകൃഷ്ടരായി പുതിയതായി 11 പേര് കൂടി മുൻപോട്ടു വരികയും 55 സെന്റ സ്ഥലം. അധികമായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. സി.ഡി.എസ്. വാർഡ് കൗൺസിലർ, എൻ.യു.എൽ.എം. ചലനം മെന്റർ, അയ്യൻകാളി തൊഴിലുറപ്പു ടീം എന്നിവരുടെയെല്ലാം മികവാർന്ന സംയോജനത്തിലൂടെയാണ് ഇത്തരമൊരു മാതൃകാ പ്രവർത്തനത്തിനു തുടക്കമിടാൻ കഴിഞ്ഞത്. തളിർ, മലരുകൾ, ഹരിതം, കർഷകശ്രീ, ഹരിതമിത്രം, ഹരിതശ്രീ, മണ്ണിന്റെ മക്കൾ, നിലാവ്, പുലരി എന്നീ ഒൻപത് യൂണിറ്റുകൾ ആണ് നിലവിൽ പ്രവർത്തിക്കുന്നത്.

## 38

# 'സാക്ഷാത്ക്കാരം' ഷെൽട്ടർ ഹോം

ഷൈന ഷൈജു

തിരുവനന്തപുരം നഗരസഭയുടെ ഏറ്റവും മികച്ച ക്ഷേമ പദ്ധതികളിലൊന്നാണ് സാക്ഷാത്ക്കാരം ഷെൽട്ടർ ഹോം പദ്ധതി. കുടുംബശ്രീ എൻ.യു.എൽ.എം ഫണ്ട്, നഗരസഭ വിഹിതം എന്നിവ ഉൾപ്പെടുത്തി ആകെ 1,17,46,500 രൂപ ചെലവഴിച്ചു 65 പേർക്ക് താമസിക്കാനാകുന്ന സൗകര്യങ്ങളാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്. ഇത് കൂടാതെ സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, ജീവനക്കാരുടെ ശമ്പളം, അന്തേവാസികൾക്ക് ഭക്ഷണം നൽകുന്നത് എന്നിവക്കായി ഒരു വർഷത്തേക്ക് 600000 രൂപ നിരക്കിൽ 5 വർഷത്തേക് ആകെ 30 ലക്ഷം രൂപ ഒ & എം കോസ്റ്റ് എന്ന നിലയിൽ കുടുംബശ്രീ എൻ.യു.എൽ.എം ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. നഗരസഭയിലുടനീളം പ്രാഥമിക സർവ്വേ നടത്തി ഭിക്ഷാടകരെ കണ്ടെത്തി ആരോഗ്യ പ്രവർത്തകർ, പോലീസ് എന്നിവരുടെ സഹായത്തോടെ ഇവരെ ഷെൽട്ടർ ഹോമിലേക് കൊണ്ട് വരുന്നു. ഇങ്ങനെ കൊണ്ട് വരുന്ന ഭിക്ഷാടകരെ പ്രാഥമിക ആരോഗ്യ പരിശോധനക്ക് വിധേയമാക്കി നിലവിലെ ആരോഗ്യ

സ്ഥിതി വിലയിരുത്തുന്നു. ആരോഗ്യ സംരക്ഷണം ആവശ്യമുള്ളവർക്ക് ആവശ്യമായ ചികിത്സ, മരുന്ന് എന്നിവ നൽകുകയും തുടർ ചികിത്സ ആവശ്യമുള്ള പക്ഷം വയോമിത്രം പദ്ധതിയിലുൾപ്പെടുത്തി തുടർ ചികിൽസ ലഭ്യമാക്കുകയും ചെയുന്നു. ആരോഗ്യ മേഖയിലെ വിദ്ഗ്ധരുടെ സഹായത്തോടെ തയ്യാറാക്കിയ മെനു പ്രകാരം ചായ, ലഘുഭക്ഷണം എന്നിവ ഉൾപ്പെടെ മൂന്നു നേരം ഭക്ഷണം നൽകി വരുന്നു. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വയോമിത്രം പദ്ധതിയുമായി ചേർന്നുള്ള സംയോജന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയാണ് ഷെൽട്ടർ ഹോമിലെ അന്തേവാസികൾക്ക് മാസത്തിലൊരിക്കൽ ഹെൽത്ത് ക്യാമ്പ്, മറ്റു ചികിത്സ സൗകര്യങ്ങൾ ഒരുക്കുന്നത്. ഇതിനു പുറമെ സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നുണ്ട്. അന്തേവാസികൾക്ക് മാനസികോല്ലാസത്തിനുള്ള വിനോദ ഉപകരണങ്ങൾ, ഇൻഡോർ ഗെയിംസ് എന്നിവ ഇവിടെ ക്രമീകരിച്ചിട്ടുണ്ട്. ഇവിടെ എത്തുന്ന അന്തേവാസികൾക്ക് അടിസ്ഥാനപരമായ സേവനങ്ങൾ ലഭിക്കുന്നതിന് ആവശ്യമായ തിരിച്ചറിയൽ രേഖകൾ സാമൂഹിക സുരക്ഷാ സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് പിന്തുണാ സേവനങ്ങൾ ലഭ്യമാക്കി വരുന്നു. എൻ.യു.എൽ.എം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി പ്രാപ്തിയുള്ള അന്തേവാസികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായി സ്കിൽ പരിശീലനം നൽകികൊണ്ട് സൂക്ഷ്മ സംരംഭവികസനത്തിന്റെ ഭാഗമാക്കുന്നതിനും സാമൂഹികമായും സാമ്പത്തികമായും മുഖ്യധാരയിലെത്തിക്കുന്നതിനുള്ള സേവനങ്ങൾ കൂടി ഇതിൽ ഉൾച്ചേർക്കുന്നതിനും നഗരസഭാ ആസൂത്രണം നടത്തി വരുകയാണ്.

## 39

# കുടുംബശ്രീ ആസ്ഥാന മന്ദിരം തൃശൂർ കോർപ്പറേഷൻ സംയോജന പ്രൊജക്റ്റ്

റജില കൃഷ്ണകുമാർ

തൃശൂർ കോർപ്പറേഷനിലെ കുടുംബശ്രീ പ്രവർത്തകരുടെ സ്വപ്നമായിരുന്നു കുടുംബശ്രീക്ക് സ്വന്തമായി ഒരു ഓഫീസ് കെട്ടിടം എന്നത്. 2023 ന്റെ തുടക്കം വരെ തൃശൂർ കോർപ്പറേഷൻ ഓഫീസിന്റെ മുൻഭാഗത്തുള്ള ഒരു ചെറിയ മുറിയിലാണ് തൃശൂർ കോർപ്പറേഷനിലെ ഇരു സി.ഡി.എസുകളും പ്രവർത്തിച്ചിരുന്നത്. സി ഡി എസ് ഭരണ സംവിധാനം വേണ്ട രീതിയിൽ പ്രവർത്തിക്കാനോ, യോഗങ്ങൾ ചേരാനോ ഉള്ള അടിസ്ഥാന സൗകര്യങ്ങളൊന്നും തന്നെ അന്നുണ്ടായിരുന്നില്ല. 2018-19 ൽ അന്നത്തെ കോർപ്പറേഷൻ ഭരണസമിതി ഇതിനുവേണ്ടി കണ്ണംകുളങ്ങരക്കടുത്ത് സ്ഥലം അനുവദിക്കുകയും നഗര സഭ പ്ലാൻ ഫണ്ടിൽ നിന്ന് 45 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു. എന്നാൽ 2019 -20 ലാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. അങ്ങനെ 2022-23 ൽ മൂന്നു നിലകളിലായി, 16000 ചതുരശ്ര അടിയിലായി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി. ആകെ 1,72,87,516 രൂപ കെട്ടിട നിർമാണത്തിനും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനായി ചിലവഴിച്ചാണ് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചത്. 2023 ഏപ്രിൽ 7 നു ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് വകുപ്പ് മന്ത്രി ശ്രീ.എം ബി രാജേഷ്, തൃശൂർ കോർപ്പറേഷൻ കുടുംബശ്രീ ആസ്ഥാന മന്ദിരം ഉദ്ഘാടനം ചെയ്തു.

ഈ കെട്ടിടത്തിന്റെ താഴത്തെ നിലയിൽ തൃശൂർ കോർപ്പറേഷനിലെ ഇരു സി.ഡി.എസുകൾക്കും പ്രവർത്തിക്കാനാവശ്യമായ സൗകര്യങ്ങളോടു കൂടിയ ഓഫീസ് സംവിധാനവും, ഒന്നാം നിലയിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ഇരുന്നൂറോളം പേർക്ക് ഒരേ സമയം ഇരിക്കാവുന്ന കോൺഫറൻസ് ഹാളും, രണ്ടാം നിലയിൽ വനിതകൾക്ക് കുറഞ്ഞ നിരക്കിൽ സുരക്ഷിതമായ താമസ സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ 36 കിടക്കകൾ ഉള്ള ഷീ ലോഡ്ജും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാം നിലയിലായി വനിതകൾക്കുവേണ്ടി ജിംനേഷ്യവും നിർമ്മിച്ചുകൊണ്ടിരിക്കുന്നു. എല്ലാ നിലകളിലേക്കും ലിഫ്റ്റ് സൗകര്യവും, ജനറേറ്റർ സംവിധാനവും, എല്ലാ നിലകളിലും ടോയ്ലറ്റ് സൗകര്യവും ഉണ്ട്. കൂടാതെ ഓഫീസ് കെട്ടിടത്തിന് മുമ്പിലായി ഒരു കാന്റീൻ കെട്ടിടവും നിർമ്മിച്ച് നൽകിയിട്ടുണ്ട്. നിലവിൽ ഒരു കുടുംബശ്രീ വനിതാ സംരംഭക യൂണിറ്റ് ഈ ക്യാന്റീനിന്റെ പ്രവർത്തനം ഏറ്റെടുത്ത് നടത്തിവരുന്നു.

ദാരിദ്ര്യ നിർമ്മാർജ്ജന, സ്ത്രീ ശാക്തീകരണ മേഖലയിൽ ലോകത്തിന് തന്നെ മാതൃകയാണ് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ. കുടുംബശ്രീയുടെ പ്രവർത്തനങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് എത്രത്തോളം പങ്കാളികളാകാം എന്നതിനൊരു ഉത്തമോദാഹരണമാണ് തൃശൂർ കോർപ്പറേഷൻ നിർമ്മിച്ച് നൽകിയ ഈ ബഹുനിലകെട്ടിടം. ഇത് ചരിത്രത്താളുകളിൽ തങ്കലിപികളിൽ രേഖപ്പെടുത്തപ്പെടും എന്നത് തീർച്ചയാണ്.

40

# അട്ടപ്പാടി വനസുന്ദരി 'വനസുന്ദരി' ഹെർബൽ ചിക്കന്റെ പിറവി

പ്രഭാകരൻ എം മേലത്ത്

2018-ൽ കുടുംബശ്രീ കൂടുതൽ വനിതകൾക്ക് വിവിധ തൊഴിലുകൾ നൽകുന്നതിന്റെ ഭാഗമായി AIFRHM മുഖേന അട്ടപ്പാടിയിൽ 32 ദിവസത്തെ ക്യാറ്ററിംഗ് പരിശീലനം നടത്തുകയുണ്ടായി. ഈ പരിശീലന പരിപാടിക്കിടെ അവിടത്തെ ഗോത്ര വനിതകളുടെ നൈപുണ്യം മനസ്സിലാക്കുന്നതിനായി പ്രാദേശിക വിഭവങ്ങൾ ഉൾപ്പെടുത്തി ഗ്രൂപ്പുകളായി പാചക രീതികൾ പരീക്ഷിച്ചു. ഈ പരിശീലനത്തിനാണ് അട്ടപ്പാടിയിലെ തദ്ദേശീയ വനിതകൾ 'കോയി ജീരക' എന്നറിയപ്പെടുന്ന അട്ടപ്പാടിയിലെ ഔഷധസസ്യം ചേർത്തുകൊണ്ട് ഭക്ഷണം ഉണ്ടാക്കിയപ്പോൾ തിരിച്ചറിഞ്ഞ വളരെ വ്യത്യസ്തവും സുഗന്ധവും രുചിവൈഭവമുള്ള വന സുന്ദരി ചിക്കൻ എന്ന പുതിയ ഭക്ഷണക്കൂട്ട് പിറക്കുന്നത്.

'കോയി ജീരക' (Wild Cumin) അട്ടപ്പാടിയിൽ മാത്രം കണ്ടു വരുന്ന ഔഷധസസ്യമാണ് ഇത്. ഭക്ഷണത്തിൽ ചേർക്കുമ്പോൾ പ്രത്യേക രുചിയും സുഗന്ധവുമുള്ള ഈ സസ്യം ഇവിടത്തുക്കാർക്ക് വളരെ സ്വീകാര്യമാണ്. ദഹനപ്രക്രിയയ്ക്കും ഈ ചെടി പ്രധാന ഔഷധവുമാണ്. പച്ചക്കുരുമുളക്, പച്ചകാന്താരി, കോഴിജീരകം എന്നിവയെല്ലാം പ്രത്യേക അനുപാതത്തിൽ മസാലക്കൂട്ട് ഉണ്ടാക്കുമ്പോൾ, പച്ചനിറത്തിൽ തന്നെയാണ് കാണപ്പെടുന്നത്. കാട്ടിൽ നിന്നും ലഭിക്കുന്ന കോയി ജീരക ഇതിന് പ്രധാന ചേരുവ ആയപ്പോൾ വന സുന്ദരി ഹെർബൽ ചിക്കൻ എന്ന നാമധേയം അംഗീകരിക്കപ്പെട്ടു.

## സ്ത്രീ ശാക്തീകരണത്തിന്റെ ഉത്തമ മാതൃക

അട്ടപ്പാടിയിൽ നിന്നും പുറത്തുപോയി തൊഴിൽ ചെയ്യാരുന്ന സാധാരണ സ്ത്രീകളെ മികച്ച കച്ചവടക്കാരായി മാറ്റിയത് കുടുംബശ്രീയാണ്. വന സുന്ദരി ഹെർബൽ ചിക്കൻ അട്ടപ്പാടിൽ നിന്നും മലയാളം സംസാരിക്കാൻ മടിയും ബുദ്ധിമുട്ടുമുള്ള അവിടെത്തെ സാധാരണ കുടുംബശ്രീ പ്രവർത്തകർ കഫേ യൂണിറ്റ് വഴി അന്താരാഷ്ട്ര തലത്തിൽ മികച്ചവരാക്കി മാറ്റിയത്. അട്ടപ്പാടി കിലയിൽ ആരംഭിച്ച കഫേ യൂണിറ്റ് അംഗങ്ങളാണ് ആദ്യഘട്ടത്തിൽ വന സുദ്ധരി ഉത്പന്നങ്ങളുമായി പുറത്തേയ്ക്ക് സഞ്ചരിച്ചു വന്നത്.

2018 ൽ പട്ടാമ്പിയിൽ നടന്ന ദേശീയ സരസ്സ് മേളയിലാണ് ആദ്യമായി വന സുന്ദരി ചിക്കൻ പരിചയപ്പെടുത്തുന്നത്. വന സുന്ദരി ഹെർബൽ ചിക്കൻ എന്ന പേരും വ്യത്യസ്തമായ രുചിക്കൂട്ടുകൾ കൊണ്ടുള്ള ഈ വിഭവം മേളയിൽ ശ്രദ്ധിക്കപ്പെട്ടതോടെ വന സുന്ദരി ചിക്കൻ സ്റ്റാറായി തുടങ്ങിയിരുന്നു. ഇന്ന് ജില്ലകളും സംസ്ഥാനവും കടന്ന് മറ്റു സംസ്ഥാനങ്ങളിൽ കുടുംബശ്രീയുടെ വ്യക്തിമുദ്രപതിപ്പിക്കുന്ന സംരംഭമായി മാറിയിട്ടുണ്ട്. ഡൽഹിയിൽ ഏറ്റവും അടുത്ത ആരംഭിച്ച കഫേ യൂണിറ്റിൽ അട്ടപ്പാടിയുടെ വന സുന്ദരി ചിക്കൻ ലഭ്യമാക്കി തുടങ്ങിയിട്ടുണ്ട്.

വിവധ മേളകളിൽ പങ്കെടുപ്പിച്ചുകൊണ്ട് വലിയ ലാഭവുമായി വന സുന്ദരി യൂണിറ്റ് അംഗങ്ങൾ തിരിച്ചു വരുമ്പോൾ അത് അട്ടപ്പാടിയ്ക്ക് പുറത്ത് പോകാൻ മടിയും ഭയവുമുള്ള സാധാരണ മറ്റു വനിതകൾക്ക് പ്രചോദനം നൽകുന്നു.

## ബ്രാന്റഡ് ഫുഡ്

വന സുന്ദരി ചിക്കന്റെ പേരും പേരുമയും ദേശങ്ങൾ താണ്ടിയപ്പോൾ സംസ്ഥാന സർക്കാർ നടപ്പിലാക്കി ജനകീയ പ്രവർത്തനമായ കേരളീയത്തിലൂടെ കേരളത്തിന്റെ 10 ബ്രാന്റഡ് ഭക്ഷണങ്ങളിൽ വന സുന്ദരി ചിക്കൻ വിഭവത്തെ ഉൾപ്പെടുത്തി കുടുംബശ്രീയെ പ്രോത്സാഹിപ്പിച്ചു. കൂടാതെ അട്ടപ്പാടിൽ നിന്നും തന്നെയുള്ള കുടുംബശ്രീയുടെ മുളയരിപ്പായസവും ബ്രാൻഡ് ചെയ്യപ്പെട്ടു. വന സുന്ദരി ചിക്കൻ വിഭവത്തോടൊപ്പം മുളയരിപ്പായസം, 7 ഔഷധക്കൂട്ടകൾ അടങ്ങിയ ഊരുകാപ്പി (ഹർബൽ കോഫി), ചെറുധാന്യങ്ങൾ ഉൾപ്പെടുത്തി മുളക്കുറ്റിയിൽ ആവികയറ്റി വേവിച്ചെടുക്കുന്ന 'സോലെ മിലൻ' ചിക്കൻ വിഭവവും കുടുംബശ്രീ കഫേയിലൂടെ വിതരണം ചെയ്തു വരുന്നു.

കേരളീയ പരിപാടിയിൽ 15.63 ലക്ഷം രൂപയുടെ വിറ്റുവരവ് ഉണ്ടാക്കി ഏറ്റവും കൂടുതൽ വിപണനം നടന്ന യൂണിറ്റായി അട്ടപ്പാടി വന സുന്ദരി യൂണിറ്റ് അംഗീകരിക്കപ്പെട്ടു. 2019 മുതൽ കേരളത്തിലും വിവിധ സംസ്ഥാനങ്ങളിൽ നടക്കുന്ന ഇന്ത്യ ഫുഡ് കോർഡുകളിൽ ഏറ്റവും മികച്ച ഭക്ഷണ സ്റ്റാളിനുള്ള അംഗീകാരം പലപ്പോഴും അട്ടപ്പാടി വന സുന്ദരി യൂണിറ്റിന് ലഭിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ 52 ലക്ഷം രൂപയുടെ വിറ്റ് വരവ് അട്ടപ്പാടി കഫേ യൂണിറ്റുകൾക്ക് ഉണ്ടായി. ഈ സാമ്പത്തിക വർഷം ഇതുവരെ 33.24 ലക്ഷം രൂപയുടെ വിറ്റ് വരവാണ് യൂണിറ്റുകൾക്ക് ലഭിച്ചിട്ടുള്ളത്. 2025 ൽ ചെങ്ങന്നൂരിൽ നടന്ന ദേശീയ സരസ്സ് മേളയിൽ 16.22 ലക്ഷം രൂപയുടെ വില്പന നടത്തി കഫേ യൂണിറ്റുകളിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. നിലവിൽ വന സുന്ദരി ചിക്കനുമായി ബന്ധപ്പെട്ട് 6 യൂണിറ്റുകളിലായി 42 വനിതകൾ ഇന്ത്യയിൽ ഏവിടെയും സഞ്ചരിച്ച് വന സുന്ദരി ചിക്കൻ വിഭവം വില്പന നടത്താനായി സന്നദ്ധമാണ്.

41

# കുടുംബശ്രീ ഇന്നലെ ഇന്ന് നാളെ

ഹേമലത സി.കെ.

**സംഗ്രഹം**

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ തുടർച്ചയായി ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തിനായി രൂപീക രിക്കപ്പെട്ട കുടുംബശ്രീ പ്രസ്ഥാനം ലോകത്തിന് തന്നെ പകരം വയ്ക്കാനില്ലാത്ത മാതൃകയായി മാറിക്കഴിഞ്ഞു. സ്ത്രീകൾ നയിക്കുന്ന സ്ത്രീകളുടെ സംവിധാനം സമാനതകളില്ലാത്ത ഒരു നിശബ്ദ വിപ്ലവമാണ്. സാധാരണ ഏതൊരു ദൗത്യവും പുരുഷ കേന്ദ്രീകൃത മായിരുന്നുവെങ്കിൽ അതിൽ നിന്നും വ്യത്യസ്തമായി സ്ത്രീകൾ ചുമതലക്കാരായ ഒരു സംഘടനാ സംവി ധാനമായി നിർമ്മിക്കപ്പെട്ടപ്പോൾ ഇത് വിഭാവനം ചെയ്തവർ പോലും ഈ പ്രസ്ഥാനം ചരിത്രത്തിന്റെ ഏടുകളിൽ കുറിയ്ക്കപ്പെടുന്ന ഒന്നായി മാറുമെന്ന് ചിന്തി ച്ചിരുന്നോ എന്നറിയില്ല. കുടുംബശ്രീയുടെ ഇന്നലെ കളുടെ ചരിത്രം, ഇന്നിന്റെ വർത്തമാനം, നാളെയുടെ രൂപരേഖ എന്നിവയാണ് ഈ അവതരണത്തിൽ ചർച്ച യ്ക്ക് വിധേയമാക്കപ്പെടുന്നത്.

1998 ൽ ആലപ്പുഴ മാതൃകയും മലപ്പുറം മാതൃകയും മുന്നിൽ വച്ചു കൊണ്ട് കുടുംബശ്രീയെന്ന തൃതല സംഘടനാ സംവിധാനത്തിന് തുടക്കം കുറിയ്ക്കപ്പെ ട്ടു. ആദ്യ ഘട്ടമെന്ന നിലയിൽ നഗരപ്രദേശങ്ങളിലും ഘട്ടം ഘട്ടമായി ഗ്രാമപ്രദേശങ്ങളിലേയ്ക്കും വ്യാപിച്ചു. അതുവരെ വീട്ടകങ്ങളിൽ മാത്രം ഒതുങ്ങിക്കൂടിയിരുന്ന സ്ത്രീകൾ പെട്ടെന്ന് പൊതുയിടങ്ങളിലേയ്ക്ക് എത്തപ്പെ ട്ടപ്പോഴുണ്ടായ അങ്കലാപ്പ് കാലക്രമേണ ആത്മവിശ്വാ സത്തിനു വഴിമാറി. വീട്ടു ചെലവുകൾക്കായി കിട്ടിയി രുന്ന ചെറിയ തുകകൾ മിച്ചം പിടിച്ച് സാമ്പാദ്യമാക്കി, അതിൽ നിന്നും വായ്പകളായി, ധന ഇടപാടുകളിൽ ബാങ്കുകളുടെ വിശ്വാസം പിടിച്ചു പറ്റി ബാങ്ക് വായ്പകൾ സംഘടിപ്പിച്ചു. സാവധാനം സൂക്ഷ്മ സംരംഭങ്ങളിലൂ ടെയും പാട്ടക്കൃഷിയിലൂടെയും സ്വന്തമായി വരുമാനം എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേർന്നു. കുടുംബശ്രീ യുടെ ഇന്നലെകൾ ഈ അവതരണത്തിൽ ചർച്ചക്ക് വിധേയമാക്കപ്പെടുന്നു.

2008 കുടുംബശ്രീയുടെ ചരിത്രത്താളുകളിലെ മറക്കാ നാവാത്ത ഏടായി കുറിയ്ക്കപ്പെട്ട ഒരു വർഷമാണ്. കുടുംബശ്രീ സി ഡി എസ് ബൈലോയിലും തെര ഞ്ഞെടുപ്പ് നടപടിക്രമങ്ങളിലും സമൂലമായ മാറ്റം കൊണ്ട് വന്ന വർമായിരുന്നു അത്. അവിടെ നിന്നും കുടുംബശ്രീ അഭൂതപൂർണ്ണമായ കുതിച്ചു ചാട്ടമാണ് നടത്തിയത്. തൃതല സംഘടനാ സംവിധാനത്തിന് സംവിധാനത്തിനുള്ളിലെ അംഗങ്ങൾ നേതൃത്വം കൊടുത്ത പരിശീലന പരമ്പരകൾ ഉണ്ടായി. ബൈലോയും തെരഞ്ഞെടുപ്പ് ചട്ടങ്ങളും ഓരോ അയൽക്കൂട്ട അംഗത്തിനും ഹൃദിസ്ഥമായി. ബാങ്ക് വായ്പാ തുക വർദ്ധിപ്പിച്ചു നൽകാൻ ബാങ്കുകൾ തയ്യാറായി. സൂക്ഷ്മ സംരംഭങ്ങൾ പലയിടങ്ങളിലും സമഗ്രയിലേയ്ക്ക് വളർന്നു. പാട്ടക്കൃഷി സ്വന്തം കൃഷി യിലേക്ക് കൂടെ വഴിമാറി. ബാലസഭകൾ വളർന്നു, ശക്തിപ്പെട്ടു. നിരാലംബർക്ക് കുടുംബശ്രീ തുണയാ കുന്ന കാഴ്ചകൾ വ്യാപകമായി. സ്ത്രീപദവിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ തുറന്ന വേദികളിൽ ചർച്ച ചെയ്യപ്പെട്ടു, പദവി പഠനങ്ങൾ ഉണ്ടായി. ഇന്നിന്റെ കുടുംബശ്രീ ഇവിടെ ചർച്ച ചെയ്യപ്പെടുന്നു.

കുടുംബശ്രീയുടെ വിജയകഥകൾക്കൊപ്പം ചേർത്ത് പറയാൻ ചില ന്യൂനതകൾ കൂടെയുണ്ട്. 25 വർഷം പൂർത്തിയാക്കിയ കുടുംബശ്രീ ഇനി പുതിയ ദിശയിലേ യ്ക്ക് നീങ്ങേണ്ടത് അനിവാര്യമാണ്. 25 വർഷങ്ങൾക്കിപ്പു റവും സ്വതന്ത്ര സംവിധാനമെന്ന നിലയിലേയ്ക്ക് വളരാൻ സംഘടനാ സംവിധാനത്തിന് കഴിഞ്ഞിട്ടില്ല. തങ്ങളുടെ പ്രദേശത്തിന് ആവശ്യമായ പദ്ധതികൾ രൂപീകരിക്കാ നും മിഷന് നല്കാനും അവ നടപ്പിലാക്കാനും കഴിയുന്ന തരത്തിൽ സംഘടനാ സംവിധാനം വളരേണ്ടതുണ്ട്. സൂക്ഷ്മ സംരംഭങ്ങളിൽ നിന്നും ചെറുകിട സംരംഭങ്ങളി ലേയ്ക്ക് വളരാനുള്ള പശ്ചാത്തലം നിലവിലുള്ളവയ്ക്ക് ലഭ്യ മാക്കണം. കുറച്ചു കൂടെ ശക്തമായ വിപണന തന്ത്ര ങ്ങൾ ആവിഷ്കരിക്കണം. Value chain കൾ ഉണ്ടായി വരണം. പരമ്പരാഗത കൃഷിയിൽ നിന്നും mechanised കൃഷി രീതികളിലേയ്ക്ക് മാറാൻ സാധിക്കണം. കാർഷിക ഉത്പന്നങ്ങൾ നേരിട്ട് വിപണനം ചെയ്യുന്നതോടൊപ്പം മൂല്യ വർദ്ധിത ഉത്പന്നങ്ങൾ കൂടെ പ്രോത്സാഹിപ്പിക്ക പ്പെടണം. ഇവയൊക്കെ കൃത്യമായി നടപ്പിലാക്കാൻ നിലവിലെ പിന്തുണാ സംവിധാനങ്ങളെ ശക്തിപ്പെ ടുത്തുന്നതോടൊപ്പം പുതിയ പിന്തുണാ സംവിധാന ങ്ങളെ സംഘടനാ സംവിധാനത്തിനകത്ത് നിന്നും തന്നെ കണ്ടെത്തി ശക്തിപ്പെടുത്തണം.

ഇത്തരത്തിൽ മാറി ചിന്തിക്കുന്ന, സ്വയം സജ്ജരായ ഒരു സ്ത്രീ സമൂഹം, പൊതു സമൂഹത്തിൽ തന്റെ ഇടം സ്വയം അടയാളപ്പെടുത്തി വരണം

42

# കുടുംബശ്രീ സംഘടനാ സംവിധാനം സംയോജന സാധ്യതകൾ

റെജീന റ്റി.എം.

**സംഗ്രഹം**

വ്യത്യസ്തങ്ങളായ സാമൂഹ്യ ഇടപെടലുകളിലൂടെ സ്ത്രീ ശാക്തീകരണത്തിന്റെ ചാലകമായി പ്രവർത്തിക്കുന്ന സംഘടനയാണ് കുടുംബശ്രീ. സ്ത്രീശാക്തീകരണത്തിന്റെ ഈ കേരള മാതൃക ഇന്ന് ഏഷ്യയിലെ ഏറ്റവും വലിയ സ്ത്രീ കൂട്ടായ്മയിലൊന്നായി മാറി കഴിഞ്ഞിരിക്കുന്നു. സാമൂഹിക മുന്നേറ്റത്തിനനുസരിച്ച് മാറുന്നു എന്നതാണ് ഈ സംഘടനയെ മറ്റ് സമാന സംഘടനകളിൽ നിന്നും വേറിട്ട് നിർത്തുന്നത്. ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തിൽ തുടങ്ങി സാമൂഹ്യ ശാക്തീകരണത്തിലൂടെ സ്ത്രീ ശാക്തീകരണം സാധ്യമാക്കുകയാണ് കുടുംബശ്രീ ചെയ്ത് വരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പങ്കാളി എന്ന രീതിയിൽ ആണ് കുടുംബശ്രീ പ്രവർത്തിച്ച് വരുന്നത്. അധികാര വികേന്ദ്രീകരണത്തിന്റെ സാധ്യതകളും അവസരങ്ങളും ഉപയോഗപ്പെടുത്തി കൊണ്ട് തന്നെയാണ് കുടുംബശ്രീ സംവിധാനം കേരളത്തിൽ വിപുലമായത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയും സംരക്ഷണവും കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ഓരോ തലങ്ങളിലും പ്രാരംഭ ഘട്ടം മുതൽ തന്നെ ഉണ്ടായിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വനിത ഘടക പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്കുള്ള വ്യത്യസ്ത പദ്ധതികളാണ് കഴിഞ്ഞ രണ്ടു ദശകങ്ങളായി നമ്മുടെ സംസ്ഥാനത്ത് രൂപീകരിച്ച് നിർവ്വഹണം നടത്തി വരുന്നത്. ഘടനയിലും ഉള്ളടക്കത്തിലും പ്രവർത്തന രീതികളിലും സ്വീകരിക്കപ്പെട്ട സവിശേഷതകൾ മൂലം ഈ സംഘടനാ സംവിധാനത്തിന് ലഭ്യമായ സ്വീകാര്യത അതിശയിപ്പിക്കുന്ന രീതിയിലായിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് അർഹരായ ഗുണഭോക്താക്കളെ നൽകുന്നതിലൂടെ കുടുംബശ്രീ വികേന്ദ്രീകാസൂത്രണത്തിന്റെ യഥാർത്ഥ അന്തസത്ത അർഹരായവരിലേക്ക് എത്തിക്കുന്നതിന് കാര്യക്ഷമമായ ഇടപെടലാണ് നടത്തി വരുന്നത്. കേവലം സ്ത്രീ ശാക്തീകരണത്തിനപ്പുറത്തേക്ക് സാമൂഹ്യക്ഷേമം ഉറപ്പ് വരുത്തുന്നതിനായുള്ള വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളാണ് ഈ സംഘടനയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്. സ്ത്രീകളോടൊപ്പം തന്നെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും വ്യത്യസ്ത കാരണങ്ങളാൽ മാറി നിന്നവരെയും മാറ്റി നിർത്തപ്പെട്ടവരെയും മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനായി കുടുംബശ്രീ തുടക്കം മുതൽ തന്നെ വിപുലമായ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഇക്കാരണങ്ങളാൽ സാമൂഹ്യക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെയും സംഘടനകളുടെയും ക്ഷേമ പ്രവർത്തനങ്ങളിൽ എന്നും കുടുംബശ്രീയ്ക്ക് വ്യക്തമായ പങ്ക് ഉള്ളതാണ്. കേവലം തനത് പ്രവർത്തനങ്ങൾക്കപ്പുറത്തേക്ക് സ്ത്രീകളുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും ഉന്നമനത്തിനായി നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി കുടുംബശ്രീ എന്ന സംഘടനയ്ക്ക് വിവിധ സർക്കാർ, അർദ്ധസർക്കാർ വകുപ്പുകളുമായും സേവന സംഘടനയുമായും ചേർന്ന് നിരവധി സംയോജന സാധ്യതകൾ ഉപയോഗപ്പെടുത്തി വരുന്നതാണ്. ഐക്യരാഷ്ട്ര സംഘടന മുന്നോട്ട് വക്കുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ എല്ലാ പ്രധാന മേഖലയിലും കുടുംബശ്രീയുടെ കാര്യക്ഷമമായ ഇടപെടലുകൾക്ക് സാധ്യതയുണ്ട്. ഈ സാധ്യതകൾ മനസ്സിലാക്കി അവ ഉപയോഗപ്പെടുത്തി കൊണ്ടാണ് കുടുംബശ്രീ മുന്നോട്ട് പോകുന്നത്. പ്രാദേശിക സാമ്പത്തിക വികസനം, കാർഷിക മേഖല, ഭക്ഷ്യ സുരക്ഷ, തൊഴിൽ പങ്കാളിത്തം, സാമൂഹ്യനീതി, പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ മുഖ്യധാരാവത്ക്കരണം തുടങ്ങി എല്ലാ വികസന മേഖലകളിലും പ്രധാന നിർവ്വഹണ ഏജൻസി ആയും ശക്തി സ്രോതസ്സ് ആയും കുടുംബശ്രീ ശക്തമായി നിലകൊള്ളുകയാണ്.

ഇത്തരത്തിൽ ഗുണപരമായ ഇടപെടൽ നടക്കുമ്പോൾ തന്നെ വിവിധ വകുപ്പുകൾ കുടുംബശ്രീ കമ്മ്യൂണിറ്റി നെറ്റവർക്കിന്റെ തത്വസംഹിത മനസ്സിലാക്കാതെ ഇടപെടുന്നത് കുടുംബശ്രീ സംഘടനാ സംവിധാനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനവും കുടുംബശ്രീയും പരസ്പരം പൂരകമായി പ്രവർത്തിക്കുന്ന സംവിധാനമായി നിലകൊള്ളേണ്ടതെങ്കിലും എന്നാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പ്രാധാന്യം മനസ്സിലാക്കാതെയും, സംഘടനയുടെ അനുഭവ സമ്പത്തും പരിജ്ഞാനവും പരിഗണിക്കാതെയും ഉള്ള സമീപന രീതിയാണ് സ്വീകരിക്കുന്നതെന്ന് കാണുന്നു. ഇത് കുടുംബശ്രീയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളുടെ വ്യതിചലനത്തിന് കാരണമാകുന്നുണ്ട്. ഇപ്രകാരം നിലവിലെ പോരായ്മകൾ കൂടി ചർച്ച ചെയ്യുകയും ഇതിന്റെ പരിഹാരമാർഗ്ഗങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് ഈ പ്രബന്ധം അവസാനിപ്പിക്കുന്നത്.

43

# കുടുംബശ്രീ സംഘടനാ ശാക്തീകരണം സാമൂഹ്യ പിന്തുണാ സംവിധാനങ്ങളിലൂടെ

സലീന എൻ.എസ്.

**സംഗ്രഹം**

ലോകത്തിന് മാതൃകയായ സ്ത്രീകൂട്ടായ്മയായ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം ഇന്ന് കാണുന്ന രീതിയിലേയ്ക്ക് കെട്ടിപ്പെടുത്തുത് നിരവധിയായ ആളുകളുടെ അഹോരാത്രമായ പരിശ്രമത്തിന്റെ പരിണിത ഫലമാണ്. വീടിനകത്തളങ്ങളിൽ നാല് ചുമരുകൾക്കിടയിൽ കഴിഞ്ഞിരുന്ന സ്ത്രീകളെ സംഘടിത ശക്തികളാക്കി മാറ്റുന്നതിനും, സമൂഹത്തിലെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനും കുടുംബശ്രീയുടെ പങ്ക് വളരെ വലുതാണ്. കുടുംബശ്രീ സംഘടനാ സംവിധാനം കെട്ടിപ്പെടുക്കുന്ന കാലഘട്ടത്തിൽ സേവന സന്നദ്ധരും, പൊതുപ്രവർത്തകരുമായ നിരവധി സ്ത്രീകളുടെ നേതൃത്വത്തിൽ വീടുവിടാന്തരം കയറിയിറങ്ങി വിവിധ ക്യാമ്പെയിനുകൾ സംഘടിപ്പിച്ചുകൊണ്ടാണ് ഇന്ന് കാണുന്ന വ്യാപ്തിയിലേയ്ക്ക് സംഘടനാ സംവിധാനം എത്തിയത്. ഇപ്രകാരം ആമുഖ അവതരണത്തിൽ കുടുംബശ്രീ ത്രിതല സംഘടനാ കെട്ടിപ്പെടുത്തതിന്റെ നേർക്കാഴ്ചകൾ വിവരിക്കുന്നു.

ആമുഖ അവതരണത്തിനുശേഷം, 3.16 ലക്ഷം അയൽക്കൂട്ടങ്ങൾ, 19,470 എഡിഎസ്സുകൾ, 1,070 സിഡിഎസ്സുകൾ, 2 ലക്ഷം വരുന്ന സൂക്ഷ്മ സംരംഭ പ്രവർത്തനങ്ങൾ തുടങ്ങി കുടുംബശ്രീ സംവിധാനത്തെ കാര്യക്ഷമമവും ഫലപ്രദവുമായ രീതിയിൽ ചലനാത്മകമാക്കുന്നതിന് അറിവും കാര്യശേഷിയുമുള്ള നിരവധിയായ മാനവവിഭശേഷിയെ പ്രയോജനപ്പെടുത്തേണ്ടതുണ്ട് എന്ന ചിന്ത പങ്കുവയ്ക്കുന്നു. ഇത്തരം ഒരു ചിന്തയിൽ നിന്നാണ് കമ്മ്യൂണിറ്റിയിൽ നിന്നും അറിവും പരിജ്ഞാനമുള്ള ആളുകളെ കണ്ടെത്തി, വിവിധ പിന്തുണാ സംവിധാനങ്ങളാക്കി മാറ്റിയതിന്റെ പശ്ചാത്തലം ഈ പ്രബന്ധം ചർച്ച ചെയ്യുന്നു. കുടുംബശ്രീ ത്രിതല സംവിധാനങ്ങളുടെ ഭരണ നിർവ്വഹണവും ഫിനാൻസ് സംവിധാനവും കാര്യക്ഷമമാക്കുന്നതിനുവേണ്ടി രൂപീകരിച്ച കാസ്, കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശാക്തീകരണത്തിനുവേണ്ടി രൂപീകരിച്ച് പരിശീലന ടീം, സൂക്ഷ്മ സംരംഭ പ്രവർത്തനങ്ങളെ പരിപോഷിക്കാനും ആവശ്യമായ പിന്തുണ നൽകുന്നതിനുമായി രൂപീകരിച്ച എം.ഇ.സി തുടങ്ങി ചില ഉദാഹരണങ്ങൾ പറഞ്ഞുകൊണ്ടും ഇതിന്റെ പ്രധാന്യം പറഞ്ഞുകൊണ്ടും വിവരണങ്ങൾ നൽകുന്നു.

തുടക്കകാലം മുതലേ പ്രതിഫലേച്ഛയില്ലാതെ പ്രവർത്തിച്ചിരുന്ന പിന്തുണാ സംവിധാനങ്ങളെ അതിന്റെ അന്തസത്ത നിലനിർത്തികൊണ്ട് പിന്തുണാ സംവിധാനത്തെ കാലോചിതമായ മാറ്റം വരുത്താനും, ഫലപ്രദമായി ഉപയോഗപ്പെടുത്താനും മിഷന് സാധിച്ചില്ലായെന്നത് വസ്തുതയാണ്. ഇങ്ങനെ പിന്തുണാ സംവിധാനങ്ങൾ ഇന്ന് നേരിടുന്ന പ്രയാസങ്ങൾ, വെല്ലുവിളികൾ, പരിമിതികൾ എന്നിവ ചർച്ച ചെയ്യുകയും ഇത് പരിഹരിക്കാൻ ആവശ്യമായ ബദൽ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടും അവതരണം പൂർത്തിയാക്കുന്നു.

44

# കുടുംബശ്രീയും സംഘടനാ സംവിധാനവും മിഷനും

നിഷാദ് സി.സി.

**സംഗ്രഹം**

സമൂഹ പങ്കാളിത്തത്തോടെ ദാരിദ്ര്യം നിർമാർജനം ചെയ്യുന്നതിനും സ്ത്രീശാക്തീകരണത്തിനും വേണ്ടി രൂപകല്പന ചെയ്ത പദ്ധതിയാണ് കുടുംബശ്രീ. ലോകത്തിന് തന്നെ മാതൃകയായ കുടുംബശ്രീ സംഘടനാ സംവിധാനത്തെ മികവുറ്റതാക്കുന്നതിനും പുതിയ കാലത്തിനനുസൃതമായി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനുള്ള നയരൂപീകരണത്തിന് ഉതകുന്ന തരത്തിലുള്ള പ്രബന്ധവതരണമാണു നടത്താൻ ഉദ്ദേശിക്കുന്നത്.

കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ അനുഭവസമ്പത്തും ജ്ഞാനവും മനസ്സിലാക്കികൊണ്ട് നിലവിലുള്ള പോരായ്മകൾ, ബലഹീനതകൾ, വിടവുകൾ എന്നിവ വിലയിരുത്തി സംവിധാനത്തെ കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിന് കുടുംബശ്രീ മിഷനെ പ്രാപ്തമാക്കുന്ന കാഴ്ചപ്പാടാണ് വിവരിക്കുന്നത്. കൂടാതെ

മിഷന്റെ പങ്കും ഉത്തരവാദിത്വങ്ങളും എന്താണെന്നും മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്ന മിഷൻ ജീവനക്കാരുടെ സമീപന രീതിയും, ഇടപെടൽ രീതിശാസ്ത്രവും എങ്ങനെയാകണമെന്നും വിശദമാക്കിക്കൊണ്ട് കുടുംബശ്രീ സംഘടനാ സംവിധാനം വഴി സമൂഹത്തിലുണ്ടായ നേട്ടങ്ങൾ, നിലവിലെ അവസ്ഥ, ഉണ്ടാകേണ്ട കാലോചിതമായ മാറ്റങ്ങൾ എന്നിവയിൽ ഊന്നൽ നൽകുന്ന അവതരണമാണ് ലക്ഷ്യമിടുന്നത്.

1998 ൽ മലപ്പുറത്ത് വച്ച് തുടക്കം കുറിച്ച കുടുംബശ്രീ സംവിധാനത്തിനു എത്തിപ്പെടാൻ പറ്റാത്ത മേഖലകൾ ഒന്നും തന്നെയില്ലായെന്നുള്ളതാണ് വസ്തുത. കഴിഞ്ഞ 26 വർഷം കൊണ്ട് കുടുംബശ്രീ വഴി കേരള സമൂഹത്തിൽ കൈവരിച്ച് നേട്ടങ്ങൾ, കുടുംബശ്രീ മിഷൻ ലക്ഷ്യങ്ങൾ, പ്രവർത്തനരീതി ശാസ്ത്രം, തുടങ്ങിയവയിൽ ഊന്നൽ നൽകികൊണ്ടുള്ള ആമുഖ അവതരണത്തിനു ശേഷം 26 വർഷം കൊണ്ട് കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വിവിധ പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് സൂക്ഷ്മ സാമ്പത്തിക പ്രവർത്തനങ്ങളിലെ ഇടപെടൽ, ഉപജീവന മേഖലയിലെ ഇടപെടൽ, ബഡ്സ്, അഗതി-ആശ്രയ പദ്ധതി, അതിദാരിദ്ര്യ പദ്ധതി, ബാലസഭ ഉൾപ്പെടെയുള്ള സാമൂഹ്യ വികസന ഇടപെടൽ, ദുരന്തനിവാരണ പ്രവർത്തനങ്ങൾ, പ്രത്യേക പരിഗണന ആവശ്യമുള്ള വിഭാഗങ്ങളായ ആദിവാസി, ദളിത്, ട്രാൻസ്ജെൻഡർ, ഭിന്നശേഷിക്കാർ, വയോജനങ്ങൾ എന്നിവരുടെ ക്ഷേമത്തിനും ശാക്തീകരണത്തിനും നടത്തിയ ഇടപെടൽ, വിവിധ കേന്ദ്ര-സംസ്ഥാന ആവിഷ്കൃത സംയോജന പദ്ധതികൾ, കേരള സമൂഹത്തിൽ വന്ന മാറ്റങ്ങൾ പ്രത്യേകിച്ച് സ്ത്രീ ജീവിതത്തിൽ വന്ന മാറ്റങ്ങൾ കൃത്യമായി വിവരിക്കുന്നു.

അതിനുശേഷം കുടുംബശ്രീ സംഘടനാ സംവിധാനത്തിനകത്ത് പ്രവർത്തിച്ച് സാമൂഹ്യ-രാഷ്ട്രീയ മേഖലയിൽ ഉന്നതപദവിയിൽ എത്തിയവരുടെ വിശദാംശങ്ങൾ, കുടുംബശ്രീയുടെ സംഘടനയുടെ നേതൃത്വത്തിൽ തനതായി നടത്തിയ സാമൂഹ്യ-സാംസ്കാരിക ഇടപെടൽ എന്നിവ പ്രതിപാദിച്ച് അതിൽ നിന്നും നേടിയ ആത്മവിശ്വാസവും അറിവും പരിജ്ഞാനവും കേരള സമൂഹത്തിന്റെ പരിവർത്തനത്തിൽ എങ്ങനെ ഉപയോഗപ്പെടുത്തി എന്ന് സാക്ഷ്യപ്പെടുത്തുന്നു. ഇതിനും ശേഷം 25-ാം വർഷം പിന്നിട്ട കുടുംബശ്രീ പ്രസ്ഥാനത്തിന് ഉണ്ടായ നേട്ടങ്ങൾക്കൊപ്പം, സംവിധാനത്തെ കൂടുതൽ മികവുറ്റതാക്കാൻ ആവശ്യമായ ഉൾക്കാഴ്ച സൃഷ്ടിക്കാൻ നിലവിലെ പോരായ്മകൾ, പരിമിതികൾ, ബലഹീനതകൾ എന്നിവ കൂടി ചർച്ച ചെയ്യുകയും ചെയ്യുന്നു.

കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ശാക്തീകരണത്തിൽ മിഷന്റെ ഉത്തരവാദിത്വങ്ങളും പങ്കും പ്രതിപാദിക്കുകയും, നാളെയുടെ കുടുംബശ്രീ മിഷൻ സംവിധാനവും സംഘടനാ സംവിധാനവും എങ്ങനെ യാകണമെന്നതിനെക്കുറിച്ചുള്ള ചില ഉൾക്കാഴ്ചകളും നിർദ്ദേശങ്ങളും ഈ പ്രബന്ധ അവതരണത്തിലൂടെ മുന്നോട്ട് വയ്ക്കുന്നു.

8086763639

45

## കുടുംബശ്രീയും യുവതലമുറയും

ഒലീന സി.

**സംഗ്രഹം**

കുടുംബശ്രീ സംഘടനാ സംവിധാനം കേരള സമൂഹത്തിൽ ഉണ്ടായ മാറ്റങ്ങൾ, പ്രത്യേകിച്ച് സ്ത്രീ ജീവിതത്തിലുണ്ടായ മാറ്റങ്ങൾ പ്രതിപാദിച്ചുകൊണ്ട് ആമുഖാവതരണം നടത്തുന്നു. തുടർന്ന് കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പ്രത്യേകതകൾ, പ്രത്യേകിച്ച് ഒരു കുടുംബത്തിൽ ഒരു വനിതാ അംഗത്തിന് അംഗത്വമുൾപ്പെടെയുള്ള കാര്യങ്ങൾ വിവരിക്കുന്നു. അതിനുശേഷം കേരളത്തിലെ 18-നും 40-നും ഇടയിൽ പ്രായമുള്ള യുവതികൾ നേരിടുന്ന സാമൂഹിക-സാംസ്കാരി-സാമ്പത്തിക-മാനസിക പ്രശ്നങ്ങൾ വിവരിക്കുന്നു.

ഇതിനുശേഷം മുകളിൽ സൂചിപ്പിച്ച സാമൂഹിക-സാംസ്കാരി-സാമ്പത്തിക-മാനസിക പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് യുവതി കൂട്ടായ്മയായ ഓക്സിലറി ഗ്രൂപ്പുകൾ നിലവിൽ ചെയ്യുന്ന മാതൃകാപരമായി പ്രവർത്തനങ്ങൾ വിവരിക്കുന്നു. പ്രത്യേകിച്ച് ഉപജീവന മേഖലയിലെ ഇടപെടൽ, ജെൻഡർ മേഖലയിലെ ഇടപെടൽ, സാമൂഹ്യ മേഖലയിലെ ഇടപെടൽ, കലാ-സാംസ്കാരിക മേഖലയിലെ ഇടപെടൽ എന്നിവ വിശദീകരിക്കുന്നു.

തുടർന്ന് ഓക്സിലറി ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് നേരിടുന്ന വെല്ലുവിളികൾ, പരിമിതികൾ എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നു.

പുതിയ കാലത്തിന് അനുസൃതമായി കേരളത്തിലെ യുവത്വത്തെ വാർത്തെടുക്കുന്നതിന് നൂതനവും സുസ്ഥിരവുമായ ബിസിനസ്സ് മാതൃകകൾ എങ്ങനെ കെട്ടിപ്പെടുക്കാം, യുവതികളുടെ കലാ-സാംസ്കാരിക കഴിവുകളെ പരിപോഷിപ്പിക്കാനും പ്രദർശിപ്പിക്കാനുമുള്ള ഇടമായി ഓക്സിലറി ഗ്രൂപ്പുകളെ എങ്ങനെ പരിവർത്തനപ്പെടുത്താം, സാമൂഹ്യ ഉത്തരവാദിത്വമുള്ള പൊതുസമൂഹമായി മാറ്റുന്നതിന് ഓക്സിലറി ഗ്രൂപ്പുകളെ മാറ്റാം എന്നിവ പ്രതിപാദിച്ചുകൊണ്ട് സെഷൻ ഉപസംഹരിക്കുന്നു.

46

# കുടുംബശ്രീയും കേരളത്തിലെ മൈക്രോ ഫിനാൻസ് മേഖലയും

ഡോ. ക്രിസ്റ്റബെൽ പി.ജെ.


**സംഗ്രഹം**

കഴിഞ്ഞ അഞ്ച് പതിറ്റാണ്ടുകളായി, ലോകമെമ്പാടുമുള്ള ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള ഒരു മാർഗമായി മൈക്രോഫിനാൻസ് എന്ന ഉപകരണം വ്യാപകമായി ഉപയോഗിക്കപ്പെട്ടു വരുന്നു. മൈക്രോഫിനാൻസ് എന്ന ആശയം 1970- കളിൽ ബംഗ്ലാദേശിൽ ഉത്ഭവിച്ചതു മുതൽ ഇന്നുവരെ നിരവധി പരീക്ഷണങ്ങൾ ഇതിൽ നടത്തിയിട്ടുണ്ട്. 1990-കൾ മുതൽ ഇന്ത്യയിലെ മൈക്രോഫിനാൻസ് ഗണ്യമായ വളർച്ച കൈവരിച്ചു, രാജ്യത്തിന്റെ സാമ്പത്തിക വ്യവസ്ഥയുടെ ഒരു പ്രധാന ഘടകമായി മാറിയിരിക്കുന്നു. മൈക്രോഫിനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ് നെറ്റ്‌വർക്ക് (MFIN) 2023-2024 - ൽ പ്രസിദ്ധീകരിച്ച വാർഷിക റിപ്പോർട്ട് പ്രകാരം മൈക്രോ ഫിനാൻസ് മേഖലയിൽ 7.8 കോടി ഉപഭോക്താക്കളുണ്ട്. തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന, കേരളം ഉൾപ്പെടുന്ന തെക്കൻ മേഖലയിൽ മൈക്രോഫിനാൻസ് വായ്പകളുടെ ഏറ്റവും വലിയ വിഹിതം ഉള്ളത്. ശക്തമായ ബാങ്കിംഗ് അടിസ്ഥാന സൗകര്യങ്ങൾ, ചെറുകിട സംരംഭങ്ങൾക്ക് അനുകൂലമായ അന്തരീക്ഷം, 98 ശതമാനത്തോളം വരുന്ന തിരിച്ചടവ് നിരക്ക്, സ്വയംസഹായ സംഘങ്ങളുടെ സാന്നിധ്യം എന്നിവയാണ് ചൂണ്ടിക്കാണിക്കപ്പെടുന്ന കാരണങ്ങൾ. സർക്കാർ ആരംഭിച്ച പരിപാടികളുടെയും സർക്കാരിതര സംഘടനകളുടെയും (എൻജിഒ) മിശ്രിതമാണ് ഈ മേഖലയുടെ സവിശേഷത. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് കേരളം ആരംഭിച്ച ദാരിദ്ര്യ നിർമാർജനവും സ്ത്രീ ശാക്തീകരണ പരിപാടിയുമായ കുടുംബശ്രീയാണ്. 2021 - 2025 ഫെബ്രുവരി വരെയുള്ള കണക്കുകൾ പ്രകാരം 2,84,280 അയൽക്കൂട്ടങ്ങളെ ബാങ്കുമായി ലിങ്ക് ചെയ്ത് 19,849.69 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കേരളത്തിൽ മൈക്രോഫിനാൻസ് ദാരിദ്ര്യ നിവാരണത്തിനും സാമ്പത്തിക ശാക്തീകരണത്തിനും പ്രധാന ചാലക ശക്തിയായി മാറിയിട്ടുണ്ട്.

എന്നാൽ ഈ മേഖല പ്രശ്നങ്ങളിൽ നിന്ന് മുക്തമല്ല. 2024 ഡിസംബറിൽ പുറത്തിറക്കിയ ആർ.ബി.ഐ.യുടെ സാമ്പത്തിക സ്ഥിരത റിപ്പോർട്ട് അനുസരിച്ച്, 2024-25 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ മൈക്രോഫിനാൻസ് മേഖല സമ്മർദ്ദത്തിലായ ആസ്തികളിൽ (stressed assets) ഗണ്യമായ വർദ്ധനവ് കാണിക്കുന്നു. 31 മുതൽ 180 ദിവസങ്ങൾ വരെ തിരിച്ചടവ് വൈകിയിരിക്കുന്ന (Days Past Due - DPD) വായ്പകളുടെ അനുപാതം 2024 മാർച്ചിലെ 2.15 ശതമാനത്തിൽ നിന്ന് 2024 സെപ്റ്റംബറിൽ 4.30 ശതമാനമായി ഉയർന്നു. ഇവിടെ ചൂണ്ടികാണിക്കപ്പെടുന്ന പ്രധാന കാരണങ്ങളിലൊന്ന്ചില മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ ഗ്രൂപ്പ് വായ്പകൾ ആണ് നൽകുന്നത്. അത് കൊണ്ട് തന്നെ ഉപഭോഗ വായ്പകൾ നൽകുന്ന മറ്റു സ്വകാര്യ സ്ഥാപനങ്ങളെ അംഗങ്ങൾ ആശ്രയിക്കാൻ നിർബന്ധിതരാകുന്നു. ഈ ഏജൻസികൾ പ്രദേശത്ത് നിലവിലുള്ള സ്വയം സഹായ സംഘങ്ങളെ ഹൈജാക്ക് ചെയ്യാൻ ശ്രമിക്കുന്നു. ഇത് നിലവിലുള്ള ഗ്രൂപ്പുകൾക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു, കാരണം ചില അംഗങ്ങൾ ഡിഫോൾട്ട് ചെയ്യുകയും മറ്റ് ഗ്രൂപ്പുകളിലേക്ക് കുടിയേറുകയും സ്വയം സഹായ സംഘങ്ങളെ അപകടത്തിലാക്കുകയും ചെയ്യുന്നു. ചില മേഖലകളിൽസ്വകാര്യ സ്ഥാപനങ്ങൾ അമിതമായ നേട്ടമുണ്ടാക്കുന്നതിനെ കുറിച്ച് ആശങ്കയുണ്ട്, ഇത് കടം വാങ്ങുന്നവരുടെ മേൽ ഡിഫോൾട്ടുകളും സാമ്പത്തിക ബുദ്ധിമുട്ടുകളും വർദ്ധിപ്പിക്കും. വ്യക്തികൾ ഒന്നിലധികം മൈക്രോഫിനാൻസ് സ്ഥാപനങ്ങളിൽ നിന്ന് ഒരേസമയം വായ്പ നേടുമ്പോൾ അമിത കടബാധ്യതയിലേക്ക് നയിച്ചേക്കാം, ഇത് കടം വാങ്ങുന്നവർക്ക് അപകടസാധ്യതകളും മൈക്രോഫിനാൻസ് മേഖലയുടെ സ്ഥിരതയുമാണു ബാധിക്കപ്പെടുന്നത്. അത് ഒഴിവാക്കാൻ കർശനമായ വായ്പാ മാനദണ്ഡങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.

ഇത്തരത്തിൽ മൈക്രോ ഫിനാൻസ് മേഖല നേരിടുന്ന വെല്ലുവിളികളെയും അവ എങ്ങനെ ഫലപ്രദമായി നേരിടാം എന്നുള്ള അന്വേഷണവുമാണ് ഈ പ്രബന്ധത്തിന്റെ ഉള്ളടക്കം.

47

# കുടുംബശ്രീ സൂക്ഷ്മ സമ്പാദ്യ വായ്പാ പ്രവർത്തനങ്ങൾ: നേട്ടങ്ങൾ, വെല്ലുവിളികൾ, സാധ്യതകൾ

അനിഷ്കുമാർ എം.എസ്.

**സംഗ്രഹം**

കേരളത്തിലെ ദാരിദ്ര്യ നിർമാർജന, സ്ത്രീ ശാക്തീകരണ ദൗത്യമായ കുടുംബശ്രീയിലെ അയൽക്കൂട്ട അംഗങ്ങളുടെ സാമ്പത്തിക ശാക്തീകരണത്തിനും സമഗ്രവികസനത്തിനുള്ള ഒരു സുപ്രധാന പ്രവർത്തനമാണു സൂക്ഷ്മ സമ്പാദ്യ വായ്പാ പ്രവർത്തനങ്ങൾ. കഴിഞ്ഞ 25 വർഷങ്ങളിലൂടെ, കുടുംബശ്രീ സൂക്ഷ്മ സമ്പാദ്യ വായ്പാ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ നാഴികക്കല്ലുകൾ കൈവരിച്ചു. നാല്പത്താറു ലക്ഷം കുടുംബങ്ങൾ അംഗങ്ങളായിട്ടുള്ള അയൽക്കൂട്ടങ്ങളിലൂടെ സ്ത്രീകളിൽ ലഘു സമ്പാദ്യ വായ്പാ പ്രവർത്തനങ്ങൾ സുഗമമാക്കി, ആന്തരിക സമ്പാദ്യം വിജയകരമായി സമാഹരിച്ചു, സ്ത്രീകളുടെ ആരോഗ്യം, മികച്ച പോഷകാഹാരം, മെച്ചപ്പെട്ട വിദ്യാഭ്യാസം, കുടുംബത്തിൽ ലഭിക്കുന്ന സ്ഥാനം എന്നിവയിലൊക്കെ ശ്രദ്ധേയമായ മാറ്റങ്ങൾ കൊണ്ട് വന്നു. അയൽക്കൂട്ടങ്ങളെ ബാങ്കുകളുമായി ബന്ധിപ്പിച്ചു, അംഗങ്ങൾക്ക് താങ്ങാനാവുന്ന സാമ്പത്തിക സേവനങ്ങൾ കണ്ടെത്തുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും പ്രാപ്തമാക്കി, സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന പലിശ സബ്സിഡി, റിവോൾവിങ്ഫണ്ട്, സി.ഇ.എഫ്. തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി. ഇപ്രകാരം അനൗപചാരിക പണമിടപാടുകാരെ ആശ്രയിക്കുന്നത് കുറയ്ക്കുകയും വരുമാനം ഉണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ പ്രസ്തുത തുക നിക്ഷേപിക്കുകയും ചെയ്തു.

ഈ നേട്ടങ്ങൾക്കിടയിലും, നിരവധി വെല്ലുവിളികൾ കുടുംബശ്രീയുടെ ലഘു സമ്പാദ്യ വായ്പാ പ്രവർത്തനങ്ങളിൽ നിലനിൽക്കുന്നു. എളുപ്പത്തിലുള്ള വായ്പയുടെ ലഭ്യത കുടുംബശ്രീക്ക് വളരെ സഹായകരമായ ഒന്നാണെങ്കിലും ചെറിയ ഒരു ശതമാനം അയൽക്കൂട്ടങ്ങളെ പലപ്പോഴും ആവശ്യമില്ലെങ്കിൽ കൂടി വായ്പ എടുക്കുന്നതിനു പ്രേരിപ്പിക്കുന്നുണ്ട്, ഒരു അയൽക്കൂട്ടം തന്നെ തിരിച്ചടവ് ശേഷി പരിഗണിക്കാതെ 4, 5 വായ്പകൾ എടുക്കുന്ന തെറ്റായ പ്രവണതകണ്ടു വരുന്നു, വായ്പാ തുക, വായ്പയുടെ ലഭ്യത എന്നിവ വർധിച്ചത് കൊണ്ട് തന്നെ വായ്പയുടെ തെറ്റായ മാനേജ്മെന്റ് കൂടി വരുന്നു. എടുക്കുന്ന വായ്പകൾ വരുമാനദായക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിലും കൂടുതൽ ഉപഭോഗ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നു, പരിമിതമായ ഡിജിറ്റൽ സാക്ഷരതയും സാങ്കേതികവിദ്യ (Technology) ഫലപ്രദമായി ഉപയോഗപ്പെടുത്താത്തതും കാര്യക്ഷമമായ സാമ്പത്തിക ഇടപാടുകളെയും റെക്കോർഡ് സൂക്ഷിക്കലിനെയും തടസ്സപ്പെടുത്തുന്നു. ബാങ്ക് വായ്പകളിലും, ബൾക്ക് വായ്പകളിലും, സി.ഡി.എസ്. മുഖേന നൽകുന്ന സി.ഇ.എഫ്. വായ്പകളിലുമൊക്കെവായ്പ വിതരണവും, തിരിച്ചടവും കൃത്യമായി മോണിറ്റർ ചെയ്യാത്തതും നിരവധിപ്രശ്നങ്ങൾ ത്രിതല സംഘടനാ സംവിധാനതലങ്ങളിൽ ഉയർന്നു വരുന്നതിനും സുഗമമായി വായ്പാ ലഭ്യമാകുന്നതിനെയും ബാധിക്കുന്നുണ്ട്. കൂടാതെ ദുർബല വിഭാഗങ്ങൾക്ക് ഇപ്പോഴും വായ്പാ ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

മുന്നോട്ട് പോകുമ്പോൾ, ഡിജിറ്റൽ സാമ്പത്തിക സാക്ഷരത ശക്തിപ്പെടുത്തുന്നതിലും സാമ്പത്തിക ഇടപാടുകൾ കാര്യക്ഷമമാക്കുന്നതിനു സാങ്കേതികവിദ്യ(Technology) പ്രോത്സാഹിപ്പിക്കുന്നതിലും കുടുംബശ്രീ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം. വ്യത്യസ്ത ഉപജീവന ആവശ്യങ്ങൾക്കനുസൃതമായി വൈവിധ്യമാർന്ന ക്രെഡിറ്റ് ഉല്പന്നങ്ങൾ(Schemes) വികസിപ്പിക്കണം. ബാങ്കുകളുമായും ധനകാര്യ സ്ഥാപനങ്ങളുമായും സഹകരണം ശക്തിപ്പെടുത്തുന്നത് സുസ്ഥിരമായ ഒരു മോണിറ്ററിങ്ങ് സംവിധാനം ഉറപ്പാക്കി തടസ്സമില്ലാത്ത വായ്പാ തിരിച്ചടവ് ഉറപ്പാക്കണം. അയൽക്കൂട്ട അംഗങ്ങൾ വായ്പ എടുക്കുന്ന തുകയുടെ കുറഞ്ഞത് 50% തുകയെങ്കിലും വരുമാനദായക പ്രവർത്തനങ്ങൾക്കു ഉപയോഗിക്കുന്നു എന്നുറപ്പാക്കുന്നതിനാവശ്യമായ പ്രവർത്തന പരിപാടികൾ, ക്യാമ്പയിനുകൾ, പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കണം.

ഈ വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിലൂടെയും കുടുംബശ്രീയുടെ ത്രിതല സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിലൂടെയും, സൂക്ഷ്മ സമ്പാദ്യ വായ്പാപ്രവർത്തനത്തിൽ കൂടുതൽ വിപ്ലവം സൃഷ്ടിക്കാനും സാമ്പത്തിക സ്വയംപര്യാപ്തതയിലേക്കും സമഗ്ര വളർച്ചയിലേക്കും സ്ത്രീകളെ ശാക്തീകരിക്കുന്നത് തുടരാനും കുടുംബശ്രീക്ക് കഴിയുമെന്ന് 'കുടുംബശ്രീ സൂക്ഷ്മ സമ്പാദ്യ വായ്പാ പ്രവർത്തനങ്ങൾ: നേട്ടങ്ങൾ, വെല്ലുവിളികൾ, സാധ്യതകൾ' എന്ന ഈ പ്രബന്ധം വിലയിരുത്തുന്നു.

anishkumarms@gmail.com, Mobile: 9447138450

# കുടുംബശ്രീ സംഘടനാ സംവിധാനം: സാമ്പത്തിക അച്ചടക്കം, സുതാര്യത, സ്വയം പര്യാപ്തത

ഗിരിജ രാമകൃഷ്ണൻ


**സംഗ്രഹം**

ദാരിദ്ര്യ നിർമ്മാർജ്ജനം മുഖ്യചുമതലയായി ഏറ്റെടുത്തിയിട്ടുള്ള കുടുംബശ്രീ മിഷൻ അതിന്റെ പ്രവർത്തന പരിപാടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന സാമൂഹാധിഷ്ഠിത സംഘടനാ സംവിധാനത്തിലൂടെയാണ് നടപ്പാക്കുന്നത്. അയൽക്കൂട്ടങ്ങളാണ് സംഘടനാ സംവിധാനത്തിലെ അടിസ്ഥാന ഘടകം. ഈ അയൽക്കൂട്ടങ്ങളെ വാർഡ് തലത്തിൽ ഏരിയാ ഡവലപ്പമെന്റ് സൊസൈറ്റികളായും (എ.ഡി.എസ്.), നഗരസഭാ/പഞ്ചായത്ത് തലത്തിൽ കമ്മ്യൂണിറ്റി ഡവലപ്പമെന്റ് സൊസൈറ്റികളായും (സി.ഡി.എസ്.) ഫെഡറേറ്റ് ചെയ്തിരിക്കുന്നു. പ്രസ്തുത സംഘടനാ സംവിധാനത്തിലൂടെ ഉപജീവന സാധ്യതകൾ കണ്ടെത്തുന്നതിനായി വായ്പകളും വിവിധ സർക്കാർ പദ്ധതികളും സംയോജിപ്പിച്ചു സാമൂഹിക-സാമ്പത്തിക ഉന്നമനം ഉറപ്പാക്കുന്നതിൽ ഈ ത്രിതല സംഘടനാ സംവിധാനം നിർണായക പങ്ക് വഹിക്കുന്നു. എന്നിരുന്നാലും, ഈ ത്രിതല സംഘടനാ സംവിധാനത്തിന്റെ നിലനിൽപ്പ്, ഉത്തരവാദിത്തം, സുതാര്യത, സാമ്പത്തിക സുസ്ഥിരത എന്നിവയെല്ലാം ഇവ നിലനിർത്താനുള്ള അംഗങ്ങളുടെ കഴിവിനെ ആശ്രയിച്ചിരിക്കുന്നു.

കുടുംബശ്രീ സംവിധാനം വഴി നടപ്പിലാക്കുന്ന സാമ്പത്തിക ഇടപാടുകൾ എഴുതി സൂക്ഷിക്കുന്നതിനാവശ്യമായ രജിസ്റ്റർ മാതൃകകളും, കൃത്യമായ ഒരു കണക്കെഴുത്ത് രീതിയും വികസിപ്പിച്ചിട്ടുണ്ട്. സി.ഡി.എസ്. തലത്തിൽ ടാലി സോഫ്ട് വെയറിൽ കണക്കുകൾ രേഖപ്പെടുത്തുന്നതിനാൽ സംസ്ഥാന തലത്തിൽ ഏകീകരിച്ച അക്കൗണ്ടിംഗ് രീതി നിലവിലുണ്ട്. കുടുംബശ്രീയുടെ തന്നെ സംഭാവനയായ കാസ്(KAASS) മുഖേന എല്ലാ വർഷവും ത്രിതല സംവിധാനത്തിന്റെ ഓഡിറ്റ് നടത്തി അയൽക്കൂട്ടങ്ങളെ എ,ബി,സി, എന്നിങ്ങനെ ഗ്രേഡ് തിരിച്ച് റിപ്പോർട്ട് നൽകുന്നതും, തുടർ നടപടികൾ സ്വീകരിക്കുന്നതും സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനും പോരായ്മകൾ അതത് സമയം പരിഹരിച്ച് സാമ്പത്തിക സുതാര്യത നിലനിർത്തുന്നതിനും സാധിക്കുന്നു. ജനാധിപത്യ പങ്കാളിത്തം, പതിവ് ഓഡിറ്റുകൾ, ഘടനാപരമായ റിപ്പോർട്ടിംഗ് സംവിധാനങ്ങൾ എന്നിവയിലൂടെ കുടുംബശ്രീ കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ അംഗങ്ങൾക്കിടയിൽ സാമ്പത്തിക അച്ചടക്കം, ഒത്തൊരുമ, പരസ്പര വിശ്വാസം എന്നിവ ഉറപ്പാക്കപ്പെട്ടിട്ടുണ്ട്. ഇത് സർക്കാർ വകുപ്പുകൾ, ധനകാര്യ സ്ഥാപനങ്ങൾ, മറ്റു ഏജൻസികൾ തുടങ്ങിയവർക്കിടയിൽ കുടുംബശ്രീ ത്രിതല സംവിധാനത്തോടുള്ള വിശ്വാസം വർദ്ധിപ്പിച്ചിട്ടുണ്ട് എന്നതിൽ സംശയമില്ല,

പുതിയ അംഗങ്ങൾ ത്രിതല സംഘടനാ സംവിധാനങ്ങളുടെ നേതൃസ്ഥാനങ്ങളിലേയ്ക്ക് വരാൻ തയ്യാറാകുന്നില്ല എന്നത് ഒരു പ്രധാന വെല്ലുവിളിയാണ്. ഭാരവാഹിസ്ഥാനം ഏറ്റെടുക്കാൻ നിലവിലുള്ളവർ തയ്യാറാകാത്തതും രേഖകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കാൻ താല്പര്യം കാണിക്കാത്തതും കൃത്യമായ കണക്കുകൾ ലഭ്യമാകാത്തതിന് കാരണമാകുന്നുണ്ട്. കണക്കുകൾ കൃത്യമായി സൂക്ഷിക്കപ്പെടുന്നില്ല എന്നതുകൊണ്ട് തന്നെ ചെറിയൊരു ശതമാനം അയൽക്കൂട്ടങ്ങളിൽ സാമ്പത്തിക കാര്യങ്ങളിൽ തെറ്റായ ചില പ്രവണതകളും നടന്നു വരുന്നുണ്ട്. എ.ഡി.എസ്. പ്രവർത്തനം മറ്റു സംവിധാനങ്ങളെ അപേക്ഷിച്ചു ശക്തമല്ല എന്നതുകൊണ്ട്തന്നെ എ.ഡി.എസ്സുകളിൽ പൂർണ്ണമായി ഒരു കണക്കെഴുത്തുരീതി നടപ്പിലാക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല. ബാങ്ക് വായ്പ, ബൾക്ക് വായ്പ, കമ്മ്യൂണിറ്റി ഫണ്ടുകൾ എന്നിവയുടെ വിനിയോഗം സംബന്ധിച്ച് ശക്തമായ മോണിറ്ററിംഗ് സംവിധാനം ഇല്ലാത്തതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ഭരണസമിതി അംഗങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുക, സാമ്പത്തിക സാക്ഷരത മെച്ചപ്പെടുത്തുക, ധാർമ്മിക സാമ്പത്തിക മാനേജ്മെന്റിന്റെ ഒരു സംസ്കാരം വളർത്തിയെടുക്കുക, വരവ്-ചെലവ് കണക്കുകൾ എല്ലാ യോഗങ്ങളിലും കൃത്യമായി ചർച്ച ചെയ്യപ്പെടുകയും അംഗീകരിക്കുകയും ചെയ്യുക, അക്കൗണ്ടിംഗ് സംവിധാനം ഡിജിറ്റലൈസ് ചെയ്യുക, ക്യാഷ് ലെസ് ഇടപാടുകൾ പ്രോൽസാഹിപ്പിക്കുക, ഓഡിറ്റ് റിപ്പോർട്ടുകൾ മുകൾ തലങ്ങളിൽ കൃത്യമായി പരിശോധിക്കുകയും ഓഡിറ്റിംഗ് പരാമർശങ്ങൾ കൃത്യമാക്കുകയും ചെയ്യുക, തുടങ്ങിയവ ത്രിതല സംഘടനാ സംവിധാനത്തിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിന് വളരെ പ്രധാനമാണ്. ത്രിതല സംഘടന സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനും ജനാധിപത്യ രീതിയും, സുതാര്യതയും ഉറപ്പാക്കുന്നതിനും ഭാവിയിൽ കുടുംബശ്രീ മിഷൻ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. കൂടാതെ, ഡിജിറ്റൽ സാമ്പത്തിക ഉപകരണങ്ങൾ സംഘടനാ സംവിധാനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നത് സാമ്പത്തിക പ്രതിരോധശേഷി കൂടുതൽ വർദ്ധിപ്പിക്കും. ഉത്തരവാദിത്തവും സുതാര്യതയും ഉറപ്പാക്കുന്നത് വിശ്വാസ്യത വർദ്ധിപ്പിക്കുക

മാത്രമല്ല, സ്വാശ്രയവും സാമ്പത്തികവുമായ സുസ്ഥിര സംഘടനാ സംവിധാനം കെട്ടിപ്പെടുത്തുന്നതിനും സഹായിക്കുന്നു.

ഇപ്രകാരം കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ സാമ്പത്തിക അച്ചടക്കം, സുതാര്യത, സ്വയം പര്യാപ്തത എന്നിവയ്ക്കുള്ള പ്രാധാന്യം ചർച്ച ചെയ്യുന്നതാണ് ഈ പ്രബന്ധത്തിന്റെ ഉള്ളടക്കം.

kaassofficial@gmail.com, Mobile: 98479 39146

49

# കുടുംബശ്രീ- സൂക്ഷ്മ സാമ്പത്തിക പ്രവർത്തനവും പാർശ്വവത്കൃത സമൂഹവും

റിജേഷ് വി.എസ്.

**സംഗ്രഹം**

ദാരിദ്ര്യം നിർമ്മാർജ്ജനവും സ്ത്രീശാക്തീകരണവും ലക്ഷ്യമിട്ട് കഴിഞ്ഞ 25 വർഷക്കാലം കേരളംനടപ്പാക്കി വന്ന വിപ്ലവകരമായ ഒരു മുന്നേറ്റമാണ് കുടുംബശ്രീ. ദാരിദ്ര്യനിർമാർജനം എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ച ഈ പ്രസ്ഥാനം സൂക്ഷ്മ സാമ്പത്തിക വികസന മേഖലയിൽ വ്യത്യസ്ത പ്രവർത്തനങ്ങളാണ് കാഴ്ച വെച്ചത്.

2011-ലെ കാനേഷുമാരി റിപ്പോർട്ട് അനുസരിച്ച് കേരളത്തിലെ ജനസംഖ്യയിൽ 9.2% വരുന്ന പട്ടികജാതിക്കാരിൽ 55% കുടുംബങ്ങളും ഒന്നിലധികം വീടുകളാൽ തിങ്ങിപ്പാർക്കുന്ന പട്ടികജാതി ഉന്നതികളിലാണ് ജീവിക്കുന്നത്. ഇവരുടെ കൈവശഭൂമി ഒരു സെന്റ് മുതൽ 8.5 സെന്റ് വരെ മാത്രമാണ് കണക്കാക്കിയിട്ടുള്ളത്. 26198 പട്ടികവർഗ്ഗ ഉന്നതികളാണ് റിപ്പോർട്ട് പ്രകാരം കേരളത്തിൽ ഉള്ളത്. ജനസംഖ്യയിൽ 1.14 ശതമാനം വരുന്ന ആദിവാസി ഗോത്ര ജനതയിൽ 92.3 6% കുടുംബങ്ങളും 4645 പട്ടികവർഗ്ഗ നഗറുകളിൽ ആയാണ് താമസിച്ചു വരുന്നത്. ഏതാണ്ട് 8.5 ലക്ഷത്തോളം വരുന്ന മത്സ്യബന്ധന സമുദായങ്ങൾ തീരദേശ ജനസംഖ്യയുടെ 11.5 2% ആണ്. ഇവരിൽ 9.2 5% പേർക്കും ഒരു സെന്റിൽ താഴെ മാത്രമാണ് ഭൂമിയുള്ളതായി കണക്കാക്കപ്പെടുന്നത്. 66.4 3% പേർക്കും 5 സെന്റിൽ താഴെ മാത്രമാണ് ഭൂമിയുള്ളത്.

2015 കേരളം ട്രാൻസ്ജെൻഡർ പോളിസിക്ക് അംഗീകാരം നൽകപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും ഈ ജനവിഭാഗങ്ങൾ ഇന്നും സമൂഹത്തിൽ നിരവധി പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നുണ്ട്. ഏകദേശം 25,000-ത്തോളം വ്യക്തികൾ ഈ വിഭാഗത്തിൽപ്പെടുന്നു എന്നാണ് അനൗദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നത്.

വയനാട്, ഇടുക്കി പോലുള്ള ഹൈറേഞ്ച് പ്രദേശങ്ങളിലെ തോട്ടം തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക വളർച്ചയും, കേരളത്തിൽ വർഷങ്ങളായി ഉപജീവനം കണ്ടെത്തുന്ന ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള അതിഥി തൊഴിലാളികൾ, ഭാഷാന്യൂനപക്ഷങ്ങൾ, വയോജനങ്ങൾ, പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗങ്ങൾ തുടങ്ങി സമൂഹത്തിലെ എല്ലാ അരികുവൽക്കരിക്കപ്പെട്ടവരുടെയും സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി സംസ്ഥാനത്തിന്റെ വളർച്ചയെ സ്വാധീനിക്കുന്ന ഒരു പ്രധാന ഘടകമാണ്.

2025-ൽ കേരളം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി മാറുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങളാണ് കൈകൊള്ളുന്നത്. ഇത്തരത്തിൽ സമൂഹത്തിലെ പാർശ്വവൽകൃത ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സുസ്ഥിര വികസനമെന്ന സങ്കല്പം യാഥാർത്ഥ്യമാക്കുന്നതിനും സൂക്ഷ്മതലആസൂത്രണം സംഘടിപ്പിച്ചുകൊണ്ട് മുന്നോട്ടു പോകേണ്ടതാണ്.

ഓരോ ജനവിഭാഗത്തിന്റെയും ആരോഗ്യം, വിദ്യാഭ്യാസം, പശ്ചാത്തല സൗകര്യം, പോഷകം, ഉപജീവനം എന്നീ ഘടകങ്ങളുടെ വളർച്ചയിൽ സുപ്രധാനമായ ഒരു ഘടകം കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതിയെ ആശ്രയിച്ചിരിക്കും എന്നുള്ളത് നിസ്സംശയം പറയാവുന്നതാണ്. ഇത്തരത്തിൽ സുസ്ഥിര സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിൽ കുടുംബശ്രീ പോലുള്ള പ്രസ്ഥാനങ്ങൾക്ക് മുഖ്യപങ്ക് വഹിക്കാനാകും. സമൂഹത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളുടെ ഉന്നമനത്തിനായി കുടുംബശ്രീ നടപ്പാക്കിയ പ്രവർത്തനങ്ങളും, അത് ഇത്തരം സമൂഹത്തിൽ ചെലുത്തിയ സ്വാധീനവും മാറ്റങ്ങളും ചർച്ചക്ക് വിധേയമാക്കേണ്ടതുണ്ട്.

50

# സംരംഭ പ്രവർത്തനങ്ങളിൽ കുടുംബശ്രീയുടെ ഭാവി

രാജേഷ് എ.വി.

**സംഗ്രഹം**

കേരളം ആരോഗ്യ, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ സാമൂഹ്യ സൂചികകളിൽ മികച്ച മുന്നേറ്റം കൈവരിച്ച സംസ്ഥാനം ആണ്. ഇപ്പോൾ നഗരവൽക്കരണം വേഗതയിൽ പുരോഗമിക്കുമ്പോൾ, Community Based Organisations പ്രധാനമായ പങ്ക് വഹിക്കേണ്ട സാഹചര്യം സൃഷ്ടിക്കുന്നു. കുടുംബശ്രീ, വനിതാ സ്വയംസഹായ സംഘം മാതൃകയിൽ പ്രവർത്തിക്കുന്ന ലോകപ്രശസ്ത സാമൂഹ്യ-സാമ്പത്തിക പ്രസ്ഥാനമായി മാറിയിട്ടുണ്ട്. കേരളത്തിലെ സൂക്ഷ്മ, ചെറു സംരംഭങ്ങൾ വികസിപ്പിക്കാൻ കുടുംബശ്രീയുടെ പങ്ക് നിർണ്ണായകമാണ്.

### കുടുംബശ്രീ: കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കുള്ള ഒരു അടിത്തറ

1998-ൽ ആരംഭിച്ച കുടുംബശ്രീ ദാരിദ്ര്യത്തിന്റെ നിർമൂലനം ലക്ഷ്യമിട്ടാണ് മുന്നോട്ട് പോയത്. ഇന്ന് കുടുംബശ്രീ സ്ത്രീശക്തീകരണത്തിലൂടെ ഗ്രാമീണ സാമ്പത്തിക വളർച്ചയ്ക്കു സാക്ഷ്യം വഹിക്കുന്ന ഒരു മഹത്തായ പ്രസ്ഥാനമായി മാറിയിരിക്കുന്നു. കാർഷിക മേഖല മുതൽ ഭക്ഷ്യസംസ്കരണം, കൈത്തൊഴിൽ, സേവനമേഖല മുതലായവ വരെ നിരവധി സംരംഭങ്ങൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പാക്കിയിട്ടുണ്ട്. കേരളം ആധുനിക സാങ്കേതിക വിദ്യയുമായി മുന്നോട്ട് പോകുമ്പോൾ, കുടുംബശ്രീയുടെ സംരംഭക മാതൃക വികസിച്ച് ഒരു പുതിയ നിലയിലേക്കുയരാൻ കഴിയും.

### സംരംഭങ്ങൾ വളർത്തുന്നതിൽ കുടുംബശ്രീയുടെ ഭാവി

### 1. ചെറുകിട സംരംഭങ്ങൾ കൂടുതൽ ശക്തിപ്പെടുത്തൽ

കുടുംബശ്രീ വനിതാ സംരംഭകരെ വളർത്തിയെടുക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. ഭാവിയിൽ ഈ സംരംഭങ്ങൾ കൂടുതൽ വികസിപ്പിക്കാൻ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ ഉപയോഗം പ്രയോജനപ്പെടുത്തേണ്ടതുണ്ട്. കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഇ-കൊമേഴ്സ്, ഡിജിറ്റൽ മാർക്കറ്റിംഗ് വഴി വിപുലീകരിക്കുന്നതിനുള്ള ഇടപെടൽ ഉണ്ടാകവണം. സർക്കാർ-സ്വകാര്യ സംരംഭങ്ങളുമായുള്ള സഹകരണം വർദ്ധിപ്പിച്ച് വിപണി വിപുലീകരിക്കുക.

### 2. പരിസ്ഥിതി സൗഹൃദ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ

കേരളം സുസ്ഥിര വികസനം ലക്ഷ്യമിടുമ്പോൾ, ഹരിത സംരംഭങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് അനിവാര്യമാണു. ഓർഗാനിക് ഉൽപ്പന്നങ്ങൾ, ജൈവ കൃഷി, ബയോഡീഗ്രേഡബിൾ പാക്കേജിംഗ് എന്നിവ പ്രോത്സാഹിപ്പിക്കാവുന്നതാണു. മാലിന്യ നിർമാർജ്ജന സംരംഭങ്ങളായ റിസൈക്ലിംഗ്, അപ് സൈക്ലിംഗ്, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കണം.

### 3. സേവനമേഖലയിൽ പുതിയ അവസരങ്ങൾ

സേവന മേഖലകളിലെ തൊഴിലവസരങ്ങൾ കുടുംബശ്രീയുടെ ഭാവി വളർച്ചയ്ക്കുള്ള വഴികളിൽ പ്രധാനപ്പെട്ട ഒന്നാണ്. ടൂറിസം & ഹോസ്പിറ്റാലിറ്റി മേഖലയിലെ ഹോംസ്റ്റേ, ഗ്രാമീണ ടൂറിസം, സാംസ്കാരിക പൈതൃകങ്ങളെ പരിചയപ്പെടുത്തൽ എന്നിവ കൂടുതൽ വിപുലീകരിക്കാൻ കഴിയുന്നതാണു ഡിജിറ്റൽ സേവന രംഗത്ത് ഗ്രാഫിക് ഡിസൈൻ, സോഷ്യൽ മീഡിയ മാനേജ്മെന്റ്, ഐടി സേവനങ്ങൾ തുടങ്ങിയവയിൽ പരിശീലനം നൽകിയാൽ കൂടുതൽ സംരംഭസാധ്യതകൾ വികസിപ്പിക്കാൻ സാധിക്കും. ആരോഗ്യ പരിപാലന രംഗത്ത് വയോജന പരിപാലനം, കുട്ടികൾക്കായുള്ള കെയർ സർവീസ് തുടങ്ങിയവ ആരംഭിക്കാവുന്നതാണു.

### 4. സാമ്പത്തിക പിന്തുണ & നിക്ഷേപ സാധ്യതകൾ

കുടുംബശ്രീയുടെ സംരംഭക വികസനത്തിന് സൗകര്യപ്രദമായ സാമ്പത്തിക പിന്തുണ ലഭ്യമാകേണ്ടതാണ്. കുറഞ്ഞ പലിശയുള്ള വായ്പാ അവസരങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുക, ഉൽപ്പന്ന നിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നീ മാതൃകകൾ സ്വീകരിക്കാവുന്നതാണു. കൂടാതെ, CSR ഫണ്ടുകൾ, ഇൻപാക്ട് ഇൻവെസ്റ്റ്മെന്റുകൾ, സർക്കാർ ധനസഹായം എന്നിവ ഉപയോഗിച്ച് സംരംഭങ്ങൾ ശക്തിപ്പെടുത്താവുന്നതാണു.

### 5. സംരംഭകത്വവും ഡിജിറ്റൽ പരിശീലനവും

കുടുംബശ്രീയുടെ ഭാവി വളർച്ചയ്ക്ക് സുസ്ഥിര സംരംഭകത്വ പരിശീലനം അനിവാര്യമാണു. വിപണനം, സാമ്പത്തിക ആസൂത്രണം, ഉപഭോക്തൃ ബന്ധങ്ങൾ എന്നിവയിൽ പരിജ്ഞാനം നൽകുന്ന രീതിയിലുള്ള

ബിസിനസ് മാനേജ്മെന്റ് പരിശീലനം, AI, ഓൺലൈൻ മാർക്കറ്റിംഗ്, ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങൾ എന്നിവയിലുള്ള വിവിധ ടെക്നോളജി പരിശീലനങ്ങൾ എന്നിവ നൽകാവുന്നതാണു. കൂടാതെ, കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണിയിലേക്ക് കടക്കാനുള്ള മാർഗങ്ങൾ വികസിപ്പിക്കുകയും ബ്രാൻഡിങ് & മാർക്കറ്റിംഗ് നായി നൂതന മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യണം.

### 6. സർക്കാർ-സ്വകാര്യ മേഖലയുമായുള്ള സംയോജനം

ഈ മേഖലയിൽ നിലവിൽ മികച്ച മാതൃകകൾ കുടുംബശ്രീക്ക് സ്വന്തമായി ഉണ്ട്. ഇനിയും വിവിധ മേഖലകളിലേക്ക് കൺവേർജെൻസ് സാധ്യതകൾ വിപുലീകരിക്കുന്നതിനുള്ള അവസരം സർക്കാർ മേഖലയിലും അതോടൊപ്പം തന്നെ സ്വകാര്യമേഖലയിലും ഉണ്ട്

### ഉപസംഹാരം

കുടുംബശ്രീയുടെ ഭാവി കേരളത്തിന്റെ ആഗോള സാമ്പത്തിക പുനർമാറ്റവുമായി ബന്ധപ്പെട്ടിരിക്കുന്നു. ചെറുകിട സംരംഭങ്ങൾ വികസിപ്പിക്കുക, സുസ്ഥിര സംരംഭങ്ങൾ മുന്നോട്ട് കൊണ്ടുപോകുക, സേവന മേഖലയിൽ പ്രവേശനം വർദ്ധിപ്പിക്കുക, ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുക എന്നിവ മുഖേന സ്ത്രീ ശാക്തീകരണത്തിന് കുടുംബശ്രീ ഒരു മാതൃകയായിത്തീരും. ഇത്തരം ഇടപെടലുകളിലൂടെ നവീന സംരംഭക മാതൃകകൾ സൃഷ്ടിക്കാൻ സാധിച്ചാൽ കുടുംബശ്രീയുടെ ഭാവി സംരംഭകത്വത്തിന്റെ ശക്തമായ അടിത്തറയായി കേരളത്തിൽ മാറും എന്നത് ഉറപ്പാണ്.

**51**

# ജീവനോപാധി വികസനത്തിൽ സാങ്കേതികവിദ്യയുടെ ഉപയോഗവും വിദഗ്ധ സ്ഥാപനങ്ങളുടെ സേവനങ്ങളുടെ പ്രയോജനവും

പ്രശാന്ത് എം.പി.

### സംഗ്രഹം

കുടുംബശ്രീ മിഷൻ, കേരളത്തിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വനിതാ ശാക്തീകരണത്തിനുമുള്ള പ്രധാന പദ്ധതി എന്ന നിലയിൽ, തന്ത്രപരമായ സാങ്കേതികവിദ്യയുടെ ഉപയോഗവും സ്ഥാപനങ്ങളുടെ സഹകരണവും പ്രാദേശിക സാമ്പത്തിക വികസന സംരംഭങ്ങളിൽ വലിയ പുരോഗതി നൽകാൻ സഹായിക്കുന്ന ഒരു നിർണായക ഘട്ടത്തിലാണ്. നിലവിലുള്ള സാമൂഹിക ശൃംഖല മാതൃകയെ അടിസ്ഥാനമാക്കി കുടുംബശ്രീയുടെ ജീവനോപാധി പ്രോത്സാഹന പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്ന സാങ്കേതികവിദ്യയുടെ സാധ്യതകളും സഹകരണത്തിനുള്ള സാധ്യതകളും ഈ അവതരണത്തിൽ പരിശോധിക്കുന്നു.

ചെറുകിട സംരംഭങ്ങളുടെ വികസനത്തിന് ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ പ്രധാന ഉപകരണമായി വളർന്നു കഴിഞ്ഞു. കരകൗശല ഉത്പന്നങ്ങൾ, ഭക്ഷ്യ സംസ്കരണം, കാർഷിക ഉത്പന്നങ്ങൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭകർക്ക് വിപണിയിൽ കൂടുതൽ അവസരങ്ങൾ നേടാൻ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളും ഡിജിറ്റൽ മാർക്കറ്റ്പ്ലേസുകളും ഉപയോഗിക്കാം. സാധനങ്ങളുടെ സ്റ്റോക്ക് വിവരങ്ങൾ, കണക്കെഴുത്ത്, വിപണിയിലെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി കുടുംബശ്രീയുടെ നിലവിലുള്ള മൊബൈൽ ആപ്ലിക്കേഷനുകൾ മെച്ചപ്പെടുത്തുന്നത് സാധാരണക്കാർക്ക് കൂടുതൽ പ്രയോജനകരമാകും. ഡിജിറ്റൽ സാങ്കേതികവിദ്യ സ്ത്രീ സംരംഭകർക്ക് കൂടുതൽ അവസരങ്ങൾ നൽകുകയും ആഗോള വിപണിയിലേക്കും മറ്റ് ശൃംഖലകളിലേക്കും പ്രവേശനം എളുപ്പമാക്കുകയും ചെയ്യുന്നു. സാങ്കേതികവിദ്യ, പ്രത്യേകിച്ച് ഫിൻടെക് (FinTech), സ്ത്രീകൾക്ക് സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുന്നതിനും അവരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സാമ്പത്തിക ഉത്പന്നങ്ങൾ നൽകുന്നതിനും ഡിജിറ്റൽ സാക്ഷരതാ പരിപാടികൾക്ക് സഹായം നൽകുന്നതിനും അതുവഴി സാമ്പത്തിക സ്വാതന്ത്ര്യം പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നു.

സ്ഥാപനങ്ങളുമായുള്ള സഹകരണം പ്രധാനമായും മൂന്ന് കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കും: നൈപുണ്യ വികസനം, ഉത്പന്ന നവീകരണം, ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കൽ. സുസ്ഥിരമായ കൃഷി രീതികൾക്കും മൂല്യവർധനവിനും കാർഷിക സർവ്വകലാശാലകൾക്ക് സാങ്കേതിക സഹായം നൽകാൻ കഴിയും. എഞ്ചിനീയറിംഗ് കോളേജുകൾക്ക് ഉത്പാദനരീതികൾ മെച്ചപ്പെടുത്തുന്നതിനും പാക്കേജിംഗ് നവീകരിക്കുന്നതിനും സഹായിക്കാനാകും. കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെ സാമൂഹ്യ സംരംഭങ്ങൾക്കായി ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിക്കാം. ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യ ഉപയോഗിച്ച് വിതരണ ശൃംഖലയുടെ സുതാര്യത ഉറപ്പാക്കാനും ഡിജിറ്റൽ പണമിടപാടുകൾ നടത്താനും കഴിയും, ഇത് കർഷക കൂട്ടായ്മകൾക്കും മൂല്യവർദ്ധിത ഉത്പന്ന

യൂണിറ്റുകൾക്കും ഏറെ പ്രയോജനകരമാകും. ഗവൺമെന്റ് ഇ-മാർക്കറ്റ്പ്ലേസ് (GeM) പ്ലാറ്റ്ഫോമുകളുമായി സഹകരിക്കുന്നതിലൂടെ പുതിയ വിപണികൾ തുറക്കാനാകും. NABARD-ന്റെ റൂറൽ ഇന്നൊവേഷൻ സെന്റർ (Rural Innovation Centre) പോലുള്ള സാങ്കേതിക സഹായം നൽകുന്ന സ്ഥാപനങ്ങളുമായി സഹകരിക്കുന്നത് പുതിയ സാങ്കേതികവിദ്യകൾ പഠിക്കാനും, സഹായം നൽകാനും സഹായിക്കും.

**കൂടുതൽ ശ്രദ്ധിക്കേണ്ട മേഖലകൾ:**

- അയൽക്കൂട്ടങ്ങൾക്ക് സമഗ്രമായ ഡിജിറ്റൽ സാക്ഷരതാ പരിപാടി ഉണ്ടാക്കുക.
- സാങ്കേതിക സ്ഥാപനങ്ങളുമായി ചേർന്ന് ഇന്നൊവേഷൻ ലാബുകൾ സ്ഥാപിക്കുക.
- ഉത്പന്ന വികസനത്തിനായി ഒരു R&D വിഭാഗം ഉണ്ടാക്കുക.
- വിവര വിശകലനം ഉപയോഗിച്ച് ശക്തമായ നിരീക്ഷണ സംവിധാനം ഉണ്ടാക്കുക.
- സംരംഭകത്വം ഒരു നല്ല കരിയറായി തിരഞ്ഞെടുക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക, അതുപോലെ പഠനത്തിനും വികസനത്തിനും പ്രോത്സാഹനവും സഹായവും നൽകുന്ന നല്ല സാഹചര്യങ്ങൾ സൃഷ്ടിക്കുക.

മറ്റ് സംസ്ഥാനങ്ങളിൽ, പ്രത്യേകിച്ച് ഡിജിറ്റൽ സാമ്പത്തിക സഹായത്തിലും വിപണി ബന്ധിപ്പിക്കുന്ന പരിപാടികളിലുമുള്ള വിജയഗാഥകൾ നടപ്പിലാക്കുന്നതിന് വിലപ്പെട്ട പാഠങ്ങൾ നൽകുന്നു. സാങ്കേതികവിദ്യ ഉപയോഗിക്കുമ്പോൾ, കുടുംബശ്രീയുടെ സാമൂഹിക സ്വഭാവം നിലനിർത്തണം. സാങ്കേതിക സ്ഥാപനങ്ങളുമായുള്ള തന്ത്രപരമായ പങ്കാളിത്തം നിലവിലുള്ള സാമൂഹിക മൂലധനം വർദ്ധിപ്പിക്കുന്ന സുസ്ഥിരമായ പരിഹാരങ്ങൾക്ക് മുൻഗണന നൽകണം. സാങ്കേതികവിദ്യയുടെയും സ്ഥാപന പിന്തുണയുടെയും ഈ സംയോജനം സുസ്ഥിരമായ ഉപജീവനത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും കുടുംബശ്രീയുടെ പങ്ക് ശക്തിപ്പെടുത്തും. നല്ല സാഹചര്യങ്ങൾ ഉണ്ടാക്കുന്നതിലൂടെ, പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഗ്രാമീണ സ്ത്രീകളെ ഉയർത്താനും മാറ്റത്തിന്റെ ഭാഗമാകാനും കഴിയും.

പ്രോഗ്രാം മാനേജർ, കുടുംബശ്രീ എൻ.ആർ.ഒ

**52**

# കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനസാധ്യത

ടോണി കെ. ജോസ്

**ആമുഖം**

സാമൂഹിക കൂട്ടായ്മയിലൂടെ ദാരിദ്രനിർമ്മാർജ്ജനം, അടിസ്ഥാന സൗകര്യവികസനം സ്ത്രീശാക്തീകരണം എനീ വിവിധ മേഖലകളിൽ ഇതിനോടകംതന്നെ ലോകത്തിനുതന്നെ മാതൃകയായ കൂട്ടായ്മയാണ് കുടുംബശ്രീ. ഈ വിജയഗാഥ മറ്റു മേഖലകളിലേക്ക് കൂടിവ്യാപിപ്പിച്ചുകൊണ്ട് കുടുംബശ്രീ കൂട്ടായ്മ മുന്നേറുന്നത് നമ്മുക്ക് കാണുവാൻ സാധിക്കും

ആദ്യകാലങ്ങളിൽ വിദേശീയരും തദ്ദേശീയരും ആയി ധാരാളം വ്യാപാരങ്ങൾ നടത്തിയിരുന്നവരാണ് കേരളത്തിലെ പൂർവ്വികർ. ഇന്നും അത് തുടർന്നു വരുന്നു. കച്ചവട വിപണന മേഖലകളിൽ സ്വന്തമായി വ്യക്തിമുദ്ര പതിപ്പിച്ച കേരളത്തിലെ വിപണിയിലേക്ക് കുടുംബശ്രീയും ഇതിനോടകം തന്നെ കാലെടുത്തു വച്ചു കഴിഞ്ഞു. എങ്കിലും കുടുംബശ്രീ സംരംഭകരെ സംബന്ധിച്ചിടത്തോളം ഉല്പന്നങ്ങൾ വിപണിയിൽ വിറ്റഴിക്കുക എന്നത് വളരെയധികം ബുദ്ധിമുട്ടേറിയ ഒരു മേഖലയായിട്ടാണ് ഇന്നും കണ്ടു വരുന്നത്.

**കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനസാധ്യത**

**ഗ്രാമീണ വിതരണ ശൃംഖല സൃഷ്ടിക്കുന്നു.**

കുടുംബശ്രീ മുഖേന ഓരോ പ്രദേശത്തേയും കേന്ദ്രീകരിച്ച് ആ പ്രദേശത്തെ തനതായ ഉല്പന്നങ്ങൾ വിപണിയിലെത്തിക്കാൻ സാധിക്കും. ഇങ്ങനെ ഓരോ കുടുംബശ്രീ യൂണിറ്റ് മുഖേനയും ഒരോ ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുകയാണെങ്കിൽ അത് വലിയൊരു മാതൃകയായിരിക്കും. ഹോം ഷോപ്പ്, നാനോ മാർക്കറ്റുകൾ എന്നിവ വിജയകരമായ മോഡലുകളാണ്. സാങ്കേതികവിദ്യ, ഉൽപ്പന്ന വിഭാഗത്തിന്റെ വൈവിധ്യവൽക്കരണം, സാമ്പത്തിക അച്ചടക്കം ഉറപ്പാക്കൽ, വിശ്വസ്തരായ ഉപഭോക്തൃ ശൃംഖല സൃഷ്ടിക്കൽ തുടങ്ങിയ മേഖലകളിൽ പിന്തുണ നൽകിയാൽ മാർക്കറ്റിംഗ് രംഗത്ത് മികച്ച നേട്ടം കൈവരിക്കാൻ സാധിക്കും.

## ഗ്രാമീണ ഉൽപ്പാദനവും നഗര വിപണികളും

നഗരവിപണികളെ ബന്ധിപ്പിച്ച് നല്ല കാര്യക്ഷമമായ വിതരണ ശൃംഖല സൃഷ്ടിക്കുന്നത് കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിനുള്ള വാതായനങ്ങൾ തുറക്കും. നഗരവിപണികളെ പ്രേക്ഷകരെ മനസ്സിലാക്കുന്നതിനും പൊരുത്തപ്പെടുത്തുന്നതിനും ശക്തമായ ശ്രദ്ധനല്കുന്നതാവണം കുടുംബശ്രീ യൂണിറ്റുകൾ.

## വിപണന മേഖല വ്യാപനം

സംരംഭകരെ സംബന്ധിച്ചിടത്തോളം ഉല്പന്നങ്ങൾ വിപണിയിൽ വിറ്റഴിക്കുക എന്ന പ്രശ്നത്തെ മറികടക്കുന്നതിനായി പല വ്യത്യസ്ത മാർഗ്ഗങ്ങളും ഇന്ന് ആളുകൾ സ്വീകരിച്ചുവരുന്നു. ശാസ്ത്രം ഇത്രയധികം വളർന്നു കഴിഞ്ഞ കാലത്ത് ഇനിയും ചെറുകിട മാർക്കറ്റുകളേയും പ്രാദേശിക വിപണനത്തേയും മാത്രം ആശ്രയിക്കുക എന്നത് ഒട്ടും അഭികാമ്യമല്ല. ഇതിനു പകരമായി ശാസ്ത്ര സങ്കേതിക വിദ്യയുടെ സഹായത്തോടെ ലോകത്തിന്റെ പല ഭാഗത്തേക്കും തങ്ങളുടെ വിപണന മേഖല വ്യാപിപ്പിക്കാൻ ഓരോ സംരംഭകനും സാധിക്കണം. ഇതിനു സഹായകമായ ധാരാളം ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഇന്ന് ലഭ്യമാണ്.

## ശക്തമായ ബ്രാൻഡും വിപണിയിൽ ഉൽപ്പന്നങ്ങളുടെ ശരിയായ സ്ഥാനവും സൃഷ്ടിക്കുന്നു

ഓരോ ഉല്പന്നത്തിനും മറ്റു ഉല്പന്നങ്ങളിൽ നിന്നുള്ള വ്യത്യസ്തത ഉണ്ടാകുക എന്നത് വളരെ പ്രാധാന്യമേറിയ ഒന്നാണ്. ആ വ്യത്യസ്തത ഉയർത്തിക്കാട്ടി ഒരു ഉല്പന്ന നാമം (ബ്രാന്റ്) നിർമ്മിച്ചെടുക്കുക വഴി ആ ഉല്പന്നം കൂടുതൽ ജനശ്രദ്ധയാകർഷിക്കുകയും അതുവഴി കൂടുതൽ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും സാധിക്കും. ഉല്പന്നത്തേക്കാൾ അതിന്റെ നാമത്തിന്( ബ്രാന്റ്) പ്രാധാന്യം നൽകുന്ന ഈ കാലത്ത് നമ്മക്കും ഗുണമേന്മയുള്ള ഉല്പനങ്ങൾ നല്ലൊരു പേരു നൽകി വിപണിയിലെത്തിക്കാൻ സാധിക്കണം..

## പബ്ലിക് പ്രൊക്യൂർമെന്റ്

2012-ലെ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കായുള്ള പബ്ലിക് പ്രൊക്യൂർമെന്റ് പോളിസി (എംഎസ്എംഇ) ഉത്തരവ് പ്രകാരം ഗവൺമെന്റ് അതിന്റെ ചരക്കുകളുടെയും സേവനങ്ങളുടെയും 25% എങ്കിലും MSME മേഖലകളിൽ നിന്ന് വാങ്ങേണ്ടതുണ്ട്. സർക്കാർ വകുപ്പുകൾ, മന്ത്രാലയങ്ങൾ, പൊതുമേഖലാ യൂണിറ്റുകൾ, സംസ്ഥാന സർക്കാരുകൾ, കേന്ദ്ര സായുധ പോലീസ് സേനകൾ എന്നിവർക്ക് ഈ പോർട്ടലിലൂടെ ഇടപാടുകൾ നടത്താൻ അനുമതിയുണ്ട്. എല്ലാ വകുപ്പുകളും മന്ത്രാലയങ്ങളും ഇ-മാർക്കറ്റ്പ്ലേസിൽ നിന്ന് സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നത് സർക്കാർ നിർബന്ധമാക്കിയിട്ടുണ്ട്.

ഇന്നത്തെ ലോകത്ത് മാർക്കറ്റിംഗ് മേഖല ഡിജിറ്റൽ സ്ട്രാറ്റജികളിൽ ഊന്നൽ നൽകുന്നു. പ്രാദേശിക വൽക്കരണത്തിലൂടെ വൈവിധ്യമാർന്ന പ്രേക്ഷകരെ മനസ്സിലാക്കുന്നതിനും അതനുസരിച്ച് ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിലും ശക്തമായ ശ്രദ്ധ നല്കുന്നതാവണം ഇനിയുള്ള കാലത്തെ കുടുംബശ്രീയുടെ മാർക്കറ്റിംഗ് തന്ത്രങ്ങൾ.

**53**

# കുടുംബശ്രീയും നൂതന തൊഴിൽ സാധ്യതകളും – വൈജ്ഞാനിക സമ്പദ് ഘടനയും നൈപുണ്യ വികസനവും

ഷിബു എൻ.പി.

ഇന്ത്യയിൽ മനുഷ്യവിഭവശേഷിയുടെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ ഈ മനുഷ്യവിഭവ ശേഷിയുടെ പരമാവധി വിനിയോഗം പല കാരണങ്ങളാൽ നമുക്ക് സാധ്യമായിട്ടില്ല. ഈ സ്ഥിതിയ്ക്ക് മാറ്റം വരുത്തണമെങ്കിൽ യുവജനതയുടെ കാര്യശേഷിയെ ഉന്നം വച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. കേരള ജനതയുടെ 57% 20 നും 59 നും ഇടയിൽ പ്രായമുള്ളവരാണ്. ഇതിൽ 53% സ്ത്രീകളാണ്. കേരളാ എക്കണോമിക് റിവ്യൂ 2023 പ്രകാരമുള്ള ഈ കണക്കിൽ സൂചിപ്പിക്കുന്നത് താരതമ്യേന അഭ്യസ്തവിദ്യരായ കേരളത്തിലെ സ്ത്രീകളിൽ തൊഴിൽരഹിതരുടെ എണ്ണം ശരാശരി ദേശീയ ശരാശരിയെക്കാൾ വളരെ കൂടുതലാണെന്നാണ്.

ഡെമോഗ്രാഫിക് ഡിവിഡൻഡ് ആനുകൂല്യം പരമാവധി ഉപയോഗപ്പെടുത്തിയും നിലവിലെ യുവതലമുറയുടെ നൈപുണ്യത്തിന്റെ തോത് മനസ്സിലാക്കിയുമായിരിക്കണം നൈപുണ്യ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത്. ഇത്തരത്തിൽ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് അവരവരുടെ കഴിവിനും, വിദ്യാഭ്യാസ യോഗ്യതയ്ക്കും, അഭിരുചിക്കും, പ്രവൃത്തിപരിചയത്തിന്റെയും അടിസ്ഥാനത്തിൽ അനുയോജ്യമായ നൈപുണ്യ പരിശീലനങ്ങളാണ് നൽകേണ്ടത്.

**1. നൈപുണ്യപരിശീലനം:** അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന വ്യവസായ, കാർഷിക സേവന മേഖലയെ അടിസ്ഥാനപ്പെടുത്തി മാനുഷിക ശക്തി വികസിപ്പിക്കേണ്ടതും ആയതിനെ വളർന്നുവരുന്ന

ആവശ്യങ്ങളെ മുൻനിർത്തി സജ്ജമാക്കേണ്ടതും സമഗ്രമായ വികസനത്തിന് അത്യാവശ്യമാണ്. ഇത്തരത്തിൽ ഓരോ മേഖലയിലെയും നിലവിലെയും ഭാവിയിലെയും നൈപുണ്യ വികസനത്തിന്റെ ആവശ്യകത മുൻകൂട്ടി കാണാനും ആയതിന്റെ അടിസ്ഥാനത്തിൽ നൈപുണ്യ വികസനം സാധ്യമാക്കേണ്ടതാണ്. നൈപുണ്യമുള്ള തൊഴിൽശക്തി ഉത്പാദനക്ഷമത ഗുണനിലവാരം എന്നിവ വർധിപ്പിക്കുന്നു.

നൈപുണ്യ പരിശീലനത്തിലെ പ്രധാന ശ്രദ്ധാകേന്ദ്ര മേഖലകൾ:

- സാങ്കേതിക നൈപുണ്യവികസനം
- തൊഴിൽ പ്രാപ്തിക്കു വേണ്ട അധിക പരിശീലനം (Industry Readiness & Soft Skills)
- നിലവിലെ വൈദഗ്ധ്യത്തിന് അംഗീകാരം നൽകൽ (Recognition of Prior Learning -RPL)
- അധിക നൈപുണ്യവും പുനർ നൈപുണ്യവും (Up-Skilling & Re-Skilling)
- കാര്യശേഷി വർധനാപരിപാടി
- Industry aligned skilling: മേഖലാധിഷ്ഠിത കഴിവുകളും പ്രായോഗിക പരിചയവും നൽകുന്നതിന് വ്യാപാര സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുക.
- ഡിജിറ്റൽ & റിമോട്ട് സ്കിൽ ഡെവലപ്മെന്റ്: എളുപ്പമുള്ള പഠനത്തിനായി AI, മെഷീൻ ലേണിംഗ്, ഡിജിറ്റൽ ഉപകരണങ്ങൾ എന്നിവ സംയോജിപ്പിക്കുന്നു.

**2. പുതിയ തൊഴിൽ അവസരങ്ങൾ:** ഉയർന്നുവരുന്ന മേഖലകളും തൊഴിൽ മാതൃകകളും വളരുന്ന മേഖലകളും തൊഴിൽ അവസരങ്ങളും:

- ഹരിത സമ്പദ് വ്യവസ്ഥ: പുനരുപയോഗ ഊർജ്ജം, സുസ്ഥിര കൃഷി, പരിസ്ഥിതി സംരക്ഷണം എന്നീ മേഖലകളിലെ തൊഴിലുകൾ.
- ഇകൊമേഴ്സ് &ഡിജിറ്റൽ വ്യാപാരം: ലോജിസ്റ്റിക്സ്, ഡിജിറ്റൽ മാർക്കറ്റിംഗ്, ഉപഭോക്തൃ സേവനം എന്നിവയിലെ അവസരങ്ങൾ.
- ഗിഗ് ഇക്കണോമി & റിമോട്ട് വർക്ക്: ഫ്രീലാൻസിങ്, പ്രോജക്ട് അധിഷ്ഠിത തൊഴിൽ, ഹൈബ്രിഡ് വർക്ക് മോഡലുകൾ.
- ഗ്രാമീണ വിനോദസഞ്ചാരവും പൈതൃക സംരക്ഷണവും: പരിസ്ഥിതി ടൂറിസം, സാംസ്കാരിക സംരക്ഷണം, ആതിഥ്യമര്യാദ എന്നിവയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ.
- വീട്ടിൽ നിന്ന് ജോലി ചെയ്യാവുന്നതും സമീപത്തുള്ള ജോലി ചെയ്യുന്നതുമായ മോഡലുകൾ: സ്ത്രീകൾ, വികലാംഗർ, അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ എന്നിവരുടെ പ്രാപ്യത വർദ്ധിപ്പിക്കൽ.

**3. നോളജ് എക്കണോമി:** ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥ, ഉൽപ്പാദനക്ഷമതയും നവീകരണവും വർദ്ധിപ്പിക്കുന്നതിന് മനുഷ്യ വൈദഗ്ധ്യം, സാങ്കേതിക വിദ്യ, ഡാറ്റാധിഷ്ഠിത ഉൾക്കാഴ്ചകൾ എന്നിവ പ്രയോജനപ്പെടുത്തുന്നു. ഡിജിറ്റൽ സാക്ഷരത, പ്രശ്നപരിഹാര കഴിവുകൾ, മേഖലാ നിർദ്ദിഷ്ട അറിവ് എന്നിവയാൽ സജ്ജീകരിച്ചിരിക്കുന്ന ഒരു പൊരുത്തപ്പെടുത്താവുന്ന തൊഴിൽശക്തിയെ ഇത് വളർത്തിയെടുക്കുന്നു.

നൈപുണ്യ പരിശീലനം, പുതിയ തൊഴിലവസരങ്ങൾ, വിജ്ഞാന സമ്പദ്യവസ്ഥ എന്നിവ ഒരുമിച്ച് ഭാവിക്ക് തയ്യാറായ ഒരു തൊഴിൽശക്തിയുടെ അടിത്തറയായി മാറുന്നു. മേഖലാ ആവശ്യങ്ങൾ, നൂതനമായ നൈപുണ്യ സമീപനങ്ങൾ, സാങ്കേതിക വിദ്യാധിഷ്ഠിത പഠനം എന്നിവ സമന്വയിപ്പിക്കുന്നതിലൂടെ, കേരളം മത്സരാധിഷ്ഠിതവും, ചലനാത്മകമായ ഒരു ആഗോള സമ്പദ് വ്യവസ്ഥയിൽ അഭിവൃദ്ധി പ്രാപിക്കാൻ കഴിവുള്ളതുമായ ഒരു തൊഴിൽശക്തിയെ രൂപപ്പെടുത്തുന്നു.

npshibu@gmail.com -8157830774

54

# കുടുംബശ്രീയും തുല്യനീതിയും ഇടപെടലുകളും സാധ്യതകളും

ഡോ. മോനിഷ യു.

കുടുംബശ്രീ വർഷങ്ങളായി നടപ്പിലാക്കി കൊണ്ടിരിക്കുന്ന വിവിധ പരിശീലനങ്ങൾ, ലിംഗ അവബോധ പ്രവർത്തനങ്ങൾ, വിവിധ യോഗങ്ങൾ, കലാസാംസ്കാരിക പ്രവർത്തനങ്ങൾ, വാർഷികാഘോഷങ്ങൾ, കുടുംബശ്രീ ത്രിതല സംവിധാനത്തിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രക്രിയകൾ, ക്യാമ്പയിൽ പ്രവർത്തനങ്ങൾ എന്നിവയൊക്കെ കുടുംബശ്രീയിലെ ഓരോ അംഗങ്ങളുടെയും അനൗദ്യോഗിക വിദ്യാഭ്യാസ അവസരങ്ങളായി മാറി. ഇതിലൂടെ ലഭിച്ച പുതിയ അറിവുകളും ഊർജ്ജവും സ്ത്രീകളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും സാമൂഹ്യ രാഷ്ട്രീയരംഗത്തെ സജീവസാന്നിധ്യമായി മാറ്റുകയും ചെയ്തു. കേരളസർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 50 ശതമാനം സ്ത്രീ സംവരണം ഏർപ്പെടുത്തിയപ്പോൾ സംവരണ സീറ്റുകൾക്കും അപ്പുറം ജനറൽ സീറ്റുകളിൽ പോലും മത്സരിക്കാനുള്ള ആത്മവിശ്വാസം സ്ത്രീകൾക്ക് ലഭിച്ചു.

കേരളത്തിലെ പകുതിയിലധികം കുടുംബങ്ങളെയും ഉൾക്കൊള്ളുന്ന കുടുംബശ്രീ ശൃംഖലയും ശക്തമായ

ത്രിതല തദ്ദേശസ്വയംഭരണ സംവിധാനവും സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായി ഒരു വകുപ്പുമുള്ള ഏക സംസ്ഥാനമായിരുന്നിട്ടും സ്ത്രീശാക്തീകരണത്തിന്റെയും ലിംഗസമത്വത്തിന്റെയും മേഖലകളിൽ നമ്മളിന്നും വെല്ലുവിളികൾ നേരിടുന്നു. വിദ്യാഭ്യാസമുള്ള സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ, സ്ത്രീധന പീഡനങ്ങൾ, ആത്മഹത്യകൾ, തൊഴിൽരംഗത്തും രാഷ്ട്രീയ സാമൂഹിക പൊതുരംഗത്തും നിലനിൽക്കുന്ന ലിംഗവിവേചനങ്ങൾ തുടങ്ങിയവ ലിംഗനീതിയിലധിഷ്ഠിതമായ സുസ്ഥിരവികസനത്തിന് തടസ്സം നിൽക്കുന്നു. ഈ ലിംഗഅസമത്വങ്ങൾക്ക് പ്രധാന കാരണം പിതൃമേധാവിത്വത്തിലധിഷ്ഠിതമായ രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങളാണ്.

കുടുംബശ്രീയിലൂടെ സ്ത്രീകളെ വീടിനുള്ളിൽ നിന്നും പൊതുവിടങ്ങളിലേക്ക് ഒരു പരിധി വരെ എത്തിക്കാൻ സാധിച്ചുവെങ്കിലും കുടുംബങ്ങൾക്കുള്ളിലെ പിതൃമേധാവിത്വ വ്യവസ്ഥിതിയും സമുദായങ്ങളും സ്ത്രീകളെ ഇപ്പോഴും അടക്കിനിർത്തുന്നു. ഇന്ന് ഗ്രാമസഭകളിലും പൊതുയോഗങ്ങളിലും രാഷ്ട്രീയപ്രവർത്തനങ്ങളിലും സ്കൂൾ പിടിഎ യോഗങ്ങൾ സമുദായിക മതസംഘടനകളുടെ യോഗങ്ങൾ എന്നിവയിലൊക്കെ തന്നെ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ, സാമൂഹ്യ രാഷ്ട്രീയരംഗത്ത് സജീവമാകുമ്പോഴും വീടിനുള്ളിലെ ഉത്തരവാദിത്വങ്ങളിൽ (Triple Gender Roles) നിന്നും സ്ത്രീകൾക്ക് മോചനം ലഭിക്കുന്നില്ല. ഈ ത്രിമാന ഉത്തരവാദിത്വങ്ങളുടെ ഭാരം സ്ത്രീകളുടെ പൊതു രംഗങ്ങളിലെ മുന്നോട്ടുപോക്കിന് തടസ്സപ്പെടുത്തുന്നു.

കുടുംബശ്രീയുടെ നേതൃത്വത്തിൽ ഇന്ന് നടപ്പിലാക്കി കൊണ്ടിരിക്കുന്ന ലിംഗാവബോധ പ്രവർത്തനങ്ങൾ സ്ത്രീകൾക്ക് തങ്ങളുടെ അവകാശങ്ങളെയും അവസര നിഷേധങ്ങളെയും കുറിച്ചുള്ള തിരിച്ചറിവിന് വഴിവെക്കുകയും അതുവരെ തങ്ങൾ അനുഭവിച്ചതൊക്കെ “സ്വാഭാവികം” അല്ല എന്നും അവയെ നിയമപരമായും സാമൂഹ്യപരമായും നേരിടേണ്ടതാണെന്നുമുള്ള തിരിച്ചറിവും പ്രശ്നങ്ങളെ അതിജീവിക്കാനുള്ള പ്രാപ്തിയും നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയോജനത്തോടു കൂടി കുടുംബശ്രീ സിഡിഎസുകളിൽ ജെൻഡർ റിസോഴ്സ് സെന്ററുകൾക്ക് രൂപം നൽകി. സ്ത്രീകളുടെ കാര്യശേഷി വികസനം, സർഗ്ഗശേഷി വികസനം, കായിക വികസനം എന്നിവയ്ക്കായി തുടർച്ചയായി ഉള്ള പ്രവർത്തനങ്ങളും ക്യാമ്പയിനുകളും ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. കൂടാതെ ജെൻഡർ റിസോഴ്സ് സെന്ററുകളിൽ അതിക്രമങ്ങളെക്കുറിച്ചും സ്ത്രീകൾ നേരിടുന്ന മാനസിക പ്രയാസങ്ങൾ പരിഹരിക്കുന്നതിനായുള്ള ചർച്ചകളും മാനസിക പിന്തുണയ്ക്കായി കൗൺസിലിംഗ് കേന്ദ്രങ്ങളും ആരംഭിച്ചു.

വാർഡ്തലത്തിൽ സ്ത്രീകളും കുട്ടികളും നേരിടുന്ന പ്രശ്നങ്ങൾക്ക് ഒരു പ്രതിരോധ സംവിധാനം എന്ന നിലയിൽ വിജിലന്റ് ഗ്രൂപ്പുകൾക്ക് രൂപം നൽകി. സാമൂഹ്യ പ്രതിബദ്ധതയുള്ള സ്ത്രീകളുടെ ഒരു ഗ്രൂപ്പായി വിജിലന്റ് ഗ്രൂപ്പുകൾ മാറുകയും കേരളത്തിൽ പ്രളയം, കോവിഡ് തുടങ്ങിയ എല്ലാ പ്രകൃതി ദുരന്തങ്ങളെയും അതിജീവിക്കുന്നതിനുള്ള കുടുംബശ്രീയുടെ സന്നദ്ധ സേനയായി വിജിലന്റ് ഗ്രൂപ്പുകൾ പ്രവർത്തിച്ചുവരുന്നു. ഓരോ അയൽക്കൂട്ട തലങ്ങളിലും സ്ത്രീകളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവർ നേരിടുന്ന അതിക്രമങ്ങളും വിവേചനങ്ങളും കുടുംബശ്രീയുടെയും മറ്റു വകുപ്പുകളുടെ സംയോജനത്തോടു കൂടിയും പരിഹരിക്കുന്നതിനും പ്രത്യേക പരിശീലനം നൽകിയ അയൽക്കൂട്ട ഫെസിലിറ്റർമാരെ ജെൻഡർ പോയിന്റ് പേഴ്സണന്മാരായി നിയോഗിച്ചു. ജില്ലാതലം മുതൽ അയൽക്കൂട്ടതലം വരെ നടക്കുന്ന ലിംഗസമത്വ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ജില്ലാതലത്തിൽ അതിക്രമത്തിനിരയാകുന്ന സ്ത്രീകൾക്ക് സംരക്ഷണവും താൽക്കാലിക താമസസൗകര്യവും കൗൺസിലിംഗ് സേവനവും നൽകിക്കൊണ്ട് സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കുകൾ എല്ലാ ജില്ലയിലും പ്രവർത്തിച്ചു വരുന്നു.

കുടുംബശ്രീയിലൂടെയുള്ള സ്ത്രീശാക്തീകരണം സുസ്ഥിരമാകണമെങ്കിൽ കേരളത്തിലെ കുടുംബങ്ങളിലെയും പൊതുയിടങ്ങളിലും മതരാഷ്ട്രീയ സാമുദായിക സാമൂഹിക ഇടങ്ങളിലും നിലനിൽക്കുന്ന പിതൃമേധാവിത്വം നിർമ്മാർജനം ചെയ്യപ്പെടേണ്ടതുണ്ട്. സമൂഹത്തിലെ ഓരോ ഇടവും സ്ത്രീകളുടേതായി മാറേണ്ടതുണ്ട്. കേരള സമൂഹത്തിലെ സമസ്തമേഖലകളിലും നിലനിൽക്കുന്ന ലിംഗ അസമത്വങ്ങൾ പരിഹരിക്കുന്നതിന് ഓരോ അയൽക്കൂട്ടങ്ങളെയും കേന്ദ്രീകരിച്ചുള്ള സുസ്ഥിരമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. അയൽക്കൂട്ട യോഗങ്ങളുടെ അടിസ്ഥാന ചർച്ചയായി ലിംഗസമത ചർച്ചകൾ മാറേണ്ടതുണ്ട്. അയൽക്കൂട്ട അംഗങ്ങൾക്ക് ഒപ്പം അയൽക്കൂട്ട കുടുംബങ്ങളിലെ പുരുഷന്മാരെയും കുട്ടികളെയും പ്രായമായവരെയും കേന്ദ്രീകരിച്ചു ലിംഗാവബോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്.

---

9061846016

55

# സ്ത്രീകളും കലാസാംസ്കാരിക ഇടങ്ങളും- കുടുംബശ്രീ സാധ്യതകൾ

ബിനു ആനമങ്ങാട്

**സംഗ്രഹം**

സാംസ്കാരിക പൈതൃകത്തിനും സാമൂഹിക പുരോഗതിക്കും പേരുകേട്ട കേരളം സ്ത്രീകളുടെ സാമൂഹിക-സാമ്പത്തിക മുന്നേറ്റത്തിന് മാതൃകയായാണു പൊതുവെ കണക്കാക്കപ്പെടുന്നത്. സ്ത്രീകളുടെ സ്വാതന്ത്ര്യവും സാമൂഹ്യ സാംസ്കാരിക രംഗത്തെ ഇടപെടലും കേരളത്തിന്റെ സാംസ്കാരിക ജീവിതത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്നുമുണ്ട്. കലാസാംസ്കാരിക ഇടങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിൽ കുടുംബശ്രീ പോലുള്ള പ്രസ്ഥാനങ്ങൾ നിർണായക പങ്ക് വഹിക്കുന്നു. സ്ത്രീകളും കലാസാംസ്കാരിക ഇടങ്ങളും- കുടുംബശ്രീ സാധ്യതകൾ എന്ന ഈ പ്രബന്ധം കേരളത്തിലെ കലാസാംസ്കാരിക ഇടങ്ങളിലെ സ്ത്രീ സാന്നിധ്യം, സാധ്യതകൾ, വെല്ലുവിളികൾ, കുടുംബശ്രീയുടെ ഇടപെടൽ മേഖലകൾ എന്നിവ പരിശോധിക്കുന്നു.

കേരളത്തിന്റെ സാംസ്കാരിക പരിണാമത്തിൽ സ്ത്രീകൾ എങ്ങനെ പ്രധാന പങ്ക് വഹിക്കുന്നു എന്ന് ഈ പ്രബന്ധം വിലയിരുത്തുന്നു. കലാ-സാംസ്കാരിക മേഖലകളിൽ സ്ത്രീകളുടെ പ്രവേശനവും പ്രാതിനിധ്യവും, അവരുടെ സൃഷ്ടിപരമായ സംഭാവനകൾ, കുടുംബശ്രീയുടെ സാധ്യതകൾ, സാമൂഹിക പ്രതീക്ഷകൾ, ലിംഗഭേദങ്ങൾ, സാമ്പത്തിക-സാമൂഹിക തടസ്സങ്ങൾ എന്നിവയെക്കുറിച്ച് ഈ പ്രബന്ധം ചർച്ച ചെയ്യുന്നു.

പൊതു ഇടങ്ങളിലെ ഇടപെടലുകളും കലാസാംസ്കാരിക രംഗത്തെ പ്രവർത്തനങ്ങളും സ്ത്രീകളുടെ ആത്മവിശ്വാസം ഉയർത്തുന്നതിനും സമൂഹത്തിൽ അംഗീകാരവും പദവിയും നേടിയെടുക്കുന്നതിലും ഏറെ സഹായിക്കുന്ന ഒന്നാണു എന്ന് വിലയിരുത്തുന്നതോടൊപ്പം പരമ്പരാഗത രീതികൾ, സാമൂഹിക നിയന്ത്രണങ്ങൾ, സാമ്പത്തിക പരിമിതികൾ തുടങ്ങി സാംസ്കാരിക മേഖലകളിൽ സ്ത്രീകൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെക്കുറിച്ച് ഈ പ്രബന്ധം ചർച്ച ചെയ്യുന്നു.

സ്ത്രീകളുടെ കലാസാംസ്കാരിക രംഗത്തെ ഇടപ്പെടലുമായി ബന്ധപ്പെട്ട് നിലവിൽ കുടുംബശ്രീ നടത്തിവരുന്ന പ്രവർത്തനങ്ങളും ഇടപെടലുകളും ഈ പ്രബന്ധം ചർച്ച ചെയ്യുന്നു. സ്ത്രീകളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് പുറമേ, കലാസാംസ്കാരിക മേഖലകളിലും അവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനു സഹായകമാകുന്ന അരങ്ങ്, സർഗ്ഗം, എന്നിടം, രംഗശ്രീ, റേഡിയോശ്രീ, മീഡിയശ്രീ തുടങ്ങിയ ഇടപെടലുകളെക്കുറിച്ച് പരിശോധിക്കുന്നു.

പുതിയ കാലത്തിൽ, കലാസാംസ്കാരിക രംഗത്ത് കുടുംബശ്രീയുടെ സാധ്യതകൾ എങ്ങനെ വികസിക്കുന്നു, സാമൂഹിക പരിവർത്തനത്തിന് എങ്ങനെ പ്രേരണയാകുന്നു, സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനം ഉയർത്തുന്നതിന് എങ്ങനെ സഹായിക്കുന്നു എന്നിവയും ഈ പ്രബന്ധത്തിൽ പരിഗണിക്കുന്നു. കൂടാതെ, മാറിയ സാഹചര്യത്തിൽ കലാസാംസ്കാരിക പ്രവർത്തനമെന്നത് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള ഉപാധി കൂടിയാണെന്നും സ്വന്തം അവകാശങ്ങളെ നേടിയെടുക്കാനുള്ള ആത്മവിശ്വാസവും കാര്യശേഷിയും സേവനാവകാശികളിൽ ഉണ്ടാക്കിയെടുക്കാൻ കലാസാംസ്കാരിക പ്രവർത്തനങ്ങളിലൂടെ സാധിക്കുമെന്നും നിലവിലെ സാമൂഹ്യ മണ്ഡലത്തിലെ പ്രധാന വെല്ലുവിളികളായ അന്ധവിശ്വാസങ്ങൾ, മത-വർഗ്ഗ-വിദ്വേഷ പ്രചരണം തുടങ്ങിയവയെ ചെറുക്കുന്നതിലും സമൂഹത്തിലെ ജനാധിപത്യ ശേഷി ഉയർത്തുന്നതിലും ശാസ്ത്രീയ അടിത്തറ ശക്തമാക്കുന്നതിലും സ്ത്രീകളുടെ കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് കാര്യമായ പങ്കുവഹിക്കാനാകുമെന്നുമുള്ള ചിന്തകളും ഈ പ്രബന്ധം മുന്നോട്ടുവയ്ക്കുന്നു.

ഈ പ്രബന്ധം കേരളത്തിലെ കലാ-സാംസ്കാരിക രംഗത്ത് കുടുംബശ്രീയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി ഭാവിയിൽ സ്ത്രീകളുടെ സൃഷ്ടിപരമായ ഇടപെടലുകൾ കൂടുതൽ ശക്തിപ്പെടുത്താനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുന്നു. അതോടൊപ്പം, കേരളത്തിൽ നിലവിൽ കുടുംബശ്രീ ഉണ്ടാക്കിയെടുത്തിട്ടുള്ള സാമൂഹ്യ മൂലധനവും തൊഴിൽ ശേഷിയും സ്ത്രീ മുന്നേറ്റവും യഥാർത്ഥത്തിൽ പുരോഗമനത്തിലൂന്നിയ വികസനത്തിലേക്ക് നയിക്കുന്നതിനു സാംസ്കാരികമായ അവബോധവും മാറ്റവും ആവശ്യമാണെന്നും ഇത് കുടുംബശ്രീ സംവിധാനത്തിന്റെ ഇടത്തിൽ മാത്രം ഊന്നി നിന്നുകൊണ്ടു സാധിക്കുകയില്ല എന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സംഘടനാ സംവിധാനവും തമ്മിലുള്ള ഫലപ്രദമായ പങ്കാളിത്തത്തിലൂടെ വലിയ രീതിയിലുള്ള സാംസ്കാരിക ഇടം രൂപപ്പെടുത്താനും വികസിപ്പിക്കാനും സാധിക്കുമെന്നും പ്രബന്ധം വിലയിരുത്തുന്നു.

---

binuanamangad@gmail.com, 9447419448

56

# പാർശ്വവൽകൃത സമൂഹവും കുടുംബശ്രീയും ഇടപെടലുകൾ, വെല്ലുവിളികൾ, സാധ്യതകൾ

പ്രഭാകരൻ എം. മേലത്ത്

സാർവത്രിക സാക്ഷരത, ആരോഗ്യ സംരക്ഷണ, അടിസ്ഥാന സൗകര്യം, ആയുർദൈർഘ്യം, ശിശുമരണ നിരക്ക്, മാനവ വികസന സൂചിക(എച്ച്ഡിഐ) തുടങ്ങി സാമൂഹിക, സാമ്പത്തിക, ആരോഗ്യ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട വിവിധ വികസന സൂചകങ്ങളിൽ കേരളത്തിന് അഭിമാനിക്കാനാകുമെങ്കിലും, അവയിൽ പലതും കേരളത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടു കിടക്കുന്ന വിഭാഗങ്ങളുടെ കാര്യത്തിൽഇപ്പോഴും വേണ്ടതുപോലെ എത്തിച്ചേർന്നിട്ടില്ല.കുടുംബശ്രീക്ക് പാർശ്വവൽകൃത സമൂഹത്തിൽ എത്രത്തോളം ഇടപെടാൻ സാധിച്ചു എന്ന് വിമർശനാത്മകമായി ഇവിടെ പരിശോധിക്കുകയാണ്.

പട്ടികവർഗ്ഗ മേഖലയിലെ പ്രത്യേകമായി പ്രവർത്തിക്കുന്ന 7135 അയക്കൂട്ടങ്ങളുണ്ട്. അവയിലൂടെയും പൊതു അയൽക്കൂട്ടങ്ങളിലൂടെയും1,24,904 പട്ടികവർഗ്ഗ കുടുംബങ്ങൾ കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെടുത്താൻ സാധിച്ചു. പട്ടികവർഗ്ഗക്ഷേമംലക്ഷ്യമിട്ടുള്ള പരിപാടികൾനടത്തിയിട്ടുണ്ടെങ്കിലും പലകാരണങ്ങളാൽഇവയൊന്നും ഫലം കാണുന്നില്ല. ആദിവാസി സ്ത്രീകളുടെ ക്ഷേമത്തിനായുള്ള കുടുംബശ്രീയുടെ നയങ്ങൾ അവരുടെ വികസനവും സ്വയം സുസ്ഥിരതയും ഉറപ്പാക്കുകയും അവരിലൂടെ അവരുടെ കുടുംബങ്ങളിലേക്ക് എത്തിച്ചേരുകയും മെച്ചപ്പെട്ട ഉപജീവനമാർഗം നേടാൻ സഹായിക്കുകയും അതുവഴി അവരുടെ ജീവിതശൈലിയും ജീവിത നിലവാരവും ഒരുപരിധിവരെമെച്ചപ്പെടുത്തുകയും ചെയ്യുന്നതിന് മുൻഗണന നൽകുന്ന രീതിയിലുള്ള ഇടപെടലാണ് ആവശ്യമെന്ന് ഈ പ്രബന്ധം സൂചിപ്പിക്കുന്നു.

പട്ടികജാതി വിഭാഗത്തിന്റെ ലക്ഷം വീട് കോളനികളും, അംബേദ്കർ സെറ്റിൽമെന്റ് പ്രദേശങ്ങളിലും കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിജയിച്ചിട്ടില്ല എന്ന് കാണാം. പരിവർത്തിതദളിത് വിഭാഗക്കാർക്കിടയിൽ കുടുംബശ്രീയുടെ സ്വാധീനവും വളരെ കുറവാണ്. 2011 ൽ കേരളത്തിൽ ഉള്ള 7 ലക്ഷത്തിൽപരം പട്ടികജാതി കുടുംബങ്ങളിൽ 6.79 ലക്ഷം വരെ മാത്രമേ കുടുംബശ്രീ സംവിധത്തിൽ വന്നിട്ടുള്ളു. ഗ്രാമ നഗര പ്രദേശങ്ങളിലായി 28,564 പട്ടികജാതി വിഭാഗക്കാരുടെ പ്രത്യേക അയൽക്കൂട്ടങ്ങളാണ് നിലവിലുള്ളത്. പട്ടികജാതി വിഭാഗത്തിലെ തന്നെ ഏറ്റവും ദുർബ്ബല വിഭാഗക്കാരായ വേടൻ, നായാടി, ചക്ലിയ/അരുന്ധതിയാർ,കള്ളാടി എന്നിവരുടെ കാര്യത്തിൽ പ്രത്യേകമായുള്ള ഇടപെടൽ എന്തുകൊണ്ട് ഉണ്ടായില്ല എന്നതും,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, പട്ടികജാതി വികസന വകുപ്പും കൈകോർത്തു കുടുംബശ്രീ സംവിധാനം ഉപയോഗപ്പെടുത്തി ചെയ്യേണ്ട നൂതനാശയങ്ങളും ഇവിടെ ചർച്ച ചെയ്യുന്നു. കുടുംബശ്രീയും, പ്രാദേശിക സർക്കാരും തന്ത്രങ്ങൾ തന്നെ മാറ്റിയുള്ള രീതി പട്ടികജാതി വികസനത്തിൽ കൊണ്ടുവരേണ്ടിവരും എന്നാണ് പ്രതീക്ഷിക്കുന്നത്.

കേരളത്തിന്റെ ഒൻപതു ജില്ലകളിൽ നീണ്ടു കിടക്കുന്ന തീരദേശം അവിടുത്തെ ജനങ്ങൾ എന്നിവയിലേക്ക് കുടുംബശ്രീ അയൽക്കൂട്ട സംവിധാനങ്ങൾ ഉണ്ടെങ്കിലും അവരുടെ ദൈന്യം ദിന കാര്യങ്ങളിൽ വേണ്ടത്ര സ്വാധീനം ചെലുത്താൻ കുടുംബശ്രീക്ക് ഇപ്പോളും സാധിച്ചിട്ടില്ല. തീരദേശത്ത് അധിവസിക്കുന്നവർ ഓരോ സ്ഥലത്തും വ്യത്യസ്ത സ്വഭാവവും രീതികളും പിന്തുടരുന്നവരാണ്. കുടുംബശ്രീ പ്രവർത്തനങ്ങളെക്കാൾ ഇത്തരം മേഖലകളിൽ മറ്റു മത ജാതി സംഘടനകളും സജ്ജീവമാണെന്നു കാണാം. കൂടാതെ ഈ മേഖലകളിൽ ഒരുപാടു സർക്കാർ ഇതര സന്നദ്ധ സംഘടനകളും പ്രവർത്തന സജ്ജമാണ്.ഇവയെ മറികടന്നുള്ള പങ്കാളിത്ത-ആവശ്യാധിഷ്ഠിത സമീപനം എന്താണെന്ന് പ്രബന്ധത്തിൽ പ്രതിപാദിക്കുന്നുണ്ട്.

കേരളത്തിലെ കുടുംബങ്ങൾക്ക് ഇന്ന് ഭീഷണിയായി മാറുന്നത് പലതരത്തിലുമുള്ള പ്രകൃതിദുരന്തങ്ങളാണ്. ഏതുഘട്ടത്തിലും പ്രതീക്ഷിക്കാവുന്നതിനുമപ്പുറം ആഘാതങ്ങൾ ഇവ ഏൽപ്പിക്കുന്നു എന്ന് അടുത്ത കാലങ്ങളിലെ ദുരന്തം നമ്മെ ഓർമ്മപ്പെടുത്തുന്നു. ഒരു രാത്രികൊണ്ട് വളരെ സമ്പന്നതയിൽ ജീവിച്ചവരെല്ലാം അതി ദരിദ്രരായി മാറുന്നതും, തുടർന്ന് എവിടെയെന്നില്ലാതെ പാർശ്വൽക്കരിക്കകപ്പെടുന്നവരായി മാറുന്നതും നാം കണ്ടു. ഇവരെയൊക്കെ ദീർഘകാലത്തെ പരിശ്രമത്തിലൂടെ മാത്രമേ സർക്കാരിന് പുനരധിവാസം ഉറപ്പാക്കാൻ സാധിക്കു. പ്രളയകാലത്തും, കോവിഡ് മഹാമാരി കാലത്തും, ഉഷ്ണകാലത്തും അടുത്തുണ്ടായ മേപ്പാടി ഉരുൾപൊട്ടൽ ദുരന്തത്തിലുമെല്ലാം കുടുംബശ്രീ സജീവമായി ഇടപെടൽ നടത്തിയിട്ടുണ്ട്. അതിജീവന ഉപജീവന ഇടപെടലും, മാനസിക ആരോഗ്യ പിന്തുണയും കുടുംബശ്രീയുടെ ഇടപെടലിലൂടെ ഈ കുടുംബങ്ങൾക്ക് ഉറപ്പിക്കാൻ സാധിച്ചിട്ടുണ്ട്. തുടർ ഘട്ടങ്ങളിൽ പ്രതീക്ഷിക്കാവുന്ന ദുരന്ത കാലത്തും കുടുംബശ്രീ പ്രായോഗികമായി എന്ത് തരത്തിൽ ഇടപെടണ്ടിവരുംഎന്ന് ചിന്തിക്കാനുള്ള സമയമാണ്.

കുടുംബശ്രീ ആരംഭിച്ചപ്പോൾ അയൽക്കൂട്ട സംവിധാനത്തിലേക്ക് തെരഞ്ഞെടുക്കാനും, ആശ്രയ പദ്ധതിയിലേക്ക് അർഹതപ്പെട്ട കുടുംബങ്ങളെ മനസിലാക്കുന്നതിനും ഉപയോഗിച്ചത് ഒൻപത് ക്ലേശ ഘടകങ്ങളും അധിക ക്ലേശഘടകങ്ങളും ആണ്.ക്ലേശഘടകങ്ങളിൽ ഉണ്ടായിരുന്ന പ്രധാനപ്പെട്ട വിഭാഗം എന്നത് പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ, ശാരീരിക മാനസിക വെല്ലുവിളിനേരിടുന്നവർ ഉൾപ്പെടുന്ന കുടുംബം, വിധവകൾ/വനിതാ ഗൃഹനാഥയായിട്ടുള്ള കുടുംബം എന്നിവയൊക്കെ ആയിരുന്നു. എന്നുവച്ചാൽ കുടുംബശ്രീ അന്നും ഇന്നും പ്രാധാന്യം നൽകേണ്ട വിഭാഗങ്ങൾ എന്നത് ഭിന്നശേഷിക്കാർ, അതിദരിദ്രർ, അഗതികൾ, വയോജനങ്ങൾ, ട്രാൻസ്ജൻഡർ, തദ്ദേശീയ വിഭാഗക്കാർ, ദളിത് വിഭഗക്കാർ, തീരദേശവാശികൾ, പ്രകൃതി ദുരന്തങ്ങൾക്ക് ഇരയായവർ എന്നിവരൊക്കെത്തന്നെയാണെന്നു ചുരുക്കം.

pseksd1@gmail.com. 98 46 66 82 79

## 57

# ബാലാവകാശ പ്രവർത്തനങ്ങളും കുടുംബശ്രീ സാമൂഹ്യ സംഘടനാ സംവിധാനവും

നയന എസ്.

കേരള സർക്കാരിന്റെ സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷൻ (SPEM) ആയ കുടുംബശ്രീ നടത്തിയ സാമൂഹ്യ ഇടപെടലുകളിൽ വളരെ പ്രാധാന്യം അർഹിക്കുന്ന പദ്ധതിയാണ് ബാലസഭ. കുടുംബശ്രീ സംഘടനാ സംവിധാനമായ അയൽക്കൂട്ടങ്ങളുടെ കീഴിൽ കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള കുട്ടികളുടെ കൂട്ടായ്മയാണ് ബാലസഭകൾ. തലമുറകളിൽ നിന്നും തലമുറകളിലേക്കുള്ള ദാരിദ്ര്യം തടയുകയും, വിനോദങ്ങളിലൂടെയുള്ള വിജ്ഞാന സമ്പാദനം, സംഘബോധം, നേതൃത്വ ശേഷി, സഹകരണ മനോഭാവം, അവകാശാധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ ജനാധിപത്യബോധം, സർഗ്ഗശേഷി, വ്യക്തി വികാസം, പരിസ്ഥിതി ബോധം തുടങ്ങിയ മൂല്യങ്ങൾ കുട്ടികളിലുണ്ടാക്കാൻ ബാലസഭകൾ ലക്ഷ്യമിടുന്നു. വിവിധങ്ങളായ ശിശുകേന്ദ്രീകൃത പ്രവർത്തന പരിപാടികളിലൂടെ അവരുടെ കഴിവുകൾ/ശേഷികൾ വിപുലപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് കുടുംബശ്രീ ബാലസഭാ പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. വിവിധങ്ങളായ ശിശു കേന്ദ്രീകൃത പരിപാടികളിലൂടെ അവരുടെ കഴിവുകളും ശേഷികളും വിപുലപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നു. ആരോഗ്യപൂർണ്ണവും മൂല്യാധിഷ്ഠിതവുമായ ഒരു പുതുതലമുറയാണ് ഇതിലൂടെ രൂപീകൃതമാകുന്നത്. ബാലസഭയുടെ ലക്ഷ്യം നേടുന്നതിനായി വിവിധ തരം പ്രവർത്തനങ്ങളാണ് കുടുംബശ്രീ നടത്തി വരുന്നത്. നിലവിൽ 32878 ബാലസഭകളിലായി 4,59,151 അംഗങ്ങളാണ് ബാലസഭയിൽ ഉള്ളത്

ബാല്യത്തിന്റെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി കുട്ടികൾക്ക് ലഭിക്കേണ്ട അവകാശങ്ങൾ ആണ് ബാലാവകാശങ്ങൾ. കുട്ടികളുടെ അവകാശങ്ങൾക്കായുള്ള ഐക്യരാഷ്ട്രസഭയുടെ കൺവെൻഷൻബാലാവകാശ പ്രഖ്യാപനം (UNCRC, 1989) അംഗീകരിച്ച നാലു പ്രധാന വിഭാഗങ്ങളിൽ ഈ അവകാശങ്ങൾ പെടുന്നു.

1. ജീവിക്കാനുള്ള അവകാശം
2. വളരാനുള്ള അവകാശം
3. സംരക്ഷണ അവകാശം
4. പങ്കെടുക്കാനുള്ള അവകാശം

കുട്ടികളുടെ ഈ അവകാശസംരക്ഷണങ്ങളിൽ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കാര്യമായുള്ള പങ്ക് വഹിക്കുന്നുണ്ട്.കുടുംബശ്രീ ഒരു സ്ത്രീ ശാക്തീകരണമിഷൻ ആയതോടെ മാത്രമല്ല, അതൊരു സാമൂഹ്യ പരിഷ്കരണ സംവിധാനവുമാണ്. കുടുംബശ്രീയും അതിന്റെ വിവിധ സംരംഭങ്ങളും ബാലാവകാശ സംരക്ഷണത്തിന് സുപ്രധാനമായ സംഭാവനകളാണ് നൽകുന്നത്.

കുടുംബശ്രീയുടെ ബാലാവകാശ സംരക്ഷണ പ്രവർത്തനങ്ങൾ:

1. ബാലസഭകൾ
2. ബാലവേദികൾ
3. കുട്ടികൾക്കായി സാമ്പത്തിക ശാക്തീകരണം
4. ഭവന സന്ദർശനം, കൗൺസിലിംഗ്, രക്ഷിതാക്കൾക്ക് അവബോധം
5. ലിംഗസമത്വവും ശിശു സംരക്ഷണവും – പെൺകുട്ടികൾക്ക്
6. ബാല പാർലമെന്റുകൾ

ബാലസഭ പ്രവർത്തനങ്ങൾ വെല്ലുവിളികളും നേരിടുന്നുണ്ട്.ബാലാസഭയുടെ പ്രവർത്തനങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ

- പങ്കെടുക്കുന്ന കുട്ടികളുടെ കുറവ്
- അവബോധക്കുറവ്

- സമ്പത്തിന്റെയും അടിസ്ഥാനസൗകര്യങ്ങളുടെയും കുറവ്
- നിലവിലുള്ള സാമൂഹിക പ്രശ്നങ്ങൾ

വെല്ലുവിളികളെ മറികടന്നു പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള പരിഹാര മാർഗ്ഗങ്ങൾ

1. സാമ്പത്തിക സഹായം: ബജറ്റ് വകയിരുത്തൽ
2. അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ
3. വിദ്യാഭ്യാസവും പരിശീലനവും
4. വിവിധ മിനി-പദ്ധതികൾ
5. നിയമ, സാമൂഹ്യ സംരക്ഷണം
6. തൊഴിലും ആഹാരസുരക്ഷയും
7. സാമൂഹ്യ പങ്കാളിത്തം വർദ്ധിപ്പിക്കൽ
8. മാധ്യമ പങ്കാളിത്തം

മേല്പറഞ്ഞാവയെല്ലാം വിശദമായ ചർച്ചയ്ക്കും, നൂതന ആശയങ്ങളിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും അതിലുപരി കുട്ടികളുടെ ആധുനിക കാലത്തെ ചിന്താഗതിയും മുൻനിർത്തിയുള്ള ആസൂത്രണത്തിലൂടെ തന്നെ മറ്റൊരു കേരള മോഡൽ തയ്യാറാക്കാൻ സാധിക്കുന്നവയാണ് എന്ന് ഈ പ്രബന്ധം വിലയിരുത്തുന്നുണ്ട്.

# മാലിന്യ നിർമാർജനം

**58**

## മാലിന്യ സംസ്കരണം ഔദ്യോഗിക ശ്രേണീകരണം

ബാബുകുമാർ കെ.ബി.

സർക്കാരുകളുടെ അടിസ്ഥാന ചുമതല ജനങ്ങൾക്ക് ശുദ്ധവായുവും ശുദ്ധജലവും പ്രദാനം ചെയ്യുക എന്നതാണ്. സർക്കാർ സംവിധാനങ്ങൾ ഒറ്റക്കെട്ടായി ഈ അടിസ്ഥാന ആവശ്യം നിറവേറ്റുന്നതിനും, നിലനിർത്തുന്നതിനും തീവ്രമായ ഇടപെടലുകൾ നിലവിലുള്ള സംവിധാനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ നടത്തേണ്ടതുണ്ട്. കേരളത്തിലെ ഉയർന്നുവരുന്ന നഗരവൽക്കരണം നമ്മുടെ ജലവും വായുവും അതിവേഗം മലിനമാകുന്ന തരത്തിലേക്ക് കാര്യങ്ങൾ നീങ്ങുന്നു എന്നതാണ് യാഥാർത്ഥ്യം. ആയതിനാൽ പ്രാദേശിക സർക്കാരുകളുടെ വികസന അജണ്ടയിൽ പ്രഥമപരിഗണന ശുചിത്വ മാലിന്യ സംസ്കരണത്തിനായിരിക്കേണ്ടതുണ്ട്. നിലവിലെ സർക്കാർതല സംവിധാനങ്ങളുടെ കാര്യക്ഷമമായ ഏകോപനവും, ക്രിയാത്മകമായ ഇടപെടലും അനിവാര്യമായിരിക്കുന്ന കാലഘട്ടത്തിലൂടെ നാം പോകുമ്പോൾ നിലവിലുള്ള ഔദ്യോദിക സംവിധാനങ്ങളുടെ ഉത്തരവാദിത്വത്തോടെയും ക്രിയാത് മകവുമായ ഇടപെടലുകൾ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

മാലിന്യ സംസ്കരണത്തിൽ കോടതി പരാമർശങ്ങളുടെ പശ്ചാത്തലത്തിൽ ഏറ്റെടുത്തു നടപ്പിലാക്കിവരുന്ന വിപുലമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ വലിയ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട് എങ്കിലും ആയത് നിലനിർത്തുന്നതിനുവേണ്ട ഇടപെടലുകൾക്ക് പ്രത്യേക ഊന്നൽ നൽകേണ്ടതുണ്ട്.

2023 മാർച്ച് മാസം മുതൽ 2024 മാർച്ച് മാസം വരെയുള്ള കണക്കുകളും, തുടർന്ന് 2025 ജനുവരി മാസം വരെയുള്ള പുരോഗതിയും പരിശോധിച്ചാൽ ഇക്കാര്യം നമുക്ക് വ്യക്തമാകുന്നതാണ്.

നമ്മുടെ പ്രാദേശിക സർക്കാർ തലത്തിലുള്ള പ്രവർത്തനത്തെയും, വിവിധ വകുപ്പുകളുടെയും വികസന ഏജൻസികളുടെയും പ്രവർത്തനങ്ങളെയും, സംസ്ഥാന സർക്കാർ നയങ്ങൾക്കനുസരിച്ച് ചിട്ടപ്പെടുത്തുകയും, ആയത് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയും ചെയ്യുക എന്നത് സാധ്യമാക്കുന്നതിനുള്ള ചില മാതൃകാ നിർദ്ദേശങ്ങൾ നമുക്ക് സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും, തദ്ദേശഭരണ സ്ഥാപന തലത്തിലും ആലോചിക്കാവുന്നതാണ്.

### 1. സംസ്ഥാനതലം

നിലവിൽ ശുചിത്വമിഷൻ, ഹരിത കേരള മിഷൻ പ്രവർത്തനങ്ങൾ കഴിഞ്ഞ അഞ്ചു വർഷത്തിലേറെ ഈ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ, ചെലവഴിച്ച തുക, കൈവരിച്ച നേട്ടങ്ങൾ എന്നിവ പരിശോധിച്ചാൽ കേരളത്തിന്റെ ശുചിത്വ മാലിന്യ സംസ്കരണ രംഗത്തെ വെല്ലുവിളികളെ സ്ഥായിയായി അതിജീവിക്കുന്നതിനോ പരിഹരിക്കുന്നതിനോ തൃപ്തികരമായ ചുവട് മാറ്റം നമുക്ക് കൈവരിക്കാൻ സാധിച്ചിട്ടില്ല എന്നത് നമ്മുടെ റോഡ് സൈഡ്കളും പൊതു ഇടങ്ങളും നമുക്ക് കാണിച്ചു തരുന്നു. പരമപ്രധാനമായി ശുചിത്വ മാലിന്യ പ്രശ്നത്തിന്റെ സാമൂഹ്യ ആഘാതം ഉൾക്കൊ

ണ്ടുകൊണ്ടുള്ള ഒരു മനോഭാവം ജനങ്ങളിൽ സൃഷ്ടിക്കുന്നതിന് നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ വലിയ പുരോഗതി ഉണ്ടായിട്ടില്ല. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനം വകുപ്പിന്റെ നേതൃത്വത്തിൽ ശുചിത്വമിഷൻ കേന്ദ്രീകൃതമായി മെച്ചപ്പെട്ട പ്രവർത്തനശൈലി അവലംബിക്കേണ്ടതുണ്ട്.

സംസ്ഥാനതലത്തിൽ നിശ്ചയിക്കപ്പെടുന്ന ലക്ഷ്യങ്ങൾ കൃത്യമായി സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിലും ആയവ പ്രായോഗികതലത്തിൽ തടസ്സമില്ലാതെ നടപ്പിലാക്കാൻ കഴിയുന്ന വയും, അവ നടപ്പിലാക്കുന്നതിനുവേണ്ടി അനുകൂലസാഹചര്യം സംസ്ഥാനതലത്തിൽ സൃഷ്ടിക്കേണ്ടതും, യഥാക്രമം സമയബന്ധിതമായി അവലോകനത്തിന് വിധേയമാക്കേണ്ടതുമാണ്.

ഇതിനായി സംസ്ഥാനതലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ. കൂടുതൽ കാര്യക്ഷമമമായും ഏകോപനത്തോടെയും ഈ വിഷയം കൈകാര്യം ചെയ്യുന്നതിന് പ്രധാനമായ 3 വിഭാഗങ്ങൾ ഉണ്ടാകേണ്ടതാണ്

1. ഇൻഫർമേഷൻ & ഇവാല്യൂവേഷൻ വിഭാഗം
2. ഫെസിലിറ്റേഷൻ വിഭാഗം
3. എൻഫോഴ്സ്മെന്റ് വിഭാഗം

ഓരോ വിഭാഗത്തിനും കൃത്യമായ പ്രർത്തന ലക്ഷ്യങ്ങളും, അവയുടെ ഫലപ്രാപ്തിയും ഉറപ്പു വരുത്തേണ്ടതുണ്ട്.

**2 ജില്ലാതലം**

ജില്ലാ കളക്ടർ കേന്ദ്രീകൃതമായി പ്രവർത്തനങ്ങളടെ ഏകോപനം ജില്ലാതലത്തിൽ അനിവാര്യമാണ്. തദ്ദേശഭരണ വകുപ്പും ശുചിത്വമിഷനും പ്രാധാന ഉത്തരവാദിത്വങ്ങൾ.

1. ഡി. പി.സി, ഡി.ഡി.സി.യോഗങ്ങളിൽ പ്രത്യേക അജണ്ട
2. ഹരിത മിത്രം ആപ്പ് വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രതിമാസ അവലോകനം.
3. നിയമ നടപടികളിൽ പോലീസ് വകുപ്പിന് കൂടുതൽ ഉത്തരവാദിത്വങ്ങൾ
4. പ്രാദേശിക എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തൽ

**3.തദ്ദേശഭരണ സ്ഥാപനതലം**

അടിസ്ഥാന സൗകര്യ വികസനത്തിലും, ഫോർവേർഡ് ലിങ്കേജിലും ഊന്നിയുള്ള പ്രവർത്തനങ്ങളിലൂടെ സ്ഥായിയായ മനോഭാവമാറ്റം കാര്യക്ഷമമായി ഫലപ്രാപ്തിയിലെത്തിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ

1. ഗ്യാപ്പ് അസസ്മെന്റ്
2. ഫെസിലിറ്റി മാനേജ്മെന്റ്
3. ബഹുതല അലോകനം
4. പ്രാദേശിക എൻഫോഴ്സ്മെന്റ്
5. സോഷ്യലൈസേഷൻ & സിറ്റിസൺ വിജിലൻസ്

റിട്ട. ജില്ലാ പ്ലാനിങ്ങ് ഓഫീസർ, തൃശൂർ. 944153796715

**59**

# Processing Biodegradable Waste Using Black Soldier Fly Larvae: A Sustainable Solution for Kerala's Municipalities and Panchayats

Fabbco Bio Cycle Pvt. Ltd.

## Introduction

Waste management is one of the most pressing challenges faced by urban and rural areas in India. With rapid urbanization and population growth, municipalities and panchayats struggle to manage biodegradable waste efficiently. Traditional composting and landfill disposal methods often lead to odour, leachate, emissions, space constraints, and high operational costs.

A revolutionary biological waste processing method using Black Soldier Fly (BSF) larvae offers a sustainable, cost-effective, and eco-friendly solution to this challenge. Fabbco Bio Cycle Pvt. Ltd., a pioneer in this field, has been successfully operating a 50-tonne BSF-based waste management plant at Brahmapuram for the past year, which has received recognition from policymakers, bureaucrats, and international stakeholders.

This dissertation presents a comprehensive plan for implementing BSF-based waste management systems in corporations, municipalities, and panchayats across Kerala with investment options from local bodies or Fabbco. The

centralized and decentralized models ensure a scalable and adaptable waste management solution, producing valuable by-products like larvae meal and compost.

### The Need for a Sustainable Waste Management Solution

Current Challenges in Waste Processing

- Overflowing Landfills: Unsegregated waste disposal leads to landfills emitting methane and other greenhouse gases.
- Environmental Pollution: Conventional composting generates leachate and odour issues, affecting nearby communities.
- Space Constraints: Urban areas lack adequate land for large-scale composting or landfill sites.
- High Operational Costs: Traditional waste treatment methods require significant manpower and energy consumption.

### Advantages of the Black Soldier Fly (BSF) System

- Low Space Requirement: The vertical farming system enables efficient waste conversion in a small area.
- Fast Processing Time: BSF larvae can process organic waste in just 7-10 days, compared to traditional composting, which takes 30-45 days.
- No Leachate and Emissions: Unlike conventional composting, BSF processing does not produce harmful emissions or liquid waste.
- Valuable By-Products: The larvae meal is a rich protein source for poultry and aquaculture, and the frass (larvae excreta) is an excellent organic fertilizer.
- Low Investment and Operational Costs: Suitable for developing countries like India, requiring minimal infrastructure and labour.
- Odour Control: BSF larvae naturally reduce foul odours, making it suitable for urban and semi-urban areas.

### Fabbco's Successful BSF-Based Waste Management Initiatives

Brahmapuram Project (50 TPD Plant)

Fabbco has been successfully running a 50-tonne per day (TPD) BSF waste processing plant in Brahmapuram for over a year. The plant has been visited by:

- Minister Rajesh
- Several Corporation Mayors
- The Chief Secretary
- District Collectors
- International dignitaries from Dubai, Qatar, and other countries

This success story has demonstrated that BSF-based waste management is scalable, profitable, and environmentally sustainable.

Upcoming 500 TPD Plant for BBMP (Bangalore) in association with Mukka Proteins Pvt Ltd.

Fabbco is setting up a 500-tonne BSF waste processing plant for Bruhat Bengaluru Mahanagara Palike (BBMP), which will start operations in May. This project will be one of the largest BSF-based waste management plants in India.

3.3 Interest from International Governments

The governments of Dubai and Qatar have expressed interest in adopting this model, awaiting the operational success of the Bangalore project before full-scale implementation in their countries.

### Implementation Model for Kerala's Corporations and Panchayats

Fabbco proposes two scalable models based on the waste availability in different regions:

Centralized Model (100+ TPD Waste Processing)

- Suitable for corporations and municipalities where 100 tonnes or more biodegradable waste is generated daily.
- Waste will be delivered by the municipal authorities to the processing facility.

- Fabbco will process the waste and charge a user fee for the service.
- The facility will produce larvae meal and organic compost as revenue-generating by-products.

Decentralized Model (Below 100 TPD Waste Processing)

- Suitable for panchayats and semi-urban areas where waste generation is below 100 tonnes per day.
- Self-operating BSF plants will be set up in the premises of bulk waste generators.
- Ideal for flats, community halls, hotels, restaurants, malls, institutions, and gated communities.
- Fabbco will manage the operations, and investment will be made by the bulk waste generators.
- A single labourer can efficiently manage the system due to its simple operation.

This dual approach ensures that both urban and rural areas benefit from an effective waste management solution, converting waste into high-value products instead of sending it to landfills.

**Financial and Operational Feasibility**

Investment and Funding Options

- Investment can be made by local bodies (corporations, municipalities, panchayats) or by Fabbco Bio Cycle Pvt. Ltd.
- Revenue streams include:
- User fees from municipalities for waste processing
- Sale of larvae meal to the poultry and aquaculture industries
- Sale of compost as organic fertilizer

Low Operational Costs

- Minimal manpower required due to automation and vertical stacking.
- Reduced transportation costs as decentralized plants minimize waste movement.
- No need for expensive infrastructure like incinerators or landfills.

**Environmental and Economic Benefits for Kerala**

Environmental Impact

- Reduction in Landfill Waste – Diverts 100% of biodegradable waste from landfills.
- Eliminates Methane Emissions – Unlike traditional composting and landfills.
- Sustainable Protein Production – BSF larvae meal is an eco-friendly alternative to fishmeal and soybean meal.
- Improved Soil Health – Compost from BSF frass enhances soil fertility.

Economic Benefits

- Job Creation – Employment opportunities in waste collection, processing, and larvae meal production.
- Revenue Generation – Municipalities can earn from waste processing fees and compost sales.
- Cost Savings – Reduced landfill management expenses.

**Conclusion: Transforming Waste Management in Kerala**

Implementing Black Soldier Fly-based waste management in Kerala's corporations, municipalities, and panchayats will solve the biodegradable waste crisis efficiently and profitably.

Fabbco Bio Cycle Pvt. Ltd. Is ready to partner with government bodies to establish centralized and decentralized BSF waste processing plants, ensuring that waste is converted into valuable protein sources and organic fertilizers rather than polluting the environment.

This low-cost, high-impact solution is ideal for developing countries like India and has already gained international attention from Dubai and Qatar.

With Kerala's proactive approach to sustainable development, adopting BSF waste processing

will make the state a global leader in innovative waste management.

**Call to Action**

- Kerala's municipalities, panchayats, and corporations should collaborate with Fabbco to establish BSF-based waste processing plants.
- Policymakers must allocate land and provide initial investments for project execution.
- Corporates, hotels, and institutions should adopt decentralized BSF units to manage their waste sustainably.

Fabbco invites stakeholders to visit the Brahmapuram plant and witness the success firsthand before implementing this revolutionary waste management system across Kerala.

Let's turn waste into wealth and build a cleaner, greener future for Kerala!

## 60

# ഒറിജിനൽ കുന്നംകുളം അഥവാ മാലിന്യസംസ്കരണത്തിലെ കുന്നംകുളം മാതൃക

മനോജ്കുമാർ വി.

അനന്തമായ ഉത്പാദനശേഷിയും അതിനു പൂരകമായുള്ള ഉപഭോഗതൃഷ്ണയും മുഖമുദ്രയായുള്ള മുതലാളിത്ത വ്യവസ്ഥിതിയുടെ ഉപോൽപന്നങ്ങളാണ് നഗരവത്കരണവും നഗരമാലിന്യങ്ങളും. കഴിഞ്ഞ രണ്ട് കനേഷുമാരി കണക്കെടുപ്പുകൾക്കിടയിൽ നഗരജനസംഖ്യയിൽ രണ്ടിരട്ടിയോളം പെരുപ്പം സൃഷ്ടിച്ച കേരളത്തിൽ നഗരമാലിന്യങ്ങളുടെ അളവിലും ഈ വർദ്ധനവ് ദൃശ്യമാണ്. ഇതേ കാലയളവിൽ തന്നെ കേരളത്തിൽ സംഭവിച്ച കാർഷികമേഖലയുടെ തകർച്ചയ്ക്കും വർദ്ധിച്ച തൊഴിലില്ലായ്മയ്ക്കും മാലിന്യസംസ്കരണത്തോടൊപ്പം പ്രാദേശികമായി പ്രതിവിധികൾ കണ്ടെത്തുകയാണ് ഐ.ആർ.ടി.സി. യുടെ സഹായത്തോടെ കുന്നംകുളം നഗരസഭയിൽ പ്രവർത്തിക്കുന്ന ഗ്രീൻപാർക്ക് എന്ന മാലിന്യസംസ്കരണകേന്ദ്രം. 'മാലിന്യം സമ്പത്ത്' എന്ന മുദ്രാവാക്യത്തെ പ്രയോഗത്തിൽ വരുത്തി തദ്ദേശീയരായ സ്ത്രീകൾക്ക് തൊഴിലും നഗരത്തിന് മാലിന്യമുക്തവും ഫലഭൂയിഷ്ടവുമായ ചുറ്റുപാടും പ്രധാനം ചെയ്യുകയാണ് കേരളത്തിന് മാതൃകയായി മാറുന്ന ഈ മാലിന്യസംസ്കരണകേന്ദ്രം.

മാലിന്യം അതിന്റേതല്ലാത്ത സ്ഥാനത്ത് സ്ഥിതി ചെയ്യുന്ന സമ്പത്താണ് എന്നതാണ് മാലിന്യനിർമാർജ്ജനവുമായി ബന്ധപ്പെട്ട നവീനമായുള്ള കാഴ്ചപ്പാട്. നഗരമാലിന്യത്തിലെ പകുതിയിലേറെ വരുന്ന ജൈവമാലിന്യങ്ങളെ കമ്പോസ്റ്റ് ആക്കി മാറ്റി മണ്ണിലേക്ക് തന്നെ തിരികെയയക്കുക എന്നതാണ് ജൈവമാലിന്യങ്ങളുടെ സംസ്കരണവുമായി ബന്ധപ്പെട്ട കാഴ്ചപ്പാടുകളിൽ പ്രധാനം. ഉറവിടത്തിൽ വെച്ച് തന്നെ ജൈവവമാലിന്യത്തെ വേർതിരിക്കുകയും സാധ്യമാകുന്നിടത്തോളം അജൈവത്തിൽ നിന്നും വികേന്ദ്രീകൃതമായിക്കൊണ്ടും ശേഷിക്കുന്നവയെ കേന്ദ്രീകൃതമായിക്കൊണ്ടും കമ്പോസ്റ്റ് ആക്കി മാറ്റുന്നതുമാണ് ഈ രീതി. അജൈവമാലിന്യങ്ങളിൽ പുനരുപയോഗിക്കാവുന്നവ പുനരുപയോഗിച്ചും അല്ലാത്തവ പുനചംക്രമണം ചെയ്തും അതിനും സാധിക്കാത്തവയുടെ ഉത്പാദനവും ഉപയോഗവും പരിമിതപ്പെടുത്തിയും അജൈവമാലിന്യങ്ങളുടെ സംസ്കരണവും സാധ്യമാകും. എന്നാൽ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ഈ പൊതുധാരണകളെ സാങ്കേതികവും സാമൂഹികവുമായ പ്രതിസന്ധികളെ തരണം ചെയ്ത് പ്രയോഗത്തിൽ വരുത്തുന്നതിലുള്ള വിജയമാണ് കുന്നംകുളം നഗരസഭയിലെ മാലിന്യസംസ്കരണ പരിപാടികളെ മാതൃകാപരമാക്കി മാറ്റുന്നത്.

കുന്നംകുളം നഗരസഭക്ക് അകത്ത് കുറുക്കംപാറ പ്രദേശത്ത് അഞ്ച് ഏക്കർ വിസ്തീർണ്ണത്തിൽ മാലിന്യങ്ങൾ കൊണ്ടുവന്നു തള്ളിയിരുന്ന ട്രഞ്ചുകൾക്ക് മുകളിലാണ് ഇന്നത്തെ ഗ്രീൻ പാർക്ക് സ്ഥിതി ചെയ്യുന്നത്. 100 മീറ്റർ നീളവും 15 മീറ്റർ വീതിയുമുള്ള അഞ്ച് വലിയ ട്രഞ്ചുകളിലായി 20 അടി താഴ്ചയിലും 15 അടി ഉയരത്തിലും മാലിന്യങ്ങൾ വന്നു നിറഞ്ഞിരുന്ന പ്രദേശമായിരുന്നു പത്ത് കൊല്ലങ്ങൾക്ക് മുൻപുള്ള കുറുക്കംപാറയിലെ ട്രഞ്ചിങ്ങ് ഗ്രൗണ്ട്. പരിസരപ്രദേശത്തെ ജനവാസികളെയെല്ലാം രോഗാതുരരാക്കിയും ബാഹ്യലോകത്തു നിന്നും അവരെ അകറ്റി നിർത്തിക്കൊണ്ടുമാണ് ഈ ട്രഞ്ചുകൾ നിലനിന്നിരുന്നത്. പ്രദേശവാസികളുമായി വിവാഹത്തിലേർപ്പെടാനോ ഇവിടെനിന്നും ഭക്ഷണം കഴിക്കാനോ പോലും മറ്റു നാട്ടുകാർ തയ്യാറാകുമായിരുന്നില്ല. നിലവിൽ 6370 ചതുരശ്ര അടിയിൽ പ്രതിദിനം 3 ടൺ മാലിന്യം സംസ്കരിക്കുന്ന ജൈവവള നിർമ്മാണ കേന്ദ്രമാണ് ഈ പ്രദേശം. പ്രതിദിനം അര ടൺ പ്ലാസ്റ്റിക് കവറുകൾ

പുനചംക്രമണം ചെയ്യാൻ സാധിക്കുന്ന ഒരു യൂണിറ്റും, 5000 ചകിരികൾ സംസ്കരിച്ച് ചകിരിനാരും ചകിരി പ്പൊടിയും വേർതിരിക്കുന്ന മറ്റൊരു യൂണിറ്റും, നഗര പരിധിയിൽ നിന്നും ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ വേർതിരിച്ച് സൂക്ഷിക്കുന്ന എം.സി.എഫും (Material Collection Facility) ഗ്രീൻ പാർക്കിന് അകത്തുണ്ട്. അര ഏക്കർ ചുറ്റളവിൽ വിവിധ വാഴയിനങ്ങൾ കൃഷി ചെയ്യുന്ന ഉദ്യാനവും കൂടി ചേർന്നതാണ് മാലിന്യസംസ്കരണ ത്തിലെ കുന്നംകുളം മാതൃകയെന്ന് വിളിക്കാവുന്ന കുറുക്കംപാറയിലെ ഗ്രീൻ പാർക്ക്.

### ഗ്രീൻ പാർക്കിന്റെ ചരിത്രം

നഗരസഭയിലെ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതി നായി 2008-ൽ കുന്നംകുളം നഗരസഭ ഐ.ആർ.ടി.സി. യുടെ സാങ്കേതിക സഹായം ആവശ്യപ്പെടുന്നതോടെ യാണ് ട്രഞ്ചിങ്ങ് ഗ്രൗണ്ടിൽ നിന്നും ഗ്രീൻ പാർക്കിലേ ക്കുള്ള പരിവർത്തനത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. നിലവിലെ ട്രഞ്ച് നിർമ്മിച്ച് മാലിന്യം നിറച്ച് മൂടുന്ന രീതിക്കു പകരം ജൈവമാലിന്യങ്ങൾ എയറോബിക് കമ്പോസ്റ്റിങ്ങ് (വിൻഡ്രോ) മുഖേന വളമാക്കി മാറ്റുന്ന സമ്പ്രദായം ഇവിടെ നടത്തുവാൻ ഐ.ആർ.ടി.സി. തീരുമാനിക്കുകയും 2009-ൽ കുന്നംകുളം മുൻസിപാ ലിറ്റിയുമായി അതിനുവേണ്ടിയുള്ള കരാർ ഒപ്പുവെക്കു കയും ചെയ്തു. മുൻപ് ട്രഞ്ച് നിലനിന്നിരുന്ന പ്രദേശ ത്ത് കെട്ടിടനിർമ്മാണം നടത്തുവാനുള്ള സാങ്കേതിക തടസ്സങ്ങളും അതിനുള്ള ഔദ്യോഗിക തടസ്സങ്ങളും കാരണം 2013 വരെ കെട്ടിടനിർമ്മാണം നീളുകയും അതിനു ശേഷവും നഗരസഭാ അധികൃതരുടെ നിസ്സ ഹകരണം മൂലം കെട്ടിടം ഉപയോഗ്യശൂന്യമായി മാറുകയും ചെയ്തു.

ഒരു പരിധി വരെ സാങ്കേതികവും അതേസമയം ഉദ്യോ ഗസ്ഥതലത്തിൽ നിന്നും സഹായം ആവശ്യമുള്ളതുമാ യിരുന്നു കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട പ്രതിസ ന്ധികൾ. മുൻകാലത്ത് ട്രഞ്ചുകൾ സ്ഥിതിചെയ്തിരുന്ന ഒരു പ്രദേശത്ത് സംസ്കരണകേന്ദ്രത്തിന് ആവശ്യമായ കെട്ടിടം നിർമ്മിക്കുക എന്നതായിരുന്നു ആ പ്രതിസ ന്ധി. ഇത്തരത്തിലുള്ള ഭൂപ്രദേശത്ത് കെട്ടിടം നിർമ്മി ക്കാനുള്ള അനുമതി ലഭ്യമാകില്ല എന്നതായിരുന്നു ഒരു പ്രശ്നം. രണ്ടാമത്തേത് അനുമതി ലഭിച്ചാൽ പോലും അത് നിർമ്മിക്കുക എന്നത് അപകടകരമായിരിക്കും എന്നതും. കെട്ടിടത്തിന്റെ അടിത്തറ മാലിന്യക്കൂമ്പാ രങ്ങൾക്ക് മുകളിൽ പൊങ്ങിക്കിടക്കുന്നതു പോലുള്ള (ഫ്ലോട്ടിങ്ങ് പ്ലാറ്റ്ഫോം) മാതൃക ഐ.ആർ.ടി.സി. മുന്നോട്ടുവെച്ചുവെങ്കിലും അതിനു വേണ്ട സാങ്കേതിക അനുമതി നൽകാൻ മുൻസിപ്പാലിറ്റി എൻജിനീയറിംഗ് വിഭാഗത്തിനോ, പി.ഡബ്ല്യു.ഡി. കോ സാധിക്കുമാ യിരുന്നില്ല. കുന്നംകുളം നഗരസഭയിലെ അന്നത്തെ അസിസ്റ്റന്റ് എഞ്ചിനീയർ അതിന്റെ പൂർണ ഉത്തരവാ ധിത്വം ഏറ്റെടുത്തുകൊണ്ടാണ് പിന്നാട് നിർമാണപ്ര വർത്തനങ്ങൾ ആരംഭിക്കുന്നത്.

2015 ഒക്ടോബർ മാസത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനു ശേഷം കുന്നംകുളം നഗരസഭയിൽ പുതിയ ഭരണസമിതി നിലവിൽ വന്നതോടെയാണ് ഈ മാലിന്യ സംസ്ക രണകേന്ദ്രം പ്രവർത്തനസജ്ജമാക്കാനുള്ള നടപ ടികൾക്ക് തുടക്കമാകുന്നത്. 2016 ജൂലൈ മാസം 7-ാം തീയതി, റമ്സാൻ മുടക്കുകൾക്ക് ശേഷം കടകളും കച്ചവടസ്ഥാപനങ്ങളുമെല്ലാം പ്രവർത്തി ച്ചു തുടങ്ങുന്ന ദിവസം, സംസ്കരണകേന്ദ്രത്തിലേക്ക് മാലിന്യമെത്തിക്കാനായുള്ള ആദ്യ ലോഡ് വണ്ടികൾ കുടുക്കംപാറയിലേക്ക് എത്തിച്ചേരുകയും രോഷാകു ലരായ ജനക്കൂട്ടം വണ്ടികൾ തടഞ്ഞുവെക്കുകയും ചെയ്തു. വർഷങ്ങളായി മാലിന്യം തള്ളുന്ന കുഴികളും കുന്നുകളും ചേർന്ന് കാക്കയും നായയും നിറഞ്ഞ ദുർഗന്ധപൂരിതമായ ഒരു ചുറ്റുപാട് തിങ്ങിപ്പാർക്കുന്ന തദ്ദേശീയരായ ജനങ്ങൾക്കിടയിൽ സൃഷ്ടിക്കപ്പെട്ടിരു ന്നു എന്നതാണ് പുതിയ മാലിന്യസംസ്കരണ ശ്രമങ്ങളെ സംശയത്തോടെ നോക്കാൻ അവരെ പ്രേരിപ്പിച്ചതും അതിന്റെ ഫലമായി ജനക്കൂട്ടം വണ്ടി തടയുന്നതും. തദ്ദേശീയരായ ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊ ണ്ട് മാലിന്യസംസ്കരണ പദ്ധതികൾ ആരംഭിക്കാൻ രാഷ്ട്രീയേച്ഛയോടു കൂടിയ ഭരണകൂടത്തിന് സാധിക്കു മെന്ന് ആ പ്രശ്നത്തെ തുടർന്ന് കുന്നംകുളം നഗരസ ഭാധികൃതർ തെളിയിച്ചു.

ഐ. ആർ. ടി. സി. പ്രതിനിധികളുടെ നേതൃത്വത്തിൽ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ആരംഭിക്കാ നായി വന്ന ദിവസമാണ് നഗരപരിധിയിൽ നിന്നും ശേഖരിച്ച പച്ചക്കറികളും മത്സ്യമാംസങ്ങളും അടക്ക മുള്ള 2 ലോഡ് നിറച്ച വാഹനങ്ങൾ ജനക്കൂട്ടം തടയു ന്നത്. ഉടനേ തന്നെ നഗരസഭാധ്യക്ഷ ശ്രീമതി. സീതാ രവീന്ദ്രൻ കൗൺസിലർമാർക്കും ഉദ്യോഗസ്ഥർക്കും ഒപ്പം സ്ഥലത്തെത്തുകയും പ്രദേശവാസികളോട് സംസാരിക്കുകയും ചെയ്തു. നിലവിൽ ട്രഞ്ചുകളിൽ തള്ളുന്ന മാനില്യത്തെ സംസ്കരിക്കാനും അതുവഴി പ്രദേശത്തെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാ നും ഈ പദ്ധതി സഹായകരമാകുമെന്നും പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ചെയ്തു നോക്കി വിജയി ക്കുമെന്ന് പ്രദേശവാസികൾക്ക് ബോധ്യപ്പെട്ടതിനു ശേഷമേ അതിന്റെ തുടർനടപടികൾ സ്വീകരിക്കുക യുള്ളൂ എന്നുമുള്ള ഉറപ്പുകൾക്ക് മുകളിൽ ഒരു ടൺ ജൈവമാലിന്യം താൽക്കാലികമായി നിർമ്മിച്ച കെട്ടി ടത്തിൽ സംസ്കരിക്കാൻ തീരുമാനമായി. അങ്ങിനെ ആൾക്കൂട്ടം നോക്കി നിൽക്കേ തന്നെ മാലിന്യങ്ങൾ ചകിരിച്ചോറും ഇനോക്കുലവും ചേർത്ത് ചെറിയ കൂനകളായി കൂട്ടിയിട്ടു. 2 ദിവസത്തെ പഴക്കം വരുന്ന ഭക്ഷണാവശിഷ്ടങ്ങളുടെ ദുർഗന്ധം നിമിഷനേരം കൊണ്ട് ഇല്ലാതായതോടെ പദ്ധതിയെ എതിർക്കാൻ വേണ്ടി തടിച്ചുകൂടിയ ജനക്കൂട്ടം അതേ പദ്ധതിയുടെ തന്നെ വക്താക്കളായി മാറി. തദ്ദേശീയരായ കുറച്ചു സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതാണ് നിർദ്ദിഷ്ട പദ്ധതി എന്നതും 2 മാസക്കാലത്തെ മാലിന്യങ്ങൾ വളമായി മാറുന്ന പ്രക്രിയ യാതൊരു മലിനീകരണ പ്രശ്നങ്ങൾക്കും കാരണമാകുന്നില്ല എന്ന് നേരിട്ട് ബോധ്യപ്പെട്ടതും തദ്ദേശീയർക്ക് ഇടയിൽ പദ്ധതിക്ക് കൂടുതൽ സ്വീകാര്യത സൃഷ്ടിച്ചു. നഗരസഭയുടെ പ്രവർ

ത്തനാനുമതിക്കു മുൻപ് തദ്ദേശീയരായ തദ്ദേശീയരായ ജനങ്ങൾ അനുമതി നൽകിയതും, അവർക്കിടയിൽ നിന്നു തന്നെ അതിനു വേണ്ട തൊഴിലാളികളെ കണ്ടെത്താൻ സാധിച്ചതും, പ്രതിഷേധങ്ങൾ പരിഹരിക്കാൻ വേണ്ടിയാണെങ്കിൽ പോലും മാലിന്യസംസ്കരണത്തിന്റെ പ്രവർത്തനതത്വം പ്രദേശവാസികൾക്ക് ബോധ്യപ്പെടുത്താൻ കഴിഞ്ഞതും ജനകീയമായ സമ്മതി മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് എങ്ങിനെ നേടിയെടുക്കാമെന്നതിന്റെ ഉത്തമ മാതൃകയായി കുന്നംകുളം ഗ്രീൻപാർക്കിനെ മാറ്റുന്നു.

ഐ.ആർ.ടി.സി. യുടെ നേതൃത്വത്തിൽ കുറുംക്കം പാറയിൽ നടന്ന പരീക്ഷണങ്ങൾ ദുർഗന്ധമോ അഴുക്കുവെള്ളമോ പുറത്തുവിടാത്തതാണെന്നും ഇതി തങ്ങളുടെ കാലങ്ങളായുള്ള ആരോഗ്യ പ്രശ്നങ്ങൾക്കുള്ള പരിഹാരമായിരിക്കുമെന്നും ബോധ്യപ്പെട്ട പ്രദേശവാസികൾ ഈ പദ്ധതി എത്രയും പെട്ടെന്നു തന്നെ ഇവിടെ പ്രവർത്തനമാരംഭിക്കണമെന്നു നഗരസഭയോട് ആവശ്യപ്പെടുന്നിടത്തേക്ക് മാറ്റം കൊണ്ടുവരാം ആദ്യഘട്ട പരീക്ഷണഹ്ങൾക്ക് സാധിച്ചു. ഇതേ തുടർന്ന് 2016 ഒക്ടോബർ 6-ാം തിയതി മുതൽക്ക് മാലിന്യത്തിൽ നിന്നും ജൈവവളം നിർമ്മിക്കുന്ന സംസ്കരണകേന്ദ്രം പ്രവർത്തനമാരംഭിച്ചു.

നഗരപരിധിയിലെ മാലിന്യങ്ങൾ ശേഖരിച്ച് കുറുക്കം പാറയിലേക്ക് എത്തിച്ചിരുന്ന ജെ.എൽ.ജി. ഗ്രൂപ്പ് അംഗങ്ങൾക്ക് ഇടയിൽ നിന്നായിരുന്നു ആദ്യഘട്ടത്തിൽ ഇവിടേക്ക് തൊഴിലാളികളെ കണ്ടെത്തിയിരുന്നത്. രാവിലെ മാലിന്യം കൊണ്ടുവരുകയും ഉച്ചക്കു ശേഷം സംസ്കരിക്കുകയും എന്ന രീതിയിൽ ഒരു മാസം പ്രവർത്തിച്ചുവെങ്കിലും പിന്നീട് മുഴുവൻ സമയ തൊഴിലാളികൾ അനിവാര്യമായി മാറി. തുടർന്ന് പ്രാദേശികമായി തയ്യാറുള്ള ആറ് സ്ത്രീകളെ കണ്ടെത്തുകയും അവരുടെ നേതൃത്വത്തിൽ സംസ്കരണകേന്ദ്രം പ്രവർത്തിക്കുകയും ചെയ്തു. ദാരിദ്രവും ഗൃഹഭാരവും പേറുന്ന ഇവരുടെ ജീവിത നിലവാരത്തെ മെച്ചപ്പെടുത്തുവാൻ ഈ തൊഴിൽ ഉപകാരപ്രദമാകണമന്ന ലക്ഷ്യത്തോടെയാണ് ഇവരെ കുടുംബശ്രീക്കു കീഴിലുള്ള ഒരു മൈക്രോ എന്റർപ്രണർ (ME) ഗ്രൂപ്പായി രജിസ്റ്റർ ചെയ്യാൻ ചെയ്യാൻ ഐ.ആർ.ടി.സി. തീരുമാനിക്കുന്നത്. 2017 സെപ്തംബർ മാസത്തിൽ സമത എന്നു പേരായ ME ഗ്രൂപ്പായി ഇവർ രെജിസ്റ്റർ ചെയ്യുകയും അവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്ന സ്ഥാപനമായി ഐ.ആർ.ടി.സി. മാറുകയും ചെയ്തു. നിലവിൽ പ്രതിമാസം 13,750 രൂപ ഇവർക്ക് ശമ്പളയിനത്തിൽ ലഭിക്കുന്നുണ്ട്. വ്യക്തിഗത ആരോഗ്യ ഇൻഷുറൻസും ഗ്രൂപ്പ് ആരോഗ്യ ഇൻഷുറൻസും ഫെസ്റ്റിവൽ അലവൻസും തുടങ്ങി തൊഴിലനുബന്ധമായ ആനുകൂല്യങ്ങളും ഇവർക്ക് ഇന്ന് ലഭ്യമാകുന്നുണ്ട്. കഴിഞ്ഞ മൂന്ന് കൊല്ലമായി കുന്നംകുളത്തെ മാലിന്യസംസ്കരണം പരിപാടികൾ വിജയകരമായി തുടർന്നുപോരുന്നതിന്റെ പ്രധാന കാരണം ഈ തൊഴിലാളികൾക്ക് ഇടയിലുള്ള ഐക്യവും അതുവഴി അവർക്കു ലഭിക്കുന്ന ജീവിതഗുണതയുമാണ്.

### കുന്നംകുളം മാതൃകയുടെ സാങ്കേതിക ചരിത്രം

ജൈവമാലിന്യത്തെ അതിന്റെ ഉറവിടത്തിൽ വെച്ചുതന്നെ അജൈവവുമായി കൂടികലരാതെ വേർതിരിക്കുകയും സാധ്യമാകുന്നിടത്തോളം ഉറവിടങ്ങളിൽ വെച്ചു തന്നെ സംസ്കരിക്കുകയും ചെയ്യുക എന്നതാണ് ജൈവ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട കുന്നംകുളം നഗരസഭയുടെ വീക്ഷണം. എന്നാൽ ഹോട്ടലുകളും ഫ്ലാറ്റുകളും മാർക്കറ്റുകളും പോലുള്ള നഗരസ്വഭാവമുള്ള പ്രദേശങ്ങളിലെ മാലിന്യങ്ങൾക്ക് കേന്ദ്രീകൃതമായ ഒരു സംസ്കരണസംവിധാനം അനിവാര്യമായി വരുന്നു. ഈ രണ്ട് മാർഗങ്ങളും സമന്വയിപ്പിച്ച് നടപ്പിലാക്കുക എന്നതായിരുന്നു കേരളത്തിലെ മറ്റെല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളേയും പോലെ കുന്നംകുളം നഗരസഭയുടേയും മുന്നിലുള്ള വെല്ലുവിളി. വാർഷിക പദ്ധതിയിൽ ഉൾപെടുത്തി 3000 ബയോ ബിന്നുകൾ വിതരണം ചെയ്ത് വികേന്ദ്രീകൃത മാലിന്യസംസ്കരണവും ഗ്രീൻ പാർക്കിലെ ജൈവവള നിർമാണകേന്ദ്രം വഴി കേന്ദ്രീകൃതമായ മാലിന്യസംസ്കരണവും സാധ്യമാക്കിയാണ് കുന്നംകുളം നഗരസഭ ഈ വെല്ലുവിളികളെ അതിജീവിച്ചത്.

ജൈവപദാർത്ഥങ്ങൾ കാലക്രമത്തിൽ വിഘടിച്ച് വളമായി മാറും എന്നതാണ് കമ്പോസ്റ്റിങ്ങിന്റെ അടിസ്ഥാനതത്വം. എന്നാൽ നമുക്കു ചുറ്റുമുള്ള ജൈവപാഴ്‌വസ്തുക്കളിൽ കുറച്ചു മാത്രമേ വിഘടിക്കപ്പെടുന്നുള്ളൂ. ശേഷിക്കുന്നവ ചീഞ്ഞ് നാറുന്നു. എന്താണ് ഇതിനു പിന്നിലെ കാരണം, എങ്ങിനെ ഇതിനെ മറികടക്കാം എന്നിവയാണ് മാലിന്യ സംസ്കരണത്തിലെ പ്രധാന ചോദ്യങ്ങൾ. ജൈവവസ്തുക്കളെ വിഘടിപ്പിക്കുന്ന സൂക്ഷമപദാർത്ഥങ്ങൾക്ക് പെരുമാറാൻ സാധിക്കാത്തത്ര അളവിൽ മാലിന്യങ്ങൾ ഒരു സ്ഥലത്ത് കുമിഞ്ഞ് കൂടുന്നതോ അല്ലെങ്കിൽ അഴുകി ജലാംശം വർദ്ധിച്ച് വായുവിന്റെ സാന്നിധ്യം കുറയുകയും അതു വഴി സൂക്ഷാണുക്കൾക്ക് പ്രവർത്തിക്കാൻ കഴിയാതെ വരികയോ ചെയ്യുന്നതാണ് ജൈവമാലിന്യങ്ങൾ ചീഞ്ഞു നാറുന്നതിനു പിന്നിലെ കാരണങ്ങൾ. ജൈവപദാർത്ഥങ്ങളുടെ അളവിന് ആനുപാതികമായുള്ള സൂക്ഷാണുക്കൾ, ജലാംശത്തിന്റെ നിയന്ത്രണം, അവശ്യമായ വായു സഞ്ചാരം എന്നീ ഘടകങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് ഈ പ്രശ്നത്തെ മറികടക്കാനാകും.

മാലിന്യങ്ങൾ വിഘടിച്ച് കമ്പോസ്റ്റ് ആയി മാറുന്നത് ഒരു രാസപ്രവർത്തനമാണ്. ഈ രാസപ്രവർത്തനത്തെ ഉത്തേജിപ്പിക്കുന്ന രാസത്വരകങ്ങളാണ് സൂക്ഷാണുക്കൾ പുറപ്പെടുവിക്കുന്ന എൻസൈമുകൾ. ജൈവവസ്തുക്കൾ പ്രധാനമായു അന്നജം, കൊഴുപ്പ്, മാംസ്യം, ന്യൂക്ലിക് അമ്ലങ്ങൾ എന്നീ ഘടകങ്ങൾ കൊണ്ടാണ് ഉണ്ടാകുന്നത്. ഇവയെ ഓരോന്നിനേയും വിഘടിപ്പിക്കുവാൻ വ്യത്യസ്തതരം എൻസൈമുകളും അവയെ ഉൽപാദിപ്പിക്കുന്ന വിവിധ സൂക്ഷാണുക്കളും (ബാക്ടീരിയകളും പൂപ്പലുകളും) ആവശ്യമായി വരുന്നു. ഒരു ഭക്ഷ്യവസ്തു തന്നെ വിഘടിക്കപ്പെടുന്നത് നിരവധി

ഘട്ടങ്ങളിലായിട്ടാണ് എന്നതുകൊണ്ട് ഒരോ ഘട്ടങ്ങളിലും പ്രവർത്തിക്കുന്ന സൂക്ഷ്മാണുക്കളും ഇവിടെ

ആവശ്യമായിവരുന്നു. ഇത്തരത്തിൽ സൂക്ഷ്മാണുക്കളുടെ വൈവിധ്യം എന്നത് ജൈവമാലിന്യത്തിന്റെ സംസ്കരണത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായി മറുന്നു. മാലിന്യത്തിലെ ചില ജൈവവസ്തുക്കളെ വിഘടിപ്പിക്കാനുള്ള സൂക്ഷ്മാണുക്കൾ അവിടെ ഇല്ലാത്ത പക്ഷം ഭാഗികമായി മാത്രം കമ്പോസ്റ്റിങ്ങ് നടക്കുകയോ ചിലപ്പോൾ കമ്പോസ്റ്റിങ്ങ് പൂർത്തിയാകാതെ വരികയോ ചെയ്യാം. ജൈവമാലികങ്ങൾ അഴുകി ജലാംശം വർദ്ധിക്കുമ്പോൾ വായു സമ്പർക്കത്തിന്റെ അളവ് കുറയുന്നതിനാൽ കമ്പോസ്റ്റ് ആക്കി മാറ്റുന്ന സൂക്ഷ്മാണുക്കൾക്ക് നിലനിൽക്കാൻ സാധിക്കാതെ വരുന്നു. ഈ സാഹചര്യത്തിൽ പ്രവർത്തിക്കുന്ന മറ്റ് ചില സൂക്ഷ്മാണുക്കൾ ഇവ അഴിയാനും ദുർഗന്ധം വമിക്കാനും കാരണമാകുന്നു.

ജലാംശത്തെ പിടിച്ചെടുക്കാനും വേഗത്തിൽ ബാഷ്പീകരിക്കാനും ശേഷിയുള്ള ചകിരിച്ചോറ് (Coir Pith) മാലിന്യങ്ങളിൽ ചേർക്കുന്നത് വഴി അഴുകി വരുന്ന ദ്രവത്തെ ഇല്ലാതാക്കാനാകും. ഇതു വഴി കൂടുതൽ വായു സമ്പർക്കം ഉറപ്പുവരുത്താൻ സാധിക്കുന്നു. ഇതിനോടൊപ്പം ആവശ്യമായ സൂക്ഷ്മാണുക്കളെല്ലാം അടങ്ങിയിട്ടുള്ള ഒരു കൂട്ടത്തെ (ഇനോക്കുലം) മാലിന്യങ്ങൾക്കുള്ളിൽ ചേർത്താൽ അവയുടെ വിഘടനം വേഗത്തിലാക്കാൻ കഴിയുന്നു. ഇതിന്റെ ഇതിന്റെ ഭാഗമായി ദുർഗന്ധമില്ലാതെ ജൈവമാലിന്യങ്ങൾ കുറഞ്ഞ സമയത്തിനുള്ളിൽ കമ്പോസ്റ്റായി മാറുന്നു. ഈ പ്രവർത്തനതത്വമാണ് കുന്നംകുളത്തെ മാലിന്യസംസ്കരണത്തിനായി ഉപയോഗിക്കുന്നത്.

ജൈവവസ്തുക്കളുടെ പ്രതലവിസ്തീർണം വർദ്ധിക്കുന്നതോടെ സൂക്ഷ്മാണുക്കൾക്ക് പ്രവർത്തിക്കാനുള്ള സാഹചര്യം വർദ്ധിക്കും. ഇതു വഴി കുറഞ്ഞ സമയത്തിലുള്ളിൽ ജൈവപദാർദ്ധങ്ങൾ വിഘടിച്ചു തീരും. പല വസ്തുക്കളുടേയും പുറംതോടുകൾ വിഘടിക്കുവാൻ കൂടുതൽ സമയമെടുക്കുമെന്നതിനാൽ അതിനു ശേഷം മാത്രമേ എളുപ്പത്തിൽ വിഘടിക്കുന്ന അവയുടെ ഉൾകാമ്പുകൾ വിഘടനത്തിന് വിധേയമാകാറുള്ളൂ. ജൈവവസ്തുക്കൾ ചെറു കണങ്ങളായി മാറ്റുന്നത് പ്രതലവിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ഈ പ്രശ്നത്തെക്കൂടി പരിഹരിക്കാൻ സഹായിക്കുന്നു. എന്നാൽ വളരേ ചെറിയ കഷ്ണങ്ങളാക്കി മാറ്റുമ്പോൾ അവ വായുസഞ്ചാരത്തെ പ്രതികൂലമായി ബാധിക്കാനും സാധ്യതയുണ്ട്. 1.5 സെ.മീ വീതിയുള്ള ബ്ലെയിഡുകൾ പിടിപ്പിച്ച യന്ത്രം (Chopper) ഉപയോഗിച്ച് ഈ വെല്ലുവിളികളെ നേരിടാമെന്ന് ഐ.ആർ.ടി.സി. തീരുമാനിച്ചു. മാലിന്യസംസ്കരണത്തിൽ യന്ത്രവത്കരണത്തിന്റെ സാധ്യതകളെ കൃത്യമായി ഉപയോഗിച്ചുകൊണ്ടുള്ള മാതൃകയായിരുന്നു ഇത്.

ഇങ്ങിനെ ചകിരിച്ചോറും - ഇനോക്കുലവും ചേർത്ത് ചെറു കഷ്ണങ്ങളാക്കിയ മാലിന്യത്തെ ചെറിയ കൂനകളാക്കി കൂട്ടിയിടുക എന്നതാണ് അടുത്ത ഘട്ടം. ഇത്തരം കൂനകളുടെ വലിപ്പവും മുകൾഭാഗത്തു നിന്നു വരുന്ന മർദ്ധവും ഉൾഭാഗത്തെ വായു സമ്പർക്കം കുറയാൻ കാരണമാകുന്നു. ഇതു പരിഹരിക്കാനായി മൂന്നടി വീതിയും രണ്ടടി ഉയരവുമുള്ള കൂനകളായാണ് മാലിന്യങ്ങൾ കൂട്ടിയിടുന്നത്. 10 ദിവസത്തിലൊരിക്കൽ ഈ കൂനകൾ ഇളക്കി മറിച്ചിടുകയും ചെയ്യുന്നു. മുപ്പത് ദിവസം കൊണ്ട് ജൈവവസ്തുക്കൾ കമ്പോസ്റ്റായി മാറുന്നു.

മാലിന്യം കമ്പോസ്റ്റായി മാറുന്ന രാസപ്രവർത്തം ചൂട് പുറംതള്ളുന്ന സ്വഭാവമുള്ളതാണ്. ഇത് ഒരോ ഘട്ടത്തിൽ പ്രവർത്തിക്കേണ്ട സൂക്ഷ്മാണുക്കളുടെ നിലനിൽപിന് വെല്ലുവിളിയാകുന്നു. 72 ഡിഗ്രി സെൽഷ്യസ് വരെ താപനില കുന്നംകുളത്തെ സംസ്കരണകേന്ദ്രത്തിൽ രേഖപ്പെടുത്താറുണ്ട്. ഒരോ ഘട്ടത്തിലുമുള്ള ചൂട് നിയന്ത്രിച്ച് ഈർപ്പം നിലനിർത്തുന്നതിനായി അതാത് സമയത്ത് വെള്ളം തെളിച്ച് നൽകാറുണ്ട്.

ഇങ്ങിനെയുണ്ടായി വന്ന കമ്പോസ്റ്റ് അരിച്ചെടുത്ത് അംഗീകൃത ലബോറട്ടറിയിൽ പരിശോധിച്ച് അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തിയതിന് ശേഷമാണ് കമ്പോസ്റ്റ് വളം വിതരണം ചെയ്യാൻ ആരംഭിച്ചത്. അരിച്ചെടുക്കുന്ന കമ്പോസ്റ്റിൽ ജീവാണുവളങ്ങളായ ടൈക്കോ ഡർമ, സ്യൂഡോ മോണസ്, വി.എ.എം. എന്നിവയും ചേർക്കുന്നുണ്ട്. ഇത്തരത്തിൽ Enriched Bio Manure ആയാണ് സമത ഗ്രീൻ എന്ന പേരിൽ വളം വില്പനക്ക് തയ്യാറാകുന്നത്. ഒരു കിലോക്ക് 15 രൂപ എന്ന നിലയിൽ പ്രതിമാസം ഇരുപത് ടൺ കമ്പോസ്റ്റ് ഇവിടെ നിന്നും പുറത്തുപോകുന്നു.

കടകളിലേയും ഹോട്ടലുകളിലേയും നഗരമധ്യത്തിലേയും മാലിന്യങ്ങൾ സംസ്കരിക്കനായാൽ അടുത്തതായി ഉന്നയിക്കപ്പെടുന്നത് വീടുകളിൽ നിന്നും ഉണ്ടാകുന്ന മാലിന്യങ്ങൾ എന്തു ചെയ്യണം എന്ന ചോദ്യമാണ്. 2017-ൽ ഐ.ആർ.ടി.സി. വഴി ബയോ ഡൈജസ്റ്റർ ബിന്നുകൾ വിതരണം ചെയ്തുകൊണ്ടാണ് കുന്നംകുളം നഗരസഭ ഈ വിഷയത്തിൽ ഇടപെടുന്നത്. ഗ്രീൻ പാർക്കിലെ മാലിന്യസംസ്കരണത്തിന് ഉപയോഗിക്കുന്ന എയറോബിക് കമ്പോസ്റ്റിങ്ങ് സമ്പ്രദായത്തെ തന്നെ വീടുകളിൽ ഉപയോഗിക്കാവുന്ന ചെറിയ സങ്കേതങ്ങളിലേക്ക് പരിവർത്തനപ്പെടുത്തുന്നതായിരുന്നു ഈ ബിന്നുകൾ. ഇതിലേക്ക് കമ്പോസ്റ്റ് മീഡിയമായി ചകിരിച്ചോറും ഇനോക്കുലവും ചേർത്ത മിശ്രതം 10കിലോ (30 ലി.) ഭാഗുകളായി കുടുംബശ്രീ സംഘം വഴി വീടുകളിലെത്തിക്കുന്നു. ഇതുവഴി വീടുകളിലെ ജൈവാവശിഷ്ടങ്ങൾ ഉറവിടത്തിൽ വെച്ചുതന്നെ കമ്പോസ്റ്റായി മാറുന്നു.

മാലിന്യ സംസ്കരണത്തിൽ നൂറിൽ നൂറ് ജൈവമാലിന്യങ്ങളിലെ ഈർപ്പത്തെ നിയന്ത്രിക്കാനായി ചകിരിച്ചോറിനെ ഉപയോഗപ്പെടുത്തിയതും ഇനോക്കുലത്തിന്റെ ഉപയോഗം വഴി കമ്പോസ്റ്റിങ്ങിനെ നിയന്ത്രിക്കാനായതും യന്ത്രവത്കരണത്തെ ഈ പ്രവർത്തനങ്ങളോട് വേണ്ടവിധം കണ്ണിചേർക്കാനായതും വഴിയാണ് കുന്നംകുളത്തെ മാലിന്യസംസ്കരണം രീതി ശാസ്ത്രീയമായ ഒരു മാലിന്യ സംസ്കരണ സംവിധാനമായി അംഗീകരിക്കപ്പെട്ടത്. അതോടൊപ്പം ഈ പ്രവർത്ത

നങ്ങളെയെല്ലാം ഒരു സൂക്ഷ്മ സംരംഭക സംഘത്തിന് കീഴിൽ നടപ്പിലാക്കാൻ സാധിച്ചതു വഴി പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്താൻ സാധിക്കുന്ന ഒരു മാതൃകയെ കേരളത്തിന് പരിചയപ്പെടുത്താനും കുന്നംകുളത്തിന് കഴിഞ്ഞു. നിലവിൽ ഗുരുവായൂർ നഗരസഭ, പഴയന്നൂർ ഗ്രാമപഞ്ചായത്ത്, ഏറാമല ഗ്രാമപഞ്ചായത്ത് തുടങ്ങി കേരളത്തിലെ നിരവധിയിടങ്ങളിൽ കുന്നംകുളത്തെ മാലിന്യസംസ്കരണം മാതൃക അതിന്റെ ശാസ്ത്രത്രീയതയും രാഷ്ട്രീയവും നിലനിർത്തിക്കൊണ്ട് തന്നെ നടപ്പിലാക്കുന്നുണ്ട്.

വ്യത്യസ്ത സ്വഭാവമുള്ള പ്രദേശങ്ങളിൽ പ്രാവർത്തികമാക്കാൻ സാധിക്കുന്നു എന്നതാണ് ഒരു മാതൃക എന്ന വിശേഷണത്തിന് ഒരു പദ്ധതിയെ അർഹമാക്കുന്ന പ്രധാന ഘടകം.

ഒന്നിലധികം വികേന്ദ്രീകൃതമായി ചെറിയ യൂണിറ്റുകളായും കേന്ദ്രീകൃതമായി വലിയ യൂണിറ്റുകളായും ഈ മാലിന്യ സംസ്കരണ രീതിയെ നടപ്പിലാക്കാൻ സാധിക്കും. വളരെയധികം മാലിന്യങ്ങൾ ഉൽപാദിപ്പിക്കുന്ന വൻ നഗരങ്ങൾക്കോ കോർപ്പറേഷനുകൾക്കോ ഇത്തരത്തിലുള്ള പദ്ധതികളെ വികേന്ദ്രീകൃതമായി നടപ്പിലാക്കിക്കൊണ്ടും മാലിന്യസംസ്കരണത്തിൽ ഏർപ്പെടാം. ഒരേ സമയം കൂടുതൽ പേർക്ക് തൊഴിലും മാലിന്യമുക്തമായ നഗരവും ഫലഭൂയിഷ്ടമായൊരു കാർഷികമേഖലയും കുന്നംകുളത്തെ മാലിന്യസംസ്കരണ മാതൃക ഉറപ്പു നൽകുന്നു.

ജൈവമാലിന്യ സംസ്കരണത്തിന് അപ്പുറത്തേക്ക് സമഗ്രമായ മാലിന്യസംസ്കരണ മാർഗങ്ങളെ കുറിച്ചാണ് ഇന്ന് കുന്നംകുളം നഗരസഭ ചർച്ച ചെയ്യുന്നത്. തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ചകിരിച്ചോറിന്റെ ലഭ്യത പലപ്പോഴും ഉറപ്പാക്കാൻ കഴിയാതെ വരുന്നതും ഇത്രയും ദൂരത്തു നിന്നുള്ള ചകിരിച്ചോറിന്റെ വരവ് കൂടുതൽ ചരക്കുനീക്കത്തിനും കൂടിയ വിലക്കും വഴിവെക്കുന്നതും കാരണം പ്രാദേശികമായുള്ള ചകിരിച്ചോറിന്റെ ഉൽപാദനത്തെ കുറിച്ച് കുന്നംകുളം നഗരസഭ ആലോചിച്ചു തുടങ്ങി. അജൈവമാലിന്യങ്ങളുടെ ശേഖരണത്തിന് ഹരിതകർമ്മ സേനയും പ്ലാസ്റ്റിക് പുനചംക്രമണം നടത്തുന്ന ഒരു യൂണിറ്റും നഗരസഭ വിഭാവനം ചെയ്തു. യഥാക്രമം കയർ ബോഡിന്റേയും ഐ.ആർ.ടി.സി. യുടേയും സാങ്കേതിക സഹായങ്ങളോടെ ഈ രണ്ടു പദ്ധതികളും ഗ്രീൻ പാർക്കിനകത്ത് പ്രവർത്തനമാരംഭിച്ചു.

മാലിന്യസംസ്കരണത്തിലെ ഈ സമഗ്രത കണ്ടുകൊണ്ടാകണം 2017-ൽ ഇവിടം സന്ദർശിച്ച ധനകാര്യ മന്ത്രി ഡോ. തോമസ് ഐസക് കുന്നംകുളത്തിന് നൂറിൽ നൂറ് എന്ന് വിശേഷണം നൽകിയത്. തുടർന്ന് കേന്ദ്ര ധനകാര്യ കമ്മീഷൻ കേരളം സന്ദർശിച്ചപ്പോൾ ഇവിടെ വരികയും ഇന്ത്യയൊട്ടുക്കും ഇതിന്റെ ഡ്യൂപ്ലിക്കേറ്റുകളാണ് ഉണ്ടാക്കേണ്ടതെന്ന് പറഞ്ഞു. ഒരു കാലത്ത് ഡിക്കേറ്റുകളുടെ നാടെന്ന് അറിയപ്പെട്ടിരുന്ന കുന്നംകുളം അതിന്റെ മാലിന്യസംസ്കരണ പദ്ധതികൾ വഴി അങ്ങിനെ ഒറിജിനൽ കുന്നംകുളമായി മാറി ന്യൂയോർക്കിലെ കോർണൽ യൂണിവേഴ്സിറ്റിയുടെ മാലിന്യ സംസ്കരണ വിഭാഗം മേധാവി ഇവിടം സന്ദർശിച്ചപ്പോൾ മാലിന്യസംസ്കരണത്തിലെ ശാസ്ത്രീയമായ രീതിയായി ഗ്രീൻ പാർക്കിനെ വിശേഷിപ്പിച്ചു. നിലവിൽ കിലയുടെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പരിശീലനങ്ങളുടെ ഭാഗമായി ഗ്രീൻ പാർക്ക് മാറിയിട്ടുണ്ട്. പ്രദേശവാസികളുടെ നിത്യജീവിതം അസഹ്യമാക്കിയിരുന്ന ട്രഞ്ചിങ് ഗ്രൗണ്ടിൽ നിന്നും വിദ്യാർത്ഥികളും ഉദ്യോഗസ്ഥരും സ്വകാര്യ വ്യക്തികളും ഗവേഷകരും അടങ്ങിയ നിത്യസന്ദർശകരുള്ള ഒരിടമായി ഗ്രീൻ പാർക്ക് മാറിയിരിക്കുന്നു.

9446462637. manojakathiyur@gmail.com

## 61

# ശുചിത്വം-മാലിന്യ സംസ്കരണം-ഹരിത വിദ്യാലയം

സുദീപ് പി. ദാസ്

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ചേർത്തല ശ്രീനാരായണ ട്രസ്റ്റ് സ് ഹയർ സെക്കന്ററി സ്കൂൾ പുതുതലമുറയിൽ മാലിന്യ സംസ്കരണത്തിന്റെ പ്രായോഗിക അവബോധം വളർത്തുന്നതിനായി മുപ്പതോളം കുട്ടികളെ ഉൾപ്പെടുത്തി ശുചിത്വ ക്ലബ്ബ് (ഹരിതകിരണം) രൂപീകരിച്ചു. കഴിഞ്ഞ ഒന്നര വർഷക്കാലമായി പ്രസ്തുത ക്ലബ്ബ് അംഗങ്ങൾക്ക് കില, ശുചിത്വമിഷൻ, നവകേരള മിഷൻ, ഐആർടിസി എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ നിരവധിയായ പരിശീലനം ശുചിത്വം, മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ തുടർച്ചയായി നൽകിവരുന്നു. ആയതിൽ നിന്നും ലഭിച്ച അനുഭവ പാഠങ്ങൾ വഴി ക്ലാസ് - സ്കൂൾ തലങ്ങളിൽ പ്രായോഗികമാക്കിയതിന്റെ ഭാഗമായി സ്കൂളിലെ മുഴുവൻ കുട്ടികളെയും വ്യക്തി ശുചിത്വം സാമൂഹ്യ- പരിസര ശുചിത്വത്തിന്റെ പ്രാധാന്യത്തെ കുറിച്ചു ബോധവൽക്കരണം നടത്തുന്നതിനും സ്കൂളിൽ മാലിന്യത്തിന്റെ അളവ് കുറച്ച് സ്കൂളിനെ സമ്പൂർണ്ണ പ്ലാസ്റ്റിക്ക് മുക്തമാക്കുവാൻ സാധിച്ചു. ശുചിത്വക്ലബ് അംഗങ്ങൾ പ്ലാസ്റ്റിക് വസ്തുക്കളുടെ പുനരുപയോഗ സാധ്യത പ്രയോജനപ്പെടുത്തി സ്കൂളിൽ മനോഹാരമായ സ്നേഹാരാമം നിർമ്മിക്കുകയുണ്ടായി.

ഭക്ഷ്യവസ്തുക്കളുടെ അവശിഷ്ടങ്ങൾ സ്കൂളിലെ തുമ്പൂർമുഴി യൂണിറ്റിൽ സംസ്കരിച്ച് വളമാക്കി മാറ്റി സ്കൂളിലെ തന്നെ പച്ചക്കറി കൃഷിക്ക് ഉപയോഗിക്കുവാൻ സാധിച്ചത് തികച്ചും വേറിട്ട നേട്ടമാണ്. ശുചിത്വ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഔഷധ സസ്യത്തോട്ടം, പച്ചത്തുരുത്ത് എന്നിവയെല്ലാം മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നുവരുന്നവയാണ്. പ്രസ്തുത പ്രവർത്തനങ്ങൾ ഏറ്റെടുത്തതു വഴി സ്കൂളിനെ സമ്പൂർണ്ണമാലിന്യ മുക്തമാക്കി സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ മാലിന്യമുക്ത പ്രഖ്യാപനത്തിനു മുന്നോടിയായി സ്കൂളിനെ "ഹരിതവിദ്യാലയം" എന്ന ആശയത്തിന്റെ പൂർണ്ണതയിൽ എത്തിക്കുവാൻ സാധിച്ചു

ബഹു: ആലപ്പുഴ എം.എൽ.എ ശ്രീ.പി.പി.ചിത്തരഞ്ജൻ ആലപ്പുഴ നിയമസഭാമണ്ഡലത്തെ സമ്പൂർണ്ണമാലിന്യ മുക്ത മണ്ഡലമാക്കുന്നിതിന്റെ ഭാഗമായി മണ്ഡലത്തിലെ 63 സ്കൂളുകളിലും നമ്മുടെ സ്കൂളിലെ ശുചിത്വ ക്ലബിനെ മാതൃകയാക്കി ശുചിത്വ ക്ലബ് പ്രവർത്തനങ്ങൾ ആരംഭിക്കുകയും അവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിനും നമ്മുടെ സ്കൂളിലെ ശുചിത്വ ക്ലബ് കൺവീനറായ ശ്രീ. സുദീപ്.പി.ദാസിനെ അതിന്റെ ചുമതല ഏൽപ്പിക്കുകയും ചെയ്തത് മാലിന്യമുക്ത പ്രവർത്തനങ്ങളിൽ ഞങ്ങളുടെ സാമൂഹിക പ്രതിബദ്ധതയ്ക്കുള്ള അംഗീകാരം ആയി കണക്കാക്കുന്നു. അങ്ങനെ ആലപ്പുഴ നിയമസഭാ മണ്ഡലത്തിൽ നടന്നു വന്നിരുന്ന ആലപ്പുഴ സമ്പൂർണ്ണ മാലിന്യമുക്ത മണ്ഡലം പ്രവർത്തനത്തിൽ ഇതര വിദ്യാലയങ്ങളെയും കൂട്ടിച്ചേർത്ത് ചേർത്തല എസ്.എൻ. ട്രസ്റ്റ് ഹയർ സെക്കന്ററി സ്കൂൾ ഒരു നാടിനു തന്നെ മാതൃക ആയത് ഏറെ അഭിമാനാർഹമായ ഒന്നു തന്നെയാണ്.

## നേട്ടങ്ങൾ

1. വിദ്യാർത്ഥികൾ വ്യക്തിഗത - പരിസര - സാമൂഹിക ശുചിത്വബോധം വളർത്തി അവരിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ പ്രായോഗിക അവബോധം വളർത്തുവാൻ സഹായിച്ചു.
2. മാലിന്യ സംസ്കരണ രംഗത്ത് ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ വികേന്ദ്രീകൃത ഇടപെടലുകൾ ഹരിത വിദ്യാലയ സങ്കല്പത്തിന്റെ പൂർത്തീകരണത്തിന് മുതൽക്കൂട്ടായി.
3. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സജീവത്വമാർന്ന ഇടപെടലുകൾ നടത്തുക വഴി പുതുതലമുറയിൽ നവീനമായ ഒരു സാംസ്കാരിക പരിവർത്തനം സാധ്യമാക്കുവാൻ കഴിഞ്ഞു
4. മാലിന്യ സംസ്കരണവും അവയുടെ പരിപാലനവും ഒരു ജീവിതശൈലിയായി വളർത്തിയെടുക്കുവാൻ സാധിക്കത്തക്കവിധം കുട്ടികളെ ശുചിത്വ ക്ലബ് പ്രവർത്തനങ്ങൾ വഴി പ്രാപ്തരാക്കി.

## സാമൂഹ്യ ഇടപെടൽ

1. ശുചിത്വ ക്ലബ് അംഗങ്ങൾ നടത്തിയ സ്കൂൾ, വാർഡ് തല സർവ്വേകൾ പ്രസ്തുത മേഖലയിലെ മാലിന്യ സംസ്കരണം, അവയുടെ പരിപാലനം ജൈവ-അജൈവ വസ്തുക്കളുടെ ഉപയോഗവും പരിപാലനവും എന്നിവയുടെ നേർക്കാഴ്ച വിശദമാക്കുന്നതായിരുന്നു.
2. ശുചിത്വ ക്ലബ്ബ് നടത്തിയ നിരന്തര ഇടപെടലുകളുടെയും, - പ്രചാരണ - ബോധവൽക്കരണ പരിപാടികളുടെയും ഭാഗമായി യൂസർ ഫീ നൽകാതിരുന്ന വീട്ടുകാർ അത് നൽകുന്നതിനും ഹരിത കർമ്മ സേനയോടൊപ്പം സഹകരിച്ചു പ്രവർത്തിക്കുന്നതിനും വഴിയൊരുക്കി.
3. ചേർത്തല എസ് എൻ ട്രസ്റ്റ് ഹയർ സെക്കൻഡറി സ്കൂളിലെ ശുചിത്വ ക്ലബ്ബിന്റെ പ്രവർത്തനം മാതൃകാപരമാക്കിക്കൊണ്ട് മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ശുചിത്വ ക്ലബ് പ്രവർത്തനം ആരംഭിച്ചു.
4. ബഹു. ആലപ്പുഴ എം.എൽ.എ ശ്രീ. പി. പി. ചിത്തരഞ്ജൻ ആലപ്പുഴ നിയമസഭാ മണ്ഡലത്തെ സമ്പൂർണ്ണമാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി മണ്ഡലത്തിലെ 63 സ്കൂളുകളിലും നമ്മുടെ സ്കൂളിലെ ശുചിത്വ ക്ലബിനെ മാതൃകയാക്കി ശുചിത്വ ക്ലബ് ആരംഭിക്കുകയും, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്കൂളിലെ ശുചിത്വ ക്ലബ് കൺവീനർ സുദീപ്. പി. ദാസിനെ ചുമതലപ്പെടുത്തുകയും ചെയ്തു.
5. ശുചിത്വ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിലെ മൂന്ന് വാർഡുകളിൽ ശുചിത്വ ക്ലബ് അംഗങ്ങൾ ശുചിത്വ സർവ്വേ നടത്തുകയുണ്ടായി. വാർഡുകളിൽ നിലനിന്നിരുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും അനിവാര്യമായ ഇടപെടലുകൾ പഞ്ചായത്തിന്റെ സഹായത്തോടെ നടത്തുന്നതിനും പ്രസ്തുത സർവ്വേ ഉപകരിച്ചു.
6. വേമ്പനാട് കായലിനെ സമ്പൂർണ്ണ മാലിന്യമുക്തമാക്കൽ പ്രക്രിയയിൽ വിശിഷ്യാ പ്ലാസ്റ്റിക് മുക്തമാക്കുന്നതിൽ ശുചിത്വ ക്ലബ് അംഗങ്ങൾ സജീവമായി ഇടപെട്ടു.
7. കണിച്ചുകുളങ്ങര ജംഗ്ഷനിൽ പ്രവർത്തനരഹിതമായി കിടന്നിരുന്ന പഞ്ചായത്ത് വക തുമ്പൂർമുഴി യൂണിറ്റ് ഏറ്റെടുത്ത് അതിന്റെ പ്രവർത്തനം സജീവമാക്കുവാൻ ശുചിത്വ ക്ലബ് അംഗങ്ങൾക്ക് സാധിച്ചു. മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്തിലെ അംഗനവാടികളിൽ 30 വേസ്റ്റ് ബിന്നുകൾ വീതം ശുചിത്വ ക്ലബ് നൽകി.

HSST - Political Science Co-ordinator, Suchitwa Club, SN Trusts HSS Cherthala. Mob : 7012514417, 8921264959

62

# യുവതയും മാലിന്യ മുക്ത കേരളവും

സുഹാന ആർ.എച്ച്.

ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് വലിയ മാറ്റം കൊണ്ട് വരുന്നതിന് നിരവധി പ്രവർത്തനങ്ങൾ ആണ് സംസ്ഥാനത്ത് നടന്ന് വരുന്നത്. ഇന്ന് കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉണ്ടായി വരുന്നു. എന്നാൽ സമ്പൂർണ്ണ മാലിന്യ മുക്ത പ്രദേശമാക്കാൻ ഇനിയും മാറേണ്ട നിരവധി കടമ്പകൾ ഉണ്ട്. അതിൽ പ്രധാനമായും ഉറവിടത്തിൽ മാലിന്യങ്ങൾ കൃത്യമായി തരം തിരിക്കുന്നില്ല, ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് എതിരെയുള്ള പ്രതിഷേധം, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകളുടെ നിരോധനത്തിനെതിരെയുള്ള പ്രതിഷേധം തുടങ്ങിയവയാണ്.

ഈ പ്രശ്നങ്ങൾക്കെതിരെ പരിഹാരം കാണുന്നതിൽ യുവാക്കൾക്ക് വലിയ പങ്ക് വഹിക്കാൻ സാധിക്കും. മാലിന്യ സംസ്കരണം, കാലാവസ്ഥ വ്യതിയാനത്തിനെതിരെയുള്ള പ്രവർത്തനങ്ങൾ, സുസ്ഥിര വികസനം എന്നിവയിൽ യുവജനങ്ങളുടെ പങ്കാളിത്തം ഇതിനകം തന്നെ പ്രകടമാണ്. ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിലുണ്ടായ തീപിടുത്തത്തിന്റെ പശ്ചാത്തലത്തിൽ യുവജനങ്ങൾ നടത്തിയ ഇടപെടലുകൾ ഇതിനുള്ള മികച്ച ഉദാഹരണമാണ്. ശുചീകരണ പ്രവർത്തനങ്ങൾ, വീടുതോറുമുള്ള ബോധവൽക്കരണ ക്യാമ്പയിനുകൾ, സാമൂഹിക ഇടപെടലുകൾ,സൗന്ദര്യ വത്കരണ പ്രവർത്തനങ്ങൾ എന്നിവ പ്രതിസന്ധി ലഘൂകരിക്കുന്നതിൽ സഹായിച്ചിട്ടുണ്ട്. അതുപോലെ മാലിന്യ മുക്തം നവകേരളം ക്യാമ്പയ്നിന്റെ ഭാഗമായി നടന്ന സ്നേഹാരാമം പരിപാടിയിലൂടെ 3 ലക്ഷം യുവത ഭാഗമാവുകയും 3000 മാലിന്യ കൂനകൾ പൂന്തോട്ടമാക്കുന്ന പ്രവർത്തനം വളരെ അധികം ശ്രദ്ധ നേടി. യൂത്ത് മീറ്റ്സ് ഹരിതകർമ്മസേന പരിപാടിയൽ 1200ലേറെ യുവാക്കൾ ഭാഗമായത് ഹരിതകർമ്മസേനക്ക് വലിയ പിന്തുണ നൽകുന്നതായിരുന്നു. കഴിഞ്ഞ ഒരു വർഷത്തിൽ ക്യാമ്പയ്നിൽ 213 യുവാക്കൾ ഇന്റേൺഷിപ്പിലൂടെ ഭാഗമായി. ഇതിലൂടെ കമ്മ്യൂണിറ്റി നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരങ്ങളിലേക്ക് ക്രിയാത്മകമായഇടപെടൽ നടത്താൻ യുവാക്കൾക്ക് സാധ്യമായിട്ടുണ്ട് എന്നതാണ്. സംസ്ഥാനത്ത് കഴിഞ്ഞ കാലങ്ങളിൽ നടന്ന ഇത്തരം പ്രവർത്തനങ്ങളിലൂടെ മനസിലാക്കാൻ സാധിച്ചത് യുവതയ്ക്ക് സമൂഹത്തിൽ മാറ്റം കൊണ്ട് വരാൻ സാധിക്കുമെന്നതാണ്.

ഇത്തരത്തിൽ യുവാക്കളുടെ നേതൃത്വപരമായ ശ്രമങ്ങളെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സൃഷ്ടിച്ച് അവർക്ക് അവസരം നൽകുന്നതിലൂടെ വലിയ മാറ്റം സൃഷ്ടിക്കാൻ കഴിയും. ഇതിനായി ഉന്നത-പൊതു വിദ്യാഭ്യാസ വകുപ്പുകളുമായി ചേർന്ന് സ്കൂളുകളെയും കോളേജുകളെയും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിജ്ഞാന കേന്ദ്രങ്ങളായി മാറ്റണം. വിദ്യാഭ്യാസ സ്ഥാപനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള പങ്കാളിത്തം വളർത്തുന്നത് യുവ പ്രൊഫഷണലുകൾക്ക് മാലിന്യ സംസ്കരണ മേഖലയെ പറ്റി പഠിക്കുവാനും കൂടുതൽ മനസിലാക്കുവാനും നിലവിലുള്ള മാലിന്യ സംസ്കരണ പ്രശ്നങ്ങൾ വിലയിരുത്തുന്നതിനും നൂതന പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും കഴിയും.

യുവാക്കൾ നയിക്കുന്ന വിജയകരമായ പാരിസ്ഥിതിക ഇടപെടലുകൾക്ക് ഇതിനകം തന്നെ സാക്ഷ്യം വഹിച്ചിട്ടുണ്ട്. മെച്ചപ്പെട്ട ഏകോപനത്തിലൂടെയും സ്ഥാപന പിന്തുണയിലൂടെയും യുവാക്കൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളിലൂടെ മാലിന്യ സംസ്കരണത്തിന് ഒരു മാറ്റം കൊണ്ട് വരാൻ സാധിക്കും. ഘടനാപരമായ പരിപാടികളിലൂടെ യുവാക്കളെ ശാക്തീകരിക്കുക, പങ്കാളിത്തം വളർത്തുക, നൈപുണ്യ വികസനം പ്രോത്സാഹിപ്പിക്കുക എന്നിവ എത്തരത്തിൽ പ്രാവർത്തികമാകുമെന്നതാണ് ഈ പഠനത്തിലൂടെ ഉദ്ദേശിക്കുന്നത്. നയരൂപീകരണം, ഗവേഷണം, കമ്മ്യൂണിറ്റി തല പ്രവർത്തനങ്ങൾ എന്നിവയിൽ യുവതയെ ഉൾപ്പെടുത്തുന്നത് ഒരു അവസരം മാത്രമല്ല, ഇന്നത്തെ മാലിന്യ സംസ്കരണ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും കൂടുതൽ സുസ്ഥിരമായ നാളയെ കെട്ടിപ്പടുക്കുന്നതിനുമുള്ള ആവശ്യകതയാണ്.

---

മെമ്പർ, വേസ്റ്റ് മാനേജ്മന്റ് സെക്രട്ടറിയേറ്റ്

63

# Community-Led Waste Management and Water Body Revitalization: A Case Study from Rajaji Nagar

Vinishma

Rajaji Nagar, a densely populated urban area, faced significant environmental challenges due to inadequate waste management and pollution of its water bodies. This case study presents a community-led initiative that successfully addressed these issues through a multi-stakeholder approach. By engaging residents, local authorities, local selg government institutions and waste management experts, the project implemented effective waste segregation, composting, and recycling practices, resulting in significant reductions in waste generation and pollution. Concurrently, a comprehensive revitalization plan was implemented to restore the polluted water body, yielding notable improvements in water quality and biodiversity. This study highlights the effectiveness of community-led initiatives in achieving sustainable waste management and environmental conservation, offering valuable lessons for replication in similar urban contexts. The area's main water body, once a thriving ecosystem, had become heavily polluted due to the disposal of untreated waste and sewage. This paper discusses the interventions implemented to address these issues and the outcomes achieved.

A multi-stakeholder approach was adopted, involving residents, local authorities, and a waste management organization. The intervention was made with a series of awareness programs were conducted to educate residents on the importance of proper waste management and the consequences of pollution. Through community engagement activities residents were encouraged to participate in waste management activities, such as waste segregation and composting. As part of a community-based intervention targeting marginalized groups, a multi-faceted approach was employed through the establishment of specialized groups, including children's, women's, youth, and shopkeeper's collectives. This strategic grouping facilitated enhanced community engagement, enabling effective implementation of activities and fostering increased acceptance of research within the community. Through the collaboration with corporation and other local bodies necessary infrastructure, including waste collection bins and composting facilities, was established to support proper waste management practices.and also a comprehensive plan was developed to restore the polluted water body, including the removal of pollutants, desilting, and the introduction of aquatic plants. The Rajaji Nagar case study demonstrates the effectiveness of a community-led approach in addressing waste management and water pollution issues and also it highlights the community - local self government collaboration can make a huge impact in a community The project's success can be replicated in other urban areas, promoting sustainable waste management practices and the protection of water bodies.

# ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങളിൽ സൊസൈറ്റി മോഡൽ (ഹീൽ പൊന്നുരുന്നി)

ദിപിൻ ദിലീപ്

ബ്രഹ്മപുരം, മാലിന്യ സംസ്കരണ സംവിധാനങ്ങളെ കുറിച്ച് കേരള ജനതയെ ഇരുത്തി ചിന്തിപ്പിച്ച ഒരു വിഷയമായിരുന്നു ബ്രഹ്മപുരം. ഈ പശ്ചാത്തല ത്തിൽ ആയിരുന്നു വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങളെ കുറിച്ച് ഡിവിഷനിലെ ശുചിത്വം മാലിന്യ സംസ്കരണ സമിതി കൂടുതൽ ആലോചി ച്ചത്. സമിതിയുടെ ശുപാർശ അനുസരിച്ച് ഡിവിഷൻ വാർഡ് സമിതി കൊച്ചി മുനിസിപ്പൽ കോർപ്പറേഷ നിൽ ബഹുമാനപ്പെട്ട മേയർ നടപ്പിലാക്കി കൊണ്ടി രിക്കുന്ന ഹീൽ കൊച്ചി (ഹെൽത്ത്, എൻവയോൺ മെന്റ്, അഗ്രികൾച്ചർ, ലീവ്ലിഹുഡ്സ്,) പദ്ധതിയുടെ പൊന്നുരുന്നി മോഡൽ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനമെടുത്തു. ഇത്തരം വിഷയങ്ങളിൽ താല്പ ര്യമുള്ള വിവിധ ജനവിഭാഗങ്ങളെ പ്രതിനിധാനം ചെയ്യുന്ന 9 അംഗ ഡയറക്ടർ ബോർഡ് രൂപീകരിക്കുക യും ഈ സംവിധാനത്തെ ഹീൽ പൊന്നുരുന്നി എന്ന പേരിൽ രജിസ്റ്റർ ചെയ്യുകയും സൊസൈറ്റിയായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 2023 ആണ്ട് മെയ് മാസത്തിൽ രൂപംകൊണ്ട സൊസൈറ്റി മെഡി മിക്സിന്റെ സാമ്പത്തിക സഹായത്തോടെയും, വട്ടി യൂർക്കാവ് യൂത്ത് ബ്രിഗേഡ് സൊസൈറ്റിയുടെയും ഗ്രീൻ വില്ലേജിന്റെയും സാങ്കേതിക സഹായത്തോടെ പുഴുവും മണവും ഇല്ലാത്ത മാലിന്യ സംസ്കരണ സംവിധാനത്തെ 2023 ആണ്ട് ഓഗസ്റ്റ് മാസം മുതൽ ട്രെയിൽ റൺ നടത്തുകയും ഡിവിഷനിലെ മാലിന്യ നിർമാർജന സംവിധാനങ്ങളെ മൊത്തത്തിൽ ഹീൽ പൊന്നുരുന്നി സൊസൈറ്റിക്ക് കീഴിൽ കൊണ്ടുവ രികയും ഹരിത കർമ്മ സേന രൂപീകരണത്തിലെ എൻജിഒ എന്ന കാറ്റഗറിയിൽ ഹീൽ പൊന്നുരുന്നി സൊസൈറ്റിയെ ഹരിത കർമ്മ സേനയായി കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ അംഗീകരിക്കുകയും. സൊസൈറ്റിക്ക് കീഴിൽ പ്രവർത്തിക്കുന്ന 9 തൊഴിലാ ളികളെ ഹീൽ ഹരിത കർമ്മ സേന അംഗങ്ങൾ എന്ന നിലയിൽ ഏകോപിപ്പിക്കുകയും ചെയ്യുന്നു. മുഴുവൻ വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് മുഴുവൻ വീടുകളിലും ക്യു ആർ കോഡുകൾ ഇൻസ്റ്റാൾ ചെയ്യുകയും പി ഓ എസ് മെഷീൻ വഴി യൂസർ ഫീ ശേഖരിക്കുകയും ചെയ്യുന്ന കേരളത്തിലെ ആദ്യ പദ്ധതിയാണിത്. ഹരിത കർമ്മ സേനാംഗങ്ങൾക്ക് എല്ലാ മാസവും ശമ്പളമായി അക്കൗണ്ടിൽ പണം നൽകുന്നതുകൂടാതെ ഉത്സവ സമയങ്ങളിൽ ബോണസും സൊസൈറ്റി നൽകു ന്നുണ്ട്. 9 ഹരിത കർമ്മ സേനാംഗങ്ങളും ശേഖരിച്ചു കൊണ്ടുവരുന്ന മാലിന്യത്തെ മുഴുവനായും ഹീൽ ബോക്സുകളിൽ നിറച്ച് ഇനോക്കുലം ചേർത്ത ചകി രിച്ചോറ് ചേർത്ത് കൃത്യമായ ഇടവേളകളിൽ ഇളക്കി 30 ദിവസത്തിനുള്ളിൽ വളമാക്കി മാറ്റുന്ന പ്രവർത്തന മാണ് ഇവിടെ നടക്കുന്നത്. 2023 ഡിസംബർ മാസം ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ എം ബി രാജേഷ് പദ്ധതി ഉദ്ഘാടനം നടത്തി. പുഴുവും മണവും ഇല്ലാത്ത ഈ സംവിധാനത്തിൽ ഓണാഘോഷം നടത്തിയതും ഇവിടെയിരുന്ന് ഓണം ഉണ്ടതും വാർത്തയായി. ഇവിടെ ഉത്പാദിപ്പിക്കപ്പെടു ന്ന വളം ഉപയോഗിച്ച് കൊച്ചി പോലുള്ള തിരക്കേറിയ നഗരത്തിലെ ഒന്നിനും ഉപയോഗിക്കാതെ കാടുപിടി ച്ചു കിടക്കുന്ന വിവിധ ഉടമകളുടെ അതീനതയിലു ള്ള ഭൂമി അവരുടെ അനുമതിയോടെ ജൈവ പച്ച ക്കറി കൃഷി നടത്തുകയും ചെയ്യുന്നതിൽ മണ്ണുത്തി കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള വൈറ്റില നെല്ല് ഗവേഷണ കേന്ദ്രം സാങ്കേതിക സഹായങ്ങൾ ചെയ്തു നൽകുന്നുണ്ട്. ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്ന പച്ചക്കറിയും, പച്ചക്കറി തൈകളും പ്രദേശത്തുതന്നെ വിൽപ്പന നടത്തുകയും ചെയ്യുന്ന സംവിധാനം ഹീൽ പൊന്നു കീഴിൽ പ്രവർത്തനം നടത്തി പോരുന്നു. അയ്യ ങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ പിന്തുണയും ലഭ്യമാ കുന്നുണ്ട്. കൂടാതെ ഉൽപ്പാദിപ്പിക്കപ്പെടുന്ന കമ്പോ സ്റ്റ് വളം പ്രദേശത്ത് തന്നെ വിറ്റുപോരുന്നുമുണ്ട്, കൂടാതെ ഗുണമേന്മ പരിശോധന നടത്തി കുറവുകൾ കണ്ടെത്തി വേണ്ടുന്ന തരത്തിൽ സമ്പുഷ്ടീകരിച്ച് ഹീൽ എൻവിയോൺമെന്റ് എന്ന പേരിൽ മാർക്കറ്റിൽ വിപണനം നടത്തുവാൻ ഉദ്ഘാടനം കാത്തിരിക്കുക യാണ് ഇപ്പോൾ. സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ പി കെ ദിലീപ് കുമാർ, ചെയർമാൻ അഡ്വ:ദി പിൻ ദിലീപ്, ഫിനാൻസ് ഡയറക്ടർ മുരുകേഷ് പി പി.

65

# മാലിന്യ മുക്തം നവകേരളം ജൈവ അജൈവ മാലിന്യ സംസ്കരണം

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത്

### പൊതുലക്ഷ്യങ്ങൾ

ജൈവമാലിന്യവും അജൈവ മാലിന്യവും 100 ശതമാനം ഉറവിടത്തിൽ തന്നെ തരം തിരിക്കുക

അജൈവ മാലിന്യം 100 ശതമാനം വാതിൽപ്പടി ശേഖരണം നടത്തുക

ജൈവമാലിന്യം പൂർണ്ണമായും ഉറവിടത്തിൽ തന്നെ ശാസ്ത്രീയമായി സംസ്കരിക്കുക, മാലിന്യ കൂനയില്ലാത്ത പൊതു ഇടം സൃഷ്ടിക്കുക

എല്ലാ ജലാശയങ്ങളിലെയും മാലിന്യങ്ങൾ നീക്കം ചെയ്ത് നീരുറവ് സുഗമമാക്കുക

പൊതു ഇടങ്ങൾ സൌന്ദര്യവത്കരിക്കുക

ആവാസ വ്യവസ്ഥ സംരക്ഷിക്കുക എന്നിവയാണ് വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്

### ഹരിത കർമ്മസേന

മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഗ്രാമപഞ്ചാത്തിന്റെ ഹരിതകർമ്മ സേന,കലണ്ടർ പ്രകാരം വാതിൽപ്പടി ശേഖരണം നടത്തി വരുന്നു.

2022 ൽ ജില്ലയിലെ മികച്ച ഹരിതകർമ്മ സേനയ്ക്കുള്ള ആദരവ് ലഭിച്ചിരുന്നു.

ഹരിതസേനാംഗങ്ങളുടെ എണ്ണത്തിൽ ഉള്ള പോരായ്മ നികത്തി ഒരു വാർഡിൽ 2 എന്ന നിലയിൽ 38 അംഗങ്ങളാക്കി ഉയർത്തി.

ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് മുഖേനെ മുഴുവൻ വീടുകളിലും, സ്ഥാപനങ്ങളിലും വാതിൽപ്പടി സേവനം നൽകി വരുന്നു. ഹരിതമിത്രം ആപ്പ് എന്റോൾമെ്റ്,സർവ്വീസ്, സബ്സ്ക്രിപ്ഷൻ എന്നിവ 100% ആണ്.

വാതിൽപ്പടി ശേഖരണത്തിലും, യൂസർഫീ കളക്ഷനിലും 2023 ഡിസംബർ മുതൽ നാളിതുവരെ 100% ശതമാനം ശേഖരണം നടത്തിവരുന്നു.

ഹരിതസേനാഗങ്ങളുടെ പ്രതിമാസ വരുമാനം 15000 രൂപയാക്കി ഉയർത്തി

### എം സി എഫ്

432 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിലുള്ള എം.സി. എഫിൽ ഹരിത സേനക്കുള്ള ഓഫീസ്, വൈദ്യുതി,അഗ്നി സുരക്ഷാ സൌകര്യങ്ങൾ,സ്വന്തമായി വാഹനം തുടങ്ങി എല്ലാ സൌകര്യങ്ങളും ഉറപ്പു വരുത്തിയിട്ടുണ്ട്.

കൂടാതെ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന പാഴ് വസ്തുക്കൾ ശേഖരിക്കുന്നതിന് 21 മിനി എം.സി. എഫ് പ്രവർത്തിച്ചു വരുന്നു, ഒരു വാർഡിൽ 3 മിനി എം.സി.എഫ് ഉറപ്പു വരുത്തുന്നതിന് പ്രൊജക്ട് ഏറ്റെടുക്കുകയും ചെയ്തു

സംരഭ പ്രവർത്തനം എന്ന രീതിയിൽ പാഴ്തുണികൾ ഉപയോഗപ്പെടുത്തിയുള്ള ചവിട്ടിനിർമ്മാണ യൂണിറ്റ് പ്രവർത്തിച്ചു വരുന്നു.കൂടാതെ ഇനോക്കുലം നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നു.

എം.സി.എഫിൽ ശേഖരിച്ചു വെക്കുന്ന മുഴുവൻ പാഴ് വസ്തുക്കളും കരാറ് പ്രകാരം സമയബന്ധിതമായി ക്ലീൻ കേരളാ കമ്പനിക്ക് നല്കി വരുന്നു.

എം.സി.എഫിനോട് അനുബന്ധിച്ച് പൊതുസ്ഥത്ത് ഉത്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യം സംസ്കരിക്കുന്നതിനായി ഏറ്റെടുത്ത തുമ്പൂർമുഴി മോഡൽ ജൈവ മാലിന്യ സംസ്കരണം സംവിധാനത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.

### മറ്റു പ്രവർത്തനങ്ങൾ

എല്ലാ സ്കൂളുകളിലും വിതരണം ചെയ്ത കലക്ടേഴ്സ് അറ്റ് സ്കൂൾ, ഹൈ സ്കൂളുകളിൽ നൽകിയ സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ.

തൊഴിലുറപ്പ് പദ്ധതിയിലൂടെ തുടക്കം കുറിച്ച "ഇനി ഞാൻ ഒഴുകട്ടെ" പരിപാടി മികച്ച രീതിയിൽ തന്നെ മുന്നോട്ട് പോവുന്നു.

എം സി.എഫ് കൂടാതെ മേമുണ്ട ഹയർ സെക്കന്ററി സ്കൂളിലും,ലോകനാക്കാവ് ക്ഷേത്രത്തിലും തുമ്പൂർമുഴി മോഡൽ പദ്ധതി ഏറ്റെടുക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

ജൈവമാലിന്യ സംസ്കരണ സംവിധാനത്തിനായി 90% വീടുകളിലും ഘടക സ്ഥാപനങ്ങളിലും റിങ്ങ് കംപോസ്റ്റ് വിതരണം ചെയ്യുകയും,ഹർതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് മുഖേനെ പ്രവർത്തനക്ഷമമാണെന്ന് 100% സർവ്വെ നടത്തി ഉറപ്പു വരുത്തുകയും ചെയ്തു. വിതരണം ചെയ്യാൻ ബാക്കിയുള്ള വീടുകളിൽ റിങ്ങ് കംപോസ്റ്റ് വിതരണം ചെയ്തു വരുന്നു.

### വിവുലമായ ബോധവത്കരണ പ്രവർത്തനങ്ങൾ

വീടുകളിലും സ്ഥാപനങ്ങളിലും നിർദ്ദേശങ്ങൾ സഹിതമുള്ള നോട്ടീസ് വിതരണം

മാലിന്യമുക്ത പ്രഖ്യാപനത്തിന്റെ ഭാഗമായി പൊതുജന പങ്കാളിത്തത്തോടെ നടത്തിയ ശുചിത്വ പദയാത്ര

പ്രഗത്ഭ ചിത്രകലാകാരന്മാരെ ഉൾപ്പെടുത്തി നടത്തിയ ചിത്രരചന

വാർഡ് സഭകളിൽ തുടർച്ചയായി നടത്തുന്ന ബോധ വത്കരണം

മാലിന്യ മുക്ത നവകേരളം-വലിച്ചെറിയൽ മുക്ത നവകേരളത്തിന്റെ ഭാഗമായി സ്കൂൾ കുട്ടികളെ ഉൾപ്പെ ടുത്തി നടത്തിയ ചിത്രരചന

### ഹരിത ടൂറിസം പദ്ധതി

കേരളപിറവി ദിനത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായ ത്തിലെ ലോകനാർകാവ് തീർത്ഥാടന ടൂറിസം കേന്ദ്ര മായി പ്രഖ്യാപിച്ചു.ഗ്രാമപഞ്ചായത്തിലെ പയംകുറ്റിമ ലയും പ്രഖ്യാപന ഒരുക്കത്തിലേക്കുള്ള പ്രവർത്തനം നടത്തി വരുന്നു

2024 വർഷത്തെ ക്ഷേത്ര പൂരം ഹരിത ചട്ടം പാലി ച്ചുകൊണ്ട്, പൊതുജനപങ്കാളിത്തത്തോടെ ഹരിത പൂരമായി നടത്തി

ക്ഷേത്രം നിലനിൽക്കുന്ന തെരുവ് ഉൾപ്പെടെയുള്ള പരിസരം സൌന്ദര്യവത്കരണം നടത്തി

പച്ചത്തുരുത്തിനായി ക്ഷേത്ര പരിസരത്ത് 25 ലധികം വൃക്ഷത്തൈകൾ നട്ടു പരിപാലിക്കുന്നു.

പൊതുജനങ്ങൾക്ക് ബോധവത്കരണത്തിന്റെ ഭാഗമായി ആവശ്യമായ സ്ഥലങ്ങളിൽ ഐ.ഇ.സി ബോർഡുകൾ സ്ഥാപിച്ചു.

ക്ഷേത്രപരിസരത്ത് തന്നെ ഗ്രാമപഞ്ചായത്തിന്റെ വഴിയോര വിശ്രമകേന്ദ്രം നന്നായി പ്രവർത്തിച്ചു വരുന്നു.

ക്ഷേത്രത്തിലെ ജൈവമാലിന്യം സംസ്കരിക്കുന്നത നായി തുമ്പൂർമുഴി മോഡൽ സംവിധാനം ഏറ്റെടു ത്തിട്ടുണ്ട്

കൃത്യമായ പരിചരണത്തിലൂടെ സ്ഥാപനത്തിൽ മാലിന്യ മുക്ത നവകേരളം പദ്ധതി നടപ്പിലാക്കി വരുന്നു.

66

# ക്ലീൻവെള്ളാഞ്ചിറ ഗ്രീൻവെള്ളാഞ്ചിറ (ഒരു സമഗ്രസുസ്ഥിരശുചിത്വപദ്ധതി)

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

### ആമുഖം

മൈക്രോക്ലസ്റ്റർ അഥവാ അതിസൂക്ഷ്മ അയൽസഭ അടിസ്ഥാന യൂണിറ്റ് ആക്കി കൊണ്ട് നാലുമാസക്കാ ലംകൊണ്ട് കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ വാർഡ് 15 വെള്ളാംഞ്ചിറയിൽ നടപ്പിലാക്കിയ സമ്പൂർണ്ണ ശുചിത്വ പദ്ധതിയുടെ വിജയ കഥയാണിത്.

### പ്രവർത്തന മേഖല (Area of operation)

കല്യാശ്ശേരി ഗ്രാമ പഞ്ചായത്തിലെ, വാർഡ് 15 വെള്ളാ ഞ്ചിറയാണ് ഈ പദ്ധതിയുടെ പ്രവർത്തന മേഖല. വാർഡിലെ 542 കെട്ടിടങ്ങളിൽ ഉൾപ്പെടുന്ന 518 വീടുകളെ, ശരാശരി 50 വീടുകൾ ഉൾപ്പെടുന്ന പത്ത് അയൽസഭകൾ അഥവാമൈക്രോക്ലസ്റ്ററുകൾ ആയി മാറ്റുന്നു.ഓരോ അയൽ സഭയും ഒരു അതിർത്തി ക്കുള്ളിൽ, ഉൾപ്പെടുന്ന വീടുകളുടെ കൂട്ടായ്മയാണ്. ഇതിന് ഭാരവാഹികൾ ഉണ്ട്. പ്രവർത്തക സമിതി ഉണ്ട്. ജ്വാല,ധ്വനി,നിള, തണൽ,നന്മ, തുടങ്ങിയ പേരുകളിലു ള്ള 10 അയൽ സഭകൾ കേന്ദ്രീകരിച്ചാണ് പ്രവർത്തന ങ്ങൾ നടത്തിയത്.

### പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ട് പ്രധാന ലക്ഷ്യങ്ങളും ഒരു ഉപലക്ഷ്യവുമാണു ള്ളത്.

### ക്ലീൻ വെള്ളാഞ്ചിറ ( ലക്ഷ്യം 1)

വെള്ളാഞ്ചിറയിൽ സമ്പൂർണ്ണ സുസ്ഥിര ശുചിത്വം കൈവരിക്കുക. അതായത് എന്റെ വെള്ളാഞ്ചിറയിലെ വീടിന്റെ അകത്ത് നിന്നോ, പുരയിടത്തിൽ നിന്നോ, വീടിനോട് ചേർന്ന് കിടക്കുന്ന റോഡിൽ നിന്നോ, പൊതു വഴിയിൽ നിന്നോ, എന്റെ അയൽ സഭയിൽ നിന്നോ, എന്റെ വാർഡിൽ നിന്നോ ഒരു തുണ്ട് മാലിന്യം പോലും എടുത്ത് തരാനാകില്ല എന്ന് ഏത് വെള്ളാഞ്ചിറ നിവാസിക്കും, ആരെ വേണമെങ്കിലും, എപ്പോൾ വേണമെങ്കിലും, അഭിമാനപുരസരം വെല്ലു വിളിക്കാവുന്ന സമ്പൂർണ്ണ സുസ്ഥിര ശുചിത്വ പദവി, വെള്ളാഞ്ചിറ കൈവരിക്കുക.

### 2. ഗ്രീൻ വെള്ളാഞ്ചിറ ( ലക്ഷ്യം 2 )

വെള്ളാഞ്ചിറ വാർഡിലെ 542 കെട്ടിടങ്ങൾ ഉൾപ്പെ ടുന്ന 518 വീടുകളും ഹരിത ഭവനങ്ങളായി മാറുക

തുടർന്ന് വെള്ളാഞ്ചിറയിൽ റോഡുകൾ ഹരിത വീഥികൾ, ഹരിത അയൽകൂട്ടം, ഹരിത ഗ്രാമം എന്ന നിലയിൽ മാറി വരിക.

**3. ശക്തമായ അയൽ സഭ ( ഉപ ലക്ഷ്യം)**

സജീവവും ഊഷ്മളവും പരസ്പരസഹായവും സഹകരണവുമുള്ള കർമ്മനിര തമായ നല്ല അയൽസഭകൾ രൂപപ്പെടുക.

**പദ്ധതിയുടെ പ്രവർത്തനകാലയളവും, അടിസ്ഥാനതത്വവും:**

പദ്ധതി 2024 ഒക്ടോബർ 20 ന് വാർഡ് തല ശുചിത്വ സെമിനാറിൽ ആരംഭിച്ച് 2025 ജനവരി 26 ന് വെള്ളാഞ്ചിറ പൂരത്തോടു കൂടി ലക്ഷ്യപ്രാപ്തി കൈവരി ക്കുന്ന രീതിയിൽ നാലു മാസങ്ങളിലായി പ്രവർത്തിക്കുവാനാവശ്യമായ ഒരു പ്രവർത്തന പദ്ധതിയും പ്രവർത്തന കലണ്ടറും മുൻകൂട്ടി പ്രഖ്യാപിക്കുകയും ഇത് പ്രകാരം പ്രവർത്തിക്കുകയും ചെയ്തു. ഇതിൽ ഓരോ രണ്ടാഴ്ച യിലും ഒന്നു വീതം എങ്കിലും മുൻകൂട്ടി പ്രഖ്യാപിച്ച പൊതു പരിപാടികൾ ഉണ്ട്.

ജൈവ മാലിന്യങ്ങൾ വികേന്ദ്രീകൃത അടിസ്ഥാനത്തിൽ ഉറവിട കേന്ദ്രത്തിൽ തന്നെ സംസ്കരിക്കുക, അജൈവ മാലിന്യങ്ങൾ വാതിൽപ്പടിയിൽ ഹരിത കർമ്മ സേനയ്ക്ക് കൈമാറുക എന്നതാണ് പദ്ധതിയുടെ അടിസ്ഥാന തത്വം. ഒരു ദിവസത്തെ ഒരു ശുചിത്വയജ്ഞത്തിന് പകരം സമഗ്ര സുസ്ഥിര ശുചിത്വം,ജനപങ്കാളിത്ത പ്രവർത്തനം വഴി നില നിർത്തുക, എന്നതാണ് അടിസ്ഥാന ലക്ഷ്യം.

**പ്രധാന പ്രോഗ്രാമുകൾ :**

വാർഡ് ശുചിത്വസെമിനാറും ഗ്രീൻട്രെയിനേഴ്സിനുള്ള പരിശീലനവും. (2024 ഒക്ടോബർ 20)

2. വിട്ടുമുറ്റ കുടുംബസദസ്സുകൾ (2024 ഒക്ടോബർ 23 മുതൽ ഒക്ടോബർ 29വരെ)

3. ഗൃഹാങ്കണ ശുചീകരണം ( 2024 നവംബർ 01)

4. പൊതു ഇടശുചീകരണം ( 2024 നവംബർ 03)

5. ബാല സഭ ( 2024 നവംബർ17)

6. ഒരുമിയ്ക്കാം ഒരിത്തിരി നേരം, ഓരോ രണ്ടാഴ്ചയിലും അയൽ സഭയിലെ പൊതുഇടങ്ങളിൽ (നവംബർ 17, ഡിസംബർ 1, ഡിസംബർ 15, ഡിസംബർ 29, ജനവരി 12, ജനവരി 26 തുടങ്ങിയവ)

7. ക്ലീൻകോൺക്ലേവ് (യുവജന സംവാദസദസ് 2024 ഡിസംബർ 01)

8. ഊർജ്ജ സംരക്ഷണ ക്ലാസ്സും അയൽസഭ തല ശുചിത്വപ്രഖ്യാപനവും (2024 ഡിസംബർ 15)

9. കാർഷിക സദസ്സ് (വനിതസഭ 2025 ജനുവരി 08)

9A. വാർഡ് ശുചിത്വ പ്രഖ്യാപനവും ഗ്രാമസഭയും(2025 ജനുവരി 05 )

9B- വീടും - റോഡും ബന്ധിപ്പിക്കുക

10. വെള്ളാഞ്ചിറ പൂരം ( 2025 ജനുവരി 26 )

ഘോഷയാത്ര

ഹരിത പ്രഖ്യാപനം

ഗ്രാമീണ കലാപരിപാടികൾ

നാടൻ ഗാനമേള ട്രൂപ്പിന്റെ ഗാനമേള

ഓരോ പ്രോഗ്രാമിനെ കുറിച്ചും ഇതിനാവശ്യമായ സാമ്പത്തിക സമാഹരണ രീതി എന്നിവ പിന്നീട് വിശദമായി എഴുതാം. 518 വീടുകൾ ഉള്ള ഒരു പഞ്ചായത്ത് വാർഡിലെ പത്ത് മൈക്രോക്ലസ്റ്റർ അഥവാ അതിസൂക്ഷ്മ അയൽ സഭകൾ കേന്ദ്രീകരിച്ചു കൊണ്ട് നാലു മാസങ്ങളിലായി (2024 ഒക്ടോബർ 20 മുതൽ 2025 ജനവരി 26 വരെ) നടത്തിയ ഒരു മാതൃകാ ജനകീയ സമ്പൂർണ്ണ സുസ്ഥിര ശുചിത്വപദ്ധതിയാണ് ക്ലീൻ വെള്ളാഞ്ചിറ-ഗ്രീൻ വെള്ളാഞ്ചിറ.

67

## മാലിന്യമുക്ത ഗ്രാമപഞ്ചായത്ത്

കണ്ണപുരം

**'ഹരിതകാന്തി '**

കണ്ണപുരത്തെ മാലിന്യമുക്തമാക്കുന്നതിനുള്ള സമഗ്ര പ്രോജക്ട്

ലക്ഷ്യം : മൂന്നു വർഷം കൊണ്ട് കണ്ണപുരം ഗ്രാമപഞ്ചായത്തിനെ ജൈവ – അജൈവ മാലിന്യങ്ങളില് നിന്നും മാലിന്യങ്ങളിൽ നിന്ന് വിമോചിപ്പിക്കുക. സമ്പൂർണ്ണ ഹരിത ഗ്രാമമാക്കുക.

**'ഹരിത കാന്തി' പ്രോജക്ടിന് 3R അധിഷ്ഠിത പദ്ധതികൾ**

1. ജൈവമാലിന്യമുക്ത ഹരിത വീടുകൾ
2. സമ്പൂർണ്ണ അജൈവമാലിന്യമുക്ത വീടുകളും സ്ഥാപനങ്ങളും
3. മാലിന്യരഹിത ഉത്സവാഘോഷങ്ങളും പൊതു ചടങ്ങുകളും

4. വലിച്ചെറിയല് മുക്ത ഗ്രാമപഞ്ചായത്ത്
5. കലക്ഷേഴ്സ് അറ്റ് സ്കൂൾ
6. നാപ്കിന് മുക്ത ഗ്രാമപഞ്ചായത്ത്

**പദ്ധതി നിർവഹണം ഇങ്ങനെ :**

1. ഉറവിടമാലിന്യനിർമാർജ്ജനത്തിന് എല്ലാ വീടുകളിലും വീടുകളിലും റിംഗ് കമ്പോസ്റ്റ്.
2. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യ ശേഖരണത്തിന് ഹരിത കർമ്മ സേന.
3. പൊതുസ്ഥാപനങ്ങൾക്കും ആഘോഷങ്ങൾക്കും ചടങ്ങുകൾക്കും ഹരിത പ്രോട്ടോക്കോൾ ഏർപ്പെടുത്തി.
4. ഹരിത പ്രോട്ടോകോൾ മോണിറ്ററിംഗ് വിജിലൻസ് ടീം പ്രവർത്തിപ്പിച്ചു.
5. മാലിന്യ ശേഖരണത്തിന് സംഭരണത്തിനും എം സി എഫ്, മിനി എം സി എഫ്, ബോട്ടിൽ ബൂത്ത് സംവിധാനം.
6. മെന്സ്ട്രുല് കപ്പ് വിതരണം.
7. ഹരിത വാർഡ് പ്രഖ്യാപനം
8. കത്തിക്കല് മുക്ത പഞ്ചായത്ത്

ഹരിത പരിപാലനത്തിന് 23 അംഗ ഹരിത കർമ്മ സേന 'ഹരിതകാന്തി' യിൽ തളിരിടുന്ന ഹരിത ജീവിതം

**ഹരിത പരിപാലനം തുറന്നിട്ട തൊഴിൽ സംരംഭങ്ങൾ**

1. പാഴ്വസ്തുക്കൾ ഉപയോഗിച്ച് പൂച്ചട്ടി നിർമ്മാണം
2. ഇനോകുലം, ചകിരിച്ചോറ് വിതരണ യൂണിറ്റ്
3. ഹരിതമാംഗല്യം
4. ഡിഷ് വാഷിംഗ് യൂണിറ്റ്
5. ക്ലീനിങ് യൂണിറ്റ്
6. എൽഇഡി ബൾബ് സർവീസിംഗ് യൂണിറ്റ്
7. തുണിസഞ്ചി നിർമ്മാണ യൂണിറ്റ്

**68**

## നഗരസൗന്ദര്യ വൽക്കരണത്തിന്റെ ജനകീയ മാതൃക

കൊയിലാണ്ടി ഗ്രാമപഞ്ചായത്ത്

മാലിന്യമുക്തം നവകേരളം ക്യാമ്പയിനുമായി ബന്ധപ്പെട്ട് കൊയിലാണ്ടി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനങ്ങളിൽ മാനസിക ഉല്ലാസം വർധിപ്പിക്കുന്നതിനായി നഗരസഭയിൽ അഞ്ച് വ്യത്യസ്ത തരം പാർക്കുകൾ നിർമ്മിച്ചിട്ടുണ്ട്. ജനകീയ പങ്കാളിത്തത്തോടെ ഉണ്ടാക്കിയിട്ടുള്ള ഈ പാർക്കുകൾ കൊയിലാണ്ടിയുടെ പൊതു ഇടങ്ങളുടെ മാറ്റുകൂട്ടുന്നവയാണ്. മാലിന്യ കൂനകളായിരുന്ന ഈ ഇടങ്ങൾ ഇന്ന് മനോഹരമായ പാർക്കുകൾ ആണ്. ജനങ്ങൾക്ക് വേണ്ടി ജനങ്ങൾ തന്നെ നിർമിച്ചിട്ടുള്ള ഈ ഇടങ്ങൾ ഉണ്ടാക്കുന്നതിനു ഭരണസമിതിയും നഗരസഭയും പൂർണ സഹകരണം നൽകിയാണു മുന്നോട്ടു കൊണ്ടു പോകുന്നത്.

1. സ്നേഹാരാമം -

കൊയിലാണ്ടി മിനിസിവിൽ സ്റ്റേഷന്സമീപത്ത് നാഷണൽ ഹൈവേയോട് ചേർന്നതും മാലിന്യനിക്ഷേപ കേന്ദ്രമായിരുന്നതുമായ സ്ഥലത്ത് സർക്കാരിന്റെ സ്നേഹാരാമം നിർമ്മിക്കുക എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുജനങ്ങളുടെയും എൻ എസ് എസ് കമ്യൂണിറ്റിയുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ കൊയിലാണ്ടിയുടെ ചരിത്രം വിളിച്ചോതുന്ന ചിത്രങ്ങൾ സിമന്റിൽ ആലേഖനം ചെയ്തു മനോഹരമായ പാർക്ക് നിർമ്മിച്ചു. പാർക്കിൽ പൊതുജനങ്ങൾക്ക് വന്ന് ഇരിക്കുന്നതിനും മീറ്റിങ്ങുകൾ ചേരുന്നതിനും ഇരിപ്പിടങ്ങളും ഊഞ്ഞാൽ ഉൾപ്പെടെയുള്ള ഉല്ലാസ ഉപാധികളും സ്ഥാപിക്കുകയും വൈദ്യുത ദീപങ്ങളാൽ ദീപാലകൃതമാക്കുകയും, ചെടികളും പുൽത്തകിടും കൊണ്ട് മനോഹരമാക്കുകയും ചെയ്തിട്ടുണ്ട്. പുനരുപയോഗ വസ്തുക്കൾകൊണ്ടാണ് സ്നേഹാരാമത്തിന്റെ പകുതി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.

2. ഹാപ്പിനസ്പാർക്ക്

കൊയിലാണ്ടി നഗരത്തിന്റെ ഹൃദയഭാഗത്ത് പഴയ ബസ്റ്റാന്റിന്റെ മുൻവശത്താണ് ഹാപ്പിനെസ് പാർക്ക് സ്ഥിതി ചെയ്യുന്നത്. വ്യാപാര സ്ഥാപനങ്ങളിൽ നിന്നും, പൊതുജനങ്ങളും മറ്റും മാലിന്യങ്ങൾ തള്ളുന്ന ഒരിടം കൂടിയായ സ്ഥലത്താണ് സ്പോൺസർഷിപ്പിലൂടെ നഗരസഭ ഹാപ്പിനെസ് പാർക്ക് നിർമ്മിച്ചിട്ടുള്ളത്. മനോഹരമായ പുൽത്തകിടും, ഇരിപ്പിടങ്ങളും, ചെടികളും, മരങ്ങളും, മരങ്ങൾക്ക്ചുറ്റും ഇരിപ്പിടങ്ങളും, കുടിവെള്ള സൗകര്യം, വൈഫൈ, റേഡിയോ, ടി.വി കാണാനുള്ള സൗകര്യം, മൊബൈൽ ചാർജിംഗ് പോയിന്റ്, CCTV എന്നിവ ഒരുക്കി നഗരത്തിലെത്തുന്നവർക്ക് മാനസിക ഉല്ലാസത്തിനായി പുതിയൊരു ഇടം സമ്മാനിച്ചിരിക്കുകയാണ് നഗരസഭ. കലാസംസ്കാരിക

പരിപാടികൾക്കായി സ്റ്റേജ് സൌകര്യവും ഹാപ്പിനെസ്സ് പാർക്കിൽ ഒരുക്കിയിട്ടുണ്ട്.

### 3. യു.എ ഖാദർ സാംസ്കാരിക പാർക്ക്

കൊയിലാണ്ടി നഗരസഭ ബസ്സ്റ്റാൻഡിനടുത്ത് തെരുവ് കച്ചവട കേന്ദ്രത്തിനടുത്തായി യു.എ ഖാദറിന്റെ പേരിൽ ആണ് സംസ്കാരിക പാർക്ക് സ്പോൺസർഷിപ്പിലൂടെ നിർമ്മിച്ചിട്ടുള്ളത്. ചെടികളും, പുൽത്തകിടിയും, മരങ്ങളും മരത്തിന് ചുറ്റും ഇരിപ്പിടങ്ങളും ഒരുക്കി പാർക്ക് മനോഹരമായി ഒരുക്കിയിട്ടുണ്ട്. കേരളത്തിന്റെ സാംസ്കാരിക പെരുമ ഉണർത്തുന്ന ചുമർചിത്രങ്ങളും പാർക്കിൽ ഒരുക്കിയിട്ടുണ്ട്. മനോഹരമായ കവാടവും, വൈദ്യുതകാലുകൾ കൊണ്ട് ദീപാലങ്കൃതമായി നിർമ്മിച്ചിട്ടുണ്ട്, സാംസ്കാരിക പരിപാടികൾ നടത്തുന്നതിനായി സ്റ്റേജ് സൌകര്യവും പാർക്കിൽ ഒരുക്കിയിട്ടുണ്ട്, പൊതുജനങ്ങൾക്കായി ചെറിയ ലൈബ്രറി സൗകര്യവും നഗരസഭ ഒരുക്കുന്നുണ്ട്.

### 4.ജൈവവൈവിധ്യ പാർക്ക്

നഗരത്തിൽ നിന്നും മാറി കൊടുക്കാട്ടുമുറി എന്ന പ്രദേശത്ത് നെല്യാടി പുഴയോരത്താണ് നഗരസഭയുടെ ജൈവവൈവിധ്യ പാർക്ക് സ്ഥിതിചെയ്യുന്നത്. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ സാമ്പത്തിക സാഹകരത്തോടുകൂടിയാണ് ജനകീയ ജൈവവൈവിധ്യ പരിപാലന സമിതിയുടെ മേൽനോട്ടത്തിൽ പാർക്ക് ഒരുക്കിയിട്ടുള്ളത്. 300 മീറ്റർ നീളത്തിൽ ആറ് മീറ്ററോളം വീതിയിലും ഒരുബണ്ടും ചീർപ്പും ആയി സർക്കാർ വക ഭൂമിയിലാണ് ജൈവ വൈവിധ്യ പാർക്ക് ഒരുക്കിയിട്ടുള്ളത്. വിവിധയിനം മരങ്ങളും വിവിധയിനം കണ്ടലുകളും കൊണ്ട് സമ്പന്നമാണ് ജൈവവൈവിധ്യ പാർക്ക്. വിവിധയിന പക്ഷികളുടെയും ദേശാടനക്കിളികളുടെയും ആവാസകേന്ദ്രം കൂടിയാണ് ഈ പാർക്ക്, പാർക്കിനോട് ചേർന്ന തണ്ണീർത്തടത്തിൽ വിവിധയിനം മത്സ്യങ്ങളുടെ പ്രജന കേന്ദ്രം കൂടിയാണ്. മദ്യപാനികളുടെ കേന്ദ്രമായിരുന്നു ഈ സ്ഥലം മനോഹരമായ ജൈവവൈവിധ്യപാർക്ക് ആക്കി മാറ്റിയതോടുകൂടി നിരവധി ആളുകളാണ് ദിനംപ്രതി പാർക്കിൽ എത്തിച്ചേരുന്നത്. പാർക്കിൽ എത്തിച്ചേരുന്നവർക്കായി ഇരിപ്പിടങ്ങളും ദൂരക്കാഴ്ച ലഭിക്കുന്നതിനായി ഏറുമാടവും ഉല്ലസിക്കുന്നതിനായി ഊഞ്ഞാൽ ഉൾപ്പെടെ ഒരുക്കിയിട്ടുണ്ട്. വിവിധയിനം ചെടികളും മരങ്ങളും നട്ടുപിടിപ്പിക്കുകയും മരങ്ങളുടെയും ചെടികളുടെയും ശാസ്ത്രീയ നാമം എഴുതി വെക്കുകയും ചെയ്തിട്ടുണ്ട്. ഫണൽ പോലെ നിൽക്കുന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പാർക്ക് ആയതിനാൽഏതു സമയത്തും കാറ്റ് വീശുകയും ചെയ്യുന്നു.

**69**

## ശുചിത്വം... സുന്ദരം... എന്റെ കുറ്റ്യാട്ടൂർ...

കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ

### ആമുഖം

കണ്ണൂർ ജില്ലയിലെ മധ്യ ഭാഗത്തായി പടിഞ്ഞാറോട്ട് ചരിഞ്ഞു കിടക്കുന്ന ഗ്രാമപ്രദേശമാണ് കുറ്റ്യാട്ടൂർ. ചിര പുരാതനമായ ഒരു ചരിത്രവും സംസ്കാരവും കുറ്റ്യാട്ടൂരിന് ഉണ്ട്. ഭൌമ സൂചികാ പദവി ലഭിച്ച കുറ്റ്യാട്ടൂർ മാമ്പഴം തന്നെയാണ് കുറ്റ്യാട്ടൂരിന്റെ മുഖമുദ്ര. കാർഷിക മേഖലയാണ് പ്രധാന ഉപജീവന മാർഗം. പുതിയ സംരംഭങ്ങൾ കടന്നു വന്നു കൊണ്ട് മനുഷ്യ വിഭവ ശേഷി കൂടി ഉപയോഗപ്പെടുത്തി സാമ്പത്തിക ഭദ്രത ഉയർന്നുകൊണ്ടിരിക്കുന്നു.

ശുചിത്വം സുന്ദരം എന്റെ കുറ്റ്യാട്ടൂർ എന്ന ലക്ഷ്യത്തിലേക്കായി പഞ്ചായത്തിലാകെ പരിശോധിച്ച് കണ്ടെത്തിയ വിടവുകൾ പരിഹരിക്കുന്നതിന് വേണ്ടി നടത്തിയ പ്രവർത്തനത്തിന്റെ നിക്ഷിപ്ത റിപോർട്ട്.

### തന്ത്രം

- അടിസ്ഥാന സൗകര്യം
- ബോധവൽക്കരണം
- വിഭവ സമാഹരണം
- വാതിൽപ്പടി സേവനം
- ഹരിതവൽക്കരണം
- മാലിന്യ സംസ്കരണം
- നിയമ നടപടി

### അടിസ്ഥാന സൗകര്യം :-

- ഓരോ വാർഡിലും രണ്ട് വീതം മിനി എം.സി. എഫ്.
- മുഴുവൻ പൊതു ഇടങ്ങളിലും വേസ്റ്റ് ബിൻ.
- മുഴുവൻ ബസ് സ്റ്റോപ്പുകളിലും വേസ്റ്റ് ബിൻ.
- പൊതു വിദ്യാലയങ്ങളിൽ കലക്ടേർസ് അറ്റ് സ്കൂൾ.
- മുഴുവൻ ടൌണുകളിലും വേസ്റ്റ് ബിൻ.
- അൺ എയ്ഡഡ് സ്കൂളുകളിലും സ്ഥാപനങ്ങളിലും സ്പോൺസർഷിപ്പിലൂടെ വേസ്റ്റ് ബിൻ.
- ഹരിത കർമ്മസേനയ്ക്ക് ആവശ്യമായ വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ.
- ഹരിത കർമ്മ സേനയ്ക്ക് ആവശ്യമായ വാഹനവും ട്രോളിയും.
- ഹരിത കർമ്മ സേനയ്ക്ക് കാര്യശേഷി വികസന പരിശീലനം.
- 1400 ച.മീറ്ററിൽ എം.സി.എഫ്., രണ്ടാമത്തെ എം.സി.എഫ്. നിർമ്മാണം ആരംഭിച്ചു.
- ബെയിലിംഗ് മെഷീൻ പ്രവർത്തിക്കുന്നു.

**ബോധവൽക്കരണം :-**

- മുഴുവൻ അയൽക്കൂട്ടങ്ങൾ, സ്കൂളുകൾ, കലാലയങ്ങൾ, അങ്കണവാടികൾ, ഗ്രന്ഥശാലകൾ, മദ്രസകൾ, വ്യാപാരികൾ, പെട്രോൾപമ്പ് ജീവനക്കാർ, ബസ് ജീവനക്കാർ, ആക്രി കച്ചവടക്കാർ, മറ്റ് സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, നഗർ, മറ്റ് തൊഴിലിടങ്ങൾ എന്നിവിടങ്ങളിൽ ബോധവൽക്കരണം നടത്തി.
- സ്കൂളുകൾ കേന്ദ്രീകരിച്ച് ക്വിസ്, ചിത്ര രചനാ മത്സരങ്ങൾ.
- 16 വാർഡിലും 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ശുചിത്വ ബോധവൽക്കരണ നാടകം.
- ശുചിത്വ സന്ദേശ ബോർഡുകൾ സ്ഥാപിച്ചു.
- സ്കൂളുകളിലും മറ്റ് പഞ്ചായത്ത് വിളിച്ച് ചേർക്കുന്ന പരിപാടികളിലും ശുചിത്വ പ്രതിജ്ഞ നിർബന്ധമാക്കി.

**വിഭവ സമാഹരണം :-**

- പ്ലാൻ ഫണ്ട്
- എസ് ബി എം ഫണ്ട്
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
- സ്പോൺസർഷിപ്പ്

**വാതിൽപ്പടി സേവനം :-**

- 6530 വീടുകളിലും 225 വ്യാപാര സ്ഥാപനങ്ങളിലും മറ്റ് ഇതര സ്ഥാപനങ്ങളിലും 100% ഉറപ്പുവരുത്തുന്നു.
- 34 ഹരിത കർമ്മസേന അംഗങ്ങൾ പ്രവർത്തിക്കുന്നു.
- ഹരിത സംരംഭങ്ങൾ :- ഹരിത മാംഗല്യം, എൽ.. ഡി ബൾബ് റിപ്പയറിംഗ് സേവന യൂണിറ്റ്, ഇനോക്കുലം യൂണിറ്റ്.

**ഹരിതവൽക്കരണം :-**

ഹരിത ടൌൺ, ഹരിത വിദ്യാലയം, ഹരിത അയൽക്കൂട്ടം, ഹരിത സ്ഥാപനങ്ങൾ, ഹരിത അങ്കണവാടികൾ, ഹരിത നഗർ, ഹരിത മദ്രസ, ഹരിത ആരാധനാലയങ്ങൾ, ഹരിത കലാലയങ്ങൾ, ഹരിത ഗ്രന്ഥാലയങ്ങൾ, ഹരിത പൊതു ഇടങ്ങൾ, ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പയിൻ.

**മാലിന്യ സംസ്കരണം :-**

ജൈവ മാലിന്യ സംസ്കരണം :- രണ്ട് പൊതു കമ്യൂണിറ്റി കമ്പോസ്റ്റ്, നടപ്പു വർഷത്തോടു കൂടി 90% വീടുകളിൽ റിംഗ് കമ്പോസ്റ്റ്, കോഴി മാലിന്യം, ഹോട്ടൽ മാലിന്യം ഇവ മട്ടന്നൂർ വീരാടുമായി സഹകരിച്ച് സംസ്കരിക്കുന്നു.

ദ്രവ മാലിന്യ സംസ്കരണം :- 100% ഹോട്ടലുകളിലും 95% വീടുകളിലും ദ്രവ മാലിന്യ സംസ്കരണം, ശേഷിക്കുന്നവർക്ക് തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർമ്മിച്ചു വരുന്നു.

അജൈവ മാലിന്യ സംസ്കരണം :- 100% വീടുകളും മറ്റ് സ്ഥാപനങ്ങളും ഹരിത കർമ്മ സേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

സാനിറ്ററി വേസ്റ്റ് :- വിദ്യാലയങ്ങളിലും പൊതു ശൌചാലയങ്ങളിലും ഇൻസിനറേറ്റർ സ്ഥാപിച്ചു, 2000 മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്തു.

**നിയമ നടപടി :-**

ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 24 CCTV കൾ മുഴുവൻ സമയവും പ്രവർത്തിക്കുന്നു, മാലിന്യം വലിച്ചെറിയുന്നതും കത്തിക്കുന്നതും മലിന ജലം ഒഴുക്കിവിടുന്നതും ഉൾപ്പെടെയുള്ള കുറ്റ കൃത്യങ്ങൾ ചെയ്യുന്നവരേയും ഒറ്റത്തവണ നിരോധിത പ്ലാസ്റ്റിക്ക് വസ്തുക്കൾ ഉപയോഗിക്കുന്നവരേയും വിൽപന നടത്തുന്നവരേയും കണ്ടെത്തി പിഴ ചുമത്തുന്നു.

**ഇനി ഞാൻ ഒഴുകട്ടെ**

പഴശ്ശി, മാണിയൂർ എന്നിങ്ങനെ രണ്ട് പ്രധാന തോടുകളും പഴശ്ശി ഇറിഗേഷൻ കനാലും ചെറു തോടുകളും ജനകീയ ക്യാമ്പയിനിലൂടെയും തൊഴിലുറപ്പ് പദ്ധതിയിലൂടെയും ശുചീകരണം നടത്തി. ശുചിത്വ ബോർഡുകളും തടയിണകളും സ്ഥാപിച്ചു.

**നെറ്റ് സീറോ കാർബൺ**

കണ്ണൂർ യൂണിവേർസിറ്റി പരിസ്ഥിതി വകുപ്പുമായി സഹകരിച്ച് ഇതിന്റെ പ്രവർത്തം നടന്നു വരുന്നു. 16 വാർഡുകളിലും സർവ്വെ പ്രവർത്തനം പൂർത്തീകരിച്ചു. ഊർജ സംരക്ഷണ ക്ലാസുകളും ജൈവ വൈവിധ്യ പരിപാലനത്തിന്റെ ഭാഗമായി പച്ചത്തുരുത്തുകളും നിർമിച്ചു വരുന്നു. ഫിലമെൻറ് രഹിത കുറ്റ്യാട്ടൂർ എന്ന ക്യാമ്പയിനും 100 ശതമാനത്തിലേക്ക് അടുക്കുന്നു. ഹരിത സമൃദ്ധി വാർഡിന്റെ ഭാഗമായി മുഴുവൻ വീടുകളിലും പച്ചക്കറി തൈകൾ വിതരണം ചെയ്തു. പൊതു ഇടങ്ങളും പാതയോരങ്ങളും സൌന്ദര്യവൽക്കരണത്തിന് പ്രത്യേകം ശ്രദ്ധ കൊടുക്കുന്നു. തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തി തരിശ് രഹിത കുറ്റ്യാട്ടൂർ എന്ന ക്യാമ്പയിനും പുരോഗമിക്കുന്നു.

**ഉപസംഹാരം**

2025 മാർച്ചിൽ സീറോ വേസ്റ്റ് ആയി പ്രഖ്യാപിക്കുന്ന കേരള സർക്കാരിന് പിന്തുണ പ്രഖ്യാപിച്ചു കൊണ്ട് കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തും വിവിധ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോവുകയാണ്. തീർച്ചയായും ശുചിത്വ രംഗത്ത് വലിയ മുന്നേറ്റം നടത്തുവാൻ ഞങ്ങൾക്കു സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തും ചിലപ്പോൾ രാജ്യത്തും അതിദാരിദ്ര്യം തീർത്ത ആദ്യ പഞ്ചായത്തായ കുറ്റ്യാട്ടൂരിന് ഇത്തരം ക്യാമ്പയിൻ പ്രവർത്തനങ്ങളും ജനകീയമായിക്കൊണ്ട് തന്നെ സധൈര്യം ഏറ്റെടുക്കാൻ സാധിക്കും എന്നതിൽ ഒരു സംശയവും ഇല്ല.

## 70

# തൊഴിലുറപ്പ് പദ്ധതിയിലൂടെ മാലിന്യ സംസ്കരണ രംഗത്തും പുതു ചരിത്രം രചിച്ച വലിയപറമ്പ പഞ്ചായത്ത്

വലിയപറമ്പ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ 'നിത്യമുക്തി, മുഴുവൻ വീടുകൾക്കും സോക്പിറ്റുകൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ

കാസറഗോഡ് ജില്ലയിലെ തനത് വരുമാനം ഏറ്റവും കുറവുള്ളതും ഏറ്റവും കുറഞ്ഞ ജനസംഖ്യ ഉള്ളതുമായ അതിമനോഹരമായ ടൂറിസ്റ്റ് കേന്ദ്രമാണ് വലിയപറമ്പ. ഈ പഞ്ചായത്തിനെ സമ്പൂർണ്ണ ശുചിത്വ ഗ്രാമമായി പ്രഖ്യാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് വലിയപറമ്പ ഗ്രാമപഞ്ചായത്ത് പ്രത്യേക ക്യാമ്പെയിനായി ''നിത്യമുക്തി' പ്രവർത്തനം ഏറ്റെടുത്തത്.

ഭരണസമിതിയുടെ നേതൃത്വത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷം സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വർദ്ധിച്ച രീതിയിൽ വ്യക്തിഗത ആസ്തികൾ നിർമ്മിക്കുന്നതിനുള്ള ക്യാമ്പെയ്ൻ 2021 ആഗസ്ത് മാസം രണ്ടാം തീയ്യതി തുടക്കമിട്ടു. ഈ ക്യാമ്പെയ്നിൻറെ ഭാഗമായി വലിയപറമ്പ ഗ്രാമപഞ്ചായത്ത് പ്രത്യേക ഭരണസമിതി യോഗം ചേരുകയും വലിയപറമ്പ ഗ്രാമപഞ്ചായത്തിൻറെ മുഴുവൻ സാധ്യതകളും ഉപയോഗിച്ച് കൊണ്ട് 1500 സോക്ക്പിറ്റുകൾ ഈ സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് കൊണ്ട് നിർമ്മിക്കുക എന്ന പദ്ധതി ആവിഷ്ക്കരിക്കുവാൻ തീരുമാനിച്ചു. ഇതിൻറെ ഭാഗമായി പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായും, സെക്രട്ടറി കൺവീനറായും, പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, വി.ഇ.ഒ. മാർ, മഹാത്മാഗാന്ധി എൻ. ആർ.ഇ.ജി.എസ്. സെൽ ജീവനക്കാർ, സി.ഡി.എസ്. ചെയർപേഴ്സൺ എന്നിവരെ ഉൾപ്പെടുത്തി കൊണ്ട് പഞ്ചായത്ത് തല കോർ ടീം രൂപീകരിക്കുകയും ഈ കോർ ടീമിൻറെ നേതൃത്വത്തിൽ ഓരോ വാർഡിലും വാർഡ് മെമ്പർ ചെയർമാനായുള്ള വാർഡ് തല കോർ ടീം രൂപീകരിക്കുകയും ചെയ്തു. പ്രവർത്തനത്തിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെയും, ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെയും മുഴുവൻ പിന്തുണയും ലഭ്യമായിരുന്നു.

വാർഡ് തല കോർ ടീമിൻറെ നോതൃത്വത്തിൽ ഗുണഭോക്തൃ യോഗം ചേരുകയും സോക്പിറ്റിൻറെ ആവശ്യകത ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള ക്യാമ്പെയിൻ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. മഹാത്മാഗാന്ധി.എൻ.ആർ.ഇ.ജി.എസ്. മേറ്റുമാരുടെയും, എ.ഡി.എസ്. ഭാരവാഹികളുടെയും സന്നദ്ധ സംഘടന പ്രവർത്തകരുടെയും നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തിയ പ്രവർത്തനം സ്ലാഘനീയമാണ്. ഗുണഭോക്താക്കളുടെ അപേക്ഷകൾ തയ്യാറാക്കി പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം നൽകി പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെയും, ജില്ലാ പഞ്ചായത്തിൻറെയും അംഗീകാരം സമയബന്ധിതമായി ലഭ്യമാക്കി. മഹാത്മാഗാന്ധി.എൻ.ആർ.ഇ.ജി.എസ്. അക്രഡിറ്റഡ് എഞ്ചിനീയർ ശ്രീമതി. ഹിസാന, ഓവർസീയർമാരായ ഫാസില.കെ, സുമിഷ എന്നിവരടങ്ങിയ ടെക്നിക്കൽ ടീം ഓരോ ഗുണഭോക്താക്കൾക്കുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമയബന്ധിതമായി സാങ്കേതിക അനുമതി വാങ്ങിയെടുക്കുകയും ചെയ്തു. ഭരണസമിതി വാർഡുകളിലെ മേറ്റുമാരുടെയും. വി.ഇ.ഒ. മുസ്തഫയുടെയും, മഹാത്മാഗാന്ധി.എൻ.ആർ.ഇ.ജി.എസ്. ടെക്നിക്കൽ സ്റ്റാഫിൻറെയും സഹായത്തോടെ മുഴുവൻ അപേക്ഷകരുടെയും ജിയോടാഗ് പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിച്ചു.

ഓരോ വാർഡിലും അപേക്ഷ സമർപ്പിച്ച ഗുണഭോക്താക്കളുടെ പ്രത്യേക യോഗം ചേരുകയും അവരവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ട ചുമതല വാർഡ് തലത്തിൽ കോർ ടീമിന് നൽകുകയും ചെയ്തു. കോർ ടീമിൻറെ നേതൃത്വത്തിൽ സാധന സാമഗ്രികൾ അടക്കം ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ട ചുമതലയും ഏറ്റെടുത്തിരുന്നു.

2021 ഒക്ടോബർ 2 ഗാന്ധി ജയന്തി ദിനത്തിൽ പഞ്ചായത്തിലെ 13 വാർഡുകളിലും നിത്യമുക്തി ക്യാമ്പെയ്ൻറെ ഭാഗമായുള്ള ശിലാസ്ഥാപന കർമ്മം നടന്നു. എല്ലാവരും ഒരേ മനസ്സോടെ ഉത്സാഹത്തോടെയാണ് ഈ ക്യാമ്പെയ്ൻ പരിപാടി ഏറ്റെടുത്തത്. അക്കൗണ്ടൻറ്-കം-ഐ.ടി അസിസ്റ്റൻറുമാരായ സനിത.വി, സൗമ്യ.എം എന്നിവർ സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് മസ്റ്റർ റോൾ ലഭ്യമാക്കി. ഈ ഉദ്യമത്തിൽ എല്ലാ വിഭാഗം ആളുകളുടെയും സഹായ സഹകരണം ലഭ്യമാക്കി.

ക്യാമ്പെയ്ൻറെ ഭാഗമായ് 1610 സോക്പിറ്റുകൾ വലിയപറമ്പ ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ചു. കേരളത്തിൽ ഇത്തരത്തിൽ ആദ്യമായാണ് ഒരു ഗ്രാമപഞ്ചായത്ത് ഒരു ക്യാമ്പെയ്ൻ ഏറ്റെടുക്കുന്നത്. ഈ വർഷം 1610 വ്യക്തിഗത ആസ്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഒരു ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുക എന്ന അസാധ്യ ലക്ഷ്യം ഒരേ മനസ്സോടെയുള്ള പ്രവർത്തനം കൊണ്ട് നമുക്ക് യാഥാർത്ഥ്യമാക്കുവാൻ സാധിച്ചു. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ശ്രീമതി. ഹിസാന അക്രഡിറ്റഡ് എഞ്ചിനീയറായുള്ള തൊഴിലുറപ്പ് സെല്ലിൻറെയും, ശ്രീ. വിനോദ് കുമാർ. എം.പി സെക്രട്ടറി രജിസ്ട്രേഷൻ ഓഫീസർ എന്ന നിലയിലുള്ള പ്രവർത്തനവും, ശ്രീ. മുസ്തഫ വി.ഇ.ഒ. യുടെ നേതൃത്വത്തിലുള്ള പ്രവർത്തനവും എല്ലാറ്റിലുമായി ഓരോ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ മേറ്റുമാർ, കുടുംബശ്രീ ഭാരവാഹികൾ,

സന്നദ്ധ പ്രർത്തകർ എല്ലാവരും കൂടെ നിന്നു. തുടർ വർഷങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഇതിലേറെ മാതൃകകൾ സൃഷ്ടിക്കുവാൻ വലിയപറമ്പയ്ക്ക് ഉത്തേജനമായ് മാറി എന്നതാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ സോക്ക്പിറ്റുകൾ നിർമ്മിച്ച പഞ്ചായത്തായി വലിയപറമ്പിന് മാറാനായത്.

## ജലം ജീവാമൃതം ദുരന്ത അതിജീവന പദ്ധതി വലിയ പറമ്പ ഗ്രാമ പഞ്ചായത്ത്

കടലിനും കായലിനുമിടയ്ക്കുള്ള തീരദേശ ഗ്രാമ പഞ്ചായത്താണ് നമ്മുടെ വലിയപറമ്പ. കടലിനും കായലിനുമിടയ്ക്കുള്ള വീതി കുറഞ്ഞ പ്രദേശമായതിനാൽ തന്നെ കിണറുകളുടെയും ജലാശയങ്ങളുടെയും ജലനിരപ്പ് ഭൗമോപരിതലത്തോട് ചേർന്നു നില്ക്കുന്നു. ആയതിനാൽ ഭൗമോപരിതലത്തിലുള്ള ഏതൊരു ഇടപെടലും ജലപീഠികയിലേക്ക് വ്യാപിക്കുന്ന തരത്തിലാണ്. ഭൂരിഭാഗം വീടുകളിലും ഒറ്റക്കുഴി കക്കൂസുകളാണ് നിലവിലുള്ളത്. അതു ജലജന്യ രോഗങ്ങളും മാരകമായ രോഗങ്ങളും വർധിച്ചു തോതിൽ ഉണ്ടാകുന്നതിനും ഇടയാക്കുന്നു'. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നിന്ന് പരിശോധനയ്ക്ക് വിധേയമാക്കിയ ജല സാമ്പിളുകളിൽ ഇ. കോളിയുടെ സാന്നിധ്യം ആശങ്കാജനകമായ രീതിയിൽ കൂടുതലാണ്. ഗ്രാമത്തിൽ നടത്തിയ ശുചിത്വ സർവ്വെ പ്രകാരം. 10 % പേർക്ക് മാത്രമെ സെപ്റ്റിക് ടാങ്കുകൾ നിലവിലുള്ളൂ. ഇതും കുടിവെള്ളത്തിന് വലിയ ഭീഷണി സൃഷ്ടിക്കുന്നു.

ഇതു മൂലം ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്നതായ് പഞ്ചായത്തിന്റെ ഹരിത കർമ്മ സേന നടത്തിയ സർവ്വേയിൽ മനസ്സിലായി.

ഈ പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരം കാണാൻ കഴിഞ്ഞില്ലെങ്കിൽ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് വലിയൊരു ദുരന്തത്തിന് കാരണമാകും. ആയത് പഞ്ചായത്തിന്റെ സുസ്ഥിര വികസനത്തിന് ഭീഷണി ആയി ഉയർന്നു വരുമെന്നതിനാൽ അതിജീവനത്തിനായി അടിയന്തിരമായി നടപ്പിലാ ക്കേണ്ടവയും ഹ്രസ്വകാലത്തിനുള്ളിൽ നേടാൻ കഴിയുന്നതും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ പരിഹാരങ്ങൾ നടപ്പിലാക്കുന്ന അതി ജീവന പരിപാടിയാണ് ജലം ജീവാമൃതം ദുരന്ത അതിജീവന പദ്ധതി.

നിത്യമുക്തി ക്യാമ്പയിന്റെ ഭാഗമായി ബഹുവർഷ പദ്ധതികളായി 2023 - 24 പദ്ധതിയിൽ ജില്ലാ പഞ്ചായത്തിന്റെ 31 ലക്ഷം വിഹിതവും, ഗ്രാമ പഞ്ചായത്ത് വിഹിതവും വെച്ച് സമ്പൂർണ്ണ സെപ്റ്റിക്ക് ടാങ്ക് ഗ്രാമമായ് വലിയ പറമ്പിനെ മാറ്റുന്നതിന്റെ ഒന്നാം ഘട്ട പ്രവർത്തനം പഞ്ചായത്ത് തുടങ്ങി.. തനത് വർഷവും ഈ പ്രവർത്തനം നല്ല രീതിയിൽ നടന്നുവരുന്നു.

തദ്ധേശ സ്വയം ഭരണ വകുപ്പിൽ നിന്നും, ദുരന്ത നിവാരണ വകുപ്പിൽ നിന്നും,സംസ്ഥാന ശുചിത്വ മിഷൻ, ജില്ലാമിഷൻ ജില്ലാ പഞ്ചായത്ത് തുടങ്ങിയ സംവിധാനത്തിലൂടെ ഞങ്ങൾക്ക് ഇന്ത്യയ്ക്ക് മാതൃകയാവാൻ കഴിയും എന്ന നിശ്ചയദാർഢ്യത്തോടെ പഞ്ചായത്ത് പ്രർത്തനം തുടരുകയാണ്.

തീരദേശ ജനതയുടെ ആരോഗ്യ സംരരക്ഷണം ഉറപ്പാക്കാൻ സമ്പൂർണ്ണ സെപ്റ്റിക്ക് ടാങ്ക് പദ്ധതിക്ക് സാധിക്കും.

അജൈവ മാലിന്യ ശേഖരണത്തിൽ 100 % വാതിൽപ്പടി ശേഖരണവും യൂസർഫീ ശേഖരണവും നടത്തി കാസറഗോഡ് ജില്ലയിലെ വലിയ പറമ്പ് പഞ്ചായത്ത് വീണ്ടും മാതൃക സൃഷ്ടിച്ചിരിക്കുകയാണ്. ജില്ലയിൽ 100 ശതമാനം നേട്ടം കൈവരിച്ച മൂന്നാമത്തെ പഞ്ചായത്താണ് വലിയ പറമ്പ്.

മാലിന്യ സംസ്കരണം സ്വന്തം ഉത്തരവാദിത്വമായി പൊതുസമൂഹം ഏറ്റെടുക്കുന്നുവെന്ന ശുഭ സൂചനകൾ വന്നു കൊണ്ടിരിക്കുകയാണ്. "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം " എന്ന നിലയിൽ ഒരു സാമൂഹിക സ്വഭാവ രൂപീകരണത്തിലേക്ക് സംസ്ഥാനം നീങ്ങി വരികയാണ്. പൊതു ഇടങ്ങളും ജലാശയങ്ങളും വൃത്തിയായി സൂക്ഷിക്കാനും അതോടൊപ്പം ശാസ്ത്രീയമായ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കാനും തദ്ദേശസ്ഥാപനങ്ങൾ ഇപ്പോൾ ജാഗ്രത കാണിക്കുന്നുണ്ട്. മാർച്ച് മാസത്തോടെ കേരളത്തെ മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റാനുള്ള "മാലിന്യ മുക്തം നവകേരളം " ക്യാമ്പയിന്റെ മഹത്തായ ലക്ഷ്യം സാക്ഷാത്ക്കാരത്തിലേക്ക് നീങ്ങുകയാണ്.

24 കിലോമീറ്റർ നീളവും ശരാശരി 400 മീറ്റർ വീതിയുമുള്ള ഒരു ദ്വീപ് പഞ്ചായത്താണ് വലിയ പറമ്പ്. ഒരു ഭാഗത്ത് കായലും മറുഭാഗത്ത് അറബിക്കടലും. കിണറുകളുടെയും ജലാശയങ്ങളുടെയും ജലനിരപ്പ് ഭൗമോപരിതലത്തോട് ചേർന്ന് നിൽക്കുന്നതിനാൽ കക്കൂസ് മാലിന്യം മൂലമുള്ള മലിനീകരണ സാധ്യത കൂടിവരുന്നുണ്ട്. അത് ശുദ്ധമായ കുടിവെള്ള ലഭ്യതയെ സാരമായി ബാധിക്കാനും അതുവഴി ജലജന്യ രോഗങ്ങൾക്കും ഇടവരുത്തും. ഇത് മുന്നിൽ കണ്ട് പഞ്ചായത്തിലെ വീടുകളിലെ ഒറ്റക്കുഴി കക്കൂസുകളെ ശാസ്ത്രീയമായ സോക്ക് പിറ്റുകളോട് കൂടിയുള്ള സെപ്റ്റിക് ടാങ്കുകളാക്കി മാറ്റാനും അതോടൊപ്പം കക്കൂസ് മാലിന്യ സംസ്കരണത്തിനായി സ്ഥിരം സംവിധാനം ഒരുക്കുന്നതിനടക്കമുള്ള ബൃഹത്തായ പദ്ധതികളാണ് വി.വി. സജീവന്റെ നേതൃത്വത്തിലുള്ള പഞ്ചായത്ത് ഭരണ സമതി ഏറ്റെടുത്തിരിക്കുന്നത്. പഞ്ചായത്തിലെ ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിലും ഭരണ സമിതി ജാഗരൂകരാണ്. കേരളത്തിലെ മറ്റു കായലുകളിൽ നിന്നും വിഭിന്നമായി തെളിഞ്ഞതും മലിനീകരിക്കപ്പെടാത്തതുമായ കായലാണ് വലിയ പറമ്പിനെ വലം വെക്കുന്നത്. പഞ്ചായത്തിന്റെ മേൽനോട്ടം തന്നെയാണ് ഈ വൃത്തിയുടെ മൂലകാരണം. പഞ്ചായത്ത് പ്രദേശം മാലിന്യക്കൂനകളില്ലാതെ മാലിന്യം വലിച്ചെറിയാതെ നിലനിർത്തുന്നതിനാവശ്യമായ ഒരു പൊതുബോധം സൃഷ്ടിക്കാനും കഴിഞ്ഞു എന്നത് ശ്ലാഘനീയമാണ്. ഈ പ്രവർത്തനങ്ങളിൽ മറ്റിടങ്ങളിൽ കാണാത്ത രീതിയിലുള്ള സർവകക്ഷി കൂട്ടായ്മ ദർശിക്കാനാവുന്നത് ഹൃദ്യമായ ഒരു അനുഭവമാണ്.

വൃത്തിയുള്ള വലിയ പറമ്പിന് അഭൂത പൂർവമായ ടൂറിസം സാധ്യതകളാണുള്ളത്. ഈ രംഗത്തെ സംരംഭക - തൊഴിൽ സാധ്യതകളും പ്രയോജനപ്പെടുത്തിയാൽ വലിയ പറമ്പ് വലിയ മാതൃകകൾ സൃഷ്ടിക്കും.

## 71

# മാലിന്യ നിർമാർജനം

നെന്മണിക്കര ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേന

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2420/2017 ഉത്തരവ് പ്രകാരം 30 പേരെ ചേർത്ത് നെന്മണിക്കര പഞ്ചായത്തിലും ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചിരുന്നു. എങ്കിലും നാമമാത്രമായ പ്രവർത്തനമാണ് നടന്നുവന്നിരുന്നത്. പുതിയ ഭരണസമിതി അധികാരം ഏറ്റെടുത്തതിനു ശേഷം ഹരിത കർമ്മ സേനയെ പുനഃസംഘടിപ്പിക്കുവാൻ തീരുമാനമെടുക്കുകയും 2021 മാർച്ച് മാസത്തിൽ 19 പേരെ പുതുതായി ചേർത്ത് ഹരിത കർമ്മ സേനയെ പുനസംഘടിപ്പിച്ചു. എന്നാൽ കോവിഡ് മൂലമുണ്ടായ പ്രതിസന്ധി ഹരിത കർമസേന യേയും ബാധിച്ചപ്പോൾ അഞ്ചുപേർ കൊഴിഞ്ഞുപോയി. ബാക്കി 14 പേരെ വിളിച്ചുചേർത്ത് 2021 ഒക്ടോബർ രണ്ടിന് ഹരിത കർമ്മ സേനയുടെ ഒരു യോഗം ബഹുമാനപ്പെട്ട പ്രസിഡണ്ടിന്റെ അധ്യക്ഷതയിൽ ചേർന്നു.ആ യോഗത്തിൽ ബോധവൽക്കരണ നോട്ടീസും ഗ്രീൻ കാർഡും വീടുകളിൽ വിതരണം ചെയ്യുന്നതിനും സേനയുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കുന്നതിനും തീരുമാനമെടുത്തു. ഹരിത കർമ്മ സേനാംഗങ്ങൾ, ജനപ്രതിനിധികൾ ഹരിത കർമ്മ സേനാംഗങ്ങളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ദൈനംദിനമോണിറ്റർ ചെയ്യുന്നതിന് തീരുമാനം എടുക്കുകയും ചെയ്തു. അതിനു ഫലമായി 2021 നവംബർ മാസത്തിൽ നോട്ടീസും കാർഡും വിതരണം നടത്തുകയും ഡിസംബറിൽ കളക്ഷൻ ആരംഭിക്കുകയും ചെയ്തു. 14 പേരെ രണ്ടുപേർ വീതമടങ്ങുന്ന ഏഴു ടീമുകൾ ആക്കി ആറ് ടീമുകൾക്ക് രണ്ട് വാർഡ് വീതവും ഒരു ടീമിന് മൂന്നു വാർഡും നൽകി. 30450 രൂപ മാത്രമായിരുന്നു ആദ്യ മാസത്തെ കളക്ഷൻ. 2021 ഡിസംബർ മാസത്തിൽ ഓരോ അംഗത്തിനും ശരാശരി വേതനം 1500 രൂപ വീതം നൽകാനായി. 2022 മാർച്ച് മാസത്തിൽ 3500 ആയി 2023 മാർച്ച് മാസത്തിൽ ഇത് 10000 രൂപയിലെത്തിയെങ്കിലും യൂസർഫീ കളക്ഷൻ 28% മാത്രമാണ് ഉണ്ടായിരുന്നത്. ആയത് 2024 മാർച്ചിൽ 98 % എത്താക്കാനായി.

2024 മാർച്ച് 31 ന് യൂസർ ഫീ കളക്ഷൻ 100% എത്തിക്കുക എന്ന സർക്കാർ നിർദ്ദേശത്തെ തുടർന്ന് ആ ലക്ഷ്യം കൈവരിക്കുന്നതിന് ചിട്ടയായ പ്രവർത്തനമാണ് നെന്മണിക്കര ഗ്രാമപഞ്ചായത്ത് നടത്തിയത്. 15 വാർഡുകളിലും ഹരിതകർമ്മ സേനാംഗങ്ങൾക്കൊപ്പം എംഎൽഎ അടക്കമുള്ള ജനപ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ ആശാവർക്കർമാർ സെക്രട്ടറി ഘടകസ്ഥാപനമേധാവികൾ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ, പൗര പ്രമുഖർ, റസിഡണ്ട് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങിയവർ സേനാംഗങ്ങൾക്കൊപ്പം വീടുകൾ സന്ദർശിച്ച് ബോധവൽക്കരണ പ്രവർത്തനത്തിൽ പങ്കാളികളായി. ഹരിത കർമ്മ സേനാംഗങ്ങളുടെ നിത്യേനയുള്ള മോണിറ്ററിംഗ് പ്രസിഡണ്ട് നേരിട്ട് ഏറ്റെടുത്ത് വാർഡ് മെമ്പർമാർ വഴി കൃത്യമായ ഇടപെടലുകൾ നടത്തി. ഓരോ വാർഡിലും ഹരിതകർമസേന കളക്ഷന് എത്തുന്ന പ്രദേശത്തെ കുറിച്ചുള്ള വിവരം മെമ്പർമാർ വാട്സ് അപ്പ് ഗ്രൂപ്പ് വഴി അറിയിക്കുകയും ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുകയും ചെയ്തു.

ഹരിത കർമസേനക്ക് മാലിന്യം കൈമാറാത്തവർക്ക് ആയത് കൈമാറി പഞ്ചായത്തിൽ അറിയിക്കാത്ത പക്ഷം പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജന ബൈല പ്രകാരം 10000 രൂപ പിഴ ചുമത്തുമെന്ന് അറിയിച്ച് നോട്ടീസ് നൽകി. ഇത് കൂടാതെ പഞ്ചായത്തിൽ വരുന്ന പെൻഷൻ സാക്ഷ്യപത്രം അടക്കം എല്ലാ അപേക്ഷയ്ക്കൊപ്പവും പരാതികളോടൊപ്പവും സെക്രട്ടറിയുടെ അടുത്ത് അറ്റസ്റ്റേഷന് വന്നാൽ പോലും userfee കാർഡ് 2023 ഏപ്രിൽ മുതൽ അരിയർ തീർത്ത് കാണിക്കണമെന്ന് ആവശ്യപ്പെടാറുണ്ട്.

ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം പഞ്ചായത്ത് ഉറപ്പുവരുത്തിയിട്ടുണ്ട്. ഹരിത കർമസേനയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 2 ജോടി യൂണിഫോമും കോട്ടും എല്ലാവർഷവും നൽകിവരുന്നു. കുടാതെ ആവശ്യമായ മാസ്ക് ഗ്ലൗസ് സാനിറ്റൈസർ എന്നിവയും റെയിൻ കോട്ട്, പിക്കർ, മാലിന്യനിക്കത്തിനാവശ്യമായ ചാക്ക് എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തി നൽയിട്ടുണ്ട്.

ഹരിത കർമസേനാംഗങ്ങൾക്ക് എല്ലാവർഷവും ഓണക്കോടി, ഉല്ലാസ യാത്ര മെഡിക്കൽ ചെക്കപ്പ്, ഇൻഷുറൻസ്, എന്നിവയും കോർപ്പസ് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. കുടാതെ സ്മാർട്ട് ഫോൺ വാങ്ങുന്നതിനും ഡ്രൈവിങ് പരിശീലനത്തിനും സ്കൂൾ തുറക്കുന്നതിനു മുന്നോടിയായുള്ള ആവശ്യങ്ങൾക്കും കോർപ്പസ് ഫണ്ടിൽ നിന്ന് പലിശ രഹിത വായ്പ നൽകിയിട്ടുണ്ട്.

2024 ജനുവരി 26 ന് നടന്ന റിപ്പബ്ലിക് ദിന ചടങ്ങിൽ പങ്കെടുക്കുന്നതിന് നെന്മണിക്കര ഹരിതകർമസേനയിലെ 2 പേർക്ക് അവസരം ലഭിച്ചു.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് നടത്തുന്ന എല്ലാ പ്രവർത്തനങ്ങളിലും ഹരിത

കർമ്മ സേനയുടെ സജീവ സാന്നിധ്യം ഉണ്ടാകാറുണ്ട്. പൊതുസ്ഥലങ്ങൾ വൃത്തിയാക്കുന്നതിന്റെ ഭാഗമായി 700 പേര് പങ്കെടുപ്പിച്ചുകൊണ്ട് ക്ലീൻ നെന്മണിക്കര -ശുചിത്വപൂരം എന്ന പേരിൽ മെഗാ ക്യാമ്പയിൻ നടത്തിയപ്പോൾ കളക്ട് ചെയ്ത മാലിന്യം അന്ന് തന്നെ ക്ലീൻ കേരളകമ്പനി വഴി നീക്കം ചെയ്യുന്നതിന് ഹരിത കർമ്മ സേനാംഗങ്ങൾ കഠിനപ്രയത്നമാണ് ചെയ്തിട്ടുള്ളത്. ഒക്ടോബർ രണ്ടിന് ഗാന്ധി ജയന്തിയോടനുവന്ധിച്ച് നടന്ന ഹരിത റാലിയിലും, ഹരിത കർമ്മ സേന സജീവമായി പങ്കെടുത്തു. മാലിന്യസംസ്കരണം വിഷയമാക്കി ഗ്രാമപഞ്ചായത്ത് ജീവനക്കാർ, മെമ്പർമാർ, തൊഴിലുറപ്പ് തൊഴിലാളികൾ, കർഷകർ യുവജന സംഘടനകൾ, കുടുംബശ്രീ പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ, ഹരിതകർനസേനാംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി 8 ടീമായി നടത്തിയ ഹരിത ക്വിസ് കോമ്പറ്റീഷനിൽ രണ്ടാം സ്ഥാനം നേടാൻ നെന്മണിക്കര ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മ സേനയ്ക്ക് സാധിച്ചു.

2023 ഒക്ടോബർ മാസത്തിൽ ഹരിത കേരളം മിഷൻ കലക്ടേഴ്സ് ട്രോഫി പേരിൽ വിവിധ അവാർഡുകൾ പ്രഖ്യാപിച്ചപ്പോൾ ഏറ്റവും കൂടുതൽ വേതനം വാങ്ങുന്ന ഹരിത സേനാംഗം. ജില്ലയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച ഹരിത കർമ്മ സേന, കൂടുതൽ മാലിന്യം സെഗ്രിക്കേറ്റ് ചെയ്ത് നൽകിയ ഹരിത കർമ്മ സേന എന്നിങ്ങനെ മൂന്ന് വിഭാഗത്തിലുള്ള അവാർഡുകൾ ഹരിത കർമ്മ സേനയ്ക്ക് ലഭിച്ചു.

നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ മറ്റുവികസന ക്ഷേമ പ്രവർത്തനങ്ങളിലും ഹരിത കർമ്മ സേനയും പങ്കാളികളായി പ്രവർത്തിച്ചുവരുന്നു. ദാരിദ്ര മുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തോടെ പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളിൽ ഒരു അതിദാരിദ്ര കുടുംബത്തിന് ഒരു വർഷത്തെ ഭക്ഷണത്തിനുള്ള വിഹിതമായി 15,000 രൂപ ഹരിത കർമ്മ സേനാംഗങ്ങൾ ചേർന്നു നൽകി, പഞ്ചായത്തിൽ തുണി കളക്ട് ചെയ്ത മാസം സ്വാപ്പ് ഷോപ്പ് വഴി തുണി വിറ്റഴിച്ചതിനോടൊപ്പം തന്നെ ഇതര സംസ്ഥാന ക്യാമ്പുകളിൽ എത്തി തൊഴിലാളി കുടുംബങ്ങൾക്ക് വസ്ത്രങ്ങൾ നൽകുകയും ചെയ്തു. ഹരിത കർമ്മ സേന വഴി വിതരണം ചെയ്യുന്ന ബയോബിൻ പരിപാലനത്തിന് ചുമതല ഹരിത കർമ്മ സേന ഏറ്റെടുത്തുനടത്തുന്നു. ഇതിനായ് ഉജ്ജ്വല എന്ന പേരിൽ ഇനോക്കുലം വില്പന നടത്തുകയും ബയോബിൻ പരിപാലനത്തിന് ആവശ്യമായ നിർദ്ദേശം പഞ്ചായത്ത് നിവാസികൾക്ക് നൽകിവരുന്നുമുണ്ട്.

ഹരിത കർമസേന മാലിന്യ നീക്കത്തിന് നിലവിൽ 2 വാഹനം ഉണ്ട് ഹരിതകർമസേനാംഗങ്ങൾക്ക് വേതനം അക്കൗണ്ട് വഴി ലഭിക്കുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷം 101 ടൺ മാലിന്യം ഹരിതഹരിത കർമ്മ സേന ശേഖരിച്ച് കൈമാറിയിട്ടുണ്ട് അതിൽ 71 ടൺ ക്ലീൻ കേരള കമ്പനിക്കും 20 ടൺ scrap ആയും 10 ടൺ ബ്ലോക്ക് RRF ലേക്കും കൈമാറി ഹരിത കർമ്മ സേന നിലവിൽ യൂസഫി കളക്ഷൻ ഒപ്പം ഗ്രാമപഞ്ചായത്തിൽ ഇ നോക്കുലം വില്പനയും ബയോബിൻ പരിപാലനത്തിന് ആവശ്യമായ നിർദ്ദേശങ്ങളും നടത്തിവരുന്നുണ്ട്. എല്ലാ മാസവും അഞ്ചാം തീയതി ക്ലീൻ കേരള വഴി മാലിന്യനീക്കം നടത്തുന്നു. നിലവിൽ എല്ലാ മാസവും 7 ഓളം മാലിന്യം കൈമാറുന്നതിനും പൂർണമായി മാലിന്യം മാറി ക്ലീൻ എം.സി. എഫ് നിലനിർത്തുന്നതിനും പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ഹരിത കർമ സേനാംഗ ങ്ങൾക്ക് നിലവിൽ 22000 മുതൽ 34000 രൂപ വരെ വേതനവും ലഭിച്ചു വരുന്നു.

**72**

# മാലിന്യസംസ്കരണം പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ സൂക്ഷ്മതല ഇടപെടലുകൾ – അനുഭവങ്ങൾ

പെരളശ്ശേരി

മാലിന്യ സംസ്കരണ രംഗത്ത് സമഗ്രവും ശാസ്ത്രീയവും വികേന്ദ്രീകൃതവുമായ ഇടപെടലുകൾ നടത്തിക്കൊണ്ട് ശ്രദ്ധേയമാവുകയാണ് കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്ത്. മാലിന്യ പരിപാലന രംഗത്തെ അടിസ്ഥാന തത്വമായ ഉറവിടത്തിൽ നിന്നുള്ള തരംതിരിവ് മുതൽ ശേഖരണം, കൈമാറൽ, സംസ്കരണം തുടങ്ങിയ എല്ലാ രംഗങ്ങളിലും സൂക്ഷ്മതല ഇടപെടലുകളും മോണിറ്ററിംഗും ജനപങ്കാളിത്തത്തോടെ നടത്തിക്കൊണ്ട് മുന്നേറുകയാണ് പെരളശ്ശേരി. ഇതിന്റെ ആദ്യഘട്ടമായി സമ്പൂർണ്ണ ശുചിത്വത്തിനായുള്ള സമഗ്ര പദ്ധതിരേഖ തയ്യാറാക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയന് നൽകിക്കൊണ്ട് പ്രകാശനം നിർവഹിക്കുകയും ചെയ്തു.

അജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ നിന്നും തരംതിരിക്കുന്നതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിന് വേണ്ടി വീടുകളിൽ മിനി മെറ്റീരിയൽ കലക്ഷൻ ബാഗുകൾ തയ്യാറാക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തി. വീടുകളിൽ നിന്നും തരംതിരിച്ച് നൽകുന്ന അജൈവമാലിന്യങ്ങൾ ഹരിത കർമ്മ സേന ശേഖരിക്കുകയും എം സി എഫിൽ എത്തിച്ച് ക്ലീൻ കേരള

കമ്പനിക്ക് കൈമാറുകയും ചെയ്യുന്നു. ഘട്ടം ഘട്ടമായി നടത്തിയ പ്രവർത്തനങ്ങളിലൂടെ 100% വീടുകളിൽ നിന്നും ഹരിത കർമ്മ സേന അജൈവമാലിന്യങ്ങൾ ശേഖരിക്കുന്ന സ്ഥിതിയിലേക്ക് എത്തി.

മാലിന്യനിർമാർജനത്തിൽ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന ഹരിത കർമ്മ സേനകൾക്കുള്ള പുരസ്കാരം കണ്ണൂർ ജില്ലയിൽ പെരളശ്ശേരി ഗ്രാമപഞ്ചായത്തിനാണ് ലഭിച്ചിട്ടുള്ളത്.

ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ നിന്നു തന്നെ സംസ്കരിക്കുന്നതിന് വേണ്ടി റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ വിവിധ വാർഷിക പദ്ധതികളിലൂടെ വിതരണം നടത്തി.7808 വീടുകളിൽ ഉറവിടമാലിന്യ സംസ്കരണത്തിന്റെ ഏതെങ്കിലും ഒരു ഉപാധി എത്തിക്കുവാൻ കഴിഞ്ഞു. മലിനജലം സംസ്കരിക്കുന്നതിന് വേണ്ടി സോക്കേജ് പിറ്റുകൾ തയ്യാറാക്കി കൊണ്ടിരിക്കുന്നു. ഇറച്ചി മാലിന്യങ്ങൾ റെൻഡറിങ് പ്ലാന്റിലേക്ക് കൈമാറി വരുന്നു. കഴിഞ്ഞ രണ്ടു വർഷമായി നടത്തി വരുന്ന ശുചിത്വ ക്യാമ്പയിനിലൂടെ അജൈവ മാലിന്യ ശേഖരണത്തിൽ നല്ല പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്.2.077 ടൺ മാലിന്യങ്ങൾ ശേഖരിച്ച സ്ഥിതിയിൽ നിന്നും 183.615 ടൺ മാലിന്യം ശേഖരിക്കാൻ ആയി. 2021 മാർച്ച് മാസത്തിൽ യൂസർഫിയായി ലഭിച്ചിരുന്നത് 43050രൂപ ആയിരുന്നത് 2025 ജനുവരി ആകുമ്പോഴേക്കും 385550 രൂപയായി യൂസർ ഫീ വർദ്ധിച്ചു.

മാലിന്യങ്ങൾ വലിച്ചെറിയുന്നത് ഇല്ലാതാക്കാൻ വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചത്. ഹരിത പാഠശാല, ഹരിത നിയമപാഠശാല, ശുചിത്വ ഗ്രാമസഭ, വിദ്യാലയങ്ങളിൽ ഗ്രീൻ ടോക്ക് ഷോ, പ്ലോഗത്തോൺ തുടങ്ങിയ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. പുഴയോര നടത്തം, ജല സന്ദേശയാത്ര എന്നിവ സംഘടിപ്പിച്ചു. ഹരിത വിളംബര റാലി സംഘടിപ്പിച്ചു. എന്റെ പെരളശ്ശേരി ശുചിത്വ സുന്ദരം എന്ന പേരിൽ ജനകീയ ശുചീകരണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി സംഘടിപ്പിച്ചു. ക്ലീൻ ചാലഞ്ച് പരിപാടികളിലൂടെ പഞ്ചായത്തിലെ 141 പ്രാദേശിക റോഡുകളിലായി 58 കിലോമീറ്റർ നീളത്തിൽ മെഗാ ശുചീകരണം സംഘടിപ്പിച്ചു.ശുചിത്വ പദയാത്രയും വനിതകളുടെ കലാ ജാഥയും നടത്തി. മുഴുവൻ വീടുകളിലും ഹരിത പത്രം വിതരണം ചെയ്തു.തുമ്പൂർമുഴി മോഡൽ ബിൻ കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചു.പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് ആരംഭിച്ചു.വിവാഹം, ഗൃഹപ്രവേശം തുടങ്ങിയ ചടങ്ങുകളിൽ ഹരിതചട്ടം ഉറപ്പാക്കുന്നതിനു വേണ്ടി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഹരിത കാറ്ററിങ് യൂണിറ്റ് സംരംഭം ആരംഭിച്ചു.

ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് കുട്ടികളെ കൂടി പങ്കാളികളാക്കുന്നതിന് വേണ്ടി ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പഞ്ചായത്തിലെ നാലായിരത്തിലധികം വരുന്ന എല്ലാ സ്കൂൾ കുട്ടികളിലേക്കും ശുചിത്വ സന്ദേശം എത്തിക്കുന്നതിന് വേണ്ടി സംഘടിപ്പിച്ച ഗ്രീൻ ടോക്ക് ഷോ ശ്രദ്ധേയമായ പരിപാടിയായിരുന്നു. കുട്ടികളുടെ ഹരിത പോലീസ്, കുട്ടികളുടെ ഗ്രീൻ അംബാസിഡർ, കുട്ടിക്കൊട്ട, ഹരിത വിദ്യാലയം ശുചിത്വ വിദ്യാലയം, കുട്ടികളുടെ ഗ്രീൻ റേഡിയോ, ശുചിത്വ പാർലമെന്റ്, ശുചിത്വ ഒളിമ്പ്യാഡ് തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു.

പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ മൂന്നുപെരിയ ടൗൺ ഇന്ന് വൃത്തിയുടെ സമ്പൂർണ്ണതയുടെ പര്യായമായി മാറിയിരിക്കുകയാണ്.. മാലിന്യ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുവാൻ ജനപങ്കാളിത്തത്തോടെ സൂക്ഷ്മതല ഇടപെടലുകളിലൂടെ സാധിക്കും എന്ന് മൂന്നു പെരിയ ടൗൺ തെളിയിച്ചിരിക്കുകയാണ്. കഴിഞ്ഞ രണ്ടു വർഷമായി എല്ലാ ദിവസങ്ങളിലും കാലത്ത് 5 മണി മുതൽ വളണ്ടിയർമാർ ശുചീകരണ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു.

ശുചിത്വ ക്യാമ്പയിൻ വിജയിപ്പിക്കുന്നതിന് വേണ്ടി ജനകീയ സമിതികൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. പഞ്ചായത്ത് ശുചിത്വ സമിതിക്ക് കീഴിലായി വാർഡ് സമിതികളും ക്ലസ്റ്റർ സമിതികളും മൈക്രോ ക്ലസ്റ്റർ സമിതികളും പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ റോഡുകൾ, തോടുകൾ, കുളങ്ങൾ, പുഴയോരങ്ങൾ, പൊതു ഇടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് ജനകീയ സമിതികൾ പ്രവർത്തിച്ചുവരുന്നു. പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനുവേണ്ടി പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും മോണിറ്ററി സമിതികൾ പ്രവർത്തിക്കുന്നു. ശുചിത്വ പ്രവർത്തനങ്ങൾ പരിശോധന നടത്തി റിപ്പോർട്ട് നൽകുന്നതിന് സോഷ്യൽ ഓഡിറ്റ് ടീമും പ്രവർത്തിക്കുന്നുണ്ട്. തികച്ചും വികേന്ദ്രീകൃതമായ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി കൊണ്ടാണ് ശുചിത്വ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നത്. ശുചിത്വ ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണത്തിലൂടെ ജനപങ്കാളിത്തം ഉറപ്പുവരുത്തി കൊണ്ട് സൂക്ഷ്മതല ഇടപെടലുകളിലൂടെ ശുചിത്വ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് പെരളശ്ശേരി അനുഭവം തെളിയിക്കുന്നു.

73

# പാച്ചപൊയ്ക
# വേങ്ങാടിന്റെ സുന്ദര തെരുവ്

വേങ്ങാട് ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി പുഴയുടെ ഓരം ചേർന്ന് സ്ഥിതി ചെയ്യുന്ന ജില്ലയിലെ തന്നെ വലിപ്പത്തിൽ മൂന്നാം സ്ഥാനത്തുള്ള പഞ്ചായത്താണ് വേങ്ങാട്. 21 വാർഡുകളിലായി 44470 പേർ അതിവസിക്കുന്നു. അനുദിനം നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പഞ്ചായത്തിൽ മാലിന്യം ജനജീവിതത്തെ സാരമായി ബാധിക്കുന്ന അവസ്ഥയിലായിരുന്നു. മാലിന്യം കൈകാര്യം ചെയ്യുന്നത് എങ്ങനെയെന്ന് പൊതുബോധം ജനങ്ങളിൽ സൃഷ്ടിച്ചെടുക്കുന്നതിനുവേണ്ടി നിരന്തരം ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ഇതുമൂലം ജനങ്ങളിൽ അനുകൂല മനോഭാവം ഉണ്ടാക്കിയെടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. അതിന്റെ ഉദാത്തമായ ഉദാഹരണമാണ് സൗന്ദര്യവൽക്കരിക്കപ്പെട്ട പാച്ചപ്പൊയ്ക എന്ന ശുചിത്വ സുന്ദര ഗ്രാമം. ഇതിലേക്ക് എത്തിച്ചേർന്ന നാൾവഴികളും പ്രവർത്തനങ്ങളുമാണ് ഇവിടെ അവതരിപ്പിക്കുന്നത്.

**ആമുഖം**

വേങ്ങാട് പഞ്ചായത്തിലെ പത്താം വാർഡാണ് പാച്ചപ്പൊയ്ക. കണ്ണൂർ കൂത്തുപറമ്പ് റോഡ് ഇതുവഴിയാണ് കടന്നുപോകുന്നത്. ഇരുപതോളം വ്യാപാരസ്ഥാപനങ്ങൾ, കള്ള് ഷാപ്പ് കൂടാതെ ക്ലബ്ബ് ശ്രീനാരായണമഠം, രാഷ്ട്രീയ പാർട്ടി ഓഫീസുകൾ എന്നിവ ഉൾപ്പെടുന്നതാണ് പാച്ചപ്പൊയ്ക ടൌൺ പ്രധാന റോഡിന്റെ ഭാഗമായത് കൊണ്ടുതന്നെ വഴിയാത്രക്കാരിൽ ചിലർ മാലിന്യം വലിച്ചെറിയുന്നത് പതിവായിരുന്നു. ഇതുകൊണ്ടുതന്നെ മാലിന്യ കൂനകൾ നിറഞ്ഞിരുന്ന കാടുമുടിയ പ്രദേശമായി ഇവിടം മാറിയിരുന്നു. സംസ്ഥാന സർക്കാരിന്റെയും വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെയും തദ്ദേശീയവും ക്രീയാത്മകവുമായ ഇടപെടൽ പാച്ചപ്പൊയ്ക എന്ന ചെറുപട്ടണത്തെ വേങ്ങാടിന്റെ അഭിമാനമായി മാറ്റിയെടുക്കുവാൻ സാധിച്ചു.

1. പ്രാദേശിക ജനകീയ കമ്മിറ്റി രൂപീകരിച്ചു
2. വേങ്ങാട്, പിണറായി, കോട്ടയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ യോഗത്തിൽ പങ്കെടുക്കുകയും സൗന്ദര്യവൽക്കരണത്തിലും ശുചിത്വ പ്രവർത്തനങ്ങളിലും പ്രാദേശിക പിന്തുണ ഉറപ്പ് നൽകുകയും ചെയ്തു
3. ശുചിത്വ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായവും ലഭ്യമാക്കി.
4. ശുചിത്വത്തിനും സൗന്ദര്യവൽക്കരണത്തിനും പ്രത്യേകം സ്ക്വാർഡുകൾ രൂപീകരിക്കുകയും ചെയ്തു.
5. സൗന്ദര്യവൽക്കരണത്തിനാവശ്യമായ ചെടികളും ശില്പങ്ങളും ജനകീയ കമ്മിറ്റികളുടെ ഭാഗമായി ശേഖരിച്ചു
6. പ്രദേശത്തെ ജനങ്ങളെ ഉൾപ്പെടുത്തി പ്രാദേശിക വാട്സ്ആപ്പ് കൂട്ടായ്മ രൂപീകരിച്ചു. ഗ്രാമസഭ, കുടുംബശ്രീ യോഗങ്ങൾ, ഗൃഹസന്ദർശന പരിപാടികൾ എന്നിവ ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു.

എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും ഒരു മണിക്കൂർ വീതം ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ചെടികളുടെ പരിപാലനത്തിനുമായി കമ്മിറ്റി അംഗങ്ങൾ മാറ്റിവെച്ചിട്ടുണ്ട്. കമ്മിറ്റി എല്ലാമാസവും യോഗം ചേരുകയും ടൗണിന് സൗന്ദര്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ശില്പങ്ങൾ സ്ഥാപിക്കുകയും ചെയ്തുവരുന്നു. ശുചീകരണത്തിന്റെ ഭാഗമായി ശേഖരിക്കുന്ന മാലിന്യങ്ങളിൽ അജൈവമാലിന്യങ്ങൾ ഹരിതകർമ്മ സേനയ്ക്ക് നൽകുകയും ജൈവമാലിന്യങ്ങൾ റിംഗ് കമ്പോസ്റ്റിൽ നിക്ഷേപിക്കുകയും ചെയ്യുന്നു.

2024 മാർച്ച് 4ന് പാച്ചപ്പൊയ്കടൗൺ സൗന്ദര്യവൽക്കരണ ഉദ്ഘാടനം ബഹു. പുരാവസ്തു ഗവേഷക രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിച്ചു. പാച്ചപ്പൊയ്കയുടെ ഹരിത ടൗൺ പ്രഖ്യാപനം ഒക്ടോബർ 2 ന് പ്രശസ്ത പരിസ്ഥിതി ഗവേഷകൻ ഡോക്ടർ ഖലീൽ ചൊവ്വ നിർവഹിച്ചു.

74

# ചേലക്കര ഗ്രാമ പഞ്ചായത്ത്

ചേലക്കര

2019 കാലഘട്ടത്തിലാണ് ചേലക്കര ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേന പ്രവർത്തനം ആരംഭിച്ചത്. ആരംഭത്തിൽ 45 അംഗങ്ങളാണ് പ്രവർത്തനത്തിൽ ഉണ്ടായിരുന്നത്. ലോകത്തെ തന്നെ പിടിച്ചുലച്ച കോവിഡ് കാലത്തെ ലോക് ഡൗണിന് ശേഷം ഊർജ്ജിതമായ പ്രവർത്തനങ്ങൾ ചേലക്കരയുടെ ഗ്രീൻ ആർമി കാഴ്ചവച്ചു. 2021-2022 കാലഘട്ടത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള വാതിൽപ്പടി സേവനമാണ് നടത്തിയിരുന്നത്. ഓരോ വാർഡുകളിലും രണ്ട് അംഗങ്ങളെ വീതം തിരഞ്ഞെടുത്ത് പ്രവർത്തനം നടത്തുകയായിരുന്നു. വാർഡുകളിൽ നിന്നുതന്നെ തരംതിരിച്ച മാലിന്യങ്ങൾ എംസിഎഫിൽ എത്തിക്കുകയും ചെയ്തിരുന്നു.30 രൂപയാണ് അന്നത്തെ യൂസർ ഫീസ് ആയി വാങ്ങിച്ചിരുന്നത്. ഒപ്പം തന്നെ 6 അംഗങ്ങൾ അടങ്ങുന്ന ടീമിനെ ടൗണിലെ കടകളും സ്ഥാപനങ്ങളും കേന്ദ്രീകരിച്ചുള്ള പ്രവർത്തനം നടത്തുന്നതിനായും നിയമിച്ചു. തീർത്തും സഹകരിക്കാത്ത ജനവിഭാഗങ്ങൾക്കിടയിൽ നിന്നാണ് ചേലുള്ള ചേലക്കര എന്ന സ്വപ്നസാക്ഷാത്കാരത്തിനായി ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ ഊർജിതമായി നടപ്പിലാക്കാൻ തുടങ്ങിയത്. ജനങ്ങളുടെ ഭാഗത്തുനിന്നുള്ള നിസ്സഹകരണവും ആളുകളുടെ മനോഭാവവും ഇതൊരു മോശം തൊഴിലാണെന്നുള്ള പൊതുവായ അഭിപ്രായവും മൂലം പല വ്യക്തികളും ഹരിത സേനയിൽ നിന്നും ഒഴിഞ്ഞു പോയി ; പല വാർഡുകളുടെയും പ്രവർത്തനം തടസ്സപ്പെട്ടു. എന്നാൽ ഈ പ്രതികൂല അവസ്ഥയിലും ചേലുള്ള ചേലക്കര എന്ന ക്യാമ്പയിൻ ഏറ്റെടുത്തുകൊണ്ട് സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനായി ഭരണസമിതിയും ഉദ്യോഗസ്ഥരും പുതിയ ഉപാധികൾ തിരഞ്ഞു. അങ്ങനെ 2022 അവസാനത്തോടുകൂടി 22 വാർഡുകളെ 11 വാർഡുകൾ അടങ്ങുന്ന രണ്ട് ടീമായി തിരിച്ചുകൊണ്ട് മുഴുവൻ വാർഡുകളിലും പ്രവർത്തനം ആരംഭിച്ചു. ഒപ്പം തന്നെ സെഗ്രിഗേഷനും ഊന്നൽ നൽകി. വാർഡ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുമ്പോൾ 3000 രൂപയിൽ താഴെ മാത്രം വരുമാനം ലഭിച്ചിരുന്ന അംഗങ്ങൾക്ക് റീജിയൻ അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചപ്പോൾ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായി. മാത്രമല്ല, പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും എല്ലാ വീടുകളിലും ഹരിത കർമ്മ സേന പ്രവർത്തകർ എത്തുന്നതിനും ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ഏറെ സഹായകരമായി. ഇക്കാലഘട്ടത്തിൽ തന്നെയാണ് 30 രൂപയിൽ നിന്ന് 50 രൂപയിലേക്ക് യൂസർ ഫീ വർദ്ധിപ്പിച്ചതും. വാർഡുകളിൽ പ്രവർത്തനം മികവുറ്റതാക്കുന്നതിന് വേണ്ടുന്ന കാര്യങ്ങൾ ചെയ്യുന്നതിനോടൊപ്പം തന്നെ ടൗൺ പ്രദേശത്ത് പ്രവർത്തിക്കുന്ന ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളും മികച്ചതാക്കുന്നതിനു വേണ്ടുന്ന ഇടപെടലുകൾ ഭരണസമിതിയും ഉദ്യോഗസ്ഥരും നടത്തുന്നുണ്ടായിരുന്നു.

പ്രാരംഭഘട്ടത്തിൽ ആവശ്യമായ എല്ലാ ട്രെയിനിങ്ങുകളും ഹരിത കർമ്മ സേനയ്ക്ക് നൽകി. പ്രവർത്തനത്തിന് ആവശ്യമായ എല്ലാ ഭൗതിക സൗകര്യങ്ങളും- എം സി എഫ്, വാഹന സൗകര്യം,യൂണിഫോം,മാസ്ക്,ഗ്ലൗസ് മുതലായവയെല്ലാം പഞ്ചായത്ത് ഏർപ്പെടുത്തി.

2023 മെയ് മാസത്തിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ ആക്കുന്നതിനായി ഐആർടിസി ഹരിത സഹായ സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ഐആർടിസി സേവനം ആരംഭിക്കുകയും ചെയ്തു. ഐആർടിസി ഹരിത സഹായ സ്ഥാപനത്തിന്റെ നേതൃത്വത്തിലും നിരവധി ട്രെയിനിങ്ങുകൾ നടന്നു.

2023 ജൂണിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിന് സഹായകരമാകുന്നതിനും മാലിന്യ സംസ്കരണ രംഗത്ത് വേണ്ടത്ര അവബോധം സൃഷ്ടിക്കുക എന്നതും ലക്ഷ്യമാക്കി എല്ലാ മേഖലകളിലെയും ജനങ്ങളെ ഉൾപ്പെടുത്തി ഹരിതസഭ നടത്തി. മാലിന്യ പരിപാലനത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് മാത്രമായി സ്കൂളുകൾ,വ്യാപാര വ്യവസായികൾ, ഹോട്ടൽ,ഓഡിറ്റോറിയങ്ങൾ എന്നിങ്ങനെ ഓരോ വിഭാഗങ്ങളുടെയും പ്രത്യേകം മീറ്റിങ്ങുകൾ നടത്തി. മാലിന്യ സംസ്കരണമായി ബന്ധപ്പെട്ട സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിച്ചു. ഇതിനൊരുദാഹരണമാണ് ശുചീകരണ പ്രവർത്തനങ്ങൾ. ചേലക്കര തൊഴുപ്പാടം റോഡിന് സമീപമുള്ള പ്രദേശം, ഭൂതാട്ടുകുളം പ്രദേശം, വാർഡ് അഞ്ചിലെ പട്ടാണിപ്പറമ്പ്, തെണ്ടൻ

കാവ് തോടിന്റെ പരിസരം, കുറമല എന്നിങ്ങനെ വിവിധ പ്രദേശങ്ങളിൽ മാലിന്യമുക്തമാക്കുന്നതിന് ഹരിത കർമ്മ സേന ഊർജിതമായി പ്രവർത്തിച്ചിട്ടുണ്ട്. ഹരിത കർമ്മ സേനയോടൊപ്പം തന്നെ കുടുംബശ്രീ, ആശ, തൊഴിലുറപ്പ്, സന്നദ്ധ പ്രവർത്തകർ എന്നിങ്ങനെ വിവിധ മേഖലകളിലെ പ്രവർത്തകരെ കൂടി ക്യാമ്പയിൻ പ്രവർത്തനം നടത്തുന്നതിനും ചേലക്കര ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ എല്ലാം ഹരിത കർമ്മ സേനയുടെ മുഖച്ഛായ മാറ്റി എഴുതുന്നതിനും സഹായിച്ചു. എല്ലാ അംഗങ്ങൾക്കും എട്ടായിരത്തിനു മുകളിൽ വരുമാനം ലഭിക്കുന്നതിന് ആരംഭിച്ചു. യൂസർ ഫീസ് കൂടാതെ സെഗ്രിഗേറ്റ് ചെയ്തിട്ടുള്ള മാലിന്യങ്ങൾ കയറ്റി അയക്കുന്നതിന്റെ

ഭാഗമായി പ്രതിമാസം മുപ്പതിനായിരത്തിലധികം തുക കൺസോർഷ്യത്തിന് ലഭിച്ചു തുടങ്ങി.

2023 നവംബർ 14ന് ചേലക്കര ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് കുട്ടികളുടെ ഹരിത സഭ വളരെ വിപുലമായ രീതിയിൽ സംഘടിപ്പിച്ചു. ഇതിനു മുന്നോടിയായി സ്കൂൾ അധികൃതരുടെ യോഗം വിളിച്ചു കൂട്ടുകയും വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. കുട്ടികളുടെ ഹരിത സഭ വേറിട്ട ഒരു അനുഭവം തന്നെയായിരുന്നു. കുട്ടികൾ തങ്ങളുടെ ചുറ്റുപാടും നടക്കുന്ന മാലിന്യ പരിപാലന രീതികളെ കുറിച്ച് പഠിച്ച് റിപ്പോർട്ട് അവതരണം നടത്തി. ഇനിയും വരുത്തേണ്ട മാറ്റങ്ങളെ കുറിച്ച് പ്രോജക്ട് അവതരിപ്പിച്ചു. പഞ്ചായത്ത് ഭരണസമിതി വളരെ താല്പര്യത്തോടെ അവരുടെ നിർദ്ദേശങ്ങളെ അംഗീകരിച്ചു. ഹരിത സഭയുടെ തുടർ പ്രവർത്തനമായി സ്കൂളുകളിൽ ബോധവൽക്കരണ ഡ്രൈവുകളും സ്കൂളുകളിലെ ഗ്രീൻ ആർമി ക്ലബ്ബിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പിലാക്കി.

2023 ഡിസംബറിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ മികച്ചതാക്കുന്നതിനു 22 വാർഡുകളെ 4 റീജിയനുകളായി തിരിച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ചു. സമാന്തരമായി ടൗണിലെ പ്രവർത്തനങ്ങളും നടപ്പിലാക്കി. 4 റീജിയണുകളായി പ്രവർത്തനം ആരംഭിച്ചപ്പോൾ ഒരു അങ്കലാപ്പോടെയാണ് ഹരിത കർമ്മ സേന വാർഡുകളിൽ ഇറങ്ങിയത്. പക്ഷേ ഹരിത കർമ സേന അംഗങ്ങൾക്ക് തന്നെ വിസ്മയം തീർത്ത മാറ്റമാണ് ഉണ്ടായത്. അവരുടെ വരുമാനം 10000ത്തിനു മുകളിലേക്ക് കുതിച്ചുയരുകയും ജോലിഭാരം കുറയുകയും ചെയ്തു. വാർഡുകളിൽ ജോലിചെയ്യുന്ന ഹരിത കർമ്മ സേന അംഗങ്ങൾക്ക് മാത്രമല്ല ടൗണിൽ പ്രവർത്തിക്കുന്ന ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാനവും പടിപടിയായി ഉയർന്നു വരുന്നുണ്ട്.

ഡിസംബറിൽ തന്നെ ചേലക്കര ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ എൻഎസ്എസ് വിദ്യാർത്ഥികൾ ചേലക്കര ബസ് സ്റ്റാൻഡിൽ സ്നേഹാരാമം ചെയ്തു. ബസ് സ്റ്റാൻഡിന് ഉൾഭാഗത്തുള്ള ചുമരുകളിൽ ബോട്ടിൽ ആർട്ട്, മാലിന്യ പരിപാലനത്തെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്ന ചിത്രങ്ങളും വരച്ചുകൊണ്ടാണ് സ്നേഹാരാമം സൃഷ്ടിച്ചത്. എൽ എഫ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾ പങ്ങാരപ്പിള്ളി മിനി എം സി എഫിനോടനുബന്ധിച്ചുള്ള സ്ഥലത്തിൽ ചെടികൾ നട്ടുകൊണ്ട് സ്നേഹാരാമം നിർമ്മിച്ച നൽകി.

2024 ജനുവരി മുതൽ ക്ലീൻ കേരള കമ്പനി പുറത്തിറക്കിയിട്ടുള്ള പുതിയ മാലിന്യ ശേഖരണ കലണ്ടർ അടിസ്ഥാനത്തിൽ വാർഡുകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് തുടങ്ങി. ഹരിത സേനയുടെ പ്രവർത്തനങ്ങളിൽ വലിയ സ്വീകാര്യത ലഭിക്കുന്നതിന് കലണ്ടർ അടിസ്ഥാനത്തിലുള്ള മാലിന്യ ശേഖരണം വഴിയൊരുക്കി. മാലിന്യ ശേഖരണ കലണ്ടർ പഞ്ചായത്തിലെ എല്ലാ വീടുകളിലും ഹരിത കർമ്മ സേന എത്തിക്കുകയും ചെയ്തു. 2024 ഫെബ്രുവരിയിൽ ചേലക്കര ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം ഡിജിറ്റൽ മോണിറ്ററിംഗ് നടത്തുന്നതിനും കൂടുതൽ കൃത്യത വരുത്തുന്നതിനും ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് പ്രാവർത്തികമാക്കി. പഞ്ചായത്തിലെ വീടുകളിലും സ്ഥാപനങ്ങളിലും ക്യു ആർ കോഡുകൾ പതിപ്പിച്ച് മാർച്ച് 2004 മുതൽ ഹരിതമിത്രം ആപ്പ് വഴി സേവനം ആരംഭിച്ചു. പക്ഷേ നിരക്ഷരരായ അംഗങ്ങൾ കൂടി ഉൾപ്പെട്ട ഞങ്ങളുടെ ഹരിത സേനയ്ക്ക് ഈ പ്രവർത്തനത്തിൽ വലിയ പ്രശ്നങ്ങൾ ഉണ്ടായി. മികച്ച പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന അവരുടെ ആത്മവിശ്വാസത്തിൽ വിള്ളൽ വീഴ്ത്താൻ ഹരിതമിത്രം ഒരു കാരണമായി. എന്നാൽ നിരന്തരമായ ട്രെയിനിങ്ങുകളിലൂടെ ഞങ്ങൾ അവരെ കൈപിടിച്ചുയർത്തി. 2024 മാർച്ചിൽ ചേലുള്ള ചേലക്കര എന്ന യജ്ഞത്തിന് ഒരു പൊൻതൂവൽ കൂടി ലഭിച്ചു.വാർഡ് 10 പനംകുറ്റിയിൽ നിന്നും 100% യൂസർഫീ ലഭ്യമാക്കുന്നതിനും ചേലക്കരയുടെ ഗ്രീൻ ആർമിക്ക് സാധിച്ചു. എല്ലാ അംഗങ്ങൾക്കും മൊബൈൽ ഫോൺ ഇല്ലാത്തതും പ്രവർത്തനത്തെ ബാധിക്കുന്നുണ്ടെന്ന് മനസ്സിലാക്കി ആവശ്യക്കാർക്ക് തവണ വ്യവസ്ഥയിൽ മൊബൈൽ ലഭ്യമാക്കുന്നതിന് ആവശ്യമായ സഹായം സഹകരണങ്ങളും പഞ്ചായത്തിന്റെ നേതൃത്വത്തിൽ നൽകി. ഏപ്രിൽ 2024 മുതൽ ഹരിതമിത്രം പ്രവർത്തനങ്ങളിലും മാറ്റം കണ്ടുതുടങ്ങി.

ഹരിത കർമ്മ സേനയുടെ ശേഖരിക്കുന്ന മാലിന്യങ്ങൾ വാടകയ്ക്ക് പ്രവർത്തിക്കുന്ന വാഹനത്തിലാണ് എം സി എഫിലേക്ക് മാറ്റിക്കൊണ്ടിരുന്നത്. ഇതിനൊരു മാറ്റം, സ്വന്തമായി ഹരിത കർമ്മ സേനയ്ക്ക് ഒരു വാഹനം, ആവശ്യാനുസരണം വാർഡുകളിൽ എത്തുന്ന ഒരു വാഹനം എന്നത് അവരുടെ ഒരു സ്വപ്നമായിരുന്നു. 2024 മെയിൽ ചേലക്കര ഗ്രാമപഞ്ചായത്ത് ഈ സ്വപ്നവും സാക്ഷാത്കരിച്ചു. ഹരിത കർമ്മ സേനയുടെ ആവശ്യാനുസരണം വാർഡുകളിൽ എത്തി മാലിന്യം നീക്കം ചെയ്യുന്നതിനായി അവർക്ക് സ്വന്തമായി സിഎൻജി വാഹനം വാങ്ങിച്ചു നൽകി. നേരത്തെ തന്നെ ഹരിത കർമ്മ സേന അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം കുടുംബശ്രീയുടെ നേതൃത്വത്തിൽ നൽകിയിരുന്നു, അവർക്ക് പരിചിതമാകുന്നതുവരെ താൽക്കാലികമായി ഡ്രൈവറെയും നിയമിച്ചു നൽകി. ബഹുമാനപ്പെട്ട ആലത്തൂർ എംപി ശ്രീ രാധാകൃഷ്ണൻ ആണ് ഹരിത കർമ്മ സേനയുടെ വാഹനം ഫ്ലാഗ് ഓഫ് ചെയ്ത് സമർപ്പിച്ചത്. ഹരിത കർമ്മ സേന അംഗങ്ങളുടെ സന്തോഷം വാനോളം ആയിരുന്നു..

2024 സെപ്റ്റംബറിൽ ഹരിതകർമ്മ സേന അംഗങ്ങളും ഉദ്യോഗസ്ഥരും ഹരിത മിത്രം സ്മാർട്ട് ഗാർബെജ് ആപ്പിന്റെ സുഗമമായ പ്രവർത്തനം നടപ്പിലാക്കുന്നതിനായുള്ള ശ്രമങ്ങൾ ഫലം കണ്ടു. തൃശ്ശൂർ ജില്ലയിൽ ആദ്യമായി 100% സർവീസ് ഹരിതമിത്രം ആപ്പ് ഉപയോഗിച്ചുകൊണ്ട് പൂർത്തിയാക്കിയ പഞ്ചായത്തായി മാറാൻ ചേലക്കരക്കായി. ചേലുള്ള ചേലക്കരയുടെ ശിരസ്സിലേറ്റാൻ മറ്റൊരു പൊൻതൂവൽ കൂടി ...

2024 ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ കേരളത്തിൽ ഒട്ടാകെ മാലിന്യമുക്തം നവകേരളം രണ്ടാംഘട്ട പ്രവർത്തനങ്ങളോട് അനുബന്ധിച്ചുള്ള ജനകീയ ക്യാമ്പയിനു തുടക്കമായി. ഞങ്ങളുടെ പഞ്ചായത്തിലും വിപുലമായ പരിപാടികളോടെയാണ് ക്യാമ്പയിൻ ലോഞ്ച് ചെയ്തത്. ചേലക്കര പഞ്ചായത്ത് മുതൽ ബസ്റ്റാൻഡ് വരെ നീളുന്ന ശുചിത്വ പദയാത്രയും വിവിധ വാർഡുകളിൽ മിനി എംസിഎഫ് സ്ഥാപിക്കലും ആയിരുന്നു ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ആരംഭത്തിൽ ചെയ്തത്. ഹരിത കർമ്മ സേന,കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ, എസ്പിസി എൻഎസ്എസ് വിദ്യാർത്ഥികൾ, സന്നദ്ധ പ്രവർത്തകർ, വിവിധ ക്ലബ്ബുകളുടെ പ്രതിനിധികൾ, പഞ്ചായത്ത് ഭരണസമിതി, ഉദ്യോഗസ്ഥർ എന്നിങ്ങനെ വലിയൊരു ജനവിഭാഗം തന്നെ ശുചിത്വ പദയാത്രയോടാനുബന്ധിച്ചു നടന്ന ശുചീകരണത്തിൽ സംഗമിച്ചു. ശുചിത്വ പദയാത്ര ഫ്ലാഗ് ഓഫ് ഉദ്ഘാടനം നടത്തിയത് ബഹുമാനപ്പെട്ട ആലത്തൂർ ആലത്തൂർ എംപി ശ്രീ രാധാകൃഷ്ണൻ ആണ്.

മാലിന്യമുക്തം നവകേരളം രണ്ടാം ഘട്ടം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി കൊണ്ട് തന്നെ 2024 ഒക്ടോബർ ആറാം തീയതി കേരള സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വഴിയുടെ വഴിയോര വിശ്രമ കേന്ദ്രം സംസ്ഥാനതല ഉദ്ഘാടനം ചേലക്കരയിൽ വച്ച് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണം എക്സൈസ് വകുപ്പ് മന്ത്രി ശ്രീ എം ബി രാജേഷ് നിർവഹിച്ചു. പല പ്രമുഖ വ്യക്തിത്വങ്ങളും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാ മിഷനുകളുടെയും പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു. ഈ ചടങ്ങിൽ വെച്ച് ജില്ലയിൽ ആദ്യമായി 100% സർവീസ് ഹരിതമിത്രം ആപ്പ് ഉപയോഗിച്ചുകൊണ്ട് പൂർത്തീകരിച്ച ചേലക്കര പഞ്ചായത്തിന് ശുചിത്വമിഷന്റെ ആദരവ് ലഭിച്ചു. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ എം ബി രാജേഷ് അവർകളാണ് ഉപഹാരം ചേലക്കര ടീമിന് നൽകിയത്.

2024 നവംബറിൽ രണ്ടായിരത്തോളം വിദ്യാർത്ഥികൾ അധ്യയനം നടത്തിവരുന്ന എൽ എഫ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ 90 ഓളം വരുന്ന എസ് പി സി കേഡറ്റുകളിൽ നിന്നും തിരഞ്ഞെടുത്ത 10 കുട്ടികൾക്ക് പഞ്ചായത്ത് ഭരണസമിതി നേരിട്ട് മാലിന്യ സംസ്കരമായി ബന്ധപ്പെട്ട ക്ലാസ്സ് നൽകുകയും തുടർന്ന് സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഈ 10 കേഡറ്റുകൾ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ക്ലാസ്സ് എടുക്കുകയും ചെയ്തു. വേറിട്ട ഒരു പ്രവർത്തനമായിരുന്നു അത്. ചില മോശം പ്രതികരണങ്ങൾ ഇതിനെതിരെ ഉണ്ടാവുകയും ചെയ്തു; എന്നാൽ ഭരണസമിതി യഥാസമയം നടപടി കൈകൊണ്ട് അതിനെ തടഞ്ഞു. 2024 നവംബർ 29 ആം തീയതി കുട്ടികളുടെ ഹരിതസഭ അതിവിപുലമായി സംഘടിപ്പിച്ചു. അതിനോടനുബന്ധിച്ച് സ്കൂൾതലത്തിലും പഞ്ചായത്ത് കലത്തിലും ശുചിത്വ ക്വിസ് മത്സരങ്ങൾ സംഘടിപ്പിച്ചു, വിജയികൾക്ക് സമ്മാനം നൽകി. ഹരിത സഭയിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട കുട്ടികളുടെ അവതരണങ്ങൾ അതിശയിപ്പിക്കുന്നത് തന്നെയായിരുന്നു. ചുറ്റുപാടുമുള്ള മാലിന്യ സംസ്കരണ രീതികൾ കണ്ടെത്തി ഇനിയും വരുത്തേണ്ട മാറ്റങ്ങൾ,ഹരിത കർമ സേനയുടെ ആവശ്യകത, പ്ലാസ്റ്റിക്കിന്റെ ദൂഷ്യ വശങ്ങൾ എന്നിവയെല്ലാം നമുക്ക് കണ്ണെടുക്കാൻ സാധിക്കാത്ത രീതിയിലുള്ള കലാരൂപങ്ങളായി അവതരിപ്പിച്ചപ്പോൾ വേറിട്ടൊരു അനുഭവമായി.. ഹരിത സഭയുടെ വേദിയിൽ വച്ചു 2024 മാർച്ച്, ഓഗസ്റ്റ് ഒക്ടോബർ, മാസങ്ങളിൽ 100% യൂസർ ഫീ പിരിച്ചതിനു ഹരിത കർമ സേനയെ അഭിനന്ദിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

2025 ജനുവരിയിൽ ഒന്നാം തീയതി മുതൽ ഏഴാം തീയതി വരെ ചേലക്കര ഗ്രാമപഞ്ചായത്തിലും വലിച്ചെറിയൽ മുക്ത വാരം ആചരിച്ചു.ജൈവമാലിന്യ ഉപാധികളുമായി ബന്ധപ്പെട്ട സർവ്വേയും ജനുവരിയിൽ തന്നെ 100% പൂർത്തീകരിച്ചു.

ചേലക്കര ഗ്രാമപഞ്ചായത്തിന്റെ നേർചിത്രങ്ങളായാണ് ഹരിത കർമ്മ സേനയെ കാണുന്നത്. അവർക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങളും പ്രവർത്തനത്തിന് ആവശ്യമായ വസ്തുക്കളും കൃത്യമായ ഇടവേളകളിൽ പഞ്ചായത്ത് നൽകിവരുന്നു. 20 വാർഡുകളിലും മിനി എംസിഎഫുകൾ സ്ഥാപിച്ചിട്ടുണ്ട്. പുതിയ എംസിഎഫിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. നിലവിലുള്ള എംസിഎഫിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. ഫീൽഡിൽ നിന്നും ഹരിത കർമ്മ സേന അറിയിക്കുന്ന എല്ലാ വിഷയങ്ങളും വ്യക്തമായി ഉദ്യോഗസ്ഥർ പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ചേലക്കര ഗ്രാമപഞ്ചായത്തിന്റെ വിജിലൻസ് സ്വാകോഡ് പ്രവർത്തനങ്ങളും മികച്ച രീതിയിൽ നടക്കുന്നുണ്ട്. ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിന് ഇതും സഹായകരമാകുന്നു. തീർത്തും സഹകരിക്കാത്ത ജനവിഭാഗത്തിന് ഇടയിൽ നിന്നുമാണ് ചേലുള്ള ചേലക്കരക്കായി ഹരിത കർമ്മ സേന പ്രവർത്തനം ആരംഭിച്ചത്. തുടക്കത്തിൽ 3000ത്തിൽ താഴെ മാത്രം വരുമാനം വാങ്ങിച്ചിരുന്ന 45 അംഗങ്ങൾ ഉണ്ടായിരുന്നു ഞങ്ങളുടെ ടീം 80% യൂസർ ഫി പിരിച്ചുകൊണ്ട് ഇപ്പോൾ 40 പേരുള്ള 15000ത്തിലധികം പ്രതിമാസ വരുമാനം വാങ്ങിക്കുന്ന ഊർജ്ജസ്വലരായ ഹരിതമാലാഖമാരായി മുന്നോട്ടു പോകുന്നു...

75

# തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്

തളിപ്പറമ്പ്

2016ലാണ് solid waste management റൂൾസ് നിലവിൽ വന്നത്. പ്രസ്തുത നിയമത്തിന്റെ പ്രയോഗവൽക്കരണത്തിനും മാലിന്യമുക്തമായ ഒരു കേരളത്തെ സൃഷ്ടിക്കുന്നതിനും ലക്ഷ്യം വച്ചാണ് 2017 ൽ ഹരിത കേരളം മിഷന് രൂപം കൊടുത്തത്.

ഈ വെല്ലുവിളി ഏറ്റെടുക്കുന്നതിനു വേണ്ടിയാണ് തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്, പരിധിയിലെ 9 ഗ്രാമപഞ്ചായത്തുകളെയും ചേർത്തുപിടിച്ചുകൊണ്ട്, ഒരു സവിശേഷ പദ്ധതിക്ക് രൂപം കൊടുത്തത്. അതാണ്

*വർണ്ണം 2025* *സുസ്ഥിര വികസന ലക്ഷ്യങ്ങൾ*

29.9.2022 ൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത്, നിർവ്വഹണ ഉദ്യോഗസ്ഥർ, ഹരിത കേരളംമിഷൻ കോഡിനേറ്റർ, റിസോഴ്സ് പേഴ്സൺ എന്നിവരുടെ വിപുലമായ ഒരു യോഗം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ചേർന്നു.

പദ്ധതി സദസ്സിനു മുമ്പാകെ അവതരിപ്പിച്ചു. മുഴുവൻ ഗ്രാമപഞ്ചായത്തുകളും പദ്ധതിയെ സ്വാഗതം ചെയ്യുകയും ഏറ്റെടുക്കാനുള്ള സന്നദ്ധത അറിയിക്കുകയും ചെയ്തു

7.2.2023 ന് അന്നത്തെ ജില്ലാ കലക്ടർ ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ സാർ പദ്ധതിയുടെ ലോഗോ പ്രകാശനം ചെയ്തു.

ശുചിത്വ മാലിന്യനിർമാർജന പ്രവർത്തനങ്ങൾ ഒരു കൂട്ടായ പ്രവർത്തനങ്ങളിലൂടെ നിർവഹിക്കുക വഴി അതിനൊരു പൂർണ്ണത കൈവരിക്കുക/ സുസ്ഥിരത ഉറപ്പാക്കുക എന്നതാണ് വർണ്ണം 2025 ലക്ഷ്യമിടുന്നത്.

സമാനമായ പ്രവർത്തനങ്ങൾ ഒരേസമയം എല്ലായിടത്തും നടത്താൻ കഴിഞ്ഞാൽ ലക്ഷ്യത്തിലേക്കുള്ള സഞ്ചാരത്തിന് വേഗത കൈവരിക്കാൻ കഴിയും. സമൂഹത്തിൽ നിന്നും ഉയർന്നുവരുന്ന എതിർപ്പുകളെ അതിജീവിക്കാനുള്ള കരുത്തും ലഭ്യമാകും. പ്രത്യേകിച്ച് നിരോധിത പ്ലാസ്റ്റിക്കിനെ തിരെയുള്ള പ്രവർത്തനങ്ങളിൽ

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിലെ 9 ഗ്രാമപഞ്ചായത്തുകളിലും രണ്ട് വർഷത്തിനകം ശുചിത്വവും ഹരിതാഭവുമായ ഗ്രാമം എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനാണ് വർണ്ണം 2025 പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

ഓരോ പൗരന്റെയും ആരോഗ്യപരിരക്ഷ ഉറപ്പുവരുത്താൻ ഈയൊരു ലക്ഷ്യം പൂർത്തീകരിക്കുന്നതിലൂടെ സാധിക്കണം.

ശ്വസിക്കാൻ ശുദ്ധ വായു വേണം

കുടിക്കാൻ ശുദ്ധജലം വേണം

കഴിക്കാൻ വിഷ രഹിത ഭക്ഷ്യവസ്തുക്കൾ വേണം

ജീവിക്കാൻ ആരോഗ്യപൂർണമായ പരിസ്ഥിതിയും വേണം

എല്ലാ ഗ്രാമപഞ്ചായത്തിനും ശുചിത്വ ഗ്രേഡിങ്ങിൽ ഗ്രീൻ കാറ്റഗറി പദവി നേടാനാകണം.

ഈ കർമ്മ പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കണം

*ഘട്ടം. 1*

1 ഹരിത പെരുമാറ്റ ചട്ടം പൂർണമായി നടപ്പിലാക്കിയ ഗ്രാമ പഞ്ചായത്തുകൾ ഉള്ള ബ്ലോക്ക് പഞ്ചായത്തായി മാറൽ, അതിനായ് താഴെ ചേർത്ത ഘടകങ്ങൾ പൂർത്തീകരിക്കാൻ സാധിക്കണം.

1 A. ഹരിത പെരുമാറ്റ ചട്ടം പൂർണമായി പാലിക്കുന്ന ഗ്രാമ പഞ്ചായത്തായി മാറാൻ എല്ലാ പഞ്ചായത്തിലും കർമ്മപദ്ധതി. ഇത് 2023 മാർച്ച് 31നകം നടപ്പിൽ വരുത്താൻ സാധിക്കണം.

ഇതിന്റെ ഭാഗമായി പഞ്ചായത്ത് ഫ്രണ്ട് ഓഫീസുകളിൽ നൂറുപേരിൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്ന പരിപാടികളുടെ രജിസ്ട്രേഷൻ ആരംഭിക്കണം. രജിസ്ട്രേഷൻ നടത്തുവർക്ക് അനുമതി പത്രം നല്കുകയും വേണം..

രജിസ്റ്റർ ചെയ്തു സംഘടിപ്പിക്കുന്ന ചടങ്ങുകൾ പരിശോധനക്ക് വിധേയമാക്കാൻ ആന്റീ പ്ലാസ്റ്റിക്ക് വിജിലൻസ് ടീമുകളെ സജ്ജമാക്കണം.

രജിസ്റ്റർ ചെയ്യാതെ നടത്തുന്ന പരിപാടികൾ സംഘടിപ്പിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കണം.

1 B. സർക്കാർ - അർധ സർക്കാർ സ്ഥാപനങ്ങളിലും സ്ഥാപനങ്ങളോടനു ബന്ധിച്ചും നടത്തുന്ന പരിപാടികളിലും ഹരിത പെരുമാറ്റ ചട്ടം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തൽ.

ഇതിനായി പഞ്ചായത്ത് തല മോണിറ്ററിങ് സമിതി രൂപീകരിക്കണം.

മോണിറ്ററിംഗ് സമിതിയുടെ ഘടന: (ആകെ അംഗങ്ങൾ അഞ്ച് )

ചെയർമാൻ - ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷൻ.

കൺവീനർ - Aഅസി.സെക്രട്ടറി, ഗ്രാമപഞ്ചായത്ത്.

അംഗങ്ങൾ -

ശുചിത്വ ചുമതല ഇല്ലാത്ത വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,

പഞ്ചായത്ത് പ്രസിഡണ്ട് നാമ നിർദ്ദേശം ചെയ്യുന്ന രണ്ട് വർക്കിങ്ങ് ഗ്രൂപ്പ് അംഗങ്ങൾ.

വാതിൽ പടി ശേഖരണം 100% നിർവഹിക്കാൻ കഴിയണം

1.C നിരോധിത പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കാത്ത ഗ്രാമമായി പഞ്ചായത്തിനെ മാറ്റൽ :

അതിനായ് ഹരിത പാഠശാലകൾ വിവിധ തലങ്ങളിൽ വിവിധ സ്ഥാപനങ്ങൾ, സംഘടനകൾ, രാഷ്ട്രീയ - സാമൂഹിക സാംസ്കാരിക സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ക്യാമ്പയിൻ 2022 ഒക്ടോബർ മുതൽ വ്യാപിപ്പിക്കൽ.

നിരോധിത പ്ലാസ്റ്റിക്ക് വസ്തുകൾ ഉപേക്ഷിക്കാൻ ആഹ്വാനം ചെയ്തു കൊണ്ടുള്ള ബോർഡുകൾ പഞ്ചായത്തിന്റെ മുക്കിലും മൂലയിലും സ്ഥാപിക്കൽ

1.D. തെയ്യങ്ങൾ, ഉൽസവങ്ങൾ, ഉറൂസുകൾ, പെരുന്നാളുകൾ തുടങ്ങിയവ സംബന്ധിച്ച് മുൻ കൂട്ടി കലണ്ടർ തയ്യാറാക്കി ഹരിത പെരുമാറ്റ ച നടപ്പിലാക്കാൻ ഇടപെടൽ.

1 E ഹരിതമംഗല്യം പദ്ധതി

2 തെരഞ്ഞെടുത്ത വാർഡുകൾ ഹരിത സമൃദ്ധി വാർഡുകളാക്കി മാറ്റാനുള്ള കർമ്മ പരിപാടി തയ്യാറാക്കൽ

3. എല്ലാ കിണറുകളിലെയും കുടിവെള്ളം പരിശോധിച്ച് കുടിവെള്ള ഗുണനിലവാരം ഉറപ്പ് വരുത്താനുള്ള കർമ്മപരിപാടി തയ്യാറാക്കൽ.

4. പഞ്ചായത്തിലെ എല്ലാ ഹോട്ടൽ / തട്ടുകട വ്യാപാരികളെയും വിളിച്ചു ചേർത്ത് സ്ഥാപനങ്ങളിൽ നിന്ന് പുറംന്തള്ളുന്ന മലിന ജലം സംസ്കരിക്കാൻ സംവിധാനം ഉണ്ടാക്കൽ.

*രണ്ടാംഘട്ടം.. ( 2023 ഏപ്രിൽ ഒന്നു മുതൽ 2024 ജനവരി 31 വരെ*

1 എല്ലാ സ്കൂളുകളും ക്യാമ്പസുകളും ഹരിത ക്യാമ്പസുകളായി മാറ്റാൻ സാധിക്കണം

2 ബ്ലോക്ക് പരിധിയിലെ എല്ലാ പഞ്ചായത്തുകളിലും എം.സി. എഫുകളിൽ ബെയ്ലിങ്ങ് യൂനിറ്റ് ആരംഭിക്കണം. അതോടൊപ്പം എല്ലാ വാർഡുകളിലും മിനി എം.സി.എഫ് ഉണ്ടെന്ന് ഉറപ്പ് വരുത്തുകയും വേണം.

3. എല്ലാ ഗ്രാമപഞ്ചായത്തുകളിലും നിലവിലുള്ളതിന് പുറമേ പുതിയ പച്ചത്തുരുത്തുകൾ ഉണ്ടാക്കാൻ സാധിക്കണം.

4 തരിശ് രഹിത പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തും.

5. ജല ക്ഷാമമുള്ള ദേശങ്ങൾ കണ്ടെത്തി അതുൾപ്പെട വാർഡുകളിലെ മുഴുവൻ വീടുകളിലും കിണർ റീചാർജ് ചെയ്യൽ

നിർദ്ദേശിക്കപ്പെട്ട പ്രവർത്തനങ്ങൾ എല്ലാം തന്നെ ഏറ്റെടുക്കാനുള്ള ദൃഢനിശ്ച യത്തോടു കൂടിയാണ് അന്നത്തെ യോഗം സമാപിച്ചത്.

തുടർന്ന് ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ' വർണ്ണം 2025' എന്ന പേരിൽ ഒരു വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിക്കുകയുണ്ടായി.

ഒക്ടോബർ മാസാദ്യം തന്നെ 9 ഗ്രാമപഞ്ചായത്തുകളിലും പദ്ധതി നിർവഹണത്തിനായി പഞ്ചായത്ത് തല കമ്മറ്റികൾ രൂപീകരിക്കുകയുണ്ടായി.9 പഞ്ചായത്തും ' വർണ്ണം 2025 xxx GP ' എന്ന പേരിൽ whatsapp ഗ്രൂപ്പുകളും രൂപീകരിച്ചു. ഈ ഗ്രൂപ്പുകളാണ് വർണ്ണം പദ്ധതിയുടെ ചാലകശക്തി എന്ന് നിസംശയം പറയാൻ കഴിയും. ഓരോ പഞ്ചായത്ത് പരിധിയിലും നടക്കുന്ന പ്രവർത്തനങ്ങൾ ഗ്രൂപ്പുകളിലൂടെ പരസ്പരം അറിയാനും ആശയങ്ങൾ കൈമാറാനും ഇതിലൂടെ സാധിച്ചു. പ്രവർത്തനങ്ങൾ മത്സരാധിഷ്ഠിതമായി മാറുന്നതിന് ഗ്രൂപ്പുകൾ കാരണമായി എന്ന് പറയാം.

ഗ്രാമപഞ്ചായത്തുകളിൽ നടക്കുന്ന ബന്ധപ്പെട്ട മീറ്റിങ്ങുകളിൽ ബ്ലോക്ക് പഞ്ചായത്തിലെ അംഗങ്ങൾ, പുറമേ ജോയിൻ J BDO യോമാർ ശുചിത്വ ചാർജുള്ള ഓഫീസർ എന്നിവരൊക്കെ പങ്കെടുക്കുന്നത് പതിവായി.

## മനോഭാവമാറ്റത്തിന് വിട്ടുമുറ്റ സദസ്സുകൾ

വലിച്ചെറിയൽ മുക്ത കേരളം പദ്ധതി വലിയൊരു ക്യാമ്പയിൻ പ്രവർത്തനമായി മാറി. അനുബന്ധമായി സംഘടിപ്പിക്കപ്പെട്ട ഹരിത പാഠശാലകൾ വലിയൊരു മുന്നേറ്റം സൃഷ്ടിച്ചു. 100 മുതൽ 300 വരെ വിട്ടുമുറ്റ സദസ്സുകൾ ഓരോ പഞ്ചായത്തിലും ചേരുകയും മാലിന്യനിർമാർജനത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തി കൊടുക്കുകയും ചെയ്തു. ആളുകളിൽ ഒരു മനോഭാവം മാറ്റം ഉണ്ടാക്കിയെടുക്കാൻ വീട്ടുമുറ്റ സദസ്സുകൾ ഏറെ പ്രയോജനപ്പെട്ടു എന്നതാണ് അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്.

അതോടൊപ്പം തന്നെ സമാന്തരമായി സംഘടിപ്പിക്കപ്പെട്ട വിദ്യാലയമുറ്റം സദസ്സുകൾ കുട്ടികളിലും രക്ഷിതാക്കളിലുംഅനുഗുണമായ ഒരു ശീലമാറ്റത്തിന് കാരണമായി മാറി.

വാതിൽപ്പടി ശേഖരണം വളരെ വേഗം 100 ശതമാനം എന്ന ലക്ഷ്യം കാണാൻ സാധിച്ചു. അതുപോലെതന്നെ 100% വീടുകളിൽ നിന്നും യൂസഫീ ശേഖരിക്കുകയെന്ന ലക്ഷ്യവും വളരെ വേഗത്തിൽ എത്തിപ്പിടിക്കാൻ സാധിച്ചു. തുടർന്ന് നടത്തിയ പ്രഖ്യാപനങ്ങൾ മാലിന്യമുക്ത നാട് എന്നതിന്റെ വിളംബരമായി മാറി. വാർഡുകൾ തോറും ശുചിത്വ റാലികൾ സംഘടിപ്പിച്ചുകൊണ്ടാണ് 100% മാലിന്യശേഖരണവും യൂസഫീ ശേഖരണവും ലക്ഷ്യം കൈവരിച്ചതായി പ്രഖ്യാപിക്കപ്പെട്ടത്. ബ്ലോക്ക് പരിധിയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ പ്രഖ്യാപനം ബഹുമാനപ്പെട്ട തദ്ദേശ ഭരണ വകുപ്പ് മന്ത്രിയാണ് നിർവഹിച്ചത്. തുടർന്ന് ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിലും പ്രഖ്യാപനം നടത്തി.

കണ്ണൂർ ജില്ലയിൽ ആദ്യമായിട്ടാണ് അങ്ങനെ ഒരു പ്രഖ്യാപനം ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുള്ളത്.

തുടർന്ന് വന്ന മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിനോടനുബന്ധിച്ച് പുതിയ മേഖലകളിലേക്ക്

പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് വേണ്ടി വർണ്ണം പദ്ധതി നിർദ്ദേശിക്കുകയുണ്ടായി.

അതിലേറ്റവും സവിശേഷമായ രണ്ടുപരിപാടികളാണ്

1) ശുചിത്വവും ഹരിതാഭവുമായ മദ്രസകളും മഹല്ലു കളും

2) ഹരിത നഗറുകൾ

3) എന്റെ പാത്രം നിന്റെ കണ്ണാടി

ഇതിന്റെ ഭാഗമായി ഓരോ ഗ്രാമപഞ്ചായത്തുകളിലും മദ്രസകളിലെ ഉസ്താദുമാരെയും മഹല്ല് കമ്മിറ്റി ഭാര വാഹികളെയും വിളിച്ചു ചേർത്തുകൊണ്ട് മാലിന്യമു ക്ത നാട് എന്ന ആശയത്തിന്റെ പ്രസക്തി അവരെ ബോധ്യപ്പെടുത്തി കൊടുക്കുകയും ചെയ്തു. തുടർന്ന് മദ്രസകളിലും മഹല്ലുകളിലും ഹരിത പാഠശാലകൾ നടന്നു വരികയാണ്. മതപണ്ഡിതന്മാർ തന്നെ അതിനു നേതൃത്വം കൊടുക്കുന്നു എന്നതാണ് ശ്ലാഘനീയ മായ കാര്യം.

ഹരിത നഗറുകൾ: ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാ നത്തുള്ള ST ഡെവലപ്മെന്റ് ഓഫീസർ, എസ് സി ഡെവലപ്മെന്റ് ഓഫീസർ. എന്നിവരുടെ കീഴിലുള്ള പ്രൊമോട്ടർമാരുടെയും വാർഡ് മെമ്പർമാരുടേയും സഹായത്തോടെ എല്ലാ നഗറുകളിലും ഊര് കൂട്ട ങ്ങൾ വിളിച്ചു ചേർക്കുകയും മാലിന്യമുക്തമായ ഒരു നാടായി മാറേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടു ത്തി കൊടുക്കുകയും ചെയ്തു വരുന്നു. ഈ മേഖലയിൽ വലിയൊരു മുന്നേറ്റം ഉണ്ടാക്കാൻ ഈയൊരു ഇടപെ ടലുകളിലൂടെ സാധിച്ചിട്ടുണ്ട്.

ഹരിത മദ്രസകളുടെയും മഹല്ലുകളുടെയും ഹരിതം നഗറുകളുടെയും പ്രഖ്യാപനങ്ങൾ വിവിധ പഞ്ചായ ത്തുകളിൽ നടന്നുകൊണ്ടിരിക്കുകയാണ്.

ബ്ലോക്ക് തലത്തിൽ തന്നെ സമ്പൂർണ്ണ ഹരിത നഗറുകൾ എന്നതാണ് ലക്ഷ്യം വെക്കുന്നത്.

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി ഓരോ വർഷവും നാല് ലക്ഷം രൂപ വീതം ഓരോ പഞ്ചായത്തിനും പദ്ധതി വിഹിതം ഉൾപ്പെടുത്തി കൊണ്ടാണ് ബജറ്റ് തയ്യാറാക്കുന്നത്.

പുതിയ കാലത്തിന്റെ വെല്ലുവിളികളും ആവശ്യങ്ങളും നേരിടുന്ന നവകേരള സൃഷ്ടിക്കായുള്ള രൂപരേഖ തയ്യാ റാക്കുന്ന ഈ സെമിനാറിന് അഭിവാദ്യങ്ങൾ നേരുന്നു

## ആരോഗ്യം

**76**

# Kowledge, Attitude and Practice of Occupational Health and Safety among Haritha Karma Sena in Thiruvananthapuram Corporation

Ashly Shaji

Waste management is a critical global issue, with improper disposal posing serious environmental and public health risks. In developing countries like India, waste management workers face numerous occupational hazards due to inadequate safety measures. Occupational Health and Safety (OHS) practices are crucial in mitigating these risks, ensuring the well-being of workers exposed to hazardous materials daily. In Kerala, the Haritha Karma Sena (HKS) plays a vital role in managing non-biodegradable waste, but the occupational challenges they face necessitate a thorough evaluation of their knowledge, attitudes, and practices regarding OHS.

Haritha Karma Sena is a key initiative under Kerala's decentralized waste management strategy, focusing on the collection and management of non-biodegradable solid waste. Despite their critical role in waste management, Haritha Karma Sena workers face numerous occupational health hazards due to inadequate safety practices. This research aims to assess the existing levels of knowledge, attitudes, and practices related to OHS among HKS workers, identify deficiencies, and propose improvements.

Using a quantitative approach, the study surveyed 64 Haritha Karma Sena members across multiple Material Collection Facilities (MCFs) within the Thiruvananthapuram Corporation. The data, analyzed through SPSS, revealed significant gaps in knowledge and practice while attitude remained comparatively high regarding occupational health ad safety. While many workers

demonstrated a moderate understanding of workplace safety, critical areas such as first aid and fire safety were found to be lacking.

The study highlights the need for enhanced training, infrastructure, and policy interventions to ensure the safety and well-being of waste management workers. The findings have implications for improving occupational safety standards not only in Kerala but also in other regions with similar waste management systems.

**Keywords :** Knowledge, Attitude, Practice, Occupational Health And Safety, Haritha Karma Sena

**77**

## ആരോഗ്യ ഗ്രാമം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ...

അശ്വതി എൽ.

ആരോഗ്യ ഗ്രാമം എന്ന ആശയം ഒരു ഗ്രാമത്തിന്റെ ആരോഗ്യപൂർണമായ വളർച്ചയ്ക്ക് ആവശ്യമായ വിവിധ ഘടകങ്ങളെ ഉൾക്കൊള്ളുന്നു. പൗരന്മാരുടെ ആരോഗ്യം, ജീവിത ശൈലി, ശുചിത്വം, വെള്ളത്തിന് അനുകൂലമായ പ്രാപ്തി, വിദ്യാഭ്യാസം, സുസ്ഥിരമായ പരിസ്ഥിതി എന്നിവ ആരോഗ്യ ഗ്രാമം എന്ന ആശയത്തിന്റെ ഭാഗമാണ്.

ഇന്ത്യയിലെ ഗ്രാമപഞ്ചായത്തിലെ ഗ്രാമത്തിലെ പൗരന്മാരുടെ ആവശ്യങ്ങൾക്ക് അനുസൃതമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക, അവരെ ആരോഗ്യപരമായ ഒരു ജീവിതശൈലി പാലിക്കാൻ പ്രചോദിപ്പിക്കുക, വെള്ളവും ഷിജിതവും സംബന്ധിച്ച പ്രാമുഖ്യങ്ങൾ ഉറപ്പാക്കുക തുടങ്ങിയവ ഈ പ്രക്രിയയുടെ ഭാഗമായി വരുന്നു. സമ്പൂർണ്ണ വികസനത്തിനും ജനസേവനത്തിനും വേണ്ടിയുള്ള എല്ലാ ഉപാധികളും സംയോജിപ്പിക്കുന്ന ഒരു ആരോഗ്യ ഗ്രാമം എന്ന ആശയം ജനകീയ പങ്കാളിത്തവും, ഭരണഘടനാപരമായ ഇടപെടലുകളും വഴി നടപ്പാക്കപ്പെടുന്നു.

സമൂഹത്തിന്റെ അടിസ്ഥാന ആരോഗ്യ പരിധി വികസിപ്പിക്കാൻ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഒരു ഗ്രാമത്തിലെ ജനങ്ങളുടെ ആരോഗ്യം, ശുചിത്വം, ജലവിതരണം, വിദ്യാഭ്യാസം എന്നിവ മെച്ചപ്പെടുത്തുന്നതിന് സഹായിക്കും. അവിടെ ചില പ്രത്യേക പ്രവർത്തനങ്ങൾ നടപ്പിലാക്കാം..

### 1. ആരോഗ്യ പ്രസംഗങ്ങളും ക്യാമ്പുകളും:-

ജനങ്ങൾക്കുള്ള ആരോഗ്യ വിദ്യാഭ്യാസം നൽകുക, രോഗപ്രതിരോധത്തിന്റെ അടിസ്ഥാനങ്ങൾ ഗ്രഹിപ്പിക്കുക, ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യങ്ങൾ നേടുന്നതിന് ഗ്രാമത്തിലെ ആരോഗ്യ മേഖലയിലെ പ്രശ്നങ്ങളെ കുറിച്ചുള്ള അപബോധങ്ങൾ, സ്ത്രീകളും കുട്ടികളും സംബന്ധിച്ച ആരോഗ്യ പ്രഭാഷണങ്ങൾ, ഫ്രീ മെഡിക്കൽ ക്യാമ്പുകൾ, ടെസ്റ്റുകൾ, വാക്സിനേഷൻ ക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്.

### 2. ശുചിത്വ ക്യാമ്പുകൾ :-

ഗ്രാമത്തിലെ ശുചിത്വം മെച്ചപ്പെടുത്തുന്നതിനായി ശുചിത്വ ക്യാമ്പുകൾ, ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ മാലിന്യ ശേഖരണ സെന്ററുകൾ പ്രോത്സാഹിപ്പിക്കുന്നത് വഴി ഗുണമേന്മയുള്ള ശുചിത്വ പരിപാലനം ഉറപ്പാക്കാനും, പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയാൻ പാടില്ല എന്ന് അവബോധം സൃഷ്ടിക്കാനും കഴിയും.

### 3. ജലസംരക്ഷണ പരിപാടികൾ:-

ഗ്രാമത്തിലെ ജലസേചനം മെച്ചപ്പെടുത്തുക, ജലത്തിന്റെ പ്രകൃതിദത്ത ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നിവ ലക്ഷ്യം വച്ചുകൊണ്ട് മഴവെള്ള സംരക്ഷണത്തിനുവേണ്ടി ക്ലീനിങ്, ടാങ്ക് ഓവർഹോൾ, ജലസംരക്ഷണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രചാരണം എന്നിവ നടത്താം.

### 4. കൃഷിയെ സംബന്ധിച്ച പരിപാടികൾ:-

ആരോഗ്യകരമായ ഭക്ഷണസാധനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും മണ്ണിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കർഷകന്റെ ആരോഗ്യ സുരക്ഷിതത്വ ഉറപ്പാക്കുന്നതിനും പ്രാദേശിക സസ്യങ്ങളുടെ വിളവെ

ടുപ്പ് പരിശീലന ക്യാമ്പുകൾ, ഓർഗാനിക് കാർഷിക വിഷയത്തിൽ പ്രഗൽഭരായവരുടെ പരിശീലനം, പശു,കോഴി വളർത്തലുകൾക്കായുള്ള പരിശീലന പരിപാടികൾ നടത്താവുന്നതാണ്.

### 5. ഫിറ്റ്നസ് പ്രചാരണം:-

യോഗ ക്യാമ്പുകൾ,പരിശീലന വർക്ക്ഷോപ്പുകൾ തുടങ്ങിയവയിലൂടെ ജനങ്ങൾക്ക് ശാരീരിക ആരോഗ്യ മെച്ചപ്പെടുത്താനുള്ള പ്രേരണ നൽകുകയും ആരോഗ്യ കരമായ ശാരീരിക പ്രവർത്തനം പ്രോത്സാഹിപ്പിക്കുക യും ചെയ്യുന്നതാണ്.

### 6.വിദ്യാർത്ഥികൾക്ക് പോഷക പദ്ധതികൾ:-

സ്കൂളിലെ കുട്ടികൾക്കുള്ള പോഷക ഭക്ഷണം ഉറപ്പാക്കുക, ആരോഗ്യകരമായ ജീവിതം ലഭിക്കുന്നതിനും കുട്ടികൾക്ക് ആരോഗ്യ ഭക്ഷണം നൽകുന്നതിനുള്ള സ്കൂൾ വിദ്യാഭ്യാസ പദ്ധതികൾ ഉൾപ്പെടുത്താം.

ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങൾ ജനം ഉൾക്കൊള്ളുന്ന പങ്കാളി ത്തം ഉണർത്തുന്ന രീതിയിൽ നടപ്പിലാക്കിയാൽ ഗ്രാമത്തിലെ ജനങ്ങളുടെ ആരോഗ്യം, ശുചിത്വം, ജലവിത രണം, വിദ്യാഭ്യാസം എന്നിവയായ അടിസ്ഥാന സൗക ര്യങ്ങളും ആരോഗ്യപൂർണമായും മെച്ചപ്പെടുത്താൻ കഴിയും.

"നമ്മുടെ ഗ്രാമങ്ങൾ ആരോഗ്യമുള്ള ഗ്രാമങ്ങളായി തീരട്ടെ"

---

RGSA ematic Expert in LSDGs, Parassala Block, iruvananthapuram Dist., Kerala

## 78

# മുതിർന്നവരുടെ ജീവിതം സജീവവും സർഗാത്മകവും സമൂഹത്തിന് പ്രയോജനകരവുമാക്കുവതെങ്ങനെ?

പ്രൊഫ. ഡോ. രാജു ഡി. കൃഷ്ണപുരം

### ഡിമെൻഷ്യ കെയർ പാലാ (DCP)

പാലാ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന രജിസ്ട്രേഡ് സന്നദ്ധ സംഘടനയാണ്. മറവിരോഗവും(അൽഹൈ മേഴ്സ്) അനുബന്ധമായ ആരോഗ്യ പ്രശ്നങ്ങളുമാണ് ഞങ്ങളുടെ കർമമേഖല. രോഗ സാധ്യതയെക്കുറിച്ചും വ്യാപനത്തെക്കുറിച്ചുമുള്ള അറിവിനായി ഞങ്ങൾ ഒരു സർവേ നടത്തിയിരുന്നു. ഒരു പഞ്ചായത്തിലെ ഒരു വാർഡ് എന്ന കണക്കിൽ മൂന്നു പഞ്ചായത്തുകൾ പഠനവിധേയമായി.

രോഗവ്യാപനം പോലെതന്നെ ഞങ്ങളെ ഞെട്ടി ച്ചത് രോഗസാധ്യതയുടെ വഴികളാണ്. മേധാക്ഷയ (Dementia) രോഗികളിൽ 60 മുതൽ 80 ശതമാനം വരെ അൽസ്ഹൈമേഴ്സ് - മുതിർന്നവരിലെ മേധാക്ഷയം - ബാധിതരാണ്. അവരിൽ 60% - 80% സ്ഥിരവരുമാന ജോലിയിൽ നിന്ന് വിരമിച്ചവരാണ്. അതിന്റെയർഥം സ്ഥിരവരുമാനം കുറയുന്നതോടെ/ ഇല്ലാതാകുന്ന തോടെ, ഡിലീറിയം, ഡിപ്രഷൻ തുടങ്ങിയ അവസ്ഥ കളിലൂടെ ഡിമെൻഷ്യ (മേധാക്ഷയം) യിലേക്കെത്തുന്നു. ഏറ്റവും വിനാശകരമായ, മസ്തിഷ്ക കോശങ്ങൾ മരിച്ചു പോകുന്ന അവസ്ഥയാണിത്. മരിച്ച കോശ ങ്ങൾക്ക് ഒരിക്കലും പുനർജനിയില്ല. ബന്ധുമിത്രാദി കളെയും പരിസരങ്ങളെയും തന്നെത്തന്നെയും മറന്ന് മരണത്തിലേക്ക് മുങ്ങിപ്പോകുന്ന അവസ്ഥയാണിത് ; അൽസ്ഹൈമേഴ്സ് അഥവാ സെനൈൽ ഡിമെൻഷ്യ. ഒരിക്കൽ ബാധിച്ചു കഴിഞ്ഞാൽ ഒരിക്കലും ചികി ത്സിച്ചു ഭേദമാക്കാനാകാത്ത അവസ്ഥ എന്ന് എല്ലാ ചികിത്സാ ശാഖകളും ഒരുപോലെ സമ്മതിക്കുന്ന അഥവാ രോഗിയെ എഴുതിത്തള്ളുന്ന അവസ്ഥയാണ് ഇന്നുള്ളത്.

കോവിഡിനു മുൻപും പിൻപും നടത്തിയ ഒട്ടനവധി മെഡിക്കൽ ക്യാംപുകളിലൂടെ ജീവിത - ആരോഗ്യ കാഴ്ചപ്പാടുകളിൽ ഗണോന്മുഖമായ മാറ്റമുണ്ടായി തുടങ്ങി.

പെൻഷൻ പ്രായമായാൽ എവിടെയെങ്കിലുമടങ്ങി ക്കൂടുകയല്ല, ധൈര്യമായും സ്വാതന്ത്ര്യത്തോടെയും നാടിനു വേണ്ടി പ്രവർത്തിക്കാവുന്ന കാലമാണെന്ന് തെളിയിച്ചു സഫലം55പ്ലസ്, ഇക്കാലംകൊണ്ട്. അതതു സ്ഥലത്തെ LSG യുമായി ചേർന്ന് പ്രവർത്തി ക്കാനുള്ള അംഗീകാരം മാത്രം മതി.

കൃഷി,ആരോഗ്യം, വിദ്യാഭ്യാസം,പരിസ്ഥിതി,സോഷ്യൽ പൊലീസിങ് എന്നിങ്ങനെ പല വിഭാഗങ്ങളി ലായി പ്രവർത്തന/അനുഭവ പരിചയം സിദ്ധിച്ചവ രുടെ ഒരു വലിയ നിര ഓരോ LSG യിലുമുണ്ടാകും. അവരുടെ നൈപുണ്യം (expertise) മുഴുവൻ നാടിന്റെ വളർച്ചയ്ക്ക് ഉപയുക്തമാക്കാം. നാടുവളരും ഒപ്പം മുതിർന്നവരുടെ മാനസിക-ശാരീരിക ആരോഗ്യവും മെച്ച പ്പെടും, ആയുർ ദൈർഘ്യം കൂടും, വാർധക്യം ശ്രേ യസ്കരമാകും.

### പദ്ധതി നിർദേശം

സംസ്ഥാന തലത്തിൽ ഇതു പ്രാവർത്തികമാക്കിയാൽ ഓരോ LSG യ്ക്കും കൃഷി, പരിസ്ഥിതി, വിദ്യാഭ്യാസം, ആരോഗ്യം എന്നിങ്ങനെ ഓരോ മേഖലയിലും ഭരണ സമിതിക്ക് മാർഗ നിർദേശം നൽകാൻ കഴിയുന്ന

നിപുണ സംഘം (Expert Committee OR Resource Team) അവിടവിടെത്തന്നെയുണ്ടാകും. അതിന് സംസ്ഥാന സർക്കാരിനോ LSG ക്കോ ഒരുരൂപപോലും ചെലവുമില്ല.

നിരാശ ബാധിക്കാൻ സാധ്യതയുള്ള മുതിർന്നവർക്ക് പുതിയ ഒരു ലക്ഷ്യബോധവും കർമമേഖലയും തുറന്നു കിട്ടുക വഴി കർമചൈതന്യവും ആത്മാഭിമാനവും വർദ്ധിക്കും. ഹാപ്പിനസ് ഇൻഡക്സിൽ നമ്മുടെ നാടിന്റെ സ്ഥാനം ഉയരും. മൂന്നു വ്യാഴവട്ടക്കാലമായി കോട്ടയം ജില്ലയിലെ പാലാ മുനിസിപ്പാലിറ്റിയിലും രാമപുരം, ഭരണങ്ങാനം, കടനാട് എന്നീ പഞ്ചായത്തുകളിലും സഫലം55പ്ലസ് നടത്തിയ ഇടപെടലുകൾ അതിന് ദൃഷ്ടാന്തങ്ങളാണ്.

കൃഷി, ആരോഗ്യം, പരിസ്ഥിതി, സോഷ്യൽ പൊലിസിങ്, മീനച്ചിലാർ പുനർജനി, സഫല സംഗീതം, സർക്കാർ സ്കൂളുകളുടെ നവീകരണം, കുട്ടികൾക്കുള്ള കൗൺസലിങ്, ശാസ്ത്രാവബോധമേകുന്ന വിദ്യാഭ്യാസം എന്നിങ്ങനെ വിവിധ മേഖലകളായി വർക്കിങ് ഗ്രൂപ്പുകളുണ്ടാക്കി. അവരവരുടെ താത്പര്യമനുസരിച്ച് ഓരോ സീനിയറിനും ചേർന്നു പ്രവർത്തിക്കാം.

സഫലം 55 പ്ലസ്, രാമപുരം യൂണിറ്റിന്റെ നേതൃത്വത്തിൽ നടന്ന പദ്ധതിയുടെ ഫലമായി കേരളത്തിലെ ആദ്യ ബാലസൗഹൃദപഞ്ചായത്ത് എന്ന ബഹുമതി നേടി. ബാല- വയോജന സൗഹൃദ പഞ്ചായത്തെന്ന ലക്ഷ്യത്തോടെ പുതിയ പദ്ധതിയും തുടങ്ങിയിട്ടുണ്ട്.

സഫലം 55 പ്ലസ്, ഭരണങ്ങാനം യൂണിറ്റിന്റെയും പഞ്ചായത്തിന്റെയും പരിശ്രമഫലമായി അടച്ചുപൂട്ടാൻ നിർദ്ദേശിക്കപ്പെട്ടിരുന്ന അളനാട് ഗവ.യു.പി.സ്കൂളിലെ കുട്ടികളുടെ എണ്ണം 17 ൽ നിന്ന് 148 ആയി ഉയർന്നു.

ഇതുപോലെതന്നെ ഇടപ്പാടി, അരിപ്പാറ ഗവ.എൽ.പി. സ്കൂളിലെ കുട്ടികളുടെ സംഖ്യ 7 ൽ നിന്ന് 50 ആയി ഉയർന്നു.

**79**

# Formal and Informal Artefacts with Respect to Non-Communicable Disease among Tribes of Attapadi in Palakkad District

Divya Suresh


### Background

NCDs are one of the major public health challenges, especially in Kerala which is experiencing epidemiological changes. The tribal population, the primitive inhabitants in remote areas also experiencing the impact of such changes.

### Objective

The qualitative study was conducted to document the cultural factors including the beliefs and practices about NCD and to study the acceptability of formal health care to tribal communities.

### Methods

The data was collected from the inhabitants of Attapadi who are in the process of change aged above 35 having cardio-vascular diseases, cancer, diabetes, hypertension and stroke in Palakkad district using a qualitative design.

### Results

Based on the study, it was found that the tribal community members used both formal and informal artefacts for addressing NCD. The impact of modernisation affected the traditional practices of the tribes such as dietary practices, lifestyle choices, and physical activity level. It was found that the challenges and conflicts between the formal health system and the community negatively impacted the availability and accessibility of formal health care.

### Conclusion

The study shows certain conflicts between the internally evolved strategies within the tribal communities and the formal health system. This happens when informal artefacts such as cultural beliefs and social structures interact with the modern health system. The lack of cultural sensitivity among healthcare workers also leads to cultural disconnect and feelings of

alienation. To address these issues, it is important to impart culturally sensitive training for healthcare workers, improve infrastructure, and enhance resource allocation, evolve appropriate communication strategies, involve community members in decision making and promote the integration of traditional health practices with modern medicine practices. Only through such an integrated approach, the emerging problem of NCDs can be addressed.

MPH (Epidemiologist, Kannur Block)

## 80

# ആരോഗ്യം

നൂർജഹാൻ

സുസ്ഥിരവികസന ലക്ഷ്യങ്ങളിൽ ഒന്നായ ആരോഗ്യ ഗ്രാമം എന്ന വിഷയാധിഷ്ഠിത ലക്ഷ്യം നേടാനുള്ള തത്രപ്പാടിൽ ആണല്ലോ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും. നമ്മുടെ സംസ്ഥാനമായ കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആരോഗ്യമേഖലയിൽ വളരെ മുന്നിലാണ് എന്നുള്ളത് നമുക്ക് അറിയാമല്ലോ? പക്ഷേ ലോകരാജ്യങ്ങൾക്ക് മാതൃകയായി മാറിയത് കോവിഡ് എന്ന മഹാമാരി വന്നപ്പോഴാണ്. നിപ്പ വന്നപ്പോഴും വളരെ ജാഗ്രതയോടെ നമ്മൾ അതിജീവിച്ചു. എന്നാലും നാമിന്ന് അഭിമുഖീകരിക്കുന്ന വലിയൊരു പ്രശ്നമാണ് ജീവിതശൈലീ രോഗങ്ങൾ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജീവിതശൈലീ രോഗങ്ങളെ തുരത്താൻ പല രീതിയിലുള്ള ആധുനിക സംവിധാനങ്ങൾ പദ്ധതി വെച്ച് നടപ്പിലാക്കി വരുന്നു. പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും യോഗാ, ജിംനേഷ്യം, കളരി, കരാട്ടെ തുടങ്ങി പല വ്യായാമ മുറകളും നടത്തിവരുന്നുണ്ട്. പക്ഷേ നാം അഭിമുഖീകരിക്കുന്ന വലിയൊരു പ്രശ്നം എന്തെന്നാൽ എല്ലാ ജനങ്ങളും പൂർണമായി ഈ സംവിധാനം ഉപയോഗിക്കാത്തതും, വ്യായാമ മുറകൾ ശീലിക്കാത്തതും ജീവിതശൈലീ രോഗങ്ങളെ ദൂരീകരിക്കാൻ സാധിക്കാതെ വരുന്നു.

പ്രത്യേകിച്ചും നാം എല്ലാവരും പല സംഭവങ്ങൾക്കും നിസ്സഹായരായി സാക്ഷ്യം വഹിക്കേണ്ടി വന്നിട്ടുണ്ട് എ വളരെ ചെറിയ കുട്ടികൾ, യുവാക്കൾ,യുവതികളും എന്നിവർ പെട്ടെന്ന് കുഴഞ്ഞു വീഴുകയും മരണപ്പെടുകയും ചെയ്യുമ്പോൾ ഒന്നും ചെയ്യാനാവാതെ നമ്മളെല്ലാവരും പകച്ചു നിന്നിട്ടുണ്ട്. ഒരുപക്ഷേ നമ്മുടെ ഭക്ഷണരീതികളും ജീവിതശൈലികളും ഇതിനൊരു കാരണമായി തീർന്നിട്ടുണ്ട്. നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വളരെ ജാഗ്രതയോടെ മുൻകൈയെടുത്ത് ഇത്തരത്തിലുള്ള സംഭവങ്ങൾ വീണ്ടും ആവർത്തിക്കാതിരിക്കാൻ ഇനിയും ഒരുപാട് ദൂരം സഞ്ചരിക്കേണ്ടതുണ്ട്. മാത്രമല്ല, ക്യാൻസർ, കിഡ്നി സംബന്ധമായ അസുഖങ്ങൾ എന്നിവയൊക്കെ നമുക്ക് ചുറ്റും അധികരിക്കുന്നു. നിലവിൽ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ ക്യാൻസറിനെ തുരത്താനുള്ള കേരള ഗവൺമെന്റിന്റെ ആനന്ദം ആരോഗ്യം ക്യാമ്പയിൻ ഊർജ്ജിതമായി നടക്കുന്നുണ്ടെങ്കിലും എല്ലാ ജനങ്ങളും ഇതിനോട് സഹകരിക്കാത്തതും, ക്യാൻസർ നിർണയ സ്ക്രീനിങ്ങിന് തയ്യാറാവാത്തത് നമുക്കൊരു വെല്ലുവിളിയായി മാറുന്നു.

നാം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയൊരു പ്രശ്നമാണ് 100% വാക്സിനേഷൻ പൂർത്തിയാക്കുക എന്നത്. പലപ്പോഴും പല പരിശീലനങ്ങളുടെ ഇടയിലുള്ള ചർച്ചയിൽ നാം മനസ്സിലാക്കിയ ഒരു കാര്യം എന്തെന്നാൽ വാക്സിനേഷനെ കുറിച്ചുള്ള തെറ്റായ ധാരണകൾ മൂലം രക്ഷിതാക്കൾ തങ്ങളുടെ കുട്ടികൾക്ക് വാക്സിനേഷൻ എടുക്കുന്നതിൽ നിന്നും പിന്തിരിയുന്നു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ആരോഗ്യവകുപ്പിലെ ജീവനക്കാർ അഹോരാത്രം പരിശ്രമിച്ചിട്ടും 100% വാക്സിനേഷൻ നേടിയെടുക്കുക എന്നുള്ളത് ഒരു ചോദ്യചിഹ്നമായി മാറുന്നു. ഇത്തരം സാഹചര്യങ്ങൾ അതിജീവിക്കാൻ മറ്റു രാജ്യങ്ങളിലെ ചില പ്രവർത്തനങ്ങൾ നമുക്ക് മാതൃകയാക്കേണ്ടതുണ്ട്. ഇപ്പോൾ സിംഗപ്പൂർ ഗവൺമെന്റ് ഒക്കെ പ്രാവർത്തികമാക്കിയ ചില കാര്യങ്ങൾ. തങ്ങളുടെ രാജ്യത്തെ ആരോഗ്യ ലബ്ധിക്കായി പ്രത്യേകം പ്രോത്സാഹന സമ്മാനങ്ങൾ നൽകിവരുന്നുണ്ട്. ഇത്തരത്തിലുള്ള സംവിധാനങ്ങൾ നമ്മുടെ നാട്ടിലും വരികയാണെങ്കിൽ ഒരുപക്ഷേ നമ്മുടെ ജനങ്ങൾക്ക് അതൊരു പ്രചോദനമാവും കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നല്ല രീതിയിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും മറ്റും കുറെയൊക്കെ നമുക്ക് ഇത്തരം പ്രശ്നങ്ങൾ ഇല്ലാതാക്കാൻ കഴിയുമെന്ന് വിശ്വസിക്കാം. വരും നാളുകളിൽ നമ്മുടെ കേരളം 100% ആരോഗ്യമുള്ള ജനങ്ങളുള്ള സംസ്ഥാനമായി ഉയരാൻ കഴിയട്ടെ.

## 81

# എന്താണ് ആരോഗ്യം

സനുപ്രിയ

വർഷങ്ങളായി നമ്മൾ കേൾക്കുന്ന കാര്യമാണ് രോഗങ്ങളില്ലാത്ത അവസ്ഥയെയാണ് ആരോഗ്യമെന്നു പറയുന്നത്.

പക്ഷേ 1948 ലെ ലോക ഹെൽത്ത് അസംബ്ലിയുടെ നിർവചന പ്രകാരം ആരോഗ്യം എന്നത് രോഗങ്ങളോ വൈകല്യങ്ങളോ ഇല്ലാതെ ഇരിക്കുക എന്നതിലുപരി ഒരു വ്യക്തി ശാരീരികവും മാനസികവും സാമൂഹികവുമായി കൂടി മെച്ചപ്പെട്ടതായിരിക്കണം എന്നതാണ്.

അതായത് ഒരു ഒരു വ്യക്തിയുടെ ആരോഗ്യം എന്നത് അയാളുടെ ശരീരവും മനസ്സും സമൂഹവുമായി എല്ലായിപ്പോഴും ബന്ധപ്പെട്ട് കിടക്കുന്നു.

ഇപ്പോഴത്തെ നമ്മുടെ രാജ്യത്തിന്റെ അല്ലെങ്കിൽ നമ്മുടെ കേരളത്തിന്റെ അവസ്ഥ എടുത്തു നോക്കിയാൽ നമുക്കറിയാം പല മേഖലയിലും നമ്മൾ പുരോഗതി നേടിയിട്ടുണ്ട്. അതിൽ തന്നെ പ്രധാനപ്പെട്ടതാണ് ആരോഗ്യ മേഖല.

നമ്മുടെ ആരോഗ്യമേഖലയിൽ ഒട്ടനവധി മാറ്റങ്ങൾ വന്നു ആ മാറ്റങ്ങൾക്ക് അനുസൃതമായി തന്നെ പലപല രോഗങ്ങളും മനുഷ്യനെ കാർന്നുതിന്നാനും തുടങ്ങിയിരിക്കുന്നു. അപ്പോൾ ഒന്ന് ചിന്തിച്ചു നോക്കൂ എവിടെയൊക്കെയാണ് നമുക്ക് തെറ്റുപറ്റിയത്. നമ്മൾ നമുക്ക് ചുറ്റും തന്നെ ഒന്നും നോക്കിയാൽ പൂർണ്ണ ആരോഗ്യത്തോടെയുള്ള എത്ര ആളുകളെ നമുക്ക് കാണാൻ ആയിട്ട് കഴിയുന്നുണ്ട്.?

ഇവിടെയാണ് ലോകാരോഗ്യ സംഘടന പറഞ്ഞ ആ ഒരു നിർവചനം നമ്മൾ ഓർത്തെടുക്കേണ്ടത്. കാരണം മനുഷ്യൻ ഒരുതരത്തിൽ അല്ലെങ്കിൽ വേറൊരു തരത്തിൽ ആരോഗ്യമില്ലാത്തവനായി മാറിക്കൊണ്ടിരിക്കുകയാണ്. എന്തൊക്കെയായിരിക്കും അതിന് കാരണം എന്നത് എപ്പോഴെങ്കിലും നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

## 82

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഭാരതീയ ചികിത്സ വകുപ്പും

ഡോ: സുഗേഷ് കുമാർ ജി എസ്സ്

ആയുഷ് വിഭാഗത്തിൽ ഹോമിയോ ഇതര ശാസ്ത്ര ശാഖകളായ ആയുർവേദം, സിദ്ധ, യോഗ, യുനാനി എന്നിവയുടെ ഭരണപരമായ കാര്യങ്ങളും മറ്റും നിർവഹിക്കുന്ന വകുപ്പാണ് ഭാരതീയ ചികിത്സ വകുപ്പ്. ഇതിൽ കേരളത്തിലെ ജനങ്ങളുടെ ജീവിതവുമായി ഏറ്റവും ചേർന്ന് നിൽക്കുന്ന ആയുർവേദത്തെയാണ് കൂടുതൽ പേരും ആശ്രയിക്കുന്നത്. ഈയടുത്ത് നടത്തിയ ആദ്യ ആയുഷ് ദേശീയ സാമ്പിൾ സർവേയിൽ ദേശീയ ശരാശരി യെക്കാൾ കൂടുതൽ പേർ കേരളത്തിൽ ആയുഷ് ചികിത്സ ഉപയോഗപ്പെടുത്തുന്നുണ്ട് എന്ന് കാണുന്നത് ഇതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. കേരളത്തിൽ നിലവിൽ 818 സർക്കാർ ആയുർവേദ ഡിസ്പെൻസറികളും 139 സർക്കാർ ആയുർവേദ ആശുപത്രികളുമാണ് ഉള്ളത്.

ജനകീയാസൂത്രണത്തിന്റെ ഗുണഫലങ്ങൾ ഏറ്റവും നല്ല രീതിയിൽ അനുഭവിക്കുന്ന ഒരു വകുപ്പാണ് ഭാരതീയ ചികിത്സാ വകുപ്പ്. ഇടിഞ്ഞു വീഴാറായ കെട്ടിടങ്ങൾ അതിൽ തന്നെ മിക്കവാറും വാടക കെട്ടിടം, ആവശ്യമായ ഫർണിച്ചറുകൾ അടക്കം ഇല്ലാതിരിക്കുക, ആവശ്യം വേണ്ട മരുന്ന് ലഭ്യമല്ലാതെ ഇരിക്കുക എന്നീ അവസ്ഥയിൽ നിന്നും മാറി ഇന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഘടകസ്ഥാപനമാകുക വഴി ഏറ്റവും മികച്ച സൗകര്യങ്ങൾ, രോഗി സൗഹൃദ അന്തരീക്ഷം, യഥേഷ്ടമായ മരുന്നുകൾ എന്നിവയും, നാഷനൽ ആയുഷ് മിഷന്റെ സഹായത്തോടെ സ്ഥാപനങ്ങൾ മിക്കതും ഹെൽത്ത് ആന്റ് വെൽനസ് ക്ലിനിക്കുകൾ ആവുകയും, എൻ എ ബി ച്ച്, ഐ എസ് ഒ തുടങ്ങിയഅംഗീകാരങ്ങൾ നേടിയെടുക്കാനും ഇന്ന് സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. സർക്കാറിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളും ദീർഘവീക്ഷണത്തോടെ ഉള്ള ഇടപെടലുമാണ് വകുപ്പിന് സ്ഥാപനങ്ങളെ ഇന്ന് ഈ നിലയിൽ എത്തിക്കാനായത്.

### നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ താഴെപ്പറയുന്ന പൊതുവായ പദ്ധതികൾ നടന്നുവരുന്നു

മരുന്നു വാങ്ങൽ : ആവശ്യത്തിനു മരുന്നിന്റെ ലഭ്യത ഇതുവഴി ഉറപ്പുവരുത്താൻ കഴിയുന്നു. സാന്ത്വന

പരിചരണ ആയുർവേദ ചികിത്സ ആവശ്യമുള്ള എല്ലാ കിടപ്പു രോഗികൾക്കും ഗൃഹ കേന്ദ്രീകൃത ചികിത്സ നൽകിവരുന്നു

ദൈനംദിന ചെലവുകൾ ( ഇലക്ട്രിസിറ്റി, ഫോൺ, സ്റ്റേഷനറി മുതലായ ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നു

കെട്ടിടവും മറ്റു ഭൗതിക സാഹചര്യങ്ങളും ഉണ്ടാക്കുകയും അറ്റ കുറ്റപണി നടത്തി സംരക്ഷിക്കുകയും ചെയ്തു വരുന്നു

പ്രാദേശികമായുള്ള പ്രത്യേകതയും ആവശ്യവും പരിഗണിച്ച് ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നൂതനമായ പദ്ധതികൾ നടന്നുവരുന്നു. ഉദാഹരണത്തിന് കോഴിക്കോട് ജില്ലയിലെ പുറക്കാട്ടിരി ആശുപത്രി കുട്ടികളുടെയും കൗമാരക്കാരുടെയും പഠന വൈകല്യങ്ങളും വളർച്ചകളും മറ്റും കൈകാര്യം ചെയ്യുന്ന സ്ഥാപനമാണ്

കൊല്ലം ജില്ലയിൽ സാന്ത്വന പരിചരണം : എല്ലാ ബ്ലോക്കിലും കൂടുതൽ കാര്യക്ഷമമാക്കാൻ പ്രത്യേക പദ്ധതി ഉണ്ടാക്കിയിട്ടുണ്ട്.

വിവിധ പഞ്ചായത്തുകളിൽ വയോജനങ്ങൾക്ക്, സ്ത്രീകൾക്ക് കുട്ടികൾക്ക് തുടങ്ങിയ പദ്ധതികൾ കടന്നു വരുന്നു

കൂടാതെ മെഡിക്കൽ ഓഫീസർ പൊതുജനാരോഗ്യം സമിതിയുടെ അംഗമായി പ്രവർത്തിക്കുന്നു

ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റിയിൽ അംഗമെന്ന നിലയിൽ പ്രവർത്തിക്കുന്നു

പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി അംഗമെന്ന നിലയിൽ മെഡിക്കൽ ഓഫീസർ പ്രവർത്തിക്കുന്നു

## സാധ്യതകൾ

കേരളത്തിലെ രോഗാതുരത കുറക്കാനും ജീവിത ഗുണനിലവാരം മെച്ചപ്പെടുത്താനും ആയുർവേദത്തിന്റെ സാധ്യതകൾ ഇനിയും മുഴുവനായി ഉപയോഗിക്കപ്പെടേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുത്ത് ഈ മേഖലയിൽ കൂടുതൽ ഇടപെട്ട് കേരളത്തിലെ പൊതുജനാരോഗ്യത്തിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവന്ന് മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാക്കാവുന്നതാണ്. ഉദാഹരണത്തിന് ആയുർവേദത്തിന്റെ ആരോഗ്യസംരക്ഷണത്തിൽ പ്രധാനമാണ് ദിനചര്യ, ആഹാരക്രമം എന്നിവ. ഇതിന്റെ പ്രായോഗികമായ ഉപയോഗം, വേണമെങ്കിൽ മറ്റ് സന്നദ്ധ സംഘടനകളെക്കൂടി ഉൾപ്പെടുത്തി ചെറുപ്പം മുതൽ തന്നെ ഉള്ള കുട്ടികൾക്ക് വിദ്യാലയങ്ങളിലും മറ്റും പ്രചരിപ്പിച്ച് ആരോഗ്യപൂർണമായ സമൂഹം കെട്ടിപ്പടുക്കാനുള്ള പദ്ധതികൾ ആരംഭിക്കാവുന്നതാണ്

അതുപോലെ ഔഷധ സസ്യങ്ങളുടെ പ്രാധാന്യം ചെറുപ്പം തൊട്ട് മനസ്സിലാക്കിക്കൊടുക്കാൻ ഔഷധ സസ്യകൃഷി പരിപോഷിപ്പിക്കാനും പ്രചരിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഒരു വീട്ടിൽ അഞ്ചു വിധത്തിലുള്ള ഔഷധങ്ങൾ എങ്കിലും നട്ടു പിടിപ്പിക്കുകയും ആയത് വിളവായാൽ തിരിച്ച് മേടിച്ച് ആയുർവ്വേദ മരുന്ന് നിർമ്മാണ കമ്പനികൾക്ക് എത്തിക്കുകയും ചെയ്യുന്നത് ഗുണ നിലവാരമുള്ള ഔഷധ നിർമ്മാണത്തിനും ആവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതോടപ്പം സാമ്പത്തിക മെച്ചവും ഉറപ്പ് വരുത്തും.

ഒരു ബ്ലോക്കിൽ എങ്കിലും മാതൃകാ ഔഷധ തോട്ടം നിർമ്മിക്കുന്നത് ജനങ്ങൾക്ക് ഔഷധസസ്യ കൃഷിയുടെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കാൻ അത്യാവശ്യമാണ്.

മെഡിക്കൽ ടൂറിസത്തിന്റെ അനന്തമായസാധ്യതകൾ ആയുർവേദ വിഭാഗത്തിലും ഉപയോഗിക്കാൻ പറ്റിയ രീതിയിലുള്ള പദ്ധതികൾ തയ്യാറാക്കുക

ആയുർവേദ ചികിത്സയ്ക്ക് മേൽക്കോയ്മ യുള്ള രോഗങ്ങൾ ചികിത്സ പ്രത്യേക കൊടുക്കുകയും പദ്ധതികൾ തയ്യാറാക്കുകയും ചെയ്യുക

## നിർദ്ദേശങ്ങൾ

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഭാരതീയ ചികിത്സ വകുപ്പിന്റെ സ്ഥാപനങ്ങൾ ആരംഭിക്കുക.

ആയുർവേദ സ്ഥാപനങ്ങളുടെ പേര് ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി എന്ന് മാറ്റി പ്രാഥമിക ആയുർവേദ ആരോഗ്യ കേന്ദ്രം എന്ന് പുനർനാമകരണം ചെയ്യുക.

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുകയോ അല്ലെങ്കിൽ സമാനമായി അത്യാവശ്യം വേണ്ട തസ്തികകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി മുഖേനയോ അനുവദിക്കുക.

സബ് സെന്ററുകൾ ഉള്ള സ്ഥാപനങ്ങളിൽ അത്യാവശ്യമായി അധിക തസ്തികകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കുക.

ആശാവർക്കർമാരുടെ സേവനം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക.

സാന്ത്വന പരിചരണ വിഭാഗത്തിൽ കൂടുതൽ കാര്യക്ഷമമായി ഇടപെടുക, എല്ലാ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണം ശാസ്ത്രീയമായും കാര്യക്ഷമമായും നടപ്പിലാക്കുക.

വൈവിധ്യമാർന്നതും നൂതനവും കാലികപ്രധാന പ്രാധാന്യം ഉള്ളതുമായ വ്യത്യസ്ത പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

എല്ലാ സ്ഥാപനങ്ങളിലും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, കാലാനുസൃതമായി നവീകരിക്കുക, വ്യാജ വൈദ്യത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുക

അനുയോജ്യമായ സ്ഥാപനങ്ങളിൽ ഓ.പി, പഞ്ചകർമ ചികിത്സ ആരംഭിക്കുക

സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ ആരംഭിക്കുക.

9495035736

83

## കോങ്ങാട് ഗ്രാമപഞ്ചായത്ത്

കോങ്ങാട്

സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഒന്നായ ആരോഗ്യ ഗ്രാമം എന്നാ വിഷയധിഷ്ഠിത ലക്ഷ്യങ്ങൾ നേടാനായി ചുക്കാൻ പിടിച്ചിരിക്കുകയാണ് പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് കിഴുലുള്ള കോങ്ങാട് ഗ്രാമ പഞ്ചായത്ത് 1993 ജൂൺ 9 നാണ് കോങ്ങാട് പ്രധാമിക ആരോഖ്യാ കേന്ദ്ര ത്തിനു വേണ്ടിയുള്ള കെട്ടിടം ഉദ്ഘാടനം ചെയ്തത് പിനീട് ഓരോരു കെട്ടിടങ്ങൾ വികസിപ്പിച്ചു ഇന്ന് കാണുന്ന സ്വകാര്യ മേഖകകളിൽ ഉള്ള ആശു പത്രികൾ അതിശയ്ക്കും വിധം പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് കീഴിലുള്ള സാമൂഹ്യ ആരോഗ്യ കേന്ദ്രം കോങ്ങാട് വളർന്നു വന്നു. ഇപ്പോൾ ഇത് ബ്ലോക്ക് കുടുബരോഗ്യ കേന്ദ്രം കോങ്ങാട് എന്ന് അറിയപ്പെ ടുന്നു. വിശാലമായ പാർക്കിംഗ് സൗകര്യവും 24 മണിക്കൂറും ആംബുലൻസ് സൗകര്യവും ഡോക്ടർസ് ന്റെ സേവനവും കോങ്ങാട് ബ്ലോക്ക് കുടുംബരോഗ്യ കേന്ദ്രത്തിൽ ലേഭ്യമാണ്. 18 വർഷമായി മുടങ്ങി കിട ന്നിരുന്ന കിടത്തി ചികിത്സ സംവിധാനം പ്രദേശവാസി കളുടെ നിരന്തരമായ അഭ്യർത്ഥന അനുസരിച്ചു ഈ കഴിഞ്ഞ 2024 നവംബർ 1 കേരള പിറവി ദിനത്തിൽ ഉദ്ഘാടനം ചെയ്തു. അതിന്റെ ഇന്ററീരിയൽ പ്രവർത്ത നങ്ങൾക്കായി പ്രേദേശവാസികളുടെ തന്നെ സംഭവ നയായ 10 ലക്ഷം രൂപ ചിലവഴിച്ചു. ബാക്കി ചിലവു കൾക്ക് പദ്ധതി വച്ചും വിനിയോഗിച്ചു. പുരുഷന്മാർ ക്കും സ്ത്രീകൾക്കും പ്രേത്യേകം ബെഡ് സംവിധാനം ശുചിമുറി സൗകര്യവും ഇവിടെ ലഭ്യമാണ്. പ്രാധമിക ധ്യുതിയ തൃദിയ കാത്തിരിപ്പ് സ്ഥലങ്ങൾ ഇവിടെ ഉണ്ട് 1.1.2024 മുതൽ ക്യൂ രഹിത സ്ഥാപനം ലക്ഷ്യത്തി ന്റെ ഭാഗമായി യൂസർ ഫ്രണ്ട്‌ലി ടോക്കൺ മെഷീൻ ഉം ഇവിടെ കാണാം, അത്യാതുനിക സൗകര്യങ്ങളോ ടുകൂടെ ഉള്ള ശുദ്ധികരിച്ച കുടിവെള്ളവും ഇസിജി ലബോറട്ടോറി, ഫാർമസി, എന്നിവയും കോങ്ങാട് CHC യുടെ പ്രത്യേകതയാണ്. ആധുനിക സംവിധാ നതോടുകൂടെ ഉള്ള ഫിസിയോതെറാ പ്പി, X ray, ECG, പോലെയുള്ള സൗകര്യങ്ങൾ ഇവിടെ നമുക്ക് വളരെ അതികം ആകർഷകമായിത്തന്നെ കാണാം. വരും വർഷങ്ങളിലേക്കു ഡയാലിസിസ് യൂണിറ്റ് തുടങ്ങു വാൻ ഉള്ള പദ്ധതി വച്ചിട്ടുണ്ട്. സൗരോർജ പദ്ധതി ഇവിടെ നടപ്പിലാക്കിട്ടുണ്ട് 24 മണിക്കൂറും ഡോക്ടർ സംവിധാനവും CHC യിൽ കുരുന്നുകളെ ആകർഷി ക്കും വിധം അലങ്കരിച്ച വാക്സിനേഷൻ ഹാൾ ഉം ഫീഡിങ് റൂം ഉം സംവിധാനം ഇവിടെ ഉണ്ട് പാലി യേറ്റീവ് ക്ലിനിക് സംവിധാനം ഇവിടെ ലഭ്യമാണ്. മാലിന്യ സംസ്കരണവുമായി ബന്ധപെട്ട പ്രവർത്ത നവും ഇവിടെ ഊർചിതമായി നടക്കുന്നു. ജീവിത ശൈലി രോഗങ്ങളെ ഓടിച്ചുവിടാൻ ഓപ്പൺ ജിമ്നഷ്യം സംവിധാനവും നടപ്പാ ക്കിട്ടുണ്ട്. കേരളത്തിലെ തന്നെ ആദ്യത്തെ സമ്പൂർണ വാക്സിനേഷൻ പൂർത്തീകരിച്ച പഞ്ചായത്ത് എന്നാ അംഗീകരം ലഭിച്ച കോങ്ങാട് ഗ്രാമ പഞ്ചായത്ത് ന്, കരുതലായി കൂടെയുണ്ട്, നേരറിവ്, നവജാതാശിശുക്കളെ ആധരിക്കൽ ഓപ്പറേഷൻ ഡ്രൈ ഡേ ജലശുദ്ധി ജീവിതശൈലി രോഗവുമായി ബന്ധപ്പെട്ട ആശമ്മാർക്കുള്ള കിറ്റ് വിതരണം ഗ്രാമീണ ആരോഗ്യ ക്ലിനിക് E സഞ്ജീവനി ഉദയം തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ കോങ്ങാട് ബ്ലോക്ക് കുടുംബരോഗ്യ കേന്ദ്രത്തിൽ നടത്തിവരുന്നു അന്താരാഷ്ട്ര നിലവാര മുള്ള അവസ്ഥയിലേക്ക് ഉയർത്താനുള്ള പ്രതീക്ഷയി ലാണ് ജനപ്രതിനിധികളും ഉദ്യോഗസ്ത്തരും.

84

## ആരോഗ്യം

പിലിക്കോട് ഗ്രാമപഞ്ചായത്ത്

1949 ൽ പിലിക്കോട് ഗ്രാമ പഞ്ചായത്ത് രൂപീകൃത മായി. ജനകീയാസൂത്രണ പദ്ധതി യുടെ ഭാഗമായി ദേശീയതലത്തിൽ തന്നെ ശ്രദ്ധേയമായ വികസന മാതൃകകൾക്ക് രൂപം നൽകാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. സമ്പർണ്ണ ശുചിത്വ പദ്ധതിയിലൂടെ പഞ്ചായ ത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ശുചി ത്വമുള്ള കക്കൂസ് സ്ഥാപിച്ചുകൊണ്ട് രാജ്യത്തെ പ്രഥമ നിർമ്മൽ പുരസ്കാരം, ഊർജ്ജയാനം ജനകീയ ഊർജ്ജ സംരക്ഷണ പദ്ധതിയി ലൂടെ ഇന്ത്യയിലെ ആദ്യത്തെ ഫിലമെന്റ് ബൾബ് രഹിത ഗ്രാമ പഞ്ചായ ത്ത്, ഊർജ്ജ സംരക്ഷണത്തിന് ദേശീയതലത്തിൽ മാതൃകയാക്കിയ നിരവധി അനുബന്ധ പദ്ധതി കൾ,സ്വരാജ് ട്രോഫി,ജൈവ വൈവിധ്യ പരിപാലന അവാർഡ്, വയോസേവാ അവാർഡു കൾ പഞ്ചായ ത്തിന്റെ വികസന മാതൃകകൾക്കുള്ള അടയാളപ്പെ ടുത്തലുകളാണ്. സംസ്ഥാനത്ത് ജനകീയാസൂത്രണ

പദ്ധതികളുടെ നിർവ്വഹണത്തിൽ മികവുറ്റ പ്രവർത്തന പാരമ്പര്യം പഞ്ചായത്തിനുണ്ട്.

മാതൃശിശു സംരക്ഷണ മേഖലയിലെ ഇടപെടൽ - സമ്പൂർണ വാക്സിനേഷൻ ഗ്രാമം

വിളർച്ച വിമുക്ത ഗ്രാമ പഞ്ചായത്ത് - സ്ത്രീകളിലെ വിളർച്ച പരിശോധനയ്ക്കും ചികിത്സയ്ക്കുമുള്ള പ്രവർത്തനങ്ങൾ

തളിര് - കൗമാര ആരോഗ്യ പദ്ധതി

ഓജസ്സ് - ജീവിത ശൈലീ രോഗ നിയന്ത്രണത്തിനായുള്ള സമഗ്ര ഇടപെടൽ

സ്നേഹക്കൂട് - വയോജന ആരോഗ്യ പരിപാലന പദ്ധതി

ആവൃത്തി- ആവർത്തിച്ചുള്ള പരിശോധന ആഹാരവൃത്തിക്ക് -ഭക്ഷ്യസുരക്ഷാ പരിപാടി

ആരോഗ്യജാഗ്രത – നിർമ്മാർജ്ജന ഘട്ടത്തിലുള്ള ക്ഷയരോഗം, കുഷ്ഠരോഗം എന്നിവയ്ക്കെതിരായ പ്രവർത്തനങ്ങൾ.

ഫിസിയോതെറാപ്പി യൂനിറ്റ് - സൗജന്യ ഫിസിയോതെറാപ്പി സംവിധാനം.

ഡയാലിസിസ് രോഗികൾക്ക് മരുന്നും മറ്റ് അനുബന്ധ സാധനങ്ങളും ലഭ്യമാക്കൽ.

85

# ഹോമിയോപ്പതി

വല്ലപ്പുഴ

ജൂൺ 1 -2023

അന്താരാഷ്ട്ര യോഗദിനത്തോടനുബന്ധിച്ച് യോഗ ക്ലബ്ബ് രൂപീകരണവും അന്താരാഷ്ട്ര യോഗ ദിനാചരണവും നടന്നു

27/09/2023

ആയുഷ്മാൻ ഭവ ക്യാമ്പയിന്റെ ഭാഗമായി ABHA രജിസ്ട്രേഷൻ ക്യാമ്പ് & ഹെൽത്ത് കാർഡ് വിതരണം ജി എച്ച് ഡി വല്ലപ്പുഴയിൽ വച്ച് നടത്തി 27.09.2023-ന് ഉദ്ഘാടനം ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡണ്ട് എം കെ അബ്ദുല്ലത്തീഫ് നിർവ്വഹിച്ചു.

09/10/2023

ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി വല്ലപ്പുഴയുടെ ഓൺലൈൻ ഒ.പി ഉദ്ഘാടനം ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു

13/11/2023

കേരള സർക്കാർ ഹോമിയോപ്പതി വകുപ്പിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വനിതകൾക്കുള്ള ഷീ ഹെൽത്ത് ക്യാമ്പയിൻ അപ്പംകണ്ടം സെന്ററിൽ വച്ച് ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം നിർവഹിച്ചു

01/10/2024

നാഷണൽ ആയുഷ്മാൻ വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് ജി.എച്ച്.ഡി വല്ലപ്പുഴയുടെ സംയുക്താഭിമുഖ്യത്തിൽ ചേരിക്കല്ല് ഗ്രാമ സംസ്കൃതി ഗ്രന്ഥശാലയിൽ വച്ച് നടത്തി.

01/10/2024

വയോജനങ്ങൾക്കായി ജറിയാട്രിക്ക് മെഡിക്കൽ ക്യാമ്പ് നടത്തി

2021 - 22

കോവിഡ് 19 ന്റെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വല്ലപ്പുഴ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും ബൂസ്റ്റർ നൽകി

86

# Empowering Education: An Exploration of Unnathi Programmes Impact on Quality Education

Anu Roy

Quality education is the cornerstone of sustainable development, ensuring that every individual acquires the knowledge, skills, and competencies necessary to lead a productive and fulfilling life. The United Nations Sustainable Development Goal 4 (SDG 4) emphasizes inclusive and equitable quality education and promotes lifelong learning opportunities for all. In this context, the UNNATHI Programme emerges as a transformative educational initiative aimed at the holistic development of marginalized students, particularly in Attapadi, a tribal region in Kerala. This programme focuses on addressing the systemic barriers that hinder access to quality education for tribal children, fostering inclusive education by integrating academic, social, and emotional development.

This study seeks to explore the impact of the UNNATHI Programme on enhancing the quality of education for marginalized students and to examine how Gram Panchayats can adopt similar initiatives to uplift tribal and underprivileged children in their respective regions. The methodology involves reviewing the current status and effectiveness of the UNNATHI Programme and identifying ways in which Gram Panchayats can institutionalize similar support structures. By analysing the existing framework, the study aims to provide a replicable model that local governance bodies can implement to bridge educational disparities.

The findings suggest that Gram Panchayats, through targeted interventions, can play a crucial role in transforming the educational landscape for marginalized children. Drawing inspiration from how Kerala's youth mobilized during the flood crisis, a similar approach can be adopted, where qualified young volunteers can provide tuition and mentorship for tribal students. Additionally, leveraging existing infrastructure—such as Anganwadi centres, Panchayat halls, and community spaces—can create safe learning environments for these children. Moreover, identifying and training teachers proficient in the local language and culturally sensitive pedagogy can significantly improve student engagement and learning outcomes.

Ultimately, this study advocates for a collaborative approach, where Gram Panchayats, educators, and local communities join forces to institutionalize sustainable educational support systems. By implementing structured policy interventions and community-driven initiatives, local self-governments can ensure that marginalized students receive the quality education they deserve, aligning with the broader vision of SDG 4 and fostering long-term social empowerment.

**Keywords:** Quality Education, UNNATHI Programme, Inclusive Education, Marginalized Students, Gram Panchayats, Holistic Development, Educational Upliftment, Community Engagement, Tribal Education, Educational Interventions, Social Empowerment.

87

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അനൗപചാരിക വിദ്യാഭ്യാസവും

ഡോ. ജെ. വിജയമ്മ

സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ ഒരു ലോകക്രമം രൂപപ്പെടുന്നതുവരെ നവോത്ഥാനത്തിന്റെയും സാമൂഹ്യ പരിഷ്കരണത്തിന്റെയും സന്ദേശങ്ങളും പ്രവർത്തനങ്ങളും അവസാനിപ്പിക്കാനാകില്ല. ഇതിനായി കേരള സമൂഹത്തെ ഒന്നാകെ അറിവിന്റെയും വിജ്ഞാനത്തിന്റെയും നിരന്തര ഇടപെടലിന്റെ ഭാഗമാക്കണം. വൈജ്ഞാനിക സമ്പദ് വ്യവസ്ഥയിൽ അധിഷ്ഠിതമായ വിജ്ഞാനസമൂഹമായി നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം പ്രാവർത്തികമാകത്തക്കവിധം തദ്ദേശസ്ഥാപനങ്ങൾ മുഖേന സാമൂഹ്യവികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും ജനങ്ങൾക്കരികെ എത്തിക്കുന്നതോടൊപ്പം അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ നിരന്തര പഠന ബോധനപ്രക്രിയയുടെ ഭാഗമാക്കാനും കഴിയും.

അധികാര വികേന്ദ്രീകരണത്തിന്റെ ഇരുപത്തഞ്ചാം വാർഷികം പൂർത്തീകരിച്ച സാഹചര്യത്തിൽ കാര്യശേഷിവികസനം ചർച്ച ചെയ്യപ്പെടുമ്പോൾ ഔപചാരികവിദ്യാഭ്യാസത്തിന് സമാന്തരമായി തദ്ദേശസ്ഥാപനങ്ങളുടെ സഹായത്തോടെ അനൗപചാരികവിദ്യാഭ്യാസത്തിലൂടെ കേരളത്തിൽ പാർശ്വവത്കരിക്കപ്പെടാത്ത ഒരു സമൂഹം പടുത്തുയർത്തുന്നതിനായി സർക്കാർ സാക്ഷരതാമിഷനിലൂടെ നടപ്പാക്കുന്ന സാക്ഷരത തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വർധിച്ച പ്രസക്തിയുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ ഔപചാരിക വിദ്യാഭ്യാസം ലോകോത്തരമാക്കുമ്പോൾ കേരളസമൂഹം അരികുവൽക്കരിക്കാതിരിക്കാൻ അനൗപചാരിക പഠനത്തിനു പ്രാധാന്യം നൽകുന്നു.

കേരളത്തിൽ വളർന്നുവന്ന നവോത്ഥാനചിന്തകളും സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളും ദേശീയ സ്വാതന്ത്ര്യപ്രക്ഷോഭവും ജനങ്ങളിൽ അറിവായി രൂപാന്തരപ്പെടുകയും വഴിനടക്കൽ, വസ്ത്രധാരണം, ക്ഷേത്രപ്രവേശനം, വിദ്യാഭ്യാസം തുടങ്ങിയ മനുഷ്യന്റെ അടിസ്ഥാന ജീവിതാവശ്യങ്ങൾ നേടിയെടുക്കുന്നതിന് ഊർജം പകരുകയും ചെയ്തു. 1957 ൽ കേരളസർക്കാർ സാർവത്രികവും നിർബന്ധിതവുമായ സ്കൂൾ വിദ്യാഭ്യാസം നൽകുന്നതിനുള്ള നിയമം പാസാക്കിയതും 1967-ൽ പത്താം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസം സൗജന്യമാക്കിയതും അറിവിന്റെ ജനാധിപത്യവൽക്കരണത്തിന് പശ്ചാത്തലമൊരുക്കി. പഞ്ചായത്തീരാജ് ബിൽ പാർലമെന്റിൽ പാസാക്കിയതിന്റെ പിന്നാലെ കേരളത്തിൽ രൂപപ്പെട്ട 1996-ലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിൽ നിന്നും സാക്ഷരതാ മിഷൻ അതോറ്റി എന്ന ആശയമുണ്ടാവുകയായിരുന്നു. ജനകീയവിദ്യാഭ്യാസവും ജനകീയ സാക്ഷരതാപ്രസ്ഥാനവും രൂപപ്പെടുത്തിയതിലൂടെ കേരളസമൂഹം വിജ്ഞാനത്തിന്റെയും വികസനത്തിന്റെയും നേർക്കാഴ്ചയായി മാറുകയും ഇന്നും ഇത് തുടരുകയും ചെയ്യുന്നു.

കേരളത്തിലുണ്ടായ മേൽപ്പറഞ്ഞ സാഹചര്യങ്ങൾ ഒരു സാക്ഷര സമൂഹം രൂപപ്പെടുന്നതിന് സഹായകമാകുകയും നിരക്ഷരരെ സാക്ഷരരാക്കണമെന്ന ബോധ്യത്തിൽ 1989-ൽ സാക്ഷരതായജ്ഞത്തിന് തുടക്കം കുറിക്കുകയും ചെയ്തു. സർക്കാർ സംവിധാനങ്ങളും സന്നദ്ധ സംഘടനകളും വിദ്യാർഥികളും ഉൾപ്പെടെ അണിനിരന്ന് നിരക്ഷരതാ നിർമാർജനം ഏറ്റെടുത്തു. വായനശാലകളും നിശാപാഠശാലകളും നിരക്ഷരതാ നിർമാർജന കേന്ദ്രങ്ങളാക്കി മാറി.

1991 ഏപ്രിൽ 18 ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ കെ നായനാരുടെ സാന്നിധ്യത്തിൽ ചേലക്കോടൻ ആയിഷുമ്മ കേരളം സമ്പൂർണ സാക്ഷരത നേടിയ സംസ്ഥാനമായി പ്രഖ്യാപിച്ചു.

തുടർവിദ്യാസ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലായി 08/07/1997-ലെ സർക്കാർ ഉത്തരവ്. 0 (MS) No. 163/97/GI Edn പ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷൻ രൂപവൽക്കരിച്ചു. ദേശീയ സാക്ഷരതാ മിഷന്റെ കൂടി സാമ്പത്തിക പിൻതുണയോടെ 2000-ൽ തുടർവിദ്യാഭ്യാസം ആരംഭിച്ചു. എന്നാൽ 2008-ൽ കേന്ദ്രം സാമ്പത്തികസഹായം നിർത്തലാക്കിയതു മുതൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തികപരവും നയപരവുമായ പിൻതുണയോടെയാണ് സ്ഥാപനത്തിന്റെ പ്രവർത്തനം നടപ്പാക്കിവരുന്നത്. സമ്പൂർണ സാക്ഷരതാ പ്രഖ്യാപനം നടത്തിയ ചേലക്കോടൻ ആയിഷുമ്മ, നാരീശക്തി പുരസ്കാര ജേതാക്കളായ കാർത്ത്യായായനി അമ്മ, ഭാഗീരഥി അമ്മ എന്നിവർ സാക്ഷരതാമിഷനിലൂടെ കേരളത്തെ ലോക ശ്രദ്ധയിൽ എത്തിച്ച വനിതകളാണ്.

സാക്ഷരതാ കോഴ്സിനൊപ്പം നാലാം തരം, ഏഴാം തരം, പത്താം തരം, ഹയർ സെക്കൻഡറി തുല്യതാ കോഴ്സുകളിലൂടെ ലക്ഷക്കണക്കിന് നിരക്ഷരരെ സാക്ഷരരാക്കുന്നതിനും തുല്യതാ കോഴ്സുകളുടെ ഗുണഭോക്താക്കളാക്കുന്നതിനും കഴിഞ്ഞു. ഉന്നതവിദ്യാഭ്യാസം, വിദേശപഠനം, ജോലിക്കയറ്റം, തൊഴിൽ ലഭ്യത എന്നിവയോടൊപ്പം കുടുംബശ്രീ പ്രവർത്തനം, ജനാധിപത്യ ഭരണസംവിധാനം, പൊതു ഇടങ്ങൾ എന്നിവിടങ്ങളിലേക്കുള്ള എത്തിപ്പെടൽ, സാമൂഹ്യ-സാംസ്കാരിക മുന്നേറ്റം എന്നിവ സ്വായത്തമാക്കുന്നതിന് പഠിതാക്കൾക്ക് സഹായകമാകുകയും അതുവഴി കേരളസമൂഹം സാമൂഹ്യ- സാംസ്കാരിക മേഖലകളിൽ കൂടുതൽ ശക്തിയാർജിക്കുകയും ചെയ്തു. പാർശ്വവൽക്കരിക്കപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ

എത്തിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി നിരവധി പദ്ധതികൾ സാക്ഷരതാമിഷൻ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

അദൃശ്യരും കുടുംബത്തിൽപ്പോലും അവഗണിക്കപ്പെട്ടവരുമായി കേരളസമൂഹത്തിൽ ദയനീയ ജീവിതം നയിക്കുന്ന ട്രാൻസ് വിഭാഗത്തെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി ഇവരിലെ വിദ്യാഭ്യാസ തുടർച്ച നഷ്ടമായവർക്ക് തുടർവിദ്യാഭ്യാസം നൽകാനായി സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെ സമന്വയ പദ്ധതിയും മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് തൊഴിലന്വേഷകരായി കേരളത്തിൽ എത്തിയവരെ മലയാളം പഠിപ്പിക്കുന്ന ചങ്ങാതി പദ്ധതിയും ഇന്ത്യയിൽ ആദ്യമായി നടപ്പാക്കിയ സംസ്ഥാനം കേരളമാണ്. കടലോര മേഖലയിലെ നിരക്ഷരതാ നിർമാർജനത്തിനായി അക്ഷരസാഗരം, പട്ടികജാതി വിഭാഗത്തിന്റെ പഠനമുന്നേറ്റത്തിനായി നവചേതന, മലയോരമേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി സമഗ്ര, അട്ടപ്പാടി ആദിവാസി സാക്ഷരത, വയനാട് ആദിവാസി സാക്ഷരത തുടങ്ങി നിരവധി പദ്ധതികൾ സാക്ഷരതാമിഷൻ നടപ്പാക്കി.

പാതിവഴിയിൽ പഠനം നിലച്ചവർക്കായി, തിരുവനന്തപുരം നഗരസഭയിലെ 100 വാർഡുകളിലെയും ജനങ്ങൾക്ക് തിരുവനന്തപുരം കോർപറേഷന്റെ ധനസഹായത്തോടെ അക്ഷരശ്രീ പദ്ധതി, കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ധനസഹായത്തോടെ പത്താമുദയം പദ്ധതി, എൻ എച്ച് എമ്മുമായി ചേർന്ന് ആശാപ്രവർത്തകർക്കായി പത്താം തരം, ഹയർ സെക്കൻഡറി തുല്യതാ കോഴ്സുകൾ, ജയിൽ തടവുകാർക്കായി ജയിൽ ജ്യോതി, സ്ത്രീ മുന്നേറ്റം ലക്ഷ്യമാക്കി മുന്നേറ്റം, കുടുംബശ്രീ പ്രവർത്തകർക്കായി സമ തുടർവിദ്യാഭ്യാസ പരിപാടി, കാഴ്ചപരിമിതർക്കായി ബ്രെയിലി സാക്ഷരത എന്നിവയും മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകൾ കൈകാര്യം ചെയ്യുന്നതിനായി സർട്ടിഫിക്കറ്റ് കോഴ്സുകളും നടപ്പാക്കിവരുന്നു.

പരിസ്ഥിതി സാക്ഷരത, ഭരണഘടനാ സാക്ഷരത, ജൻഡർ സാക്ഷരത, പൗരധ്വനി തുടങ്ങി നിരവധി കാലിക പ്രാധാന്യമുള്ള സാമൂഹ്യ സാക്ഷരതാപരിപാടികളും നടപ്പാക്കുന്നുണ്ട്. സർക്കാർ നടപ്പാക്കുന്ന ഡിജികേരള പദ്ധതിയിലും സാക്ഷരതാമിഷൻ പങ്കാളിയാണ്. വർഷങ്ങൾക്ക് ശേഷം കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ കേന്ദ്രാവിഷ്കൃത സാക്ഷരതാ പദ്ധതിയായ പഠനാ ലിഖ്നാ അഭിയാൻ 2020-21-ൽ നടപ്പാക്കി. 2022-ൽ അഞ്ചു വർഷത്തേക്ക് ന്യൂ ഇൻഡ്യ ലിറ്ററസി പ്രോഗ്രാമും (എൻ ഐഎപി) ആരംഭിച്ചു.

22.09.2023 ലെ (കൈ) നം. 140/G. Edn നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയെയും സാക്ഷരതാ പ്രേരക്മാരെയും തദ്ദേശ സ്വയംഭരണവകുപ്പിന്റെ ഭാഗമാക്കിക്കൊണ്ടുള്ള ഉത്തരവിലൂടെ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ അടിത്തട്ടിൽ കാര്യക്ഷമമാക്കാൻ പ്രാദേശിക സർക്കാരുകളുടെ ഇടപെടലിന്റെ ആവശ്യകതയും പ്രസക്തിയും ചേർത്തു വായിക്കാൻ കഴിയും. കേരള സമൂഹത്തെയാകെ നിരന്തരം പഠനബോധനപ്രക്രിയകളിൽ ഏർപ്പെടുത്തുന്നതിനായി അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതുണ്ട്. സമൂഹത്തോട് ചേർന്നുനിൽക്കുന്ന ഭരണ സംവിധാനം എന്ന നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സാക്ഷരത തുല്യത - സാമൂഹ്യ സാക്ഷരതാ പരിപാടികളിലൂടെ മാനവ വിഭവശേഷി വർധിച്ചുകൊണ്ട് നവകേരളം വികസിത കേരളം എന്ന സ്വപ്നം കൂടുതൽ കാര്യക്ഷമവും യാഥാർഥ്യവുമാക്കാൻ കഴിയും.

**88**

# Decentralisation in School Education: An Analysis of Institutional Structures in School and Local Governments for School Governance

Dr. N. Ajith Kumar[1], Aswathi Rebecca Asok[2] & Dr. Bibin Thambi[3]

Kerala's education system has long been recognised for its achievements in literacy and decentralised governance. This study explores the impact of decentralisation on school education in Kerala, focusing on the role of Local Governments (LGs) in improving school quality, accessibility and community participation. The People's Planning Campaign (PPC), initiated in 1996, facilitated a structural shift by transferring financial and administrative responsibilities to LGs, leading to increased local engagement in school management. The research examines institutional structures such as Panchayat Education Committees (PECs),

Parent-Teacher Associations (PTAs), and School Management Committees (SMCs), analysing their effectiveness in school governance.

Through case studies and budgetary analysis, the study highlights best practices and challenges in decentralisation efforts, particularly in community-driven interventions and resource allocation. Findings indicate that while decentralisation has strengthened school infrastructure and local accountability, gaps remain in institutional coordination, and overall quality of education. The report highlights the need for policy refinements to enhance the role of LGs in ensuring equitable and quality education. The insights from this study offer valuable lessons for broader education governance reforms in Kerala.

1. Director, CSES Kochi
2. Research Scholar in Portsmouth University, UK
3. Senior Research Officer, CSES Kochi

**89**

# Rural Libraries and Local Governance The Experience of Mayyil Panchayath, Kannur

Rishna K.K.

**Abstract**

Rural libraries in Kerala have now evolved far beyond their usual role as mere book lending and reading spaces for certain people. Today, they serve as vibrant socio-cultural hubs that foster active discussions, public engagement, and stronger community relations in villages. Constantly and actively organizing innovative programs, political discussions, and festivities for different segments of society, libraries play a vibrant and dynamic role in the lives of the rural population. These libraries have become essential cultural centers that integrate diverse segments of the local population, supported by robust infrastructure and dedicated human resources. This paper explores the potential for local government organizations to collaborate with rural libraries to enhance governance and community development. Taking the case of Mayyil Grama Panchayath, an agricultural village known for having the largest number of rural libraries in India, the study highlights how these institutions contribute to local governance. Mayyil boasts 35 rural libraries registered with the State Library Council, collectively holding more than 300,000 books. Each ward assembly in the village has at least two libraries, underscoring their accessibility and prominence within the community. A formal partnership has been established between rural libraries and the local government to facilitate public relations activities. These libraries provide their facilities and infrastructure for implementing government projects and programs, creating a mutually beneficial relationship. By leveraging libraries as platforms for citizen participation and using their resources to support the policies and initiatives of local governing bodies, this collaboration contributes significantly to development efforts. The study aims to analyze the scope and opportunities for rural libraries in strengthening local governance. It discusses how these institutions can act as catalysts for participatory governance, fostering community engagement and ensuring effective implementation of development projects through a shared vision between libraries and local governments

Researcher, Former President, Mayyil Grama Panchayath, Kannur

# 90

# Revitalizing Education in Kerala: A Critical Analysis of the Existing Education System -the role of local self-government institutions and Proposed Amendments for Sustainable Development

Vineetha V.T.

Kerala, a state in southwestern India, has long been renowned for its impressive literacy rates and robust education system. However, despite its impressive track record, Kerala's education system is facing unprecedented challenges, including outdated curricula, inadequate infrastructure, and insufficient community involvement. As the state strives to maintain its position as a leader in education, it is essential to critically examine the existing education system, explore the role of local self-government institutions in revitalizing education, and propose amendments that prioritize sustainable development. This critical analysis aims to provide a comprehensive understanding of the complexities surrounding Kerala's education system and offer actionable recommendations for revitalizing education in the state.

Challenges faced by stakeholders in the current education system:

**Students**

1. **Lack of personalization:** One-size-fits-all approach to education, failing to cater to individual needs and learning styles.
2. **Inadequate infrastructure:** Insufficient resources, outdated textbooks, and poor digital connectivity hinder effective learning.
3. **High stress levels:** Overemphasis on standardized testing, academic pressure, and competition lead to stress and anxiety.
4. **Limited career guidance:** Inadequate support for career exploration, skill development, and vocational trainings

The curriculum is often focused on theoretical knowledge rather than practical skills, leaving students unprepared for the demands of the modern job market. Additionally, the education system places a strong emphasis on rote learning, which discourages critical thinking and creativity.

**the lack of exposure to industry and practical experience.** Many students in Kerala graduate without having any real-world experience, making it difficult for them to compete with students from other states who have had internships, apprenticeships, and other forms of practical training. Furthermore, the job market in Kerala is highly competitive, with many qualified candidates vying for a limited number of jobs. This means that students need to have a strong set of skills and knowledge to stand out from the crowd. However, many students from Kerala lack the skills and knowledge required to compete in this job market.

To address this issue, the government and educational institutions in Kerala need to take a number of steps. Firstly, the curriculum needs to be updated to include more practical skills and knowledge. This could include vocational training, apprenticeships, and internships. Secondly, educational institutions need to provide more opportunities for students to gain practical experience. This could include partnerships with industry, guest lectures, and project-based learning.

**Teachers**

1. **Heavy workload:** Excessive administrative tasks, large class sizes, and limited resources lead to burnout.

2. **Lack of professional development:** Insufficient training, mentoring, and support for teacher growth and development.
3. **Limited autonomy:** Overly prescriptive curriculum, teaching methods, and assessment strategies restrict teacher creativity and innovation.
4. **Poor student behavior:** Discipline issues, lack of motivation, and disengagement from learning hinder effective teaching.
5. **Job Satisfaction:** Teachers' job satisfaction is influenced by factors such as pay, work promotion, recognition, working conditions, and benefits
6. **Institutional Commitment:** Teachers' commitment to their institutions is affected by their job satisfaction and the school climate
7. **Professional Development:** Teachers' professional development is crucial for improving the quality of education. A textbook on professional development highlights the importance of teacher education, research, and quality in education

**Parents**

1. **Lack of involvement:** Limited opportunities for parental engagement, decision-making, and feedback.
2. **Insufficient communication:** Poor communication from schools about student progress, academic expectations, and school policies.
3. **High expectations:** Pressure to ensure children's academic success, often leading to stress and anxiety.
4. **Limited resources:** Difficulty accessing resources, support, and services for children with special needs or learning difficulties.

**Administrators**

1. **Funding constraints:** Limited budgets, inadequate resources, and competing priorities hinder effective school management.
2. **Regulatory burdens:** Overly complex regulatory frameworks, paperwork, and compliance requirements divert time and energy from core educational goals.
3. **Teacher shortages:** Difficulty recruiting, retaining, and developing high-quality teachers, particularly in subject areas with shortages.
4. **Community engagement:** Challenges in engaging with local communities, building partnerships, and fostering collaborative relationships.

These challenges highlight the need for a more holistic, student centred and inclusive approach to education, addressing the diverse needs and concerns of all stakeholders. The current education system prioritizes rote learning over critical thinking, creativity, and problem-solving skills. This approach fails to prepare students for the demands of the 21st century. Furthermore, inadequate infrastructure, outdated textbooks, and insufficient digital connectivity exacerbate the issues.

**To align Kerala's education system with global standards and sustainable development goals, the following amendments may be necessary:**

**Curriculum Reforms**

1. **Incorporate 21st-century skills:** Integrate skills like critical thinking, creativity, and problem-solving into the curriculum.
2. **Emphasize STEM education:** Strengthen STEM education (science, technology, engineering, and mathematics) to prepare students for emerging technologies.
3. **Integrate environmental education:** Incorporate environmental education and sustainability practices into the curriculum.
4. **Promote digital literacy:** Integrate digital literacy and online skills into the curriculum.

**Teacher Training and Development**

1. **Regular teacher training:** Provide regular training and capacity-building programs

for teachers to enhance their skills and knowledge.

2. **Teacher mentoring:** Establish teacher mentoring programs to support new teachers and promote best practices.
3. **Teacher accountability:** Implement teacher accountability measures to ensure teachers are held responsible for student outcomes.

**Infrastructure and Resources**

1. **Upgrade school infrastructure:** Upgrade school infrastructure, including classrooms, libraries, and digital facilities.
2. **Access to technology:** Ensure all students have access to technology, including computers, tablets, and internet connectivity.
3. **Inclusive education:** Ensure schools are inclusive and accessible for students with disabilities.

**Assessment and Evaluation**

1. **Competency-based progression:** Implement competency-based progression, where students progress based on demonstrated mastery of skills and knowledge.
2. **Continuous assessment:** Implement continuous assessment and feedback to support student learning.
3. **Standardized testing:** Review and refine standardized testing to ensure it aligns with global standards.

**Community Engagement and Partnerships**

1. **Community involvement:** Foster community involvement in education through regular meetings and workshops.
2. **Partnerships with NGOs:** Partner with NGOs and private organizations to access resources, expertise, and funding.
3. **Industry partnerships:** Establish partnerships with local industries to provide vocational training and job opportunities.

**Governance and Accountability**

1. **Decentralized decision-making:** Empower local governments to make decisions on education, ensuring responsiveness to local needs.
2. **Accountability measures:** Implement accountability measures to ensure schools and teachers are held responsible for student outcomes.
3. **Transparency and reporting:** Ensure transparency and reporting on education outcomes, including student achievement and school performance.

These amendments can help align Kerala's education system with global standards and sustainable development goals, ensuring students are prepared for the challenges of the 21st century.

**Role of local self- governments institutions**

Local self-government institutions, such as panchayats and municipalities, are crucial in addressing challenges in quality and inclusive education. However, they require greater autonomy, capacity building, and funding support to drive meaningful change.

**Local self-governments in Kerala can contribute to revitalizing education and promoting sustainable growth by:**

**Education Revitalization**

1. **Improving Infrastructure:** Upgrade school infrastructure, including classrooms, libraries, sick rooms, labs and digital facilities as per the needs of each level of schooling. consulting school authorities and PTA and SMC before finalising the school infrastructure should be made mandatory. Most of the newly built infrastructure facilities of schools in state does not even have basic amenities. Which shows the lack of responsibility and accountability from the part of administrators.
2. **Teacher Training:** Provide regular training and capacity-building programs for teachers which includes counselling and personality

development for all levels of teachers (pre-school to HSS level)

3. **Community Engagement:** Foster partnerships with local communities, parents, and NGOs to support education initiatives. Conducting social audits and public Sabha's on various matters will ensure community participation.

**Innovative Programs: Introduce innovative programs, such as vocational training, skill development, and entrepreneurship initiatives.**

### Promoting Sustainable Growth

1. **Vocational Training:** Focus on vocational training and skill development to prepare students for the workforce.
2. **Entrepreneurship:** Encourage entrepreneurship and innovation among students and local communities.
3. **Environmental Education:** Integrate environmental education and sustainability practices into school curricula.
4. **Digital Literacy:** Promote digital literacy and online skills to prepare students for the digital economy.

### Empowering Local Communities

1. **Decentralized Decision-Making:** Empower local communities to participate in education decision-making.
2. **Community-Led Initiatives:** Support community-led initiatives and projects that promote education and sustainable growth.
3. **Parental Involvement:** Encourage parental involvement in education through regular meetings and workshops.

### Fostering Partnerships

1. **Collaborate with NGOs:** Partner with NGOs and private organizations to access resources, expertise, and funding.
2. **Industry Partnerships:** Establish partnerships with local industries to provide vocational training and job opportunities.
3. **Academic Institutions:** Collaborate with academic institutions to access research, expertise, and resources.

## Challenges Faced by Local Self-Governments:

### Financial Constraints

1. **Limited funds:** Insufficient allocation of funds for education, hindering infrastructure development and resource provision.
2. **Inequitable Resource Allocation:** District panchayats tend to prioritize secondary and higher secondary sections over primary sections, leaving primary students with limited resources
3. **Limited Autonomy:** Local governments have limited authority over aided schools, which comprise over 50% of schools in the state, making it difficult to implement uniform education policies
4. **Dependence on state government:** Local self-governments rely heavily on state government funding, limiting their autonomy.

### Infrastructure and Resources

1. **Aging infrastructure:** Many schools lack modern facilities, including classrooms, libraries, and digital infrastructure.
2. **Shortage of teachers:** Insufficient teacher recruitment and retention, particularly in rural areas.
3. **Outdated textbooks and materials:** Inadequate resources and outdated study materials hinder effective learning.

### Governance and Administration

1. **Limited autonomy:** Local self-governments have restricted authority over education, hindering decision-making and innovation.

2. **Bureaucratic hurdles:** Complex administrative procedures slow down decision-making and implementation.

**Capacity Building and Training**

1. **Limited training opportunities:** Insufficient training and capacity-building programs for local government officials and educators.
2. **Lack of expertise:** Limited expertise in areas like education policy, planning, and implementation. This limited expertise can be attributed to several factors. Firstly, local self-government officials may not have the necessary qualifications or experience in education policy and planning. Many of these officials are elected representatives who may not have a background in education. Secondly, the training and capacity-building programs provided to local self-government officials may not be adequate or relevant to their needs. Finally, the lack of resources and infrastructure can also hinder the ability of local self-governments to develop expertise in education policy and planning. it can lead to ineffective planning and implementation of education programs, resulting in poor outcomes for students. Secondly, it can lead to a lack of accountability and transparency in education spending, resulting in inefficiencies and corruption. Finally, it can also lead to a lack of responsiveness to the needs of local communities, resulting in education programs that are not relevant or effective.

To address this challenge, several strategies can be employed. Firstly, the state government can provide training and capacity-building programs for local self-government officials in education policy, planning, and implementation. Secondly, local self-governments can partner with NGOs, academic institutions, and other organizations to access expertise and resources. Finally, the state government can also provide incentives and support to local self-governments that demonstrate expertise and innovation in education policy and planning.

**Community Engagement and Participation**

1. **Limited community involvement:** Insufficient community participation in education decision-making and initiative implementation.
2. **Social and economic disparities:** Persistent social and economic disparities hinder equitable access to quality education.

**Digital Divide**

1. **Limited digital infrastructure:** Insufficient digital infrastructure, including internet connectivity and devices, hinders online learning.
2. **Digital literacy:** Limited digital literacy among students, teachers, and local government officials.

Addressing these challenges requires a multi-faceted approach, involving policy reforms, capacity building, community engagement, and resource mobilization. local self-governments in Kerala must work towards more equitable resource allocation, increased autonomy, and improved education quality. This can be achieved by implementing reforms, such as extending support initiatives to aided schools and strengthening community participation in education decision-making.

---

Thematic expert, Kanjirappally, Kottayam

91

# Establishing Campus Network Systems: The Role of Higher Education in Advancing Sustainable Standards

Abhirami K.P.

The 2030 Agenda, guided by the United Nations Sustainable Development Goals (SDGs), embraces a holistic approach to development, encompassing environmental, social, and economic sustainability. The SDGs act as a framework for nations, institutions, and civil society to work collectively toward enduring peace and prosperity for both people and the planet. Achieving sustainability on this monumental scale requires active contributions and responsibilities from individuals and organizations alike. Higher education institutions play a pivotal role in this mission by shaping future citizens and enhancing their capacity to apply knowledge and skills for the benefit of society. To align with these objectives, institutions must establish a comprehensive system to foster sustainable campus networks under the purview of a dedicated Campus Environment Management System (CEMS). This governing system is crucial for ensuring compliance with environmental management standards and conducting environmental audits in adherence to the seven criteria outlined by the NAAC The environmental management audit serves as a key mechanism to promote the sustainable use of resources, including energy efficiency, water conservation, biodiversity preservation, and responsible waste management. These measures ultimately contribute to creating carbon-neutral campuses. Furthermore, the integration of academic disciplines, research and innovation, monitoring frameworks, sustainable procurement practices, and active community engagement enhances conservation efforts.

Through participatory approaches, students develop social and environmental consciousness, equipping them to act as an ambassadors for sustainable resource management. By implementing such initiatives, institutions can strengthen their sustainability efforts with the support of expert auditing teams and collaborations with local and state government bodies. This collaborative approach ensures that the ripple effects of sustainability efforts extend beyond the campus to families and the wider community. This paper explores the potential of building a sustainable campus network system in higher education institutions. It highlights the contribution to long-term sustainable development, enhance academic excellence, and cultivate environmentally conscious, productive youth for a better future.

Keywords: sustainability, energy management, water efficiency management, waste management, biodiversity conservation, carbon neutral campus, Camp environment management system

---

Project Manager - Green Audit, Tropical Institute of Ecological Sciences

92

# വിദ്യാഭ്യാസം

ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്

സമ്പന്നമായ സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം ഉള്ള പ്രദേശമാണ് ഉടുമ്പന്നൂർ. ഉടുമ്പന്നൂർ പഞ്ചായത്തിലെ പ്രാഥമിക ഹയർസെക്കൻഡറി തലങ്ങളിലായി 10 സർക്കാർ,എയ്ഡഡ് സ്കൂളുകളാണ് ഉള്ളത്. ഇതര വിദ്യാഭ്യാസ സ്ഥാപനമായി ഒരു അൺ എയ്ഡഡ് സ്കൂളും പ്രവർത്തിക്കുന്നു. PEC (പഞ്ചായത്ത് വിദ്യാഭ്യാസ സമിതി) യുടെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നു. കൃത്യമായി PEC മീറ്റിംഗുകൾ ചേരുന്നു.ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മൂന്ന് ഹൈസ്കൂളുകളിൽ തുടർച്ചയായ വർഷങ്ങളിൽ SSLC പരീക്ഷയിൽ 100 മേനി വിജയം എന്ന അഭിമാനകരമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ വലിയ തോതിലുള്ള വികാസമാണ് 2017-21 കാലത്ത് ഉണ്ടായിട്ടുള്ളത്.

1934-ലാണ് പഞ്ചായത്തിലെ ആദ്യ LP സ്കൂൾ ആരംഭിക്കുന്നത്. 30 വർഷത്തിന് ശേഷമാണ് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് സൗകര്യം ഉണ്ടാകുന്നത്.

ബഹു.സംസ്ഥാന സർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തോടൊപ്പം ചേർന്ന് ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിലെ പൊതു വിദ്യാലയങ്ങളുടെയും വിദ്യാർത്ഥികളുടെയും പുരോഗതി ലക്ഷ്യം വെച്ച് വിവിധങ്ങളായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് ലാപ്ടോപ്പ് വിതരണം,മികവ്-മനശ്ശാസ്ത്ര വിദ്യാഭ്യാസ പഠനസഹായ പദ്ധതി, LSS സ്കോളർഷിപ്പ് പരിശീലനം ,ST വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം LP,UP സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് യോഗ-കായിക ക്ഷമത പരിശീലനം,കരകൗശല വസ്തുക്കൾ നിർമാണ പരിശീലനം, നീന്തൽ പരിശീലനം എന്നിവ ഈ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളാണ്.

കോവിഡ് കാലഘട്ടത്തിൽ കുട്ടികളുടെ പഠനത്തിന് ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നതിനായി വീടുകളിൽ സ്മാർട്ട്ഫോൺ സംവിധാനം ഇല്ലാത്ത 113 കുട്ടികൾക്ക് സ്മാർട്ട് ഫോണുകൾ വാങ്ങി നൽകിയിരുന്നു.

### മികവ്

പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പിന്നോക്കാവസ്ഥയ്ക്കുള്ള കാരണം കണ്ടെത്തി പരിഹരിക്കുന്നതിനായി (സൈക്കോളജിസ്റ്റിന്റെ സഹായത്തോടെ). രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുന്നതോടൊപ്പം സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ സഹായത്തോടെ കുട്ടികൾക്ക് ആത്മവിശ്വാസവും മാനസിക പിന്തുണയും നൽകുന്ന പഠന രീതിയാണ് മികവ് പദ്ധതിയിലൂടെ നടപ്പാക്കുന്നത്. 2022-23 വർഷത്തിൽ പഞ്ചായത്തിലെ 10 സ്കൂളുകളിലും ആരംഭിച്ച ഈ പദ്ധതി

തുടർവർഷങ്ങളിലും വിജയകരമായി തുടരുന്നു.

### LSS സ്കോളർഷിപ്

പഞ്ചായത്തിലെ മുഴുവൻ LP സ്കൂളുകളിലെയും എല്ലാ വിഷയങ്ങൾക്കും A ഗ്രേഡ് നേടിയ മിടുക്കരായ കുട്ടികൾക്ക് പ്രൈമറിതലത്തിൽ നടത്തുന്ന പൊതു പരീക്ഷയായ LSS പരീക്ഷയിൽ പങ്കെടുന്നവർക്ക് സൗജന്യമായി പരിശീലനം നൽകി വരുന്നു. സ്കൂളിൽ നൽകുന്ന കോച്ചിംഗ് പരിമിതമായതിനാൽ പഞ്ചായത്ത് നൽകുന്ന ഈ പരിശീലന പരിപാടി ഏറ്റവും ഫലപ്രദമാണ്.കഴിഞ്ഞവർഷം തൊടുപുഴ വിദ്യാഭ്യാസ സബ് ജില്ലയിൽ ഏറ്റവും കൂടുതൽ LSS നേടിയ കുട്ടികൾ ഉടുമ്പന്നൂർ പഞ്ചായത്തിൽ ആയിരുന്നു.

ക്രാഫ്റ്റ്-യോഗ പരിശീലന ക്ലാസുകൾ

കരകൗശല പരിശീലനത്തിലും കുട്ടികളുടെ കായിക ക്ഷമത വർധിപ്പിക്കുന്നതിന് ഫിസിക്കൽ ട്രെയിനിങ്ങിനും പ്രൈമറി തലത്തിൽ ഇപ്പോൾ സംവിധാനങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ ഈ പ്രോജക്ട് ഏറെ ശ്രദ്ധേയമാണ്.ആഴ്ചയിൽ ഒരിക്കൽ ഓരോ സ്കൂളിലും ഈ അധ്യാപകരുടെ സേവനം ലഭിക്കുന്നത് മൂലം കുട്ടികളുടെ കായികക്ഷമത വർദ്ധിക്കുകയും കരകൗശലവിദ്യയിൽ പ്രാവീണ്യമുള്ള കുട്ടികൾക്ക് അവരുടെ കഴിവ് വികസിപ്പിച്ചെടുക്കുന്നതിനും കഴിയുന്നു.

### നീന്തൽ പരിശീലനം

അടുത്തകാലത്തായി നീന്തൽ അറിയാതെ ഖേദകരമായ ഒരുപാട് സംഭവങ്ങൾ കുട്ടികൾക്കിടയിൽ ഉണ്ടാകുന്നുണ്ട്.നീന്തൽ പരിശീലനത്തിന് സാധ്യത ഉണ്ടായാൽ ഈ അപകടങ്ങൾ(കുട്ടികൾക്കിടയിൽ ഉണ്ടാകുന്നത്) ഒഴിവാക്കാൻ സാധിക്കും എന്ന തിരിച്ചറിവാണ് ഈ പ്രൊജക്റ്റ് ഏറ്റെടുക്കാൻ ഉണ്ടായ സാഹചര്യം.ഇത് കുട്ടികൾക്ക് വളരെ പ്രയോജനപ്പെടും.

### ഹരിത വിദ്യാലയം

മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിനിന്റെ ഭാഗമായി നവംബർ 1 കേരളപ്പിറവി ദിനത്തിൽ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും ഹരിത അസ്സംബ്ലി സംഘടിപ്പിക്കുകയുണ്ടായി. തദവസര

ത്തിൽ സ്കൂളുകളെ ഹരിതവിദ്യാലയങ്ങളായി പ്രഖ്യാപിച്ചു. ഹരിത വിദ്യാലയമായി മാറുന്നതിനായി എല്ലാ സ്കൂളുകളിലും അജൈവ മാലിന്യങ്ങൾ തരാം തിരിച്ച് സംഭരിക്കുന്നതിനുള്ള ബിന്നുകളും ജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് പാചകവാതകം ആക്കുന്ന ബയോഗ്യാസ് പ്ലാന്റുകളും സൗജന്യമായി ഗ്രാമപഞ്ചായത്ത് സ്ഥാപിച്ച് നൽകി. അഴുക്കുവെള്ളം സംഭരിക്കുന്നതിനായി സോക്ക് പിറ്റുകളും ആവശ്യത്തിന് ടോയ്‌ലറ്റ് സൗകര്യങ്ങളും ഹൈ സ്കൂൾ ഹയർ സെക്കന്ററി സ്കൂളുകളിൽ ഗേൾസ് ടോയ്‌ലെറ്റിനോടനുബന്ധിച്ച് നാപ്കിൻ ഇൻസിനേറ്ററുകളും ഉറപ്പുവരുത്തി. എല്ലാ വർഷവും നവംബർ 14 ശിശുദിനത്തിൽ കുട്ടികളുടെ ഹരിതസഭയും സംഘടിപ്പിച്ചുവരുന്നു.

## കൃഷിയും അനുബന്ധ മേഖലകളും

**93**

### Beyond Green Evangelism: Assessing the Impact of Haritha Karma Sena in Erattayar Gram Panchayat, Kerala

Abhilash Babu

The Haritha Karma Sena (HKS) represents a pioneering community-led initiative in Kerala. It conceives as a sustainable waste management model with social empowerment. Established under the aegis of the Suchitwa Mission and local government bodies, HKS operates as a decentralized system predominantly led by trained women workers. Tasked with mitigating Kerala's escalating waste disposal crisis, the initiative promotes source-level segregation, collection, recycling, and responsible disposal: the project aligns with the state's green protocol that prioritizes waste reduction and eco-friendly alternatives. In addition, HKS aims the role of a catalyst in socio-economic change, as it provides an economical and dignified livelihood for women who have been economically marginalized. The project merges scientific waste management with financial inclusion, so besides environmental sustainability, it claims replicable model of economic independence and social empowerment of the members. In this context, HKS has triggered a much larger paradigm shift in social thinking about sanitation and environmental responsibility and has put HKS in the foreground as a landmark model of grassroots environmental governance.

The recent Economic Survey (2024–25), published on 31 January 2025, underscored the significance of HKS in Kerala, with Erattayar Gram Panchayat in Idukki District receiving special mention. The Survey highlighted the "crucial role" played by HKS in extending its waste management services to over 4,600 households and 500 institutions, showcasing its dual impact on environmental conservation and employment generation. Notably, Erattayar's model of collaboration, innovation, and community engagement has been hailed as a benchmark for sustainable local governance. Against this backdrop, this study undertakes a critical examination of HKS through the lens of Erattayar Gram Panchayat model, exploring its operational framework, stakeholder collaborations, financial viability and sustainability. Employing both qualitative and quantitative methodologies, the research evaluates the efficacy of HKS in altering public waste disposal behaviours, mitigating environmental pollution, and fostering a circular

economy. Furthermore, it interrogates the claims of HKS being a model that facilitates women's empowerment, offering insights into the interplay between environmental governance and community participation and social justice.

Key Words: Haritha Karma Sena (HKS), Sanitation, Sustainability, Empowerment, community participation

Mahatma Gandhi University, Kottayam, Kerala & Jos Chathukulam, Centre for Rural Management (CRM), Kottayam, Kerala.

## 94

# *Locked in Place*: Class, Caste, and the Political Economy of Wild Animal Incursions in Settled Agricultural Tribal Hamlets in Kerala

Dr. Abhilash T.

Human-wildlife conflict poses a significant challenge to biodiversity conservation and sustainable development in South Asia in India. This conflict occurs when interactions between humans and wildlife result in adverse outcomes, such as wildlife damaging crops, attacking livestock, injuring people, or destroying property. These encounters often lead to the loss of livelihoods and the worsening of poverty (World Bank,2023). Increasing human-animal conflict across the southern-western ghat region in India is a matter of serious concern, especially in the habitats where indigenous communities co-exist with non-indigenous populations. As expected, the role of welfare state is pertinent in dealing with such an issue which has the potential to unsettle the livelihood of the indigenous communities who live in and around the forest-clad hills and valleys of western ghat region of Kerala and Tamilnadu states. It is said that the key reasons for human-animal conflict are encroachment of human being in wildlife habitat for development purpose & survival purpose as well as allowing livestock for grazing purpose in the forest area, forest fire. However, here, it seems that the habitat loss of the wildlife by the ineffective management practices rather than the human-induced deforestation is exacerbating the wildlife incursions in the region. The initial ethnographic field survey reveals the dynamics of class, cast and political nature of the issue. The adverse effect of animal incursions to the indigenous habitats not only destroy their livelihood but also destabilize cohabitation the communities have been pursuing with the wild animals for centuries. Meanwhile, the agencies, especially the decentralized governance system, seems to be locked in place, due to its lacking the institutional capacity to address these challenges. The dysfunctional nature of the Oorukoottam (tribal grama sabha) and the non-formation of Forest Right Committees ( FRCs) under Forest Right Act, 2006 also make the situation more convoluted and often put the communities at a disadvantageous position. The field survey shows that the collective argument of indigenous communities regarding these issues seems to be often neglected by the formal institutional mechanisms on the ground. Their suggestions such as border fencing, afforestation programmes are often overlooked in the policy formulation. Based upon the ethnographic field survey and participant observation this paper examines the daily life of traversing wild-animal incursion and its class and caste and political economy policy priorities of at hamlet level. It explores the social relations within this context, particularly between indigenous and non-indigenous groups, and investigates how participation, voice, and agency are connected to the collective articulation of rights of the indigenous communities in relation to wild-animal inclusion into their habitats.

Assistant Professor, Centre for Development Studies, iruvananthapuram. Phone:9496123918

95

# കന്നുകാലി വളർത്തൽ ലാഭകരമാക്കിയാൽ കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കാം

കെ.കെ. ജഗദീശൻ

കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായകമായ സ്ഥാനമാണ് ക്ഷീരമേഖലയ്ക്ക് ഉള്ളത്. നൂണ്ടാറ്റുകളായി കന്നുകാലി വളർത്തൽ തൊഴിലായി സ്വീകരിച്ച നല്ലൊരു ശതമാനം ജനങ്ങൾ കേരളത്തിൽ ഉണ്ട്. കേരളത്തിലെ 14 ജില്ലകളിലും തിരുവനന്തപുരം മുതൽ കാസർകോഡ് വരെ വ്യാപിച്ചു കിടക്കുന്ന ഒരു വ്യവസായമാണ് കന്നുകാലി വളർത്തൽ. ഭാരതത്തിൽ 3 കോടിയോളം ക്ഷീര കർഷകർ ഉണ്ടെന്നാണ് കേന്ദ്ര സർക്കാർ കണക്ക്. കേരളത്തിൽ 14 ലക്ഷം ക്ഷീര കർഷകർ. അവരെ ആശ്രയിച്ചു ജീവിക്കുന്ന കുടുംബാംഗങ്ങൾ എല്ലാം കൂടി 56 ലക്ഷം പേരുടെ ഉപജീവനമാർഗ്ഗമാണ് കേരളത്തിലെ ക്ഷീരമേഖല. സർക്കാരിന്റെ ഒരു സഹായവും ലഭിക്കാതെ പണ്ടുകാലം മുതൽ കന്നുകാലി വളർത്തലിൽ ഏർപ്പെട്ടുവരുന്നവരാണ് ബഹുഭൂരിപക്ഷം ക്ഷീരകർഷകരും. ഇപ്പോൾ ക്ഷീര മേഖലയിൽ സർക്കാർ ഇടപെടൽ കുറഞ്ഞു വരുന്നതും ഈ മേഖല ലാഭകരമല്ലാത്തതിനാലും കന്നുകാലി വളർത്തൽ രംഗത്ത് നിന്നും ദിനംപ്രതി കർഷകർ വിടപറയുകയാണ്. അതുമൂലം 3600 ഓളം വരുന്ന ക്ഷീരസംഘങ്ങളും അവിടെ പണിയെടുക്കുന്ന പതിനായിരത്തിലധികം വരുന്ന ക്ഷീരസംഘം ജീവനക്കാരുടെയും ജീവിതം ക്ലേശപൂർണ്ണമാക്കും. പാൽ ഉല്പാദനം കേരളത്തിൽ അടിക്കടി കുറഞ്ഞുവരുന്നു. ഇത് രൂക്ഷമായ പ്രതിസന്ധി ക്ഷണിച്ച് വരുത്തും.

ക്ഷീരമേഖല തകർന്നാൽ 56 ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ജീവിതമാണ് തകരുന്നത്. അതുകണ്ടുകൊണ്ട് ഈ മേഖലയിൽ ഇടപെടുന്നതിനും ക്ഷീര കർഷകരെ ഈ രംഗത്ത് പിടിച്ചു നിർത്തുന്നതിനും ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റും ഗവൺമെന്റും വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ല. ഈ സ്ഥിതി മാറ്റി സർക്കാരും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റും ശക്തമായ ഇടപെടലും സഹായവും നൽകിയാൽ ക്ഷീരമേഖലയിൽ അത്ഭുതം സൃഷ്ടിക്കാൻ കഴിയുന്നതാണ്. ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ക്ഷീര വികസനവകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, മിൽമ, കെ.എൽ.ഡി ബോർഡ്, കൃഷിവകുപ്പ്, ആത്മ, അനർട്ട് എന്നീ 7 വകുപ്പു കൾ തമ്മിൽ ഏകോപനം ഇല്ലാത്തതിനാൽ ഇവ പരസ്പരം മത്സരിക്കുകയും ഒരേ പദ്ധതികൾ തന്നെ ഒന്നിലധികം ഡിപ്പാർട്ട്മെന്റ് നടത്താറുമുണ്ട്. ഈ 7 വകു പ്പുകളും ക്ഷീരകർഷകർക്ക് വിവിധങ്ങളായ സഹായങ്ങൾ ചെയ്തുവരുന്നു. ഇവ തമ്മിൽ ഏകോപനം ഇല്ലാത്തതിനാൽ ഉദ്ദേശിക്കുന്ന പ്രയോജനം ക്ഷീരമേഖലയ്ക്ക് ലഭിക്കുന്നില്ല.

ക്ഷീരമേഖലയിൽ പഠനവും ഗവേഷണങ്ങളും അത്യന്താപേക്ഷിതമാണ്. ഈ മേഖല ആധുനികവത്ക്കരിക്കണം. അത്യുല്പാദനശേഷിയുള്ള കന്നുകാലികളെ വളർത്തിയെടുക്കുവാൻ സർക്കാർ ഉടമസ്ഥതയിലുള്ള ഡയറിഫാമുകൾക്ക് കഴിയണം. കേരളത്തിൽ ഇപ്പോൾ തന്നെ 20-30 ലിറ്റർ പാൽ ഒരു ദിവസം നൽകുന്ന പശുവർഗ്ഗത്തെ ചില ഏജൻസികൾ വികസിപ്പിച്ച് എടുത്തിട്ടുണ്ട്. ഇത്തരം രണ്ട് പശുക്കളെ ഒരു കുടുംബത്തിന് ലഭിച്ചാൽ ആ കുടുംബം പട്ടിണിയില്ലാതെ ജീവിക്കും. പശുക്കളെ മുഴുവൻ കുറഞ്ഞ പ്രീമിയം തുകയിൽ ഇൻഷുറൻസ് ചെയ്യാനും മരണം സംഭവിച്ചാൽ ഒരു പശുവിനെ വാങ്ങുന്നതിനുള്ള പണം ഇൻഷുറൻസ് വഴി ലഭിക്കുന്ന സാഹചര്യം ഉണ്ടാകണം. കൂടുതൽ പശുക്കളെ വളർത്തുന്ന കർഷകർ നേരിടുന്ന ഒരു വലിയ പ്രശ്നം ചാണകം കുന്നുകൂടുന്നു എന്നതാണ്. മഴക്കാലത്തും മറ്റും വളരെയധികം പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നു. ഇതിന് പരിഹാരമായി ചാണകം ജലാംശം മാറ്റി പുട്ട് പൊടിയുടെ രൂപത്തിൽ ആക്കി മാറ്റുവാൻ കഴിയുന്ന മെഷീൻ വിപണിയിൽ ഉണ്ട്. ഇങ്ങനെ ഉണക്കി മാറ്റുന്ന ചാണകം 1 കിലോ പാക്കറ്റിലാക്കി കുടുംബശ്രീ വഴിയോ കൃഷിഭവൻ വഴിയോ കർഷകർക്ക് വില്പന നടത്താവുന്നതാണ്. സർക്കാർ ജൈവകൃഷി വ്യാപകമാക്കുമ്പോൾ ചാണകം അത്യാവശ്യമാണ്. ഈ ചാണകം വാങ്ങുന്ന കർഷകർക്ക് കൃഷിഭവൻ വഴി സബ്സിഡി നൽകുവാനും കഴിഞ്ഞാൽ ചാണകം മൂലമുള്ള പ്രതിസന്ധി ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയും.

ക്ഷീരവികസനവകുപ്പ് വർഷങ്ങളായി നടപ്പാക്കി വരുന്ന മിൽക്ക് ഷെഡ് ഡവലപ്പ്മെന്റ് പ്രോഗ്രാം (എം.എസ്, ഡി.പി) വഴി സ്ബസിഡിയോടുകൂടി കറവ പശുക്കളെയും കിടാരികളെയും ക്ഷീരകർഷകർക്ക് നൽകുന്നുണ്ട്. ഈ പദ്ധതി വഴി പശുക്കളെ വാങ്ങുന്ന കർഷകർ കേരളത്തിന് പുറത്ത് നിന്നും വാങ്ങിക്കണം എന്ന് സർക്കാർ നിഷ്ക്കർഷിക്കുന്നുണ്ട്. ബഹുഭൂരിപക്ഷം കർഷകരും തമിഴ്നാട്ടിലെ പൊള്ളാച്ചി, കമ്പം, തേനി, കോയമ്പത്തൂർ, കൃഷ്ണഗിരി, ഈറോഡ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നാണ് കറവമാടുകളെ വാങ്ങുന്നത്. ഇവിടങ്ങളിൽ വൻ തട്ടിപ്പുകളാണ് പതുങ്ങിയിരിക്കുന്നത്. മഹാഭൂരിപക്ഷം കർഷകരും ഇവിടങ്ങളിൽ നിന്നും കറവ് മാടുകളെ വാങ്ങി വഞ്ചിതരായിട്ട് ക്ഷീരരംഗം വിടുന്നതാണ് കണ്ടുവരുന്നത്. ഇതിന് പരിഹാരം ഉണ്ടാകണം. കേരളത്തിൽ സർക്കാർ ഉടമസ്ഥതയിൽ മാട്ടുപ്പെട്ടി പോലുള്ള പശുവളർത്തൽ കേന്ദ്രങ്ങൾ

സ്ഥാപിച്ച് പശുക്കളെ അവിടെ നിന്നും കർഷകർക്ക് നൽകുന്നതിന് സംവിധാനം വേണം.

പശുക്കളെ കറക്കുന്നതിന് കറവക്കാരുടെ കുറവ് പരിഹരിക്കുന്നതിന് കറവമെഷീൻ വ്യാപകമാക്കണം. ഇതുപോലെ പുല്ല് വെട്ട് മെഷീൻ, പശുക്കൾ തളർന്ന് വീണാൽ ഉയർത്താനുള്ള ക്രെയിൻ, പാൽ ടെസ്റ്റ് ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, റബ്ബർമാറ്റ് തുടങ്ങിയവ സർക്കാർ ഉടമസ്ഥതയിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളെക്കൊണ്ട് നിർമ്മിച്ച് സൗജന്യനിരക്കിൽ ക്ഷീരകർഷകർക്ക് നൽകണം (ഉദാഹരണം കൊൺ, ആട്ടോകാസ്റ്റ് തുടങ്ങിയവ).

കേരളംപോലുള്ള തീരദേശ സംസ്ഥാനത്ത് നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ കന്നുകാലി വർഗ്ഗം ഏത് എന്ന് കണ്ടെത്താൻ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിന് കഴിയണം. വീടിനോട് ചേർന്ന് തന്നെ തൊഴുത്ത് നിർമ്മിച്ച് വ്യവസായം തുടങ്ങാം. ഒരു സർവ്വകലാശാലാ ബിരുദവും ആവശ്യമില്ല. കറവ പശുവിനെ വാങ്ങിയാൽ അന്നു മുതൽ രണ്ട് നേരം വരുമാനം, താരതമ്യേന വൈദഗ്ധ്യം കുറഞ്ഞ മേഖല, വ്യവസായം തുടങ്ങിയതിനുശേഷം പഠിക്കാവുന്ന കാര്യങ്ങൾ, കുടുംബത്തിലെ മുഴുവൻ പേർക്കും ഏർപ്പെടാവുന്ന വ്യവസായം, ഇതിന്റെ കൂടെ തീറ്റപ്പുൽ കൃഷി, ബയോഗ്യാസ് പ്ലാന്റ്, കമ്പോസ്റ്റ് നിർമ്മാണം, വളക്കുഴി, ചാണകം ഉണക്കി വിപണനം, ഹ്രസ്വകാല വിളകൾ, പച്ചക്കറികൃഷി, വാണിജ്യവിളകൾ, പാൽ സംസ്കരണം, മൂല്യവർദ്ധിത ഉൽപ്പന്നനിർമ്മാണം തുടങ്ങിയ അനേകം സാധ്യതകൾ ഈ വ്യവസായത്തിൽ ഉണ്ട്.

ചെറുപ്പക്കാരും, പ്രവാസികളും, അഭ്യസ്തവിദ്യരും,ഡയറി ഫാം മേഖലയിലേയ്ക്ക് ധാരാളമായി കടന്നുവരുന്നുണ്ട്. വീട്ടിൽ തന്നെ സംരംഭം തുടങ്ങാം. പാലിന് വില ഇടിഞ്ഞുപോകില്ല എന്ന വിശ്വാസം, ഒരു സ്ഥിരവരുമാനം ഉല്പന്നത്തിന് നിലവിൽ നല്ല മാർക്കറ്റ്, പാലും ഉൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് നിലവിൽ ഒരു പ്രതിസന്ധിയുമില്ല എന്നിവ ഈ രംഗത്തേയ്ക്ക് കർഷകരെ ആകർഷിക്കുന്ന ഘടകങ്ങളാണ് സർക്കാർ ക്ഷീരമേഖലയിൽ നടപ്പാക്കിവരുന്ന ക്ഷീരസാന്ത്വനം ഇൻഷുറൻസ് പദ്ധതി കുറച്ചുകൂടി ജനകീയമാക്കണം. ക്ഷീരമേഖലയെ കൃഷിയിൽ ഉൾപ്പെടുത്തണം. കൃഷിക്ക് നൽകുന്ന പരിഗണന ഈ മേഖലയ്ക്കും ലഭ്യമാക്കണം. ഈ രംഗത്തും പലിശ രഹിതവായ്പയും, പലിശകുറഞ്ഞ വായ്പയും നബാഡുമായി ബന്ധപ്പെട്ട് ക്ഷീരകർഷകർക്ക് നൂതന പദ്ധതികളും ആവിഷ്കരിക്കണം. കൂടുതൽ കന്നുകാലികളെ വളർത്തുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സഹായം നൽകണം.

ക്ഷീര മേഖലയിൽ സഹായം ചെയ്യുന്നതിനുള്ള 7 ഏജൻസികളുടെ പ്രവർത്തനം സംസ്ഥാനതലത്തിൽ ഏകോപിപ്പിച്ച് ഓരോ ഡിപ്പാർട്ട്മെന്റിനും ചെയ്യേണ്ട ജോലി വിഭജിച്ച് നൽകണം. അങ്ങനെ പ്രവർത്തനം നടത്തിയാൽ കേരളത്തിന്റെ മുഖഛായ മാറ്റി പട്ടിണിയും ദാരിദ്ര്യവും ഇല്ലാത്ത ഐശ്വര്യപൂർണ്ണമായ ഒരു കേരളം കെട്ടിപ്പടുക്കുവാൻ സർക്കാരിന് ക്ഷീര മേഖല വഴി കഴിയുമെന്നകാര്യം തീർച്ച.

കേരളീയനായ ശ്രീ.ഡോ.വർഗ്ഗീസ് കുര്യന് ഗുജറാത്തിൽ ചെന്ന് അസംഘടിതരായ പാവപ്പെട്ട ക്ഷീരകർഷകരെ സംഘടിപ്പിച്ച് ആനന്ദ് മാതൃകാ ക്ഷീരസംഘങ്ങൾ രൂപീകരിച്ച് അമൂൽ എന്ന കൂറ്റൻ സഹകരണ സ്ഥാപനം രാജ്യത്ത് കുത്തകകളെ വെല്ലുവിളിച്ച് ഉയർത്തിക്കൊണ്ട് വരാമെങ്കിൽ ഗുജറാ ത്തിനേക്കാൾ കൂടുതൽ സാധ്യതയുള്ള കേരളത്തിൽ ക്ഷീരമേഖല വഴി വലിയ മാറ്റം വരുത്തുവാൻ സർക്കാരിന് കഴിയുമെന്ന കാര്യം തീർച്ചയാണ്. അതിന് ഈ സെമിനാർ ഉപകരിക്കട്ടെ എന്നാശംസിക്കുന്നു.

കളത്തിൽ അന്ധകാരനഴി പി.ഒ ചേർത്തല - 688531. 38 വർഷക്കാലം പട്ടണക്കാട് ക്ഷീരസംഘം സെക്രട്ടറിയായിരുന്നു. 2023 ജനുവരി യിൽ സർവ്വീസിൽ നിന്നും പിരിഞ്ഞു. 9446870385

96

# Environmental Justice in Kerala's Decentralized Governance: Voices from the Margins

Krishna Prabha V.[1], Aparna P.R.[1], Aswathy S.[1] & Dr. bdul Basith T.[2]

Kerala's laudable achievements in social development metrics, while notable, are accompanied by environmental challenges and the marginalisation of vulnerable populations. Despite the state's pioneering implementation of democratic decentralization through the People's Planning Campaign and subsequent reforms, which devolved substantial administrative and fiscal powers to local self-governments, socio-spatial inequalities persist. The state's celebrated developmental experience, characterised by exceptional literacy rates, healthcare outcomes, reduced infant mortality, and poverty alleviation through social welfare initiatives, operates

within a predominantly top-down governance framework that often fails to adequately incorporate grassroots perspectives and local knowledge systems. This paradox is particularly evident in urban environmental management, where vulnerabilities disproportionately affect marginalised communities, necessitating a transition from hierarchical administrative approaches to more participatory, bottom-up governance models. The study conceptualise Critical environment social work theories, also adhering within an eco-social approach from the domain of social work paradigm to synthesise these complex intersections of environmental justice and social equity within Kerala's developmental context. The research integrates theoretical frameworks with empirical evidence from Thopp lane in Thiruvananthapuram district, utilising a mixed-method research design combining census survey data with qualitative insights from focus group discussions and in-depth interviews. The methodology, grounded in social work practices and community-based participatory approaches, catalysed community mobilisation around environmental concerns. Findings reveal structural inequalities manifested through inadequate waste management infrastructure, health vulnerabilities, and gender-specific sanitation issues, emphasising the necessity for comprehensive, participatory approaches. Social work interventions during the study acted as facilitators of environmental justice, furthering dialogue between residents and authorities to develop contextually appropriate solutions.

Key words: Environmental Justice, Kerala Model, Eco-Social approach, Social Work, Community Development, Participatory Governance

1. Master of Social Work, Department of Sociology, University of Kerala
2. Asst. Professor, Master of Social Work, Department of Sociology, University of Kerala

**97**

# ക്ഷീര-മൃഗ സംരക്ഷണ മേഖലയെ ലോക നിലവാരത്തിലെത്തിക്കുന്നതിന് ഏതാനും ചില ആശയങ്ങൾ

എം.വി. വിജയൻ

നവയുഗ-നവീന-ഹരിത സുന്ദര-മതനിരപേക്ഷ-മതേതര- മതസൗഹാർദ്ദ മാലിന്യ മുക്ത -വ്യവസായ സൗഹൃദ നവകേരളം; ഒരു ലോക കേരളം പടുത്തുയർത്താനുള്ള കേരള സർക്കാരിന്റെ ശ്രമത്തിനൊപ്പം കേരളത്തിലെ ക്ഷീരമേഖലയെ ലോക നിലവാരത്തിലേക്ക് ഉയർത്തി ഒരു ലോക ക്ഷീരകേരളം പടുത്തുയർത്തുന്നതിനും ക്ഷീരകർഷകർ ഇന്നനുഭവിക്കുന്ന പ്രയാസത്തിനും ദുരിതത്തിനും ശാശ്വതമായ ഒരു പരിഹാരമെന്ന നിലയ്ക്കുള്ള ചില പദ്ധതി/പരിപാടികൾ, ആശയങ്ങളാണ് ഇതോടൊപ്പം ചേർത്തിട്ടുള്ളത്. ഇത് കേരളത്തിൽ ഒട്ടുക്കും അടിയന്തിരമായി നടപ്പിലാക്കുവാൻ എല്ലാവിധ സഹായസഹകരണങ്ങളും ഉണ്ടാകണം.

1. ഉത്തരവാദിത്വ മൃഗചികിത്സ
2. പശുക്കളുടെ പാലുൽപ്പാദന ക്ഷമത ലോക നിലവാരത്തിലെത്തിക്കൽ
3. അശാസ്ത്രീയമായ ബ്രീഡിംഗ്, കാലഹരണപ്പെട്ട ബ്രീഡിംഗ് പോളിസിയും ആധുനിക ബ്രീഡിംഗ് സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലെ പോരായ്മയും.
4. സ്പെഷ്യൽ കാഫ് ബ്രീഡിംഗ് പ്രോഗ്രാം
5. ബ്രീഡിംഗ് സ്റ്റാർട്ടപ്പുകൾ
6. ഡയറി വൈറ്റ് പ്രിവിലേജ് കാർഡ് : പശു വളർത്തുന്നവരോടുള്ള സാമൂഹത്തിന്റെ കാഴ്ചപ്പാട് - സാമൂഹിക അംഗീകാരമില്ലായ്മക്ക് പരിഹാരം.
7. നിലവിലുള്ള 2012 ലെ ഫാംലൈസൻസിംഗ്
8. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം
9. നിലവിലെ മലിനീകരണ നിയന്ത്രണ ബോർഡ് ചട്ടങ്ങൾ

### ഉത്തരവാദിത്വ മൃഗ ചികിത്സ

യശ്ശ:ശരീരനായ കോടിയേരി ബാലകൃഷ്ണൻ ടൂറിസം മന്ത്രിയായിരുന്ന കാലത്ത് കേരളത്തിൽ ഉത്തരവാദിത്വ ടൂറിസം പദ്ധതി നടപ്പിലാക്കിയപ്പോൾ ആയതിന്റെ ഗുണഫലം വളരെ മികച്ചതായിരുന്നു. ആയത് മൃഗചി

കിത്സയിലും നടപ്പിലാക്കിയാൽ അതിന്റെ ഗുണഫലം വളരെ മികച്ചതായിരിക്കും. ആയതിന് താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കണം.

### ഡിജിറ്റൽ കേസ് രജിസ്റ്റർ കം ആമ്പുലേറ്ററി സർവ്വീസ് & ക്വിക്ക് റെസ്പോൺസ് മോണി റ്ററിംഗ് സെൽ : പരാതികളും - പിഴവുകളും -പഴുതുകളുമില്ലാത്തതും സാർവ്വത്രികവും സൗജന്യവുമായതും വിളിച്ചാൽ വിളിപ്പുറത്തെ ത്തുന്നതുമായ ത്രിതല മൃഗചികിത്സ സംവിധാനം

സോഷ്യൽ മീഡിയയുടെയും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെയും അനന്തസാധ്യതകളെ പ്രയോജനപ്പെ ടുത്തിക്കൊള്ള ഒരു ചികിത്സാ സംവിധാനം. പരി മിതമായ മനുഷ്യ വിഭവശേഷിയെ ഏറ്റവും മികച്ച രീതിയിൽ ഉപയോഗപ്പെടുത്തുകയെന്നതാണ് ഈ സംവിധാനത്തിന്റെ പ്രത്യേകത. ഇതിലൂടെ ക്ഷീര-മൃഗ സംരക്ഷണമേഖലയിലേക്ക് പുതുതലമുറയ്ക്ക് ഭയാശങ്ക കളില്ലാതെ കടന്ന് വരുവാനും സംരംഭങ്ങൾ ആരംഭി ക്കുവാനും ആത്മവിശ്വാസം നൽകുന്ന രീതി. നിലവിൽ ടെലിക്കോം- ഇലക്ട്രിസിറ്റി മേഖലയിൽ നടപ്പിലാക്കുന്ന രീതിയാണ് ഉദ്ദേശിക്കുന്നത്. ഡിജിറ്റൽ കേസ് രജിസ്റ്റർ നിലവിൽ പൂർത്തിയാക്കിയ സെൻസസ് ഡാറ്റാകളു മായി ബന്ധിപ്പിക്കാൻ സാധിച്ചാൽ ഒരു ഉരുവിനെ സംബന്ധിച്ച എല്ലാ വിവരങ്ങളും വിരൽ തുമ്പിൽ ലഭ്യമാകുകയും ചെയ്യും.

മൃഗചികിത്സയ്ക്ക് ത്രിതല രൂപം നൽകണം. പ്രൈമറി തലത്തിൽ വെറ്റിനറി സർജ്ജനം സെക്കണ്ടറി തലത്തിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും ടെർഷറി തലത്തിൽ ക്ഷീരശ്രീകൾക്ക് രൂപം നൽകി, അവർക്ക് പ്രൈമറി ഹെൽത്ത് കെയർ മാനേജ്മെന്റിൽ ആവശ്യ മായ പരിശീലനം നൽകി ഒരു നിശ്ചിത ഇടവേളകളിൽ കർഷക ഭവനങ്ങൾ സന്ദർശിച്ച് പക്ഷി മൃഗാദികളെ പരിശോധിച്ച് പ്രശ്നങ്ങളുണ്ടെങ്കിൽ ആയത് പ്രൈമറി / സെക്കണ്ടറി തലത്തിൽ റിപ്പോർട്ട് ചെയ്യണം (ആശാ വർക്കർ മാതൃകയിൽ).

സർക്കാർ മുൻകൈയ്യെടുത്ത് ഒരു മൊബൈൽ ആപ്പ് ന് രൂപം നൽകണം. ഈ ആപ്പിലൂടെ കർഷകന് മൃഗ ചികിത്സയുമായി ബന്ധപ്പെട്ട ഒരു പ്രശ്നം അവതരി പ്പിക്കാനും സമയബന്ധിതമായി സേവനം കിട്ടുന്നതി നും സാധിക്കും. മൊബൈൽ ആപ്പിലൂടെ കർഷകൻ തന്റെ പ്രശ്നം ഒരു ശബ്ദ സന്ദേശത്തിലൂടെ അറിയി ക്കുമ്പോൾ പ്രസ്തുത സന്ദേശം ബന്ധപ്പെട്ട വെറ്റിനറി സർജനും ഇതിനായി ജില്ലാ തലത്തിൽ രൂപീകരിക്കു ന്ന 24 മണിക്കൂർ പ്രവർത്തിക്കുന്ന ക്വിക്ക് റെസ്പോൺസ് മോണിറ്ററിംഗ് സെല്ലിനും പ്രത്യേക അലാറത്തോടെ ലഭിക്കും. അപ്പോൾ തന്നെ ആവശ്യമായ നടപടി വെറ്റിനറി സർജൻ സ്വീകരിക്കണം. അഥവാ അങ്ങിനെ നടപടി ഒന്നും വെറ്റിനറി സർജൻ സ്വീകരിക്കുന്നി ല്ലായെന്ന് കണ്ടാൽ സെല്ലിന് കാര്യം എന്താണെന്ന് മനസ്സിലാക്കാനും പകരം മറ്റ് സംവിധാനം ആവശ്യ മാണെങ്കിൽ ഏർപ്പെടുത്താനും സാധിക്കും. ഇവിടെ യാതൊരു തരത്തിലുമുള്ള വീഴ്ചയും സംഭവിക്കില്ലായെ ന്ന് മാത്രമല്ല, സമയബന്ധിതമായി കർഷകന് സേവനം ലഭിക്കുന്നു എന്ന് ഉറപ്പാക്കനും കഴിയും.

ഉദാഹരണത്തിന് കർഷകന്റെ പശു വയർ പെരുകി ഊർദ്ധശ്വാസം വലിക്കുന്നു, മറ്റൊരു മാർഗ്ഗവുമില്ല, ഡോക്ടറെ വിളിക്കുമ്പോൾ അകലെയുള്ള ഡോക്ടർ വരുന്നതിന് മുന്നേ പശു ചത്തു പോകുമെന്നിരിക്കേ, ആപ്പിലെ പ്രത്യേക സംവിധാനത്തോടെ ആ പശുവിന്റെ വീഡിയോ നോക്കി ഡോക്ടർക്ക് പ്രഥമീക ശുശ്രൂഷ, അതായത് ആമാശയം തുളച്ച് കാറ്റ് കളയുന്ന രീതി നിർദ്ദേശിക്കാം. പിന്നാലെ ഡോക്ടർ വന്ന് ചികിത്സ നടത്തിയാൽ മതിയാകും. ഇവിടെ നിസ്സാരമായ ഇടപെടലിലൂടെ പശുവിനെ രക്ഷിക്കാൻ സാധിക്കും. ഇതു പോലെ സ്ഥലത്ത് പോകേണ്ടാത്ത കാര്യങ്ങൾ ഈ ആപ്പിലൂടെ ചെയ്യാൻ സാധിക്കുമ്പോൾ വിലപ്പെട്ട സമയവും ജീവനും ജീവനോപാധിയും രക്ഷിക്കാൻ സാധിക്കുന്നതാണ് ഏറ്റവും വലിയ പ്രത്യേകത.

ഇനി ബന്ധപ്പെട്ട വെറ്റിനറി സർജൻ അവധിയിലോ മറ്റ് കേസുകളിൽ ഏർപ്പെട്ടിരിക്കുന്ന അവസരത്തിൽ, മോണിറ്ററിംഗ് സെല്ലിന് അടുത്തുള്ള വെറ്റിനറി സർജന്റെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറുടെ/നൈറ്റ് സർവ്വീസ് കേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടു ത്താം.

ജിയോമാഷിൻ സംവിധാനത്തിലൂടെ പിഴവുകളി ല്ലാതെ ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കും. ഏറ്റവും അവസാനത്തെ മൃഗസെൻസസ് ജിയോ മാപ്പിംഗ് സംവിധാന പ്രകാരം ചെയതതിനാൽ കാര്യ ങ്ങൾ കൂടുതൽ എളുപ്പമാകും. പുതുതായി വരുന്ന / ജനിക്കുന്ന പശുക്കളുടെയുൾപ്പെടെ ഡിജിറ്റൽ രജി സ്റ്റർ തയ്യാറാക്കിയാൽ വളരെ കാര്യക്ഷമമായി ഈ സംവിധാനം കൊണ്ടു പോകാം.

മൊബൈൽ ആപ്പിന്റെ ദുരുപയോഗം തടയാനും സർക്കാരിന് റവന്യൂ വർദ്ധിപ്പിക്കുന്നതിനും ഇതിലൂടെ സാധിക്കും. മൊബൈൽ ആപ്പിലൂടെ സന്ദേശം അയക്കുന്നതിന് മൂന്ന് തരത്തിലുള്ള സന്ദേശ സംവിധാനം ഏർപ്പെടുത്താം.ചുവപ്പ്, ഓറഞ്ച്, മഞ്ഞ. ഓരോ ഇനത്തിനുമുള്ള സമയ ക്രമം നിശ്ചയിച്ച് പ്രസി ദ്ധപ്പെടുത്തണം. അടിയന്തിര സർവ്വീസ് ആവശ്യമുള്ള വർക്ക് ചുവപ്പ് സന്ദേശം അയച്ചാൽ നിശ്ചിത സമയ ത്തിനുള്ളിൽ സേവനം കിട്ടണം( ഉദാഹരണത്തിന് 2 മണിക്കൂറിനുള്ളിൽ). ആയതിന് ഒരു നിശ്ചിത ഫീസും ഏർപ്പെടുത്താം. ഉദാഹരണത്തിന് 1000 രൂപ. ചുവപ്പ് സന്ദേശം അയക്കാൻ ആഗ്രഹിക്കുന്ന ഒരു ഗുണഭോ ക്താവ് ചുവപ്പ് തെരെഞ്ഞെടുക്കുന്ന അവസരത്തിൽ ആധുനീക പണമടക്കൽ സംവിധാനത്തിലൂടെ (ഗൂഗിൾ പേ, ഫോൺ പേ, നെറ്റ് ബാങ്കിംഗ്) പണമടച്ച് സന്ദേശം അയച്ചാൽ ടിയാൾക്ക് ആവശ്യപ്പെടുന്ന സമയത്തിനു ള്ളിൽ ലഭ്യമാകുന്ന സംവിധാനം (ഊബർ മാതൃക).

### പശുക്കളുടെ പാലുൽപാദന ക്ഷമത ലോക നിലവാരത്തിലെത്തിക്കൽ

പശുക്കളുടെ ഉൽപ്പാദന ക്ഷമത ലോകനിലവാരത്തിലേക്കെത്തിച്ചാൽ മാത്രമേ ഇനി ക്ഷീരമേഖലയ്ക്ക് മുന്നോട്ട് പോകാൻ സാധിക്കുകയുള്ളു. പുത്തൻ തലമുറ ക്ഷീരമേഖലയിലേക്ക് കടന്ന് വരണമെങ്കിൽ പശുക്കളുടെ ഉൽപ്പാദനക്ഷമത ഉയർത്തണം. ഇസ്രായേൽ, ന്യൂസിലാന്റ്, ആസ്ട്രേലിയ,സ്വിറ്റ്സർലാന്റ് തുടങ്ങിയ രാജ്യങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്.

ഇക്കാലമത്രയും KLD ബോർഡ് ഉൽപ്പാദിപ്പിച്ച പ്രിമിയം ബുൾമനും ക്ഷീരധാരയും പോലുള്ള അത്യുൽപ്പാദന ശേഷിയുള്ള ബീജങ്ങൾ KLD എന്ത് ചെയ്തു എന്ന് ഒരു ഓഡിറ്റിങ്ങു കൂടി നടത്തിയാൽ മനസ്സിലാകും. ബോർഡ് ഇക്കാലമത്രയും കേരളത്തെയും കേരളത്തിലെ ക്ഷീരകർഷകരെയും വഞ്ചിക്കുകയായിരുന്നുവെന്ന്. ഇക്കാര്യത്തിൽ ഒരു ജുഡീഷ്യൽ എൻക്വയറി തന്നെ നടത്തണം. അടുത്ത 10 വർഷം കൊണ്ട് ഉൽപ്പാദനക്ഷമത ലോക നിലവാരത്തിലേക്കുയർത്തിയെടുക്കാനുള്ള ശക്തമായ ഒരു ചലഞ്ച് KLD ബോർഡിന് നൽകുകയും വേണം.

അശാസ്ത്രീയമായ ബ്രീഡിംഗ്: പലപ്പോഴും പശുക്കളുടെ ബ്രീഡിംഗ്, സെമൻ പ്രോട്ടോകോൾ പാലിക്കാതെയും അശാസ്ത്രീയമായും അശ്രദ്ധമായും കൈകാര്യം ചെയ്യുന്നതും കൃത്യമായ മദി ലക്ഷണം കണ്ടുപിടിക്കുന്നതിൽ കർഷകരുടെ അറിവില്ലായ്മ, കാലാവസ്ഥ സന്തുലിതമല്ലാത്ത തീറ്റയും തീറ്റക്രമവും ആണ് പ്രധാന പ്രശ്നങ്ങൾ.

#### പരിഹാരം

1. സെമൻ പ്രോട്ടോക്കോൾ കൃത്യമായി പാലിച്ചുകൊണ്ടുള്ള സെമൻ ട്രാൻസ്പോർട്ടേഷനും, കൈകാര്യവും.
2. സെമൻ ട്രാൻസ്പോർട്ടേഷനാവശ്യമായ മിനി ക്രയോ ക്യാനുകൾ എല്ലാ ഇൻസെമിനേറ്റർമാർക്കും ലഭ്യമാക്കുക, ആയത് പാലിക്കാതെയുള്ള പ്രവൃത്തി കുറ്റകരമാക്കുക.
3. കൃത്യമായ മദി ലക്ഷണങ്ങൾ കണ്ടുപിടിക്കാൻ കർഷകർക്ക് പരിശീലനം നൽകണം.
4. ശാസ്ത്രീയ തീറ്റക്രമം പാലിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തിക്കൊടുക്കുന്ന പരിശീലനം.

### കാലഹരണപ്പെട്ട ബ്രീഡിംഗ് പോളിസിയും ആധുനിക ബ്രീഡിംഗ് സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലെ പോരായ്മയും

കേരളത്തിലെ നിലവിലുള്ള ബ്രീഡിംഗ് പോളിസി കാലഹരണപ്പെട്ടതാണ്. ബ്രീഡിംഗ് രംഗത്ത് നമ്മുടെ സ്വന്തം ഗീർപ്പശുവിൽ ബ്രസീൽ നേടിയ വിജയവും ഭ്രൂണമാറ്റ ശസ്ത്രക്രിയയിൽ കെനിയയെന്ന ദരിദ്ര ആഫ്രിക്കൻ രാഷ്ട്രം നേടിയെടുത്ത വിജയവും കർണാടകയിലെ ചിന്താമണി ദേശം നേടിയ വിജയവും നമുക്ക് മാതൃകയാക്കാം.

#### പരിഹാരം

1. നിലവിലുള്ള ബ്രീഡിംഗ് പോളിസി അടിമുടി മാറ്റി ത്രിമാന ബ്രീഡിംഗ് പോളിസിക്ക് രൂപം നൽകണം.
2. സങ്കരയിനം പശുക്കളുടെ ബ്രീഡിംഗ് നിലവിലുള്ളത് തുടരുകയും സാധ്യമാകുന്നിടത്തോളം കുത്തിവെപ്പിനുപയോഗിക്കുന്ന ബീജത്തിന്റെ സയർ - ഡാം യീൽഡ് കുറഞ്ഞത് 50 ലിറ്റർ എന്നാക്കി നിർണ്ണയിക്കുക. ഇന്ത്യൻ വർഗ്ഗങ്ങളായ സഹിവാൾ, റെഡ് സിന്ധി, ഗീർ താർമാർക്കർ, റാത്തി തുടങ്ങിയവയിൽ കുത്തിവെക്കാനുപയോഗിക്കുന്ന ബീജത്തിന്റെ സയർ - ഡാം യീൽഡ് കുറഞ്ഞത് 15 ലിറ്റർ എന്നാക്കി നിർണ്ണയിക്കുക. ഒപ്പം വർഗ്ഗോന്നതീകരണം നടത്തുക.
3. കേരളാ വർഗ്ഗങ്ങളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ തുടങ്ങിയവയിൽ കുത്തിവെക്കാനുപയോഗിക്കുന്ന ബീജത്തിന്റെ സയർ - ഡാം യീൽഡ് കുറഞ്ഞത് 5 ലിറ്റർ എന്നാക്കി നിർണ്ണയിക്കുക. ഒപ്പം വർഗ്ഗോന്നതീകരണം നടത്തുക.
4. എല്ലാ വിഭാഗത്തിലും ഭ്രൂണമാറ്റ സാങ്കേതിക വിദ്യയും, വർഗ്ഗോന്നതീകരണവും (Grading Up ) സെക്സ്ഡ് സെമനും പ്രയോജനപ്പെടുത്തുക.

### 3.ഗോൾഡൻ ഹാർവെസ്റ്റ് (സ്വർണ്ണക്കൊയ്ത്ത്) സ്പെഷ്യൽ കാഫ് ബ്രീഡിംഗ് പ്രോഗ്രാം

കേരളത്തിലെ പശുക്കളുടെ പാലുൽപാദന ക്ഷമത അടുത്ത 10 വർഷത്തിനുള്ളിൽ ലോകനിലവാരത്തിലേക്ക് എത്തിക്കുന്ന പ്രത്യേക പരിപാടി. ശാസ്ത്രീയ കന്നുകുട്ടി പരിപാലനത്തിൽ കേരളത്തിൽ ജനിക്കുന്ന ഒരു കന്നുകുട്ടിക്ക് ശരാശി 50 കിലോ ശരീര ഭാരമുണ്ടായിരിക്കും (വിദേശ രാജ്യങ്ങളിൽ ഇത് 50 മുതൽ 100 കിലോ വരെയാണ്). ശരിയായ പരിചരണം നൽകിയാൽ ഒരു ദിവസം ഒരു കന്നുകുട്ടിയുടെ ശരീര ഭാരം 400- 500 ഗ്രാമിന്റെ വർദ്ധനയുമാകും. ശാസ്ത്രീയ കന്നുകുട്ടി പരിപാലന പ്രകാരം ഒരു കന്നുകുട്ടിക്ക് ജനിച്ച ആദ്യ മാസം ശരീര ഭാരത്തിന്റെ പത്തിൽ ഒന്ന്, രണ്ടാം മാസം പതിനഞ്ചിൽ ഒന്ന്, മൂന്നാം മാസം ഇരുപതിൽ ഒന്ന് എന്ന കണക്കിൽ പാൽ നൽകണം. അങ്ങിനെയെങ്കിൽ ആദ്യ മാസം തുടക്കത്തിൽ മൂന്ന് കിലോയും അവസാനമാകുമ്പോഴേക്കും നാലര കിലോയും പാൽ നൽകണം. നമ്മുടെ പശുക്കളുടെ കുറഞ്ഞ ഉൽപ്പാദന ക്ഷമത കാരണം ഈ ക്രമം പാലിക്കാൻ ഭൂരി ഭാഗം കർഷകർക്കും സാധിക്കാറില്ല, തൽഫലമായി ശരിയായ പോഷകം ലഭിക്കാതെ കന്നുകുട്ടികൾ വളർച്ച മുരടിച്ച് ഉൽപ്പാദന - പ്രത്യുൽപ്പാദന ഗുണങ്ങൾ നഷ്ടപ്പെട്ട് പോകും. ജനന സമയം മുതൽ കന്നുകുട്ടിക്ക് ശരിയായി പോഷണം നൽകിയെങ്കിലേ ഇന്നത്തെ ദുരവസ്ഥക്ക് മാറ്റം വരുത്താൻ സാധിക്കുകയുള്ളു. ഇതിനു പോംവഴിയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

ഒന്നാമതായി കുത്തിവെപ്പിനുപയോഗിക്കുന്ന ബീജത്തിന്റെ ഗുണമേന്മ ഉറപ്പ് വരുത്തലാണ്. സങ്കരയിനം പശുക്കളിൽ കുത്തിവെപ്പിനുപയോഗിക്കുന്ന ബീജം കുറഞ്ഞത് 50 ലിറ്റർ ഉൽപ്പാദന ക്ഷമത പ്രതീക്ഷിക്കുന്നത് മാത്രം ഉപയോഗിക്കുക. ഇന്ത്യൻ വർഗ്ഗങ്ങളായ ഗിർ, സഹിവാൾ പോലുള്ളവയെ വർഗ്ഗോന്നതീകരണം( Grading Up ) നടത്തി 15+ തരത്തിലുള്ള ബീജം കുത്തിവെക്കുക, കേരളത്തിന്റെ വെച്ചൂർ, കാസർഗോഡ് കുള്ളൻ വർഗ്ഗങ്ങളെ വർഗ്ഗോന്നതീകരണം( Grading Up ) നടത്തി 5+ തരത്തിലുള്ള ബീജം കുത്തിവെക്കുക. ഒപ്പം എംബ്രിയോ ട്രാൻസ്ഫർ ടെക്നോളജിയുടെ (ഭ്രൂണ മാറ്റം) സാധ്യതകളെക്കൂടി പ്രയോജനപ്പെടുത്തുകയും വേണം. ഇവിടെ ദരിദ്ര ആഫ്രിക്കൻ രാജ്യമായ കെനിയയും, ബ്രസീലും, അമേരിക്കയും തമിഴ്നാട്ടിലെ കൃഷ്ണഗിരിയും, ചിന്താമണിയും നമുക്ക് മാതൃകയാണ്. കെനിയയിൽ ചെറുകിട ക്ഷീരോൽപാദകരുടെ ഇടയിലുള്ള എംബ്രിയോ ട്രാൻസ്ഫർ ടെക്നോളജി വിജയ ശതമാനം 90% ആണെന്ന് കൂടി ഓർമ്മിപ്പിക്കട്ടെ.

### 3. ബ്രീഡിംഗ് സ്റ്റാർട്ടപ്പുകൾ

കേരളത്തിൽ ഒരു വർഷം മികച്ച പാലുൽപ്പാദനമുള്ള പശുക്കൾ അകിട് വീക്കം പോലുള്ള രോഗങ്ങൾ പിടിപെട്ട് ഉൽപ്പാദനം നശിച്ചാൽ അവയെ അറവിന് കൊടുക്കുന്ന ദുസ്ഥിതിയും. ഇവയിൽ കുറഞ്ഞത് 15 ലിറ്റർ ശരാശരി ഉൽപ്പാദനക്ഷമതയുള്ളവയെ കർഷകരിൽ നിന്നും KLD ബോർഡ് ഏറ്റെടുത്ത് ബോർഡിന്റെ ഫാമുകളിലോ, മേൽ നോട്ടത്തിൽ പ്രവർത്തിക്കുന്ന പ്രത്യേക പ്രജനന കേന്ദ്രത്തിലോ വെച്ച് സെക്സ്ഡ് സെമൻ ഉപയോഗിച്ച് എംബ്രിയോ ട്രാൻസ്ഫർ ചെയ്താൽ ഒരു പശുവിൽ നിന്നും ശരാശരി 40 പശുക്കുട്ടികളെ ഉൽപ്പാദിപ്പിച്ചെടുക്കാൻ സാധിക്കും. ഇപ്രകാരമുള്ള പദ്ധതി നടപ്പിലാക്കിയാൽ അടുത്ത 5 വർഷം കൊണ്ട് നിലവിലുള്ള കുറഞ്ഞ ഉൽപ്പാദനമുള്ള പശുക്കളെ മികച്ച ഉൽപ്പാദനക്ഷമതയുള്ള പശുക്കളെ ഉപയോഗിച്ച് മാറ്റിയെടുക്കാൻ സാധിക്കും.

ഇപ്രകാരം ജനിക്കുന്ന കന്നുകുട്ടികൾക്ക് പാലിനൊപ്പം മിൽക്ക് റീസർ/കാഷ് റീപ്ലേസർ കൂടി നൽകുന്ന പദ്ധതി. മിൽക്ക് റീപ്ലേസർ/കാഫ് റീപ്ലേസർ നൽകുമ്പോൾ പരി പൂർണ്ണമായും കന്നുകുട്ടിക്ക് തന്നെ കിട്ടും എന്ന് നമുക്ക് ഉറപ്പിക്കാം. നിലവിൽ കർഷകരുടെ അജ്ഞതയും ദാരിദ്ര്യാവസ്ഥയും മോണിറ്ററിംഗിന്റെ അഭാവവും നിമിത്തം കന്നുകുട്ടികൾക്ക് നൽകുന്ന തീറ്റയിൽ (SLBP) ഭൂരിഭാഗവും പശുക്കൾക്ക് കൊടുക്കുന്ന അവസ്ഥയാണുള്ളത്. കേരളാ ഫീഡ്സ് പോലുള്ള സ്ഥാപനങ്ങൾ മിൽക്ക് റീപ്ലേസർ/കാഷ് റീപ്ലേസർ നിർമ്മിച്ച് ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്താൽ കാര്യക്ഷമമായും വിജയകരമായും പദ്ധതി നടപ്പിലാക്കാൻ സാധിക്കും. ത്രിതലഞ്ചായത്തുകളെ കൂടി (ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും) ബന്ധപ്പെടുത്തിയാൽ ഏറ്റവും നന്നായി നടപ്പലാക്കാൻ സാധിക്കും. ഇപ്പോൾ അമൂൽ നിർമ്മിച്ച് വിതരണം ചെയ്യുന്ന മിൽക്ക് റീസർ/കാഫ് റീപ്ലേസർ ഒരു ലിറ്റർ തയ്യാറാക്കാൻ വരുന്ന ചെലവ് കേവലം 15 രൂപ മാത്രമാണ്. കർഷകർക്ക് ഒരു ദിവസം ഈ ഇനത്തിൽ തന്നെ ശരാശരി 100 രൂപയുടെ ലാഭവും നമ്മുടെ നാട്ടിൽ ജനിക്കുന്ന കന്നുകുട്ടികളെ ലോകനിലവാരത്തിലേക്കുയർത്തുവാനും സാധിക്കും

### 5. പശു വളർത്തുന്നവരോടുള്ള സാമൂഹത്തിന്റെ കാഴ്ചപ്പാട് - സാമൂഹിക അംഗീകാരമില്ലായ്മ

പശു വളർത്തുന്നവരോട് സമൂഹം കാണിക്കുന്ന നിലപാടാണ് ഈ മേഖലയിലേക്ക് പുതിയതായി പ്രത്യേകിച്ച് ചെറുപ്പക്കാർ കടന്നു വരാത്തതിന് കാരണം. കളങ്കരഹിതരായ ക്ഷീരകർഷകർക്ക് സാമൂഹികമായി അംഗീകാരം നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയാൽ ക്ഷീരവൃത്തിയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കാനും ക്ഷീരവൃത്തി ഒരു അഭിമാനകരമായ തൊഴിലാക്കി മാറ്റുവാനും അത് വഴി സമൂഹത്തെ ശുദ്ധീകരിക്കുവാനും സാധിക്കും. ഡയറി വൈറ്റ് പ്രിവിലേജ് കാർഡ് നൽകുന്നത് ജില്ലാകളക്ടർ ചെയർമാനും ക്ഷീര - മൃഗസംര ക്ഷണ വകുപ്പ്, പോലീസ്, ലീഡ് ബാങ്ക്, നബാർഡ് തുടങ്ങിയവർ അടങ്ങുന്ന ജില്ലാതല സമിതി യായിരിക്കണം. ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് നടത്തുന്ന പക്ഷം ആധാർ ലിങ്ക്ഡ് കാർഡ് ഇൻവാലിഡ് ആക്കണം.

#### പരിഹാരം

1. കുറഞ്ഞത് രണ്ട് പശുവിനെ വളർത്തുകയും പത്ത് ലിറ്ററിൽ കുറയാതെ പാൽ സംഘത്തിൽ അളക്കുകയും ചെയ്യുന്ന കർഷകർക്ക് ഡയറി വൈറ്റ് പ്രിവിലേജ് കാർഡ് നൽകണം.
2. കാലികൾക്കുള്ള തീറ്റ വസ്തുക്കൾ നിത്യോപയോഗ വസ്തുക്കൾ എന്നിവ സബ്സിഡി നിരക്കിൽ റേഷൻകട, നീതി സ്റ്റോർ, സപ്ലൈക്കോ, മാവേലി സ്റ്റോറുകൾ, ക്ഷീരസംഘങ്ങൾ വഴി നൽകുക.
3. ഡയറി വൈറ്റ് പ്രിവിലേജ് കാർഡ് കൈവശമുള്ളവർക്ക് യാതൊരുവിധ ഈടും കൂടാതെ 5 ലക്ഷം രൂപ വരെ പലിശ രഹിത വായ്പ നൽകണം.

### 6. 2012 ലെ ഫാംലൈസൻസിംഗ് ചട്ടം

നിലവിലുള്ള 2012 ലെ ഫാം ലൈസൻസിംഗ് ചട്ടം കേരളം പോലുള്ള ജനസാന്ദ്രതയേറിയ പ്രദേശത്തിന് യോജിച്ച തരത്തിലല്ല. ഒട്ടനവധി നൂലാമാലകൾ നിമിത്തം ഈ മേഖലയിലേക്ക് പലരും കടന്ന് വരാൻ മടിക്കുന്നു. നിസ്സാര കാരണം പറഞ്ഞ് ഫാമുകൾ പൂട്ടുന്നതിന് ഉത്തരവിടുന്ന ദുസ്ഥിതി നിലനിൽക്കുന്നു.

#### പരിഹാരം

1. 2012 ലെ ഫാം ലൈസൻസിംഗ് ചട്ടം ക്ഷീര-മൃഗ സംരംക്ഷണ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങിയവർ ചേർന്ന് കാലോചിതമായി പരിഷ്കരിക്കണം.

2. ശാസ്ത്രീയ സംവിധാനങ്ങൾ ഒരുക്കിയിട്ടുള്ള ഫാമുകളിൽ ലൈസൻസില്ലാതെ വളർത്താവുന്ന മൃഗങ്ങൾ / പക്ഷികളുടെ എണ്ണം വർദ്ധിപ്പിക്കണം. പശുക്കൾ 20, ആടുകൾ 50, പക്ഷികൾ 1000, പന്നികൾ 10, മുയൽ 50 എന്നിങ്ങനെ.
3. മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിച്ചിട്ടുള്ള സംവിധാനങ്ങൾ ഒരുക്കുകയും അത് പാലിക്കുകയും ചെയ്യുന്ന ഫാമുകൾക്കെതിരെ ഏതെങ്കിലും തരത്തിലുള്ള പരാതികൾ ഉയരുന്ന പക്ഷം ആയത് പരിശോധിച്ച് തീരുമാനമെടുക്കാൻ ജില്ലാ തലത്തിൽ ഒരു സമിതിക്ക് രൂപം നൽകണം.
4. ഫാം ലൈസൻസിംഗിന് ജില്ലാ തലത്തിൽ ഒരു ഏകജാലക സംവിധാനം ഉണ്ടാക്കണം.

### കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം / നിലവിലെ മലിനീകരണ നിയന്ത്രണ ബോർഡ് ചട്ടങ്ങൾ

നിലവിലുള്ള കേരളാ കെട്ടിട നിർമ്മാണ ചട്ടം, മലിനീകരണ നിയന്ത്രണ ബോർഡ് ചട്ടം ഒട്ടും ശാസ്ത്രീയമല്ല. ആയത് മൂന്നായി തിരിച്ച് ഓരോന്നിനും വേ സൗകര്യങ്ങൾ നിശ്ചയിക്കണം. നിലവിൽ 1000 ചതുരശ്ര മീറ്റർ വിസ്തൃതിയിലുള്ള ഒരു ഫാം കെട്ടണ മെങ്കിൽ അതിൽ കുറഞ്ഞത് 4 ടോയിലറ്റുകൾ നിർമ്മിക്കണമെന്നാണ്. അത് വാണിജ്യാടി സ്ഥാനത്തിലുള്ള കെട്ടിടങ്ങൾക്ക് മാത്രം ബാധകമാക്കേണ്ടതാണ്. എന്നാൽ ഇതേ വിസ്തൃതിയുള്ള റെസിഡൻഷ്യൽ ബിൽഡിംഗ് ആണെങ്കിൽ ആയത് പറയുന്നില്ല.

### പരിഹാരം

1. കെട്ടിടങ്ങളെ റെസിഡൻഷ്യൽ, കമേർഷ്യൽ, ഫാമിംഗ് എന്നിങ്ങനെ മൂന്നായി തിരിക്കണം.
2. ഫാമുകളുടെ മേൽക്കൂരക്ക് സൈഡ് ഉയരം നിലവിലെ 3.6 മീറ്റർ എന്നത് 2.4 മീറ്റർ എന്നാക്കി മാറ്റണം.
3. ബയോഗ്യാസിന്റെ വലുപ്പം നിലവിൽ ഒരു പശുവിന് അര ക്യൂബിക് മീറ്റർ എന്നത് മാറ്റി ഒരു ഫാമിനോടനുബന്ധിച്ച് കുറഞ്ഞത് 2 ക്യൂബിക് മീറ്റർ എന്നാക്കി മാറ്റണം. ചാണകം സംസ്കരിക്കാൻ മറ്റ് സംവിധാനം ഒരുക്കിയിട്ടുണ്ടെങ്കിൽ ബയോഗ്യാസ് ഒഴിവാക്കുകയും ചെയ്യാം.
4. സോക് പിറ്റ് സെപ്റ്റിക് ടാങ്ക് മോഡൽ എന്നത് മാറ്റി സോക് പിറ്റ് എന്നാക്കണം. കാരണം ഒരു ഫാം നിർമ്മിക്കണമെങ്കിൽ 20 പശുക്കൾ വരെയാണെങ്കിൽ ഫാം ബിൽഡിംഗും മറ്റൊരാളുടെ റെസിഡൻഷ്യൽ ബിൽഡിംഗും തമ്മിൽ 10 മീറ്റർ വേണമെന്നിരിക്കെ ഇത് അശാസ്ത്രീയമാണ്. കാരണം നിലവിലുള്ള കുടിവെള്ള സ്രോതസ്സുമായി കക്കൂസ് ടാങ്കിന് 7 മീറ്റർ അകലം മതിയെന്നിരിക്കെയാണ് ഫാമുകൾക്ക് സെപ്റ്റിക് ടാങ്ക് നിർബന്ധമാക്കുന്നത്. മാത്രമല്ല ഫാമിനോടനുബന്ധിച്ച് അടുത്തൊന്നും വീടുകൾ ഇല്ലെന്നിരിക്കേ ബയോഗ്യാസ് പ്ലാന്റ്, സെപ്റ്റിക് ടാങ്ക് എന്നിവ വേണമെന്ന നിഷ്കർഷ വ്യവസായ സൗഹൃദാന്തരീക്ഷത്തെ തുരങ്കം വെക്കുന്നതാണ്.

### ക്ഷീര സംഘം ഒരു മൾട്ടിടൈപ്പ് മാർക്കറ്റിംഗ് കം സർവ്വീസ് സെന്റർ

ക്ഷീരസംഘമെന്നാൽ നാടിന്റെ സുസ്ഥിര വികസനത്തിന്റെ പ്രഭവ കേന്ദ്രമാക്കിയും ക്ഷീരകർഷകന്റെ ആശ്രയ കേന്ദ്രവും, ആശാ കേന്ദ്രവും സർവ്വോപരി അഭയ കേന്ദ്രവുമാകണം.

എല്ലാ ക്ഷീര സംഘങ്ങളും പാലിനുപരി കർഷകൻ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ, പഴം, മുട്ട തുടങ്ങിയവ സംഘത്തിന്റെ മേൽ നോട്ടത്തിലുള്ള സ്വയം സഹായക സംഘങ്ങൾ വഴി ഉൽപാദിപ്പിച്ച്, സംഭരിച്ച് ഇടനിലക്കാരെ ഒഴിവാക്കി ഒരു പ്രാദേശിക വിപണി സൃഷ്ടിച്ച് വിപണനം നടത്തുന്നു. ഇവിടെ കർഷകർക്കും പാൽ ഉപഭോക്താക്കൾക്കും ആവശ്യമായ ഉൽപ്പാദനോപാധികൾ ലഭ്യമാക്കിക്കൊടുക്കുകയും ചെയ്യണം. ഒപ്പം പൊതുവിതരണ സംവിധാനവുമായി ചേർന്ന് നിത്യോപയോഗ സാധനങ്ങൾ കൂടി ലഭ്യമാക്കാം. നീതി മെഡിക്കൽ സ്റ്റോർ, അക്ഷയമോഡൽ സേവന കേന്ദ്രങ്ങൾ തുടങ്ങിയവയും ആരംഭിക്കാം. അതു പോലെ ക്ഷീരസംഘങ്ങളെ മിൽമയുടെ പാൽ സംഭരണ കേന്ദ്രങ്ങൾ എന്നതിനുപരി പാൽ വിൽപ്പന കേന്ദ്രങ്ങളും കൂടി ആക്കി മാറ്റുക, ഇത് വഴി മിൽമയുടെയും ക്ഷീരസംഘങ്ങളുടെയും പ്രതിസന്ധി മിറകടക്കാം. ബി. എം.സി സംവിധാനവും ഒപ്പം പാലിന്റെ സ്റ്റാൻഡേർഡ് കുറച്ചതും ഇക്കാര്യം നടപ്പിൽ വരുത്താൻ ഏറെ സഹായകരമാണ്. 24 മണിക്കൂറും നറും പാലും, പാൽ ഉൽപ്പന്നങ്ങളും ലഭിക്കുന്ന കേന്ദ്രങ്ങളായി ഓരോ ക്ഷീര സംഘവും മാറണം. അത് വഴി നഗര- ഗ്രാമീണ ഉപഭോക്താക്കളെ പൂർണ്ണമായും മിൽമയുടെ കീഴിൽ കൊണ്ടുവരാൻ സാധിക്കും. മിൽമയുടെ വിപണി കുറഞ്ഞു വരുന്നതിനൊരു പരിഹാരവുമാകും. ഇവിടെ ക്ഷീരസംഘങ്ങൾ സംഭരിക്കുന്ന പാലിന് 0 % മാർജിൻ നൽകുകയും പ്രാദേശിക വിൽപ്പനക്ക് പ്രത്യേക ഇൻസെന്റീവും ഏർപ്പെടുത്തിയാൽ സംഘങ്ങൾ സാമ്പത്തികമായി ഏറെ പുരോഗതി പ്രാപിക്കും. നിലവിൽ മിൽമക്ക് ചില്ലിംഗ്, ട്രാൻസ്പോർട്ടേഷൻ, പാസ്ചുറൈസേഷൻ, പാക്കിംഗ്, കമ്മീഷൻ ഇനങ്ങളിൽ ചെലവാകുന്ന തുകയിൽ നിന്നു തന്നെ സംഘങ്ങൾക്കുള്ള മാർജിനും ഇൻസെന്റീവും നൽകാൻ സാധിക്കും എന്നുള്ളതു കൊണ്ട് മിൽമയ്ക്ക് അധിക ബാധ്യതയും ഒഴിവാകും.

### ജനകീയ ക്ഷീരവികസനം

ഒരു ക്ഷീരസംഘം രൂപീകരിക്കുക എന്നത് എളുപ്പമായ കാര്യമാണ്.അത് ശരിയായ രീതിയിൽ നടത്തിക്കൊണ്ടു പോകുക എന്നത് വളരെയധികം വിഷമം പിടിച്ച കാര്യമാണ്. എന്നാൽ നല്ല നിലയിലുള്ള കൂട്ടായ പ്രവർത്തനത്തിലൂടെ ആയത് മാറ്റിയെടുക്കാനും സാധിക്കും. അതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കണം.

ഓരോ ക്ഷീരസംഘങ്ങളുടെയും പ്രവർത്തന പരിധി/ പാൽ സംഭരണ പ്രദേശങ്ങളെ 9 പ്രാദേശിക വികസന മേഖലകളായി തിരിക്കണം. ഓരോ മേഖലയുടെയും ചുമതല ഒരു ഭരണസമിതി അംഗത്തിന് നൽകണം. ഒരു വികസന മേഖലയിൽ നിന്നും പുതുതായി കുറഞ്ഞത് 100 ലിറ്റർ പാലും 100 മുട്ടയും അധികമായി ഉൽപ്പാദനം ലക്ഷ്യം വെക്കണം. അത് പോലെ ആ മേഖലയിൽ നടപ്പിലാക്കാൻ സാധിക്കുന്ന മറ്റ് പ്രവർത്തനങ്ങളും നിശ്ചയിച്ച് ആയതിന് വേണ്ട വിഭവ സമാഹരണം നടത്തേണ്ട ചുമതലയും ആ ഭരണസമിതി അംഗത്തിന് നൽകണം.

ക്ഷീരവികസന വകുപ്പ്, മൃഗസംഗക്ഷണവകുപ്പ്, കൃഷി വകുപ്പ്, കെ.എൽ.ഡി ബോർഡ്, മിൽമ, നബാർഡ്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പിന്നാക്ക വിഭാഗ കോർപ്പറേഷൻ, മുന്നാക്ക വിഭാഗ കോർപ്പറേഷൻ, പട്ടികജാതി/ വർഗ്ഗ കോർപ്പറേഷൻ, വികലാംഗ കോർപ്പറേഷൻ, കേന്ദ്ര സർക്കാരിന്റെ കാമധേനു ആയോഗ്, AHIDF തുടങ്ങിയ ഏജൻസികളുടെ പദ്ധതികളെ സംയോജിപ്പിച്ചുള്ള സമഗ്ര വികസന പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയാൽ പ്രതി ദിനം കേരളത്തിൽ 3.5 ലക്ഷം ലിറ്റർ പാലും 35 ലക്ഷം മുട്ടയും ഉൽപ്പാദിപ്പിക്കാൻ സാധിക്കും. അത് വഴി കേരളത്തെ പാൽ, മുട്ട, മാംസം, പഴം, പച്ചക്കറി തുടങ്ങിയവയുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തതയിലുപരി മിച്ച സംസ്ഥാനമായും കയറ്റുമതി സംസ്ഥാനമായും മാറ്റിയെടുക്കാം.

ഒരോ പ്രാദേശിക വികസന മേഖലയിലും കുടുംബശ്രീ മാതൃകയിൽ ക്ഷീരമൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവരെ ചേർത്ത് ക്ഷീരശ്രീകൾക്ക് ("ക്ഷീരശ്രീ ക്ഷീരകർഷകരുടെ കുടുംബശ്രീ ) രൂപം നൽകണം. കുടുംബശ്രീ മാതൃകയിൽ ഏ.ഡി.എസ്, സി.ഡി.എസ് കൾക്കും രൂപം നൽകണം. അപ്രകാരം ചെയ്താൽ കുടുംബശ്രീക്ക് നൽകുന്ന എല്ലാ പരിഗണനയും ആനുകൂല്യങ്ങളും ക്ഷീരശ്രീക്കും ലഭിക്കും. (ഉദാ:- ഒരു സി.ഡി.എസ് ന് പിന്നാക്ക വിഭാഗ കോർപ്പറേഷൻ 5 % പലിശക്ക് ഒരു കോടി രൂപ വായ്പ നൽകും.) ഓരോ ക്ഷീരശ്രീകൾക്കും പാൽ മുട്ട മാംസം എന്നിവയുടെ ഉൽപ്പാദനത്തിൽ ടാർജറ്റ് നിശ്ചയിക്കുകയും ആയത് നേടുന്നതിനുള്ള ജനകീയ ക്ഷീരവികസന ആസൂത്രണ ദ്ധതികൾക്ക് രൂപം നൽകണം.

ക്ഷീരശ്രീ അംഗങ്ങൾക്ക് ഫോഡർ ഫാമുകൾ, ഡയറി ഫാമുകൾ, ആട് ഫാമുകൾ, പോത്ത്-കാളക്കുട്ടി വളർത്തൽ ഫാമുകൾ, എഗ്ഗർ നഴ്സറി, ഇറച്ചിക്കോഴി ഫാം, എമു ഫാം, കാടവളർത്തൽ, മുയൽ വളർത്തൽ, താറാവ് ഫാം, മത്സ്യം വളർത്തൽ, പന്നിഫാം, സംയോജിത ഫാം, മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം വിപണനം, സേവന കേന്ദ്രങ്ങൾ തുടങ്ങിയവ ആരംഭിക്കാനുള്ള പരിശീലനം, പ്രോജക്റ്റ് റിപ്പോർട്ടുകൾ എന്നിവ നൽകുന്ന സംവിധാനം ജില്ലാ തലത്തിൽ ഒരുക്കണം. വർഷത്തിലൊരിക്കൽ ക്ഷീരശ്രീ ഗ്രേഡിംഗ് ലഭിച്ച അംഗങ്ങൾക്കായി ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ സംരംഭകത്വ മീറ്റും ഏകദിന വായ്പാമേളയും സംഘടിപ്പിക്കണം.

ക്ഷീരകർഷകർ അവരുടെ ആരോഗ്യം മറന്ന് സമൂഹത്തിന്റെ ആരോഗ്യത്തിനായി ആയുസ്സും വപുസ്സും സമർപ്പിച്ച് പ്രവർത്തിപ്പിക്കുന്നവരാണ്. അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്ന് മികച്ച സാമൂഹ്യ നിലവാരത്തിലേക്ക് കെപിടിച്ചു കയറ്റുന്നത് സമൂഹത്തിന്റെ മൊത്തം ബാദ്ധ്യതയാണ്. ആയതിനാൽ അവർക്ക് സാമൂഹിക പരിരക്ഷ ഉറപ്പ് വരുത്താൻ ഡയറി വൈറ്റ് പ്രിവിലേജ് കാർഡ് നൽകണം. ഈ കാർഡ് നൽകുന്നത് കുറഞ്ഞത് രണ്ട് പശുവിനെ വളർത്തുകയും 10 ലിറ്റർ പാൽ ക്ഷീരസംഘത്തിൽ അളക്കുകയും ചെയ്യുന്നവർക്കായിരിക്കണം. കാർഡ് നൽകുന്നതിന് മുമ്പായി ബ്ലോക്ക് തല ക്ഷീരവികസന- മൃഗസംരക്ഷണ വകുപ്പ്, പോലീസ് വകുപ്പ്, ബാങ്ക് സമിതി ങ്ങിയവയിൽ നിന്നുള്ള ക്ലീയറൻസ് ലഭിച്ചവർക്കായിരിക്കണം. കാർഡ് ലഭിക്കുന്ന വ്യക്തികൾക്ക് സിവിൽസപ്ലൈസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകൾ, നീതി സ്റ്റോറുകൾ, മാവേലി സ്റ്റാറുകൾ തുടങ്ങിയ ഇടങ്ങളിൽ പ്രത്യേക സബ്സിഡി അനുവദിക്കണം. ചുരുങ്ങിയ സമയം കൊണ്ട് മറ്റ് ഈടൊന്നുമില്ലാതെ ബാങ്ക് ലോൺ, കുടുംബത്തെയടക്കം സൗജന്യ ഇൻഷ്വറൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകണം. ഇങ്ങനെ ചെയ്യുമ്പോൾ പശു വളർത്തലിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കാനും ആളുകളെ ശുദ്ധീകരിക്കാനും സാധിക്കും. ഏതെങ്കിലും തരത്തിലുള്ള കുറ്റകൃത്യത്തിൽ ഏർപ്പെട്ടാൽ കാർഡ് സസ്്പെൻഡ് ചെയ്യേണ്ടതുമാണ്.

ക്ഷീരശ്രീ സ്വയം സഹായക ഗ്രൂപ്പുകൾക്ക് ചെയ്യാൻ ത്രിതല പഞ്ചായത്ത് സംവിധാന ത്തിലൂടെയും മറ്റ് വിധത്തിലും ചെയ്യാൻ സാധിക്കുന്ന ഏതാനും പദ്ധതികൾ കൂടി ഇവിടെ പരാമർശിക്കുന്നു. സ്റ്റേറ്റ് ഹോർട്ടി കോർപ്പു മിഷനുമായി ചേർന്ന് "ഒരു കയ്യിൽ പാലും മറു കയ്യിൽ പച്ചക്കറിയും, അനെർട്ടുമായും നബാർഡുമായും ചേർന്ന് "ഒരു വീടിനൊരു പശുവും ബയോഗ്യാസ് പ്ലാന്റും പദ്ധതി', സിവിൽ സപ്ലൈസ്, സാമൂഹ്യ നീതി തുടങ്ങിയ വകുപ്പുമായി ചേർന്ന് ക്ഷീര സംഘത്തിൽ "മൾട്ടിടൈപ്പ് മാർക്കറ്റിംഗ് കം സർവ്വീസ് സെന്റർ പദ്ധതി", "അക്ഷയ മോഡൽ സേവന കേന്ദ്രങ്ങൾ" അത് പോലെ മാലിന്യ മുക്ത കേരളം സുന്ദര കേരളം പന്നി വളർത്തലിലൂടെ തുടങ്ങിയ പദ്ധതികൾ ആരംഭിച്ച് ക്ഷീരസംഘത്തെ കൂടുതൽ ജനകീയ സേവന കേന്ദ്രങ്ങൾ ആക്കി മാറ്റാം. അക്ഷരാർത്ഥത്തിൽ ഒരു ക്ഷീരസംഘത്തെ സൂഹത്തിന്റെ വികസനത്തിന്റെ പ്രഭവ കേന്ദ്രമായും ആശ്രയ കേന്ദ്രമായും ആശാ കേന്ദ്രമായും സർവ്വോപരി അഭയ കേന്ദ്രമായും മാറ്റിയെടുക്കുന്ന വിപ്ലവകരമായ ഒരു പദ്ധതി നിങ്ങളേവരുടെയും ചർച്ചക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

മാലിന്യ മുക്ത കേരളം പന്നി വളർത്തലിലൂടെ : ഇന്ന് ലോകത്ത് കഴിക്കുന്ന മാംസങ്ങളിൽ 36% വും പന്നി മാംസമാണെന്നിരിക്കേ പന്നി വളർത്തലിൽ കേരളത്തിന് അനന്തമായ സാധ്യതകളാണുള്ളത്. പ്രത്യേകിച്ച് മാലിന്യ മുകത നവ കേരള നിർമ്മിതി

യിൽ.ചൈന, ബ്രസീൽ, ബ്രിട്ടൺ മുതയായ രാജ്യങ്ങളിൽ വൻതോതിൽ പന്നി വളർത്തലുണ്ട്.എന്തിന് ബഹാമസ് എന്ന രാജ്യത്ത് പിഗ് ടൂറിസം പോലുമുണ്ട്.

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ ഖരമാലിന്യങ്ങളെ ഹരിത കർമ്മ സേനാംഘങ്ങളെ കൊണ്ട് കൈകാര്യം ചെയ്ത് ഒരു ലോക മാതൃക തന്നെ നമുക്ക് സൃഷ്ടിക്കാൻ സാധിച്ചപ്പോഴും ജൈവ മാലിന്യം ഇന്നും പിടി തരാതെ നമുക്ക് വലിയ ഭീഷണി ഉയർത്തി നിൽക്കുകയാണ്. പ്രത്യേകിച്ച് നഗര പ്രദേശങ്ങളിൽ. ഇതിനെ നമുക്ക് പന്നിയെ ഉപയോഗിച്ച് കൈകാര്യം ചെയ്യുവാനും ആയിരക്കണക്കിനാളുകൾക്ക് തൊഴിൽ നൽകാനും ഭക്ഷ്യ സുരക്ഷയൊരുക്കുവാനും സാധിക്കും.നഗര പ്രദേശങ്ങളിൽ ഹരിത കർമ്മ സേനയുടെ ബയോ വിംഗിന് രൂപം നൽകണം. 100 വീടുകൾക്ക് ഒരാൾ എന്ന കണക്കിന്. എല്ലാ വീടുകളിൽ നിന്നും ഭക്ഷണ ശാലകളിൽ നിന്നും ജൈവ മാലിന്യങ്ങൾ രാവിലെ 9 മണിക്ക് മുമ്പ് ശേഖരിക്കുകയും ആയത് പന്നിക്കർഷക സംഘടനകളുമായി ചേർന്ന് കൃത്യമായി പന്നിക്കർഷകർക്ക് കൈമാറുകയും വേണം. വീടുകൾക്കും ഭക്ഷണ ശാലകൾക്കും നിശ്ചിത യൂസർ ഫീ ഏർപ്പെടുത്തുകയും വേണം.അത് പോലെ പന്നിക്കർഷകരിൽ നിന്നും ഒരു നിശ്ചിത തുക ഈടാക്കുകയും ചെയ്താൽ നമ്മുടെ നഗരങ്ങളെ ദ്രുതഗതിയിൽ മാലിന്യമുക്തമാക്കിയെടുക്കുവാൻ സാധിക്കും.ഇതിന്റെ വരവ് ചെലവ് കണക്ക് ഒന്നു പരിശോധിക്കാം.

വരവ്

| | | |
|---|---|---|
| 1. | ഒരു വീട്ടിൽ നിന്നും ശരാശരി ഒരു കിലോ വെയിസ്റ്റ് 100 വീട്ടിൽ നിന്നും 100 കിലോ. ഒരു വീട്ടിൽ നിന്നും 3 രൂപ യൂസർ ഫീ (100 x 3 x 30 ദിവസം) | : 9000 |
| 2. | പന്നി കർഷകരിൽ നിന്നും ഒരു കിലോക്ക് 5 രൂപ തോതിൽ (100 കിലോ X 3 രൂപ X 30 ദിവസം) | : 15,000 |
| | **ആകെ വരുമാനം** | **: 24,000** |

ജൈവ വസ്തുക്കൾ ശേഖരിക്കുന്നതിന് മേൽ തുക നൽകാം. കൂടാതെ ഇവർക്ക് വസ്തുക്കൾ ശേഖരിക്കുന്നതിന് ഉപയുക്തമായ ഇരു ചക്ര വാഹനവും നൽകാം. ജൈവ വസ്തുക്കളുടെ തോതനുസരിച്ച് സേനാംഗങ്ങളുടെ വരുമാനവും വർദ്ധിക്കും.

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കുടുംബശ്രീ മിഷൻ, കണ്ണൂർ. ഫോൺ : 9447852530. e-mail: jayankanichar@gmail.com

**98**

# കോൾ നിലങ്ങളുടെ തരം മാറ്റ വിനിയോഗവും നിർമാണ പ്രവർത്തനങ്ങളും: തൃശ്ശൂർ പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് ഒരു പഠനം

രഞ്ജന കെ.കെ.[1] & ഡോ. ശ്രീജിഷ വി.പി.[2]

തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പാടശേഖരങ്ങൾ, തണ്ണീർത്തടങ്ങൾ, എന്നിവടങ്ങളിൽ നടന്ന ഭൂമിയുടെ തരം മാറ്റ വിനിയോഗവും നിർമ്മാണ പ്രവർത്തനങ്ങളും കൃഷി, പരിസ്ഥിതി, ജീവിതം ഇവയെ എങ്ങനെയെല്ലാം ബാധിച്ചിട്ടുണ്ട് എന്നതാണ് ഈ പഠനം ലക്ഷ്യമാക്കുന്നത്. തൃശ്ശൂർ ജില്ലയിലെ അടാട്ട്, കോലഴി പഞ്ചായത്തുകളാണ് ഈ പഠനത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത്. ഈ പഠനത്തിന്റെ പ്രധാന കണ്ടെത്തലുകളാണ്-കോൾ നിലങ്ങൾ മൂന്നിലൊന്നായി ചുരുങ്ങി, ഡാറ്റാബാങ്കിലുൾപ്പെട്ട ഭൂമിപോലും തരം മാറ്റ വിനിയോഗം നടത്തിയിട്ടുണ്ട്, നഗരമാലിന്യം കോൾ പാടങ്ങളിലെത്തുന്നത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്, കൃഷിയിൽ നിന്നും കർഷകർ പിൻവാങ്ങുന്നു, തണ്ണീർത്തടസംരക്ഷണ നിയമം വന്നതിനു ശേഷവും കയ്യേറ്റം നടന്നിട്ടുണ്ട്, നിയമ പോരാട്ടങ്ങൾ അനന്തമായി നീളുന്നു

1. 4 th Semester PG student, Dept. of Decentralisation and Local Governance, Institute of public policy and Leadership, Thaliparamba

2. Assistant Professor Dept. of Decentralisation and Local Governance, Institute of public policy and Leadership, Thaliparamba

## 99

## Use of Databases for Decentralised Planning in Agriculture

O.R. Sulaja

The development and management of local level databases are crucial for facilitating the administrative functions of decentralised planning. A detailed analysis of Kerala's experience in decentralised planning was conducted to explore the various types of databases applicable to micro level planning and their potential sources. The typology of data required for different stages and processes of planning has been delineated through detailed examination and discussion with experts and stakeholders involved. During the 'situation analysis and participatory resource appraisal of working groups', a wide range of data and information is required which ranges from geographical features of the locality, natural resources, details of projects, status of implementation, different development indicators and more. Similarly the succeeding stages also demand data support for effective completion. This study has identified 19 different agencies involved in micro level planning that provide database support such as Krishi Bhavan, Grama Panchayat, Soil Survey Department, Land Use Board, Ground water Department, Electricity Board etc. Databases can be classified into legacy databases, secondary sources and online/ offline digital sources. The data generated and maintained by institutions was systematically collected to generate a repository of knowledge items. An analysis of the data usage in the planning process was also attempted. The results showed that only 20 per cent of available data was effectively used for planning process. About 55 per cent of the data was only partially used and 25 per cent of the data was not at all used. The constraints perceived by Extension Personnel and People's Representatives in maintaining and updating databases included lack of mechanism for regular updating, staff shortage and work load, time consuming record keeping, poor co-ordination among different government departments etc. The study suggested a framework for an Integrated Information System which combines different domains of knowledge. The content and hierarchy of the proposed model include 14 different knowledge areas which were evolved for micro level planning in agriculture. The data from legacy databases can be compiled, codified, and integrated into an information system, allowing for transaction-based updates to the resulting databases in the future.

## 100

## കൃഷിയും അനുബന്ധ മേഖലകളും

ചെറുതാഴം ഗ്രാമപഞ്ചായത്ത്

ചെറുതാഴം ഗ്രാമപഞ്ചായത്ത് ശുചിത്വവും ഹരിതാഭവുമായ ഗ്രാമം, കാർഷിക ഉത്പാദനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തത നേടുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഹരിതം ചെറുതാഴം എന്ന പദ്ധതിക്ക് രൂപം കൊടുത്തു. ഹരിത കേരള മിഷൻ ശുചിത്വ മിഷൻ സഹകരണത്തോടെ വിവിധ വകുപ്പുകൾ,തൊഴിലുറപ്പ്, സന്നദ്ധ സംഘടനകൾ, പാടശേഖര സമിതി, പരമ്പരാഗത കൃഷിക്കാർ എന്നിവരടങ്ങുന്ന കമ്മറ്റി രൂപീകരിച്ചു. ഇതിനായി 17 വാർഡുകളിലും ശുചിത്വ ഗ്രാമസഭകൾ വിപുലമായി വിളിച്ചു ചേർത്തു. ബഹു. മുൻ ധനവകുപ്പ് മന്ത്രി തോമസ് ഐസക് ശുചിത്വ സഭയുടെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു.

ആദ്യഘട്ടം പഞ്ചായത്തിലൂടെ ഒഴുകുന്ന രാമപുരം പുഴ ശുചീകരിച്ചു. തൊഴിലുറപ്പ് പദ്ധതിയിലൂടെ കയറു ഭൂവസ്ത്രം വിരിച്ച് സംരക്ഷിച്ചു. തുടർന്ന് പഞ്ചായത്തിലെ നീർച്ചാലുകൾ, കുളങ്ങൾ എന്നിവ മാലിന്യമുക്തമാക്കി പുനർനിർമ്മിച്ച് ഉപയോഗയോഗ്യ മാക്കി. കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, ബഹുജ നങ്ങൾ എന്നിവരെ അണിനിരത്തി ബോധവൽക്കരണ പ്രവർത്തനങ്ങൾ വ്യാപകമാക്കി. തുടർന്ന് ജനകീയ സഹകരണത്തോടെ മാലിന്യം കുന്നു കൂടി കിടക്കു ന്ന സ്ഥലങ്ങൾ ഹരിതാഭമാക്കി. ചിങ്ങം 1ന് വലിയ ആഘോഷത്തോടെ നെൽവയൽ തരിശ് രഹിതമാക്കു ന്ന പ്രവർത്തനം ആരംഭിച്ചു. 278 ഹെക്ടർ നെൽവയൽ കൃഷി ചെയ്തു. ഹെക്ടറിൽ ശരാശരി 7 ടൺ നെല്ലുൽപാ ദനം സാധ്യമാക്കി. മാലിന്യം നീക്കം ചെയ്ത് സ്ഥലത്ത് സ്വാശ്രയ ഗ്രൂപ്പുകളെ ഉപയോഗിച്ച് പച്ചക്കറി, വാഴ, ചോളം, ഉഴുന്ന്, ബജ്റ, തുടങ്ങിയ ഉൽപാദിപ്പിക്കുക യും ജൈവകൃഷിക്ക് പ്രോത്സാഹനവും നൽകി. ഗ്രാ മപഞ്ചായത്ത് കൃഷിവകുപ്പ് പദ്ധതികളിലൂടെ അഞ്ച് കോടിയോളം രൂപയുടെ പദ്ധതികൾ നടപ്പാക്കി. കൂടാതെ കുറുന്തോട്ടി, പൂ കൃഷി ഈ മേഖലയിൽ ശ്രീസ്ഥ ഹരിത സംഘം മികച്ച പ്രവർത്തനങ്ങളാണ് നടത്തിയത്. മാലിന്യം മൂടിക്കിടന്ന ഒന്നര ഏക്കർ ഭൂമി മാലിന്യരഹിതമാക്കി ഇവിടെ 1000 വാഴ നട്ട് തോട്ടം നിർമ്മിച്ചു. അനുബന്ധമായി പച്ചക്കറി കൃഷിയും ആരംഭിച്ചു. ജില്ലയിലെ മികച്ച ഹരിത സംഘമായി ശ്രീസ്ഥ ഹരിത സംഘത്തെ തിരഞ്ഞെടുത്തു.

ഉത്പാദനം വർദ്ധിച്ചപ്പോൾ വിപണത്തിനായി പഞ്ചാ യത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടുംബശ്രീ ഔട്ട്. ലെറ്റുകൾ ഉണ്ടാക്കി കർഷകരുടെ ഉൽപാദന ചിലവ് കൂടി കണക്കാക്കി വില നിശ്ചയിച്ചു. ശരാശരി 6 ലക്ഷം രൂപയുടെ വിറ്റ് വരവ് ഉണ്ടായി. ചെറുതാഴം പൊന്മണി റൈസിലൂടെ കർഷകരുടെ നെല്ല് സംഭരിച്ച് അരി ഉത്പാദിപ്പിച്ച് വിപണനം സാധ്യമാക്കി.

ആധുനിക കൃഷി രീതി പ്രോത്സാഹിപ്പിച്ച് പഞ്ചായ ത്തിനെ കാർഷിക മേഖലയിൽ മികച്ചതാക്കുക എന്ന ഉദ്ദേശത്തോടെ കൃഷിഭവനെ ജില്ലയിലെ ആദ്യത്തെ സ്മാർട്ട് കൃഷിഭവൻ ആക്കി ഉയർത്തി. ഹരിത കർമ്മ സേനയുടെ പ്രവർത്തനം ശാസ്ത്രീയമാക്കി 98% വീടുകളിലും അജൈവമാലിന്യ ശേഖരണം സാധ്യമാ ക്കി. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ജൈവമാ ലിന്യം ഉറവിട സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് റിങ് കമ്പോസ്റ്റ് നൽകി. അതോടൊപ്പം ചട്ടിയിൽ പച്ച ക്കറി തൈകളും വിതരണം ചെയ്തു. കാർബൺ ന്യൂട്രൽ ലക്ഷ്യം വെച്ച് 1000 മുള വെച്ചുപിടിപ്പിച്ചു. 15000 കണ്ടൽ ചെടികളും വെച്ചുപിടിപ്പിച്ചു. മുള നട്ട പ്രദേശം ഒരു ടൂറിസം മേഖലയായി വളർന്നു വരികയാണ്.

മേൽ അനുഭവങ്ങളെ മുൻനിർത്തി ഉൽപാദനക്ഷമത ഉയർത്തി ശുചിത്വ പൂർണ്ണമായ അന്തരീക്ഷം നിലനിർ ത്തുക, കാർബൺ ന്യൂട്രൽ, ഊർജ്ജ മേഖല കൂടി ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങൾക്കാണ് ഭാവിയിൽ രൂപം കൊടുക്കുന്നത്.

**101**

# നമുക്കായ് ഒരു ഹരിത വീഥി

കരകുളം ഗ്രാമപഞ്ചായത്ത്

വഴയില മുതൽ കെൽട്രോൺ വരെ ഏകദേശം 5 കി മീ കിള്ളിയാറിനോടും മെയിൻ റോഡിനോടും ചേർന്ന് വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള ഏകദേശം 8720 m2 സ്ഥലം വാട്ടർ അതോറിറ്റയുടെ അനുമതി യോടു കൂടി കൃഷി യോഗ്യമാക്കാനാണ് പദ്ധതി ലക്ഷ്യ മിടുന്നത്. 2018 ഇൽ കരകുളം ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയിന്മേൽ വാട്ടർ അതോറിട്ടി നിബന്ധനക ളോട് കൂടി വഴയില മുതൽ കെൽട്രോൺ വരെ വരുന്ന ഏകദേശം 218 സെന്റ് സ്ഥലം കൃഷിക്കായി ഉപയോ ഗപ്പെടുത്താൻ അനുമതി നൽകിയിരുന്നു. നിലവിൽ ടി സ്ഥലങ്ങളെല്ലാം കുറ്റിക്കാടായി കിടക്കുന്നതും മാലിന്യ നിക്ഷേപത്തിനായുള്ള ഇടങ്ങളായും മാറി യിരിക്കുകയാണ്. ഈ സ്ഥലങ്ങൾ കൃഷിയോഗ്യമാക്കു ന്നതിലൂടെ സാമ്പത്തിക ലാഭത്തിനു പുറമെ കരകുളം പഞ്ചായത്തിന്റെ മനോഹാരിത വർധിപ്പിക്കുന്നതിനും കൂടാതെ മാതൃക തോട്ടങ്ങൾ ഒരുക്കി മറ്റുള്ളവർക്ക് ഒരു പ്രചോദനം ആകുവാനും ഈ പദ്ധതിയിലൂടെ സാധിക്കും.

### നിർവഹണം

വഴയില മുതൽ കെൽട്രോൺ വരെയുള്ള പ്രദേശ ങ്ങളെ ക്ലസ്റ്ററുകളാക്കി മാറ്റുകയും കൃഷിയോഗ്യമാക്കു ന്ന പ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന കുടുംബങ്ങൾ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ, ജെ എൽ ജി യൂണിറ്റുകൾ തുടങ്ങിയവയെ ക്ലസ്റ്ററിൽ അംഗങ്ങളാ ക്കുകയും ചെയ്യുന്നു. തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചു നിലം ഒരുക്കൽ പ്രവർത്തങ്ങൾ പൂർത്തീകരിയ്ക്കുകയും അവയുടെ പരിപാലനം ക്ല സ്റ്റർ മുഖാന്തിരം ക്ലസ്റ്റർ അംഗങ്ങൾ നടത്തുകയും ചെയ്യുന്നു. പരിപാലനത്തിനാവശ്യമായ ഉത്പാദനഉ പാധികൾ (കുമ്മായം, വിത്ത്, തൈകൾ, ജൈവ കീട നാശിനികൾ, വളർച്ച ത്വരകങ്ങൾ, സ്പ്രേയർ, ചെറിയ ഉപകരണങ്ങൾ മുതലായവ ) 100 % സബ്സിഡിയിൽ ക്ലസ്റ്റർ മുഖാന്തിരം അംഗങ്ങൾക്ക് നൽകുന്നു. പച്ചക്കറി കൃഷി, പൂക്കൃഷി, ഔഷധ സസ്യങ്ങൾ, ഫലവർഗങ്ങൾ മുതലായവയാണ് കൃഷി ചെയ്യുവാൻ ഉദ്ദേശിക്കുന്നത്.

കൃഷി ചെയ്യുന്നതിലൂടെ ലഭിക്കുന്ന ആദായം എടുക്കുന്നതിനുള്ള അവകാശം അവയെ പരിപാലിക്കുന്നവർക്കായിരിക്കും. കൃഷി ചെയ്യുന്ന ഉത്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനുള്ള ചെറിയ വിപണന കേന്ദ്രങ്ങൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സജ്ജീകരിയ്ക്കുന്നു. വിഷ രഹിതമായ ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് നേരിൽ കണ്ടു വാങ്ങുന്നതിനുള്ള അവസരം ഒരുക്കുകയും ചെയ്യുന്നു.

ഈ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി പഞ്ചായത്ത് തലത്തിൽ ഒരു മോണിറ്ററിങ് സമിതി ഉണ്ടായിരിക്കും. ഈ സമിതി ഓരോ വർഷവും നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു.

102

## പരിസ്ഥിതി – പച്ചത്തുരുത്ത്

മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

ഗതകാല ചരിത്രത്തിൻറെ തെളിവുകളാൽ സമ്പന്നമാണ് ഈ പഞ്ചായത്ത്. പ്രസിദ്ധമായ മൃദംഗശൈലേശ്വരി ക്ഷേത്രം, വീരപഴശ്ശിയുടെ പാദ സ്പർശനമേറ്റ നാട്. ബ്രിട്ടീഷ് പട്ടാളക്കാർക്ക് പോർമുഖത്ത് തലവേദനകൾ സൃഷ്ടിച്ച പഴശ്ശിയുടെ പോരാളികൾ താമസിച്ച സ്ഥലം. കോട്ടയം തമ്പുരാക്കന്മാർ ആയോധനകല അഭ്യസിച്ചിരുന്ന പിണ്ഡാലി കളരി, ഹരിശ്ചന്ദ്ര കോട്ട, കുമാരധാര, മയിലാടുംപാറ, നല്ലൂരിലെ ചുങ്കസ്ഥാനം എന്നിവ പഴയകാല തെളിവുകളിൽ ചിലതാണ്.

പശ്ചിമഘട്ട സാനുക്കളിൽ നിന്ന് ഉദ്ഭവിച്ച് ഒഴുകുന്ന ബാവലിപ്പുഴയും ചീങ്കണ്ണിപ്പുഴയും മറ്റു ചെറിയ നദികളും കൂടിച്ചേർന്ന് അതിരു പങ്കിടുന്ന പഞ്ചായത്താണ് മുഴക്കുന്ന് പഞ്ചായത്ത്. ബാവലിപ്പുഴയുടെയും കാഞ്ഞിരപ്പുഴയുടെയും സംഗമ സ്ഥാനം മുതൽ ഇരിട്ടി നഗരസഭ അതിരു പങ്കിടുന്ന പായംകടവ് വരെ 136 ഏക്കർ പുഴയോര ഭൂമി നിയമ പോരാട്ടത്തിലൂടെ കൈയ്യേറ്റങ്ങളും മറ്റും ഒഴിവാക്കി കേരളത്തിൽ തന്നെ ഏറ്റവും കൂടുതൽ പുഴയോര പുറമ്പോക്ക് ഭൂമി സ്വന്തമായുള്ള പഞ്ചായത്താണ് മുഴക്കുന്ന് പഞ്ചായത്ത്. നിറയെ ജൈവവൈവിധ്യങ്ങളുടെ കലവറയാണ് ഈ പുഴയോരം.

2010-ൽ മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ശ്രീ. എം കണ്ണൻ എന്നവരുടെ നേതൃത്വത്തിൽ ഉള്ള ഭരണസമിതിയാണ് ധീരോത്തമമായ നിലപാടിലൂടെ പ്രസ്തുത ഭൂമി കയ്യേറ്റത്തിൽ നിന്നും മണൽ വാരൽ ഉൾപ്പെടെയുള്ള പരിസ്ഥിതി വിരുദ്ധ പ്രവർത്തകരിൽ നിന്നും പിടിച്ചെടുത്ത് പഞ്ചായത്തിന് സ്വന്തമാക്കിയത്. പിന്നീട് 2015-ൽ മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ശ്രീ ബാബു മാസ്റ്ററുടെ നേതൃത്വത്തിൽ വന്ന ഭരണസമിതി ഡിജിറ്റൽ സർവ്വെ നടത്തി കോണ്ടൂർ മാപ്പിംഗ് ചെയ്തു. ദേശീയ ഔഷധ സസ്യ ബോർഡിനു പ്രൊജക്ട് സമർപ്പിച്ചത് ബാബാ രാംദേവിൻറെ സമ്മർദ്ദം കാരണം തിരസ്കരിക്കപ്പെടുകയാണ് ഉണ്ടായത്. ഈ പ്രൊജക്ടിന്റെ ഭാഗമായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ. ഉമ്മൻ വി ഉമ്മൻ, ഡോ. രാധാകൃഷ്ണൻ, ഡോ. ജോസ്, ഡോ. ഷാജി, ദിനേശൻ ചെറുവാട്ട്, ഡോ. ലാലാദാസ് എന്നിവർ ഈ പുഴയോരം സന്ദർശിക്കുകയുണ്ടായി. പരിസ്ഥിതി ജൈവ സംരക്ഷണത്തിന് ഊന്നൽ കൊടുത്തുകൊണ്ട് നിരവധി കൂടിയിരുപ്പുകൾ നടത്തിയിട്ടുണ്ട്.

പുഴയോര സ്നേഹയാത്ര, പുഴയോര പഠനയാത്ര, മഴയിലൊരു പുഴ നടത്തം, പുഴയോര ഗ്രാമസഭകൾ, കുട്ടികൾക്ക് ഏകദിന പുഴ പഠന ക്യാമ്പ് എന്നിവ അതിൽ ചിലതാണ്.

2016-ൽ ഹരിതകേരളം മിഷൻറെ ആവിർഭാവത്തോടെ അവരുടെ നിർദേശങ്ങൾ പാലിച്ച് 2020 ജൂൺ 05-ന് പഞ്ചായത്തിലെ 2-ാം വാർഡ് അയ്യപ്പൻ കാവിൽ പുഴയോരത്ത് 4 ഏക്കർ സ്ഥലത്ത് പുഴക്കിണങ്ങിയ രണ്ടായിരം മരങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ വെച്ച് പിടിപ്പിച്ച് പച്ചത്തുരുത്ത് ആരംഭിച്ചു. വയനാട്ടിലെ സ്വാമിനാഥൻ ഫൌണ്ടേഷൻ, സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെൻറ് എന്നിവരുടെ സഹായം ലഭിച്ചിരുന്നു. കൂടാതെ ഹരിതകേരളം മിഷൻ സംസ്ഥാന അസിസ്റ്റൻറ് കോ-ഓർഡിനേറ്റർ ശ്രീ. ടി പി സുധാകരൻ, ജില്ലാ ഹരിതകേരളം മിഷൻ കോ-ഓർഡിനേറ്റർ ശ്രീ. ഇ കെ സോമശേഖരൻ എന്നിവരുടെ നിർലോഭമായ സഹായങ്ങൾ ലഭിച്ചിരുന്നു.

കേരളത്തിലെ ഏറ്റവും വലിയ പച്ചത്തുരുത്തായ നമ്മുടെ പച്ചത്തുരുത്തിൻറെ വ്യാപനത്തിൻറെ ഭാഗമായി 2022 ജൂൺ 7-ന് കേരളത്തിൻറെ ആരാധ്യനായ ബഹു. മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ അവർകൾ നമ്മുടെ പച്ചത്തുരുത്തിൽ വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്തു. പ്രസ്തുത ചടങ്ങിൽ അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം വി ഗോവിന്ദൻ മാസ്റ്റർ, നവകേരളം കർമ്മ പദ്ധതി സംസ്ഥാന കോ-ഓർഡിനേറ്റർ ശ്രീമതി. ടി എൻ സീമ, ബഹു. എം പി ഡോ വി ശിവദാസൻ, ബഹു. എം എൽ എ സണ്ണി ജോസഫ് എന്നിവർ വൻ ജനാവലിയുടെ സാന്നിദ്ധ്യത്തിൽ പങ്കെടുത്തു. അതിൻറെ ഭാഗമായി രണ്ട് ഏക്കർ സ്ഥലം കൂടി മരങ്ങൾ വെച്ചു പിടിപ്പിച്ചു.

നിലവിൽ 6 ഏക്കർ പച്ചത്തുരുത്ത് ഉണ്ട്. മരങ്ങളെല്ലാം നല്ല തീരിയിൽ വളർന്ന് പന്തലിച്ച് നിർക്കുന്നുണ്ട്. നഷ്ടപ്പെട്ടുപോയ മരങ്ങൾക്ക് പകരം പുതിയ മരങ്ങൾ വെച്ച് പിടിപ്പിച്ച് പരിപാലിക്കുന്നുണ്ട്.

ജൈവവൈവിധ്യ സർവ്വെയുടെ ഭാഗമായി കണ്ടെത്തിയിട്ടുള്ള മരങ്ങൾ പൊതുജനങ്ങൾക്ക് പരിചയപ്പെടാൻ രാജ്യത്താദ്യമായി ഡിജിറ്റൽ സൈൻ ബോർഡുകൾ സ്ഥാപിക്കാൻ 2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. QR കോഡ് സ്കാൻ ചെയ്ത് GPS സംവിധാനത്തിലൂടെ മരങ്ങളുടെ അടുത്തേക്ക് എത്താൻ സാധിക്കുന്നതാണ്.

### ഓഫീസ്

പച്ചത്തുരുത്ത് സംരക്ഷണത്തിൻറെ ഭാഗമായി പഞ്ചായത്ത് ബയോഡൈവേർസിറ്റി മാനേജ്മെൻറ് കമ്മിറ്റിയുടെ മേൽ നോട്ടത്തിൽ കാക്കയങ്ങാട് പട്ടണത്തിൽ ബി.എം.സി ഓഫീസ് സംവിധാനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പ്രശസ്തനായ ബോയഡൈവേർസിറ്റി എക്സ്പേർട്ട് ശ്രീ. വി സി ബാലകൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിൽ 136 ഏക്കറിൽ ഉൾപ്പെട്ട ജൈവവൈവിധ്യങ്ങളുടെ സർവ്വെ പൂർത്തീകരിച്ചു. പ്രസ്തുത സർവ്വെയിൽ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിലെ എടത്തൊട്ടി സ്ഥിതി ചെയ്യുന്ന ഡീപോൾ ആർട്ട്സ് ആൻറ് സയൻസ് കോളേജിലെ NSS യൂണിറ്റിൻറെ സേവനം മാതൃകാപരമായതാണ്. കോളേജിലെ NSS യൂണിറ്റിൻറെ കോ-ഓർഡിനേറ്റർ ജെസി ടീച്ചർ, ഫാദർ പിറ്റർ ഓരോത്ത്, ഹരിതകേരളം മിഷൻ കോ-ഓർഡിനേറ്റർ നിഷാദ് മണത്തണ എന്നിവരുടെയും സഹായം ലഭിച്ചിരുന്നു.

ഈ സർവ്വെയുടെ ഭാഗമായി 190 ഇനങ്ങളിലായി 27200 മരങ്ങളും 9520 കുറ്റിച്ചെടികളും വള്ളിച്ചെടി ഇനങ്ങളിൽപ്പെട്ട 5440 സസ്യവർഗ്ഗങ്ങളും കണ്ടെത്തുകയുണ്ടായി. പശ്ചിമഘട്ടത്തിൽ മാത്രം കണ്ടുവരുന്ന വെള്ളപ്പയിൻ, മോതിരക്കാഞ്ഞിരം, കാശാവ്, നീർമാതളം, ഇരുമുള്ളി, വാതംകൊല്ലി, നീർക്കുരുണ്ട, ചെറുപുന്ന, ചേടാരം, ചീറ്റ് വള്ളി, വള്ളി മന്ദാരം, പൂമാലക്കുറിഞ്ഞി, മരച്ചെക്കി, കാട്ട്കൊലച്ചെക്കി, ആറ്റുകടമ്പ് കടമ്പ്, മരോട്ടി, കാട്ടശോകം, നാരുരുപ്പ്, ഉരുപ്പ് ചേര് തുടങ്ങിയ അപൂർവ്വ സസ്യ ഇനങ്ങൾ കണ്ടെത്തിയിരുന്നു. കൂടാതെ, വിവിധയിനം ശലഭങ്ങൾ, തുമ്പികൾ എന്നിവയെ കണ്ടെത്താനായിട്ടുണ്ട്. ആറളം ഫാമുമായി അതിരു പങ്കിടുന്ന പുഴ ഭാഗത്ത് വംശനാശം സംഭവിച്ച്കൊണ്ടിരിക്കുന്ന മിസ് കേരള മത്സ്യങ്ങൾ ഉൾപ്പെടെയുള്ള പുഴ മത്സ്യങ്ങളെയും കാണാം. പ്രസ്തുത ജൈവവൈവിധ്യ സർവ്വെയുടെ പ്രകാശനം അടുത്തു തന്നെ ഗംഭീര പരിപാടികളോടെ നടത്തുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്.

മുഴക്കുന്ന് ഗ്രാമപഞ്ചായത്തിൻറെ അധീനതയിൽ ഉള്ള പച്ചത്തുരുത്തിൽ നഗരവനം പദ്ധതി ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറുമായി സഹകരിച്ച് നടപ്പിലാക്കുന്നതിനു വേണ്ടി ഉത്തരമേഖല ഫോറസ്റ്റ് കൺസർവേറ്റർ ഡോ. ദീപ അവർകൾ, ഡി.എഫ്.ഒ എന്നിവർ പച്ചത്തുരുത്ത് സന്ദർശിക്കുകയുണ്ടായി. അതിനു ശേഷം അതിൻറെ മാതൃക പഠിക്കുന്നതിനു വേണ്ടി പഞ്ചായത്ത് പ്രസിഡണ്ട് ഉൾപ്പെടെയുള്ള സംഘം ബി.എം.സി അംഗങ്ങൾ ഉൾപ്പെടെ കടലുണ്ടി നഗര വനം പദ്ധതി സന്ദർശിക്കുകയുണ്ടായി.

പച്ചത്തുരുത്തിനെ വിപുലീകരിക്കുന്നതിനു വേണ്ടി പച്ചത്തുരുത്തിനകത്ത് ഹാപ്പിനെസ് പാർക്ക് സ്ഥാപിക്കുന്നതിനു വേണ്ടി ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ 12 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പച്ചത്തുരുത്തിനെ ഏറ്റെടുത്ത് പരിപാലിക്കുന്നതിനും ജൈവൈവിധ്യവൽക്കരിക്കുന്നതിനും സന്നദ്ധത അറിയിച്ച് കോഴിക്കോട് മലബാർ ബോട്ടാണിക്കൽ ഗാർഡൻ പ്രതിനിധികൾ പച്ചത്തുരുത്ത് സന്ദർശിക്കുകയുണ്ടായി.

സ്വന്തമായുള്ള 136 ഏക്കർ പുഴയോരം സംരക്ഷിച്ച്കൊണ്ട് നല്ല പരിസിഥിതി മാതൃകകൾ സൃഷ്ടിക്കാൻ കഴിയും. മണ്ണ്, ജലം സംരക്ഷണത്തിലും കാർബൺ ന്യൂട്രൽ പഞ്ചായത്താക്കി മാറ്റുന്നതിനും, മുള ഗ്രാമം പദ്ധതി കൂടി പഞ്ചായത്ത് ആലോചിക്കുന്നുണ്ട്.

### മേൽ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ ഫണ്ടുകൾ

പച്ചത്തുരുത്ത് സ്ഥാപനത്തിൻറെ ഭാഗമായി 2018-ൽ ജൈവവൈവിധ്യ ബോർഡിൽ നിന്ന് 5 ലക്ഷം രൂപ അനുവദിച്ച് കിട്ടിയിട്ടുണ്ട്. കൂടാതെ ജൈവവൈവിധ്യ സർവ്വെയ്ക്ക് 1 ലക്ഷം രൂപ പഞ്ചായത്ത് അനുവദിച്ചിരുന്നു. ഡിജിറ്റൽ സൈൻ ബോർഡ് സ്ഥാപിക്കുന്നതിന് വേണ്ടി 2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ത്രിതല പഞ്ചായത്ത് വിഹിതമായി 12 ലക്ഷം രൂപ ഹാപ്പിനെസ്സ് പാർക്ക് സ്ഥാപിക്കുന്നതിന് വകയിരുത്തിയിട്ടുണ്ട്.

പച്ചത്തുരുത്തിനെ മാതൃകാപരമായി ഉയർത്തിക്കൊണ്ടു വരുന്നതിനും വേണ്ടി നിരവധിയായ പ്രവർത്തനങ്ങളാണ് പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ അനന്ത സാധ്യതകളുള്ള ഈ പദ്ധതിയെ ഉയർത്തിക്കൊണ്ടുവരാൻ വലിയ സാമ്പത്തികം ആവശ്യമാണ്. ഇത്രയും തുക പഞ്ചായത്തിന് ചെലവഴിക്കുന്നതിന് പരിമിതികളുണ്ട്. സർക്കാറും ജൈവവൈവിധ്യ ബോർഡും കൂടി ഒന്നിച്ച് നിന്ന് സഹായിച്ചാൽ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിലെ പുഴ പുറമ്പോക്ക് കേരളത്തിലെ തന്നെ ഏറ്റവും വലിയ ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റാൻ സാധിക്കും എന്ന് ഞങ്ങൾക്ക് ഉറച്ച വിശ്വാസമുണ്ട്.

## 103

# കൃഷിയും അനുബന്ധമേഖലകളും

ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്

സമ്പന്നമായ സാമൂഹ്യ സാംസ്കാരിക ചരിത്രപശ്ചാത്തലമുള്ള പ്രദേശമാണ് ഉടുമ്പന്നൂർ. വടക്കൻ തിരുവിതാംകൂറിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ നിന്ന് കുടിയേറിപ്പാർത്ത കർഷകരായിരുന്ന ഉടുമ്പന്നൂർ പ്രദേശത്തെ ആദ്യകാല കർഷകർ കാട് വെട്ടിത്തെളിച്ചും സമതലങ്ങൾ നെൽപ്പാടങ്ങൾ ആക്കി നിരത്തിയും കൃഷി ആരംഭിച്ചു.നെല്ല് തെങ്ങ്,കുരുമുളക്,കാപ്പി, കശുമാവ്, മരചീനി, വാഴ, കാമുക് എന്നിവ കൃഷി ചെയ്തിരുന്നു. മുതിര, തിന, തുമര എന്നിവയും ധാരാളമായി കൃഷി ചെയ്തിരുന്നു. ചേന, കാച്ചിൽ, ഇഞ്ചി, കച്ചോലം മഞ്ഞൾ തുടങ്ങിയവയും വ്യാപകമായി കൃഷി ചെയ്തിരുന്നു. തെരുവപുൽ കൃഷിയും പുൽതൈല ഉത്പാദനവും മലമ്പ്രദേശങ്ങളിൽ ചെയ്തുവന്നു. സമ്മിശ്ര കൃഷി രീതിയായിരുന്നു ഈ പ്രദേശത്ത് ചെയ്തിരുന്നത്. റബ്ബർ കൃഷി ആരംഭിച്ചതിനെ തുടർന്ന് പരമ്പരാഗത കൃഷികളായ തെങ്ങ്, കമുക് എന്നിവയുടെ സ്ഥാനം റബ്ബർ കീഴടക്കി.

87 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ 16 വാർഡുകളിൽ ആയി 24,000-ത്തോളം ജനസംഖ്യയാണ് ഗ്രാമപഞ്ചായത്തിലുള്ളത്. ഇതിൽ 59 ചതുരശ്ര. കിലോമീറ്റർ വനഭൂമിയും തേക്ക് പ്ലാന്റേഷനും മറ്റ് കെട്ടിടങ്ങളും റോഡുകളും മാറ്റിനിർത്തിയാൽ ബാക്കിവരുന്ന 2522 ഹെക്ടർ കൃഷി ഭൂമിയാണ്. റബ്ബർ, കൊക്കോ, ജാതി, ഏലം വിദേശയിനം ഫലവൃക്ഷം തുടങ്ങിയ ദീർഘകാല വിളകളാണ് പ്രധാന കൃഷികൾ. കൂടാതെ 20 ഹെക്ടർ നെൽകൃഷിയും 35 ഹെക്ടർ വിവിധ പച്ചക്കറികളും 70 ഹെക്ടർ വിവിധയിനം വാഴകളും പരമ്പരാഗതമായ കൃഷി ചെയ്തുവരുന്നു. കൂടാതെ ഇന്ത്യയിലെ ആദ്യത്തെ ജൈവ തേൻഗ്രാമം എന്ന ഖ്യാതി കൂടി ഈ പഞ്ചായത്തിനുണ്ട്.

ഈ പശ്ചാത്തലത്തിൽ 2020 ഡിസംബറിൽ അധികാരത്തിൽ വന്ന ഈ ഗ്രാമപഞ്ചായത്ത് ഭരണസമിതി 2021-22 സാമ്പത്തിക വർഷം മുതൽ കാർഷിക മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകിയുള്ള വിവിധ പദ്ധതികളാണ് ജനകീയ ആസൂത്രണ പദ്ധതിയിൽ ഏറ്റെടുക്കുന്നത്. വിവിധ പദ്ധതികൾക്കായി ജനകീയ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 1974300 രൂപ 2222-23 സാമ്പത്തിക വർഷവും 2833287 രൂപ 2023-24 സാമ്പത്തിക വർഷവും ചെലവഴിച്ചു.നെൽപ്പാടങ്ങൾ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ നിലവിലുള്ള നെൽകൃഷിയെങ്കിലും സംരക്ഷിച്ചു നിലനിർത്തുന്നതിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകളുമായി സഹകരിച്ച് കൂലി ചെലവിന് സബ്സിഡി നൽകുന്ന പദ്ധതി തുടർച്ചയായി ഏറ്റെടുത്ത് നടത്തിവരുന്നു. വാഴകൃഷിക്കും പച്ചക്കറി കൃഷിക്കും അനുവദനീയമായ നിരക്കിൽ ഉള്ള കൂലിച്ചെലവ് സബ്സിഡിയും എല്ലാ വർഷവും നൽകുന്നുണ്ട്. ഇതു കൂടാതെ ചെറുകിട മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് "വിഷരഹിത മത്സ്യം വീട്ടുവളപ്പിൽ" എന്ന പദ്ധതി ഏറ്റെടുക്കുകയും മീൻകുളം MGNREGS-ൽ പെടുത്തി നിർമ്മിക്കുകയും മീൻകുഞ്ഞുങ്ങൾക്കും അനുബന്ധ സൗകര്യമൊരുക്കുന്നതിനും ആയി കുളം ഒന്നിന് 4000/- രൂപ വീതം സബ്സിഡിയും നൽകി. ഈ രൂപത്തിൽ 35 മീൻ കുളങ്ങൾ വിവിധ വാർഡുകളിലായി നിർമ്മിച്ചു. ജൈവ തേൻ ഗ്രാമം എന്ന പേരിന്റെ തനിമ നിലനിർത്തുന്നതിനായി ഹോർട്ടികോർപ്പുമായി സഹകരിച്ച് തേനീച്ച കൃഷിയിൽ താൽപര്യമുള്ള കർഷകർക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ ചെറുതേനീച്ച പെട്ടികൾ ലഭ്യമാക്കി വരുന്നു.നാളിതുവരെ 88 യൂണിറ്റ് ചെറുതേനീച്ച പെട്ടികൾ നൽകിയിട്ടുണ്ട്. കർഷകരുടെ കൂട്ടായ്മ രൂപീകരിക്കുകയും അവർ ഉൽപ്പാദിപ്പിക്കുന്ന തേൻ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിച്ച് ബ്രാൻഡ് ചെയ്ത് 'ഉടുമ്പന്നൂർ ഹണി' വിപണിയിൽ എത്തിക്കുകയും ആണ് ലക്ഷ്യം. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുള്ള കൃഷിക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വാർഡ് തലത്തിൽ പ്രത്യേകമായ കർഷക ഗ്രാമസഭകൾ സംഘടിപ്പിച്ചു. ഈ ഗ്രാമസഭകളിൽ വച്ച് നാളിതുവരെ നടത്തിയ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കുകയും പുതിയ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു വാർഡ് തലത്തിൽ രജിസ്റ്റർ ചെയ്ത കൃഷിക്കൂട്ടങ്ങൾ 50 സെന്റ് മുതൽ ഒന്നര ഏക്കർ വരെ സ്ഥലങ്ങൾ കണ്ടെത്തുകയും അവിടെ പച്ചക്കറി കൃഷി ആരംഭിക്കുകയും ചെയ്തു "ഒരു വാർഡിൽ ഒരു പച്ചക്കറി" എന്ന ആശയം മുൻനിർത്തിയാണ് കൃഷി സംഘടിപ്പിച്ചത്. ഇതുമൂലം ഏതെങ്കിലും ഒരു ഉൽപ്പന്നത്തിന്റെ അധിക ഉത്പാദനം ഉണ്ടാകാതെ വിപണനത്തിന് സഹായകരമായ സാഹചര്യം ഒരുക്കി കാബേജ്, ചോളം, ബീൻസ്, കൂർക്ക, നിലക്കടല, ചാമ തുടങ്ങിയ വിവിധയിനം പച്ചക്കറികൾ വിജയകരമായ നിലയിൽ വിളവെടുക്കാനായി. കൃഷിഭൂമിയുടെ വിസ്തൃതി അടിസ്ഥാനപ്പെടുത്തി കൂലിചെലവിന് സബ്സിഡി നൽകുകയും ചെയ്തു ഇതിൽ പ്രകാരം 16 ഏക്കർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്യുവാനായി. ഈ കൃഷിക്കൂട്ടങ്ങളുടെ കൃഷി ഈ വർഷവും തുടരുന്നതോടൊപ്പം വിവിധ സ്ഥലങ്ങളിലായി നടക്കുന്ന പുഷ്പ കൃഷിക്കും ഗ്രാമപഞ്ചായത്ത് സബ്സിഡി നൽകിവരുന്നു.കർഷകർക്ക് പുതിയ സാങ്കേതികവിദ്യയും കാർഷികോപകരണങ്ങളുടെ പ്ര

യോജനവും യഥാവിധി ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഒരു അഗ്രികൾച്ചർ ടെക്നീഷ്യൻ ടീം രൂപീകരിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് 142000/- രൂപ വകയിരുത്തുകയും അതിന്റെ രൂപീകരണ പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു. മാലിന്യനിർമാർജന പ്രവർത്തനങ്ങളുടെ ഭാഗമായി വീടുകളിൽ നൽകിയിട്ടുള്ള ബയോ കമ്പോസ്റ്റർ ബിൻ, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവയിൽ നിന്ന് ലഭിക്കുന്ന ജൈവവളം ഉപയോഗപ്പെടുത്തി "വീട്ടമ്മക്ക് ഒരു അടുക്കളത്തോട്ടം" നിർമ്മിക്കുന്ന പദ്ധതിയും വനിതാ ഗ്രൂപ്പുകൾ JLG അടിസ്ഥാനത്തിൽ ചെയ്യുന്ന കൃഷിക്ക് പ്രത്യേക സഹായം നൽകുന്ന പദ്ധതിയും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. കൃഷിക്കൂട്ടങ്ങളുടെ കൃഷിയിൽ നിന്നും ആകെ 39.4 ടൺ പച്ചക്കറികൾ അധികമായി ഉൽപ്പാദിപ്പിക്കുവാനും നാടിന്റെ പൂക്കളും പച്ചക്കറികളും കൊണ്ട് ഈ വർഷത്തെ ഓണം ഒരുക്കുവാനുമായി എന്ന് മാത്രമല്ല 7 ടൺ പച്ചക്കറി ഹോർട്ടികോർപിന് വിൽക്കുവാനും കഴിഞ്ഞു

**104**

## കൃഷിയും അനുബന്ധമേഖലകളും

വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് ഭക്ഷ്യസുരക്ഷയോടൊപ്പം സുരക്ഷിതഭക്ഷണവും ഉറപ്പാക്കുക, കർഷകരുടെ വരുമാനം ഇരട്ടിയാക്കുക, യുവജനങ്ങളെ കൃഷിയിലേക്കു ആകർഷിക്കുക നൂതന കാർഷിക സമ്പ്രദായങ്ങൾ നടപ്പിലാക്കുക എന്ന ലക്ഷ്യത്തിലൂന്നി സുസ്ഥിര കാർഷിക വികസന പദ്ധതികളാണ് നടപ്പിലാക്കുന്നത്. തരിശു രഹിത വല്ലപ്പുഴ എന്ന പദ്ധതിയുടെ ഭാഗമായി 200 ഏക്കർ നെൽകൃഷിക്ക് അനുയോജ്യമായ തരിശു നിലങ്ങൾ കൃഷി യോഗ്യമാക്കുവാൻ സാധിച്ചു. 150 ഏക്കർ തരിശു നിലങ്ങളിൽ തൊഴിലുറപ്പു പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ടു പച്ചക്കറി കൃഷി നടപ്പിലാക്കി.ഒറ്റവിളയിൽ നിന്നും നാല് വിള സംമ്പ്രദായത്തിലേക്കു കൃഷിരീതി മാറ്റി കർഷകരുടെ വരുമാനം ഇരട്ടിയാക്കുകയും നൂതന കൃഷിരീതികൾ അവലംബിക്കുക വഴി യുവാക്കളെ കൃഷിയിലേക്കു ആകർഷിക്കുവാനും സാധിച്ചു. ഭക്ഷ്യസുരക്ഷോയോടൊപ്പം സുരക്ഷിത ഭക്ഷണം എന്ന ആശയത്തിലൂന്നി "നമുക്കൊരുക്കം സുരക്ഷിത തീന്മേശകൾ" എന്ന കാമ്പയിനിൽ 2000 ത്തോളം കുടുംബങ്ങൾ, വിദ്യാലയങ്ങൾ, അങ്കണവാടികൾ, എന്നിവരെ ഉൾപ്പെടുത്തി പോഷകപ്രധാന്യമുള്ള പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗങ്ങൾ, എന്നിവ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്നതിനും, ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും ഊന്നൽ നൽകുന്ന പദ്ധതികളിലൂടെ സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണത്തിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള സന്ദേശം ജനങ്ങൾക്ക് നൽകുവാൻ സാധിച്ചു. മണ്ണിനെയും പ്രകൃതിയേയും സംരക്ഷിച്ചുകൊണ്ട് കർഷകരുടെ പരമ്പരാഗത അറിവുകളും വിത്തിനങ്ങളും സംരക്ഷിക്കുന്നതിനും കാലാവസ്ഥ വ്യതിയാനത്തെ നേരിടുന്നതിനുമായി നാളെക്കായി ഒരു തണൽ എന്ന പദ്ധതിയിലൂടെ പഞ്ചായത്തിലെ മുഴുവൻ കവിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്നു. 2022-23 കാർഷികവികാസം കർഷക ക്ഷേമ വകുപ്പിന്റെ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്കുള്ള മികച്ച തദ്ദേശ സ്വയംഭരണം സ്ഥാപനത്തിനുള്ള സംസ്ഥാന പുരസ്കാരം ഈ പ്രവർത്തികൾക്കുള്ള അംഗീകാരമായി വല്ലപ്പുഴ പഞ്ചായത്തിന് ലഭ്യമായി.

# ജല സംരക്ഷണം കുടിവെള്ളം

**105**

## തോട് നന്നായാൽ നാട് നന്നാകു

ആർ. സബീഷ് മണവേലി

ചെറുതോടുകൾ വറ്റിച്ച് വെട്ടി ജലാശയങ്ങളെ ഫലവത്തായി സംരക്ഷിക്കുന്നതായിരുന്നു നമ്മുടെ പരമ്പരാഗത മാർഗ്ഗം.

പ്രധാനമായും ആലപ്പുഴ ജില്ലയിലെ തണ്ണീർത്തട പ്രദേശങ്ങൾ സുസ്ഥിരമായി നിലനിന്നതിന്റെ പ്രധാന കാരണം തോട് വറ്റിച്ച് വെട്ടായിരുന്നു.

പൊതു ഉടമസ്ഥതയിലുള്ളതും സ്വകാര്യ ഉടമസ്ഥതയിലുള്ളതും പങ്ക് തോടുകളും വറ്റിച്ച് വെട്ടുന്ന പ്രവർത്തനം 25 വർഷത്തിനപ്പുറം നിലച്ചുപോയതിന്റെ കെടുതിയാണ് അടിക്കടി ഉണ്ടാവുന്ന വെള്ള പൊക്കം. കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയന്റെ പരാമർശത്തോടെ ശ്രദ്ധയാകർഷിച്ച റൂം ഫോർ റിവർ എന്ന കാഴ്ച്ചപ്പാടിന്റെ ഉയർന്നതും വളർന്നതുമായ രൂപമാണിത്.

ചേർത്തല താലൂക്കിലും അലപ്പുഴ ജിലയിലും പല കാരണങ്ങളാൽ തെങ്ങ് കൃഷി ഉപേക്ഷിക്കാൻ കർഷകർ തയ്യാറായതാണ് തോട് വറ്റിച്ച് വെട്ടും നിലച്ച് പോയത്. പുതിയ സാഹചര്യത്തിൽ അതിഥി തൊഴിലാളികളേയും യന്ത്രങ്ങളേയും മലയാളികളായ അനുഭവ സമ്പത്തുള്ള വിദഗ്ധ തൊഴിലാളികളെയും ഉപയോഗപ്പെടുത്തി ഇത് തിരികെ കൊണ്ട് വരാനാവും. മകരം കുംഭത്തിലെ വെള്ളപ്റ്റാണ് ഇതിന് ഏറ്റവും അനുയോജ്യമായ സമയം 'തേക്ക്ട്ട പായും തൂമ്പയും ഒക്കെ ഉപയോഗിച്ച് ചെറുതോടുകൾ വെട്ടുന്നത് കണ്ട് നിൽക്കാൻ തന്നെ ഭംഗിയാണ് 'ഇത് എക്സ്പീരിയൻസ് ടൂറിസം പ്രൊഡക്റ്റായി വികസിപ്പിക്കാനുമാവും. റംസാർ സൈറ്റുകളുടെ സംരക്ഷണവും പഠനവും അന്തർദേശീയ വിഷയമായതിനാൽ ഇതിന് വലിയ പ്രാധാന്യവും ലെഭിക്കും. ഓരോ ഗ്രാമങ്ങളിലേയും വെള്ളപ്പൊക്കം നിയന്ത്രിക്കുവാനും, തെങ്ങ് കൃഷി തിരികെ കൊണ്ട് വരുവാനും സാധിക്കും.

തോട്ടിലെ ചെളിയും വെള്ളവും തടം വെട്ടി തെങ്ങിന് വളമാക്കുന്നു എന്നതാണ് ഇതിലെ കാർഷിക പ്രാധാന്യം. ജലാശയങ്ങൾ ഏറെയുള്ള ചേർത്തല താലൂക്കിൽ ഇത് തോടുത്സവം എന്ന നിലയിലും സംഘടിപ്പിക്കാവുന്നതാണ്.വിജയകരമായി തോടുത്സവങ്ങൾ സംഘടിപ്പിച്ചതിന്റെ മുൻ അനുഭവങ്ങളും ഞങ്ങൾക്കുണ്ട്. ജലാശയങ്ങൾ വീണ്ടും മലിനമാവാതിരിക്കാൻ ഭക്ഷണമാലിന്യത്തെ എയ്റോബിക്ക് വിൻഡ്രോകമ്പോസ്റ്റിങ് രീതിയിൽ ജൈവ വളമാക്കി മാറ്റി കൃഷി അഭിവൃദ്ധിപ്പെടുത്തുന്ന പദ്ധതിയും ഇതോടൊപ്പം ചേർത്ത് വായിക്കാം.

പീടികപ്പറമ്പിൽ, കൊക്കോതമംഗലം PO, ചേർത്തല. 8943485110.

## 106

# കേരളത്തിലെ ഗോത്രവിഭാഗങ്ങളിൽ അധികാര വികേന്ദ്രീകരണത്തിന്റെ സ്വാധീനം: പ്രശ്നങ്ങൾ, വെല്ലുവിളികൾ, ശാക്തീകരണത്തിനുള്ള സാധ്യതകൾ

അരുൺ കെ.എൽ.

വനത്തെക്കുറിച്ചും, വനത്തിലെ ജൈവവൈവിധ്യത്തെ കുറിച്ചും, വനവിഭവങ്ങളെക്കുറിച്ചും, വന്യ ജീവികളെ ക്കുറിച്ചും എല്ലാം തന്നെ തലമുറകൾ കൈമാറിക്കിട്ടിയ അറിവ് സമ്പത്തായിക്കൊണ്ട് വനഭൂമിയിൽ അതിജീവി ച്ചുവരുന്ന ഒരു കൂട്ടം ആളുകളെ ആണ് ആദിവാസികൾ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. അവരെ അതിന് പ്രാപ്തരാക്കിയത് തലമുറകളായി അവർ ആർജിച്ചെടുത്ത കാടുമായുള്ള ബന്ധം കൊണ്ടാ ണെന്ന് നമുക്ക് അനുമാനിക്കാം. അതുകൊണ്ടുതന്നെ അത്തരം സമൂഹങ്ങളിൽ ഉൾപ്പെട്ടവരെ കാട്ടുകാർ എന്ന് ഈ ചർച്ചയിൽ നിർവ്വചിക്കുന്നു. പരമ്പരാഗത മായി ആർജിച്ചെടുത്ത കഴിവുകൾകൊണ്ട് വനത്തെ പ്രധാനമായും ആശ്രയിച്ചുകൊണ്ട് അതിജീവനം ചെയ്യുന്ന ഒരു കൂട്ടം ആളുകളെ ആണ് ആദിവാസികൾ എന്ന് നിരവധി പഠനങ്ങളിൽ നിന്നും മനസ്സിലാക്കാവു ന്നതാണ്. ദി ഹിൽ പണ്ടാരം എന്ന പുസ്തകത്തിൽ ബ്രയാൻ മോറിസ് അച്ചൻകോവിൽ വനത്തിലെ മലപ ണ്ടാരം എന്ന ഗോത്രവിഭാഗങ്ങളെക്കുറിച്ച് വിശദമായി ചർച്ചചെയ്യുന്നു. അവരെ അദ്യേഹം കാട്ടുകാർ എന്ന് അഭിസംബോധന ചെയ്തു കാണുന്നുണ്ട്. ഫോറെസ്റ്റ് പീപ്പിൾ എന്നാണ് അദ്ദേഹം ഉപയോഗിച്ചിരിക്കുന്നത്. കാടിനുപുറത്ത് ഉള്ളവരെ കൺട്രി പീപ്പിൾ അഥവാ നാട്ടുകാർ എന്നും അഭിസംബോധന ചെയ്തിരുന്നതായി കാണാം. ഇതേ പ്രയോഗങ്ങൾ അദിവാസികളുമായി നേരിട്ട് സംസാരിക്കാനിടയായപ്പോൾ അവരുടെ പ്ര യോഗങ്ങളിൽ നിന്നും മനസ്സിലാക്കാൻ ആയി. മലയാ ളത്തിൽ കാട്ടുകാർ എന്ന പ്രയോഗം ഉപയോഗത്തിൽ കണ്ടിട്ടില്ല. എന്നാൽ നാട്ടുകാർ എന്ന പ്രയോഗം സർവ്വ സാധാരണം ആണ് നമുക്കിടയിൽ.

സർക്കാർ രേഖകളിലും ആദിവാസികളുമായി ബന്ധ പ്പെട്ട നിർവ്വചനങ്ങൾ കാണാവുന്നതാണ്. ഉദാഹരണ ത്തിന് 2006 ലെ പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റുപരമ്പ രാഗത വനവാസികളും (വനാവകാശങ്ങൾ അംഗീക രിക്കൽ) ആക്ട് അല്ലെങ്കിൽ വനാവകാശ നിയമം 2006 ൽ വനവാസികളായ പട്ടികഗോത്ര വർഗ്ഗങ്ങളെക്കുറിച്ച് ഇപ്രകാരം പറയുന്നു. "വനവാസികളായ പട്ടികഗോ ത്രവർഗ്ഗങ്ങൾ എന്നാൽ മുഖ്യമായും വനങ്ങളിൽ താമ സിക്കുന്നവരും യഥാർത്ഥത്തിൽ ഉപജീവനമാർഗ്ഗത്തി നായി വനങ്ങളെയോ അല്ലെങ്കിൽ വനഭൂമിയെയോ ആശ്രയിക്കുന്നവരുമായ പട്ടികഗോത്രവർഗ്ഗത്തിലെ അംഗങ്ങളോ സമൂഹമോ എന്ന് അർത്ഥമാക്കുന്നതും അതിൽ പട്ടികഗോത്ര വർഗ്ഗ ഇടയ സമൂഹത്തിൽ ഉൾപ്പെടുന്നവരും ആകുന്നു എന്നാണ്. ഇടയസമു ദായം എന്നാൽ ഒരിടത്ത്സ്ഥിരതാമസം ആക്കാതെ കാട്ടിനുള്ളിൽ അലഞ്ഞുനടക്കുന്നവരെയാണ് അർത്ഥ മാക്കുന്നത്. മുൻപ് സൂചിപ്പിച്ച മലപണ്ടാരങ്ങൾ ഇടയ സമൂഹങ്ങൾ ആണ്.

പുതിയ കാലഘട്ടത്തിൽ, സാമൂഹിക ക്രമത്തിൽ ഭൂമി ഒരു കച്ചവടവസ്തുവോ അല്ലെങ്കിൽ നിയമപരമായ സ്വത്തവകാശം ഉള്ള രേഖയോ ആയിത്തീർന്നപ്പോൾ, ഗോത്രവർഗക്കാരുടെ ജീവിതം മാറാൻ തുടങ്ങി. വനവിഭവങ്ങൾ ശേഖരിച്ച് അതിജീവനം സാധ്യമാ ക്കിയവരിൽ നിന്ന് മാറി ആദിവാസികൾ, ഇപ്പോൾ നാടിനെ ആശ്രയിക്കുന്നവരായി മാറിതീർന്നു. ഇന്ന് ആദിവാസി സമൂഹങ്ങളിൽ ചരക്കുവൽക്കരണത്തിന്റെ സമ്മർദ്ദമുണ്ട് ഇത് ഭൂമിയുടെ കാര്യത്തിൽ മാത്രമല്ല അവരുടെ ജീവിതരീതിയിലും പ്രകടമായ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ഇത് മുഴുവൻ ഗോത്ര വർഗക്കാരുടെയും കാര്യമല്ല, ചില വിഭാഗങ്ങൾ സാമൂ ഹികപരമായും, സാമ്പത്തികപരമായും അഭിവൃദ്ധി സാധ്യമാക്കിയിട്ടുണ്ട് എന്ന് പാശ്ചാത്യലോകവീക്ഷ ണത്തിൽ നിന്നുകൊണ്ട് നോക്കി കാണാൻ ആകും. കോട്ടയം ജില്ലയിലെ മലഅരയരുടെ കാര്യം അത്തര ത്തിൽ ഒന്നാണെന്ന് ഇതേ മേഖലയിൽ പ്രവർത്തിക്കു ന്ന ഗവേഷകർ അഭിപ്രായപ്പെടുന്നു. എന്നാൽ ചിലർ ഇപ്പോഴും പരമ്പരാഗത ജീവിതരീതികൾ പിന്തുടരു ന്നു, അച്ചൻകോവിൽ വനമേഖലയിലെ മലപണ്ടാരങ്ങ ളിൽ ചിലർ ഇടയസമൂഹങ്ങളുടെ പാത പിന്തുടരുന്നു.

ഗോത്രവർഗക്കാരുടെ ലോകവീക്ഷണം എന്നത് ഭൂമിയെ ഉല്പാദന പ്രക്രീയയുടെ ഭാഗകമായ വിഭവം ആയി കാണുന്ന പാശ്ചാത്യലോക വീക്ഷണത്തിന് വിരുദ്ധമായിരുന്നു. ആദിവാസികൾക്ക് ഭൂമി ഒരു കച്ചവട വസ്തുആയിരുന്നില്ല, പകരം. അവരുടെ ജീവിതം കാടുമായി വളരെ അധികം ബന്ധപ്പെട്ടുകി

ടന്നിരുന്നു. ഭൂമി എന്നത് സാമൂഹികമായ സമ്പത്തോ, പൊതു വിഭവമോ ആയിരുന്നു. ദൈവ സങ്കൽപ്പങ്ങളിൽ പോലും പുറംലോകത്തിന്റെ കടന്നുകയറ്റം ഇന്ന് വിവിധ ഗോത്രവർഗ്ഗക്കാരുടെ ഇടയിൽ കാണാവുന്നതാണ്. കൊളോണിയൽ ഭരണകർത്താക്കൾ മുതൽ പിന്നീട് വന്ന സർക്കാരുകളുടെയും ഇടപെടലുകളുടെ ഭലമായി വിഭവങ്ങളിൽ നിന്നും, അന്യവൽക്കരിക്കപ്പെടുന്ന ഒരു വലിയ ജനവിഭാഗമായി അവർ ഇന്നും തുടരുന്നു. എബ്രഹാം (2017) അട്ടപ്പാടി കുടിയേറ്റത്തെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ്. ഗോത്രവർഗക്കാരല്ലാത്ത കുടിയേറ്റക്കാരാൽ അകറ്റപ്പെട്ട തദ്ദേശീയരാണ് ആദിവാസികൾ. അവരിൽ നിന്ന് അന്യാധീനപ്പെട്ട ഒരു പ്രധാന സ്വത്താണ് ഭൂമി. കുടിയേറ്റക്കാരായ നാട്ടുകാർ ആദിവാസികളുടെ കൈവശം ഉണ്ടായിരുന്ന ഭൂമി പാട്ടത്തിന് എടുക്കാൻ തുടങ്ങുകയും ആദിവാസികൾക്ക് തങ്ങളുടെ ഭൂമിയിൽ കൃഷി ചെയ്യാൻ കഴിയാതെ വരുകയും ചെയ്തപ്പോൾ ആണ് ഇത് സംഭവിച്ചത്. ഭൂമി പാട്ടത്തിനെടുത്തശേഷം അതുമായി ബന്ധപ്പെട്ടവർ പാട്ടത്തിനെടുത്ത ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കാൻ വ്യാജരേഖകൾ ഉണ്ടാക്കിയെന്നും, സർക്കാർ ഉദ്യോഗസ്ഥരുടെ പിന്തുണയോടെയാണ് ഇത് ചെയ്തത് എന്നും അട്ടപ്പാടിയുടെ കുടിയേറ്റചരിത്രം ആയി ബന്ധപെട്ട് അദ്ദേഹം അഭിപ്രായപ്പെടുന്നു.

ആദിവാസികളായ കാട്ടുകാർക്ക്, സർക്കാർ അധികാരികൾ നൽകിയ പുതിയ ഷെൽട്ടറുകൾ ആയ സെറ്റിൽമെന്റുകൾ കൃത്യമായോ, ദീർഘവീക്ഷണത്തോടെയോ ആസൂത്രണം ചെയ്തതല്ല നിർമ്മിച്ചത് എന്നും, അവയിൽ ഭൂരിഭാഗവും ആനത്താരകളിൽ ആണ് നിർമ്മിച്ചത് എന്നും നിരവധി ഗവേഷകർ അഭിപ്രായപ്പെടുന്നുണ്ട്. ഇപ്പോൾ ആദിവാസി മേഖലയിലെ വന്യജീവി സംഘർഷം നിത്യസംഭവം ആയി മാറിക്കഴിഞ്ഞു. ആനയുടെയും മറ്റ് വന്യമൃഗങ്ങളുടേയും ആക്രമണത്തിൽ ഓരോ വർഷവും നിരവധി ആദിവാസികൾക്ക് ജീവൻ നഷ്ടപ്പെടുന്നു. ഇതിൽ ഇപ്പോൾ നാട്ടുകാരും, കാട്ടുകാരും ഉൾപ്പെടുന്നു. വനമേഖലയ്ക്ക് സമീപം താമസിക്കുന്നവർ പിന്തുടരുന്ന തെറ്റായ ചില കൃഷികളും വന്യമൃഗങ്ങളെ ഭക്ഷണത്തിനായി കാടിനും നാടിനും ഇടയിൽ ഉള്ള ആദിവാസി സെറ്റിൽമെന്റുകളിലേയ്ക്ക് ആകർഷിക്കുന്നു, എന്നും അഭിപ്രായം ഉണ്ട്. അത് സ്ഥിതി കൂടുതൽ വഷളാക്കുന്നു. പ്ലാന്റേഷനുകൾ കാടിനുള്ളിൽ വ്യാപകമായപ്പോൾ സ്വാഭാവിക വനങ്ങളുടെ നാശത്തിനു ആക്കം കൂട്ടിയെന്നും അത് വന്യജീവികളുടെയും, ആദിവാസികളായ കാട്ടുകാരുടെയും ആവാസ വ്യവസ്ഥയെ ദോഷകരമായി ബാധിച്ചു എന്നും നിരവധി പഠനങ്ങൾ സൂചിപ്പിക്കുന്നു.

തോട്ടം തൊഴിലാളികളായും, നാട്ടുകാരുടെ കൂലിവേലക്കാരായും മാറിയ ചില ആദിവാസി സമൂഹങ്ങളുടെ സാമൂഹിക പിന്നോക്കാവസ്ഥയ്ക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ഇല്ലായ്മ മാത്രമായിരുന്നില്ല മറ്റുകാരങ്ങൾ കൂടി ഉണ്ടായിരുന്നു എന്ന് രവി രാമൻ (2004) ഇൽ അഭിപ്രായപ്പെടുന്നുണ്ട്. ആദിവാസികളുടെ പിന്നോക്കാവസ്ഥ പൂർണമായും ഭൂമിയില്ലാത്തതുകൊണ്ടല്ല. ലോകത്തിലെ മറ്റു പ്രദേശങ്ങളിൽ എന്നപോലെ, ആഗോളവൽക്കരണ - നവലിബറൽ പരിഷ്കാരങ്ങൾ ആദിവാസികളെ തകർത്തെറിഞ്ഞു. ഇന്ത്യൻ ഫെഡറൽ ഗവൺമെൻറിന്റെ കയറ്റുമതി-ഇറക്കുമതി നയത്തിന്റെ ഉദാരവൽക്കരണം കേരളത്തിലെ തോട്ടം വ്യവസായത്തിൽ പ്രതിസന്ധി സൃഷ്ടിച്ചു, ഇത് കാപ്പിയുടെയും തേയിലയുടെയും വിലയിടിവിന് കാരണമായി. ഇത് തോട്ടം തൊഴിലാളികളെ പിരിച്ചുവിടുന്നതിലേക്ക് നയിച്ചു, അവരിൽ പലരും ആദിവാസികളാണ്. വാനില പോലുള്ള പുതിയ വിളകളുടെ വരവ് വീണ്ടും തൊഴിലവസരങ്ങൾ കുറച്ചു. ഇത് ആദിവാസികളുടെ സ്ഥിതിയും വഷളാക്കി (രവി രാമൻ, 2004: 127).

ചെറുകിട വന വിഭവങ്ങൾ വനത്തിൽനിന്നും ശേഖരിക്കുന്നതും അവയിൽനിന്ന് വരുമാനം കണ്ടെത്തുന്നതും തടയുന്ന വനനിയമങ്ങൾ കൊണ്ടുവന്നതിനാൽ ഇപ്പോൾ ആദിവാസികൾ സ്വന്തം ഭൂമിയിൽതന്നെ നുഴഞ്ഞുകയറ്റക്കാരായി മാറിയിരിക്കുന്നു. സമതലങ്ങളിലെ കർഷകത്തൊഴിലാളികളായ ആദിവാസികൾ, അവരുടെ ഭൂമിയിൽ നിന്നും ജനങ്ങളിൽ നിന്നും അന്യവൽക്കരിക്കപ്പെട്ട്, പരിതാപകരമായ സാമ്പത്തിക സാഹചര്യത്തിലാണ് ജീവിക്കുന്നത്. ഇന്ത്യയുടെ പല ഭാഗങ്ങളിലും കൃഷിക്കാരായിരുന്ന ആദിവാസികൾ കർഷകത്തൊഴിലാളികളായി മാറിയിരിക്കുന്നു. തൽഫലമായി, അവരുടെ സാമൂഹിക, സാമ്പത്തികമായി അന്യവൽക്കരണം നടന്നുകൊണ്ടിരിക്കുന്നു (ഗോത്രങ്ങളും പരിസ്ഥിതി സംരക്ഷണവും, ജൂലൈ 2014: 69). നിലവിൽ, ആദിവാസികൾ അവരുടെ പരമ്പരാഗത ജീവിതരീതി നഷ്ടപ്പെട്ട ഒരു ധർമ്മസങ്കടത്തിലാണ്. ഇന്ന് അതിജീവനത്തിനായി കഷ്ടപെട്ടന്നത്, ഇതിൽ സാമൂഹികമോ, സാംസ്കാരികമോ, പരിസ്ഥിതി - വന്യജീവി ബന്ധങ്ങളിൽ എല്ലാം അവരുടെ അറിവുകൾക്കും പ്രവൃത്തികൾക്കും മാറ്റം കൊണ്ടുവന്നു. വിദ്യാഭാസപരമായി ഏറെ മുന്നോട്ടുപോക്ക് ആദിവാസി സമൂഹങ്ങളിൽ ഇന്ന് കാണാൻ സാധിക്കും എങ്കിലും സാമൂഹിക ക്രമത്തിൽ ഒരു വിഭാഗത്താൽ ചൂഷണം ചെയ്യപ്പെടുന്ന പാർശ്വവൽക്കരിക്കപ്പെട്ട സമൂഹമായി അവർ ഇന്നും നിലനിൽക്കുന്നു. വന സമ്പദ്വ്യവസ്ഥ എന്നത് കമ്പോളത്തിന്റെ കടന്നുകയറ്റത്തിനും അമിത ചൂഷണത്തിനും വിധേയമായപ്പോൾ ആദിവാസി ഗോത്രവിഭാഗങ്ങളുടെ ജീവിതം തകർന്നു. "സുസ്ഥിരമായ വിഭവ വിനിയോഗ മാതൃകകൾ പരമ്പരാഗതമായി സാംസ്കാരിക ചട്ടക്കൂടുകളോടെ പിന്തുടർന്നുവന്ന ആദിവാസി ഗോത്ര സമൂഹങ്ങൾ ആയ തദ്ദേശവാസികൾ പലപ്പോഴും കുടിയേറ്റക്കാരുടെയും മറ്റു ഇടപെടലുകളുടെയും ഭീഷണി നേരിടുകയും ചിലപ്പോൾ നാടുകടത്തപ്പെടുകയും ചെയ്യുന്നു. അതിനാൽ, കൃഷിയോഗ്യമായ ഭൂമി മാത്രമല്ല, വനവുമായി ബന്ധപ്പെട്ട മറ്റു ഉപജീവനമാർഗ്ഗങ്ങൾ കാലക്രമേണ നഷ്ടപെട്ട ഒരു വിഭാഗമായി യഥാർത്ഥ വനവാസികൾ എന്ന് വെള്ളുവ (1999) ഇൽ അഭിപ്രായപ്പെടുന്നു.

കേരളത്തിലെ കുടിയേറ്റ ചരിത്രവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ഒരു ഉദാഹരണം അട്ടപ്പാടിയിലെ കുടിയേറ്റകണക്കുകൾ ആണ്. അട്ടപ്പാടി താഴ്‌വരയിലെ ആദിവാസി ജനസംഖ്യ കൂടുതലും മുദുഗ, ഇരുള, കുറുംബ എന്നീ ഗോത്രവർഗക്കാരാണ്. 1951-ൽ അട്ടപ്പാടിയിലെ മൊത്തം ജനസംഖ്യയുടെ 90.26 ശതമാനം - പട്ടികവർഗക്കാരുടെ ജനസംഖ്യ 10,200 ആയി രേഖപ്പെടുത്തി. മറുവശത്ത്, കുടിയേറ്റക്കാർ അല്ലെങ്കിൽ തദ്ദേശീയരല്ലാത്ത കുടിയേറ്റക്കാർ വെറും 1,100 അല്ലെങ്കിൽ 9.74 ശതമാനം മാത്രമായിരുന്നു. അട്ടപ്പാടിയിലെ 98,330 ജനസംഖ്യയുടെ 66 ശതമാനം വരുന്ന 30,658 പട്ടികവർഗ്ഗക്കാരെ അപേക്ഷിച്ച് 2011 ആയപ്പോഴേക്കും കുടിയേറ്റക്കാരുടെ എണ്ണം 67,672 ആയി ഉയർന്നു. അട്ടപ്പാടിയിൽ ഏകദേശം 180 ആദിവാസി ഗ്രാമങ്ങൾ ഉണ്ട് (GOI - സെൻസസ് ഓഫ് ഇന്ത്യ, 2011). കേരളത്തിലെ ആദിവാസിജനസംഖ്യ പരിശോദിച്ചാൽ ഏറ്റവും കൂടുതൽ ആദിവാസികൾ താമസിക്കുന്നത് വയനാട് ജില്ലയിൽ ആണ്. 2001 ലെ വിവരം പരിശോദിച്ചാൽ 44.77 ശതമാനം പണിയരും, 17.51 ശതമാനം മുള്ളുക്കുറുമരും, 17.38 ശതമാനം കാട്ടുനായ്ക്കരും, 7.10 ശതമാനം അടിയരും, 2.69 ശതമാനം ഊരാളികുറുമരും ആണ്. ഈ പശ്ചാത്തലത്തിൽ ആണ് മുത്തങ്ങ സമരവും എഫ് ആർ ഐ പോലുള്ള നിയമങ്ങളും വരുന്നത്.

ബ്രിട്ടീഷ്ഗവണ്മെന്റ്ഭൂമിയുടെഉടമാവകാശംഎന്നആശയംകൊണ്ടുവന്നു. 1888 ലെ ഇന്ത്യൻ ഫോറെസ്റ് ആക്ട് പ്രകാരം ശാസ്ത്രീയമായി ഒരു രൂപരേഖയോടെ കൊളോണിയൽ ഭരണകർത്താക്കൾ വനംവിഭവങ്ങൾ സ്വന്തമാക്കാനുള്ള നിയമങ്ങൾ കൊണ്ടുവന്നു. വനംഭൂമികൾ സർവ്വേനടത്തുകയും അത് സർക്കാരിന്റെ അധീനതയിൽ കൊണ്ടുവരുകയും ചെയ്തു. വനത്തിലെ ഏറ്റവും വിലപിടിപ്പുള്ള മരങ്ങൾ നിൽക്കുന്ന ഇടങ്ങൾ സംരക്ഷിതവനങ്ങൾ ആയി പ്രഖ്യാപിക്കപെട്ടു. എന്നാൽ വനഭൂമിയില്ലാത്ത സ്വകാര്യവനങ്ങൾ ഒഴികെയുള്ളത് നികുതി ഭൂമിയായും പ്രാഖ്യാപിക്കപ്പെട്ടു എന്ന് ബിജോയ് & രാമൻ (2003) ഇൽ പ്രതിപാദിച്ചിട്ടുണ്ട്. അങ്ങനെ പരമ്പരാഗതമായ വനാവകാശം കുറ്റകരമായി പ്രഖ്യാപിക്കുകയും, ലഘുവനവിഭവങ്ങളുടെ ശേഖരത്തിനുമാത്രം പരമ്പരാഗതഗോത്രവർഗക്കാരെ അനുവദിക്കുകയും ചെയ്തു. സ്വാതന്ത്രത്തിനുശേഷം ഭാരതസർക്കാർ വനത്തിന്റെയും വനവിഭവങ്ങളുടെയും ഉടമസ്ഥാവകാശവും കൈകാര്യംചെയ്യലും ഏറ്റെടുക്കുകയും ചെയ്തു. ഇത് 1972 ലെവന്യജീവിസംരക്ഷണനിയമത്തിന്റെയും, 1980 ലെ വനപരിപാലനനിയമത്തിന്റെ പേരിലും കൂടുതൽ ഭദ്രമായി ഭരണകൂടത്തിന്റെ അതീനതയിൽകൊണ്ടുവന്നു. അതുവഴി ആദിവാസി വിഭാഗങ്ങളുടെ അവകാശങ്ങൾ കൂടുതൽനഷ്ടപ്പെട്ടു. എന്നാൽ വനം വകുപ്പ് ഊരാളികുറുമർ, കാട്ടുനായ്ക്കർ, തുടങ്ങിയവിഭാഗങ്ങളെ അവരുടെ പരമ്പരാഗതമായി കിട്ടിയ അറിവുകളെ പ്രയോജനപ്പെടുത്തി വനവുമായി ബന്ധപ്പെട്ട ജോലികളിൽ ഏർപ്പെടുത്തി. ഊരാളിക്കുറുമരെ ബ്രിട്ടീഷുകാരും, വനംവകുപ്പും ഉപയോഗിച്ചിരുന്നത് പ്രധാനമായും ആനയെ മെരുക്കുന്ന പരിശീലകർ ആയും ആനയെ കുഴിയിൽചാടിച്ചു പിടിക്കുന്നതിനും പരിശീലനം നൽകുന്നതിനും മറ്റും ആയിരുന്നു. ഇത് 1970 കളുടെ അവസാനംവരെ തുടർന്നു എന്ന് (മൻസ്റ്റെർ&വിഷ്ണുദാസ് (2012) പറയുന്നു.

### നയരൂപീകരണത്തിലെ വീക്ഷണം

ഓരോ ആദിവാസി സമൂഹങ്ങളും വ്യെത്യസ്തത നിറഞ്ഞതാണെങ്കിലും അവരെ ഒരുമിച്ചുനിർത്തുന്നത് അല്ലെങ്കിൽ അതിനു സാധിക്കുന്നത് അവരുടെ കാടുമായുള്ള ബന്ധംകൊണ്ടാണ്. നാടുമായുള്ള ബന്ധങ്ങൾ പിന്നീട് അവരുടെ ജീവിതത്തിലും സാമൂഹിക ക്രമത്തിലും കടന്നുവന്നിട്ടുള്ള ഒന്നാണ്.

ആരാണ് ആദിവാസി എന്ന് ധാരാളം നിർവ്വചനങ്ങൾ ഉണ്ട്. എന്നാൽ നയരൂപീകരണത്തിൽ അവരുടെ ആവശ്യങ്ങൾ എങ്ങനെയാണ് ഉൾക്കൊള്ളുന്നത് എന്ന് പരിശോദിക്കാവുന്ന ഒന്നാണ്. സർക്കാരുകളും, സോഷിയോളജിസ്റ്റുകളും, സോഷ്യൽ വർക്കുകാരും ആവശ്യങ്ങയുടെ മാപ്പിംഗ് നടത്താനും അത് പദ്ധതിരൂപീകരണത്തിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട് എന്നത് വസ്തുതയാണ്, എന്നാൽ അത് പരിശോധിക്കുകയാണെങ്കിൽ അതിൽ പലപ്പോഴും വൈരുധ്യങ്ങൾ കാണാം. ഉദാഹരണത്തിന് സർക്കാരിന്റെ പല ഏജൻസികളും ആദിവാസികളെക്കുറിച്ച് പഠിക്കാനും അവരുടെ ആവശ്യങ്ങൾ കണ്ടെത്തി നടപ്പിലാക്കുന്നതിനും ശ്രമങ്ങൾ നടത്താറുണ്ട്. എന്നാൽ ഇവയിലോരോന്നിലും അടിസ്ഥാനപരമായ ചില വസ്തുതകൾ ഒഴിവാക്കപ്പെടാറുണ്ട്. സമൂഹം എന്നത് പരിവർത്തനത്തിനു വിധേയമായിക്കൊണ്ടിരിക്കുന്ന ഒന്നാണ്. അതുപോലെ തന്നെയാണ് ആദിവാസികളും. ഇന്ന് ആദിവാസികളിൽ കാട്ടുകാരും, നാട്ടുകാരും ഉണ്ട്. അതുകൊണ്ടു തന്നെ നയരൂപീകരണം ചെയ്യുന്ന വക്താക്കൾ വ്യെത്യെസ്ഥ നയങ്ങൾ ഈ വ്യെത്യെസ്ഥ ആളുകൾക്ക് ആയി നിർമ്മിക്കുകയും നടപ്പിലാക്കുകയും വേണം എന്നും അതിൽ അവരുടെകൂടി ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് വേണം അത് നടപ്പിലാക്കിക്കേണ്ടത് എന്നുമാണ് പ്രധാനപ്പെട്ടത്.

കൊളോണിയൽ ഭരണകാലത്തുമുതൽ നടപ്പാക്കിയിട്ടുള്ള നിയമങ്ങൾ സ്വാതന്ത്രത്തിനു ശേഷം ഉണ്ടായിട്ടുള്ള പുരോഗതികളും എല്ലാം 2006 ൽ വന്നിട്ടുള്ള വനാവകാശ നിയമത്തിന്റെ ആമുഖത്തിൽ എടുത്തുപറഞ്ഞിട്ടുള്ള ചരിത്രപരമായ അനീതിയിൽ കൂട്ടിവായിക്കാവുന്നതാണ്. വനാവകാശനിയമങ്ങൾ അതിന്റെ അന്തസത്തതയോടെ നടപ്പിലാക്കാൻ കഴിയാതെ പോയതും നാട്ടുകാർ, കാട്ടുകാർ എന്ന വൈരുദ്ധ്യാത്മകത കൊണ്ടാണ്. കാട്ടുകാർ, നാട്ടുകാർ എന്ന രണ്ടുതരം ആളുകളെ അതുമല്ലെങ്കിൽ ജനവിഭാഗങ്ങളെ ലോകവീക്ഷണം (World-view) എന്ന പദം കൊണ്ട് നിർവ്വചിക്കാൻ ആകും. സമൂഹത്തിന്റെ കാഴ്ചയും അത് ലോകത്തെ എങ്ങനെ നോക്കിക്കാണുന്നു എന്നതുമാണ് ലോകവീക്ഷണം എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്. ഉദാഹരണത്തിന് ഭൂമി എന്നത് ഇന്ന് ഒരു സ്വകാര്യ സ്വത്താണ് നാട്ടു

കാർക്ക് ഇടയിൽ എന്നാൽ മുൻപ് കാട്ടുകാർക്ക് ഭൂമി ഒരു സാമൂഹികമായ സമ്പത് അല്ലെങ്കിൽ വിഭവം ആയിരുന്നു. നമ്മൾ ഇന്ന് പ്രയോഗിക്കുന്ന സുസ്ഥിര വികസന കാഴ്ചപ്പാട് അതായത് വിഭവങ്ങൾ അമിതമായ ഉപയോഗത്തിലൂടെ ശോഷണം സംഭവിക്കാതെ അത് വരും തലമുറയ്ക്കുകൂടി വേണ്ടി കരുതലോടെ ഉപയോഗിക്കൽ എല്ലാം വളരെ മുൻപുതന്നെ ആദിവാസികളായ കാട്ടുകാർക്കിടയിൽ നിലനിന്നിരുന്നതാണ്. ജീവിക്കാൻ വേണ്ടി കൃഷി ചെയ്തിരുന്നതിൽ നിന്ന് വിൽക്കാനും അങ്ങനെ കമ്പോള വ്യവസ്ഥിതിയുടെ നിയന്ത്രണത്തിൽ ജീവിക്കാൻ പ്രേരണയാകുന്നതും വീക്ഷണങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങളിൽ കൂടിയാണ്. ഇന്ന് തദ്ദേശീയരായ നിലനിൽക്കുന്ന ആദിവാസിസമൂഹങ്ങൾ തുടർന്ന് പോകുന്നത് തദ്ദേശീയമായ കാഴ്ചപ്പാട് ആണെന്നും എന്നാൽ കമ്പോള വ്യവസ്ഥിതിയുടെ കടന്നുകയറ്റത്തോടെ ജീവിക്കുന്ന ആളുകൾ പാശ്ചാത്യമായ ലോകവീക്ഷണത്തിൽ ആണ് ജീവിക്കുന്നത് എന്നും തരം തിരിക്കാവുന്നത് ആണ്. ഇതിനെ western world - view എന്നും indigenous world -view എന്നും തരംതിരിവോടെ സമീപിക്കാവുന്ന ഒന്നാണ്. ലോക വീക്ഷണം എന്നത് ഒരു കൂട്ടം ആളുകളുടെ വിശ്വാസങ്ങളും, ജീവിത രീതിയും അത് എങ്ങനെ അവരുടെ മുന്നോട്ടുള്ള യാത്രയ്ക്ക് സഹായകമാകും എന്ന് നോക്കികാണുന്നതിലൂടെയാണ്. ഈ കാഴ്ചപ്പാടിലൂടെ വേണം നയങ്ങൾ രൂപീകരിക്കാനും നടപ്പിലാക്കാനും ശ്രമിക്കുന്നവർ കാട്ടുകാരെ സമീപിക്കാൻ. ചരിത്രം അവരോട് ചെയ്തിട്ടുള്ള അനീതി മനസ്സിലാക്കേണ്ടതും പ്രവർത്തിക്കേണ്ടതും നാട്ടുകാരുടെ കടമയാണ്.

ഒന്നിനും പൂർണ്ണമായി മറ്റൊന്നിൽ നിന്ന് മാറി നിക്കാൻ ആവുകയില്ല എന്നതാണ് വാസ്തവം. അതുകൊണ്ടു തന്നെ ലോകവീക്ഷണങ്ങൾ മിശ്രിതമാകുന്നതിൽ ആളുകളെ തെറ്റുപറയാൻ ആകില്ല. പഴയതിന്റെ നല്ല വശങ്ങൾ എടുക്കേണ്ടത് അനിവാര്യമാണ്. വ്യവസ്ഥിതിയുടെ കടന്നുകയറ്റം ആദിവാസി സമൂഹങ്ങളിൽ നല്ലതും നല്ലത് അല്ലാത്തതുമായ അംശങ്ങൾ ചേർക്കാൻ ഇടയായിട്ടുണ്ട്. ഉദാഹരണത്തിന് ഗാർഹികമായ അരക്ഷിതാവസ്ഥയും ആത്മഹത്യയും എല്ലാം ഇന്ന് ആദിവാസി സമൂഹങ്ങളിൽ പ്രേത്യേകിച്ചു കാട്ടുകാരെ നിരീക്ഷിക്കുമ്പോൾ കാണാവുന്നത് ആണ്. സാമൂഹികമായ രൂപപെടുത്തലുകൾ മാനസികമായ അവരുടെ വീക്ഷണങ്ങളെ എങ്ങനെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു എന്നതും കൂടെ ചേർത്ത് വായിക്കേണ്ട ഒന്നാണ്.

### References


Abraham K T. (01-05 June 2017). "Aadivasikalkku Anyamaakunna Attapadi". Mathrubhumi Newspaper (Malayalam).

Bijoy, C R and Ravi K Raman (2003): "Muthanga The Real Story – Adivasi Movement to Recover Land", Economic and Political Weekly, 38(20):17-23.

GOI. (2011). Census of India. Source: www.censusofindia.gov.in

Ministry of Law and Justice. (January,2007). The Schedule Tribes and other Traditional Forest Dwellers (Recognition of forest Rights Act) 2006. Legislative Department : New Delhi. Source url: https://tribal.nic.in/FRA/data/FRAAct.pdf

Munster U & Vishnudas S. (2012). In the Jungle Law: Adivasi Rights and Implementation of Forest Rights Act in Kerala. Economic and Political Weekly. Vol.47, No.19. Source:www.jstor.com/stable/23214975

Shanmugha Ratnam N, Kjosavik, Darley Jose (2007). "Property Rights Dynamics and Indigenous Communities in Highland Kerla", South India, An Institutional-Historical Perspective, Modern Asian Studies,41(6):1183-260. Source: https://www.jstor.org/stable/4499817

Velluva Sanathanan (1999). Dynamics of land use in recently settled forest area's: A case study of Attapady, Kerala. Phd thesis. Department of Applied Economics. Cochin University of Science and Technology.


**107**

# Impact of development policies in improving the socio - economic status of Kanikkar tribe at Kuttichal Grama Panchayat in Trivandrum District


Jimly V.K.[1] & Dr. Sreejisha V.P.[2]


Tribals are one of the most exploited and deprived sections of the population in the Indian society. In all indicators of development, they remain the most excluded despite the fact that various kinds of policies and programs have been pursued for their upliftment in the post-Independence era. Kanikkars or Kani tribe of Thiruvananthapuram district are one of the largest tribal groups in Kerala. They are well known as traditional medicinal practitioners. The present study focusing to explore their socio-economic development. The current study found that they

are mainly depending on the MGNREGA for their financial capital. Because the major barriers associated with their traditional practices like medicinal practitioner and NTFP (Non-Timber Forest Product) collection due to the inadequacy of transportation and communication. The government policies and programmes are influential in their overall development

1. 4th semester M A Decentralization and Local Governance, Institute of Public policy and Leadership - KILA, Thaliparamba

2. Assistant Professor, M A Decentralization and Local Governance, Institute of Public policy and Leadership - KILA, Thaliparamba

**108**

## സായാഹ്ന പഠന കേന്ദ്രം

ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്

പട്ടികജാതി നഗറുകളിലെ വിദ്യാർത്ഥികൾക്ക് പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും മുൻപന്തിയിൽ എത്തുന്നതിന് ഒരു കൈത്താങ്ങ് ആവുക എന്ന ലക്ഷ്യത്തോടെ കുട്ടികൾക്ക് സൗജന്യ ട്യൂഷൻ നൽകുന്നതിനായി ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സായാഹ്ന പഠന കേന്ദ്രം. വിദ്യാർത്ഥികൾക്ക് അന്നേദിവസം സ്കൂളിൽ പറഞ്ഞു നൽകുന്ന വിഷയങ്ങളിൽ വരുന്ന സംശയം ദൂരീകരിക്കുന്നതിനും സർഗാത്മമായ കഴിവുകൾ കണ്ടെത്തുന്നതിനും വളർത്തിയെടുക്കുന്നതിനും സഭാകമ്പം കൂടാതെ വേദിയിൽ അവതരിപ്പിക്കുന്നതിനും ഉള്ള പ്രചോദനമാവുക അതുവഴി പട്ടികജാതി നഗറുകളിലെ വിദ്യാർഥികളിലെ ആത്മവിശ്വാസം വളർത്തിയെടുക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യമിട്ടത്.

ടി ടി സി / ഡിഗ്രി യോഗ്യതയുള്ള ട്യൂട്ടർമാർ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. പ്രതിമാസം 25 മണിക്കൂർ ട്യൂഷൻ എടുക്കുന്നതിനു 4000 രൂപ വേതനം നൽകുന്നു. ടി ടി സി / ഡിഗ്രി യോഗ്യതയുള്ള ട്യൂട്ടർമാർ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. ക്വിസ് മത്സരം, മത്സര പരീക്ഷയ്ക്കുള്ള പരിശീലനം, വ്യക്തിത്വ വികസനം എന്നീ മേഖലകളിൽ കൂടി പരിശീലനം നൽകുന്നു.

മേൽ പദ്ധതിക്ക് വികേന്ദ്രീകൃത ആസൂത്രണ കോഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം കേരള സംസ്ഥാനത്ത് ഒറ്റപ്പാലം ബ്ലോക്കിന് മാത്രമായി 2022 ഫെബ്രുവരി മാസത്തിൽ ലഭിക്കുകയുണ്ടായി. തുടർന്ന് 2022 23 സാമ്പത്തിക വർഷം മുതൽ അംഗീകരിക്കപ്പെട്ട 32 കേന്ദ്രങ്ങളിലായി 250 ൽ അധികം കുട്ടികളുടെ പഠന നിലവാരം, സർഗ്ഗ ശേഷി എന്നിവ ഉയർത്തുന്നതിന് സായാഹ്ന പഠന കേന്ദ്രം പദ്ധതി മൂലം സാധിച്ചു.

പ്രാരംഭഘട്ടത്തിൽ പട്ടികജാതി നഗറുകളിലെ അംഗൻവാടികളിലും വീടുകളിലും ആയി ആരംഭിച്ച പഠന കേന്ദ്രങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസൂത്രണത്തിന്റെ ഭാഗമായി സ്വന്തമായ കെട്ടിടങ്ങളിലേക്ക് വളർന്നു കൊണ്ടിരിക്കുന്നു.

പഠന കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും രക്ഷിതാക്കളും എസ് സി പ്രമോട്ടറും ഉൾപ്പെടെയുള്ള മോണിറ്ററിങ് കമ്മിറ്റി കൃത്യമായി ചേരുകയുകയും സായാഹ്ന പഠന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു. ഈ മോണിറ്ററിങ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആണ് ട്യൂട്ടർമാർക്ക് വേതനം അനുവദിക്കുന്നത്. പ്രതിമാസം 25 മണിക്കൂർ ട്യൂഷൻ എടുക്കുന്നതിനു 4000 രൂപ വേതനം നൽകുന്നു. ക്വിസ് മത്സരം, കലാസാംസ്കാരിക പരിപാടികൾ എന്നിങ്ങനെയായി പഠന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെട്ടുകൊണ്ടിരിക്കുന്നു.

സായാഹ്ന പഠന കേന്ദ്രം മൂന്നാം വാർഷികാഘോഷം 18 01 2025 നു രാവിലെ 9.30 നടന്നു. ബഹുമാനപെട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശോഭന രാജേന്ദ്ര പ്രസാദിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ബഹുമാനപെട്ട ഒറ്റപ്പാലം എം എൽ എ അഡ്വ. കെ പ്രേംകുമാർ ഉത്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, ബ്ലോക്ക് മെമ്പർമാർ, ബി ഡി ഒ, എസ് സി ഡി ഒ എന്നിവർ യോഗത്തിൽ ആശംസകൾ അർപ്പിച്ചു കൊണ്ട് സംസാരിച്ചു. എസ് സി പ്രൊമോട്ടർമാർ, സായാഹ്ന പഠനകേന്ദ്രം വിദ്യാർത്ഥികൾ, ട്യൂട്ടർമാർ തുടങ്ങിയവർ വാർഷികാഘോഷത്തിൽ പങ്കെടുത്തു. തുടർന്ന് സായാഹ്ന പഠനകേന്ദ്രം വിദ്യാർത്ഥികളുടെ കലാ പരിപാടികൾ അരങ്ങേറി.

109

## ലിംഗനീതിയും സ്ത്രീ ശാക്തീകരണവും

അനഘ്

2010 മുതൽ, Lesbian, Gay, Bisexual Transgender and Queer (LGBTQ) അവകാശ പ്രസ്ഥാനം സമത്വം തേടുന്നതിൽ ഒരു പ്രധാന നാഴികക്കല്ലിൽ എത്തി, സുപ്രീം കോടതി ട്രാൻസ്ജെൻഡർമാരെ ആണിനും പെണ്ണിനും തുല്യമായി പരിഗണിക്കുന്നതും രാജ്യവ്യാപകമായി IPC 377 ഉപേക്ഷിച്ചതും ഉൾപ്പെടെ നിരവധി അവകാശങ്ങൾ നിയമവിധേയമാക്കിയപ്പോൾ. അസഹിഷ്ണുതയും പാർശ്വവൽക്കരണവും മൂലം ജനിക്കുന്ന അക്രമവും വിവേചനവും തുടർന്നും ജീവനെടുക്കുകയും എൽജിബിടിക്യു ആളുകൾക്കും അവരുടെ കുടുംബങ്ങൾക്കും തുല്യതയ്ക്കും അവസരത്തിനും തടസ്സങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

കേരള സർക്കാരിന്റെ സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള റെയിൻബോ പ്രോഗ്രാം നടപ്പിലാക്കിയതിനു ശേഷം, കില പോലുള്ള സ്ഥാപനങ്ങളുടെ തുടർച്ചയായ ഇടപെടലുകൾ ഉൾപ്പെടുന്ന, കേരള ഗവൺമെന്റിന്റെ ലോക്കൽ സെൽഫ് ഗവേണിംഗ് ഡിപ്പാർട്ട്മെന്റ് നിരവധി സമാന പരിപാടികളും പദ്ധതികളും സ്വീകരിച്ചതിന് ശേഷം, ട്രാൻസ്ജെൻഡറുകളുടെ ജീവിതത്തിൽ ഘടനാപരമായ നിരവധി മാറ്റങ്ങൾ സംഭവിച്ചു.

എല്ലാവർക്കും വേണ്ടി പ്രവർത്തിക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആളുകളെ തടഞ്ഞുനിർത്തുന്ന തടസ്സങ്ങൾ നീക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു, അതിലൂടെ എല്ലാവർക്കും അവരുടെ കഠിനാധ്വാനത്തിനും കഴിവിനും അവരെ കൊണ്ടുപോകാൻ കഴിയും. കേരളം ഇന്ന് വൈവിധ്യവും സഹിഷ്ണുതയുമുള്ള സമൂഹമാണ്. നമ്മുടെ സംസ്കാരത്തിനും സമ്പദ്‌വ്യവസ്ഥയ്ക്കും സുപ്രധാന സംഭാവന നൽകുന്ന ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ട്രാൻസ്ജെൻഡർ (എൽജിബിടി) ആളുകളെ പിന്തുണയ്ക്കുന്നതിന് സമീപ ദശകങ്ങളിൽ ഞങ്ങൾ വലിയ മുന്നേറ്റം നടത്തിയിട്ടുണ്ട്. എൽജിബിടി ജനങ്ങൾക്ക് തുല്യത കൈവരിക്കുന്നതിൽ ഈ സർക്കാരിന് അഭിമാനകരമായ റെക്കോർഡുണ്ട്. രാജ്യത്തെ ആദ്യത്തെ ട്രാൻസ്ജെൻഡർ പോളിസി ഉണ്ടാക്കുന്നത് മുതൽ സമൂഹത്തിൽ ട്രാൻസ്ജെൻഡർമാരെ മുഖ്യധാരയാക്കിയ നിരവധി നയങ്ങൾ കൊണ്ടുവരുന്നത് വരെ, സംസ്ഥാനം മാറ്റത്തിന്റെ മുൻനിരയിലാണ്. രാജ്യത്ത് ട്രാൻസ്ജെൻഡർ അവകാശങ്ങൾക്ക് ഏറ്റവും മികച്ച സംസ്ഥാനമായി കേരളം സ്ഥിരമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

എന്നിരുന്നാലും, ഈ പുരോഗതികൾക്കിടയിലും, എൽജിബിടി ആളുകൾ പൊതുജീവിതത്തിൽ പൂർണ്ണ പങ്കാളിത്തത്തിന് കാര്യമായ തടസ്സങ്ങൾ നേരിടുന്നുണ്ടെന്ന് ഞങ്ങൾക്കറിയാം. നിർഭാഗ്യവശാൽ മുഴുവൻ LGBTQIA+ കമ്മ്യൂണിറ്റിയുടെയും ജീവിതത്തെ മുഖ്യധാരയിലേക്ക് ഉൾക്കൊള്ളുന്ന നയങ്ങൾ സംസ്ഥാനം കൊണ്ടുവന്നിട്ടില്ല. ഇത് വ്യക്തമായി തെളിയിക്കുന്ന ഒരു LGBT സർവേ. സംസ്ഥാനത്തിന് കൊണ്ടുവരാൻ കഴിയും. രാജ്യത്ത് ഇന്നുവരെ നടത്തിയിട്ടുള്ള LGBT ആളുകളുടെ ഏറ്റവും വലിയ സംസ്ഥാന തല സർവേയായിരിക്കും ഈ സർവേ, ഇത് LGBT കമ്മ്യൂണിറ്റിയെ പിന്നോട്ടടിക്കുന്ന തടസ്സങ്ങളെക്കുറിച്ചുള്ള നമ്മുടെ ധാരണയെ ഗണ്യമായി മെച്ചപ്പെടുത്തുകയും ചെയ്യും. പ്രവർത്തനത്തിനുള്ള ആഹ്വാനമായും ഇത് പ്രവർത്തിക്കുന്നു.

ഒരു സ്ഥിതിവിവരക്കണക്ക് മാത്രം സംസാരിക്കുന്നു. നിഷേധാത്മക പ്രതികരണം ഭയന്ന് പൊതുസ്ഥലത്ത് സ്വവർഗ പങ്കാളിയുടെ കൈ പിടിക്കുന്ന സംഭവങ്ങൾ കേരളത്തിൽ ഇപ്പോഴും ഉണ്ട്. നിങ്ങൾ ഇഷ്ടപ്പെടുന്ന ഒരാളുമായി കൈകൾ പിടിക്കുന്നത് ലോകത്തിലെ ഏറ്റവും ലളിതമായ കാര്യങ്ങളിൽ ഒന്നായിരിക്കണം; ഭയത്തിന്റെയോ മടിയുടെയോ ഉറവിടമല്ല. ഇപ്പോഴും കേരളത്തിൽ സുരക്ഷ, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നിവ മുഴുവൻ LGBTQIA+ സമൂഹത്തിനും കുറവാണ്. കേരളത്തിന് കൂടുതൽ ജോലികൾ ചെയ്യാനുണ്ട്.

# 110

# അധികാര വികേന്ദ്രീകരണവും ലിംഗ നീതിയ്ക്കായുള്ള പ്രവർത്തനങ്ങൾ- സാധ്യതകളും പരിമിതികളും

മല്ലിക കെ.എം.

ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് പരിമിതികൾക്കുള്ളിൽ നിന്നായാലും നിർദേശിക്കപ്പെട്ട വിഷയമേഖലകളിലെല്ലാം നൂതന സ്വഭാവത്തിലുള്ള പദ്ധതികൾ ഏറ്റെടുത്തു നടത്താൻ സാധ്യതകൾ ഏറെ ഉണ്ട്. ലിംഗനീതിയായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും അത്തരത്തിൽ വലിയ സാദ്ധ്യത ഉള്ളതാണ്. മലപ്പുറം ജില്ലയിലെ താനാളൂർ പഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളിൽ ജൻഡർ നയരേഖ തയ്യാറാക്കിയത്,പെൺകുട്ടികളുടെ ആയോധനകലാ പരിശീലനം, ഗെയിംസ്, വയോജന വിനോദയാത്ര, ജാഗ്രതാസമിതി പ്രവർത്തനങ്ങൾ, ഷീ ആർട്ട് ഗാലറി, വനിതാ പ്രസിദ്ധീകരണം, ടു വീലർ പരിശീലനം,വനിതാ സാസ്കാരികോത്സവം,ഓടിയും ചാടിയും എന്ന കായിക വിദ്യാഭ്യാസ പരിപാടി എന്നിവ ആ ഗണത്തിൽ പെടുത്താം.

എന്നാൽ മറ്റു വിഷയങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇത്തരം ജൻഡർ വിഷയങ്ങൾക്കുള്ള പൊതു സ്വീകാര്യത ഇല്ലായ്മ പരിശോധിക്കപ്പെടെണ്ടതുണ്ട്. നിലവിലെ സാദ്ധ്യതകളും പരിമിതികളും ചർച്ച ചെയ്യാനുണ്ട്.

**സാധ്യതകൾ :**

1. പഞ്ചായത്ത് രാജ് മുന്നോട്ട് വെച്ച ലിംഗതുല്യതാ കാഴ്ചപ്പാട്. (50% സ്ത്രീ പങ്കാളിത്തം, 10% എങ്കിലും പദ്ധതി വിഹിതം സ്ത്രീകൾക്ക് വേണം എന്നത്, അധികാരസ്ഥാനങ്ങളിലെ സ്ത്രീകൾ.....)
2. പഞ്ചായത്ത് പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്ന (പഞ്ചായത്ത് ആശ്രയിക്കുന്ന) സ്ത്രീകളുടെ വ്യത്യസ്ത ഗ്രൂപ്പുകൾ (ആശ പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിത കർമസേന, കുടുംബശ്രീ പ്രവർത്തകർ... )
3. പഞ്ചായത്തിനു കീഴിൽ വിവിധ വകുപ്പുകൾ ഉണ്ട് എന്നതും അവയുടെയെല്ലാം സംയോജിച്ച പദ്ധതി പ്രവർത്തനങ്ങളും ഉദാ: കൃഷി, മൃഗസംരക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, മുതലായവ
4. കിലയുടെ നേതൃത്വത്തിൽ നടക്കുന്ന പരിശീലനങ്ങൾ
5. ഗവണ്മെന്റുകളുടെ നയപരമായ ഇടപെടലുകൾ.

**പരിമിതികൾ :**

1. സമൂഹത്തിൽ നില നിൽക്കുന്ന മൂല്യവ്യവസ്ഥ, സ്ത്രീ വിരുദ്ധത. മതം നിയന്ത്രിക്കുന്ന കുടുംബം, വരുമാനം ഇല്ലാത്ത (കുറഞ്ഞ വരുമാനം ഉള്ള) ഭൂരിഭാഗം സ്ത്രീകൾ, അത് കൊണ്ട് തന്നെ ആത്മവിശ്വാസം ഇല്ലാത്ത സ്ത്രീ വിഭാഗം...
2. സ്ത്രീ പ്രശ്നങ്ങൾ ഗൗരവമായി കണക്കിലെടുക്കാത്ത പൊതു സമൂഹം
3. പഞ്ചായത്ത് പ്രവർത്തനങ്ങൾ അജണ്ടയിൽ ചർച്ച ചെയ്യുന്നതിൽ രാഷ്ട്രീയ പാർട്ടികൾ കാണിയ്ക്കുന്ന അനാസ്ഥ
4. സ്ത്രീ പദവി ഉയർത്തുന്നതിന്നു സഹായകമാകുന്ന പദ്ധതികളെ കുറിച്ച് ധാരണ ഇല്ലാത്ത ജനപ്രതിനിധികളും ഉദ്യോഗസ്ഥരും
5. ജൻഡർ സൗഹൃദ പദ്ധതികൾ (ഉദാ : ജാഗ്രതാ സമിതി )ഏറ്റെടുത്തു നടപ്പിലാക്കേണ്ട വകുപ്പിൽ നിന്ന് വേണ്ടത്ര പിന്തുണ ലഭിക്കാത്ത അവസ്ഥ.
6. കിലയുടെ പരിശീലനങ്ങൾക്ക് ശേഷം follow up പ്രവർത്തനങ്ങൾ നടക്കേണ്ടതും വേണ്ട സമയത്ത് പരിശീലനം ലഭിക്കെണ്ടതുമായ അവസ്ഥ. മാതൃക പദ്ധതികൾ പരിചയപ്പെടുത്തുന്ന സംവിധാനം ജൻഡർ സൗഹൃദ പഞ്ചായത്ത് എന്ന ആശയത്തിന് ഏറ്റവും പ്രധാനം ആണ്.
7. തങ്ങളുടെ നിർദേശപ്രകാരം പ്രവർത്തിക്കേണ്ടവരാണ് പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന വനിതാ ഗ്രൂപ്പുകൾ എന്ന ഒരു പൊതു ധാരണ അധികം പേരിലും ഉണ്ട്. അതിനാൽ പല ജനകീയമാക്കേണ്ട പരിപാടികളും നടപ്പിലാക്കാൻ ഈ ആശ്രിതത്വം ഉപയോഗിയ്ക്കുന്നു.
8. സ്ത്രീ സംരംഭകർ എന്ന നിലയിൽ പിന്തുണ കുടുംബശ്രീ യിൽ നിന്നും പഞ്ചായത്ത് പദ്ധതികളിൽ നിന്നും ലഭിക്കുന്നു എങ്കിലും ഇത്തരം സംരംഭം ഏറ്റെടുക്കുന്നവർക്ക് ഒരു സപ്പോർട്ടിങ് സിസ്റ്റം ഇല്ലാത്തതിനാൽ പരാജയപ്പെട്ടു പോകുന്നു സാമ്പത്തിക മാനേജ്മെന്റ്, മാർക്കറ്റിംഗ്, പ്രൊഫഷണലിസം എന്നിങ്ങനെ അത്യാവശ്യം അറിഞ്ഞിരിക്കേണ്ട പലതും ഇല്ലാത്തത് അവരുടെ പരാജയത്തിന് ഇടവരുതുന്നു. പണം കൊടുക്കുക എന്നതിൽ കവിഞ്ഞ ഒരു ഇടപെടലും പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടാവുന്നില്ല.

ഇത്തരത്തിൽ പരിശോധിച്ചാൽ ചെറുതും വലുതുമായ പ്രശ്നങ്ങൾ നിരവധി കാണാൻ കഴിയും. എന്നാൽ പഞ്ചായത്ത് രാജ് സ്ത്രീകളെ വിശ്വാസത്തിലെടുക്കാൻ ധൈര്യം കാണിച്ച ഭരണ മാതൃക ആണെന്ന് സംശയില്ലാതെ പറയാൻ കഴിയും. ഇനിയും ഏറെ മുന്നോട്ട് പോകാനുണ്ട് എന്ന് മാത്രം.

---

പ്രസിഡന്റ്, താനാളൂർ ഗ്രാമ പഞ്ചായത്ത്

## 111

# Challenges Faced by Women Workers in Haritha Karma Sena

Rasna Muhammed M.

The s Kerala state actively working towards solid waste management in effective manner through Haritha Karma Sena. Despite this, there is a deep of studies on systematic waste management processes, particularly focusing on the conditions of workers including health and social security. This study addresses the gap by examining the challenges faced by women workers in their work place. This paper indented to investigate challenges faced by grassroots women workers those who working in hilly region in Kozhikode District. Using a qualitative methodology, the research gathered data from 5 women workers in the Haritha Karama sena sector in Kozhikode, Kerala, who were part of the Haritha Karma Sena (green task force). Thematic analysis of in-depth interviews revealed major challenges faced by these women. Like there was a society perception towards them, and secondly, there was a lack of basic safety requirements. These challenges were attribute to gaps and hazards faced by then and leading to a lowered socio-economic status for the women, increased vulnerability to health hazards, and societal stigma. The findings may lead to significant improvements in waste management process of Kerala's waste management through Haritha Karma Sena.

**Keywords:** women workers, Haritha Karma Sena, socio economic status

Thematic Expert, Koduvally Block, Kozhikode, KILA

# കാലാവസ്ഥ വ്യതിയാനം, ദുരന്ത നിവാരണം

## 112

# കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കുറയ്ക്കാൻ ശുചിത്വ കേരളവും

സുഹാന ആർ.എച്ച്.

2019-ൽ, പ്ലാസ്റ്റിക് ഉൽപ്പാദനത്തിൽ നിന്നും കത്തിക്കുന്നതിൽ നിന്നുമുള്ള ആഗോള ഗ്രീൻ ഹൗസ് ഗ്യാസ് ഉദ്‌വമനം 850 ദശലക്ഷം ടണ്ണിലധികം ആണെന്ന് കണക്കാക്കപ്പെടുന്നു. മാലിന്യത്തിൽ നിന്നുള്ള മീഥേൻ ഉദ്ഗമനം അടുത്ത ദശകത്തിൽ മാത്രം പ്രതിവർഷം 13 മെഗാടൺ വർദ്ധിക്കുമെന്നാണ് പ്രവചനം.

അശാസ്ത്രീയ മാലിന്യ സംസ്കരണം മൂലം ഉണ്ടാകാൻ സാധ്യതയുള്ള പ്രത്യാഘാതങ്ങളെ മുന്നിൽ കണ്ട് സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ ഏജൻസികളെ സംയോജിപ്പിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണ രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. അജൈവ മാലിന്യ ശേഖരണത്തിനായി സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും ഹരിതകർമ്മസേന പ്രവർത്തിച്ചു വരുന്നു. ഇന്ന് സംസ്ഥാനത്ത് 37363 ഹരിതകർമ്മസേന അംഗങ്ങളാണ് പ്രവർത്തിക്കുന്നത്. 2023-24 കാലഘട്ടത്തിൽ ഏകദേശം 10.32 ലക്ഷം ടൺ അജൈവ മാലിന്യമാണ് ഹരിതകർമ്മസേനയിലൂടെ ശേഖരിച്ചത്. ഇവ

MCFകളിൽ എത്തിച്ച് തരം തിരിച്ച് ക്ളീൻ കേരള കമ്പനിക്കും, സർക്കാർ അംഗീകൃത പ്രൈവറ്റ് ഏജൻസികൾക്കും പുനചക്രമണത്തിനായി കൈമാറിയത്. ഇതിലൂടെ ഏകദേശം 3.2 ദശലക്ഷം മെട്രിക് ടൺ $CO_2$ എമ്മിഷൻ തടയാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ദിവസേന ഉത്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യം വീടുകളിലും, സ്ഥാപനങ്ങളിലും, കമ്മ്യൂണിറ്റി തലങ്ങളിലുമായി സംസ്കരിക്കുന്ന നാടാണ് കേരളം. നിലവിൽ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന ആകെ 7398.64 TPD മാലിന്യത്തിൽ 6151.75 TPD ജൈവ മാലിന്യം സംസ്കരിക്കുന്നതിന് വേണ്ടിയുള്ള സംവിധാനം ഇന്ന് കേരളത്തിൽ ഉണ്ട്. ഇതിലൂടെ ഏകദേശം 1.01 ദശലക്ഷം മെട്രിക് ടൺ $CO_2$ എമ്മിഷൻ തടയാൻ സാധിക്കുന്നു. ഇതോടൊപ്പം മാലിന്യ മുക്തം നവകേരളം ക്യാമ്പയ്നിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്ത സ്നേഹാരാമം പദ്ധതിയിലൂടെ 3000 മാലിന്യ കൂനകൾ ആണ് സൗന്ദര്യ വത്കരണം നടത്തി കാർബൺ എമ്മിഷൻ തടയുന്നതിന് വേണ്ടി ഏറ്റെടുത്തത്. ഇതിലൂടെ 1,800 മെട്രിക് ടൺ $CO_2$ എമ്മിഷൻ തടയാൻ സാധിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കിയ ഗ്രീൻ പ്രോട്ടോക്കോൾ, ബദൽ ഉത്പന്നങ്ങളുടെ പ്രോത്സാഹനം, ഗ്രീൻ ഇവന്റുകൾ എന്നിങ്ങനെ ഉണ്ടാവാൻ സാധ്യതയുള്ള മാലിന്യത്തിന്റെ അളവ് കുറക്കുന്നതിന് ജനകീയ ഇടപെടലുകളിലൂടെ സർക്കാർ ഏറ്റെടുത്ത പ്രവർത്തനങ്ങൾ ചെറുതല്ല.

കേരള സർക്കാർ ഏറ്റെടുത്തിട്ടുള്ള ഈ പ്രവർത്തനതന്ത്രങ്ങൾ അന്താരാഷ്ട്ര കാലാവസ്ഥാ ഉച്ചകോടിയിൽ (COP27 & COP28) മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകളുമായി യോജിക്കുന്നു. കാലാവസ്ഥ വ്യതിയാനത്തിനെ ചെറുക്കാൻ പ്രാദേശിക ഇടപെടലുകളിലൂടെ എങ്ങനെ സാധിക്കുമെന്നതിൽ കേരളം മാതൃകയാകുന്നു.

കാലാവസ്ഥ വ്യതിയാനത്തിന്റെ ലഘൂകരണത്തിനായി കേരള മാതൃക കൈവരിക്കുന്നതിന് ഇനിയും നാം മുന്നോട്ട് പോകേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കുലർ എക്കൊണോമിയെ അടിസ്ഥാനമാക്കി മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതിനായി വീടുകളിൽ കൃത്യമായ തരം തിരിക്കൽ ഉറപ്പാക്കുക, ഉറവിട ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുക, ഹരിതമിത്രം ഉൾപ്പെടയുള്ള ഡിജിറ്റൽ ട്രാക്കിംഗ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, ബദൽ ഉത്പന്നങ്ങളുടെ പ്രോത്സാഹനം, സ്വാപ്പ് ഷോപ്പുകൾ, മാലിന്യത്തിന്റെ ഉത്പാദനം കുറക്കുന്നതിന് വേണ്ടിയുള്ള ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. ഏറ്റവും പ്രധാനമായി ഹരിതകർമ്മസേനയുടെ സംരംഭക വികസന സാധ്യതകൾ പ്രയോജനപ്പെടുത്തുക.

ഇത്തരത്തിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും, വല്യ നഗരങ്ങൾ ഇന്ന് മാതൃകയായി ചൂണ്ടി കാണിക്കുന്ന ഇൻസിനറേഷൻ, ലാൻഡ് ഫില്ലുകൾ എന്നിവ സമ്പൂർണ്ണമായി ഇല്ലാതാക്കി കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങളെ ലഘൂകരിക്കാൻ കേരളം സ്വീകരിച്ചിട്ടുള്ള മാലിന്യ സംസ്കരണ രീതി ആഗോള മാതൃകയായി മാറ്റുവാൻ നമുക്ക് സാധിക്കും.

---

മെമ്പർ, വേസ്റ്റ് മാനേജ്മന്റ് സെക്രട്ടറിയേറ്റ്

**113**

# Disaster-Sensitive Kerala: The Need for People-Centered, Risk-Informed Planning

Dr. Shaji E.

Kerala is increasingly experiencing four types of flooding—flash floods, urban floods, river floods, and coastal floods—along with severe landslides due to its geographic and climatic conditions, which include unexpected heavy rainfall and rising temperatures. Factors such as hilly terrain modification, unscientific land use planning, limited open spaces, blocked river channels, and the neglect of water bodies are worsening the impact of these disasters. Flooding and landslides pose significant threats to people's lives and property, and the anticipated increase in the frequency and severity of these disasters in Kerala presents a major challenge. The well-being and economic prosperity of Kerala rely on advanced interdependent infrastructure and their provision of essential services. However, past events in Kerala (including major floods, landslides, tsunamis, and cyclones) have highlighted the notable vulnerability of infrastructure to hazards,

which has had significant societal consequences. Kerala is now making world-class highways, airports, waterways, and railway lines in recognition of the importance of infrastructure development for the state's economic growth, connectivity, and overall development. However, for its sustainability, in the context of climate change, rapid population growth, and increasingly interconnected urbanization, a framework for designing risk-informed critical infrastructure from a forward-looking, dynamic, and people-centered perspective is required. In response to these challenges, this paper suggests a people- centred, risk-informed decision-making framework for infrastructure development in Kerala. The framework captures the performance of infrastructure in terms of serving the community’s needs; the underlying optimal infrastructure design balances this performance in regular conditions, in the immediate aftermath of a hazard, and during the long-term recovery process. The planners should be able to demonstrate the framework by optimising the transportation infrastructure design of a hypothetical future community as well. This paper advocates the diversification of measures and strategies to face floods and landslides. The diversification should be endorsed by the risk-based approach that stresses the need to address both the probability and consequences of floods/landslides and highlights the importance of collaboration between spatial planners, engineers, hydrogeologists, machine learning experts, and water managers in the field of disaster risk management. The recent destruction and the casualties caused by the urban flooding in Trivandrum and Cochin have pointed out the vulnerability and exposure to floods despite major investments in flood protection, forecasting, and preparation. The devastating landslides in Mundakkai, Wayanad, which destroyed two villages, emphasize the undeniable reality of climate change and the urgent need for effective adaptation measures. Therefore, this paper advocates nature-based solutions with multi-functional measures that may contribute to adaptation to hydroclimatic events while promoting sustainable, context-driven, and informed decision-making while planning new infrastructure. Risk-informed planning is a crucial aspect of infrastructure development that involves identifying, assessing, and mapping potential risks throughout the project life cycle. This approach helps ensure that projects are resilient to floods, thereby improving the chances of successful completion within budget and schedule constraints.

Professor, Department of Geology, University of Kerala. Kariavattom, Trivandrum- 695 581.India

**114**

## ഹരിതവാനം - ജനകീയ കാർബൺ ന്യൂട്രൽ പദ്ധതി

പിലിക്കോട് ഗ്രാമ പഞ്ചായത്ത്

1949 ൽ പിലിക്കോട് ഗ്രാമ പഞ്ചായത്ത് രൂപീകൃത മായി. ജനകീയാസൂത്രണ പദ്ധതി യുടെ ഭാഗമായി ദേശീയതലത്തിൽ തന്നെ ശ്രദ്ധേയമായ വികസന മാതൃകകൾക്ക് രൂപം നൽകാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. സമ്പർണ്ണ ശുചിത്വ പദ്ധതിയിലൂടെ പഞ്ചായ ത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ശുചി ത്വമുള്ള കക്കൂസ് സ്ഥാപിച്ചുകൊണ്ട് രാജ്യത്തെ പ്രഥമ നിർമ്മൽ പുരസ്കാരം, ഊർജ്ജയാനം ജനകീയ ഊർജ്ജ സംരക്ഷണ പദ്ധതിയി ലൂടെ ഇന്ത്യയിലെ ആദ്യത്തെ ഫിലമെന്റ് ബൾബ് രഹിത ഗ്രാമ പഞ്ചായ ത്ത്, ഊർജ്ജ സംരക്ഷണത്തിന് ദേശീയതലത്തിൽ മാതൃകയാക്കിയ നിരവധി അനുബന്ധ പദ്ധതി കൾ,സ്വരാജ് ട്രോഫി,ജൈവ വൈവിധ്യ പരിപാലന അവാർഡ്, വയോസേവാ അവാർഡു കൾ പഞ്ചായ ത്തിന്റെ വികസന മാതൃകകൾക്കുള്ള അടയാളപ്പെ ടുത്തലുകളാണ്. സംസ്ഥാനത്ത് ജനകീയാസൂത്രണ പദ്ധതികളുടെ നിർവ്വഹണത്തിൽ മികവുറ്റ പ്രവർത്തന പാരമ്പര്യം പഞ്ചായത്തിനുണ്ട്.

## കാർബൺ ന്യൂട്രൽ

### ഹരിതവാനം ജനകീയ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ

1. സാമൂഹ്യ പങ്കാളിത്തത്തോടെ വിവിധങ്ങളായ പദ്ധതികളിലും സമയ ബന്ധിത മായി കാർബൺ ബഹിർഗമനം കുറക്കൽ
2. പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ പുനരുപയോഗ്യമായ ഊർജ്ജ സ്രോതസ്സുകളുടെ വ്യാപനം
3. സുസ്ഥിര ഭൂവിനിയോഗത്തിന്റെ സാധ്യതകൾ സാർവ്വത്രികമാക്കൽ
4. കാലാവസ്ഥാ വ്യതിയാനത്തിൻറെ പ്രത്യാഘാതങ്ങൾ പരിമിതപ്പെടുത്തൽ, ദുരന്തനിവാരണത്തിനും അതിജീവനത്തിനും സഹായകമായ മാതൃകകൾ രൂപപ്പെടുത്തൽ

### പദ്ധതികൾ - പ്രവർത്തനങ്ങൾ

ഊർജ്ജയാനം-പഞ്ചായത്തിൽ സമ്പൂർണ്ണമായ ഫിലമെന്റ്, സി എഫ് എൽ ബൾബുകൾ മാറ്റി ദക്ഷത കൂടിയ എൽ ഇ ഡി ബൾബുകൾ സ്ഥാപിച്ചു.

പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിലേയും നിലവിലുള്ള ഫാനുകൾ മാറ്റി സ്റ്റാർ റേറ്റിംഗ് ഉള്ള ഫാനുകൾ സ്ഥാപിച്ചു.

പഞ്ചായത്തിലെ മുഴുവൻ തെരുവു വിളക്കുകളും എൽ ഇ ഡി യിലേക്ക് പരിവർത്തനം ചെയ്തു.

ഇന്ത്യയിലെ ആദ്യ ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്ത് പ്രഖ്യാപനം 2 മാസം കൊണ്ട് 101694 യൂനിറ്റ് വൈദ്യുതി ലാഭം കെ എസ് ഇ ബി സാക്ഷ്യപ്പെടുത്തി.

### തുടർ പദ്ധതികൾ

പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിലും സോളാർ സംവിധാനം ഒരുക്കി. ഹരിത ഊർജ്ജ പഞ്ചായത്ത് പ്രഖ്യാപനം പ്രതിവർഷം 382 കിലോ യൂനിറ്റ് ഹരിത ഊർജ്ജ ഉല്പാദനം സാധ്യമായി.

പി എം കുസുമം പദ്ധതി പ്രയോജനപ്പെടുത്തി സാധ്യമായ ഇടങ്ങളിലെല്ലാം കാർഷിക പമ്പുകളുടെ സൌരവത്കരണം പൂർത്തീകരിച്ചു.

ഊർജ്ജ സംരക്ഷണം തുടർ ക്യാമ്പയിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ ഊർജ്ജ ക്ലബ്ബുകൾ (12 വിദ്യാലയങ്ങൾ) രൂപീകരിച്ചു. ഊർജ്ജ ഓഡിറ്റ്, മീറ്റർ റീഡിംഗ് പരിശീലനം നൽകി. ഊർജ്ജ സംരക്ഷണ ടിപ്പുകൾ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചു.

ഇലക്ട്രിക് വാഹനങ്ങളുടെ പ്രചരണത്തിന് ബഹുജന സമ്പർക്ക പരിപാടികൾ വാർഡുതലത്തിൽ സംഘടിപ്പിച്ചു.

ജൈവ വൈവിധ്യ സംരക്ഷണത്തിന് ബി എം സി വഴി തുടർ പ്രവർത്തനങ്ങൾ, എം ജി എൻ ആർ ഇ ജി എ നേതൃത്വത്തിൽ സ്വാഭാവിക ആവാസ വ്യവസ്ഥകളുടെ സുസ്ഥിര പരിപാലനം എല്ലാ വാർഡുകളിലും സംഘടിപ്പിച്ചു. ജലസ്രോതസ്സുകളുടെ സംരക്ഷണം,കയർ ഭൂവസ്ത്രത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി.

പഞ്ചായത്തിലെ 11 കാവുകൾ 35 നാഗ തുരുത്തുകളിൽ ജൈവ വൈവിധ്യ പഠനവും സംരക്ഷണ പ്രവർത്തനങ്ങളും.

ഹരിതകേരളം പദ്ധതിയിലൂടെ ശാസ്ത്രീയമായ മാലിന്യ സംഭരണം,തരംതിരിക്കൽ, സംസ്കരണം ചിട്ടയായി സംഘടിപ്പിച്ചു.

സ്ഥാപനങ്ങളും പൊതു ഇടങ്ങളും പൊതു ഹരിത ഇടങ്ങളായി മാറ്റാനുള്ള ശ്രമങ്ങൾ പ്രാദേശിക പങ്കാളിത്തത്തോടെ സംഘടിപ്പിച്ചു.

പഞ്ചായത്തിലെ പച്ചത്തുരുത്തുകൾ സംരക്ഷിക്കുന്നതിന് പ്രാദേശികമായ കൂട്ടായ്മകളുടെ കവചം യാഥാർത്ഥ്യമായി.

കൃഷിഭവൻ മുഖേന സുസ്ഥിര ഭൂവിനിയോഗ മാതൃകകൾ പരിചയപ്പെടുത്തൽ പ്രാദേശിക പ്രവർത്തനങ്ങൾ

MGNREG മുഖേന സുസ്ഥിര ഭൂപരിരാലന പ്രവർത്തനങ്ങൾ

പൈതൃകം നാട്ടുമാവ് പദ്ധതി, പേരഗ്രാമം പദ്ധതികളിലൂടെ സാർവ്വത്രി കമായ വൃക്ഷവത്കരണം.

വിത്ത് ഗ്രാമം -പുഞ്ചപ്പാടം പദ്ധതികളിലൂടെ 37 ഇനം നാടൻ നെൽവിത്തു കളുടെ സംരക്ഷണ വ്യാപനം

യാത്രാശ്രീ,കുടുംബശ്രീയുടെ നേതൃത്വത്തിൽ ഹരിത ടൂറിസം പ്രോത്സാഹന പ്രവർത്തനങ്ങൾ

വിവിധങ്ങളായ പ്രവർത്തനങ്ങളുടെ ശാസ്ത്രീയമായ ഏകോപനത്തിലൂടെ സമൂഹത്തെ ആകെ ഹരിത ഗൃഹവാതക ആധിക്യം കുറക്കുന്നതിനുള്ള കവചം സൃഷ്ടിക്കുന്നതിനുള്ള സൂക്ഷ്മതലത്തിലും സ്ഥൂലതലത്തിലുമുള്ള പ്രവർത്തനങ്ങളിലൂടെ സാർത്ഥകമായ പ്രവർത്തനങ്ങൾ വലിയ സ്വീകാര്യത വളർത്തിയെടുക്കാൻ കഴിഞ്ഞു.

115

# നെറ്റ് സീറോ കാർബൺ വടകര നഗരസഭ 2035 ൽ ലക്ഷ്യത്തിലേക്ക്...

വടകര ഗ്രാമ പഞ്ചായത്ത്

കാലാവസ്ഥ വ്യതിയാനത്തിന്റെ അനന്തരഫലങ്ങൾ ലോകത്തിന് തന്നെ ഭീഷണിയാകുന്ന സാഹചര്യമാണ് ഇന്ന് കാണാൻ കഴിയുന്നത്. കേരളത്തിന്റെ പ്രാദേശിക സന്തുലിതാവസ്ഥയെ തകർക്കുന്ന രീതിയിൽ വിവിധ സംഭവവികാസങ്ങൾക്ക് നാം സാക്ഷിയാവുകയാണ്. അമിതമായി അന്തരീക്ഷത്തിലെത്തുന്ന ഹരിതഗൃഹ വാതകങ്ങളുടെ കാർബൺ ബഹിർഗമനത്തിനും അതുവഴി ഉണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനത്തിനുമെതിരെ ശക്തമായ ജനകീയ ഇടപെടലുമായി മുന്നോട്ടു പോവുകയാണ് വടകര നഗരസഭ. ഹരിത കേരളം മിഷനുമായി ചേർന്ന് നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതി നടപ്പിലാക്കിക്കൊണ്ട് 2035ൽ നെറ്റ് സീറോ കാർബൺ നഗരസഭയാവുക എന്ന ലക്ഷ്യമാണ് വടകര നഗരസഭയ്ക്ക് ഉള്ളത്. സമ്പൂർണ്ണ മാലിന്യമുക്ത പ്രവർത്തനങ്ങൾ, ഊർജ്ജ മേഖലകളിലെ ബോധവൽക്കരണ ക്യാമ്പയിനുകളും ഊർജ്ജ കാര്യക്ഷമത പദ്ധതികളുടെ പൂർത്തീകരണവും, പച്ചത്തുരുത്തുകളുടെയും കാർബൺ സംഭരണശേഷി കൂടിയ കൃഷി രീതികളുടെയും വ്യാപനം, ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേക്കുള്ള പ്രവർത്തനങ്ങൾ, ജലാശയങ്ങളുടെ വീണ്ടെടുപ്പ് തുടങ്ങിയവ ജനകീയ പിന്തുണയോടെ നടപ്പിലാക്കി കൊണ്ട് നെറ്റ് സീറോ കാർബൺ ലക്ഷ്യത്തിലേക്ക് നഗരസഭ മുന്നേറുകയാണ്.

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതി ഏറ്റെടുത്ത ആദ്യ ഘട്ടത്തിൽ തന്നെ വിവിധ സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ, കാർഷിക മേഖല എന്നിവയുമായി ബന്ധപ്പെട്ട കാർബൺ എമിഷൻ സർവ്വേ നടത്തി, എമിഷൻ കണക്കാക്കുന്നതിനോടൊപ്പം കാർബൺ സംഭരണം നടത്തുന്ന പ്രവർത്തനം കൂടി നടപ്പിലാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു. വിവിധങ്ങളായ ശില്പശാലകളും പദ്ധതിക്ക് ആവശ്യമായ ആക്ഷൻ പ്ലാൻ തയ്യാറാക്കലും തുടർ പ്രവർത്തനമായി നടത്തി. നഗരസഭ തലത്തിലും വാർഡ് തലങ്ങളിലും വിവിധ മേഖലയിൽ പെട്ടവരെ ചേർത്തു കൊണ്ട് കോർഗ്രൂപ്പ് ഉണ്ടാക്കി ഈ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നു..

കാർബൺ ബഹിർഗമനം താരതമ്യേന കൂടിയ ഗതാഗത മേഖലയിൽ ഇതിന്റെ ലഘൂകരണം ലക്ഷ്യമിട്ട് ക്യാമ്പയിൻ പ്രവർത്തനങ്ങളാണ് ആദ്യഘട്ടത്തിൽ നടത്തിയത്. ഹരിത കേരളം മിഷന്റെ സഹകരണത്തോടെ വിപുലമായ സൈക്കിൾ ബോധവൽക്കരണ റാലിയും ക്ലാസുകളും ഇതിനോടനുബന്ധിച്ച് നടത്തി. നടക്കുതാഴ സർവീസ് സഹകരണ ബാങ്കിന്റെ സ്പോൺസർഷിപ്പ് വഴി ആവശ്യമായ സൈക്കിൾ ലഭ്യമാക്കാനും ഭരണസമിതിക്ക് കഴിഞ്ഞു. ലഘു യാത്രകൾക്ക് സൈക്കിൾ സവാരി പ്രോത്സാഹിപ്പിക്കുന്ന ഈ സൈക്കിളുകൾ നഗരസഭാ ജീവനക്കാരും കൗൺസിലർമാരും ഉപയോഗിക്കുന്നുണ്ട്.

2025 മാർച്ച് ലക്ഷ്യമിട്ടുകൊണ്ടുള്ള മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളും നെറ്റ് സീറോ കാർബൺ പദ്ധതിയുടെ കുടക്കീഴിൽ കൊണ്ടുവന്ന് നടപ്പിലാക്കുന്ന രീതിയാണ് നഗരസഭ അവലംബിച്ചത്. നേരത്തെ തന്നെ അജൈവമാലിന്യ സംസ്കരണത്തിനുള്ള ഹരിത കർമ്മ സേന സംവിധാനങ്ങളും എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. നഗരസഭയുടെ ഹരിത കർമ്മ സേനയുടെ ഹരിത സംരംഭങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇന്ന് മാതൃകയാണ്. ജല - മണ്ണ് പരിശോധന, പരിസ്ഥിതി സൗഹൃദ ഉൽപന്ന നിർമ്മാണ കേന്ദ്രം തുടങ്ങിയവ പ്രവർത്തിക്കുന്ന നഗരസഭയുടെ ഗ്രീൻ ടെക്നോളജി സെന്ററും, ഹരിത കർമ്മസേനയുടെ ചുമതലയിൽ പ്രവർത്തിക്കുന്ന കാർബൺ ന്യൂട്രൽ പാർക്കും ഇതിനോടകം തന്നെ ശ്രദ്ധേയമായതാണ്. ജൈവ മാലിന്യസംസ്കരണത്തിനായി നഗരസഭയുടെ വിവിധ കേന്ദ്രങ്ങളിൽ തുമ്പൂർമുഴി യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കണ്ടിജൻസി ജീവനക്കാരുടെ നേതൃത്വത്തിൽ എല്ലാ ദിവസവും ടൗണുകളെ മാലിന്യ വിമുക്തമാക്കുകയും നഗരസഭയുടെ നേതൃത്വത്തിൽ വിവിധങ്ങളായ സംവിധാനങ്ങൾ സ്ഥാപിച്ചുകൊണ്ട് ഹരിത ടൗണുകൾ ആക്കാനും കഴിഞ്ഞിട്ടുണ്ട്.

2023 ൽ തന്നെ സംസ്ഥാനത്തെ ആദ്യ സമ്പൂർണ്ണ ഹരിത അയൽക്കൂട്ട വാർഡ് എന്ന പദവി നേടാൻ കഴിഞ്ഞത് വടകര നഗരസഭയിലെ വാർഡ് 29 കൊക്കഞ്ഞാത്തിനാണ്. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാലയങ്ങൾ, കലാലയങ്ങൾ, സ്ഥാപനങ്ങൾ അയൽക്കൂട്ടങ്ങൾ ടൂറിസം കേന്ദ്രങ്ങൾ, പ്രധാന ടൗണുകൾ എന്നിവയെ 100% ഹരിത പദവിയിൽ എത്തിക്കാൻ കഴിഞ്ഞു. സംസ്ഥാനത്തു തന്നെ മികച്ച സർക്കാർ സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടാൻ നഗരസഭയിൽ പ്രവർത്തിക്കുന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസിന് കഴിഞ്ഞു. മാതൃകാ വിദ്യാലയം എന്ന രീതിയിൽ നഗരസഭയിലെ എസ് പി എച്ച് വിലാസം ജെ ബി സ്കൂളിനും അംഗീകാരം ലഭിച്ചു.

സംസ്ഥാനത്തു തന്നെ ആദ്യമായി ജലബജറ്റ് തയ്യാറാക്കിയ നഗരസഭ എന്ന നേട്ടം കൈവരിച്ച വടകര നഗരസഭ ജല ബജറ്റിൽ നിന്നും ജലസുരക്ഷയി

ലേക്ക് എന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുകയാണ്. നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് കുളങ്ങളുടെ പുനരുദ്ധാരണം നീർച്ചാൽ മാപ്പിങ്, തോട് നവീകരണം, തെങ്ങിന് തടം മണ്ണിന് ജലം പദ്ധതി, ജല സാക്ഷരതാ ക്യാമ്പയിനുകൾ എന്നിവ അവയിൽ ചിലതാണ്.

കാർഷിക മേഖലയിൽ വ്യത്യസ്തങ്ങളായ ഇടപെടലുകൾ നടത്തി കാർബൺ സംഭരണശേഷി കൂടിയ മില്ലറ്റ് പോലെയുള്ള കൃഷി വ്യാപനം കണ്ടൽ സംരക്ഷണ പ്രവർത്തനങ്ങൾ, പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും പച്ചത്തുരുത്തുകൾ നിർമ്മിക്കൽ, ശാസ്ത്രീയ കൃഷി രീതി അവലംബിക്കൽ തരിശുരഹിത നഗരസഭ ഹരിത സമൃദ്ധി വാർഡുകൾ എന്നീ പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്.

വിദ്യാർത്ഥികളിൽ നെറ്റ് സീറോ കാർബൺ ആശയങ്ങൾ വ്യാപിപ്പിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായി നഗരസഭയിലെ പ്രൈമറി ക്ലാസുകളുടെ വിദ്യാർത്ഥികൾക്കായി “മ്മളെവടകരക്കായി ഞങ്ങളും കൂടി “ എന്ന ദ്വിദിന പഠന ക്യാമ്പ് നടത്തി. മാലിന്യ സംസ്കരണം ഊർജ്ജ സംരക്ഷണം ജല സംരക്ഷണം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ക്ലാസുകളും, കളികളും, പഠനയാത്രകളും ഉൾക്കൊള്ളിച്ചാണ് ഈ ക്യാമ്പ് നടന്നത്. ഹരിത വിദ്യാലയത്തിൽ നിന്ന് നെറ്റ് സീറോ വിദ്യാലയത്തിലേക്ക് എന്ന പദ്ധതിയും ഈ ക്യാമ്പിന്റെ തുടർ പ്രവർത്തനമായി നടത്തി. വരും മാസങ്ങളിൽ ഹൈസ്കൂൾ ഹയർസെക്കൻഡറി കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കും.

അംഗൻവാടികളുടെ ഊർജ്ജ കാര്യക്ഷമത ലക്ഷ്യമിട്ടുകൊണ്ട് ഹരിതകേരള മിഷൻ, എനർജി മാനേജ്മെന്റ് സെന്റർ എന്നിവയുടെ സഹകരണത്തോടെ അംഗൻവാടികളിൽ ഊർജ്ജ ദക്ഷത അടുപ്പുകളും അനുബന്ധ ഉപകരണങ്ങളും നൽകി. വാർഷിക പദ്ധതിയിൽ അംഗൻജ്യോതി പദ്ധതിയും അംഗൻവാടി ലക്ഷ്യമിട്ടുകൊണ്ട് നടത്താൻ ആസൂത്രണം ചെയ്യുന്നുണ്ട്.

നഗരത്തിന്റെ ഹൃദയഭാഗത്ത് ഓപ്പൺ സ്റ്റേജ് സംവിധാനം ഉൾപ്പെടെ ഒരു സാംസ്കാരിക ചത്വരം നിർമ്മിക്കാനും നഗരസഭയ്ക്ക് കഴിഞ്ഞു. ഉദ്ഘാടനം നടക്കാനിരിക്കുന്ന പുതിയ നഗരസഭ കെട്ടിടം ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെട്ട ഘടക സ്ഥാപനങ്ങളെ നെറ്റ് സീറോ കാർബൺ സ്ഥാപനമാക്കാനുള്ള പ്രവർത്തനവും ഊർജ്ജിതമാക്കുന്നുണ്ട്.

വിവിധ മേഖലകളിൽ സമഗ്രമായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വരുംകാല ഭരണസമിതിക്ക് മുന്നിൽ വിവിധങ്ങളായ ആശയങ്ങൾ ഉൾപ്പെട്ട ആക്ഷൻ പ്ലാൻ വച്ചുകൊണ്ട് 2035ൽ നെറ്റ് സീറോ കാർബൺ നഗരസഭ എന്ന ലക്ഷ്യം കൈവരിക്കാനുള്ള ഉറച്ച തീരുമാനമാണ് നിലവിലുള്ള ഭരണസമിതി കൈക്കൊണ്ടിരിക്കുന്നത്.

**116**

## കാലാവസ്ഥാ വ്യതിയാനം

വലിയപറമ്പ ഗ്രാമ പഞ്ചായത്ത്

കേരളത്തിലെ ഏറ്റവും നീളം കൂടിയതും, (കൂടിയ വീതി 500 മീറ്റർ)

35 മീറ്റർ കുറഞ്ഞ വീതി വരെ മാത്രമുള്ളതുമായ ഒരു തീരദേശ പഞ്ചായത്താണ് വലിയപറമ്പ

തീര ശോഷണം സംഭവിച്ച് കര കുറഞ്ഞ് വരുന്നതിനാൽ ഇത് ചെറിയ രീതിയിലെങ്കിലും തടയാനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കടൽ തീരത്തിന് ഒരു ഹരിത കവചം എന്ന പേരിൽ 11 വാർഡുകളിലായി നീണ്ടുകിടക്കുന്ന കടലോരത്ത് ഇന്ത്യയിൽ ആദ്യമായ് 75000 കാറ്റാടി തൈകൾ തൊഴിലുറപ്പ് പദ്ധതിയിലൂടെ സ്വന്തം നഴ്സറിയിൽ ഉദ്പ്പാദിപ്പിച്ച് നട്ട് പിടിപ്പിച്ചു.

കടലോരത്തിന്റെ സംരക്ഷണത്തിന് കവചമായി കാറ്റാടി മരങ്ങൾ നട്ടുപിടിപ്പിച്ച് അതിനു പരിപാലനവും സംരക്ഷണവും ജൈവവേലിയിലൂടെ നടത്തുന്നു.

തീരശോഷണം സംഭവിച്ച് കര കുറഞ്ഞ് വരുന്ന ഒരു പഞ്ചായത്തായതിനാൽ അതിന് പരിഹാരമായ്

കേരളത്തിൽ ആദ്യമായാണ് ഒരു ഗ്രാമ പഞ്ചായത്ത് 24 കി.മീറ്റർ ദൈർഘ്യമുള്ള കടലോരത്ത് തൊഴിലുറപ്പ്

പദ്ധതിയിലൂടെ 75,000 കാറ്റാടി തൈകൾ വിത്ത് പാകി മുളപ്പിച്ച് നഴ്സറിയിലൂടെ ഉദ്പ്പാദിപ്പിച്ച് വിവിധ വാർഡുകളിലായി നട്ടുപിടിപ്പിച്ചത്'

കടൽ തീരത്തിനൊരു ഹരിത കവചം രണ്ടാം ഘട്ടമായ് തീരദേശ വാർഡുകളിലായ്

തൊഴിലാളികൾ അവരുടെ വിയർപ്പ് കണങ്ങളിലൂടെ മൺതിട്ടയുണ്ടാക്കി അതിന് കയർ ഭൂവസ്ത്ര വിരിച്ച് അടമ്പാൻ വള്ളി നട്ടുള്ള ഹരിത കവചവുമായ് മുന്നോട്ട് പോവുകയാണ്.

തീരശോഷണത്തിന് പ്രതിരോധം തീർക്കാൻ....

കടൽ ക്ഷുഭിതമായ് മാറുമ്പോൾ പ്രതിരോധമാക്കി കടലോര മണൽതിട്ടയിലൂടെ മാറ്റാനും തന്നെയാണ് വലിയപറമ്പ ഗ്രാമ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിലൂടെ ശ്രമിക്കുന്നത്.

കടല് കയറി വരുമ്പോൾ പണ്ട് മുതൽ തീരദേശവാസികൾ ചെയ്യുന്നതാണ് മണൽ തിട്ട ഉണ്ടാക്കി താൽക്കാലികമായ് കടല് കയറി വരുന്നത് തടയുന്നത്.

കടല് പ്രക്ഷുബ്ദമായാൽ വലിയ ബിൽഡിങ്ങുകളും, വലിയ വൃക്ഷങ്ങൾ തന്നെയും വലിച്ചു കൊണ്ടുപോകും എന്ന് കരുതി ഒന്നും ചെയ്യാതിരിക്കാൻ ഞങ്ങൾ ഒരുക്കമല്ല എന്നാണ് വലിയപറമ്പ ജനത തീരുമാനിച്ചത്.

ഒന്ന് ഒരു താൽകാലിക സംവിധാനം..

പഞ്ചായത്ത് നിവാസികളായ തൊഴിലുറപ്പ് തൊഴിലാളികൾക്ക് തൊഴിൽ ദിനവും, വരുമാനവും വർദ്ധിപ്പിക്കാൻ തങ്ങളാൽ കഴിയുംവിധം ചെയ്യുക.

ശാശ്വത പരിഹാരത്തിനായ് ടെട്രാപോഡ് പോലുള്ള സംവിധാനത്തിനായ് സർക്കാറിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നു. അതുവരെ അണ്ണാറക്കണ്ണനും തന്നാലായത്

ശാശ്വതമായ് മറ്റ് സംവിധാനങ്ങൾ സർക്കാർ ഒരുക്കും വരെ ഞങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലൂടെ കടൽ തീരത്തിന് ഹരിത കവചം തീർക്കുന്നു...

മാടക്കാലിൽ കണ്ടലോരം പദ്ധതിയുമായി ബന്ധപ്പെട്ട് 12000 കണ്ടൽ തെ നഴ്സറി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഉൽപാദിപ്പിച്

500 മീറ്റർ കാവ്വായി കായലിലൂടെ തൊഴിലുറപ്പ് തൊഴിലാളികൾ കാൽനടയായ് നടന്ന്

കണ്ടലുകൾ നട്ട് പിടിപ്പിച്ചു

കണ്ടലുകളെ കുറിച്ച് പഠിക്കാനെത്തുന്ന പഠന വിദ്യാർത്ഥികൾക്കായ് വിവിധ ഇനം കണ്ടലുകൾ തയ്യാറാക്കി വരുന്നു.

21 -ാം നൂറ്റാണ്ടിലെ ആദ്യദശകം പിന്നിടുമ്പോൾ തന്നെ വൻ പാരിസ്ഥിതിക വെല്ലുവിളികളെ അഭിമുഖീകരിക്കുകയാണ് പ്രകൃതി. ഈ നില തുടർന്നാൽ ജീവന്റെ നിലനിൽപ്പ് തന്നെ ഭീഷണിയിലാണ്. പ്രകൃതി വിഭവങ്ങളെ സംരക്ഷിച്ച് നിർത്തേണ്ടത് കാലത്തിന്റെ അനിവാര്യതയാണ് എന്ന തിരിച്ചറിവിലാണ് പഞ്ചായത്ത്'.

വലിയപറമ്പിൽ സുനാമി ദുരന്തനിവാരണത്തിന്റെ മാതൃക തീർത്ത് വീണ്ടും മോക്ഡ്രിൽ.

പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജാഗ്രത നിർദ്ദേശം അനൗൺസ്മെന്റ് വഴി നൽകി. ഫയർഫോഴ്സിന്റെ നേതൃത്വത്തിൽ കടൽത്തീരത്തെ വീടുകളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശത്തോടെ തൃക്കരിപ്പൂർ അഗ്നി സുരക്ഷാ സേനയുടെ അനൗൺസ്മെന്റ് വാഹനം ബീച്ചിലേക്ക് കുതിച്ചെത്തി. തുടർന്ന് ചന്തേര പോലീസ് തൃക്കരിപ്പൂർ അഗ്നി സുരക്ഷാസേന,സിവിൽ ഡിഫൻസ്, ആപ്ത മിത്ര വളണ്ടിയർമാർ, വലിയപറമ്പ് പഞ്ചായത്ത് ദുരന്തനിവാരണ സേന, ഫിഷറീസ് ഡിപ്പാർട്ട്മെന്റ്, റവന്യൂ ഉദ്യോഗസ്ഥർ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, തുടങ്ങി എല്ലാ സംവിധാനവും കടൽത്തീരത്തെ വീടുകളിൽ നിന്നും ജനങ്ങളെ സുരക്ഷിത ക്യാമ്പിലേക്ക് മാറ്റുവാനുള്ള പ്രവർത്തനം ആരംഭിച്ചു. വലിയപറമ്പ് കുടുംബാരോഗ്യ കേന്ദ്രംമെഡിക്കൽ ഓഫീസർ ഡോക്ടർ ശ്രീകുമാറിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ ടീം സമീപത്തെ മദ്രസയിൽ വച്ച് പരിക്കുപറ്റിയവർക്കുള്ള

ചികിത്സ ആരംഭിച്ചു.

എല്ലാ നിർദ്ദേശങ്ങളും തീരദേശ ജനത പൂർണ്ണമായും ഉൾക്കൊണ്ട് സഹകരിച്ചു.സുനാമി ഉണ്ടാകുമ്പോൾ സ്വീകരിക്കേണ്ട അടിയന്തിര നടപടികളെക്കുറിച്ചും രക്ഷാപ്രവർത്തനങ്ങളെക്കുറിച്ചും അവബോധം നൽകുക എന്ന ലക്ഷ്യത്തോടെ വലിയപറമ്പ ഗ്രാമ പഞ്ചായത്തും, ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും ചേർന്നാണ് മോക്ഡ്രിൽ സംഘടിപ്പിച്ചത്. കഴിഞ്ഞ മൂന്ന് വർഷവും മികച്ച രീതിയിലുള്ള മോക്ക്ഡ്രില്ലാണ് പഞ്ചായത്തിൽ സംഘടിപ്പിച്ചത്. ഏഷ്യാപെസഫിക് രാജ്യങ്ങളിലെ ദുരന്ത ലഘൂകരണ പ്രവർത്തന മികവിന് ഇന്ത്യയിൽ നിന്നും തെരഞ്ഞെടുത്ത ലോക്കൽ ലീഡർ ചാമ്പ്യൻ പുരസ്കാരം വലിയപറമ്പ പഞ്ചായത്ത് പ്രസിഡൻറിന് ഫിലിപ്പിയൻസിൽ നിന്നും ലഭിച്ചു.

# ബാലസൗഹൃദ തദ്ദേശഭരണം

## 117-

## വിദ്യാർത്ഥി ശൃംഖല, തദ്ദേശ സ്വയംഭരണം, പൗരബോധം, സമൂഹ വികസനം, കൊച്ചി

ആബേൽ ആന്റണി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികളെ കമ്മ്യൂണിറ്റി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നത് സാമൂഹിക വികസന, മാലിന്യ സംസ്കരണം എന്നീ പൊതുപ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു ഫലപ്രദമായ മാർഗ്ഗമായിരിക്കും. ഇത് വിദ്യാർത്ഥികളിൽ പൗരബോധം വളർത്തുന്നതിനൊപ്പം സാമൂഹിക പ്രശ്നങ്ങൾക്ക് സൃഷ്ടിപരമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിന് പ്രവർത്തനം സഹായിക്കുന്നു.

*കൊച്ചി കോർപ്പറേഷനിൽ* ഉണ്ടായ വലിയ ഒരു പ്രതിസന്ധിയുടെ ഭാഗമായി നടന്ന പ്രത്യേക ഇടപെടലിലൂടെ വിദ്യാർത്ഥി ശൃംഖലാ സംവിധാനം വിനിയോഗിച്ച് കമ്മ്യൂണിറ്റി ഇടപെടലും പ്രശ്നപരിഹാരവും വർദ്ധിപ്പിച്ച മാതൃകയാണ് ഈ പഠനം വിശകലനം ചെയ്യുന്നത്. *മാലിന്യസംസ്കരണം, പരിസ്ഥിതി സംരക്ഷണം, പൊതുജനാരോഗ്യം, പൗരബോധം* എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിലൂടെ കമ്മ്യൂണിറ്റി ബോധവത്കരണവും പ്രായോഗിക പരിഹാരങ്ങളുടെ ആവിഷ്കാരവും മെച്ചപ്പെട്ടതായി കണ്ടെത്തി.

ഈ പഠനത്തിൽ *ഗുണനിലവാരപരമായ ഗവേഷണരീതി* ഉപയോഗിച്ചിരിക്കുന്നു. കേസ് സ്റ്റഡികൾ, പ്രാദേശിക അധികാരികളുമായുള്ള അഭിമുഖങ്ങൾ, പ്രോജക്റ്റുകളുടെ വിശകലനം എന്നിവയിലൂടെ ഈ ഇടപെടലിന്റെ ഘടനയും പ്രഭാവവും വിലയിരുത്തുന്നു. ഗവേഷണ ഫലങ്ങൾ കാണിക്കുന്നതനുസരിച്ച്, തദ്ദേശ സ്വയംഭരണത്തിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം *മുന്നേറ്റം, ഭരണസംവിധാനങ്ങൾക്കും ജനങ്ങൾക്കുമിടയിലെ ആശയവിനിമയം മെച്ചപ്പെടുത്തൽ, ഉത്തരവാദിത്തമുള്ള ഭാവി പൗരന്മാരെ വളർത്തൽ* തുടങ്ങിയ ഗുണഫലങ്ങൾ നൽകുന്നു.

കൊച്ചി കോർപ്പറേഷനിലൂ നടന്ന വിജയകരമായ പ്രവർത്തനത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ സംഘമിച്ചു. ഈ മാതൃക മറ്റ് നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും *പിന്തുടരാനും വിപുലീകരിക്കാനും കഴിയും* എന്നതും ഗവേഷണം നിർദ്ദേശിക്കുന്നു. പങ്കാളിത്താധിഷ്ഠിത ഭരണരീതിയുമായി ബന്ധപ്പെട്ട പഠനങ്ങളിൽ ഇത് വിലപ്പെട്ട സംഭാവന നൽകുന്നു. കൂടാതെ, *വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പങ്ക് സാമൂഹിക ഉത്തരവാദിത്തമുള്ള സമൂഹത്തെ* രൂപപ്പെടുത്തുന്നതിൽ എത്രത്തോളം പ്രാധാന്യമാണുള്ളതെന്നതിന്റെ ഉത്തമ ഉദാഹരണവുമാണ് ഈ പഠനം.

വിദ്യാർത്ഥി ശൃംഖല, തദ്ദേശ സ്വയംഭരണം, പൗരബോധം, സമൂഹ വികസനം, കൊച്ചി കോർപ്പറേഷനിലെ പ്രവർത്തനം

## 118

## ബാല സൗഹൃദഗ്രാമം

ധന്യ പി. നന്ദനൻ

**ആമുഖം**

കുട്ടികളുടെ ആരോഗ്യകരമായ വളർച്ചയ്ക്കും വികസനത്തിനും അനുയോജ്യമായ അന്തരീക്ഷം സംജാതമാക്കുക എന്നതാണ് സാമൂഹിക വികസനത്തിന്റെ അടിസ്ഥാന ഘടകങ്ങളിൽ പ്രധാനം. കുട്ടികളുടെ വികസനവുമായി ബന്ധപ്പെട്ട ഇടപെടലുകളിൽ കേരളം കാതലായ മുന്നേറ്റങ്ങൾ നേടിയിട്ടുണ്ട്. ഫലപ്രദമായ തദ്ദേശഭരണം ഈ നേട്ടങ്ങൾക്ക് പിന്നിൽ സുപ്രധാനമായ പങ്കു വഹിച്ചിട്ടുണ്ട് എന്നത് ഏവരും അംഗീകരിക്കുന്ന വസ്തുതയാണ്. ഇത്രയൊക്കെ നേട്ടങ്ങൾ ഉണ്ടെങ്കിലും കുട്ടികളുടെ വികസനത്തെ കുറിച്ചുള്ള സമഗ്രമായ ധാരണയുടെ അഭാവത്താൽ കേരളത്തിലെ കുട്ടികൾ നേരിടുന്ന സങ്കീർണമായ പല പ്രശ്നങ്ങളും പലപ്പോഴും പരിഗണിക്കപ്പെടാതെ

പോകുന്നുണ്ട്. ആരോഗ്യം പോഷണം,വിദ്യാഭ്യാസം, സംരക്ഷണം,പങ്കാളിത്തം,എന്നിവ ഉറപ്പുവരുത്തി കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള നമ്മുടെ പരിശ്രമങ്ങൾ ഇനിയും ശക്തിപ്പെടുത്തേണ്ടതുണ്ട്.

കുട്ടികളുടെ അവകാശങ്ങളുടെ സാക്ഷാത്കാരം കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തെ ആശ്രയിച്ചാണ് ഇരിക്കുന്നത്. കേരളത്തിലെ മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും പ്രാദേശിക ആസൂത്രണം വഴി കുട്ടികളുടെ വികസന മേഖലകളിൽ അർത്ഥവത്തായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു ഗ്രാമപഞ്ചായത്ത് ആണ് നെന്മണിക്കര ഗ്രാമപഞ്ചായത്ത്. തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്കിൽ വരുന്ന ഈ ഗ്രാമപഞ്ചായത്ത് ബാലസൗഹൃദഭരണം എന്ന വിഷയം സമ്പൂർണ്ണമായി കൈവരിക്കുന്നതിന് വേണ്ട എല്ലാ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തു വരുന്നു. കുട്ടികളുടെ സമഗ്ര വികസനം എന്നത് അതിന്റെ വ്യാപകമായ അർത്ഥത്തിൽ എത്തിക്കണമെങ്കിൽ തദ്ദേശ ഭരണ സ്ഥാപനം ഇനിയും ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്. കുട്ടികളുടെ അവകാശങ്ങളെ പ്രാദേശിക ആസൂത്രണത്തിന്റെ മുഖ്യ അജണ്ടയിൽ ഉൾപ്പെടുത്തുവാൻ കിളിയുമായി ചേർന്നുകൊണ്ട് നെന്മണിക്കര ഭരണസമിതിയും ഉദ്യോഗസ്ഥ വിഭാഗവും ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിക്കഴിഞ്ഞു. ഇതിനു മുന്നോടിയായി ആദ്യമായി നെന്മണിക്കര ഗ്രാമപഞ്ചായത്ത് ബാലസൗഹൃദ ബഡ്ജറ്റ് അവതരിപ്പിച്ചു. 2024 25 സാമ്പത്തിക വർഷത്തിലെ ബജറ്റ് ആണ് ഇവർ അവതരിപ്പിച്ചത്.

സംസ്ഥാനത്തെ 13 ബാലസൗഹൃദ പഞ്ചായത്തുകളിൽ ഒന്നാണ്ഈ പഞ്ചായത്ത്. കുട്ടികൾക്ക് അത്യാവശ്യ സേവനങ്ങൾ, നിലവാരമുള്ള വിദ്യാഭ്യാസം ആരോഗ്യ സംരക്ഷണം പോഷകാഹാരം സുരക്ഷിതത്വം സാമൂഹ്യ ജീവിതത്തിൽ പങ്കെടുക്കാനുള്ള അവസരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി രണ്ടര കോടി രൂപയുടെ ബജറ്റ് ആണ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിരിക്കുന്നത്.

**പഞ്ചായത്ത് നടത്തിയിട്ടുള്ള മറ്റു പ്രവർത്തനങ്ങൾ.**

- ബാല സൗഹൃ ഗ്രാമപഞ്ചായത്തിൽ ചൈൽഡ് റിസോഴ്സ് സെന്റർ കതിരുകൾ എന്ന പേരിൽ ആരംഭിച്ചു
- ബാല ബാലിക സഭകൾ 6 മാസത്തിലൊരിക്കൽ നടത്തും
- എല്ലാവർഷവും ബാല ബഡ്ജറ്റ് തയ്യാറാക്കാൻ തീരുമാനമായി
- ഗ്രാമപഞ്ചായത്തിലെ മുഴുവൻ അംഗനവാടികളിലും ശിശു സൗഹൃദ ടോയ്‌ലറ്റുകൾ പണിയാൻ തീരുമാനിച്ചു
- ഗ്രാമപഞ്ചായത്തിലെ CAB, CWPC, CPC എന്നിവ കമ്മിറ്റി കൂടുകയും ശക്തിപ്പെടുത്താൻ വേണ്ട കാര്യങ്ങൾ ആലോചിക്കുകയും ചെയ്തു
- ചൈൽഡ് റിസോഴ്സ് സെന്ററിൽ കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ വഴി കുട്ടികളുമായി നിരന്തരം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരുന്നു.
- കുട്ടികൾക്കായി പ്രത്യേകം കൗൺസിലിംഗ്, അവബോധ പരിപാടികൾ, ലഹരി വിമുക്ത ക്യാമ്പയിനുകൾ, നടത്തിവരുന്നു
- ഗ്രാമപഞ്ചായത്തിൽ ബാലസൗഹൃദ ഭരണത്തിന് മുന്നോടിയായി കുട്ടികളുടെ ഒരു സർവ്വേ നടത്തുകയും ചെയ്തു. ഈ സർവ്വേ വിജയകരമായി പൂർത്തീകരിച്ചു
- സൗഭാഗ്യവതി പദ്ധതി,
- പ്രതീക്ഷ
- ഫുട്ബോൾ അക്കാദമി, ബാസ്കറ്റ്ബോൾ അക്കാദമി
- നിറച്ചാർത്ത് അംഗനവാടി കലോത്സവം
- വിജയാരവം പദ്ധതി
- ഹരിത സഭ ഹരിത ക്ലബ്ബ്
- ഹാപ്പിനസ് പാർക്ക്
- ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികളെ കണ്ടുപിടിക്കുകയും വീട്ടിൽ ചെന്ന് കൗൺസിലിംഗ് കൊടുക്കുകയും ചെയ്യുന്നു.
- പഠനയാത്രകൾ
- കൂടാതെ വ്യത്യസ്ത വിഷയങ്ങളിൽ അവബോധ ക്ലാസുകൾ നടത്തിവരുന്നു ഇത്രയും പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് ബാലസൗഹൃദം പഞ്ചഭരണത്തിന്റെ ഭാഗമായി ചെയ്തുവരുന്നു.
- ഇനി പ്രധാനമായും പഞ്ചായത്ത് ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളിൽ പ്രധാന പെട്ടവസ്റ്റാറ്റസ് സ്റ്റഡി അനാലിസിസും, നയരേഖ പ്രകാശനവും, സോഷ്യൽ ഓഡിറ്റും, സമ്പൂർണ്ണ ബാലസൗഹൃദം പ്രഖ്യാപനവും ആണ്

**നെന്മണിക്കര സമ്പൂർണ്ണ ബാലസൗഹൃദം കൈവരിക്കുന്നതിന്ഗ്രാമപഞ്ചായത്ത് ഇനി നടത്താൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ**

1. ഗ്രാമപഞ്ചായത്തിൽ എടുത്തിരിക്കുന്ന സ്റ്റാറ്റസ് സർവ്വയുടെ അനാലിസിസ് നടത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെയാണ് കുട്ടികൾക്കായി ഇനി തയ്യാറാക്കേണ്ടത് അതിനുവേണ്ട പ്രത്യേകം പദ്ധതികൾ രൂപകൽപ്പന ചെയ്യുക
2. കുട്ടികൾക്കായി പ്രത്യേകം പരിശീലന പരിപാടികൾ ചൈൽഡ് റിസോഴ്സ് സെന്റർ വഴി നടത്താൻ ഉദ്ദേശിക്കുന്നു (കലാകായികം)

3. ഗ്രാമപഞ്ചായത്തിന്റെ ഒരു നായരേഖ ബാലസൗഹൃദമായി ബന്ധപ്പെടുത്തിക്കൊണ്ട് ഒരു നായരേഖ തയ്യാറാക്കണം
4. ഇനി വരുന്ന തലമുറയ്ക്കായി ജനിക്കാൻ പോകുന്ന കുഞ്ഞുങ്ങളുടെ ആരോഗ്യത്തിന് വേണ്ടി അമ്മമാരുടെ മാനസികവും ശാരീരികവുമായ ആരോഗ്യം ഉറപ്പുവരുത്തുന്നതിന് വേണ്ടിയും അമ്മയാകാൻ തയ്യാറാക്കുന്ന ഒരു സ്ത്രീയ്ക്ക് പ്രത്യേകമായി മാനസികവും ശാരീരികവുമായ എല്ലാവിധ സഹായവും നൽകുന്നതിനും വേണ്ട ഒരു പ്രത്യേക പദ്ധതി പഞ്ചായത്തിൽ ഒരുങ്ങി കൊണ്ടിരിക്കുന്നു
5. ഗ്രാമപഞ്ചായത്തിലെ പരിധിയിൽ പെടുന്ന മുഴുവൻ ഘടകസ്ഥാപനങ്ങളിലും സ്കൂളുകളിലും ബാലസൗഹൃദ പാർക്കുകൾ ഉണ്ടാക്കാനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.
6. ഇത്രയും കാര്യങ്ങൾക്കുശേഷം സോഷ്യൽ ഓഡിറ്റും കഴിഞ്ഞാൽ ഈ ഭരണസമിതിയുടെ കാലത്ത് തന്നെ സമ്പൂർണ്ണ ബാലസൗഹൃദം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് ഒരുങ്ങുന്നു

നമ്മുടെ വീടുകളും വഴിയോരങ്ങളും, പൊതുവിടങ്ങളും, തദ്ദേശസ്ഥാപനങ്ങളും ശിശു സൗഹൃദം ആക്കേണ്ടതിന്റെ പ്രാധാന്യം വർദ്ധിച്ചുവരികയാണ്. കുട്ടികളുടെ അവകാശങ്ങളുടെ സംരക്ഷണം, കുട്ടികളുടെ പ്രശ്നങ്ങളിൽ ബാല അവകാശ സമീപത്തോടുകൂടിയുള്ള പ്രതികരണം, തുടങ്ങി കുട്ടികളുടെ കാര്യത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ ഓരോ ഗ്രാമപഞ്ചായത്തിനും സാധിക്കണം. അങ്ങനെ നമ്മുടെ കേരള സംസ്ഥാനം തന്നെ ശിശു സൗഹൃദ ബാലസൗഹൃദ,കുട്ടികൾക്ക് വേണ്ടി കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന കുട്ടികളുടെ ആവശ്യങ്ങൾ കേൾക്കുകയും അത് അറിഞ്ഞു പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു സംസ്ഥാനമായി മാറാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

**119**

## Child-Friendly Local Governance: Integrating Child Resource Centres into Sdg

Dharsana V. Radhakrishnan

The implementation of Child-Friendly Local Governance is essential for achieving the Sustainable Development Goals (SDGs) and upholding the United Nations Convention on the Rights of the Child (UNCRC). Local governments play a crucial role in ensuring the protection and promotion of children's rights by creating inclusive policies and structures that prioritize their well-being. One such initiative is the establishment of Child Resource Centres (CRCs), which serve as dedicated spaces within local governance frameworks to address the needs and rights of children at the community level. These centres provide essential resources, promote child participation, and facilitate the implementation of policies that directly impact children's education, health, and overall development.

This study explores the role of CRCs in Child-Friendly Local Governance and their potential to support children's rights within the broader framework of the SDGs. A review of existing policies, case studies, and relevant literature was conducted to evaluate the effectiveness of CRCs in different local governance contexts. Findings indicate that CRCs have been instrumental in ensuring child participation, strengthening community-based support systems, and advocating for policies that align with the SDGs, particularly in areas such as quality education, good health and well-being, and gender equality. By integrating CRCs into local governance, governments can create environments where children's voices are heard, and their needs are met through participatory decision-making processes.

The establishment of CRCs within every local government institution can significantly enhance efforts toward realizing the SDGs and ensuring the full implementation of the UNCRC. These

centres act as vital platforms for engaging children, providing them with opportunities to express their concerns, and empowering them to take an active role in governance. Moreover, strengthening CRCs through adequate funding, trained personnel, and community engagement can enhance their effectiveness in addressing issues such as child protection, access to education, and healthcare. By fostering child-inclusive governance, local governments can build a more equitable and sustainable future, ensuring that children's rights and needs remain at the core of community development efforts.

**Keywords:** Child Resource Centres, Local Governance, SDGs, UNCRC, Child Rights

**120**

# Early Detection of Developmental Delays – Collaborative Initiatives with Local Self-Government Institutions (LSGI)

Dr. Keerthy S.[1], Dr. Nimmy Joseph[2] & Chandrababu C.[3]

## Introduction

Early detection of developmental delays is essential for timely interventions and improved outcomes for at-risk children.(1) The brain development is most rapid during the first 1,000 days of life, laying the foundation for lifelong cognitive functioning, learning, behaviour and health.(2) Over 90% of a child's brain develops by age five, making early identification and support crucial. Despite advances in paediatric care, gaps in awareness and screening during this critical period often lead to missed diagnoses. Parental and frontline health worker awareness of developmental milestones and early warning signs is vital to ensure timely referrals and interventions.(1)

National Institute of Physical Medicine and Rehabilitation (NIPMR) is an autonomous organization under Social Justice Department, Government of Kerala. Anganawadi workers are the grassroots level workers in Integrated Child development Scheme (ICDS), so awareness about early intervention among these teachers is very important to identify the child who is at the risk of development delay (3). The collaboration between NIPMR and Local Self-Government Institutions (LSGIs) shows a successful community-based model that empowers parents, Anganwadi workers, and local authorities to drive early detection and intervention efforts.

## Background and Objectives

This initiative is aimed to enhance early detection through community-based screening programs. NIPMR, with support from LSGIs, trained Anganwadi teachers across multiple panchayats in Thrissur, Kerala, to identify developmental delays in children less than 5 years of age. The key objectives were:

- Empowering Anganwadi teachers with knowledge of normal developmental milestones and detection of children with delays in developmental domains.
- Promoting early referrals to concerned facilities for detailed evaluation including NIPMR
- Ensuring timely intervention through multidisciplinary assessments.

## Methodology: The NIPMR Model of Early Intervention

NIPMR, in collaboration with the Thrissur District Panchayat and ICDS, executed a

community-based Early Intervention Program in 2018-2019. Key components included:

- Community Awareness: Developmental therapist of NIPMR took awareness sessions on normal and abnormal Development of children, introduced the screening tool developed by NIPMR for development delay detection and discussed the importance of early intervention. This awareness classes conducted at 16 block panchayaths and about 1857 anganwadi workers were participated in the awareness programme.
- Developmental Screening: Using TDSC, LEST and screening tool developed by NIPMR for children under 3 years.
- Medical Camps: Conducting multidisciplinary assessment camps in 15 block panchayats, attended 449 children with developmental concerns identified by anganwadi teachers using the screening tool.
- Parental Education: given parental awareness sessions regarding the importance of stimulation and healthy parenting.

### Results and Outcomes

- 449 children were identified with developmental issues, including speech delay (235), GDD (103), and autistic features (20).
- Over 30 children were referred for follow-up interventions at NIPMR.
- Anganwadi teachers played a vital role in grassroots identification, emphasizing the success of LSGI involvement.
- Improved parental awareness contributed to timely intervention and follow-up care.

| Sl. No | Name of the Block | No. of anganwadi workers participated |
|---|---|---|
| 1 | Mala | 111 |
| 2 | Kodakara | 177 |
| 3 | Cherppu | 37 |
| 4 | Ollukkara | 65 |
| 5 | Vellangallur | 105 |
| 6 | Thalikulam | 125 |
| 7 | Wadakkanchery | 109 |
| 8 | Chowanoor | 190 |
| 9 | Mathilakam | 129 |
| 10 | Irinjalakuda | 79 |
| 11 | Anthikkad | 134 |
| 12 | Pazhayanoor | 109 |
| 13 | Kodungallur | 129 |
| 14 | Mullashery | 96 |
| 15 | Puzhakkal | 168 |
| 16 | Chavakkad | 94 |
| | **Total** | **1857** |

### Role of LSGIs in the Initiative

LSGIs played a pivotal role in facilitating resources, organizing camps, and mobilizing community participation. Key contributions included:

Funding and Logistics: Providing venues, transportation, and resources for camps.

Community Mobilization: Promoting awareness programs and ensuring maximum participation.

Policy Support: Integrating early intervention programs into local health initiatives.

### Conclusion

The NIPMR-LSGI model demonstrates the importance of community-level collaboration for effective early detection and intervention of developmental delays. The active involvement of LSGIs was crucial in mobilizing resources, organizing camps, and integrating early intervention programs into local health initiatives. This model highlights the role of parental and community awareness in improving outcomes. Scaling this collaborative approach state-wide can create a comprehensive, inclusive, and sustainable early intervention framework across Kerala.

**References**

1. Nair MKC, Harikumaran Nair GS, Beena M, Princly P, Abhiram Chandran S, George B, et al. CDC Kerala 16: Early Detection of Developmental Delay/Disability Among Children Below 6 y — A District Model. Indian J Pediatr. 2014;
2. Marlow M, Servili C, Tomlinson M. A review of screening tools for the identification of autism spectrum disorders and developmental delay in infants and young children: recommendations for use in low- and middle-income countries. Autism Research. 2019.
3. Fuchs K, van der Linde J, Eccles R, Swanepoel DW, Graham MA, du Toit M. Combined screening of early childhood development, hearing and vision by community health workers using mHealth tools in a low-income community. Early Child Dev Care. 2023;

1. Developmental Paediatrician, NIPMR Kallettumkara
2. Developmental Paediatrician, NIPMR Kallettumkara
3. Excecutive Director, NIPMR Kallettumkara

**121**

# ചൈൽഡ് ബജറ്റിങ് : ബാലസൗഹൃദ തദ്ദേശഭരണത്തിന്റെ ശാക്തീകരണവും പ്രാദേശിക സർക്കാരുകളുടെ സാധ്യതകളും

ഹേമചന്ദ്രൻ ജെ.

ഔദ്യോഗിക കണക്കുകൾ പ്രകാരം 46 കോടിയാണ് ഇൻഡ്യയിൽ 18 വയസ്സിനു താഴെയുള്ളവരുടെ എണ്ണം, ഇൻഡ്യൻ ജനസംഖ്യയുടെ 40 ശതമാനം. പക്ഷേ, കാലാകാലങ്ങളായി ഈ വിഭാഗത്തിനായി യൂണിയൻ ബജറ്റിൽ നീക്കിവെക്കുന്ന തുക ക്രമമായി കുറഞ്ഞ് വരുന്നതും, പ്രധാനപ്പെട്ട പല പദ്ധതികളുടെയും വിഹിതം ചുരുങ്ങി വരുന്നതും കാണുവാൻ സാധിക്കും. 2017-18 യൂണിയൻ ബജറ്റിന്റെ 3.2 ശതമാനമായിരുന്നു കുട്ടികൾക്കും കൗമാരക്കാർക്കുമായുള്ള വകയിരുത്തൽ എങ്കിൽ 2024-2025ൽ ഇത് 2.3 ശതമാനമായി കുറഞ്ഞു. ഇന്ത്യ UNCRC(UN Convention on The Rights of the Child)യുടെ ഭാഗമായിട്ട് 32 വർഷം കഴിഞ്ഞിട്ടും കുട്ടികളുടെ അവകാശ സാക്ഷാത്കാരത്തിനും സർവതലയസ്പർശിയായ വികാസത്തിനും പ്രധാന ഘടകമായ സർക്കാർ വക സാമ്പത്തിക പിന്തുണ അപര്യാപ്തമാകുന്നത് വലിയ പോരായ്മയല്ലേ? എന്നാൽ കേരളം ഈ മേഖലയിൽ മാതൃകാപരമായ വകയിരുത്തലാണ് നടത്തിയിട്ടുള്ളത്. ചൈൽഡ് ബജറ്റ് സ്റ്റേറ്റ്മെന്റ് (CBS) പ്രകാരം കഴിഞ്ഞ ബജറ്റിൽ 1668 കോടി രൂപ കേരളം അനുവദിച്ചു. മുൻ വർഷങ്ങളെക്കാൾ അധികരിച്ചതും മൊത്തം ബജറ്റിന്റെ 7.5 ശതമാനത്തോളവുമാണ് ഈ വിഹിതം ( തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതം കുറച്ച് ). ഇത്രയും വലിയ വകയിരുത്തലുകൾ ഉണ്ടായിട്ടും, അവകാശലക്ഷ്യങ്ങളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുവാനും, താഴെ തട്ടിൽ ക്രിയാത്മകവും പുതിയ കാലത്തിന്റെ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ ഉതകുന്ന നൂതന പ്രോജക്ടുകൾ ഏറ്റെടുക്കാൻ കഴിയുന്നില്ല എന്നത് ഒരു പോരായ്മയാണ്.

ഇങ്ങനെയൊരു പശ്ചാത്തലത്തിലാണ് പഞ്ചായത്ത് തലത്തിൽ ചൈൽഡ് ബഡ്ജറ്റിങ്ങിന്റെ സാധ്യതകളെ പറ്റി ഈ പേപ്പർ ചർച്ച ചെയ്യുന്നത്. മുന്മാതൃകകൾ, പിന്തുടരേണ്ട പ്രക്രിയയും രീതിശാസ്ത്രവും, ഇത്തരത്തിൽ ഉള്ള ബജറ്റിങ് വരുംകാലങ്ങളിൽ പ്രാദേശിക സർക്കാരുകളെ എങ്ങനെ സഹായിക്കുമെന്നും അത് മൂലം അധികാരവികേന്ദ്രീകരണം എങ്ങനെ കൂടുതൽ കരുത്തോടെ മുന്നോട്ട് കൊണ്ടുപോകാം എന്നതും ഈ പേജിലൂടെ ചർച്ച ചെയ്യുന്നു. നിലവിലെ പ്രോജക്ടുകളെ എങ്ങനെ കുട്ടികളുടെ അവകാശങ്ങളുടെ ഡൊമൈനിൽ കൊണ്ടുവന്ന് മറ്റ് സംസ്ഥാനങ്ങൾക്കും മാതൃകയാക്കുവുന്ന തരത്തിൽ ഈ പ്രക്രിയ എങ്ങനെ ഏറ്റെടുക്കാം എന്നും ഈ പേപ്പറിലൂടെ ചർച്ച ചെയ്യുന്നു.

hemachandranj06@gmail.com, 7558851928

## 122

# ബാലസൗഹൃദ പഞ്ചായത്തും ചൈൽഡ് റിസോഴ്സ് സെന്ററും

നീതു സുധാകരൻ

എന്താണ് ബാലസൗഹൃദ ഗ്രാമപഞ്ചായത്ത്? കേൾക്കുമ്പോൾ ചെറിയൊരു ആശയം ആയി തോന്നുമെങ്കിലും ഒരുപാട് അർത്ഥതലങ്ങൾ ഉള്ള ആശയം ആണ് ബാലസൗഹൃദ ഗ്രാമപഞ്ചായത്ത് എന്നത്. കുട്ടികളുടെ ക്ഷേമം, സുരക്ഷ, വികസനം, തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിൽ കുട്ടികളുടെ പങ്കാളിത്തം എന്നിവയ്ക്ക് മുൻഗണന നൽകിക്കൊണ്ട് ഭരണസംവിധാനത്തെ മുന്നോട്ട് കൊണ്ടുപോകുക എന്നതാണ് ബാലസൗഹൃദ പഞ്ചായത്ത് എന്നതു കൊണ്ട് അർത്ഥമാക്കുന്നത്. കേവലം കളിസ്ഥലങ്ങൾ നിർമിച്ചു നൽകുക, അംഗനവാടികളിലും സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുക എന്നതിലുപരി ഒരു പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും അവരുടെ അവകാശങ്ങൾ ആയ അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിവ ഉറപ്പ് വരുത്തുമ്പോഴാണ് ആ പഞ്ചായത്ത് പൂർണമായി ബാലസൗഹൃദ പഞ്ചായത്തായി മാറി എന്ന് നമുക്ക് പറയാൻ കഴിയുള്ളു.

ഒരു പഞ്ചായത്ത് ബാലാസൗഹൃദമാക്കി മാറ്റുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്ന ഒരു സംവിധാനം ആണ് ചൈൽഡ് റിസോഴ്സ് സെന്റർ. കൃത്യമായ ഘടനയും അംഗങ്ങളും അടങ്ങിയ ചൈൽഡ് റിസോഴ്സ് സെന്റർ വഴി കുട്ടികളുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അവരുടെ എല്ലാ തരത്തിലുമുള്ള പരാതികൾക്ക് പരിഹാരം കാണുകയും അവർക്ക് വേണ്ട എല്ലാ പിന്തുണയും നൽകുകയും ചെയ്തുകൊണ്ട് അവർക്ക് ഉതകുന്ന നൂതന പദ്ധതികൾ ആവിഷ്കരിക്കാനും ചൈൽഡ് ബഡ്ജറ്റിംഗ് തയ്യാറാക്കാനും പഞ്ചായത്തിന് സാധിക്കുന്നു. പക്ഷേ ഇന്ന് പല പഞ്ചായത്തിലും ചൈൽഡ് റിസോഴ്സ് സെന്റർ എന്നത് പേരിൽ മാത്രം ഒതുങ്ങി പോകുന്ന അവസ്ഥയാണുള്ളത്.ചൈൽഡ് റിസോഴ്സ് സെന്റർ ശക്തിപ്പെടുത്തുന്നതിലൂടെ ഒരു പഞ്ചായത്തിന് ബാലസൗഹൃദ പഞ്ചായത്ത് എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ സാധിക്കും.

എങ്ങനെ ചൈൽഡ് റിസോഴ്സ് സെന്റർ ശക്തിപ്പെടുത്താം

1. സ്കൂൾ അസ്സംബ്ലികളും സ്കൂളുകളിലെ കുട്ടികളും രക്ഷിതാക്കളും ഉൾപ്പെടുന്ന വാട്സാപ്പ് ഗ്രൂപ്പുകൾ വഴിയും ഈ സെന്ററിനെ പറ്റി അറിയിക്കുക.
2. ചൈൽഡ് റിസോഴ്സ് സെന്ററിൽ കുട്ടികളുമായി ഇടപെടുന്ന ഒരു വ്യക്തി സ്ഥിരമായി ഉണ്ടാകണം
3. കുട്ടികൾക്ക് ഏത് സമയവും വിളിക്കാനും അവരുടെ പരാതികളും ആവശ്യങ്ങളും പറയാനും വേണ്ടി ഒരു ടോൾ ഫ്രീ നമ്പർ സംവിധാനം ഉണ്ടാക്കുക.
4. കൃത്യമായ മോണിറ്ററിങ് നടത്തുക.
5. ചൈൽഡ് റിസോഴ്സ് സെന്റർ (CRC) കമ്മിറ്റി മെമ്പേഴ്സിന്റെ യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ നടത്തുകയും അതിൽ നിന്ന് വരുന്ന നിർദേശങ്ങൾ കൂടി കണക്കിലെടുത്ത് പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക.
6. ചൈൽഡ് റിസോഴ്സ് സെന്റർ (CRC) മുഖേന ചൈൽഡ് ബഡ്ജറ്റിംഗ് ഉണ്ടാക്കുക.

ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ക്രക്കറ് ശക്തിപ്പെടുത്തുകയും അതുവഴി ബാലസൗഹൃദ പഞ്ചായത്ത് എന്ന ലക്ഷ്യം നേടിയെടുക്കാൻ സാധിക്കുകയും ചെയുന്നു.

തീമാറ്റിക് എക്സ്പെർട്ട്, കല്ല്യാശ്ശേരി ബ്ലോക്ക് കണ്ണൂർ

## 123

# ബാലസൗഹൃദ ഗ്രാമം

നേഖ ടി.എസ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബാലസൗഹൃദ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രാദേശിക സൂചകങ്ങളുടെ അവസ്ഥാവിശകലനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഓരോ പ്രാദേശികസൂചകങ്ങൾക്കും കഴിയത്തക്കവിധമുള്ള പ്രോജക്റ്റുകളോ കർമപരിപാടികളോ പ്രാദേശികതലത്തിൽ നടക്കുന്നില്ല. ഇത്തരത്തിലുള്ള ആശയവിപുലീകരണം പ്രാദേശികതലത്തിൽ നടപ്പിലാക്കണമെങ്കിൽ കുട്ടികളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഓരോ വിഷയമേഖലകളിലും അതായതു അതിജീവനം, വികസനം, പങ്കാളിത്തം, സംരക്ഷണം എന്നീ വിഷയമേഖലകളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ഏത്

തരത്തിൽ ഗ്രാമപഞ്ചായത്തുകളെ ഉയർത്തികൊണ്ടു വരാൻപറ്റും എന്നതിനെകുറിച്ചിട്ടുള്ള ഒരു ധാരണയും അതുമായി ബന്ധപ്പെട്ടു എന്തുമാറ്റമാണ് ഇനി കൊണ്ടു വരേണ്ടത് എന്ന ഒരു പുനർവിചിന്തനമാണ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഇനി ആലോചിക്കേണ്ടത്. ഓരോ പഞ്ചായത്തിന്റേയും പ്രദേശങ്ങളെ അടിസ്ഥാന പ്പെടുത്തികൊണ്ടു ഏറ്റവും താഴേത്തട്ടിൽനിൽക്കുന്ന വരെയുംകൂടി ഉൾപെടുത്തുന്നതരത്തിലുള്ള സംവി ധാനങ്ങൾ ഉണ്ടാക്കിയെടുക്കുമ്പോൾ എല്ലാത്തരത്തി ലുമുള്ള പ്രാദേശിക സംവിധാനങ്ങൾ അവർക്കുംകൂടി ലഭ്യമാകാനുതകുന്നതരത്തിലാകണം. ശിശുസൗഹൃ ഗ്രാമംഎന്ന സുസ്ഥിരവികസന ലക്ഷ്യം നേടുന്ന തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നല്ല രീതിയിലുള്ള പ്രവർത്തനങ്ങളാണ് ചെയ്തുവരുന്നത്. സമഗ്രമായ സുസ്ഥിരവികസന ലക്ഷ്യം കുട്ടികളുടെ മേഖലയിൽ കൈവരിക്കാൻ നൂതനമായ ആശയങ്ങ ളും സമീപനവും പ്രവർത്തനരീതിയും കൊണ്ടുവ രണം.

1. എല്ലാ പഞ്ചായത്തുകളും ഇതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് കാർഡ് തയാറാ ക്കുകയും, അത് നന്നായി വിശകലനം ചെയുകയും വേണം. എന്തിനെന്നാൽ മുന്നോട്ടുവച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചോ ഇല്ലയോ എന്നറിയാ നും ഇനി വരുന്ന ഭരണസമിതിക്കു പഠിച്ചുമനസി ലാക്കാനും കാലാകാലങ്ങൾക്കനുസരിച്ചു തന്ത്രങ്ങ ളിൽ മാറ്റം വരുത്താനും ഇതു സഹായിക്കും.
2. കുട്ടികളുടെ നൈപുണി തിരിച്ചറിയാനും പ്രോ ത്സാഹിപ്പിക്കാനും അത് നമ്മുടെ നാടിന്റെ വിക സനത്തിന് പ്രേയോജനപ്പെടുത്താനും ഉതകുന്ന തരത്തിലേക്കുള്ള പദ്ധതികൾ കൊണ്ടുവരണം. അതിനു കുട്ടികളുടെ ഒരു എക്സിബിഷൻ പഞ്ചായ ത്തുതലത്തിലോ ബ്ലോക്ക് തലത്തിലോ നടത്തണം.
3. വിവിധ മേഖലയിൽ വൈദഗ്ധ്യം നേടിയിട്ടുള്ള ആളുകളുടെ ഒരു റിസോഴ്സ് മാപ്പിംഗ് ലോക്കൽ ലെവലിൽ നടത്തുകയും വളർന്നുവരുന്ന തലമു റയ്ക്ക് അവരുടെ വൈദഗ്ധ്യം പ്രയോജനപ്പെടുത്തു ന്ന രീതിയിലേക്ക് നമ്മുടെ ലോക്കൽ പ്ലാൻ ഓഫ് ആക്ഷൻ വരണം.
4. കുട്ടികളെ മാനസികമായി ബാധിക്കുന്ന പ്രശ്ന ങ്ങൾ മനസിലാക്കാൻ മാതാപിതാക്കൾക്കും അധ്യാപകർക്കും പലപ്പോഴും കഴിയാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. ശരീരത്തെ ബാധിക്കുന്ന അസുഖങ്ങളെപോലെ മനസിനെ ബാധിക്കുന്ന അസുഖങ്ങളെ കുറിച്ച് കൂടുതൽ പ്രചരണങ്ങളും ക്യാമ്പുകളും ക്ലാസ്സുകളും. ഹെൽത്ത് സെന്ററുക ളിൽ പുതിയ ഡിപ്പാർട്മെന്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും നന്നായിരിക്കും.
5. കുട്ടികളുടെ കഴിവുകളും നൈപുണിയും വളർ ത്തുന്നതിന് സ്വകാര്യസ്ഥാപനങ്ങൾ പുതിയ പുതിയ ഓൺലൈൻ കോഴ്സ്കളും ഓഫ്ലൈൻ കോഴ്സുകളും കൊണ്ടുവരുന്നുണ്ട്. സാമ്പത്തി കമായി പിന്നോട്ട് നില്ക്കുന്നവർക്കു ഇത്തരം കാര്യ ങ്ങൾ പഠിക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടാക്കി യെടുക്കണം.
6. കുട്ടികളെയും മുതിർന്നവരെയും ഒരുമിച്ചു ഉൾകൊള്ളിച്ചുകൊണ്ടുള്ള ഗ്രാമസഭ അല്ലെങ്കിൽ സാമൂഹിക ഒത്തുചേരൽ. പഴയതലമുറയുടെ ആശയങ്ങളും പുതിയതലമുറയുടെ ആശയങ്ങ ളും പരസ്പരം കൈമാറാനുള്ള വേദിയാകും ഇത്. നൂതന പദ്ധതികൾക്ക് തുടക്കമിടാൻ സാധിക്കും.
7. ഏതൊരു പദ്ധതി തയ്യാറാക്കുന്നതും കൃത്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം. കുട്ടികളുമായി ബന്ധപ്പെട്ട ഒരു വിവരശേഖരണം നടത്തുകയും അവരുടെ ആവശ്യങ്ങൾ അതിലൂടെ തിരിച്ചറിയുകയും അതിനനുസരിച്ചുള്ള പദ്ധതികൾ രൂപപെടുത്തിയെടുക്കാനും സാധിക്കണം.
8. എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനത്തിലും കുട്ടി കൾക്ക് കളിക്കാനൊരിടം കുട്ടികളുടെ പാർക്ക് കുട്ടികൾക്കുള്ള ക്യാമ്പുകൾ തുടങ്ങി കുട്ടികളുടെ ശാരീരികാമനസികഉല്ലാസത്തിനു ആവശ്യമായതെ ല്ലാം ഉറപ്പാക്കണം.
9. ദുർബല വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികളെ എല്ലാത്തരത്തിലുള്ള ചൂഷണങ്ങളിൽനിന്നും അതിക്രമങ്ങളിൽനിന്നും സംരക്ഷിക്കാൻ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും എന്തൊക്കെ സംവിധാനങ്ങൾ ഉണ്ടോ അതെല്ലാം ഉപയോഗി ച്ചുകൊണ്ട് അവരുടെ സംരക്ഷണം ഉറപ്പാക്കികൊ ണ്ടു അവരെ മുൻധാരയിലേക്കു കൊണ്ടുവരാൻ സാധിക്കണം.

---

കില തീമാറ്റിക് എക്സ്പെർട്, പുഴയ്ക്കൽ ബ്ലോക്ക്, തൃശ്ശൂർ

## 124

### പ്രാതൽ കാതൽ

ചിറക്കടവ് ഗ്രാമപഞ്ചായത്ത്

ചിറക്കടവ് ഗ്രാമപഞ്ചായത്ത് 2024- 25 സാമ്പത്തിക വർഷം ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രാതൽ കാതൽ. പഞ്ചായത്തിലെ കീഴിലുള്ള 5 ഗവൺമെൻറ് എൽ പി സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം, പോഷകാഹാര വിതരണത്തിലൂടെ നൽകുകയാണ് പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. ആരോഗ്യമുള്ള ശരീരത്തിലെ ബൗദ്ധിയെ വികസനം ഉണ്ടാവുകയുള്ളൂ എന്ന തിരിച്ചറിയൽ ആണ് പദ്ധതി ആരംഭിക്കുന്നതിന് കാരണമായത്. തിരക്കുപിടിച്ച ജീവിതത്തിൽ പലപ്പോഴും സാമ്പത്തിക ശേഷിയുള്ള വീടുകളിൽ പോലും കുട്ടികൾക്ക് മതിയായ പ്രഭാതഭക്ഷണം ലഭിക്കുന്നില്ല. ഈ കുറവ് പരിഹരിച്ച് ശാരീരിക ക്ഷമതയും ബൌദ്ധിക ക്ഷമതയും ഉള്ള പുതിയ തലമുറയെ സൃഷ്ടിക്കുക എന്നതാണ് പദ്ധതി ലക്ഷ്യമെടുന്നത് 7 ലക്ഷം രൂപയാണ് പദ്ധതിയിലേക്ക് നീക്കി വെച്ചിട്ടുള്ളത് വെച്ചിട്ടുള്ളത്

# ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം

## 125

### NIPMR Satelite Centre At Angamaly
### A Joint Project Of Angamaly Block Panchayath & NIPMR

C. Chandrababu[1] & Sijo A.S.[2]

Persons with disability (PWDs) form a significant part of the society, requiring targeted interventions and support to improve their quality of life. As per the disability census 2015, Kerala has 7, 93,937 person with disabilities, with Ernakulam district alone accounting for 74,127. These numbers underline the pressing need for comprehensive and accessible rehabilitation services across the state. While many rehabilitation centres are privately owned, it is imperative to ensure robust government participation to meet the diverse needs of this community. In this context, the initiative by the Angamaly Block panchayath in collaboration with National institute of physical medicine and rehabilitation (NIPMR) to establish a satellite centre at Angamaly is a commendable step forward.

**About NIPMR**

The National Institute of Physical Medicine and Rehabilitation (NIPMR) is an autonomous institute under the social justice department, Govt. of Kerala, dedicated to providing specialized services in the fields of physical medicine and rehabilitation. Established with the mission to enhance the quality of life for individuals with disabilities, NIPMR offers a comprehensive range of services, including physiotherapy, occupational therapy, speech therapy, prosthetics & orthotics, and various other rehabilitation programs.

In addition to its commitment to patient care, NIPMR is also a hub for education and research in the field of rehabilitation medicine. The institute conducts various professional courses such as

Bachelor of Prosthetics & Orthotics, Bachelor of Occupational Therapy, D.Ed Special Education, and Certificate course on care giving. Recently, NIPMR was honoured with a prestigious award from the World Health Organization in recognition of its exceptional contributions in assistive technology

**About the project – BIPMR**

**Background**

The satellite centre at Angamaly, was conceptualized to bridge the gap in accessibility to therapeutic services for the person with disabilities. To address this, the Angamaly Block Panchayath presented a detailed project on establishing a facility to provide therapeutic services for the persons with disability to the District planning committee (DPC), and then it was sanctioned by state level coordination committee. An old building (previously an old age home) was given by the block panchayath was renovated and reproposed into a disabled-friendly facility by the block panchayat, which also furnished it with equipment to offer therapeutic services to those in need. The therapeutic services are provided by the therapists from NIPMR.

This centre serves as a one-stop facility offering a wide range of therapeutic interventions, including physiotherapy, occupational therapy, speech therapy, and behaviour therapy. By bringing these services closer to the community, the centre has significantly reduced the logistical and financial burden on families who would otherwise have to travel long distances to avail of similar services.

**Impact of the Satellite Centre**

Since its inception, the satelite centre at Angamaly has had a transformative impact on the lives of person with disabilities in the municipality. The availability of quality therapeutic services within their locality has been a game-changer for many families. Children with developmental delays, individuals recovering from accidents and those with congenital disabilities have all benefited from the centre's specialized interventions. From 2021 to present, we have provided more than 3000 sessions for the people with disability majorly from Ernakulam and Idukki districts.

**Conclusion**

The satellite centre at Angamaly by NIPMR and Angamaly Municipality is a shining example of what can be achieved when institutions come together with a shared vision of inclusivity and empowerment. Its success underscores the importance of accessible and comprehensive rehabilitation services for the person with disability community. Expanding this model to every district in Kerala is not just a necessity but a moral imperative. Establishing satellite centres in each district would address the geographical barriers that people with disabilities face.

By investing in satellite centres, we can create a more equitable society where person with disability are not merely accommodated but are actively empowered to realize their potential. These centres have the potential to transform lives, foster inclusivity, and set a benchmark for other states to follow. It is time for policymakers, stakeholders, and communities to come together and ensure that no person with disability in Kerala is left behind.

1. Executive Director, NIPMR

2. Social Worker, NIPMR

126

# ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം

സി. മോഹനദാസൻ

**ലക്ഷ്യം**

ഗ്രാമ പഞ്ചായത്ത് സമ്പൂർണ്ണ ഭിന്ന ശേഷി സൗഹൃദ ഗ്രാമമാക്കി മാറ്റുക.

**നിലവിൽ നടക്കുന്ന പ്രവർത്തനങ്ങൾ**

വാർഷിക പദ്ധതിയിൽ ഭിന്നശേഷി കുടുംബങ്ങൾക്ക് സാമ്പത്തിക പരിരക്ഷ ഉറപ്പാക്കുന്നതിന് തൊഴിൽ പരിശീലനങ്ങൾ, തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നു. ഓരോ വർഷവും ക്ലേശ ഘടകങ്ങളും താല്പര്യവും അനുസരിച്ച് പരിഗണന നൽകുന്നു. വരുമാന വർദ്ധനവിലൂടെ പ്രയാസങ്ങൾ ലഘൂകരിക്കപ്പെടുന്നു. വീട് ലഭ്യമാക്കുന്നതിൽ മുൻഗണനയിലൂടെ ഉറപ്പുവരുത്തുന്നു.

- ഓരോ വർഷവും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് വിദഗ്ധരായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുകയും, ആവശ്യമായ സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു. മുച്ചക്ര വാഹനങ്ങളും വിതരണം ചെയ്യുന്നുണ്ട്. കൂടാതെ സർട്ടിഫിക്കറ്റ് ഇല്ലാത്തവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള അവസരം ഒരുക്കുന്നു. അത് ഗുണഭോക്താക്കൾക്ക് വലിയ ആശ്വാസം പകരുന്നു.
- ഓരോ വർഷവും പഞ്ചായത്ത് പരിധിയിലുള്ള ഭിന്നശേഷി കുടുംബങ്ങളുടെ ഒത്തുചേരലും കലാ-കായിക പരിപാടികളും സംഘടിപ്പിക്കുന്നു. അവർക്ക് ഭക്ഷണവും മുഴുവൻ ഭിന്നശേഷിക്കാർക്കും സമ്മാനങ്ങളും വിതരണം ചെയ്യുന്നു. പഞ്ചായത്ത് നീക്കിവച്ച ഫണ്ടിന് പുറമെ സ്ഥാപനങ്ങളും ഇതിലേക്ക് സംഭാവന നൽകുന്നു. ഓണം, ക്രിസ്മസ് പോലുള്ള ഉത്സവങ്ങളോടനുബന്ധിച്ച് ഒത്തുചേരൽ നടക്കാറുണ്ട്. ഭിന്നശേഷി ദിനം വൈവിധ്യമാർന്ന പരിപാടികളോടെ നടക്കാറുണ്ട്.
- എല്ലാ ഇടങ്ങളും ഭിന്നശേഷി സൗഹൃദമാക്കാൻ പഞ്ചായത്തും സന്നദ്ധ സംഘടനകളും കൂട്ടായി പരിശ്രമിച്ചു വരുന്നു.
- പഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് സൗകര്യം ഒരുക്കി ഒരു ഓട്ടിസം സെന്റർ പ്രവർത്തിച്ചുവരുന്നു. 41 കുട്ടികൾ ഇവിടെ എത്തുന്നുണ്ട്. മൂന്ന് അധ്യാപകരും ഒരു ആയയും സേവനം നടത്തുന്നു. കുട്ടികൾക്കും രക്ഷിതാക്കൾക്കും സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വാഹനം ഏർപ്പാടാക്കിയിട്ടുണ്ട്.
- BRC നല്കുന്ന ഉപകരണങ്ങൾക്ക് പുറമേ സെന്റർ സപ്പോർട്ടിംഗ് കമ്മിറ്റി ആവശ്യമായ ഉപകരണങ്ങളും, അവരുടെ കുടുംബാംഗങ്ങളുടെ ഒത്തുചേരൽ, ലഘുയാത്രകൾക്ക് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിലൂടെ വലിയ മാറ്റം കുട്ടികളിൽ ഉണ്ടാകുന്നുണ്ട്. വിവിധ തെറാപ്പികൾക്ക് അവസരം ഒരുക്കിയിട്ടുണ്ട്. ഇപ്പോൾ സ്വകാര്യ വ്യക്തി സംഭാവന ചെയ്ത സ്ഥലത്ത് എംഎൽഎ ഫണ്ട് ഒരു കോടി രൂപ ഉപയോഗിച്ച് അത്യാധുനിക സൗകര്യങ്ങളോടുകൂടി കെട്ടിടത്തിന്റെ പ്രവർത്തനം ആരംഭിച്ച് കെട്ടിടം പൂർത്തിയാക്കുന്നതോടെ കുട്ടികൾക്കൊപ്പം രക്ഷിതാക്കൾക്കും തൊഴിൽ പരിശീലനവും തൊഴിൽ സംരംഭവും ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.
- എല്ലാ വിദ്യാലയങ്ങളെയും സ്പെഷ്യൽ എഡ്യുക്കേറ്റേഴ്സിന്റെ സഹായത്തോടെ ഭിന്നശേഷി സൗഹൃദ വിദ്യാലയമാക്കാനുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് ആരംഭിച്ചു. ഇവർക്ക് ആസ്വദിക്കാൻ ഭിന്നശേഷി സൗഹൃദ പാർക്ക് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെടുന്ന ഇത്തരം ആളുകളെ കൂടി ചേർത്തുപിടിക്കുമ്പോഴാണ് നമ്മുടെ സമഗ്ര വികസനം എന്ന ലക്ഷ്യം സാർത്ഥകമാവുകയുള്ളൂ എന്ന കാഴ്ചപ്പാടോടെ പഞ്ചായത്തിന്റെ പ്രവർത്തനം തുടരുന്നു.

Rtd DPO SSK Palakkad, (IEDC ഇന്നവേറ്റീവ് എജുക്കേഷൻ ചാർജ് നിലവിൽ അനങ്ങനടി ഗ്രാമപഞ്ചായത്ത് കില ഫെസിലിറ്റേറ്റർ) ചേവയിൽ വീട്, ചേറമ്പറ്റ ക്കാവ് പി.ഒ-679501. Mob 9847360709. G Mail: mohandasananghanadi @gmail.com

127

# CDMRP- An implementation Project for Social Inclusion in Developmental Disability

Dr. Baby Shari P.A.

The Community-based Disability Management and Rehabilitation Program (CDMRP) is a joint project of the Kerala Social Justice Department and the Department of Psychology, University of Calicut, started in 2015. This project provides comprehensive evidence-based disability management services that facilitate recovery, empowerment, equal opportunities, and full participation of persons with developmental disabilities and their families. This project also acts as a full-fledged platform for training human resources for current and potential requirements in disability and rehabilitation. This project helps to create a new social order which facilitates an inclusive model in intervention and rehabilitation. It adopts a multi-disciplinary approach and teamwork in direct intervention.

The project facilitates inclusion through a community-based approach and attempts for zero rejection. Other than the direct beneficiary we target the neighbourhood, school teachers, and other community personnel of the disabled. The project is ISO-certified and a recognized University program is run in the department. UNESCO approved our model of intervention during the pandemic translated the content of the life skill training modules to different languages and awarded the department with a Chair for Community-based Disability Management and Disability studies.

The establishment of 11 community-based rehabilitation clinics across Malappuram, Kozhikode, and Kannur districts in Kerala, India along with the inception of an advanced disability management clinic at the University of Calicut stands as a testament to the chair's unwavering dedication for providing state-of-the-art facilities and services for the provision of free services to financially disadvantaged children, with more than 13250 registered cases underscores the profound impact of the clinics within marginalized segments of society. Furthermore, the extensive training programs conducted for caregivers, community workers, and the public, around 150+ programs in the last three years exemplify the Chair's commitment to advancing knowledge and skills in the realm of developmental disabilities. University considers CDMRP as one of its best practices.

After running the project with the support of the Community the project is also extended to research, Publications, and new evidence on the Vocational rehabilitation of young Adults with Intellectual Disability. We have success cases and challenges to share to the community. The attitude and stigma of the nearby locality is vanishing as we have been supported by the University system where whereas while moving away from the campus and getting into the society our clients still face discrimination and exclusion. This indicated the need for extension of the project to further districts and target groups. The paper will present some more data-based stories of success and challenges as well as some future plans.

Key words: Social Inclusion, Developmental Disability, Community Based

Professor in Psychology, University of Calicut.

128

# Early Detection of Developmental Delays – Collaborative Initiatives With Local Self-Government Institutions (LSGI)

Dr. Keerthy S.[1], Dr. Nimmy Joseph[2] & C. Chandrababu[3]


**Background**

Early detection of developmental delays is crucial to ensuring timely interventions that can significantly improve outcomes for children at risk. However, in many cases, children with developmental delays remain undiagnosed during the critical early years due to a lack of awareness and screening mechanisms at the community level.

**Objective**

This study explores the impact of a collaborative initiative between the National Institute of Physical Medicine and Rehabilitation (NIPMR) and Local Self-Government Institutions (LSGI) in Kerala, aimed at empowering Anganwadi teachers for early identification of developmental delays.

Methods: As part of this initiative, NIPMR conducted awareness camps for Anganwadi teachers across multiple panchayats in Thrissur with the support of LSGIs. The training sessions focused on developmental milestones, early signs of delays, and referral pathways. Following the training, Anganwadi teachers identified children suspected of having developmental delays. These children were subsequently screened by a multidisciplinary team from NIPMR, including paediatricians, physiatrists, developmental therapists, speech therapists, physiotherapists.

Results: The collaboration resulted in the identification of a significant number of children with developmental concerns who might have otherwise been missed. Many of these children were referred for further evaluation and early intervention services, ensuring they received timely support. The involvement of LSGIs played a crucial role in mobilizing community participation, facilitating resources, and sustaining the initiative across multiple regions.

**Conclusion**

The study highlights the effectiveness of grassroots-level collaborations in bridging gaps in early detection and intervention for developmental delays. Without such proactive measures, many children risk late identification, leading to long-term morbidity and increased burden on families. Strengthening partnerships between healthcare institutions and local governance can serve as a model for scalable and sustainable early intervention programs.


**Keywords:** Early Detection, Developmental Delays, Local Self-Government Institutions, Anganwadi Teachers, Community-Based Rehabilitation, Early Intervention.


1. Developmental Paediatrician, NIPMR Kallettumkara
2. Developmental Paediatrician, NIPMR Kallettumkara
3. Excecutive Director, NIPMR Kallettumkara

129

# ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം

കെ. സച്ചിദാനന്ദൻ[1] & ജിഷാബിന്ദു എം.കെ.[2]

ജനകീയാസൂത്രണത്തിന്റെ ആരംഭത്തിൽ കേരളത്തിൽ പ്രാദേശിക സർക്കാരുകളുടെ അധികാരങ്ങളും, പണലഭ്യതയും വർധിക്കുകയും കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനിടെ വലിയ മാറ്റങ്ങൾ കേരളത്തിൽ ദൃശ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. ഫണ്ടുകൾ ഉൽപ്പാദനം, സേവനം, അടിസ്ഥാന സൗകര്യം എന്നീ മൂന്നു വിഭാഗങ്ങളായി ചെലവഴിക്കാനും തുടർന്ന് പട്ടികജാതി, പട്ടിക വർഗ്ഗ ഉപപദ്ധതികളും അതിന്റെ തുടർച്ചയായി മുൻഗണന മേഖലക്ക് പ്രത്യക വകയിരുത്തൽ പദ്ധതികളും പ്രാദേശിക സർക്കാരുകളുടെ പദ്ധതി നടത്തിപ്പിന്റെ അനിവാര്യ ഘടകങ്ങളായി മാറി.

ഈയൊരു ചെറിയ പഠനത്തിലൂടെ കൊറോണ കാലത്തിനു ശേഷം കേരളത്തിലെ പ്രാദേശിക സർക്കാരുകൾ ഭിന്നശേഷി മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ, അവയുടെ നേട്ടം, അതിന്റെ വിശകലനം, നിലവിലുള്ള പോരായ്മകൾ, ഭിന്നശേഷി സൗഹൃദ കേരളം എന്ന സങ്കല്പത്തിലേക്കു കേരളം എത്തിച്ചേരാനുള്ള പ്രധാനപ്പെട്ട നിർദേശങ്ങൾ എന്നിവയാണ് ചൂണ്ടിക്കാണിക്കുന്നത്. കേരളത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന വയനാട് ജില്ലയിലെ പദ്ധതികളും അതിൽ പ്രത്യേകിച്ചും കൽപ്പറ്റ നഗരസഭ ഭിന്നശേഷി മേഖലയിൽ കഴിഞ്ഞ അഞ്ചു വർഷമായി നടത്തിയ പദ്ധതികളുമാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്.

**സാമൂഹ്യ സുരക്ഷിതത്വം---ഭിന്നശേഷി പദ്ധതികൾ**

| വർഷം | പദ്ധതി | വകയിരുത്തിയത് | ചിലവായത് |
|---|---|---|---|
| 2018-19 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 10,00,000 | 9,90,700 |
| 2019-20 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്<br>ബഡ്സ് സ്കൂൾ | 10"93,000<br>15,00,000 | 10,80,000<br>15,00,000 |
| 2020-21 | സ്കോളർഷിപ്പ്<br>ബഡ്സ് സ്കൂൾ<br>മുച്ചക്രവാഹനം | 12,00,000<br>17,00,000<br>നടപ്പായില്ല | 9,91,000<br>17,00,000 |
| 2022-23 | ഭിന്നശേഷി സ്കോളർഷിപ്പ്<br>ബഡ്സ് സ്കൂൾ<br>പെട്ടിക്കട | 10,00,000<br>15,00,000<br>നടപ്പായില്ല | 9,41,200<br>15,00,000 |
| 2023-24 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്<br>ബഡ്സ് സ്കൂൾ<br>മുച്ചക്ര വാഹനം | 15,00,000<br>16,00,000<br>10,25,000 | 12,67,900<br>16,00,000<br>10,24,142 |

നഗര സഭയുടെ അന്തിമ പദ്ധതി രേഖയിൽ ഈ അഞ്ചു വർഷങ്ങളിലും ചൂണ്ടിക്കാണിച്ചിട്ടുള്ളത് ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ക്ഷേമത്തിന് ബഡ്സ് സ്കൂൾ നടത്തിപ്പിനുള്ള ഫണ്ടും, ആരോഗ്യ പരിരക്ഷക്കായി ആശ്വാസമെന്ന പേരിൽ സ്കോളർഷിപ്പും നൽകുന്ന പദ്ധതികളാണ്. വികസന കാഴ്ചപ്പാടായി ശാരീരിക വൈകല്യമുള്ളവരുടെ ക്ഷേമം ഉറപ്പുവരുത്തുക, ചികിത്സാസഹായം ഉറപ്പുവരുത്തുക എന്നും വികസന സമീപനമായി ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ ലഭ്യമാക്കുക, സ്കോളർഷിപ്പ്, മുച്ചക്രവാഹനം, ബഡ്സ് സ്കൂൾ സഹായം എന്നിവയുമാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

കഴിഞ്ഞ അഞ്ചു വർഷത്തെ കൽപ്പറ്റ നഗരസഭയുടെ ഈ മേഖലയിലുള്ള ചെലവ് പരിശോധിച്ചാൽ പദ്ധതി വിഹിതത്തിന്റെ 0.51 മുതൽ 0.63 % വരെയുള്ള തുകകളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇതിൽ നിന്നും ഈ മേഖലക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കേണ്ടതുണ്ട്.

1. 18 വയസ്സിനു മുകളിലുള്ള ഭിന്നശേഷിക്കാരുടെ തുടർവിദ്യാഭ്യാസത്തിനു ഒരു പദ്ധതികളും ആവിഷ്കരിക്കുകയോ, നടപ്പിലാക്കുകയോ ചെയ്തിട്ടില്ല.
2. ഭിന്നശേഷിക്കാരുടെ വരുമാന വർധനവിനായുള്ള തൊഴിൽ പരിശീലനങ്ങൾ, നൈപുണീ വികസന

ത്തിനായുള്ള പദ്ധതികളോ നടപ്പിലാക്കാൻ കഴി ഞ്ഞിട്ടില്ല (ഉദാ. പെട്ടിക്കട പദ്ധതി രൂപീകരിച്ചെങ്കി ലും നടപ്പിലാക്കിയില്ല).

3. ഭിന്നശേഷിക്കാരുടെ സഞ്ചാര സ്വാതന്ത്ര്യം വീട്ടിലും, പൊതു ഇടങ്ങളിലും വർധിപ്പിക്കാനുള്ള സഹായ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.
4. ഭിന്നശേഷിക്കാർക്ക് മരുന്ന്, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കാനുള്ള പദ്ധതികളും നടപ്പി ലാക്കിയിട്ടില്ല. മുച്ചക്ര വാഹനത്തിനുള്ള പദ്ധതി മാത്രമാണ് അഞ്ചു വർഷത്തിനുള്ളിൽ ഒരു വർഷം നടപ്പിലാക്കിയത്.
5. വിദ്യാലയങ്ങളിൽ അനുരൂപീകരണ രീതിയിൽ പഠനം നടപ്പിലാക്കാനുള്ള പദ്ധതികൾ ആരംഭിച്ചു മുഖ്യധാര നിലവാരത്തിലെത്തിക്കാനുള്ള പദ്ധതി കളും നടപ്പിലാക്കപ്പെട്ടിട്ടില്ല.
6. തുടർച്ചയായി പ്രകൃതി ദുരന്തങ്ങളിൽ വിഷമം അനുഭവിക്കുന്ന വയനാട് ജില്ലയിലെ ഭിന്നശേഷി ക്കാർക്ക് എളുപ്പത്തിൽ രക്ഷപ്പെടാനുള്ള പദ്ധതിക ളും ആവിഷ്കരിക്കപ്പെട്ടിട്ടില്ല.
7. കലാ കായിക രംഗങ്ങളിൽ പ്രോത്സാഹനം നൽകുന്നതിനു പ്രത്യക പരിശീലന പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല (രണ്ടുതവണ 'ഒത്തുചേരാം' എന്ന പേരിൽ ഭിന്നശേഷി ക്കാരുടെ കുടുംബ സംഗമം നടത്തിയിട്ടുണ്ട്.

ലോകത്തിനും, ഇന്ത്യക്കും മാതൃകയായി വിവിധ പദ്ധ തികൾ ജനകീയസൂത്രണ പ്രവർത്തനത്തോടൊപ്പം കേരളത്തിൽ പ്രാദേശിക സർക്കാരുകൾ നടപ്പിലാക്ക പ്പെടുമ്പോൾ സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെ ടുന്ന ഭിന്നശേഷിക്കാരുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരമായി പുത്തൻ മാതൃകകൾ സൃഷ്ടിക്കാൻ കേരളത്തിലെ പ്രാദേശിക ഗവൺമെന്റുകൾ മുന്നോട്ടു വരേണ്ടതുണ്ട്. സംസ്ഥാന സർക്കാർ സബ്സിഡി നോംമ്സിൽ മാറ്റം വരുത്തി നിലവിലുള്ള പോരായ്മകൾ പരിഹരിക്കേണ്ടതുണ്ട്. ഇതോടൊപ്പം കിടപ്പു ഭിന്നശേ ഷിക്കാർ ഉള്ള വീടുകളിൽ അവരെ നോക്കുന്നവർ ക്കായി കുടിൽ വ്യവസായങ്ങൾക്ക് വേണ്ട അസംസ്കൃത വസ്തുക്കൾ നൽകുകയും ഉണ്ടാക്കുന്ന ഉത്പന്നങ്ങൾ സർക്കാർ പൊതുമേഖല സ്ഥാപനങ്ങൾ പൂർണ്ണമായും തിരിച്ചു വാങ്ങി സാമ്പത്തിക സുരക്ഷ ഈ മേഖലയിൽ ഉള്ളവർക്ക് ഉറപ്പു വരുത്തണം എന്നാണ് ഈ ചെറിയ പഠനത്തിലൂടെ മുന്നോട്ടു വയ്ക്കാനുള്ളത്.

1. ആസൂത്രണ പ്രവർത്തകൻ, മുൻ നഗര സഭ കൗൺസിലർ
2. ഭിന്നശേഷി മേഖലയിലെ അധ്യാപിക

**130**

## Autism Spectrum Disorder and Nutrition: A study to Identifying Gaps and Opportunities for Intervention in Kerala

Kavitha Raj K.N.[1] & Beela G.K.[2]

Autism Spectrum Disorder (ASD) is a complex neurodevelopmental disorder characterized by impaired social interaction, communication, and repetitive behavior. Nutrition plays a critical role in managing ASD symptoms, and dietary interventions have shown promise in improving behavioral and cognitive outcomes. However, a significant gap exists in the understanding of nutritional needs and challenges in ASD, particularly countries like India. GFCF diet is a popular treatment for ASD, with anecdotal reports suggesting it greatly improves and even cures symptoms, reducing systemic inflammation. The study formulated a blend of Kerala's indigenous GFCF ingredients like rice, sorghum, sweet potato, Green banana, and Bengal gram. The GFCF nutrimix was tested for its nutritional content. Results showed that the GFCF nutrimix met the nutritional requirements. The study assessed the acceptability and parental perception of the developed GFCF nutrimix for children with ASD. Parents prepared and fed GFCF cakes with nutrimix to their children to assess acceptability. They were asked to respond to the BAMBIC scale to ascertain the eating behaviour and acceptability while introducing the developed GFCF nutrimix cakes. Results showed 56% of children fully accepted GFCF nutrimix cakes and 41% showed willingness to eat again, as per BAMBIC scale assessment. The study noticed that majority of the parents were not much aware about GFCF diet and they do

not know how to implement this in to diet of their children. Implementing a GFCF diet for ASD management requires a multi-faceted approach. This involves education, awareness, accessibility, healthcare provider engagement, and progress monitoring. A comprehensive strategy can improve nutritional awareness and outcomes for individuals with ASD in Kerala.

1. Lecturer in Home Science, KILA – Centre For Good Governance
2. Professor and Head, Department of Community Science, KAU

**131**

## Intellectual Disability and autism

K.S. Vijayalekshmi

**Background:**

Intellectual Disability and autism are developmental disability that occurs due to hereditary, socioeconomic and environmental factors. Persons with the intellectual disabilities experience numerous barriers and challenges in acquiring, securing, maintaining and sustaining gainful mainstream stable remunerative employment in society. They remind largely excluded from mainstream society.. Article 19 of CRPD highlighted that all pwds have equal right to live independently and be included in the community. Employment is both a need as well as the right to work for an individual. 21th century digital technology continues to permeate our culture and society. Fortunately our research shown that Digital Teaching Learning helps adult with Intellectual Disabilities in learning employability skills.

**Purpose:**

The major goal of this study was to establish the effect of DTLTs on teaching employability skills to adults with Intellectual Disabilities.

**Materials and Methods:**

Twenty adults with mild and moderate Intellectual Disabilities and autism enrolled in vocational and employability skill training centre in NIPMR and autism sisukhemakendram participated in the current study to examine the effect of DTLTs on participants in learning employability skills (tailoring skills).The investigator has employed a one group pre test- post test quasi experimental research design in which the same dependant variable was measured twice in one group of participants before (pre test) and after (post test) intervention was administered. The researcher analysed data by using the statistical package for the social sciences (SPSS). Mean, SD and t value was calculated to determine the effect of DTLTs. A paired t test was employed to determine the significant difference between the pre test and post test mean scores of the study.

**Results:**

It has been observed in the current study that, the post test scores of the participants increased significantly compared to the pre test scores.

**Discussion:**

The findings of the study suggests that DTLTs are effective on teaching employability skills to adults with Intellectual Disabilities. It is suggested to the future researchers to enhance the employability access and success of adults with Intellectual Disabilities and autism by using DTLTs.

**Conclusion:**

The use of Digital Teaching Learning Training can increase employability skills among adults with Intellectual Disabilities and autism. More research is needed to explore the impact of DTLTs and Digital Technology on the employability skills of the adults with Intellectual Disabilities and autism.

132

# NIPMR's STARS Program: A Multidisciplinary Approach to School Readiness for Children with Special Needs

Madhumita Rajendraprasad

## INTRODUCTION:

Early childhood education plays a crucial role in shaping developmental outcomes, particularly for children with disabilities (CwD). In India, and notably in Kerala, there is increasing recognition of the need for specialized educational interventions tailored to individual needs. The 2019 State of the Education Report for India: Children with Disabilities, based on the 2011 Census, reported that India had 7,864,636 children with special needs, representing 1.7% of the total child population. Alarmingly, three-fourths of children with special needs under the age of five and one-fourth between the ages of five and nineteen do not attend any educational institution (UNESCO, 2019). These statistics underscore the urgent need for inclusive and accessible early education frameworks.

India still has a long journey ahead in achieving inclusive education, where the school system is adaptable to accommodate the diverse needs of students. Experts highlight the significant financial burden associated with special education for children with disabilities (CwD). They advocate for an integrated approach to educating CwD, not only as a means of mainstreaming but also as a more cost-effective alternative.

| | Special Education | Integrated Education (under IED) |
|---|---|---|
| Total cost to government (in lakhs) | 5157.91 | 7,65,352.62 |
| Number of students enrolled | 3920 | 67,792 |
| Cost per student | Rs 1,31,579.33 | 24,447.58 |

Source: (Varghese, 2015)

From the above table it is evident that the cost of educating a CwD is significantly lower when they are integrated into mainstream schools. However, the path to inclusive education for children with disabilities remains challenging. Stigma, discrimination, and segregation have long existed and continue to be widespread. To foster a more inclusive future, collaborative efforts from governments, NGOs, and individuals are essential.

## IDENTIFIED GAPS:

1. Early Identification: Early screening programs to identify developmental delays or disabilities in children aged 0-6 years is crucial for timely intervention.
2. Inclusive Education: While policies advocate for inclusive education, many schools lack the necessary infrastructure to support children with disabilities.
3. Teacher Training: There is a shortage of trained educators proficient in inclusive teaching methods (UNESCO, 2019).
4. Stigma: The problem of discrimination and segregation has and still exists and social sensitization is essential to combat this.
5. Parental Support: Parents often lack access to resources and guidance to support their child's development at home.

## NIPMR'S MODEL TO BRIDGE THESE GAPS:

The STARS (Special Tots Program for Achieving School Readiness Skills) is a specialized initiative developed by the National Institute of Physical Medicine and Rehabilitation (NIPMR), Kalletumkara, aimed at supporting children with disabilities between the ages of two and six. This program is designed to facilitate their transition into formal education by fostering the development of social and emotional competencies. The primary objective of STARS is to enhance the overall skill set of participating children, equipping them with the necessary abilities to adapt and thrive in a structured school environment.

The minimum duration of enrolment for the program is 12 weeks, with extensions possible depending on availability of slots and need. Sessions are held five days a week, each lasting two hours, ensuring a structured and consistent learning environment.

The team members involved in the program consist of a core team who attend to the beneficiaries throughout the program and program facilitators who are consulted on need basis by beneficiaries.

## STARS CORE TEAM AND THEIR ROLES:

### 1. SPECIAL EDUCATOR

The special educator, is responsible for the assessment and enrolment of children based on their developmental profiles. Prior to enrolment, an initial assessment is conducted to evaluate the child's developmental status, with both pre- and post-assessments guiding goal-setting. Following enrolment, the special educator develops an Individualized Education Plan (IEP), tailoring interventions to each child's specific needs to enhance cognitive, social, and motor skill development. The program is structured into four stages, each targeting key developmental areas through a combination of engaging teaching methods, including the play-way method, group activities, and storytelling with role-playing to make learning meaningful. Progress monitoring is integral to the program, with weekly parent-teacher meetings for the first four weeks, transitioning to biweekly sessions thereafter. These meetings allow parents to stay informed about their child's progress and receive guidance on home-based activities to reinforce learning. The collaborative approach ensures that intervention strategies are consistently implemented both in the classroom and at home, supporting holistic developmental outcomes for the child.

### 2. OCCUPATIONAL THERAPIST

The occupational therapist (OT) plays a crucial role in helping children develop the essential skills needed for school readiness. This includes assessing fine motor, gross motor, and sensory processing abilities to identify areas requiring intervention. Individualized plans are developed to improve skills such as handwriting and using scissors, while also enhancing sensory processing and regulation to support focus and attention. The OT works on improving social participation, play skills, and independence in self-care and daily living activities. Additionally, strategies are provided to help children manage behaviors and emotions, fostering confidence and self-esteem through structured play and activities. Each child receives a 45-minute individual session once a week, with an initial assessment conducted during the first session after enrolment. Pre- and post-test scores are documented to track progress. This structured approach ensures that children develop the necessary motor, sensory, and social-emotional skills to transition successfully into a school environment.

### 3. AUDIOLOGY AND SPEECH LANGUAGE THERAPIST

The audiologist and speech-language pathologist (ASLP) focusses on improving speech, language, and communication skills, as well as addressing feeding difficulties in children. If necessary, audiological evaluations are also conducted to assess hearing-related concerns. Each child receives a 45-minute individual session once a week, ensuring targeted intervention based

on their specific needs. An initial assessment is conducted during the first session after enrolment, using standardized tools to evaluate the child's speech and language abilities. Progress is continuously documented, allowing for systematic monitoring of improvements in communication, language comprehension, and feeding skills over time. This structured approach ensures that children receive comprehensive support in their speech and language development, enhancing their ability to communicate effectively.

### 4. DIETITIAN

The dietitian ensures that children receive appropriate nutritional support to aid their overall development. The dietitian is responsible for assessing the nutritional status of enrolled children using the Nutrition Care Process (NCP) (Kathleen Mahan, 2017) protocol. Weekly assessments are conducted to monitor growth and provide tailored dietary recommendations. Pre- and post-measurements, are used to evaluate progress. A key aspect of the dietitian's role is conducting recipe demonstrations weekly to educate parents on preparing nutritionally balanced meals. Parents are encouraged to maintain regular food diaries, ensuring dietary intake aligns with the child's needs. The dietitian also monitors allergies and food intolerances, coordinating with the Steward to provide safe and suitable snacks. Based on the child's preferences and nutritional requirements, the dietitian offers personalized snack and meal suggestions to parents. To ensure continuous improvement, dietary interventions are adjusted weekly, and anthropometric measurements are taken biweekly, allowing for ongoing monitoring and evaluation of each child's nutritional well-being.

### STARS PROGRAM FACILITATORS:

In the STARS Program, children are referred to a Developmental and Behavioural paediatrician and/or physiatrist once every four weeks for specialized medical evaluations and interventions. These professionals assess developmental progress, behavioural concerns, and physical rehabilitation needs, providing recommendations for further support as required. Additionally, behavioural therapy, and physiotherapy sessions may be arranged based on the child's individual needs. These services aim to address behavioural challenges, emotional well-being, and physical mobility, ensuring a comprehensive approach to the child's development.

This multidisciplinary approach ensures that children receive the necessary medical, psychological, and rehabilitative support to enhance their overall growth and school readiness.

## CONCLUSION

The STARS (Special Tots Program for Achieving School Readiness Skills) initiative by NIPMR addresses critical gaps in early childhood education for children with special needs, ensuring a structured, multidisciplinary approach to holistic development. By integrating special education, occupational therapy, speech-language intervention, and nutritional support, the program fosters essential cognitive, motor, social, and communication skills required for school readiness. The collaborative engagement of educators, therapists, dietitians, and medical professionals ensures that each child receives personalized interventions tailored to their unique developmental needs.

The STARS model serves as a promising framework that can be scaled and adapted to make the transition of CwD into mainstream schools. Strengthening awareness, expanding accessibility, and enhancing specialized training for educators can further improve early interventions and long-term outcomes for CwD. By fostering a nurturing and adaptive learning environment, initiatives like STARS contribute significantly to the broader goal of inclusive education, empowering children to transition seamlessly into formal schooling and beyond.

**References**

Kathleen Mahan, J. R. (2017). Krause's Food and Nutrition Care Process. In Food and Nutrition Board, Institute of Medicine, National Academies.

UNESCO. (2019). N for Nose: State of the Education Report for India 2019 Children with Disabilities. http://www.unesco.org/new/en/newdelhi/home

Varghese, R. (2015). Integrating Children with Disabilities into Society Education in Mainstream Schools. Kerala State Planning Board.

Dietitian & Research Co-ordinator, National Institute of Physical Medicine & Rehabilitation (NIPMR), Kerala

**133**

# ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ

മതിലകം ബ്ലോക്ക് പഞ്ചായത്ത്

സമൂഹത്തിലെ എല്ലാ പേരിലേക്കും വികസനത്തിന്റെ ഗുണഫലങ്ങൾ എത്തുമ്പോൾ മാത്രമാണ് വികസനം ഫലപ്രദമാകുന്നത് എന്ന തിരിച്ചറിവിൽ നിന്നാണ് ഏറ്റവും പരിചരണവും കരുതലും കൈത്താങ്ങും ആവശ്യമുള്ള ശാരീരിക മാനസിക വെല്ലുവിളി നേടുന്ന കുഞ്ഞുങ്ങൾക്കായി മതിലകം ബ്ലോക്ക് പഞ്ചായത്ത് ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന് തുടക്കമിടുന്നത്. സ്വകാര്യമേഖലയിൽ ഒട്ടനേകം സ്ഥാപനങ്ങൾ ഇത്തരത്തിൽ ഉണ്ടെങ്കിലും അവയെല്ലാം തുച്ഛ വരുമാനക്കാരായ രക്ഷിതാക്കൾക്ക് അപ്രാപ്തമായിരുന്നു. പ്രതീക്ഷകളുടെ തിരിനാളം അണയാതെ ഇരിക്കുന്നതിന് കുരുന്നുകളുടെ പരിപാലനവും പരിശീലനവും ശാസ്ത്രീയമായ രീതിയിൽ നടത്തുന്നതിനായി വ്യക്തവും കൃത്യവുമായ ആസൂത്രണത്തിലൂടെ ആവിഷ്കരിച്ച മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന് കഴിഞ്ഞിട്ടുണ്ട്.

ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ ഭദ്രവും മനോഹരവും ശാന്തവുമായ അന്തരീക്ഷമുള്ള കെട്ടിടം വിശാലമായ ഭൂമിയിലാണ് സ്ഥിതി ചെയ്യുന്നത്. പരിശീലനം സിദ്ധിച്ച പരിചയ സമ്പന്നരായ പരിശീലകനും ആയയും കുട്ടികളുടെ പരിശീലനത്തിലും പരിപാലനത്തിനും ബദ്ധശ്രദ്ധരാണ്. നിപ്മറിന്റെ സഹായത്തോടെ ക്യാമ്പുകളും ക്ലിനിക്കുകളും നടത്തി കുട്ടികളെ അവരവരുടെ കൊച്ചു കൊച്ചു കാര്യങ്ങൾ ചെയ്യുന്നതിന് പര്യാപ്തമാക്കിയിട്ടുണ്ട്. മാനസിക വൈകല്യമുള്ള കുരുന്നുകള് ഭാരമായി കരുതുന്ന ഈ കാലത്ത് അത്തരം കുരുന്നുകളെ ഓർത്തു അഭിമാനിക്കുന്ന രക്ഷിതാക്കളെയാണ് ഇവിടെ നമുക്ക് കാണാൻ കഴിയുക. ഈ സ്ഥാപനം നിലവിൽ വന്നശേഷം ശിഥിലമായ എത്രയെത്ര കുടുംബങ്ങളാണ് ഒന്നായി തീർന്നത്.

കലാകായിക പരിസ്ഥിതി രംഗങ്ങളിൽ കുഞ്ഞുങ്ങളുടെ പ്രകടനം പ്രശംസനീയമാണ്. റിഹാബിലിറ്റേഷൻ സെന്റർ തുടക്കം കുറിച്ചതിന്റെ രണ്ടാം വാർഷികത്തിൽ കുഞ്ഞുങ്ങളുടെ അമ്മമാർക്ക് തൊഴിൽ പരിശീലനം നൽകി അതേ സ്ഥലത്ത് തന്നെ തയ്യൽ യൂണിറ്റ് ആരംഭിക്കുവാനും കഴിഞ്ഞു. ഇതിലൂടെ കുഞ്ഞുങ്ങളുടെ പരിപാലനവും മേൽനോട്ടവും ഒപ്പം വരുമാനം മാർഗ്ഗവും അവർക്ക് ഒരുക്കികൊടുത്തു. പൊതു ഇടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുക എന്ന എൽ.ഡി.എഫ് സർക്കാരിന്റെ നയത്തോടൊപ്പം ചേർന്ന് പ്രവർത്തിച്ചതിന്റെ ഫലമായാണ് ഈ വർഷത്തെ മികച്ച ഭിന്നശേഷി സൗഹൃദ ബ്ലോക്ക് പഞ്ചായത്തിനുള്ള ഒന്നാം സ്ഥാനത്തിനുള്ള പുരസ്കാരം മതിലകം ബ്ലോക്ക് പഞ്ചായത്തിന് തേടിയെത്തുന്നത്. ലക്ഷ്യങ്ങൾ ഇനിയും പൂർത്തീകരിക്കാനുണ്ട്. കുട്ടികൾക്കുള്ള നൈപുണ്യ പരിശീലനം, എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദം ആക്കുക എന്നീ ലക്ഷ്യങ്ങൾ അധികം താമസിയാതെ കൈവരിക്കാം എന്ന പ്രതീക്ഷയുണ്ട്.

## 134

# ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം

ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്

കേരളത്തിലെ പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗങ്ങൾക്കിടയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജനകീയ ആസൂത്രണവും വരുത്തിയ മാറ്റങ്ങൾ വളരെ ശ്രദ്ധേയമാണ്. പ്രാദേശികമായി ലഭ്യമായിരുന്ന സേവനങ്ങൾ വിപുലീകരിക്കുന്നതിനും ഗുണമേന്മ വർധിപ്പിക്കുന്നതിനും ജനകീയ ഇടപെടലിന് വേദി ഒരുക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.ജനങ്ങളുടെ ആവശ്യങ്ങൾ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നൂതന ആശയങ്ങൾ ആവിഷ്കരിക്കുന്നതിന് പ്രാദേശിക സർക്കാരുകൾ മുൻകൈയെടുത്ത പല മാതൃകകളും നമുക്ക് കാണാം. സമൂഹത്തിലെ ഏറ്റവും കൂടുതൽ ക്ളേശം അനുഭവിക്കുന്ന വിഭാഗമാണ് ഭിന്നശേഷിക്കാർ.

ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിൽ 256 ഭിന്നശേഷിക്കാരായ ആളുകളാണ് ഉള്ളത്. ഇവർക്ക് വേണ്ടിയുള്ള വിവിധ പദ്ധതികൾ രൂപീകരിക്കുന്നതിനായി പ്രത്യേക ഗ്രാമസഭായോഗങ്ങൾ ചേരുകയും പദ്ധതി നിർദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു.ഭിന്നശേഷിക്കാരെ കണ്ടെത്തി സമഗ്രമായ വിവരണശേഖരണം നടത്തി ഡാറ്റബാങ്ക് തയ്യാറാക്കുകയാണ് ആദ്യഘട്ടത്തിൽ ചെയ്തത്.അതോടൊപ്പം തന്നെ സ്കോളർഷിപ്പിന് സർക്കാർ അനുശാസിക്കുന്ന മുഴുവൻ തുകയും നൽകി വരുന്നു. ഇതുകൂടാതെ ഭിന്നശേഷിക്കാരെയും അവരുടെ കുടുംബാംഗങ്ങളെയും ചേർത്ത് നിർത്തിക്കൊണ്ട് വർണ്ണോത്സവം എന്ന പേരിൽ കുടുംബമേള എല്ലാ വർഷവും സങ്കടിപ്പിച്ചു വരുന്നു. അതോടൊപ്പം തന്നെ വിദഗ്ധരായ ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തികൊണ്ട് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും അവരുടെ ചലങ്ങൾക്ക് ആവശ്യമായിട്ടുള്ള സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി 7 ലക്ഷം രൂപയുടെ പദ്ധതിയുമാണ് പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളത്. കൂടാതെ ഭിന്നശേഷിവിഭാഗത്തിൽ പെട്ട ആളുകൾ ചെയ്യുന്ന സ്വയം തൊഴിൽ യൂണിറ്റുകൾക്ക് അവരുടെ യൂണിറ്റുകളുടെ നിലവാരം അനുസരിച്ചു 60000 /-മുതൽ 90000 /- രൂപ വരെ തിരിച്ചു അടയ്ക്കേണ്ടാത്ത വായ്പയായി നൽകി വരികയാണ്. ഭിന്നശേഷി വിഭാഗത്തിൽ പെട്ട ആളുകളുടെ സ്വയം പര്യാപ്തത ഉറപ്പു വരുത്തുന്നതിന് വേണ്ടി അവർക്ക് പരിശീലനം നൽകുന്നതിനുവേണ്ട ബഡ്സ്സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ഇതിന്റെ പ്രവർത്തനം പൂർത്തിയാകുന്നതോടെ ഈ വിഭാഗത്തിൽ പെട്ട മുഴുവൻ ആളുകളുടെയും എല്ലാ തലത്തിലും ഉള്ള ഉന്നതി ഉറപ്പു വരുത്താനാകും എന്നാണ് ഗ്രാമപഞ്ചായത്ത് പ്രതീക്ഷിക്കുന്നത്. 2023-24 വർഷം തന്നെ ഏതാണ്ട് 17 ലക്ഷം രൂപയാണ് പഞ്ചായത്ത് ഈ മേഖലയിൽ ചെലവഴിച്ചിട്ടുള്ളത്.

# വയോസൗഹൃദ തദ്ദേശഭരണം

## 135

# വയോജന സൗഹൃദ തദ്ദേശ ഭരണം

അമരവിള രാമകൃഷ്ണൻ

**ആമുഖം**

വാർദ്ധക്യം എന്ന അവസ്ഥ വയോജന സൗഹൃദം എന്ന പ്രതീക്ഷ, തദ്ദേശസ്വയംഭരണം എന്ന സംവിധാനം എന്നിവ ഇന്ന് വളരെയധികം ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളാണ്. വയോജനങ്ങളുടെ പ്രശ്നങ്ങൾ സങ്കീർണ്ണമാണ്. വയോജനങ്ങളിലെ ഓരോ പ്രായ വിഭാഗങ്ങൾക്കും വ്യത്യസ്തമായ പ്രശ്നങ്ങളും ആവശ്യങ്ങളും ഉണ്ട്.

വയോജനങ്ങളിലെ അവിവാഹിതർ, വിധവകൾ, വിഭാര്യർ, സന്താനങ്ങളോ അടുത്ത ബന്ധുക്കളോ ഇല്ലാത്തവർ, തനിയെ താമസിക്കുന്നവർ, കിടപ്പു രോഗികൾ, ഡിമൻഷ്യ ബാധിതർ, അതീവ ദാരിദ്ര്യം അനുഭവിക്കുന്നവർ, ഭവനരഹിതർ, ജീവിത ശൈലീ രോഗങ്ങൾ ബാധിച്ചവർ, നഗരങ്ങളിലെയും ഗ്രാമങ്ങളിലും താമസിക്കുന്നവർ എന്നീ വിഭാഗങ്ങളുടെ ക്ഷേമം, സംരക്ഷണം, മനുഷ്യാവകാശങ്ങൾ, മാനവ

വികസനം എന്നിവ ഉറപ്പുവരുത്തുവാൻ പ്രാദേശികമായ സാമൂഹ്യ ഇടപെടലുകൾ അനിവാര്യമാണ് എന്നത് അംഗീകരിക്കപ്പെട്ടിരിക്കുന്നു. പ്രശ്നപരിഹാരങ്ങളുടെ മുൻഗണനാ ക്രമങ്ങളും മാനദണ്ഡങ്ങളും തീരുമാനിക്കുവാനും പ്രാദേശികമായി യോജിച്ചു പോവുന്ന സാമൂഹ്യ ഇടപെടലുകൾ മാത്രമെ ഫലപ്രദമാവുകയുള്ളു. ഈ സാമൂഹ്യ ഇടപെടലുകൾ നടപ്പാക്കുന്നതിനുള്ള സമ്പ്രദായവും സംവിധാനവും ഉറപ്പു വരുത്തുകയാണ് വയോജന സൗഹൃദ തദ്ദേശ ഭരണം കൊണ്ട് ഉദ്ദേശിക്കുന്നത്. ഭരണ നേതൃത്വം മാറിമാറി വരുമ്പോഴും സാമൂഹ്യ ഇടപെടലുകളുടെ തുടർച്ചയും തദ്വാരാ വയോജന ക്ഷേമവും സംരക്ഷണവും ഈ സമ്പ്രദായവും സംവിധാനവും ഉറപ്പുവരുത്തുന്നു.

### വയോജന നയങ്ങളുടെയും നിയമങ്ങളുടെയും ആഗോള തലത്തിലെ ചരിത്രം

1950 കളിൽ ആരംഭിച്ച ജനസംഖ്യാ പഠനം എന്ന ശാസ്ത്ര ശാഖ, ലോക ജന സംഖ്യാ വർദ്ധനവിന്റെ നാനാവിധ പ്രഭാവങ്ങളെക്കുറിച്ച് വളരെ വിലപ്പെട്ട അറിവുകളും ഉൾക്കാഴ്ചകളും പങ്കുവെച്ചു. അന്ന് അവികസിത രാജ്യമായിരുന്ന ഇന്ത്യയും മറ്റു മൂന്നാം ലോക രാജ്യങ്ങളും ജനന നിയന്ത്രണത്തിനാണ് മുൻഗണന നൽകിയിരുന്നത്. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 41 വയോജന ക്ഷേമത്തെ പരാമർശിച്ചിട്ടുണ്ടെങ്കിലും അവയൊന്നുപോലും പ്രവൃത്തി പഥത്തിൽ എത്തിയിരുന്നില്ല. ലോക ജനസംഖ്യയിൽ വയോജനങ്ങളുടെ എണ്ണത്തിലും അനുപാതത്തിലുമുള്ള വർദ്ധനവും അവ സൃഷ്ടിക്കുന്ന സാമ്പത്തിക സാമൂഹ്യ സമ്മർദ്ദങ്ങളും പ്രശ്ന ങ്ങളും എല്ലാം 1970 കളുടെ അസ്തമയ കാലത്താണ് കൂടുതൽ ശ്രദ്ധ നേടുന്നത്.

ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലി (UNGA) ലോകാരോഗ്യ സംഘടന(WHO), വയോജന ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകൾ(NGOs) എന്നിവ വയോജന ക്ഷേമ പ്രവർത്തനങ്ങൾക്ക് ആശയ വ്യക്തതയും ദിശാബോധവും നൽകി. ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലി (UNGA), യുടെ 1978 ലെ പ്രമേയം (Resolution 33/52)1982 ൽ വിയന്നയിൽ കൂടിയ ഒന്നാമത്തെWorld Assembly on ageing, അവിടെ അംഗീകരിക്കപ്പെട്ട വിയന്ന ഇന്റർനാഷണൽ ആക്ഷൻ പ്ലാൻ ഓൺ ഏജിംഗ്, 1991 മുതൽ ഒക്ടോബർ ഒന്ന് അന്താരാഷ്ട്ര വയോജന ദിനമായി ആചരിക്കുവാൻ തീരുമാനിച്ച 14-12-1990 ലെ 45/106 പ്രമേയം, വയോജനങ്ങളുടെ (1) അന്തസ്സ് (2) സ്വാതന്ത്ര്യം (3)സംര ക്ഷണം (4) പങ്കാളിത്തം(5)ആത്മസംതൃപ്തി എന്നിവ ഉറപ്പ് വരുത്തണമെന്ന് അനു ശാസിക്കുന്ന വയോജന അവകാശപത്രികയ്ക്ക് അംഗീകാരം നൽകിയ 1991 ലെ UNGA പ്രമേയം നമ്പർ 46/91, മാഡ്രിഡ് നഗരത്തിൽ 2002ൽ കൂടിയതും എല്ലാ പ്രായക്കാരെയും സമഭാവനയോടെ ചേർത്തു പിടിക്കുന്ന സമൂഹത്തിനായി ആഹ്വാനം ചെയ്തതുമായ Second International Action plan on ageing, വയോജനങ്ങളുടെ മനുഷ്യാവകാശ സംരക്ഷണ ശ്രമങ്ങൾക്ക് ആഗോളതലത്തിൽ സ്വീകാര്യമായതും മാതൃകാപരവുമായ സംവിധാനം ഒരുക്കുവാൻ 2010 മുതൽ ശ്രമിച്ചു വരുന്നതുമായ Open ended working on ageing 2012 മുതൽ ജൂൺ 15 വയോജന പീഡന വിരുദ്ധ ബോധവൽക്കരണ ദിനമായി ആചരിക്കുന്നതിനുള്ള ആഹ്വാനം എന്നിവ ഐക്യരാഷ്ട്ര സഭ വയോജന ക്ഷേമത്തിനായി നടത്തിയ ശക്തമായ ഇടപെടലുക ളാണ്.

ആഗോള ലോകാരോഗ്യ സംഘടന 2020-2030 ആരോഗ്യത്തോടെ വാർദ്ധക്യത്തിനുള്ള ദശകമായി പ്രഖ്യാപിച്ചതും ഐക്യരാഷ്ട്രസഭയുടെ പതിനേഴ് ഇന സുസ്ഥിര വികസന ലക്ഷ്യങ്ങളും വയോജന ക്ഷേമ പദ്ധതികൾക്ക് ലക്ഷ്യബോധം പകർന്നു. രണ്ട് World Assembly of Ageing തുടർച്ചയായ Open ended working group on Ageing, 2024 വരെയുള്ള വർഷങ്ങളിൽ വയോജന ക്ഷേമത്തിനെക്കുറിച്ച് സമഗ്രമായ പതിനാലു റിപ്പോർട്ടുകൾ സമർപ്പിച്ചു കഴിഞ്ഞു. അന്താരാഷ്ട്ര തല ത്തിലെ ഈ പ്രവർത്തനങ്ങൾ വിദൂരമല്ലാത്ത ഭാവിയിൽ വയോജനങ്ങൾക്കായുള്ള അന്താരാഷ്ട്ര ഉടമ്പടി എന്ന നിയമ നിർമ്മാണത്തിൽ എത്തിച്ചേരുമെന്ന് പ്രതീക്ഷി ക്കാം. ഈ ഉടമ്പടിയിൽ ഒപ്പുവെയ്ക്കുന്ന അംഗരാജ്യങ്ങൾ തന്താങ്ങളുടെ രാജ്യങ്ങ ളിലെ മനുഷ്യാവകാശ നിയമങ്ങളിലും വയോജന നിയമങ്ങളിലും ഈ ഉടമ്പടിയുടെ വകുപ്പുകൾ അനുസരിച്ചുള്ള പുരോഗമനപരമായ മാറ്റങ്ങൾ ഉൾപ്പെടുത്തുവാൻ നിയ മപരമായി ബാദ്ധ്യസ്ഥരാകും.

### വയോജന നയങ്ങൾ ഇന്ത്യയിലും കേരളത്തിലും

ഐക്യരാഷ്ട്രസഭയുടെ 1991 ലെ വയോജന അവകാശപത്രികയും ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 41 ഉം നൽകിയ പ്രേരണയും നിമിത്തമായി വയോജനക്ഷേമവും സംരക്ഷണവും സംബന്ധിച്ച പഠനവും ചർച്ചകളും ക്രമേണ ഇന്ത്യയിലും ആരംഭിച്ചു. വയോജനങ്ങളുടെ പ്രശ്നങ്ങൾക്ക് പ്രാദേശികമായ രീതിയിൽ പരിഹാരം കണ്ടെത്തുവാൻ അവരുടെ നിത്യജീവിതത്തിൽ ഏറ്റവും അടുത്ത് ബന്ധപ്പെടുന്ന ഭരണ സംവിധാനമായ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കഴിയും എന്നതും അംഗീകരിക്കപ്പെട്ടു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളാക്കി ശാക്തീകരിക്കുവാൻ 1992 ൽ 73 ഉം 74 ഉം ഭരണഘടനാ ഭേദഗതികൾ പാസ്സാക്കി. ഈ ഭേദഗതികൾ പ്രകാരം 1994 ൽ നിലവിൽ വന്ന പഞ്ചായത്ത് രാജ് ആക്റ്റ്, നഗരപാലിക ആക്റ്റ് എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മുൻപറഞ്ഞ പ്രാദേശിക സർക്കാരുകൾ എന്ന പദവിയിലേക്ക് ഉയർത്തി. അധികാരവികേന്ദ്രീകരണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണവും ആത്മാർത്ഥ മായി നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. കേരളം തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് Finance, Functions, Functionaries എന്നീ വിഭവങ്ങൾ കൈമാറി അവയെ ശാക്തീകരിച്ചു. സ്വന്തം അധികാരപരിധിയിലെ വയോജനങ്ങളുടെയും മറ്റ് ദുർബ്ബല വിഭാഗങ്ങളുടെയും ക്ഷേമ പദ്ധതികൾ ആസൂത്രണം

ചെയ്തു നടപ്പാക്കുവാനുള്ള കരുത്ത് ഈ രണ്ടു നിയമങ്ങളും അവർക്ക് നൽകി. പദ്ധതി/സബ്സിഡി മാർഗ്ഗരേഖകൾ, ഗ്രാമസഭ, വാർഡ് സഭ, വാർഡ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ്, സ്ഥിരം സമിതികൾ, വികസനസമിതി, ജില്ലാ ആസൂത്രണ സമിതി എന്നീ സംവിധാനങ്ങൾ നിലവിൽ വന്നു. വയോജനങ്ങളുടെ പ്രത്യേക സഭകൾ കൂടി അവരുടെ ആവശ്യങ്ങൾ പദ്ധതികളിൽ ഉൾപ്പെടുത്തുവാനും ആരംഭിച്ചു. കേരളത്തിൽ 1996 ൽ ആരംഭിച്ച ജനകീയാസൂത്രണം പദ്ധതികൾ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായമായി.

സംസ്ഥാന ബജറ്റിന്റെ മുപ്പത് ശതമാനം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നേരിട്ട് നൽകി അധികാര വികേന്ദ്രീകരണത്തിന് സംസ്ഥാനം ഉത്തമമാമായ ഉദാഹരണമായി.

ഈ കാലഘട്ടത്തിൽ തന്നെ സമാന്തരമായി താഴെ കൊടുക്കുന്ന നയപ്രഖ്യാപനങ്ങളും നിയമനിർമ്മാണങ്ങളും വയോജന ക്ഷേമ രംഗത്ത് പ്രാദേശികവും പ്രായോഗികവുമായ പദ്ധതികൾക്ക് രൂപം നൽകാൻ സഹായകമായി. (1)സംസ്ഥാന സാമൂഹ്യനീതി വകുപ്പ്, സാമൂഹ്യസുരക്ഷാ മിഷൻ എന്നിവയുടെ രൂപീകരണം. (2) 1999 ൽ നിലവിൽ വന്നതും 2011 ൽ പരിഷ്ക്കരിച്ചതുമായ National Policy on Older Persons എന്ന ദേശീയ വയോജന നയം (3)2006 ൽ നിലവിൽ വന്നതും 2013 ൽ പരിഷ്ക്കിരച്ചതുമായ സംസ്ഥാന വയോജന നയം(4) മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേത്തിനും സംരക്ഷത്തിനുമുള്ള 2007,ലെ നിയമം(5)രാജ്യത്ത് ആദ്യമായി അർദ്ധ ജുഡീഷ്യൽ അധികാരമുള്ള ഒരു വയോജന കമ്മീഷൻ ഓർഡിനൻസ്(6) ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് തലങ്ങളിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ(7) സാമൂഹ്യനീതി വകുപ്പും സാമൂഹ്യ സുരക്ഷാ മിഷനും നടപ്പാക്കുന്ന വയോജന ക്ഷേമ പ്രോജക്റ്റുകൾ (8) KILA (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, വാർഡ് മെമ്പർ/കൗൺസിലർമാർ വയോജന സംഘടനാ പ്രതിനിധികൾ, പൊതുജനങ്ങൾ എന്നിവർക്ക് വയോജന പ്രശ്നങ്ങളും പരിഹാരങ്ങളും പ്രാദേശിക ആസൂത്രണ രീതികളും പരിചയപ്പെടുത്തി. (9)കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ഈ മേഖലയിലുള്ള ഇടപെടലുകളും വയോജന സൗഹൃദ തദ്ദേശ സ്വയം ഭരണത്തിന് സഹായകരമായി.

### വയോജന സൗഹൃദ തദ്ദേശ സ്വയംഭരണം

വയോജനങ്ങളുടെ അവകാശങ്ങൾ തിരിച്ചറിയുകയും സംരക്ഷിക്കുകയും ആ അവകാശങ്ങളുടെ ഗുണഫലങ്ങൾ അവരിൽ എത്തിക്കുകയും ചെയ്യുമ്പോൾ ആരോഗ്യകരവും ക്രിയാത്മകവുമായ ജീവിതം നയിക്കുവാൻ അവർ പ്രാപ്തരാകും. ഇതിന് ആവശ്യമായ സമ്പ്രദായങ്ങളും സംവിധാനങ്ങളും രൂപീകരിക്കുകയും സാമൂഹ്യ ഇടപെടലിന് നിലമൊരുക്കുകയും ചെയ്യുകയാണ് വയോജന സൗഹൃദ തദ്ദേശ ഭരണത്തിന്റെ കാതൽ.

### കേരളത്തിലെ വയോജനങ്ങളുടെ അവസ്ഥ

ഉയർന്ന ആയുർദൈർഘ്യം, സന്തുലിത നിരക്കിലും താഴ്ന്ന ജനന നിരക്ക്, വിദേശ രാജ്യങ്ങളിലേക്ക് യുവാക്കളുടെ കുടിയേറ്റം എന്നിവ മൂലം ജനസംഖ്യയിലെ വയോജനങ്ങളുടെ അനുപാതം കേരളത്തിൽ വളരെ കൂടുതലാണ്. സംസ്ഥാനത്തെ വയോജനങ്ങളുടെ ജനസംഖ്യാ വർദ്ധനവ് ദേശീയ ശരാശരിയെക്കാൾ ഇരട്ടിയലധികമാണ്. വയോജന വനിതകളിൽ നല്ലൊരു ശതമാനം വിധവകളാണ്. ഉയർന്ന പ്രായ ക്കാരായവരിൽ സ്വന്തമായ വരുമാനം ലഭിക്കുന്നത് കേവലം 11 ശതമാനം പേർക്കു മാത്രമാണ്. മറ്റുള്ളവരെ ആശ്രയിച്ചു കഴിയുന്ന വയോജനങ്ങളാണ് കൂടുതൽ. തൊഴിൽ ശേഷിയുള്ള ഒരു വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന വയോജനങ്ങളുടെ എണ്ണം (Dependency Ratio) കൂടുന്നത് മൂലം കുടുംബാന്തരീക്ഷവും സംഘർഷഭരിതരാകുന്നു. പേരക്കുട്ടികളുമായുള്ള ബന്ധത്തിൽ തലമുറകൾ തമ്മിലുള്ള വിടവ് വർദ്ധിച്ചുവരുന്നതും ആശങ്കാജനകമാണ്. അനാദരവ്, അവഗണന, സാമ്പത്തിക ചൂഷണം, ലൈംഗിക ചൂഷണം, മർദ്ദനം, കുറ്റപ്പെടുത്തിയുള്ള സംസാരം, പോഷകാഹാര ദാരിദ്ര്യം, ജീവിതശൈലീ രോഗങ്ങൾ, ശാരീരിക അവശതകൾ, ഇവയൊക്കെ അനുഭവിക്കുന്ന വയോജനങ്ങൾ ധാരാളം ഉണ്ട്. വയോജനങ്ങളെ ആശ്രിത വിഭാഗമായിക്കാണുന്ന സമീപനവും നിലനിൽക്കുന്നു.

### വയോജന വികസന നയം കേരളത്തിൽ

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രണ്ട് സമീപനങ്ങളാണ് വയോജന വികസനത്തിൽ സ്വീകരിക്കേണ്ടത്.

### 1. ജീവിത ദൈർഘ്യ സമീപനം

ഈ സമീപനമനുസരിച്ച് വിവിധ പ്രായത്തിലുള്ള വയോജനങ്ങളുടെ ആവശ്യങ്ങളും മുൻഗണനകളും വ്യത്യസ്തമായതിനാൽ അതനുസരിച്ചുള്ള വ്യത്യസ്തമായ സേവന ഇടപെടലുകൾ നടത്തുകയും സേവനങ്ങളുടെ ഗുണഫലങ്ങൾ വയോജനങ്ങൾക്ക് അനുഭവവേദ്യമാക്കുകയും ചെയ്യുക

### 2. അവകാശാധിഷ്ഠിത സമീപനം

വയോജനങ്ങൾക്കായുള്ള സേവനങ്ങൾ അവരുടെ അവകാശമാണെന്ന് ബോധ്യപ്പെടുത്തി അവരുടെ പങ്കാളിത്തവും അഭിപ്രായവും ഉറപ്പുവരുത്തുന്നതിനുള്ള വയോജനാസൂത്രണ ഇടപെടലുകൾ ഊർജ്ജിതപ്പെടുത്തുക.

ആരോഗ്യസംരക്ഷണം, സാമൂഹ്യസുരക്ഷ, നിയമസുരക്ഷ, വയോജന പങ്കാളിത്തം, വയോജന സൗഹൃദ ആസൂത്രണ നടപടികൾ, വയോജന സൗഹൃദ പൊതു ഇടങ്ങളും പശ്ചാത്തലങ്ങളും, പൊതുജനപങ്കാളിത്തം, സാന്ത്വന പരിചരണം, വരുമാനവും നൈപുണ്യവും വർദ്ധിപ്പിക്കൽ, കുടുംബാംഗങ്ങൾക്കും പൊതുജനങ്ങൾക്കും വയോജനങ്ങളുമായുള്ള മെച്ചപ്പെട്ട ബന്ധങ്ങൾ വളർത്തുവാനുള്ള ബോധവൽക്കരണ ശ്രമങ്ങൾ,

വയോജനങ്ങൾക്ക് മാനസികോല്ലാസം നൽകുന്ന വിനോദ സൗകര്യങ്ങൾ എന്നീ വികസന മുൻഗണനാ മേഖലകളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപന ങ്ങൾ നടത്തുന്ന സമഗ്രമായ ഇടപെടലുകൾ വയോജനങ്ങൾക്ക് അന്തസുറ്റ വാർദ്ധക്യം ലഭ്യമാക്കും.

ഈ മുൻഗണനാ വിഷയമേഖലകളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തേണ്ട ഇടപെടലുകൾ:

1) ഓരോ വാർഡിലെയും വയോജനങ്ങളുടെ സമഗ്രമായ സ്ഥിതി വിവരകണക്കുകളും സമഗ്രാരോഗ്യ രേഖകൾ, ക്ഷേമപദ്ധതികൾ എന്നിവ തയ്യാറാക്കുമ്പോഴുള്ള അവസ്ഥാ വിശകലനത്തിന് ഇവ അനിവാര്യമാണ്. വ്യക്തിഗത ആരോഗ്യ കാർഡ് തയ്യാറാക്കുന്നതിനും, പോഷാകാഹാര കുറവ് നീക്കം ചെയ്യുവാനും സമ്പൂർണ്ണ സാമൂഹ്യ സുരക്ഷ ഉറപ്പു വരുത്തുവാനും ഈ Data base ഉപകരിക്കും. വിദ്യാർത്ഥികൾ, വായനശാലകൾ, ആശവർക്കർ, അങ്കണവാടി ടീച്ചർ എന്നിവരുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്താം കൃത്യമായ ഇടവേളകളിൽ ഈ വിവരങ്ങൾ പുതു ക്കുകയും ചെയ്യാം. പദ്ധതി മാർഗ്ഗരേഖയിൽ സ്ഥിതിവിവരകണക്കുകളുടെ ശേഖരണം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താനും വ്യവസ്ഥയുണ്ട്.

2) വയോജനങ്ങൾക്ക് ചികിത്സാ കേന്ദ്രങ്ങളിൽ പ്രത്യേക ഇരിപ്പടങ്ങളും ക്യൂവും ഏർപ്പെടുത്തണം. വയോജന ഹെൽത്ത് ക്ലബ് കുടുംബാംഗങ്ങൾക്ക് വയോജന പരിചരണത്തെക്കുറിച്ച് പരിശീലനം കൊടുക്കൽ, മറവി രോഗക്കാർക്കും ഓർമ്മ നശിച്ച വയോജനങ്ങൾക്കും സംരക്ഷണം എന്നിവ വയോജന ആരോഗ്യ പരിചരണമേഖലയെ ശക്തിപ്പെടുത്തും

3) വയോജനങ്ങളുടെ ആവശ്യങ്ങളും മുൻഗണനാ ക്രമവും അർഹരായ ഗുണഭോക്താക്കൾ ആരൊക്കെയെന്നും കൃത്യമായി അറിയുന്നവർ വയോജനങ്ങൾ തന്നെയാണ്. ആയതിനാൽ വയോജന ക്ഷേമ പദ്ധതികളുടെ ആസൂത്രണ തലം മുതൽ വയോജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. ഗ്രാമസഭ, വാർഡ് കമ്മിറ്റി എന്നിവയിൽ നിന്നും വയോജനങ്ങളുടെ ആവശ്യങ്ങൾ അറിയുവാൻ കഴിയും. അവ കൃത്യമായി വിളിച്ചു കൂട്ടണം. വർക്കിംഗ് ഗ്രൂപ്പ്, ആസൂത്രണ സമിതി എന്നിവയിൽ വയോജന പ്രതിനിധികളെ ഉൾപ്പെടുത്തണം. വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായ വർക്കിംഗ് ഗ്രൂപ്പ്, വികസന സമിതി, പ്രത്യേക വയോജന സഭ എന്നിവയിൽ നിന്നും ലഭിക്കുന്ന ക്ഷേമ പദ്ധതി നിർദ്ദേശങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം.

4) നിയമ സുരക്ഷ ഉറപ്പു വരുത്തുവാൻ പഞ്ചായത്തുകളിലും പോലീസ് സ്റ്റേഷനുകളിലും ജാഗ്രതാ സമിതികളുടെ രൂപീകരണവും പ്രവർത്തനവും മെച്ചപ്പെടുത്തുവാനുള്ള ഇടപെടലുകളും അത്യാവശ്യമാണ്. പോലീസ് സ്റ്റേഷനുകളിൽ വയോജനങ്ങൾക്കെതിരായ അതിക്രമങ്ങൾ പ്രത്യേകം രജിസ്റ്റർ ചെയ്യുക, ജില്ലാ പോലീസ് മേധാവിക്ക് ഈ വിവരങ്ങൾ കൃത്യമായി റിപ്പോർട്ടുചെയ്യുക എന്നിവ ഉറപ്പ് വരുത്തണം. ഒറ്റയ്ക്ക് താമസിക്കുന്നവരെ സിവിൽ പോലീസ് ഓഫീസർ പ്രത്യേകം സന്ദർശിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. വനിതാ കമ്മീഷൻ, മെയിന്റനൻസ് ട്രൈബ്യൂണൽ എന്നിവയുടെ ട്രൈബ്യൂണൽ മോട്ടാർ ആക്സിഡന്റ്സ് ക്ലെയിംസ് അദാലത്തുകൾ നടത്തുവാനും നടപടികൾ സ്വീകരിക്കണം.

5) ഭവനരഹിതരായ വയോജനങ്ങളെ ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുത്തി താമസസൗകര്യം നൽകുന്നതിന് മുൻഗണന നൽകുന്നത് വയോജന സൗഹൃദ ഭരണം തന്നെയാണ്.

6) വയോജനങ്ങൾക്ക് തടസ്സമില്ലാതെ ഉപയോഗിക്കാവുന്ന പൊതു ഇടങ്ങളും പശ്ചാത്തല സൗകര്യങ്ങളും ലഭ്യമാക്കുന്നത് വളരെ പ്രാധാന്യമുള്ള ഇടപെടലാണ്. പകൽ വീടുകൾ, പാർക്കുകൾ, വായനശാലകൾ എന്നിവ വയോജനങ്ങൾക്ക് വിനോദത്തിനും ഒത്തുകൂടലിനും സൗകര്യപ്പെടുത്തുക, ഫുട്ട് പാത്തുകൾ, വിദ്യാലയങ്ങൾ, ഓഫീസുകൾ തുടങ്ങിയ പൊതു ഇടങ്ങൾ തടസ്സവിമുക്തമാക്കണം. തിരക്കേറിയ ക്രോസിംഗുകളിൽ ഹോംഗാർഡുകളെ നിയോഗിക്കുക.

7) സാന്ത്വന പരിചരണ മേഖലയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനം നടത്തുന്ന ഏറ്റവും ചെറിയ ഇടപെടലുകൾ പോലും ആ സ്ഥാപനങ്ങളെ വയോജന സൗഹൃദ സ്ഥാപനം എന്ന പദവിയിലേക്ക് ഉയർത്തും. ആംബുലൻസ് സംവിധാനം ലഭ്യമാക്കൽ ഇതിൽ പ്രധാനമാണ്. പൊതു സ്വകാര്യ സഹകരണത്തോടെ ഇത് നടപ്പാക്കാൻ കഴിയും. ബിപിഎൽ വിഭാഗത്തിന് ഈ സേവനം സൗജന്യമായി നൽകുകയും ചെയ്യാം.

8) വയോജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുക, വയോജനങ്ങളുടെ അറിവും പരിചയവും പൊതുജന നന്മക്കായി ഉപയോഗിക്കുന്നതിനുള്ള പദ്ധതികളും ആവശ്യ മാണ്.

9) വയോജനങ്ങൾക്ക് വരുമാനദായക സംരംഭങ്ങൾക്കും വയോജന അയൽക്കൂട്ടങ്ങൾക്കും പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് രൂപം കൊടുക്കേണ്ടതാണ്.

10) വയോജനങ്ങൾക്ക് വൃദ്ധ സദനങ്ങളേക്കാൾ കുടുംബസംരക്ഷണമാണ് എപ്പോഴും അഭികാമ്യം. 2013 ലെ സംസ്ഥാന വയോജന നയവും ഈ അവസ്ഥ അംഗീകരിക്കുന്നു. കുടുംബത്തിലെ ഇളയ തലമുറകൾക്ക് വയോജനങ്ങളോട് ആരോഗ്യകരമായ സമീപനം ഉറപ്പാക്കുന്ന കൗൺസിലിംഗ് സൗകര്യങ്ങൾ ഏർപ്പാടാക്കുന്നതും, വിദ്യാലയങ്ങളിലും, റസിഡന്റ്സ് അസോസിയേഷനുകളിലും ബോധവൽക്കരണ ക്ലാസ്സു കളും നടത്തുന്നത് മാറ്റങ്ങൾ സൃഷ്ടിക്കും.

11) വയോജനങ്ങളുടെ കലാകായിക മേളകൾ,വിനോദയാത്രകൾ എന്നിവ സംഘടിപ്പി ക്കുന്നതും വയോജന സൗഹൃദ ഭരണത്തിന്റെ മുഖമുദ്രയാണ്.

12) വയോമിത്രം പദ്ധതി പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുക, പകൽവീടുകളെ റിസോഴ്സ് കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുക എന്നിവയും പ്രാദേശിക ഭരണത്തെ വയോജന സൗഹൃദമാക്കുന്നു. ജനകീയാസൂത്രണത്തിന്റെ ഫലമായി സൃഷ്ടിക്കപ്പെട്ട പ്രാദേശിക പദ്ധതി രൂപീകരണത്തെക്കുറിച്ചുള്ള പ്രായോഗിക വിജ്ഞാനം, കുടുംബശ്രീ സംവിധാനം എന്നിവ കേരളത്തിന്റെ സാമൂഹ്യ മൂലധനമാണ്. ഈ മൂലധനം കേരളമൊട്ടാകെ ഇന്നും ലഭ്യമാണ്. ഈ മൂലധന ശക്തിയെ വയോജന നന്മക്കായി ഉപയോഗിക്കാൻ കഴിയുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വളരെ വേഗം വയോജന സൗഹൃദ ഭരണം കാഴ്ചവെയ്ക്കും.

### ഇനിയും മികച്ച വയോജന സൗഹൃദ ഭരണത്തിനായി സംസ്ഥാന സർക്കാർ ചെയ്യേണ്ട തുടർ നടപടികൾ

സംസ്ഥാനത്ത് 2017 ൽ സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ ശിശു വകുപ്പ് രൂപീകരിച്ചു. തൽഫലമായി ഐസിഡിഎസ് ജീവനക്കാരും അങ്കണവാടി ജീവനക്കാരുമുൾപ്പെടെ എഴുപതിനായിരം ജീവനക്കാരുടെ സേവനം വയോജനങ്ങൾക്കു നഷ്ടമായി. ജില്ലാ തലത്തിന് താഴെ ഇപ്പോൾ സാമൂഹ്യനീതി വകുപ്പിന് ജീവനക്കാർ ഇല്ലാത്ത അവസ്ഥയാണ്. ചെറുതും വലുതുമായ എല്ലാ ആവശ്യങ്ങൾക്കും വയോജ നങ്ങൾ ജില്ലാ സാമൂഹ്യ നീതി വകുപ്പിനെ ആശ്രയിക്കേണ്ടി വരുന്നു. സാമൂഹ്യനീതി വകുപ്പിന്റെ ക്ഷേമ പദ്ധതികൾ ഗുണഭോക്താക്കളിൽ എത്തിച്ചേരാൻ പരാജയപ്പെടുന്നതിന് ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതും ഒരു കാരണമാണ് ഫലത്തിൽ വയോജനങ്ങൾക്ക് നീതിയും ക്ഷേമവും നിഷേധിക്കപ്പെടുന്നു

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സാമൂഹ്യനീതി വകുപ്പിന്റെ ഒരു വയോജന കോ ഓർഡിനേറ്റർ അല്ലെങ്കിൽ ഫെസിലിറ്റേറ്ററെ നിയമിക്കുകയാണ് ഈ ദുരവസ്ഥയ്ക്ക് പരിഹാരം. മെയിന്റനൻസ് ട്രിബ്യൂണലുകൾ ഇപ്പോൾ താലൂക്ക് ഓഫീസുകളിൽ മാത്രം പ്രവർത്തിക്കുന്നത് വയോജന സൗഹൃദമല്ല. അതിനാൽ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ നിന്നും ലഭിക്കുന്ന പരാതികളിലെ കൺസീലിയേഷൻ നടപടികൾ ആ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ വച്ച് നടത്തുകയാണെങ്കിൽ വയോജനങ്ങൾക്ക് വളരെ ആശ്വാസമാകുന്നതാണ്. കൺസീലിയേഷൻ ഓഫീസർമാർക്ക് ചുമതല വഹിക്കാനുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അലോട്ട് ചെയ്ത് കൊടുക്കുന്നത് പ്രയാസങ്ങൾ ഒഴിവാക്കും. പല വർഷങ്ങളിലും മികച്ച സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങൾക്ക് കേന്ദ്ര സമ്മാനം നേടിയതാണ് നമ്മുടെ സംസ്ഥാനം. മികച്ച ആസൂത്രണവും ഭാവനാപൂർണ്ണമായ പദ്ധതികളും ആവി ഷ്ക്കരിച്ച് വയോജന സൗഹൃദ പ്രാദേശിക ഭരണത്തിലേക്കുള്ള യാത്രയിൽ നമുക്ക് സഹയാത്രികരാകാം.

General Secretary, Senior Citizens Friends Welfare Association (SCFWA) Kerala Phone:0471-2996962. Mob:9446483677. Email:scfwakerala@gmail.com, amaravilaramakrishnannair@gmail.com

**136**

# Fostering Compassionate Communities: Integrating Grief Counseling and Death Literacy for age friendly grama panchayats

Jeeva J.R. & Dr. Vijayakumar K.

In the new age-friendly governance paradigm, Kerala's Grama Panchayats have a critical role to play in establishing death literacy culture and integrating grief counseling into public health and social care frameworks. With an estimated 210 deaths annually in an average Grama Panchayat (using a crude death rate of 7 per 1,000 population), grief and bereavement affect a large number of older individuals and families, leading to emotional trauma and depression in the elderly. Formalized grief counseling services are, however, largely non-existent or negligible at the grass roots, leaving communities inadequately served.

The paper invites a community-based, systemic grief counseling approach that would make it a core part of age-friendly governance. Grama Grama Panchayats, drawing upon their existing local health networks, can formalize grief

support services and link them to rehabilitation programs, as necessary. Main proposals are:

1. Instituting Grief Counseling Units under Panchayats and integrating them into existing health and social welfare programs.
2. Training local counselors—local health workers, ASHAs, Kudumbashree members, and volunteers—to provide structured grief support.
3. Establishing measurable targets, such as reaching at least 50% of bereaved households, to ensure universal coverage of services.
4. Organizing community-level awareness to popularize discussions on grief, bereavement, and emotional well-being.
5. Establishing peer support networks to facilitate mutual healing and social reintegration for the affected.

Yet, the provision of grief counseling services in the PHC and GP levels confronts various challenges. These are the absence of trained staff, few financial and infrastructural resources, social stigma related to the discussion of grief, and the lack of formal linkage with current healthcare services. Overcoming the barriers entails capacity-building programs, specific funding, and intersectoral collaboration between health, social welfare, and community organizations. Moreover, integrating grief counseling in primary healthcare centers and elderly welfare programs may increase accessibility and sustainability.

By integrating grief counseling in the platform of age-friendly governance, Kerala's Grama Panchayats may become national models of empathetic and inclusive elderly care, promoting emotional resilience and dignity among older citizens and their families.

Health Action by people

**137**

## Evaluating Home Nursing Service Quality for the Elderly Wellbeing in Thiruvananthapuram: Key Factors and Gaps

Yadin V Nair

The demand for home nursing services has significantly risen in Thiruvananthapuram District due to its aging population and high prevalence of chronic diseases like diabetes, hypertension, and cardiovascular conditions. The study attempts to investigate the quality of home nursing services from the perspective of elderly care receivers and explore the key factors which influences their decision-making process when recruiting home nurses. The study also aims to evaluate the overall quality of services provided by home nurses focusing on various dimensions such as trust, experience, affordability, cultural sensitivity, emergency handling, and communication.

A mixed method approach primarily quantitative, supported by qualitative insights using case studies was employed to gather data from 70 elderly care receivers who appointed home nurses for diverse services. The researcher looks into the socio-demographic factors of care receivers such as gender, marital status, and family structure to understand their impact on service perception. Additionally, the study explores the alignment of home nurses' qualifications, training, and values with the expectations of care receivers, examining how these elements influence satisfaction and perceived care quality. The key findings reveal that affordability and education play critical roles in the recruitment process, with a significant

portion of care receivers emphasizing the importance of language compatibility, cultural sensitivity and the nurse's ability to handle emergency situations. The study also uncovers the variability in service quality based on the home nurse's experience with specific medical conditions, with families seeking specialized care demonstrating higher expectations for technical skills. Furthermore, the research highlights the importance of ongoing training and skill development for home nurses to improve their ability to manage complex health conditions, including lifestyle diseases like diabetes.

In conclusion, the study emphasizes about the need for a regulatory framework and standardized training programs to address the current gaps in home nursing services. It tells about the need of government interventions to introduce formalized training curriculums for home nurses, focusing on medical procedures, patient interaction, and emergency response. The study's findings offer practical recommendations for the policymakers, healthcare providers, and home nursing agencies for providing a foundation for enhancing the quality and accessibility of home healthcare services in Thiruvananthapuram and similar regions.

**Keywords:** Home Nursing Services, Elderly Care, Service Quality, Cultural Sensitivity, Affordability, Trust and Communication, Emergency Handling

Research Assistant, Health Action by People (HAP), iruvananthapuram

**138**

## വയോജന സൗഹൃദ പഞ്ചായത്ത്

പിലിക്കോട് ഗ്രാമപഞ്ചായത്ത്

1949 ൽ പിലിക്കോട് ഗ്രാമ പഞ്ചായത്ത് രൂപീകൃത മായി. ജനകീയാസൂത്രണ പദ്ധതി യുടെ ഭാഗമായി ദേശീയതലത്തിൽ തന്നെ ശ്രദ്ധേയമായ വികസന മാതൃകകൾക്ക് രൂപം നൽകാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. സമ്പർണ്ണ ശുചിത്വ പദ്ധതിയിലൂടെ പഞ്ചായ ത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ശുചി ത്വമുള്ള കക്കൂസ് സ്ഥാപിച്ചുകൊണ്ട് രാജ്യത്തെ പ്രഥമ നിർമ്മൽ പുരസ്കാരം, ഊർജ്ജയാനം ജനകീയ ഊർജ്ജ സംരക്ഷണ പദ്ധതിയി ലൂടെ ഇന്ത്യയിലെ ആദ്യത്തെ ഫിലമെന്റ് ബൾബ് രഹിത ഗ്രാമ പഞ്ചായ ത്ത്, ഊർജ്ജ സംരക്ഷണത്തിന് ദേശീയതലത്തിൽ മാതൃകയാക്കിയ നിരവധി അനുബന്ധ പദ്ധതി കൾ,സ്വരാജ് ട്രോഫി,ജൈവ വൈവിധ്യ പരിപാലന അവാർഡ്, വയോസേവാ അവാർഡു കൾ പഞ്ചായ ത്തിന്റെ വികസന മാതൃകകൾക്കുള്ള അടയാളപ്പെ ടുത്തലുകളാണ്. സംസ്ഥാനത്ത് ജനകീയാസൂത്രണ പദ്ധതികളുടെ നിർവ്വഹണത്തിൽ മികവുറ്റ പ്രവർത്തന പാരമ്പര്യം പഞ്ചായത്തിനുണ്ട്.

പിലിക്കോട് ഗ്രാമപഞ്ചായത്ത് വയോജനങ്ങൾക്കായി കഴിഞ്ഞ കുറേ വർഷങ്ങളായി വിവിധ പരിപാടികൾ നടത്തി വരുന്നു. ഇതിന്റെ അംഗീകാരം എന്ന നിലയിൽ 2024 ലെ വയോജന ക്ഷേമ സംരക്ഷണ മേഖലയിലെ മികവിന്റെ അംഗീകാരം വയോജന അവാർഡ് 2024 മികച്ച ഗ്രാമപഞ്ചായത്തായി സാമൂഹ്യ നീതി വകുപ്പ് പിലിക്കോട് ഗ്രാമപഞ്ചായ്ത്തിനെ തെരഞ്ഞെടുത്തു.

### പഞ്ചായത്ത് നടപ്പാക്കിയ പ്രവർത്തനങ്ങൾ

### വയോജന ക്ലബ്ബ് രൂപീകരണം

പഞ്ചായത്തിലെ എല്ലാ വയോജനങ്ങളേയും ഉൾപ്പെടു ത്തിക്കൊണ്ട് 106 വയോജന അയൽക്കൂട്ടങ്ങൾ രൂപീ കരിച്ച് പ്രവർത്തിച്ചുവരുന്നു. വാർഡ് തല വയോജന സമിതി, പഞ്ചായത്ത് തല വയോജന സമിതി എന്നിവ പ്രവർത്തിക്കുന്നു. ഈ സമിതിയുടെ നേതൃത്വ ത്തിൽ വയോജന സർവ്വെ നടത്തി പഞ്ചായത്തിലെ 4714 (2038 പുരുഷൻ +2766 സ്ത്രീകൾ) ഉണ്ടെന്ന് കണ്ടെത്തി. ഇവരുടെ നേതൃത്വത്തിൽ വാർഡ്, പഞ്ചായത്ത് തല വയോജന സംഗമങ്ങൾ, വയോജന മെഡിക്കൽ ക്യാമ്പ്, (അലോപ്പതി, ആയുർവ്വേദം) നേത്ര പരിശോധന ക്യാമ്പ്, എല്ലാമാസവും ബി പി,ഷുഗർ,ദ ന്ത പരിശോധന എന്നിവ ടെസ്റ്റ് ചെയ്യുന്നു.

### പാലിയേറ്റീവ് പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ 210 കിടപ്പ് രോഗികൾ ഉണ്ട്. കിടപ്പ് രോഗികളെ പ്രതിമാസം പഞ്ചായത്ത് പാലിയേറ്റീവ് സമിതിയുടെ നേതൃത്വത്തിൽ സന്ദർശിച്ച് ആവശ്യ മായ പരിചരണം നടത്തി വരുന്നു. നീലേശ്വരം

ബ്ലോക്ക് പഞ്ചായത്തിന്റെ സ്നേഹപഥം വഴി എല്ലാ കിടപ്പ് രോഗികളേയും ഡോക്ടറുടെ നേതൃത്വത്തിൽ സന്ദർശിക്കുന്നു. ഇതിന് പുറമേ സ്നേഹധാര ജനകീയ പാലിയേറ്റീവ് സമിതി ഗ്രാമപഞ്ചായത്ത്,കനിവ് പാലിയേറ്റീവ് സൊസൈറ്റിയുടെ നേതൃത്വത്തിലും കിടപ്പ് രോഗികളെ എല്ലാ മാസവും സന്ദർശിക്കുകയും രോഗികൾക്ക് ആവശ്യമായ മരുന്ന്,ഉപകരണം,മറ്റ് സഹായങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു.

പഞ്ചായത്തിൽ ഒരു സായംപ്രഭാ ഹോമും, 3 പകൽ വിശ്രമകേന്ദ്രങ്ങളും ഉണ്ട്. ഇവയുടെ നേതൃത്വത്തിൽ യോഗ പരിശീലനം,ഓപ്പൺ ജിം എന്നിവയും കാലിക്കടവിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഫിസിയോ തെറാപ്പി സെന്റർ പ്രവർത്തിക്കുന്നു. ദിവസവും ശരാശരി 40 രോഗികൾക്ക് സഹായകമാകുന്നു. കൂടാതെ കിടപ്പ് രോഗികൾക്ക് അവരവരുടെ വീടുകളിൽ പോയി ഫിസിയോ തെറാപ്പി ചെയ്യിക്കുന്നു.ഇവ കൂടാതെ വയോജനങ്ങൾക്ക് ഉല്ലാസ യാത്രകൾ,നടത്ത കൂട്ടങ്ങൾ,ചിരിക്ലബ്ബ്,വയോജന സംഗമങ്ങൾ, ആരോഗ്യ ക്ലാസ്സുകൾ,വയോജനങ്ങളുടെ സ്കില്ല് പൊതു സമൂഹത്തിൽ ലഭ്യമാകുന്ന പ്രവർത്തനങ്ങൾ എന്നിവ നടത്തി വരുന്നു. എല്ലാ വർഷവും പഞ്ചായത്ത് പ്രൊജക്ടുകളിൽ സർക്കാർ നിർദ്ദേശിക്കുന്നതിനപ്പുറം തുക വയോജന ക്ഷേമ പരിപാടികൾക്കായി ഉൾപ്പെടുത്തിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായി നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ മൂലം നമ്മുടെ പഞ്ചായത്ത് വയോജന സൌഹൃദമാക്കാനും സാധിച്ചു. കഴിഞ്ഞ കുറേ വർഷങ്ങളായി പഞ്ചായത്ത് ഉൾപ്പെടുന്ന ചന്തേര,ചീമേനി പോലീസ് സ്റ്റേഷനുകളിൽ വയോജന സംരക്ഷണ പീഡനം എന്നിവയിൽ ഒരു കേസും റിപ്പോർട്ട് ചെയ്തിട്ടില്ല.

**വയോജന നയം പ്രഖ്യാപിച്ചു.**

കേരളത്തിൽ ആദ്യമായി വയോജന നയം പ്രഖ്യാപിച്ച പഞ്ചായത്താണ് പിലിക്കോട് ഗ്രാമ പഞ്ചായത്ത്. പഞ്ചായത്ത് വയോജന സമിതി തയ്യാറാക്കിയ വയോജന നയം ഗ്രാമപഞ്ചായത്തിലെ 106 വയോജന അയൽക്കൂട്ടങ്ങൾ ചർച്ച ചെയ്തു. തുടർന്ന് ഇവയുടെ ക്രോഡീകരണവും ചർച്ചയും വാർഡ് തല വയോജന സമിതി നടത്തുകയും അവ പഞ്ചായത്ത് തലത്തിൽ ആവശ്യമായ മാറ്റങ്ങളോടെ അംഗീകരിച്ചു. ഈ വയോജന നയം പിലിക്കോട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയും അംഗീകരിച്ചിട്ടുണ്ട്.

# തൊഴിലും പ്രാദേശിക സാമ്പത്തിക വികസനവും

**139**

## Micro Enterprise Entrepreneurship Scheme (MEES): Empowering Entrepreneurs for Economic Growth in Kerala

Premnath Ravindranath

### 1. Objective of the Scheme

The Micro Enterprise Entrepreneurship Scheme (MEES) aims to empower micro enterprises by providing financial assistance for product development, commercialization, and scaling operations, with the broader goal of fostering innovation and ensuring long-term success for entrepreneurs. As part of the Year of Enterprises 2022-23 initiative the Directorate of Industries & Commerce has appointed Entrepreneur Development Executives (EDEs) at Local Self Government Institutions (LSGIs) to mentor and support entrepreneurs throughout their business journey.

It is proposed that these EDEs will offer mentorship and ongoing support to entrepreneurs, providing valuable guidance from the early stages of setting up the business and continuing throughout its development. The EDEs will be grouped into Multi-Disciplinary Entrepreneur Support Teams (MEST) if necessary with additional mentors. The MEST will receive 10% of the net profit of the business for five years after its commencement, ensuring

continued mentorship and incentivizing their commitment to the success of the enterprise. This model not only ensures ongoing support but also incentivizes MEST to stay committed to the success of each unit, fostering a strong entrepreneurial ecosystem in Kerala. By tying rewards to the long-term success of the business, this approach guarantees that entrepreneurs receive consistent, high-quality mentorship throughout their journey.

**2. Scheme Overview**

MEES offers financial assistance of up to Rs. 20 lakh to eligible micro enterprises for covering project costs like product development, equipment procurement, and scaling operations. The loan repayment period extends up to five years, with a moratorium period of up to one year to ease the financial burden on entrepreneurs during the early stages of the project.

**3. Eligibility Criteria**

Enterprises wishing to avail of the MEES support must be registered as MSMEs under the Udyam Registration platform. The scheme is open to both new MSMEs (less than 18 months of operation) and existing MSMEs looking to expand or modernize. Specific eligibility criteria include:

- **Age Limit:** Promoters must be 50 years or younger, with age relaxations for NRKs, SC/STs, and women (a five-year relaxation).
- **Permanent Employment:** Promoters must not be permanently employed, with a self-attested affidavit confirming this condition.
- **Minimum Contribution:** Promoters are required to contribute at least 10% of the total project cost

The new definitions, as per the Union Budget 2025-26, will be applicable for MSMEs

**4. Eligible Activities & Projects**

The scheme prioritizes new product development, technology innovation, and expansion or modernization of existing businesses. Industries involved in agro-based products, manufacturing, and startups will be given priority for funding.

**5. Financial Assistance**

Under the MEES scheme, eligible entrepreneurs can access financial assistance up to Rs. 20 lakh for covering various project costs such as product development, equipment procurement, scaling up operations, and marketing expenses. The loan may be structured as either a term loan or a working capital term loan, depending on the enterprise's needs. Additionally, the loan interest will be subsidized through a government interest subsidy, making it more accessible to micro enterprises.

The funds will be disbursed in stages based on the project's requirements, and the entrepreneur's contribution must be provided upfront before the loan disbursement.

**6. Training & Capacity Building**

To ensure that entrepreneurs are well-prepared to run their businesses successfully, the MEES mandates a 15-day training program on entrepreneurship, business management, and industry-specific knowledge.

**7. Selection Process**

Promoters interested in the MEES scheme must register online through the designated portal. Each application will be evaluated by a selection committee comprising representatives from government and financial institutions.

**8. Loan Security**

The loan will require collateral security, such as the mortgage/hypothecation of assets purchased with the loan and personal guarantees from promoters. Alternative security options include CGTMSE coverage.

**9. Follow-up & Monitoring**

Once a loan is disbursed, the progress of each enterprise will be regularly monitored by district-level officers and project executives from the MEST. This ensures that the funded

businesses are on track with their growth plans and receive any necessary assistance during their operational journey. Continuous mentorship and support will be provided by MEST, ensuring that entrepreneurs have the right guidance for scaling and expanding their businesses.

There will be also a dedicated grievance redressal system in place.

**10. Implementation & Monitoring**

The scheme will be implemented by a Nodal Agency, which could be a financial institution like Kerala Financial Corporation (KFC), Kerala State Industrial Development Corporation (KSIDC), or the lead bank in the region. The funding for the scheme will be provided by Financial Institutions (FIs), Scheduled Commercial Banks, NBFCs, and Small Finance Banks operating in Kerala. District-Level Monitoring Committees will ensure smooth processing of applications and facilitate approvals at the local level.

**140**

## ഗ്രാമസഭ: പ്രതിസന്ധികളും പ്രതീക്ഷകളും

ഡോ. രാമന്തളി രവി

ഫെഡറൽ ഭരണസംവിധാനങ്ങൾ പോലും പരിമിതപ്പെടുത്തുവാനുള്ള ശ്രമങ്ങൾ നടക്കുമ്പോൾ പ്രത്യക്ഷ ജനാധിപത്യ വേദികൾ അതി സങ്കീർണമായ പ്രതിസന്ധികളിലൂടെ കടന്നു പോകുന്നു എന്നതിൽ അതിശയിക്കാനില്ല.ഉയർന്ന തലത്തിൽ പ്രാവർത്തികമാക്കിയ പ്രാതിനിധ്യ ജനാധിപത്യ പ്രക്രിയയുടെ പരിമിതിയും താഴെത്തട്ടിലുള്ള പങ്കാളിത്ത ജനാധിപത്യ പ്രക്രിയകളുടെ സാധ്യതകളും സമരസപ്പെട്ട് പോകേണ്ടതിനു പകരം ചില തടസ്സങ്ങളിലും സംഘർഷങ്ങളിലേക്കും എത്തിച്ചേരുന്നുണ്ട്.എന്നാൽ കേരളത്തിൽ സാമൂഹ്യ അധികാര ഘടനയെ പുനർ നിർവചിക്കാനുള്ള ശ്രമം ഒരു പരിധിവരെ നടന്നു എന്ന് പറയുമ്പോഴും സാമൂഹ്യഘടനയിലും അധികാര സ്ഥലികളിലുമുള്ള അഴിച്ചുപണികൾ എളുപ്പമല്ലെന്നും അവ സംഘർഷാത്മകവും ദീർഘവുമാണെന്നും നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങളെ മുൻനിർത്തി കേരളത്തിന് പറയാനാകും.

അധികാരവികേന്ദ്രീകരണ ചരിത്രത്തിൽ ഇടം നേടിയ 1992ലെ ഭരണഘടന ഭേദഗതിയും 243 (എ)അനുച്ഛേദവും 1994ലെ കേരള പഞ്ചായത്ത് ആക്റ്റും സെക്ഷൻ 187 -ൽ സൂചിപ്പിക്കുന്ന ത്രിതല പഞ്ചായത്തുകളും ഗ്രാമസഭാ സംവിധാനങ്ങളും ചേർന്നതാണ് കേരളത്തിലെ പഞ്ചായത്ത് രാജ്സംവിധാനം എന്ന വിശകലനവും പ്രത്യക്ഷ ജനാധിപത്യ സൂക്ഷ്മതല സംവിധാനം എന്ന നിലയിലുള്ള ഗ്രാമസഭയുടെ വൈപുല്യം വെളിപ്പെടുത്തുന്നുണ്ട്.

വികേന്ദ്രീകൃതാസൂത്രണം ഭരണഘടനയുടെ പിൻബലത്തോടെ ഫലപ്രദമായി നടപ്പാക്കുന്നതിന് വേണ്ടി കേരളം സ്വീകരിച്ച രീതിശാസ്ത്രമാണ് ജനകീയ ആസൂത്രണത്തിന്റെ ഉള്ളടക്കം ആയി വികസിച്ചുവന്നത്. തദ്ദേശസ്ഥാപനങ്ങൾ തോറും ഗ്രാമസഭകൾ വിളിച്ചുചേർത്തപ്പോൾ ഒരെണ്ണം മാതൃകാഗ്രാമസഭകൾ എന്ന വണ്ണം വിപുലമായ കാമ്പയിനോടുകൂടി ആരംഭിച്ചു. വാർഡിലെ 50 ശതമാനത്തിലേറെ വോട്ടർമാർ ഗ്രാമസഭയിൽ എത്തിച്ചേർന്നു.ഉദ്ഘാടന സെഷനു ശേഷം വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ വികസന മേഖലയിലെയും നിലനിൽക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്തു. ഓരോ വ്യക്തികളുടെയും ആവശ്യങ്ങളും വികസന പ്രശ്നങ്ങളും തുറന്നു പറയുവാൻ കിട്ടിയ അവസരങ്ങൾ ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞു. അവിടെ ഉന്നയിക്കപ്പെട്ട കാര്യങ്ങളെല്ലാം രേഖപ്പെടുത്തി അവരുടെ മുന്നിൽ അവതരിപ്പിക്കപ്പെട്ടു. പഞ്ചായത്ത് രാജ് നിയമത്തിന്റെയും ചട്ടങ്ങളുടെയും പരിധിക്ക് അകത്തു നിന്നുകൊണ്ട് പ്രാദേശിക സർക്കാറിന്റെ ചുമതലകൾ പരിശോധിക്കപ്പെട്ടു. ഫണ്ടിന്റെ ലഭ്യതകൾക്ക് അനുസരിച്ച് പൊതുസമൂഹത്തിന്റെ സന്നദ്ധപ്രവർത്തനവും സംഭാവനയും ചേർത്തുവെച്ച് എങ്ങനെ ലക്ഷ്യത്തിലെത്താമെന്നതിനെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ ഒരു സമൂഹമാകെ വികസന പ്രവർത്തനത്തിൽ പങ്കാളികളാവുകയാണ് ഉണ്ടായത്. ഗ്രാമസഭകളിലേക്ക് ആളുകൾ കയറി വന്നു. വർഷത്തിൽ നാല് തവണയായി നടക്കുന്ന ഗ്രാമസഭയുടെ അജണ്ടകളിൽ വാർഷിക കണക്കുകളുടെ അവതരണം, നടപ്പ് വാർഷിക പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, പദ്ധതി നിർവഹണം മോണിറ്ററിംഗ്, ഓഡിറ്റ് റിപ്പോർട്ട് ചർച്ചകൾ എന്നിവ ഓരോന്നായി ഇടം നേടുകയും പൊതുസമൂഹം ഒരു ഉത്സവപ്രതീതിയോടെ അതേറ്റെടുക്കുകയും ചെയ്തു. ഒരു പ്രതീക്ഷയുടെ തിരിനാളം ജനങ്ങളിൽ കൊളുത്തി വയ്ക്കുവാൻ സാധിച്ചു.ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ നിന്ന്

പത്താം പദ്ധതിയിലേക്ക് സംസ്ഥാനം കടന്നുവന്നു. പദ്ധതിയുടെ സുതാര്യതയിൽ സംശയങ്ങൾ ഉടലെടുത്തു. ഗ്രാമസഭകളിലെ പങ്കാളിത്തത്തിൽ കുറവ് വന്നു. പദ്ധതി രൂപീകരണത്തിനും ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിലും ജനങ്ങൾക്ക് സംശയങ്ങൾ ഉടലെടുത്തു. തങ്ങൾ പറയുന്ന കാര്യങ്ങൾ പദ്ധതിയിൽ ഇടംപിടിക്കുന്നില്ലെന്ന ആക്ഷേപം വ്യാപകമായി. അനർഹരായവർ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുന്നു എന്ന പരാതികൾ ഉണ്ടായി. തങ്ങൾ ആവശ്യപ്പെടുന്ന റോഡുകൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി പദ്ധതികൾ ഉണ്ടാകുന്നില്ല. തങ്ങൾ പറയുന്ന കാര്യങ്ങൾ മുഖവിലക്കെടുക്കുന്നില്ല തുടങ്ങിയ ആക്ഷേപങ്ങൾ ഉയർന്നുവരാൻ തുടങ്ങിയതോടെ ചിലരെങ്കിലും ഗ്രാമസഭയിൽ നിന്ന് പിൻവലിഞ്ഞു തുടങ്ങി. തങ്ങൾ പറയുന്നതിന് ചെവി കൊടുക്കാതിരിക്കുന്നിടത്ത് ഞങ്ങൾ എന്തിനു പോകണം? തങ്ങളുടെ ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി ലഭിക്കാതെ വീണ്ടും വീണ്ടും ചെല്ലുന്നത് എന്തിന് ?തുടങ്ങിയ ആക്ഷേപങ്ങൾ വ്യാപകമായി ഉയർന്നുവന്നു. തങ്ങളെ ക്ഷണിക്കുന്നിടത്ത് ഒരാൾ ചെല്ലുന്നത് തങ്ങൾക്ക് പരിഗണന ലഭിക്കുന്നു എന്ന് ഉറപ്പാക്കുമ്പോഴാണ്. തങ്ങളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും ബന്ധപ്പെട്ടവർ കേൾക്കുന്നു,മറുപടി ലഭിക്കുന്നു, എന്ന് ഉറപ്പാകുമ്പോൾ ഏതൊരാളും അത്തരം കേന്ദ്രങ്ങളിൽ നിർബന്ധമായും എത്തിച്ചേരും.എല്ലാ ആവശ്യങ്ങളും പരിഗണിക്കപ്പെട്ടില്ലെങ്കിലും കൃത്യവും വിശ്വാസയോഗ്യവുമായ ഒരു മറുപടി ലഭിക്കുമെന്ന ബോധ്യമാണ് ഒരു പൗരനെ ഗ്രാമസഭയിൽ എന്നല്ല ഏത് പൊതുസഭയിലും കൊണ്ട് ചെന്ന് എത്തിക്കുന്നത്.ആദ്യകാലത്തെ അഭിനിവേശം പുതിയ കാലത്ത് തണുത്തുറഞ്ഞു.ഗ്രാമസഭയുടെ ക്വാറം തികയ്ക്കുവാൻ ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും പരക്കംപാഞ്ഞു.നൂറ്റാണ്ട് പിന്നിടുമ്പോൾ ഗ്രാമസഭ ശുഷ്കമായ ഒരു സദസ്സായി രൂപാന്തരപ്പെട്ടു എന്ന് മാത്രമല്ല അവയുടെ സംഘാടനവും നടത്തിപ്പും തീരുമാനമെടുക്കുന്നതിലെ വിശ്വാസ്യതയും ആശാവഹമല്ലെന്ന തിരിച്ചറിവിലേക്ക് പൊതുസമൂഹം എത്തിച്ചേരുകയുണ്ടായി.പിന്നിട്ട വർഷങ്ങളിൽ പല ഘട്ടങ്ങളിലായി ഗ്രാമസഭയുടെ പ്രസക്തിയും പ്രാധാന്യവും വെളിവാക്കുന്ന നിരവധി ബോധവൽക്കരണ പരിപാടികളും ക്യാമ്പയിനുകളും കേരളത്തിൽ നടന്നിട്ടുണ്ട്. ഇതിന്റെ ഫലമായി പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും പൊതുസമൂഹത്തിന് ഒരു പരിധിവരെ പരിചിതമായി. ഓരോ പ്രദേശത്തും ഉള്ള പ്രാദേശിക സർക്കാറുകളുടെ ശക്തിയും ദൗർബല്യവും തിരിച്ചറിയുകയും ഭരണത്തെയും ജനങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന പുതിയ ഇടമായി ഗ്രാമസഭയെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ ഗ്രാമസഭാ അംഗങ്ങളുടെ അധികാരം വകവച്ചു കൊടുക്കുന്നതിലും പ്രാദേശിക ഭരണകൂടങ്ങൾ തങ്ങളിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിക്കുന്നതിലും പൊതുജനങ്ങൾക്കുണ്ടാകുന്ന വിശ്വാസം കുറഞ്ഞുവരുന്നു എന്നതാണ് യാഥാർത്ഥ്യം. ജനാധിപത്യം കൂടുതലായി ജനങ്ങളിൽ എത്തിക്കുവാൻ കുറുക്കുവഴികളില്ല.ജനങ്ങൾക്ക് ഒത്തുകൂടാനുള്ള ജനാധിപത്യ വേദി എന്ന നിലയിൽ ഭരണഘടന വിഭാവനംചെയ്യുന്ന അർത്ഥത്തിൽ ഗ്രാമസഭ വിളിച്ചു ചേർക്കുകയും നടത്തുകയും ചെയ്യുക എന്നുള്ളതാണ് അഭികാമ്യം. ഭരണസംവിധാനത്തിൽ നിന്ന് ഒരു പൗരന് ലഭിക്കേണ്ട സേവനങ്ങളും സംരക്ഷണങ്ങളും ലഭിക്കുന്നതിനും വികസന ക്ഷേമ പ്രവർത്തനങ്ങളുടെ പ്രയോജനം അനുഭവിക്കുന്നതിനും കഴിയണമെങ്കിൽ ഒരാൾക്ക് നേരിട്ട് പങ്കെടുക്കുന്നതിനും അഭിപ്രായം പറയുന്നതിനും അനുഭവങ്ങൾ പങ്കിടുന്നതിനുമുള്ള വേദിയായി ഗ്രാമസഭയെ ഉപയോഗപ്പെടുത്തുവാനുള്ള സൗകര്യമൊരുക്കണം. അതോടൊപ്പം അവന്റെ അഭിപ്രായത്തിനും ആവശ്യങ്ങൾക്കും പ്രശ്നങ്ങൾക്കും ന്യായവും യുക്തിപരവുമായ മറുപടിയും പരിഹാരവും ഉണ്ടാകണം.അതിന് ഗ്രാമസഭയുടെ നടത്തിപ്പിൽ കാര്യമായ മാറ്റങ്ങൾ വന്നേ തീരൂ. മറ്റൊരു തരത്തിൽ ഭരണഘടനാ പിൻബലത്തോടെ പഞ്ചായത്ത് രാജ് നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായ തരത്തിൽ പുതിയ രീതിശാസ്ത്രങ്ങൾ ഗ്രാമസഭയുടെ നടത്തിപ്പിൽ സ്വീകരിക്കേണ്ടിയിരിക്കുന്നു.പ്രാദേശികമായി എല്ലാവർക്കും പങ്കെടുക്കുവാൻ സൗകര്യപ്പെടുന്ന ദിവസം ഗ്രാമസഭ ചേരുന്നതിന് തീരുമാനിക്കണം. ചുരുങ്ങിയത് നാലു മണിക്കൂറെങ്കിലും ഒരു ഗ്രാമസഭ സമയ ദൈർഘ്യമുണ്ടാകണം. കൃത്യമായ മുന്നൊരുക്കങ്ങളും ആസൂത്രണവും നടക്കണം. ഗ്രൂപ്പ് ചർച്ചകൾക്കും വിഷയമേഖലകൾക്കും നേതൃത്വം നൽകാൻ ചുമതലപ്പെട്ട വ്യക്തികളെ നിശ്ചയിക്കണം.ക്ഷണക്കത്തിൽ ഗ്രാമസഭയുടെ പ്രാധാന്യവും പൗരന്റെ ഉത്തരവാദിത്വവും വെളിവാക്കുന്ന ഒരു ചെറിയ ഖണ്ഡിക ലളിതമായ ഭാഷയിൽ ഉണ്ടാകണം. നാടിന്റെ വികസനത്തിൽ താല്പര്യമുള്ള ഓരോരുത്തർക്കും ആവേശമുളവാക്കുന്ന പൗരബോധം ഉണർത്തുന്ന വരികളാണ് ഇവിടെ ഉണ്ടാകേണ്ടത്. ഗ്രാമസഭ ചേർന്നു കഴിഞ്ഞാൽ ഉദ്ഘാടന ചടങ്ങ് ദീർഘമായ പ്രസംഗങ്ങൾ ഒഴിവാക്കി കുറഞ്ഞ സമയത്തിനുള്ളിൽ തീർക്കണം. പൊതു ചർച്ചകൾക്കായി രണ്ടുമണിക്കൂർ മാറ്റിവെക്കണം. സംവാദങ്ങളും സമവായങ്ങളും നിരന്തരമായ സൈദ്ധാന്തിക പ്രയോഗങ്ങളും ഇടപെടലുകളും ഗ്രാമസഭയിൽ ഉണ്ടാകണം. ഓരോരുത്തർ പറയുന്ന കാര്യങ്ങളും കൃത്യമായി രേഖപ്പെടുത്തണം.എഴുതി എടുക്കുകയോ റിക്കാർഡ് ചെയ്യുകയോ ആവാം.സഭയിൽ ഉയർന്നുവന്ന കാര്യങ്ങളെ വസ്തുതകളുടെ അടിസ്ഥാനത്തിൽ തരംതിരിക്കണം. പൊതു പ്രശ്നങ്ങൾ, വ്യക്തിപരമായ പ്രശ്നങ്ങൾ എന്ന തരത്തിലും വികസന മേഖലകളുടെയോ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിലോ തരം തിരിക്കാം. ഗ്രാമസഭയിൽ മറുപടി പറയാൻ പറ്റുന്ന കാര്യങ്ങൾക്ക് അവിടെ വെച്ച് തന്നെ മറുപടി പറയണം.എല്ലാ കാര്യങ്ങൾക്കും അവിടെ വെച്ച് മറുപടി പറയാൻ കഴിയണമെന്നില്ല. ചിലതിന് രേഖകളും ഫയലുകളും റഫർ ചെയ്യേണ്ടതായി വരും. അവ പരിശോധിച്ച് മറുപടി പറയാമെന്ന് സൂചിപ്പിക്കണം. മറ്റുള്ള കാര്യങ്ങൾക്ക് ഓരോരുത്തർക്കായി മറുപടി പറയാൻ സാധിക്കണം. സമാന ചോദ്യങ്ങൾക്ക് പൊതു മറുപടി പറയാം. ഇനി

എങ്ങനെ ആയിരിക്കണം മറുപടി? പൊതുവേ നാലു തരത്തിലുള്ള ചോദ്യങ്ങൾക്കാണ് മറുപടി പറയേണ്ടി വരിക. 1.വ്യക്തിപരമായ ആവശ്യമാണെങ്കിൽ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടണമെന്നും അതിനുള്ള അപേക്ഷകൾ സമയബന്ധിതമായിനൽ കണമെന്നും സൂചിപ്പിക്കുക. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പ്രക്രിയയും സൂചിപ്പിക്കാവുന്നതാണ്. സർക്കാർ ഇറക്കിയ മാർഗ്ഗനിർദ്ദേശ രേഖയുടെ അടിസ്ഥാനത്തിൽ മാത്രമേ വ്യക്തിപരമായ ആവശ്യങ്ങൾ പരിഗണിക്കാൻ കഴിയുകയയുള്ളൂ എന്ന് വ്യക്തമാക്കേണ്ടതാണ്. രണ്ടാമതായി വരുന്ന പ്രധാനപ്പെട്ട ചോദ്യങ്ങൾ പൊതു ആവശ്യങ്ങളായ റോഡുകളും അടിസ്ഥാന സൗകര്യവികസനവുമായിരിക്കും.ഇവിടെ മുൻഗണനാമാനദണ്ഡങ്ങൾ വ്യക്തമായി പറയണം. പ്രധാനപ്പെട്ട രണ്ട് റോഡുകളെ ലിങ്ക് ചെയ്യുന്ന റോഡിനും ആളുകൾ കൂടുതലായി എത്തിച്ചേരുന്ന പൊതുസ്ഥാപനങ്ങളുടെ മുമ്പിലൂടെ കടന്നു പോകുന്ന റോഡിനും മുൻഗണനകൾ നൽകേണ്ടതാണെന്ന് ഇവിടെ സൂചിപ്പിക്കണം. മൂന്നാമതായി വരുന്ന ചോദ്യങ്ങൾ പഞ്ചായത്ത് ഓഫീസ് പ്രവർത്തനങ്ങളുടെ കാര്യക്ഷമതയെക്കുറിച്ചും വ്യക്തികളുടെ മോശം അനുഭവങ്ങളെക്കുറിച്ചും ഫയലുകളുടെ കാലതാമസത്തെക്കുറിച്ചുമാകാം. ബാക്കിയാവുന്ന ചോദ്യങ്ങൾ മറ്റുള്ള പൊതു കാര്യങ്ങളെക്കുറിച്ചാകാം. അവയെക്കുറിച്ച് പൊതു മറുപടികൾ എന്ന നിലയിൽ ഓരോരുത്തരുടെ ചോദ്യങ്ങൾ ഉദ്ധരിച്ച് ചോദിച്ച വ്യക്തികളുടെ ഫോൺ നമ്പറിൽ മെമ്പർമാർ ഉത്തരങ്ങൾ ലഭ്യമാകുന്ന മുറക്ക് വിളിച്ച് അറിയിക്കണം. പൊതുവായ കാര്യങ്ങൾക്ക് വാട്ട്സാപ്പ് ഗ്രൂപ്പിൽ സന്ദേശങ്ങളായി നൽകാം. ഓഫീസ് സംബന്ധമായ കാര്യങ്ങൾക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥന്മാർ നടപടിക്രമങ്ങൾക്കനുസരിച്ച് മറുപടി തപാലിലും നൽകണം. തന്റെ ഗ്രാമസഭാ ചോദ്യങ്ങൾക്ക് മറുപടി ലഭിക്കുമ്പോൾ ഓരോ വ്യക്തിക്കും ഉണ്ടാകുന്ന സന്തോഷവും സംതൃപ്തിയും പറഞ്ഞറിയിക്കാൻ കഴിയില്ല. ഇത് അവരുടെ ആത്മവിശ്വാസത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. പൗരൻ എന്ന നിലയിൽ ഭരണകൂടം തന്നെ അംഗീകരിക്കുന്നുവെന്ന് ബോധ്യമാകുന്നതോടെ ഒരാളുടെ ആത്മബോധം ഉത്തേജിക്കപ്പെടുക തന്നെ ചെയ്യും. ഇത് അയാളെ വീണ്ടും വീണ്ടും ഗ്രാമസഭയിലേക്ക് കടന്നുവരുവാനും തന്റെ കടമകളും ഉത്തരവാദിത്വങ്ങളും നിർവഹിക്കുവാനും അയാൾക്ക് പ്രചോദനമാകും.

കേരളത്തിന്റെ നിയമസഭകളിൽ സാധാരണ സംഭവിക്കുന്നത് പോലെ ഓരോ അംഗത്തിന്റെയും ചോദ്യങ്ങൾക്ക് പ്രത്യേക പരിഗണനയും മറുപടിയും ലഭിക്കുന്ന സ്ഥിതിവിശേഷം ഗ്രാമസഭയിലും ഉണ്ടാകണം. ഈ സ്ഥിതി സംജാതമാകുമ്പോൾ ഗ്രാമസഭ ഒമ്പതാം പദ്ധതി കാലത്തെ പോലെ സജീവമാകുക തന്നെ ചെയ്യും.

---

മൊബൈൽ നമ്പർ-9447641876

**141**

# ഓൺലൈൻ ട്രഷറികളുടെ അധികാര വികേന്ദ്രീകരണവും ട്രഷറികളുടെ ധനസഞ്ചയവും

സതീഷ് ബാബു കൊല്ലമ്പലത്ത്

**സംഗ്രഹം**

കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്ന സാമ്പത്തിക പ്രതിരോധത്തെ തരണം ചെയ്യുന്നതിനും സംസ്ഥാനത്തിന് ആവശ്യമായ പണം കണ്ടെത്തുന്നതിനുമുള്ള കൃത്രിമ പണ പരിക്രമണ വ്യവസ്ഥ (Artificial Money Circutation System) സൃഷ്ടിച്ചെടുക്കുന്ന പുതിയ രീതിയാണ് ഇവിടെ പറയുന്നത്. AMCS എന്നത് പണവിനിമയ സമ്പ്രദായത്തിന്റെ വികേന്ദ്രീകരണത്തിലൂടെ ഉണ്ടാക്കുന്ന പുതിയ വ്യവസ്ഥയാണ്. ജനകീയ അധികാരം എന്നത് പണത്തിന്റെ വഴിവിട്ട സഞ്ചാരത്തിനെ നിയന്ത്രിക്കുന്ന ഒരു ശക്തി കൂടി ആകുകയാണ് ഇവിടെ.

പണത്തിന്റെ ചാക്രിക പരിക്രമണത്തിൽ അനാവശ്യ സഞ്ചാരം ഒഴിവാക്കുകയും അതോടൊപ്പം അതിന്റെ ധർമം പൂർത്തിയാക്കി തിരിച്ചെ ത്തിക്കുകയും ചെയ്യുന്ന രീതി കൂടിയാണിത്. ഇവിടെ ഓൺലൈൻ പേമെന്റുകൾക്ക് സ്വാധീനം ദിനംപ്രതി വർദ്ധിച്ചുവരുന്ന ഘട്ടത്തിൽ കേരളത്തിൽ പണത്തെ ഉദ്ദേശിച്ച ലക്ഷ്യത്തിലേക്കു തിരിച്ചെത്തിക്കുന്നതിനു വലിയ സാധ്യത കാണുന്നുണ്ട്. ഇതിലൂടെ ഒരു പ്രത്യേക ട്രഷറി ഓൺലൈൻ വിനിമയ ഉപാധി തിരഞ്ഞെടുക്കുവാൻ പ്രേരിപ്പിക്കുകയും പണ പരിക്രമണ വ്യവസ്ഥയെ നിർദ്ദിഷ്ട ലക്ഷ്യത്തിലേക്കു തിരിച്ചുവിടുകയും ചെയ്യുന്ന തന്ത്രമാണിത്. സംസ്ഥാനത്തിൽ വിനിമയ പരിക്രമണം നടത്തുന്ന പണത്തിന്റെ നല്ല ഒരു പങ്ക് ട്രഷറികളിലൂടെ തിരിച്ചുവിടുന്ന പണത്തെ നിയന്ത്രിത പണം (Controlled Money) എന്ന് നമുക്ക് വിളിക്കാം.

നിയന്ത്രിത പണത്തിനു ജനാധിപത്യത്തിൽ വലിയ പങ്കുണ്ട്. കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ ഉലയുമ്പോൾ നിയന്ത്രിത പണത്തിന്റെ ലഭ്യതക്കുറവ് ഒരു പോരായ്മയായി പലരും കണ്ടില്ല. കേരളത്തിൽ പരിക്രമണം

ചെയ്യുന്നതായി 2023-ൽ കണക്കാക്കപ്പെട്ടിട്ടുള്ള 11.3 ലക്ഷം കോടി രൂപയിൽ ഏതാണ്ട് 1,32,724 കോടി രൂപ (2022-23) മാത്രമേ നി യന്ത്രിത പണമായുള്ളൂ. അതായത് മൊത്തം പരിക്രമണ പണത്തിന്റെ ഏതാണ്ട് 1.42% മാത്രമാണ് ട്രഷറിയിൽ തിരിച്ചെത്തുന്നത്.

ട്രഷറികൾ സർക്കാർ നിയന്ത്രണത്തിൽ ആയതുകൊണ്ടുതന്നെ അതിന്റെ ഡിജിറ്റൽ പെയ്മെന്റ് ഉപയോഗിക്കുന്നവർക്ക് ചില്ലറ പരിഗണനയും (Special Privileges) തലോടലും (Nudging) ഉപയോഗിച്ചാൽ പരിക്രമണ വ്യവസ്ഥയിലെ പണം ട്രഷറിയിൽ തന്നെ തിരിച്ചെത്തുമെന്നത് തിരിച്ചറിയേണ്ടതുണ്ട്. റിപ്പോർട്ട് ചെയ്ത വരുമാനത്തിന്റ ബഹുഭൂരിഭാഗവും നിർദ്ദേശിച്ച ഓൺലൈൻ സംവിധാനം ഉപയോഗിച്ച് വിനിമയം നടന്നുന്നവർക്ക്, അതിന്റെ മൂല്യമനുസരിച്ച് പ്രത്യേക പരിഗണന നൽകാം. അത് സൗജന്യ ഇൻഷൂറൻസ് പരിരക്ഷ മുതൽ ത്രിവേണി, മാവേലി തുടങ്ങിയ പൊതുവിപണിയിൽ ചരക്ക് വാങ്ങുന്നവർക്ക് ഡിസ്കൗണ്ട് വരെയാകാം.

കെയ്ൻസ് (JM Keynes) പോലെയുള്ള സാമ്പത്തിക ശാസ്ത്രജ്ഞർ ട്രഷറിപോലുള്ള സ്ഥാപനങ്ങളിൽ ആകെയുള്ള പണത്തിന്റെ വളരെ ചെറിയ ഭാഗം തിരിച്ചെത്തുമ്പോഴുള്ള പരിമിതി കണ്ടില്ല. ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനങ്ങൾക്ക് നേരെ രാഷ്ട്രീയ വൈരാഗ്യം വെച്ചു കേന്ദ്ര സർക്കാർ പെരുമാറുമ്പോൾ, നോട്ട് അടിക്കാൻ അധികാരമില്ലാത്ത സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായ പണം കണ്ടെത്തുന്നതിന് മാർഗം നിർദ്ദേശിക്കുന്നത് വഴി ട്രഷറിക്ക് കൂടുതൽ പണം ക ണ്ടെത്താം എന്നത് ആരും ഗൗനിച്ചില്ല. കേരളത്തിൽ വിനിമയം നടത്തുന്ന പണത്തിന്റെ 30 ശതമാനമെങ്കിലും ട്രഷറി വഴി കടന്നുപോയാൽ മാത്രം ഒരു മാസം 3.09 ലക്ഷം കോടി താത്ക്കാലികമായെങ്കിലും ട്രഷറിയിൽ തങ്ങും. അതിൽ 30% ട്രഷറിയിൽ നിന്നാൽ പോലും 0.927 ലക്ഷം കോടി രൂപ സർക്കാരിന് ഉപയോഗിക്കാം.

ചരക്കുകൾ വാങ്ങുന്നതിനു വേണ്ടി ചെലവഴിക്കുമ്പോൾ ട്രഷറി പണത്തിന്റെ 4 മുതൽ 5 ശതമാനം ജി.എസ്.ടി വഴിയും, മറ്റുസർക്കാർ ഇട പാടുകളിലൂടെയും മാത്രമാണ് ഒരു മാസത്തിനുള്ളിൽ ട്രഷറിയിലേക്ക് തിരിച്ചെത്തുന്നത്. ഇതിനു മാറ്റം വേണം. ട്രഷറി നൽകിയ ഓരോ പണത്തിന്റെയും ധർമം പൂർത്തിയാക്കി ഉറവിടസ്ഥാനത്തിലേക്കു തന്നെ തിരിച്ചെത്തുന്ന രീതിയിൽ "പണ പരിക്രമണ വ്യവസ്ഥ' മാറ്റിയെടുക്കണം.

ചെറുകിട ഇടത്തരം വ്യവസായികളിൽ 70 ശതമാനവും ഓൺലൈൻ വിനിമയമായാണ് പണം അടക്കുന്നത്. കേരളത്തെ പോലെ വലിയ തോതിൽ ഡിജിറ്റൽ വിനിമയം നടക്കുന്ന സംസ്ഥാനത്തിന് സർക്കാറിന്റെ ബാങ്ക് / ട്രഷറി വഴി പണമിടപാടുകളുടെ വലിയ ഭാഗം കടന്നുപോയാൽ ലഭിക്കുന്ന നേട്ടം വലുതായിരിക്കും.

കേരള ഗവണ്മെന്റ് ജീവനക്കാർക്ക്, ഇത്തരം സ്ഥാപനങ്ങളിലൂടെ ശമ്പളം നൽകുന്നതുകൊണ്ട് കേരളത്തിന് എന്തു മെച്ചം? ശമ്പളമായി കൊടുത്ത പണമാണ് എസ്.ബി.ഐ.യിൽ നിന്നും കച്ചവടക്കാരുടെ ബാങ്കിലേക്കും ഛിന്നഭിന്നമാകുന്നതും അവിടെ നിന്നും വീണ്ടും ഓൺ ലൈൻ നെറ്റവർക്ക് പെയ്മെന്റ് സംവിധാനമുള്ള ബാങ്കുകളിലെ നിക്ഷേപമായി മാറുന്നതും. ഇവ ട്രഷറിയിലേക്ക് തിരിച്ചുവരുന്നുണ്ടോ എന്നു ചോദിച്ചാൽ, ഉണ്ട്; ചെറിയ ശതമാനം.

ഉപഭോക്താവിനും വില്പനക്കാരനും ട്രഷറി പേമെന്റ് അക്കൗണ്ട് ആണ് ഉള്ളതെങ്കിൽ, 35-40% പണവും ട്രഷറിയിൽ തന്നെ തിരിച്ചെത്തും. വാങ്ങുന്നവനും വിൽക്കുന്നവനും ട്രഷറി അക്കൗണ്ട് ചോദിച്ചു വാങ്ങുന്നതിനാൽ രണ്ടു കൂട്ടർക്കും അതുകൊണ്ട് അധിക നേട്ടം വേണം. അവർക്കു സർക്കാർ, സർക്കാർ സേവനങ്ങൾക്കു കേരള സർക്കാർ ചില പ്രിവിലേജ് സർട്ടിഫിക്കറ്റ് നൽകുന്ന രീതി നടപ്പാക്കിയാൽ ട്രഷറി പെയ്മെന്റ് വലിയ പ്രചോദനമാകും.

ഏതാണ്ട് 68,282 കോടി രൂപ സർക്കാർ ജീവനക്കാരുടെ ശമ്പളത്തി ന്റെ ട്രഷറി ഡിജിറ്റൽ പെയ്മെന്റ് വഴി 50 ശതമാനം വഴി വന്നാൽ തന്നെ 34,141 കോടി വീണ്ടും സർക്കാർ നിയന്ത്രിക്കുന്ന ട്രഷറിയിൽ തിരിച്ചെത്തുന്നത് തുടർ പ്രക്രിയയായി മാറിയാൽ പിന്നെ പണത്തിന് സർക്കാർ വിഷമിക്കില്ല. ജലധാര പോലെ ഉപയോഗിച്ച ജലം തന്നെ വീ ണ്ടും വന്നുപോയിക്കൊണ്ടിരിക്കും.

## Key Words

[1] Artificial MoneyCircutation System

[2] Controlled Money [3.] Special Previlages

## Index

[1] Danny Hermawan "Money velocity, digital currency and inflation dynamics in Indonesia"

[2] William - Rees Mogg "Democracy and value of momey- Theory of momey from luke to keynes"

PO Kolathara, Kozhikode Pin 673655. Email id skollambalath@gmail.com. Mob 9495531798. Retired from KSFE

# തൊഴിലും പ്രാദേശിക സാമ്പത്തിക വികസനവും

142

## സന്നദ്ധതീരം

ആൽഫ്രെഡ് മാത്യു

### കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി

കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി, ഒരു society ആയി രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുഭരണ ( ഏകോപനം) വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും മുതിർന്ന മാധ്യമപ്രവർത്തകൻ പി. സൈനാഥ് വൈസ് ചെയർമാനുമാണ്. രാജ്യത്ത് സർക്കാർ തലത്തിൽ ആദ്യമായാണ് നേതൃശേഷി പരിപോഷണത്തിനായി ഒരു സ്ഥാപനം ആരംഭിച്ചിട്ടുള്ളത് യുവജനങ്ങളെ ഉൾകൊള്ളിച്ചുകൊണ്ടു നേതൃപാടവം, ഭരണഘടന വികസനം, തൊഴിൽ ക്ഷമത തുടങ്ങിയവ പരിപോഷിപ്പിച്ച്, സാമൂഹിക കാഴ്ച്ചപ്പാടുള്ള ഭാവി വാഗ്ദാനങ്ങളെ വരഞ്ഞെടുക്കുകയെന്നതാണ് സ്ഥപനത്തിന്റെ ലക്ഷ്യം

### സാമൂഹിക സന്നദ്ധസേന

കേരള ഗവൺമെന്റിന്റെ പൊതുഭരണ വകുപ്പിന് കീഴിലുള്ള കമ്മ്യൂണിറ്റി വോളണ്ടിയർ കോർപ്പാണ് സമൂഹിക സന്നദ്ധസേന. വെള്ളപ്പൊക്കം, ചുഴലിക്കാറ്റുകൾ, നിപ, കോവിഡ്-19 പോലുള്ള ആരോഗ്യ അടിയന്തരാവസ്ഥകൾ എന്നിവയുടെ പശ്ചാത്തലത്തിൽ സമൂഹത്തെ അടിസ്ഥാനമാക്കിയുള്ള സന്നദ്ധപ്രവർത്തനത്തിന്റെ അടിയന്തിര ആവശ്യം മനസിലാക്കിക്കൊണ്ട് കേരളസമൂഹത്തിന്റെ സുപ്രധാന സ്വത്തായി നിലനിർത്താൻ സാമൂഹിക സന്നദ്ധസേന സന്നദ്ധപ്രവർത്തനത്തെ ലക്ഷ്യമിടുന്നു.

സന്നദ്ധപ്രവർത്തനത്തിന് തയ്യാറായ ഒരു സേനയായി പ്രവർത്തിക്കുന്ന സന്നദ്ധസേന, പ്രതിസന്ധി ഘട്ടങ്ങളിൽ ജില്ലാ ഭരണകൂടം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (എൽഎസ്ജിഐ), സംസ്ഥാന സേനകൾ, വനം വകുപ്പ് എന്നിവയെ സഹായിക്കാൻ പരിശീലനം ലഭിച്ച പൗരന്മാരെ അണിനിരത്തുന്നു. സംസ്ഥാന ഭരണത്തിലും അടിയന്തര തയ്യാറെടുപ്പുകളിലും സിവിൽ സമൂഹത്തെ സംയോജിപ്പിക്കുന്നതിലൂടെ, സന്നദ്ധസേന ഇന്ത്യയിലെ സംഘടിത സന്നദ്ധപ്രവർത്തനത്തിന്റെ സവിശേഷ മാതൃകയായി നിലകൊള്ളുന്നു, കൂട്ടായ പ്രവർത്തനത്തിലൂടെ കേരളത്തിന്റെ പ്രതിരോധശേഷി ശക്തിപ്പെടുത്തുന്നു.

### സന്നദ്ധതീരം കാലാവസ്ഥാ പ്രതിരോധത്തിനായുള്ള കമ്മ്യൂണിറ്റി ലീഡർഷിപ്പ് പ്രോഗ്രാം- അവലോകനം

കേരളത്തിലെ തീരദേശ ഗ്രാമപഞ്ചായത്തുകളിലുട നീളം സന്നദ്ധ നേതാക്കളെ ശാക്തീകരിക്കുന്നതിന് രൂപകൽപ്പന ചെയ്ത രണ്ട് ദിവസത്തെ പരിശീലന സംരംഭമാണ് സന്നദ്ധതീരം കമ്മ്യൂണിറ്റി നേതൃത്വ പദ്ധതി.

കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി (കല), സാമൂഹിക സന്നദ്ധസേന, യൂണിസെഫ്, കേരള സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പ് (എൽ. എസ്.ജി.ഡി.) എന്നിവ സംയുക്തമായാണ് ഈ സംരംഭം സംഘടിപ്പിക്കുന്നത്.

കാലാവസ്ഥാ വ്യതിചലനം, ദുരന്തനിവാരണം, സുസ്ഥിര സമൂഹ വികസനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഈ പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് കാലാവസ്ഥാ വെല്ലുവിളികളെ ഫലപ്രദമായി നേരിടാൻ ആവശ്യമായ പ്രായോഗിക അറിവും കഴിവുകളും പരിശീലനവും നല്കുന്നതിലൂടെ സഹകരണ ആസൂത്രണ മനോഭാവം വർദ്ധിപ്പിച്ചുകൊണ്ട് ഒരു സജീവ നേതൃത്വ ശൃംഖലയെ സന്നദ്ധതീരം വികസിപ്പിച്ചെടുക്കുന്നു.

ഈ ഈ വർഷത്തെ പരിപാടിയിൽ ഒൻപത് തീരദേശ പഞ്ചായത്തുകളിൽ നിന്നുള്ള 550 ലധികം സന്നദ്ധ പ്രവർത്തകർ, കമ്മ്യൂണിറ്റി സന്നദ്ധപ്രവർത്തകർ, തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, ഡൊമൈൻ എക്സ്പെർട്സ്, ഡിഎസ്എസ്, കൈല എന്നിവിടങ്ങളിൽ നിന്നുള്ള റിസോഴ്സ് വ്യക്തികൾ എന്നിവർ ഉൾപ്പെടുന്നു.

ഒരു പരിശീലന പരിപാടി എന്നതിലുപരി, ആളുകൾ ഉൾക്കാഴ്ചകളും അനുഭവങ്ങളും കമ്മ്യൂണിറ്റി പ്രതിരോധത്തിനായി പരിഹാരങ്ങളും കൈമാറുന്ന ഒരു പങ്കാളിത്ത വിജ്ഞാന-പങ്കിടൽ വേദിയായിരുന്നു ഇത്.

ഐസ് ബ്രേക്കിംഗ് & SWOT അനാലിസിസ്, കാലാവസ്ഥാ വ്യതിയാനവും പ്രത്യാഘാതങ്ങളും, ഡോക്യുമെന്റേഷൻ & Tec സ്ട്രാറ്റജികൾ, പ്രാദേശിക ദുരന്തനിവാരണം, സർക്കാർ പദ്ധതികളും തൊഴിൽ

അവസരങ്ങളും, ശുചിത്വവും പൊതുജനാരോഗ്യവും, സന്നദ്ധപ്രവർത്തനത്തിനുള്ള ആഹ്വാനം, കാലാവസ്ഥാ പ്രതിരോധത്തിനുള്ള റോഡ്മാപ്പ് വികസനം, സ്വയം പ്രതിഫലനം എന്നിവ സെഷനുകളിൽ ഉൾപ്പെടുന്നു.

പരമ്പരാഗത പ്രഭാഷണങ്ങൾക്ക് പകരം, പ്രധാന വിഷയങ്ങൾ പര്യവേക്ഷണം ചെയ്യുന്നതിന് ടാബ്ലോ, മൈമുകൾ, വിഷ്വൽ സ്റ്റോറിടെല്ലിംഗ് തുടങ്ങിയ സംവേദനാത്മക രീതികൾ പ്രോഗ്രാം ഉപയോഗിച്ചു. ഉദാഹരണത്തിന്, കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ചർച്ചകളിൽ പങ്കെടുക്കുന്നവർ അവരുടെ ജോലി സ്ഥലങ്ങളിലും കുടുംബങ്ങളിലും ചുറ്റുപാടുകളിലും ചാർട്ട് പേപ്പറുകൾ ഉപയോഗിച്ച് അതിന്റെ സ്വാധീനം മാപ്പ് ചെയ്തു, ഇത് ദൈനംദിന വെല്ലുവിളികളെക്കുറിച്ച് ആഴത്തിലുള്ള പ്രതിഫലനങ്ങളിലേക്ക് നയിച്ചു. ഈ ചലനാത്മകമായ പ്രവർത്തനങ്ങൾ അറിവ് പങ്കിടുക മാത്രമല്ല, അനുഭവിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കുകയും പഠന പ്രക്രിയയെ കൂടുതൽ ആകർഷകവും ആപേക്ഷികവുമാക്കുകയും ചെയ്തു.

ഈ സഹകരണ മാതൃകയിലൂടെ, അറിവിന്റെ വിടവുകൾ നികത്തുന്നതിനിടയിൽ സന്നദ്ധതീരം പ്രാദേശികജ്ഞാനം വിജയകരമായി പ്രയോജനപ്പെടുത്തി. സന്നദ്ധപ്രവർത്തകർ തങ്ങളുടെ തീരദേശ സമൂഹങ്ങളെ ശക്തിപ്പെടുത്തുന്നതിനായി അവരുടെ ഉൾക്കാഴ്ചകൾ മുന്നോട്ട് കൊണ്ടുപോകുന്നതിലൂടെ അറിവുള്ളവർ മാത്രമല്ല, മാറ്റത്തിന് നേതൃത്വം നൽകാനും സജ്ജരായി.

പ്രാദേശിക വെല്ലുവിളികളെ നേരിടുന്നതിനുള്ള അറിവും വൈദഗ്ധ്യവും ഉത്തരവാദിത്തവും സന്നദ്ധപ്രവർത്തകർക്ക് നൽകിക്കൊണ്ട് ശാക്തീകരിക്കപ്പെട്ടതും കാലാവസ്ഥയെ പ്രതിരോധിക്കുന്നതുമായ തീരദേശ സമൂഹങ്ങളുടെ ഒരു ശൃംഖല കെട്ടിപ്പടുക്കുക എന്നതാണ് സന്നദ്ധതീരം കമ്മ്യൂണിറ്റി ലീഡർഷിപ്പ് പ്രോഗ്രാമിന്റെ അന്തിമ ലക്ഷ്യം. സമൂഹത്താൽ നയിക്കപ്പെടുന്ന പരിഹാരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ, ദുരന്ത തയ്യാറെടുപ്പ്, ശുചിത്വം, കാലാവസ്ഥാ പൊരുത്തപ്പെടുത്തൽ ശ്രമങ്ങൾ എന്നിവ പരിശീലന സെഷനുകൾക്കപ്പുറം നിലനിൽക്കുന്നുവെന്ന് പ്രോഗ്രാം ഉറപ്പാക്കുന്നു. വ്യക്തിഗത പഠനത്തിനപ്പുറം പരിശീലനം ലഭിച്ച 540 സന്നദ്ധപ്രവർത്തകർ അതത് പഞ്ചായത്തുകളിൽ ആദ്യം പ്രതികരിക്കുന്നവരായും കമ്മ്യൂണിറ്റി അധ്യാപകരായും നയങ്ങളിൽ സ്വാധീനം ചെലുത്തുന്നവരായും പ്രവർത്തിക്കും. തുടർച്ചയായ ഇടപെടലോടെ, പ്രാദേശിക അറിവ്, സർക്കാർ വിഭവങ്ങൾ, നൂതന കമ്മ്യൂണിറ്റി സമ്പ്രദായങ്ങൾ എന്നിവ സംയോജിച്ച് കാലാവസ്ഥാ പ്രതിരോധശേഷിയുള്ളതും സാമൂഹികമായി യോജിക്കുന്നതുമായ തീരപ്രദേശങ്ങൾ നിർമ്മിക്കുന്ന ഒരു സ്വയം നിലനിർത്തൽ മാതൃക സൃഷ്ടിക്കാൻ ഈ സംരംഭം ലക്ഷ്യമിടുന്നു.

**143**

# യുവശക്തി - കേരള മോഡൽ കാര്യശേഷി വികസനം

ബിബിൻ ബേബി

കേരള യൂത്ത് ലീഡർഷിപ്പ് അക്കാഡമി (കൈല), പൊതുഭരണ (ഏകോപനം) വകുപ്പിന് കീഴിൽ ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനമാണ്. ബഹു. മുഖ്യമന്ത്രി ചെയർമാനും, മുതിർന്ന മാധ്യമപ്രവർത്തകൻ പി സായിനാഥ് വൈസ്ചെയർമാനുമാണ്. നേതൃശേഷി പരിപോഷണത്തിനായി സർക്കാർ തലത്തിൽ ഒരു സ്ഥാപനം രാജ്യത്ത് ആദ്യമായാണ് ആരംഭിച്ചിട്ടുള്ളത്. യുവജനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് നേതൃത്വ പാടവം, ഭരണഘടനാവബോധം, തൊഴിൽ ക്ഷമത തുടങ്ങിയവ പരിപോഷിപ്പിച്ച് സാമൂഹിക കാഴ്ചപ്പാടുള്ള യുവതയെ സൃഷ്ടിക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിയുടെ ഫ്ലാഗ്ഷിപ്പ് പരിപാടികളിൽ ഒന്നാണ് യുവശക്തി. കൈലയുടെ ആദ്യ ഭരണസമിതി യോഗത്തിൽ ബഹു. മുഖ്യമന്ത്രിയുടെ ജനസേവനത്തോടുള്ള കാഴ്ചപ്പാടിൽ നിന്ന് ഉരുത്തിരിഞ്ഞ ആശയമാണിത്. കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളിലെ 21 മുതൽ 40 വയസ്സുവരെ പ്രായപരിധിയുള്ള യുവജനപ്രതിനിധികളുടെ കാര്യശേഷി വികസനത്തിനായാണ് യുവശക്തി രൂപകല്പന ചെയ്തത്. പൊതുനയം, സോഫ്റ്റ് സ്കിൽ, ഇ-ഗവേണൻസ്, സദ്ഭരണം, നേതൃത്വം, ഭരണനിർവഹണം എന്നിവയിൽ ആവശ്യമായ പ്രൊഫഷണൽ പരിശീലനം നൽകുക എന്നതായിരുന്നു പദ്ധതിയുടെ കേന്ദ്ര പ്രമേയം. പ്രസിഡന്റ്, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, മെമ്പർമാർ, കൗൺസിലർമാർ എന്നിവർക്ക് അവരുടെ ഉത്തരവാദിത്തങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേക പരിശീലനമാണ് നൽകിയത്. 750-ഓളം യുവജനപ്രതിനിധികളാണ് 12 ബാച്ചുകളിലായി ആദ്യഘട്ട പരിശീലനത്തിൽ പങ്കെടുത്തത്. ആദ്യഘട്ട പരിശീലനം പൂർത്തിയാക്കിയ വേളയിൽ ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത യുവ ജനപ്രതിനിധി സംഗമം സംഘടിപ്പിച്ചിരുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് തദ്ദേശ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട യുവ ജനപ്രതിനിധികൾ ഒത്തുകൂടിയത്. 5

ബാച്ചുകളിലായി 300-ലധികം പേരാണ് യുവശക്തിയുടെ രണ്ടാം ഘട്ട പരിശീലന പരിപാടിയിൽ പങ്കെടുത്തത്. ആദ്യഘട്ട പരിശീലനത്തിലൂടെ രൂപപ്പെട്ട കേരളത്തിൽ അങ്ങോളം ഇങ്ങോളമുള്ള യുവജന പ്രതിനിധികളുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തുന്നതിനൊപ്പം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇന്ത്യൻ ഭരണഘടന, മാലിന്യനിർമാർജനം, ഡോക്യുമെന്റേഷൻ തുടങ്ങിയ മേഖലകളിൽ കൂടുതൽ പരിശീലനം നൽകുവാനും രണ്ടാം ഘട്ടത്തിൽ ശ്രദ്ധിച്ചിരുന്നു.

മാറുന്ന കാലഘട്ടത്തിനനുസരിച്ച് കേരളത്തില് യുവജനപ്രതിനിധികളെ പ്രാപ്തരാക്കുക എന്ന വലിയ ദൗത്യത്തിനാണ് കൈല തുടക്കം കുറിച്ചത്. കേരളമെമ്പാടുമുള്ള യുവ ജനപ്രതിനിധികൾക്ക് കക്ഷിരാഷ്ട്രീയ ഭേദമന്യേ ഒരു ജനാധിപത്യ ചർച്ചാ വേദി ഒരുക്കാനും അവരുടെ ആശയങ്ങളും പ്രശ്നങ്ങളും പ്രവർത്തനങ്ങളും പങ്ക് വയ്ക്കാനും കൂട്ടായ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും യുവശക്തി പരിശീലനം കൊണ്ട് കഴിഞ്ഞു എന്നത് സമാനതകളില്ലാത്ത നേട്ടമാണ്.

യുവശക്തി പരിശീലനം വഴി ലഭിച്ച അറിവുകളുടെ വെളിച്ചത്തിൽ ആദ്യഘട്ട പരിശീലത്തിനുശേഷം പ്രതിനിധികൾ ഒട്ടേറെ മാതൃകാപരമായി പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. നല്ല പ്രവർത്തനങ്ങൾ ഏതെങ്കിലും ഒരു /പഞ്ചായത്ത് / മുൻസിപ്പാലിറ്റി / കോർപ്പറേഷൻ തലങ്ങളിൽ ഒതുങ്ങി നിൽക്കാതെ കൈമാറ്റം ചെയ്യപ്പെടുകയും തങ്ങളുടെ പ്രവർത്തന മണ്ഡലങ്ങളിലേക്ക് പകർത്തുകയും ചെയ്യുന്ന കാഴ്ച കേരളത്തിലെ രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിൽ വ്യത്യസ്തമാണ്. ഇത്തരത്തിൽ മത്സരബുദ്ധിയോട് കൂടെ തന്നെ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും അവ ഡോക്യുമെന്റ് ചെയ്യുവാനും നല്ല മാതൃകകളെ സ്വീകരിക്കുവാനും യുവജനപ്രതിനിധികൾ തയ്യാറാകുന്നു എന്നത് നല്ലൊരു സൂചനയായി വേണം കാണുവാൻ. ചിറ്റാറ്റുകര, ചേലക്കര, മംഗൽപാടി എന്നീ ഗ്രാമപഞ്ചായത്തുകളിലും തൃപ്പൂണിത്തറ മുൻസിപ്പാലിറ്റി, കൊച്ചിൻ കോർപ്പറേഷൻ എന്നിവിടങ്ങളിലും യുവജന പ്രതിനിധികളുടെ പങ്കാളിത്തത്തോടുകൂടി കേരളത്തിൽ തന്നെ ശ്രദ്ധ ആകർഷിച്ച മാതൃകപരമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ എഐ സാക്ഷരത പഞ്ചായത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നത് കേരളത്തിൽ തന്നെ ആദ്യമായാണ്.

നയ രൂപീകരണം, ഭരണനിർവഹണം, പ്രാദേശികമായ ഇടപെടലുകൾ ഉൾപ്പെടെ തങ്ങളുടെതായ പ്രവർത്തന മണ്ഡലങ്ങളിൽ നേരിടുന്ന വെല്ലുവിളികളെ പരസ്പരം ചർച്ച ചെയ്യുവാനും അതിനുള്ള പരിഹാരങ്ങൾ കണ്ടെത്തുവാനും യുവജനപ്രതിനിധികൾക്ക് സാധിക്കുന്നു എന്നുള്ളത് ഇത്തരത്തിലുള്ള കൂടുതൽ പരിശീലനങ്ങളുടെ അവശ്യകതയിലേക്കാണു വിരൽ ചൂണ്ടുന്നത്.

തദ്ദേശ തെരഞ്ഞെടുപ്പുകൾ വരുന്ന സാഹചര്യത്തിൽ അടുത്ത ഭരണസമിതിയുടെ പ്രാരംഭ കാലത്ത് തന്നെ ഇത്തരം പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന്റെ പ്രാധാന്യം യുവശക്തി പരിശീലനാർത്ഥികൾ ഉന്നയിച്ചിരുന്നു. ഇത് പുതിയ ഭരണസമിതിയിലെ തെരഞ്ഞെടുക്കപ്പെട്ട യുവ പ്രതിനിധികളുടെ കാര്യക്ഷമമായ ഭരണ നിർവ്വഹണത്തിനും ഇന്നത്തെ കാലത്തിന്റെ വെല്ലുവിളികൾക്കനുസരിച്ച നേതൃത്വ വികസനത്തിനും സഹായകരമാകും. അതിനായുള്ള കൂട്ടായ പ്രവർത്തനങ്ങൾ നമുക്ക് ആരംഭിക്കേണ്ടതുണ്ട്.

**144**

# സന്നദ്ധ പ്രവർത്തനത്തിലൂടെ സാമൂഹിക നീതി : ഒരു കേരളാ മോഡൽ

എലിസബത്ത്

സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റ് (DSS) എന്നത് സാമൂഹിക വെല്ലുവിളികൾ നേരിടുന്നതിനും പങ്കാളിത്ത ഭരണം പ്രോത്സാഹിപ്പിക്കുന്നതിനുമായി സന്നദ്ധ പ്രവർത്തനം സ്ഥാപനവൽക്കരിക്കുന്നതിനുമായി കേരള സർക്കാർ ആവിഷ്കരിച്ച പരിവർത്തനാത്മക ഒരു ഡയറക്ടറേറ്റാണ്. 2020 ജനുവരിയിൽ സ്ഥാപിതമായ DSS, പ്രളയം, ചുഴലിക്കാറ്റ്, നിപ്പ പോലുള്ള ആരോഗ്യ അടിയന്തരാവസ്ഥകൾ, കോവിഡ്-19 മഹാമാരി തുടങ്ങിയ ദുരന്തങ്ങളിൽ സിവിൽ സമൂഹം വഹിച്ച നിർണായക പങ്കിനുള്ള പ്രതികരണമായി ഉരുത്തിരിഞ്ഞതാണ്. ദുരന്ത നിവാരണത്തിനപ്പുറം, സമൂഹാധിഷ്ഠിത സന്നദ്ധ പ്രവർത്തനത്തിലൂടെ സാമൂഹിക സഹവർത്തിത്വം, ഉൾച്ചേർക്കൽ, സാമൂഹിക നീതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കേരളത്തിന്റെ കാഴ്ചപ്പാട് DSS പ്രതിഫലിപ്പിക്കുന്നു.

വികേന്ദ്രീകൃത പരിശീലന പരിപാടികൾ, സമൂഹ പങ്കാളിത്ത സംരംഭങ്ങൾ, സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ (SDGs) പ്രാദേശികവൽക്കരണം എന്നിവയിലൂടെ കൂടുതൽ തുല്യതയും, ഉൾച്ചേർക്കലും, പ്രതിരോധ ശേഷിയുമുള്ള ഒരു സമൂഹം സൃഷ്ടിക്കുന്നതിനുള്ള ശക്തമായ വാഹനമായി DSS-ന് പ്രവർത്തിക്കാൻ കഴിയും.

### സാമൂഹിക നീതി കൈവരിക്കുന്നതിൽ

## സന്നദ്ധസേനയുടെ വലിയ സാധ്യത

### 1. പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളെ ശാക്തീകരിക്കൽ

- **വാതിൽപ്പടി സേവനം:** പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ, ഭിന്നശേഷിക്കാർ എന്നിവർക്ക് അവശ്യ സർക്കാർ സേവനങ്ങൾ അവരുടെ വാതിൽപ്പടിയിൽ എത്തിക്കുന്നതിലൂടെ, ഈ സമൂഹങ്ങൾക്ക് അവരുടെ അവകാശങ്ങളും അർഹതകളും ലഭ്യമാക്കുന്നു എന്ന് DSS ഉറപ്പാക്കുന്നു.
- **THRIVE (ട്രൈബൽ ഹയർ എഡ്യൂക്കേഷൻ ആന്റ് ഇന്ററാക്ടീവ് വെഞ്ചേഴ്സ് ഫോർ എക്സലൻസ്):** 22 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പട്ടികവർഗ വിദ്യാർത്ഥികളെ ലക്ഷ്യമിടുന്ന മെന്റർഷിപ്പ് പരിപാടിയാണിത്. പഠന വിടവുകൾ നികത്തുന്നതിലൂടെയും ആകാംക്ഷാ നിലവാരം ഉയർത്തുന്നതിലൂടെയും, നിലവിലുള്ള ചക്രം തകർക്കാനും സാമൂഹിക ഉന്നമനം നേടാനും THRIVE ഈ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു.

### 2. ഉൾച്ചേർക്കലും തുല്യതയും പ്രോത്സാഹിപ്പിക്കൽ

- **വികേന്ദ്രീകൃത സന്നദ്ധ പ്രവർത്തക വിന്യാസം** കേരളത്തിലെ 100 വ്യക്തികൾക്ക് ഒരു സന്നദ്ധ പ്രവർത്തക/ൻ എന്ന നിലയിൽ വിന്യസിക്കാൻ DSS ലക്ഷ്യമിടുന്നു. സാമൂഹിക വെല്ലുവിളികൾക്ക് പ്രാദേശിക പരിഹാരങ്ങൾ കണ്ടെത്താൻ ഈ വികേന്ദ്രീകൃത സമീപനം അനുവദിക്കുന്നു, ഒരു സമൂഹവും പിന്നിൽ പോകുന്നില്ല എന്ന് ഉറപ്പാക്കുന്നു.
- **ഡിജിറ്റൽ സാക്ഷരതാ ക്യാമ്പയിൻ** ഡിജിറ്റൽ വിടവ് നികത്തുന്നതിലൂടെ, സാമൂഹിക-സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ഐടി സാക്ഷരത ലഭ്യമാക്കുന്നുവെന്ന് DSS ഉറപ്പാക്കുന്നു. ഇത് വ്യക്തികളെ ഡിജിറ്റൽ സമ്പദ്വ്യവസ്ഥയിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുന്നു, സാങ്കേതികവിദ്യയുടെയും വിവരങ്ങളുടെയും ലഭ്യതയിലെ അസമത്വങ്ങൾ കുറയ്ക്കുന്നു.

### 3. സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs) മുന്നോട്ട് കൊണ്ടുപോകൽ

- ദാരിദ്ര്യ നിർമ്മാർജ്ജനം, ഗുണമേന്മയുള്ള വിദ്യാഭ്യാസം, ലിംഗസമത്വം, കാലാവസ്ഥാ പ്രവർത്തനം എന്നിവയുമായി ബന്ധപ്പെട്ട SDG-കളുമായി DSS തന്റെ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നു. സന്നദ്ധ പ്രവർത്തനങ്ങളെ ഈ ആഗോള ലക്ഷ്യങ്ങളുമായി സംയോജിപ്പിക്കുന്നതിലൂടെ, കൂടുതൽ നീതിപൂർവ്വകവും സുസ്ഥിരവുമായ ഒരു സമൂഹത്തിന് DSS ലക്ഷ്യമിടുന്നു.
- **സന്നദ്ധതീരം (കാലാവസ്ഥാമാറ്റത്തിന്റെ പ്രതിരോധത്തിനായുള്ള കമ്യൂണിറ്റി ലീഡർഷിപ്പ് പ്രോഗ്രാം):** തീരദേശ ഗ്രാമ പഞ്ചായത്തുകളെ കാലാവസ്ഥാ പ്രതിരോധശേഷിയുള്ള സമൂഹങ്ങളാക്കി മാറ്റുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന യൂനിസെഫിന്റെ പിന്തുണയോടെയുള്ള കൈല-സന്നദ്ധസേന പദ്ധതിയാണിത്. പ്രാദേശിക സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തുന്നതിലൂടെ, പാർശ്വവൽക്കരിക്കപ്പെട്ട തീരദേശ സമൂഹങ്ങൾക്ക് കാലാവസ്ഥാ വെല്ലുവിളികൾ നേരിടാനുള്ള സജ്ജീകരണം ഉറപ്പാക്കി പാരിസ്ഥിതിക നീതി പ്രോത്സാഹിപ്പിക്കുന്നു.

### 4. പങ്കാളിത്ത ഭരണം പ്രോത്സാഹിപ്പിക്കൽ

- പൊതുസേവന വിതരണം, സർവേകൾ, ക്യാമ്പയിനുകൾ, പഠനങ്ങൾ എന്നിവയിൽ സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി സിവിൽ സമൂഹത്തെ ഭരണത്തിൽ പങ്കാളികളാക്കുന്നു.
- **നേതൃത്വ പരിശീലനവും ജീവിത നൈപുണ്യ പരിശീലനവും:** സന്നദ്ധ പ്രവർത്തകർക്ക് നേതൃത്വ പരിശീലനവും ജീവിത നൈപുണ്യങ്ങളും നൽകി അവരെ സമൂഹത്തിൽ സജീവ പങ്ക് വഹിക്കാൻ പ്രാപ്തരാക്കുന്നു. ഇത് അവരുടെ വ്യക്തിപരമായ വികസനം വർധിപ്പിക്കുന്നതിനൊപ്പം അവരുടെ പ്രദേശങ്ങളിൽ സാമൂഹിക നീതിക്കും സമത്വത്തിനും വേണ്ടി വാദിക്കാൻ അവരെ പ്രാപ്തരാക്കുന്നു.

## വികേന്ദ്രീകൃത പരിശീലനവും കാര്യശേഷി വികസനവും

വികേന്ദ്രീകൃത പരിശീലന സമീപനമാണ് DSS ഏറ്റെടുത്തിരിക്കുന്നത്. പ്രാദേശിക വെല്ലുവിളികൾ ഫലപ്രദമായി നേരിടുന്നതിന് ആവശ്യമായ നൈപുണ്യങ്ങളും അറിവും സന്നദ്ധ പ്രവർത്തകർക്ക് ലഭ്യമാക്കുന്നുവെന്ന് ഈ മാതൃക ഉറപ്പാക്കുന്നു.

**1. പ്രാദേശിക പരിശീലന പരിപാടികൾ:** ഓരോ സമൂഹത്തിന്റെയും നിർദ്ദിഷ്ട ആവശ്യങ്ങൾക്കനുസരിച്ച് തയ്യാറാക്കിയ പരിശീലന പരിപാടികൾ DSS ഗ്രാസ്റൂട്ട് തലത്തിൽ നടത്തുന്നു. ഉദാഹരണത്തിന്: സന്നദ്ധം- (പ്രായോഗിക ദുരന്ത നിവാരണ പരിശീലനം) കേരളത്തിലെ സന്നദ്ധ പ്രവർത്തകർക്ക് മൂന്ന് ഘട്ടങ്ങളിലായി തീവ്രമായ ദുരന്ത സന്നദ്ധതാ പരിശീലനം നൽകുന്നു.

**2. നേതൃത്വ പരിശീലനവും ജീവിത നൈപുണ്യ പരിശീലനവും:** സന്നദ്ധ പ്രവർത്തകർക്ക് നേതൃത്വ പരിശീലനവും ജീവിത നൈപുണ്യ പരിശീലനവും DSS നൽകുന്നു, അവരെ സമൂഹത്തിൽ സജീവ പങ്ക് വഹിക്കാൻ പ്രാപ്തരാക്കുന്നു. ഇത് അവരുടെ വ്യക്തിപരമായ വികസനം വർധിപ്പിക്കുന്നതിനൊപ്പം അവരുടെ പ്രദേശങ്ങളിൽ സാമൂഹിക നീതിക്കും സമത്വത്തിനും വേണ്ടി വാദിക്കാൻ അവരെ പ്രാപ്തരാക്കുന്നു.

**3. സമൂഹാധിഷ്ഠിത പരിപാടികൾ:** സന്നദ്ധതീരം പോലുള്ള പരിപാടികൾ കാലാവസ്ഥാ അനുബന്ധ വെല്ലുവിളികൾ നേരിടുന്നതിൽ സമൂഹാംഗങ്ങളുടെ സജീവ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നു. പ്രാദേശിക സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തുന്നതിലൂടെ, പരിഹാരങ്ങൾ സമൂഹാധിഷ്ഠിതവും സുസ്ഥിരവുമാണെന്ന് ഉറപ്പാക്കുന്നു.

**4. സന്നദ്ധ പ്രവർത്തക പ്രോത്സാഹനവും മാനേജ്മെന്റും:** സന്നദ്ധ പ്രവർത്തകരെ അംഗീകരിക്കുന്നതിലും പിന്തുണയ്ക്കുന്നതിലുമുള്ള DSS-ന്റെ ശ്രദ്ധ, അവരുടെ പരിശ്രമങ്ങളിൽ സന്നദ്ധ പ്രവർത്തകർക്ക് അംഗീകാരവും പിന്തുണയും ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നു. ഇത് പൗര ഉത്തരവാദിത്വത്തിന്റെ സംസ്കാരം വളർത്തുകയും കൂടുതൽ വ്യക്തികളെ സന്നദ്ധ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു, അതുവഴി സാമൂഹിക ബന്ധം ശക്തിപ്പെടുത്തുന്നു.

സാമൂഹിക നീതി കൈവരിക്കുന്നതിൽ DSS-ന്റെ പ്രവർത്തന മണ്ഡലം കൂടുതൽ വിപുലപ്പെടുത്തേണ്ടതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാവുന്നതാണ് :

**1. സന്നദ്ധ പ്രവർത്തനം സ്ഥാപനവൽക്കരിക്കൽ:** കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി, യുഎൻ വോളന്റിയേഴ്സ്, മറ്റ് ഏജൻസികൾ എന്നിവയുമായി സഹകരിച്ച് പങ്കുകൾ, ഉത്തരവാദിത്തങ്ങൾ, വിലയിരുത്തൽ സംവിധാനങ്ങൾ എന്നിവ നിർവചിക്കുന്ന സംസ്ഥാനതല സന്നദ്ധ പ്രവർത്തന നയം (വോളന്റീറിംഗ് പോളിസി) വികസിപ്പിക്കുക.

**2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള പങ്കാളിത്തം ശക്തിപ്പെടുത്തൽ:** പ്രാദേശിക അസമത്വങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് DSS തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി അടുത്ത് പ്രവർത്തിക്കണം. സന്നദ്ധ പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംരംഭങ്ങളുമായി സംയോജിപ്പിക്കുന്നതിലൂടെ, വിഭവങ്ങൾ നീതിപൂർവ്വകം വിതരണം ചെയ്യപ്പെടുന്നുവെന്നും പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾക്ക് ആവശ്യമായ പിന്തുണ ലഭിക്കുന്നുവെന്നും ഉറപ്പാക്കാൻ കഴിയും.

**3. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വിപുലീകരിക്കൽ:** സുതാര്യതയും ഉത്തരവാദിത്തവും വർധിപ്പിക്കുന്നതിന് സന്നദ്ധ പ്രവർത്തനം കൂടുതൽ മാറ്റ് കൂട്ടുന്നതിനായി ആപ്പ് അധിഷ്ഠിത സംവിധാനങ്ങൾ ഉപയോഗിക്കുക.

**4. അക്കാദമിക സംയോജനം പ്രോത്സാഹിപ്പിക്കൽ:** വിദ്യാർത്ഥികളുടെ പങ്കാളിത്തത്തിന് ക്രെഡിറ്റുകൾ നൽകി അക്കാദമിക പാഠ്യപദ്ധതിയിൽ സന്നദ്ധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക.

**5. നൈപുണ്യ വികസനം വർധിപ്പിക്കൽ:** സന്നദ്ധ പ്രവർത്തകരെ 21-ാം നൂറ്റാണ്ടിലെ നൈപുണ്യങ്ങളാൽ സജ്ജരാക്കുന്നതിന് ദുരന്ത നിവാരണം, പാലിയേറ്റീവ് കെയർ, ഡിജിറ്റൽ സാക്ഷരത എന്നീ മേഖലകളിൽ പ്രത്യേക പരിശീലനം നൽകുക.

**6. ദുർബല വിഭാഗങ്ങളിലേക്കുള്ള ഔട്ട്റീച്ച് വിപുലീകരിക്കൽ:** സ്ത്രീകൾ, ആദിവാസി സമൂഹങ്ങൾ, ഭിന്നശേഷിക്കാർ എന്നിവരുൾപ്പെടെയുള്ള ദുർബല വിഭാഗങ്ങളിലേക്കുള്ള ഔട്ട്റീച്ചിന് മുൻഗണന നൽകണം. ഈ ഗ്രൂപ്പുകൾ നേരിടുന്ന അനന്യമായ വെല്ലുവിളികൾ പരിഹരിക്കുന്നതിന് പ്രത്യേക പരിശീലന പരിപാടികൾ രൂപകൽപ്പന ചെയ്യാം.

**7. ലിംഗ സമത്വം പ്രോത്സാഹിപ്പിക്കൽ:** സന്നദ്ധ പ്രവർത്തനങ്ങളിലും നേതൃത്വ പദവികളിലും സ്ത്രീകളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിച്ചുകൊണ്ട് DSS സജീവമായി ലിംഗസമത്വം പ്രോത്സാഹിപ്പിക്കണം. ലക്ഷ്യമിട്ടുള്ള റിക്രൂട്ട്മെന്റ് ക്യാമ്പയിനുകളിലൂടെയും ലിംഗപദവി സംവേദനക്ഷമമായ പരിശീലന പരിപാടികളിലൂടെയും ഇത് നേടാൻ കഴിയും.

**8. സഹകരണം വളർത്തൽ:** സന്നദ്ധ പ്രവർത്തനാധിഷ്ഠിത സംരംഭങ്ങളുടെ സ്വാധീനം പരമാവധി ആക്കുന്നതിന് തദ്ദേശ സർക്കാരുകൾ, എൻജിഒകൾ, അന്തർദേശീയ സംഘടനകൾ എന്നിവയുമായുള്ള പങ്കാളിത്തം ശക്തിപ്പെടുത്തുക.

ഈ ശുപാർശകൾ നടപ്പിലാക്കുന്നതിലൂടെ, സാമൂഹിക നീതിക്കായുള്ള കാറ്റലിസ്റ്റ് എന്ന നിലയിലുള്ള DSS-ന്റെ പങ്ക് കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും. സന്നദ്ധ പ്രവർത്തനത്തിലൂടെ സാമൂഹിക നീതി കൈവരിക്കുന്നതിനുള്ള അനന്യവും നൂതനവുമായ മാതൃകയാണ് സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റ്. പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളെ ശാക്തീകരിക്കുന്നതിലൂടെയും, ഉൾച്ചേർക്കൽ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും, സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുന്നതിലൂടെയും, കേരളത്തെ കൂടുതൽ നീതിപൂർവ്വകവും പ്രതിരോധശേഷിയുള്ളതുമായ ഒരു സമൂഹമാക്കി മാറ്റാനുള്ള സാധ്യത DSS-ന് ഉണ്ട്. വികേന്ദ്രീകൃത പരിശീലനത്തിലൂടെയും സമൂഹ പങ്കാളിത്തത്തിലൂടെയും, ആരും പിന്നിൽ പോകുന്നില്ല എന്ന് DSS ഉറപ്പാക്കുന്നു, തന്റെ എല്ലാ പ്രവർത്തനങ്ങളിലും സാമൂഹിക നീതിയുടെ തത്വങ്ങൾ പ്രതിഫലിപ്പിക്കുന്നു.

കേരളം പുതിയ വെല്ലുവിളികൾ നേരിടുന്നതിനനുസരിച്ച്, സന്നദ്ധ പ്രവർത്തനത്തിന്റെയും പൗര ഉത്തരവാദിത്തത്തിന്റെയും സംസ്കാരം വളർത്തുന്നതിൽ DSS-ന്റെ പങ്ക് നിർണായകമായിരിക്കും. തന്റെ വിജയങ്ങളിൽ നിന്ന് മുന്നോട്ട് പോകുന്നതിലൂടെയും വിപുലീകരിക്കുന്നതിലൂടെയും, സാമൂഹിക നീതി കൈവരിക്കുന്നതിനുള്ള പരിശ്രമത്തിൽ മറ്റ് സംസ്ഥാനങ്ങൾക്ക് പിന്തുടരാവുന്ന മാതൃകയായും പ്രതീക്ഷയുടെ പ്രകാശമായും DSS-ന് പ്രവർത്തിക്കാൻ കഴിയും.

145

# അധികാരവികേന്ദ്രീകരണവും നൂതനാശയങ്ങളും

രമ്യ രമണൻ

നിരവധി സംസ്ഥാനങ്ങളുള്ള വിശാലമായ ഇന്ത്യയിലെ ഏറ്റവും വിദ്യാസമ്പന്നരുള്ളതും സാമൂഹികമായി വികസിതവുമായ പ്രദേശമായി നമ്മുടെ കേരള സംസ്ഥാനം ശ്രദ്ധ ആകർഷിക്കുന്നു. ഇന്ത്യയിലെ വികസന ചരിത്രത്തിൽ കേരളത്തിന്റെ ജനാധിപത്യ വികേന്ദ്രീകരണത്തിന് പ്രത്യേക പ്രാധാന്യമുണ്ട്. അധികാരവികേന്ദ്രീകരണത്തിലൂടെ രാജ്യത്തിനു മാതൃകയായി മാറുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്.

അധികാരവികേന്ദ്രീകരണത്തിലൂടെ പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് സാഹചര്യമൊരുങ്ങി. അടിസ്ഥാന മേഖലകളുടെ വികസനത്തിന് ഊന്നൽ നൽകിയും ജനപങ്കാളിത്തം ഉറപ്പാക്കിയും പ്രകൃതി സംരക്ഷണം, മാലിന്യനിർമാർജനം, ജലാശയങ്ങളുടെ വീണ്ടെടുപ്പ്, വിദ്യാഭ്യാസം. ആരോഗ്യം, പാർപ്പിടം തുടങ്ങിയ മേഖലകളിൽ അത്ഭുതകരമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകുവാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

ഈ അനുഭവസമ്പത്ത് പ്രളയവും കോവിഡും ഉരുൾപൊട്ടലും അടക്കമുള്ള പ്രതിസന്ധികളെ ഫലപ്രദമായി നേരിടാൻ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സഹായകമായി. വരുംകാലങ്ങളിൽ അഭിമുഖീകരിക്കേണ്ടി വരുന്ന ദുരന്ത സാഹചര്യങ്ങളും പ്രതിസന്ധികളും മുന്നിൽ കണ്ടുകൊണ്ട് തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തന മികവും കാര്യശേഷിയും കൂടുതൽ വർധിപ്പിക്കേണ്ടതുണ്ട്. നാടിന്റെ സർവ്വതോമുഖവും സുസ്ഥിരവുമായ വികസനം മുന്നിൽക്കണ്ട് പുതിയ മേഖലകളിലേക്ക് ചുവടുവെക്കാൻ ത്രിതല പഞ്ചായത്തുകൾക്ക് കഴിയണം.

പ്രാദേശിക സാമ്പത്തിക വികസനവും സാമൂഹിക നീതിയും തുല്യതയും ഉറപ്പുവരുത്തുന്നതിനുള്ള ഇടപെടൽ തദ്ദേശസ്ഥാപനങ്ങൾ നടത്തേണ്ടതുണ്ട്. എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ഉൽപാദന മേഖലയിൽ കൂടുതൽ ഉണർവ് ഉണ്ടാകണം. ചെറുകിട വ്യവസായ സംരംഭങ്ങൾ കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. യുവജനങ്ങളുടെ സാങ്കേതികവൈദഗ്ദ്ധ്യം ഉയർത്തുന്നതിനും പ്രദേശവാസികളിൽ നിന്നും മൂലധനം സ്വരൂപിച്ച് പ്രാദേശിക വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും തദ്ദേശസ്ഥാപനങ്ങൾക്ക് കഴിയും.

സാമൂഹ്യനീതി കാഴ്ചപ്പാടുകൾക്കനുസൃതമായി പദ്ധതികൾ വിഭാവനം ചെയ്യാൻ നമുക്ക് കഴിയണം. ബാലസൗഹൃദ തദ്ദേശ ഭരണം, വയോജന സൗഹൃദ തദ്ദേശഭരണം, സ്ത്രീ സൗഹൃദ തദ്ദേശഭരണം തുടങ്ങിയ കാഴ്ചപ്പാടുകൾ പ്രോത്സാഹിപ്പിക്കപ്പെടണം. പരമാവധി ജനകീയ പങ്കാളിത്തത്തോടെ ദീർഘകാല വികസന കാഴ്ചപ്പാടോടെ പദ്ധതികൾ നടപ്പിലാക്കാൻ നമുക്ക് കഴിയണം.

സാമ്പത്തിക വികസനത്തിലും വ്യവസായിക വികസനത്തിലും ഒപ്പം പ്രകൃതി സംരക്ഷണത്തിലും സാമൂഹ്യനീതിയിലും ശ്രദ്ധ പുലർത്തിയുള്ള വികസന മാതൃക നമുക്ക് തുടരേണ്ടതുണ്ട്.

ജനപങ്കാളിത്തത്തിന്റെ പ്രബലവേദിയായ ഗ്രാമസഭകളുടെയും വാർഡ് സഭകളുടെയും പ്രതാപം വീണ്ടെടുക്കണം. അധികാരവികേന്ദ്രീകരണത്തിന്റെ സത്ത പുതിയ തലമുറയെ പഠിപ്പിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. എല്ലാ വിഭാഗത്തിലുള്ളവരുടെയും വൈദഗ്ദ്ധ്യവും പിന്തുണയും പങ്കാളിത്തവും ഉറപ്പുവരുത്തണം.

നമ്മുടെ തദ്ദേശസ്ഥാപനങ്ങളുടെ ഭൗതികാവസ്ഥയിൽ വന്നു കഴിഞ്ഞിട്ടുള്ള മാറ്റം വളരെ വലുതാണ്. നൂതന സാങ്കേതികവിദ്യ കൂടുതൽ ജനകീയമാക്കുവാനും സേവനങ്ങളിൽ പ്രാവർത്തികമാക്കുവാനും കഴിയണം. യുവാക്കളും വിദ്യാർത്ഥികളും ഉൾപ്പെടുന്ന പുതിയ തലമുറയെ കൂടി ഉൾക്കൊള്ളുന്ന, എത്തിച്ചേരുന്ന ഇടങ്ങളായി നമ്മുടെ സ്ഥാപനങ്ങൾ മാറേണ്ടതുണ്ട്. നാടിന്റെ ചരിത്രവും വികസന വഴികളും വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് പഠിക്കാൻ കഴിയുന്ന കേന്ദ്രമായി തദ്ദേശസ്ഥാപനങ്ങളെ മാറ്റുന്ന സാധ്യതകളെ പ്രയോജനപ്പെടുത്തണം. "പഞ്ചായത്ത് ലേണിങ് സെന്റർ" പോലെയുള്ള ഇടപെടലുകളെ പ്രോത്സാഹിപ്പിക്കാം.

അടുത്തുനിൽക്കുന്ന സർക്കാരിനാണ് ഏറ്റവും സുതാര്യമാകുവാൻ സാധിക്കുക. അതുകൊണ്ടാണ് തദ്ദേശ സ്ഥാപനങ്ങൾ ജന ബന്ധമുള്ള സ്ഥാപനങ്ങളായി മാറുന്നത്. കേരളത്തിലെ സ്ഥാപനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള നിരവധി നടപടികൾ നിയമനിർമാണത്തിലൂടെയും ജനകീയ ആസൂത്രണത്തിലൂടെയും രൂപപ്പെട്ടിട്ടുണ്ട്. ദുർബലമായ സംവിധാനങ്ങളെ കാലോചിതമായി പരിഷ്കരിച്ച്, പുനരുജീവിപ്പിച്ച് സുതാര്യതയും വിശ്വാസ്യതയും ഉറപ്പുവരുത്തണം. സോഷ്യൽ ഓഡിറ്റ് പോലെയുള്ള ജനകീയ സംവിധാനങ്ങൾ എല്ലാ മേഖലയിലേക്കും വ്യാപിപ്പിക്കേണ്ടതുണ്ട്.

അധികാരവികേന്ദ്രീകരണം വളരെ പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ പ്രക്രിയയാണ്. അതുകൊണ്ടുതന്നെ അതിന്റെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനും ഭാവി പരിപാടികൾ രൂപപ്പെടുത്തുന്നതിനും വേണ്ട ചർച്ചകൾ ആദ്യം നടക്കേണ്ടത് രാഷ്ട്രീയ തലത്തിൽ തന്നെയാണ്. ജനപങ്കാളിത്തവും സുതാര്യതയും ഉറപ്പാക്കുന്നതിന് സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ആത്മാർത്ഥമായ നിലപാടുകൾ അനിവാര്യമാണ്.

---

തീമാറ്റിക് എക്സ്പെർട്, കില. 9207871031

146

# Participation, Communication, and Empowerment for Development Through Decentralization: A Case Study on the Process of the Extreme Poor Selection Campaign in Kerala

Rishna K.K.[1] & Dr. Rajesh Kumar B.M.[2]

**Abstract**

Poverty alleviation, as a core objective of the UN Sustainable Development Goals (SDGs), remains central to development policies worldwide. Decentralized institutions play a critical role in mobilizing social engagement and fostering inclusive development. In India, Kerala's community-driven approach to identifying and rehabilitating destitute families marks a pioneering initiative in poverty eradication. The Extreme Poor Selection Campaign, launched in 2021, aims to achieve a poverty-free state within five years by identifying the state's poorest 1.1% of families and implementing tailored rehabilitation programs. Operated through local government institutions, the campaign successfully identified 64,008 extremely poor families within six months using a systematic, multistage process involving public participation and rigorous verification. The Kerala Institute of Local Administration (KILA) trained 473,000 local leaders to execute the initiative, focusing on education, communication, and community engagement. Beneficiaries' needs were identified through democratic participation, and individual micro-plans were developed to guide their rehabilitation. The campaign's strategy integrated participatory planning and effective communication to ensure inclusivity, transparency, and timely identification of beneficiaries.

This study takes the case of the campaign to explore the role and scope of local government institutions in empowering the public to participate and engage in the process of identifying and implementing projects and policies for their own social development. The study examines campaign's innovative approach to public engagement, the communication strategies employed, and the training methods used to engage the local resources. It highlights how decentralized governance can effectively address developmental challenges by encouraging collaborative decision making through public discourses in the local level. The study explores the role of local self-governments in tailoring solutions to meet the unique needs of marginalized groups while ensuring transparency and adaptability in implementation. Additionally, it focuses on how participation and communication strategies empower people through local government institutions and resources, fostering the state's development needs.

Keywords: Decentralisation for development, Extreme poor selection Campaign, Participation for empowerment, Communication strategies, Sustainable Development Goals

1. Research scholar, Department of Communication and Journalism, University of Kerala, ph:7558814977, rishnaraj11@gmail.com
2. Assistant Professor, Dept communication and Journalism, University of Kerala

## 147

# തദ്ദേശഭരണം :യുവ ജനപ്രതിനിധികൾ സാധ്യതകളും വെല്ലുവിളികളും

ഷിജു സി.പി.

**ആമുഖം**

ജനാധിപത്യത്തിന്റെ അർഥതലത്തെ പ്രായോഗികതയിലേക്ക് കൊണ്ടുവരുന്നതിൽ മറ്റ് അധികാരം സംവിധാനത്തിൽ നിന്നും വ്യത്യസ്തമായി പ്രാദേശിക സർക്കാരുകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

ജനങ്ങളുമായി നേരിട്ട് സംവദിച്ച് അവരുടെ ആശയങ്ങൾ പരിഗണിച്ച് ആവശ്യങ്ങൾ നിറവേറ്റാൻ സാധിക്കുന്നത് യഥാർത്ഥത്തിൽ പ്രാദേശിക സർക്കാരുകൾക്കാണ്. അതുകൊണ്ടാണ് തദ്ദേശഭരണം ഒരു രാജ്യത്തിന്റെ അടിസ്ഥാന ഭരണഘടനാ സ്ഥാപനം എന്ന് പൊതുവായി വിശേഷിക്കപ്പെടുന്നത്. രാജ്യത്തിന്റെ വൈവിധ്യമെന്നപോലെ നിയമ നിർമാണ സഭകളിലും പ്രാദേശിക സർക്കാരിലും തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളിൽ പ്രായ വൈവിധ്യം കൂടി ഉൾചേരണം.

18 വയസ് മുതൽ മുതിർന്ന അനുഭവ സമ്പത്തുള്ള പ്രതിനിധികൾ കൂടി ചേരുമ്പോഴാണ് ജനാധിപത്യം അർഥ പൂർണമാവുന്നത്.

അനുഭങ്ങളും നൂതന ആശയങ്ങളും പദ്ധതി രൂപീകരണത്തിൽ ഒരു നാണയത്തിന്റെ ഇരു വശമെന്നപോലെ പ്രധാനപ്പെട്ടവയാണ്. ദിനം പ്രതി മാറിക്കൊണ്ടിരിക്കുന്ന മനുഷ്യന്റെ ജീവിത സാഹചര്യങ്ങളും നിർമിത ബുദ്ധിയിൽ എത്തി ചേർന്നിരിക്കുന്ന സാങ്കേതികവിദ്യകളും ഉള്ള നാട്ടിൽ യുവജനങ്ങളുടെ പങ്കാളിത്തം എല്ലാ രംഗത്തും വളരെയധികം പ്രാധാന്യമർഹിക്കുന്നു. സാമൂഹ്യപരിവർത്തനത്തിന് ഉണർവുള്ള, നവീന ആശയങ്ങളുള്ള യുവാക്കളെ ഭരണത്തിലേക്ക് കൊണ്ടുവരിക എന്നത് ജനാധിപത്യത്തിന്റെ ഉണർവിനും ഭരണസംവിധാനത്തിന്റെ കാര്യക്ഷമതയ്ക്കും ഗുണം ചെയ്യുന്നു.

എങ്കിലും നിരവധിയായ പ്രതിസന്ധികൾ പ്രാദേശിക സർക്കാരുകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട യുവാക്കളായ ജനപ്രതിനിധികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ജനപ്രതിനിധി സഭകളിൽ അവരെ പരിഗണിക്കുമ്പോൾ തന്നെ അവർ നേരിടുന്ന പ്രശ്നങ്ങൾക്ക് കൂടി പരിഹാരം കാണേണ്ടതുണ്ട്.

തദ്ദേശസ്ഥാപനങ്ങളിലെ യുവ ജനപ്രതിനിധികൾ നേരിടുന്ന പ്രതിസന്ധികൾ

1. സാമ്പത്തികമായി നേരിടുന്ന പ്രതിസന്ധി
2. സാമൂഹികമായ പ്രതിസന്ധി
3. രാഷ്ട്രീയപരമായ പ്രതിസന്ധി

**1.സാമ്പത്തിക പ്രതിസന്ധി**

1994 ലെ ഭരണഘടനാ ഭേദഗതിയിലൂടെ നിയമം വഴി നിലവിൽ വന്ന പഞ്ചായത്ത് രാജ് സംവിധാനത്തിൽ മത്സരിക്കാനുള്ള മിനിമം പ്രായ പരിധി 18 വയസാണ്. ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ ഏറ്റവും സുപ്രധാനപ്പെട്ട വഴിത്തിരിവാണ് ആ പ്രായമെന്നത്.

ജോലി ചെയ്യുന്നവരും പഠന പ്രവർത്തനത്തിൽ ഏർപ്പെടുന്നവരുമായിരിക്കും പൊതുവെ ഈ പ്രായത്തിൽ ഉള്ളവർ.

മറ്റൊരു തൊഴിൽ ചെയ്ത് കൊണ്ട് തന്നെ സാമൂഹിക പ്രതിബദ്ധത ഉയർത്തിപ്പിടിച്ചു ജനപ്രതിനിധി എന്ന ഉത്തരവാദിത്വം നിറവേറ്റാമെങ്കിലും പ്രതിനിധികൾ എപ്പോഴും വിളിപ്പുറത്തുണ്ടാകണം എന്നതാണ് ജനങ്ങളുടെ പക്ഷം.

നിലവിലെ സാഹചര്യത്തിൽ തൊഴിലെടുക്കുന്ന പ്രതിനിധികൾക്ക് തൊഴിൽ ചെയ്യാൻ പറ്റാത്ത സാഹചര്യവും വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിക്കാൻ പറ്റാത്ത ബുദ്ധിമുട്ടുമുണ്ട്.

ചുരുക്കത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ഹോണറേറിയം എന്നതിലുപരി വരുമാന മാർഗ്ഗം കൂടി ലഭ്യമാക്കണം.

**2. സാമൂഹിക പ്രതിസന്ധി**

അധികാരത്തിൽ വരുന്ന ജനപ്രതിനിധിസഭകളിൽ പ്രായവും അനുഭവവും പ്രധാന ഘടകമാണ്. ചിലയിടത്ത് താക്കോൽ സ്ഥാനത്ത് യുവാക്കൾ കടന്ന് വരുന്നുണ്ടെങ്കിലും അതിന്റെ എണ്ണം വളരെ കുറവാണ്.

പരമ്പരാഗതമായ പല പദ്ധതികളും ഇന്നും തദ്ദേശ സ്ഥാപനങ്ങളിൽ നടപ്പിൽ വരുത്തുന്നുണ്ട്. വലിയൊരു ശതമാനം ഫണ്ടും നീക്കിവെക്കുന്നത് ഇത്തരം പദ്ധതികൾക്കാണ്. പ്രായം കുറവായതിനാൽ പല വിഷയങ്ങളിലും യുവാക്കൾക്ക് പരിചയം ഇല്ലാതെ വരാം. സാമൂഹികമായി ബന്ധപ്പെടുന്നതിന്റെ പരിമിതി, പദ്ധതി രൂപീകരത്തിലെ പരിചയമില്ലായ്മ, ജനാധിപത്യ വേദികളിൽ ഗ്രാമസഭകളിൽ പോലും പങ്കെടുത്തതിന്റെ പരിചയക്കുറവ് തുടങ്ങിയവ സാമൂഹികമായ പരിചയത്തിന്റെ കുറവായി കാണാം.

**3. രാഷ്ട്രീയ പ്രതിസന്ധി**

പരമ്പരാഗതമായ രാഷ്ട്രീയ കാഴ്ചപ്പാടുകളെ മുറുകെപ്പിടിച്ചുകൊണ്ടാണ് ഇന്നും ജനാധിപത്യ സംവിധാനത്തിലെ ഭരണം മുന്നോട്ട് കൊണ്ട് പോവുന്നത്. ഓരോ

തീരുമാനങ്ങളിലും ഉൾച്ചേർന്നിരിക്കുന്ന രാഷ്ട്രീയ സമ്മർദ്ദങ്ങളെ പൊട്ടിച്ച് കളഞ്ഞ് കുറെ കൂടി സ്വതന്ത്ര നയരൂപീകരണത്തിനു പ്രതിനിധികകളെ അനുവദിക്കണം.

**യുവജനപ്രതിനിധികളുടെ സാധ്യതകൾ**

1. നൂതനമായ ചിന്തകൾ - യുവജനങ്ങൾ പുതിയ ആശയങ്ങൾ, സാങ്കേതിക വിദ്യ, സുസ്ഥിര വികസനം എന്നിവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുകയും പ്രയോഗവൽക്കരിക്കുന്നവരുമാണ്.
2. ഡിജിറ്റൽ പ്രാവീണ്യം - സ്മാർട്ട് ഗവേർണൻസ്, ഇ-ഗവേർണൻസ് തുടങ്ങിയ മേഖലകളിൽ യുവജനങ്ങൾ മികച്ച സംഭാവന നൽകാം.
3. വ്യാപക ജനകീയ പിന്തുണ - യുവജനങ്ങളുടെ ഊർജ്ജസ്വലതയും പ്രവർത്തന മികവും അവർക്ക് വലിയ ജനകീയ പിന്തുണ ലഭ്യമാക്കുന്നു.
4. പുതിയതായി എന്തെങ്കിലും ചെയ്യണം - പഴയ രീതികളിൽ നിന്ന് മാറി കൂടുതൽ ജനകീയവും സുതാര്യമുമായ ഭരണരീതി നടപ്പാക്കാൻ അവർ തല്പരരായിരിക്കും.

---

ഗവേഷക വിദ്യാർഥി, ജേർണലിസം ആൻഡ് മീഡിയ സ്റ്റഡീസ്, കണ്ണൂർ സർവ്വകലാശാല

**148**

# Role of Gram Panchayats in Community Development: The Need for MSW Graduates in Local Governance

Swathy Krishna & Jesty Rajan

Gram Panchayats play a crucial role in grassroots governance and community development. They are responsible for implementing various welfare programs aimed at improving the quality of life in rural areas. However, despite their potential, many development initiatives face challenges due to a lack of professional expertise in social work. This paper highlights the need for integrating Master of Social Work (MSW) graduates into Gram Panchayat activities to enhance the efficiency and impact of community development efforts.

Several pressing social issues demonstrate the need for this intervention. Self-help groups, despite government support, often struggle with financial sustainability due to inadequate training in entrepreneurship and resource management. Tribal welfare programs frequently fail to address the unique cultural and livelihood needs of communities, requiring social workers to facilitate participatory planning and inclusive development. Waste management continues to be a major concern, with inefficient disposal systems leading to environmental and health hazards—an area where MSW professionals can design and implement community-driven solutions.

The rising prevalence of substance abuse among youth calls for structured de-addiction programs, which trained social workers can lead through awareness campaigns, counselling, and rehabilitation efforts. Post-disaster rehabilitation efforts, particularly in flood-prone areas, require professionals to facilitate relief coordination, psychosocial support, and sustainable rebuilding strategies. Additionally, as the elderly population increases, there is a growing need for structured community-based elderly care programs, including home care services and social inclusion initiatives, which Panchayats can implement effectively with MSW expertise.

Another crucial area requiring intervention is the support for vulnerable children, particularly those facing mental health issues, school dropouts, and family instability. MSW professionals with expertise in child psychology

can conduct awareness campaigns, organize counselling sessions, and develop targeted support programs to ensure children's well-being and educational continuity. Furthermore, MSW graduates can assist Panchayats in managing Child Resource Centres, strengthening Child Protection Committees, and ensuring the effective implementation of child welfare policies at the local level.

This paper argues that MSW graduates, with their specialized skills in community mobilization, social policy implementation, and crisis intervention, can significantly enhance the effectiveness of Gram Panchayats in addressing these challenges. It recommends policy-level interventions to institutionalize the role of social work professionals within Panchayat governance, ensuring a more inclusive, sustainable, and community-centered approach to rural development.

Keywords: Gram Panchayat, Community Development, MSW Graduates, Local Governance, Social Welfare, Rural Development

## 149

## ഗ്രാമ ഭവൻ

ആര്യനാട് ഗ്രാമ പഞ്ചായത്ത്

പൊതു ജനസേവനം മുൻനിർത്തി സേവനങ്ങൾ കൈയെത്തും ദുരത്ത് എത്തിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഗ്രാമ ഭവൻ (വാർഡ്തല പഞ്ചായത്താഫീസ്). പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള ഒരു ഉപനിയമാവലിയുടെയും ഗ്രാമ ഭവൻ പ്രവർത്തന മാനുവലിന്റെയും അടിസ്ഥാനത്തിലാണ് ഗ്രാമഭവനുകൾ പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിൽ നിന്നും ഘടക സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ താവെ തട്ടിൽ ലഭിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ എക്സ്റ്റെൻഷൻ സെന്റർ എന്നതിന് പുറമേ മറ്റ് ഇതര വകുപ്പുകളിൽ നിന്നും പൊതു ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളുടെ വിവരങ്ങൾ ലഭിക്കുന്ന സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ കൂടിയാണ് ഗ്രാമ ഭവനുകൾ.

ഗ്രാമ പഞ്ചായത്തിനായി ബന്ധപ്പെട്ട എല്ലാ വാർഡ്തല സംഘടനാ സംവിധാനങ്ങളുടെയും ഏകോപന കേന്ദ്രമായും സഹായ കേന്ദ്രമായും പ്രവർത്തിക്കുന്നതിനൊപ്പം അതാത് വാർഡുകളിലെ ജനപ്രതിനിധികളുടെ വാർഡ് തല ആഫീസ് കൂടിയാണ്.

## 150

## അഴിമതി രഹിത തദ്ദേശഭരണ സ്ഥാപനങ്ങൾ

കരിവെള്ളൂർ-പെരളം ഗ്രാമ പഞ്ചായത്ത്

അഴിമതി രഹിതമായ സർക്കാർ സ്ഥാപനങ്ങൾ എന്നത് എല്ലാവരുടെയും ചിരകാല സ്വപ്നമായിരുന്നു. എന്നാൽ 1995ൽ പഞ്ചായത്ത് രാജ് നിയമം നടപ്പിലാക്കുകയും അതിൻറെ ഭാഗമായി ജനകീയ ആസൂത്രണപ്രസ്ഥാനം ആരംഭിക്കുകയും ചെയ്തതോടു കൂടിയാണ് പ്രസ്തുത സ്വപ്നം യാഥാർത്ഥ്യത്തിലേക്ക് ചുവട് വെക്കുവാൻ തുടങ്ങിയത്. കാൽ നൂറ്റാണ്ട് പിന്നിടുമ്പോൾ അഴിമതി നിർമാർജനത്തിന്റെ കാര്യത്തിൽ കുറേക്കൂടി മെച്ചപ്പെട്ട രീതിയിലേക്ക് സർക്കാർ സംവിധാനങ്ങൾ മാറിയിട്ടുണ്ട്. പ്രാദേശിക ഭരണകൂടങ്ങൾ എന്ന നിലയിൽ പഞ്ചായത്തുകൾക്ക് പത്തോളം സർക്കാർ വകുപ്പുകളുടെ അനുബന്ധ സ്ഥാപനങ്ങൾ കൈമാറി ലഭിച്ചിട്ടുണ്ട്. പഞ്ചായത്ത് ഓഫീസുകൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും ഒരളവു വരെ അഴിമതിയുടെ കാര്യത്തിൽ ചില ശുഭ പ്രതീക്ഷകൾ തന്നെയാണ് ഉണ്ടായിട്ടുള്ളത്.അധികാരം ജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ടിയുള്ള ഒട്ടനവധി പ്രചരണ പ്രവർത്തനങ്ങളും പ്രായോഗിക പ്രവർത്തനങ്ങളും ഉണ്ടായി. പലവിധ സംഘടനാ സംവിധാനങ്ങൾ,ഭരണഘടനാ പിൻബലമുള്ള ഗ്രാമസഭകൾ,സോഷ്യൽ

ഓഡിറ്റ് സംവിധാനങ്ങൾ, മോണിറ്ററിംഗ് കമ്മിറ്റികൾ, വർക്കിംഗ്ഗ്രൂപ്പുകൾ,കുടുംബശ്രീ സംവിധാനങ്ങൾ,അയൽക്കൂട്ടങ്ങൾ എന്നിവ ജാഗ്രതയോടെ പ്രവർത്തിക്കുവാൻ തുടങ്ങി.പൗരാവകാശ രേഖകൾ പ്രസിദ്ധം ചെയ്തു.വിവരാവകാശ നിയമപ്രകാരം കൃത്യതയും ആധികാരികമായ മറുപടികൾ പരാതിക്കാർക്ക് ലഭിച്ചു തുടങ്ങി.ജനപ്രതിനിധികൾക്ക് എളുപ്പത്തിൽ തിരിച്ചറിയാവുന്ന ഭരണസംവിധാന ക്രമങ്ങൾ,പദ്ധതി നിർവഹണ രീതികൾ, ചട്ടവും നിയമവും അടിസ്ഥാനമാക്കിയുള്ള ക്ലാസുകൾ എന്നിവ ലഭിക്കുന്നതോടുകൂടി ജനപ്രതിനിധികളിൽ നിന്ന് മറച്ചുപിടിച്ച് കാര്യങ്ങൾ ചെയ്യുന്ന ഉദ്യോഗസ്ഥരീതികൾക്ക് സാരമായ മാറ്റങ്ങൾ ഉണ്ടായി. ഓഫീസുകൾക്ക് മുമ്പിൽ ഫ്രണ്ട് ഓഫീസ് സംവിധാനം വന്നു.ഓൺലൈനായി കാര്യങ്ങൾ നടന്നു കിട്ടുന്ന സാഹചര്യങ്ങൾ ഉണ്ടായി.ഡിജിറ്റൽ സംവിധാനത്തേക്ക് ഓഫീസ് പ്രവർത്തനങ്ങളുടെ മാറി. ഇതോടു കൂടി സുതാര്യമായ ഭരണക്രമത്തിന് ആക്കം കൂടി. എളുപ്പത്തിൽ പ്രശ്നപരിഹാരമുണ്ടായി. സാമൂഹ്യനീതി നടപ്പിലാവുകയും സുതാര്യത വർദ്ധിക്കുകയും ചെയ്തു. ഭരണസ്ഥാപനങ്ങൾക്ക് സഹായകരമായി രീതിയിൽ ഓംബുഡ്സ്മാൻ, ട്രിബ്യൂണലുകൾ,സംസ്ഥാന ഫിനാൻസ് കമ്മീഷൻ തുടങ്ങിയവ ആരംഭിച്ച തോടുകൂടി സുതാര്യമായ ഭരണക്രമങ്ങൾക്ക് ആക്കം കൂടി. കീഴ്ത്തട്ടിലെ ജനാധിപത്യ ഇടമായഗ്രാമസഭയുടെ പ്രധാന അജണ്ടകളായി ഗുണഭോക്തൃ തെരഞ്ഞെടുപ്പ്,മുൻഗണന നിശ്ചയിക്കൽ,പദ്ധതി ആസൂത്രണം,വരവുചെലവു കണക്കു പരിശോധന എന്നിവ വന്നതോടെ അഴിമതികൾക്ക് പിടിച്ചുനിൽക്കുവാൻ കഴിയാതെ വന്നു.ഗുണഭോക്തൃ സമിതികൾ, പല മേഖലകളിലു ള്ള വികസന സമിതികൾ എന്നിവ നിർമ്മാണ രംഗത്ത് ഉദയം ചെയ്തതോടുകൂടി അഴിമതിയുടെ കാര്യത്തിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടായി.

**151**

# മൂന്നുപെരിയ ചെറുപട്ടണങ്ങൾ സൗന്ദര്യവൽക്കുന്നതിനുള്ള പെരളശ്ശേരി മാതൃക

പെരളശ്ശേരി ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ചരിത്രപരമായും ഭൂ പ്രകൃതി ദൃശ്യങ്ങളാലും സമ്പന്നമായ പ്രദേശമാണ് പെരളശ്ശേരി ഗ്രാമം. പെരളശ്ശേരിഗ്രാമപഞ്ചായത്തിലെ മൂന്നുപെരിയ എന്ന ചെറുപട്ടണം ശുചിത്വത്തിന്റെ കാര്യത്തിൽ മാതൃകയാവുകയാണ്. കണ്ണൂർ-കൂത്തുപറമ്പ് സംസ്ഥാന പാത കടന്നുപോകുന്ന മൂന്നു പെരിയ ടൗണിൽ എത്തിച്ചേരുന്നവർക്ക് കടലാസ് കഷ്ണങ്ങളും കവറുകളും വലിച്ചെറിയാൻ തോന്നാത്ത രീതിയിലുംതുപ്പാൻ തോന്നാത്ത വിധവും നിത്യേന വൃത്തിയാക്കി സൂക്ഷിക്കുന്നു. എല്ലാ ദിവസങ്ങളിലും കാലത്ത് അഞ്ച് മണി മുതൽ ഒരു മണിക്കൂർ നേരം ശുചിത്വ വളണ്ടിയർമാരുടെ നേതൃത്വത്തിൽ മൂന്നു പെരിയടൗൺ ശുചീകരണം നടത്തിവരുന്നു. നാട്ടുകാരുടെയും പൊതു പ്രവർത്തകരുടെയും സാംസ്കാരിക സ്ഥാപനങ്ങളുടെയും വ്യാപാരികളുടെയും പിന്തുണയോടെ ചിട്ടയായ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായിട്ടാണ് മൂന്നു പെരിയ ശുചിത്വ ടൗൺ ആയി മാറിയത്. മാലിന്യം വലിച്ചെറിയപ്പെടാത്ത ടൗൺ ആയും കച്ചവട സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേന 100% യൂസർ ഫീ പിരിച്ചെടുക്കുന്ന ടൗൺആയും ആദ്യഘട്ടത്തിൽ തന്നെ പ്രഖ്യാപനം നടത്തിയിരുന്നു.

കേരള സർക്കാരിന്റെ ചെറു പട്ടണങ്ങൾ സൗന്ദര്യവൽക്കരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കൊണ്ട് മൂന്നുപെരിയ ടൗൺ സൗന്ദര്യവൽക്കരണം നടത്തി വികസിപ്പിച്ചതോടുകൂടിയാണ് മൂന്നുപെരിയ ടൗണിന്റെ മുഖച്ഛായ തന്നെ മാറിയത്.റോഡിൻെറ ഇരുവശവും ഓവുചാൽ നിർമ്മിക്കുകയും യാത്രക്കാർക്ക് സുഗമമായി നടക്കാൻ നടപ്പാതകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പാതകൾക്ക് ഇരുവശങ്ങളിലും കൈവരികൾ സ്ഥാപിച്ചിട്ടുണ്ട്. അലങ്കാര തൂണുകളും വിളക്കുകളും സ്ഥാപിച്ചു. പ്രത്യേക ആകൃതിയിലുമുള്ള ബസ് കാത്തിരിപ്പ് കേന്ദ്രം പുതുതായി നിർമ്മിക്കുകയും ചുറ്റിലും ചെറിയ പൂന്തോട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.ചുറ്റിലും അലങ്കാരചെടികൾ നട്ടുപിടിപ്പിച്ചു. കൈവരികളിൽ വൈവിധ്യമാർന്ന പൂക്കളുമായി 200 ൽ അധികം പൂച്ചെട്ടികളാണ് നട്ടു വളർത്തിയിട്ടുള്ളത്.പൊതു ഇടങ്ങൾ മാലിന്യമുക്തമാക്കുവാനുള്ള വഴി അവ സൗന്ദര്യവൽക്കരിക്കലാണ് എന്ന സന്ദേശം സമൂഹത്തിന് നൽകുന്നു.മഹാനായ എകെജിയുടെ ജന്മനാട് എന്ന പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട്എകെജിയുടെ സ്റ്റാമ്പ് ഫോട്ടോ മുദ്രണം ചെയ്ത എൽഇഡി സൈനേജ് നെയിംബോർഡ് സ്ഥാപിച്ചു.അവിടെ ഉണ്ടായിരുന്ന പൊതു കിണർ ശുചീകരിക്കുകയും പുതുക്കി പണിയുകയും ചെയ്തു.കിണറിന് പൂക്കൊട്ടയുടെ രൂപത്തിലുള്ള പുതിയ മനോഹരമായ ആൾമറയാണ് നിർമ്മിച്ചിട്ടുള്ളത്. കൈവരികളിൽ കച്ചവടക്കാരുടെ നേതൃത്വത്തിൽ പൂച്ചെട്ടികൾ ഒരുക്കുകയും ചെടികൾ നട്ടുപിടിപ്പിക്കുയും ചെയ്തിട്ടുണ്ട്.ബസ്സ് ഷെൽട്ടറിന്റെ ഭാഗമായ മതിലിൽ എകെജിയുടെയും മഹാത്മാഗാന്ധിയുടെയും ജവഹർലാൽ നെഹ്റുവിന്റെയും ഇന്ത്യൻ ചരിത്രത്തിലെ ജീവിതം ആലേഖനം

ചെയ്ത ഛായാച്ചിത്രം ഉൾക്കൊള്ളിച്ചിട്ടുള്ള ചിത്രപ്പണികളും ഉണ്ടാക്കി. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ശുചിത്വ സന്ദേശങ്ങൾ ഉൾപ്പെടുത്തിയ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

ജനങ്ങൾ കാഴ്ചക്കാരല്ല കാവൽക്കാരാണ് എന്ന മുദ്രാവാക്യവുമായി മൂന്നുപെരിയ ടൗൺ ശുചീകരിക്കുന്നതിന് വേണ്ടി ജനകീയ സമിതി പ്രവർത്തിച്ചുവരികയാണ്. അവിടെ നാട്ടുകാരും സംഘടനകളും ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക മാത്രമല്ല ചെയ്യുന്നത്. ശുചിത്വം നിലനിർത്തുന്നതിന് സഹായകരമായ വിവിധങ്ങളായ സംവിധാനങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. ശുചീകരണ ഉപകരണങ്ങൾ സംഘടിപ്പിക്കുന്നു. അർബാന, വിവിധതരം ചൂലുകൾ, കൈക്കോട്ട്, ട്രീ കട്ടറുകൾ, പ്ലക്കർ എന്നിവ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തി.പട്ടണം സൗന്ദര്യവൽക്കരി ക്കുന്നതിന് വേണ്ടി നട്ട പൂച്ചെട്ടികളിൽ വെള്ളം നനക്കുന്നതിന് പമ്പ് സെറ്റ് സ്പോൺസർമാരിലൂടെ കണ്ടെത്തി. വാട്ടർ ടാങ്ക് സ്ഥാപിച്ചു. ശുചിത്വ വളണ്ടിയർമാർക്ക് യൂണിഫോമും തൊപ്പിയും ഗ്ളൗസും മഴക്കോട്ടും ജാക്കറ്റുംവിതരണം ചെയ്തു. സൗന്ദര്യവൽക്കരണം പൂർണ്ണതയിൽ എത്തിക്കുന്നതിന് വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിക്കുന്നു. ബസ്സ് ഷെൽട്ടറിൽ എത്തുന്ന യാത്രക്കാർക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചിട്ടുണ്ട്. പാട്ട് കേൾക്കുന്നതിന് വേണ്ടി റേഡിയോ സ്ഥാപിച്ചു. അപകട വേളയിൽ എല്ലാവർക്കും ഉപയോഗിക്കുവാൻ പാകത്തിൽ ഫസ്റ്റ് എയ്ഡ് ഉപകരണങ്ങൾ ബസ്റ്റോപ്പിൽ ഫസ്റ്റ് എയ്ഡ് ബോക്സിൽ തയ്യാറാക്കി വെച്ചിട്ടുണ്ട്. ബസ്റ്റോപ്പിലും തൊട്ടടുത്തും ഉപയോഗിക്കുന്നതിന് വേണ്ടി ഫയർ എക്സ്റ്റിംഗ്യൂഷറുകൾ ഒരുക്കിവെച്ചിട്ടുണ്ട്. ശുചിത്വ ടീം അംഗങ്ങൾക്ക് അപകട ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പത്രങ്ങളും മാസികകളും ആനുകാലികങ്ങളും ഒരുക്കിയ കുട്ടി ലൈബ്രറി സ്ഥാപിച്ചിട്ടുണ്ട്.ക്ലോക്കും സ്ഥാപിച്ചിട്ടുണ്ട്. മൂന്നുപെരിയ മാർക്കറ്റിൽ നിന്നും മത്സ്യം വാങ്ങുന്നവർക്ക് തുണിസഞ്ചി വിതരണം ചെയ്തു. ഞായറാഴ്ചകളിലും അവധി ദിവസങ്ങളിലും വനിതകളുടെ നേതൃത്വത്തിൽ പ്രത്യേക ശുചീകരണവും നടത്തിവരുന്നു. സേവനത്തിൽ ഏർപ്പെടുന്നവർക്ക് എല്ലാ ദിവസങ്ങളിലും ചായയും ലഘു ഭക്ഷണവും തൊട്ടടുത്ത വീടുകളിൽ നിന്നും തയ്യാറാക്കി നൽകുന്നു. മൂന്നുപെരിയ ടൗണിലെ ബിന്നുകളിൽ നിക്ഷേപിക്കുന്ന അജൈവ വസ്തുക്കൾ ഹരിത കർമ്മ സേന ശേഖരിച്ച് എംസിഎഫിൽ എത്തിച്ചുവരുന്നു.

പെരളശ്ശേരി ഗ്രാമപഞ്ചായത്തും മൂന്നുപെരിയ എകെജി സ്മാരക വായനശാലയും വ്യാപാരി സംഘടനയും മുൻകൈ എടുത്തുകൊണ്ടാണ് മൂന്നുപെരിയ ശുചിത്വ ടീം രൂപീകരിച്ചിട്ടുള്ളത്. ഹരിത കേരള മിഷൻ, ശുചിത്വമിഷൻ എന്നിവയുടെ പിന്തുണയോടു കൂടിയാണ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുള്ളത്. മൂന്നുപെരിയ ടൗണിന് ചുറ്റുമുള്ള വീടുകളിലേക്കും സൗന്ദര്യവൽക്കരണം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വീട്ടുമതിൽ പൂച്ചെടികളാൽ അലങ്കരിക്കുകയും ശുചീകരിക്കുകയും ചെയ്തു വരുന്നു. മൂന്നുപെരിയക്ക് തൊട്ടടുത്തുള്ള പാതയോരങ്ങളും ശുചീകരിക്കുകയും ഹരിത ബിന്നുകൾ സ്ഥാപിക്കുകയും വീട്ടു മതിലുകൾ പൂച്ചെട്ടികൾ സ്ഥാപിച്ച് അലങ്കരിക്കുകയും ചെയ്തു വരുന്നുണ്ട്. മൂന്നുപെരിയ മാതൃക സംസ്ഥാനത്തൊട്ടാകെ മുഴുവൻ ടൗണുകളിലുംവ്യാപിപ്പിക്കുന്നതിനു വേണ്ടി തദ്ദേശ സ്വയംഭരണവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വികസനത്തിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനം നടത്തുന്നതുപോലെ തന്നെ പ്രാധാന്യം പരിപാലനത്തിനും ഉണ്ട് എന്ന തിരിച്ചറിവ് സന്നദ്ധ പ്രവർത്തനങ്ങളിലൂടെ ബോധ്യപ്പെടുത്താൻ കഴിഞ്ഞു.ഇതിൻെറ തുടർച്ചയായി പെരളശ്ശേരിപഞ്ചായത്തിലെ തെരഞ്ഞെടുത്ത മറ്റ് ചെറുപട്ടണങ്ങൾ സൗന്ദര്യവൽക്കരിക്കുന്നതിന് ശുചിത്വടീം പ്രവർത്തിച്ചുവരുന്നുണ്ട്. കോട്ടം, വെള്ളച്ചാൽ,മൂന്നാം പാലം, കീഴറ എന്നീ ടൗണുകൾ ഹരിത ടൗണുകൾ ആയി പ്രഖ്യാപിച്ചു കഴിഞ്ഞു. ചെറുമാവിലായി ഡാം സൈറ്റ് ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു കഴിഞ്ഞു.

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണത്തിലൂടെ നമുക്ക് നേടിയെടുക്കേണ്ട ലക്ഷ്യങ്ങളെ ഏറ്റവും സൂക്ഷ്മമായ സൂചകങ്ങൾ ആക്കി വിഭജിച്ചുകൊണ്ട് സൂക്ഷ്മതല ഇടപെടലുകളിലൂടെ ശുചിത്വവും ഹരിതാഭവുമായ ഗ്രാമം ജനപങ്കാളിത്തത്തോടെ സൃഷ്ടിച്ചെടുക്കുവാൻ കഴിയുമെന്ന് മൂന്നുപെരിയ അനുഭവം തെളിയിക്കുന്നു.

152

# സൗരവൈദ്യുതി കൊയ്യാൻ പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ സോളാർ പാടം

പെരളശ്ശേരി ഗ്രാമപഞ്ചായത്ത്

സൗരോർജ്ജം ഉപയോഗിച്ചുകൊണ്ട് കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള പദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരികയാണ്. സുസ്ഥിരവികസനം ഉറപ്പാക്കുവാൻ സൌരോർജ്ജം ഉൾപ്പെടെയുള്ള പാരമ്പര്യേതര അക്ഷയ ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കുന്നതാണ് നല്ലത്. സോളാർ ഊർജ്ജം ഉൽപ്പാദിപ്പിക്കുവാനുള്ള സാങ്കേതിക വിദ്യകൾ ലളിതമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ സാധ്യതയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് പെരളശ്ശേരി ഗ്രാമപഞ്ചായത്ത് സോളാർ പവർ പ്ലാന്റിലൂടെ മുന്നോട്ട് വന്നിട്ടുള്ളത്.

നെറ്റ് സീറോകാർബൺ എന്ന ലക്ഷ്യത്തിലേക്ക് ഒരു ചുവടുകൂടി വെച്ച് പെരളശ്ശേരി ഗ്രാമ പഞ്ചായത്തിൽ 150 കിലോവാട്ടിന്റെ ഗ്രിഡ് കണക്ടഡ് സോളാർ പവർ പ്ലാന്റ് പ്രവർത്തനംആരംഭിച്ചു. പെരളശ്ശേരി പഞ്ചായത്തിലെ പിലാഞ്ഞി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനോട് ചേർന്നുള്ള 1500 ചതുരശ്ര മീറ്ററിൽ തരിശായി കിടന്ന സ്ഥലത്ത് 545 വാട്ട് ശേഷിയുള്ള 276 സോളാർ പാനലുകളാണ് സ്ഥാപിച്ചിട്ടുള്ളത്. സോളാർ പവർ പ്ലാന്റിൽനിന്നും പ്രതിദിനം ശരാശരി 600 യുണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. ഉയർന്ന കാര്യക്ഷമതയുള്ളതും അതിനൂതനമായാ മോണോപെർക്ക് സാങ്കേതികവിദ്യയിലുള്ളമായ സോളാർ പാനലുകളാണ് ഈ പദ്ധതിക്ക് ഉപയോഗിച്ചിട്ടുള്ളത്.

സൂര്യപ്രകാശത്തിൽ നിന്നുള്ള പ്രകൃതി സൗഹൃദ ഊർജ്ജ ഉൽപാദനം നടക്കുന്നതിനാൽ ആഗോളതാപനത്തിനെതിരെയുള്ള ക്രിയാത്മക പ്രവർത്തനമായി ഇതു മാറും. കാലാവസ്ഥ വ്യതിയാനം അതി രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അന്തരീക്ഷത്തിലേക്ക് പുറത്തു വിടുന്ന കാർബൺഡൈഓക്സൈഡ് വാതകങ്ങളുടെ അളവ് കുറച്ചുകൊണ്ടുവരുവാൻ ഇതിലൂടെ സാധിക്കും. പ്രതിവർഷം 180 ടൺ കാർബൺഡയോക്സൈഡ് ബഹിർഗമനം ഒഴിവാക്കുവാൻ കഴിയും. ഈ സൗരോർജ്ജ നിലയം കെഎസ്ഇബിയുടെ ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

സോളാർ പ്ലാൻറ് പ്രവർത്തിക്കാൻ തുടങ്ങിയതോടെ പഞ്ചായത്തിന്റെ ബില്ലിൽ വലിയ കുറവാണ് വന്നിട്ടുള്ളത്.പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകൾ, അംഗൻവാടികൾ, ഡിസ്പെൻസറികൾ, ഓഫീസുകൾ മുതലായ ജനോപകാരപ്രദമായ സ്ഥാപനങ്ങളുടെ വൈദ്യുതി ആവശ്യങ്ങൾ പ്രസ്തുത സോളാർ പവർ പ്ലാന്റിൽ നിന്നുള്ള വൈദ്യുതി ഉദ്പാദനത്തിലൂടെ നിറവേറ്റാൻ കഴിയുന്നു. അതോടൊപ്പം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾക്ക് ആവശ്യമായ വൈദ്യുതിയും ലഭ്യമാകും. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ സ്ഥാപിക്കപ്പെടുന്ന കേരളത്തിലെ ആദ്യത്തെ ഗ്രൗണ്ട് മൗണ്ടഡ് സൗരോർജ്ജ വൈദ്യുതി നിലയം ആണ് പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ളത്.

## 153

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണവും സോഷ്യൽ ഓഡിറ്റും: കേരളത്തിന്റെ അനുഭവ പാഠങ്ങൾ

ഡോ. എൻ. രമാകാന്തൻ

### ആമുഖം

സ്ഥായിയായ ദാരിദ്ര്യ നിർമ്മാർജ്ജനവും കാർഷികമേഖലയുടെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും അടിമ സമാനമായ ജീവിത സാഹചര്യങ്ങളിൽ നിന്നും ഗ്രാമീണ മേഖലയിലെ തൊഴിലാളികളെ അവകാശ ബോധമുള്ള തൊഴിലാളികളാക്കി മാറ്റുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് രൂപം നൽകിയ സുപ്രധാനമായ പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. നമ്മുടെ രാജ്യത്തെ ഗ്രാമീണ മേഖലയിലെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്നതിന് വർഷത്തിൽ ഒരു കുടുംബത്തിന് നൂറ് ദിവസത്തെ തൊഴിൽസുരക്ഷ ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ ഒന്ന്. അതോടൊപ്പം കാർഷിക മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധിയ്ക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി കാർഷികോല്പാദന വർദ്ധനവിനും ഭക്ഷ്യ സുരക്ഷയ്ക്കും സഹായകമായ വിധത്തിൽ പദ്ധതിയെ പ്രയോജനപ്പെടുത്തുകയെന്നതും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സുപ്രധാന ലക്ഷ്യമാണ്. ഗ്രാമീണ ജനതയുടെ ജീവിത ഗുണനിലവാരം ഉയർത്തുന്നതിന് സഹായകമായ പൊതു വികസന ആസ്തികൾ സൃഷ്ടിക്കുകയെന്നതും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മറ്റൊരു പ്രധാനപ്പെട്ട ലക്ഷ്യമാണ്. ചുരുക്കത്തിൽ, സ്ഥായിയായ ദാരിദ്ര്യ നിർമ്മാർജ്ജനത്തോടൊപ്പം ഗ്രാമീണ ജനതയുടെ ജീവിത നിലവാരം ഉയർത്തുന്നതിനും പരിസ്ഥിതി സംരക്ഷണത്തിലൂടെ സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് രൂപം നൽകിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി രാജ്യത്തിന്റെ വികസന ചരിത്രത്തിൽ പുതിയൊരു മാറ്റത്തിന് വഴിതെളിക്കുകയുണ്ടായി.

### സോഷ്യൽ ഓഡിറ്റിന് നിയമപരിരക്ഷ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ലാണ് സോഷ്യൽ ഓഡിറ്റിന് നമ്മുടെ രാജ്യത്ത് ഒരു വികസന പദ്ധതിയുടെ ഭാഗമായി ആദ്യമായി നിയമപരിരക്ഷ ലഭിക്കുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണവും നിർവ്വഹണവും സുതാര്യതയോടെയും ഉയർന്ന സാമൂഹ്യ ഉത്തരവാദിത്വത്തോടെയും നടപ്പാക്കുന്നു എന്നുറപ്പാക്കുന്നതിന് സോഷ്യൽ ഓഡിറ്റിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ടാണ് നിയമത്തിന്റെ 17-mw വകുപ്പിൽ സോഷ്യൽ ഓഡിറ്റിനുള്ള വ്യവസ്ഥ ഉൾച്ചേർത്തത്. വിവിധ സംസ്ഥാനങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പാക്കുന്ന മുഴുവൻ പ്രവൃത്തികളും ജനകീയ പങ്കാളിത്തത്തോടെ ഗ്രാമസഭകൾ സോഷ്യൽ ഓഡിറ്റ് നടത്തണമെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു. സോഷ്യൽ ഓഡിറ്റിനായുള്ള നിയമവ്യവസ്ഥ പ്രയോഗവത്കരിക്കുന്നതിന് സഹായകമായ വിശദമായ ചട്ടങ്ങൾ കേന്ദ്ര ഗ്രാമവികസന വകുപ്പ് 2011 – ൽ തയ്യാറാക്കി വിജ്ഞാപനം ചെയ്യതോടെ സോഷ്യൽ ഓഡിറ്റ് സംവിധാനവും പ്രക്രിയയും കൂടുതൽ പ്രാധാന്യം കൈവരിക്കുകയും പദ്ധതിയുടെ അവിഭാജ്യഘടകമായി സോഷ്യൽ ഓഡിറ്റ് മാറുകയും ചെയ്തു. 2016-ൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ സഹായത്തോടെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം സുപ്രധാനമായ സോഷ്യൽ ഓഡിറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ "ഓഡിറ്റ് സ്റ്റാന്റേർഡ്സ് ഫോർ സോഷ്യൽ ഓഡിറ്റ്" തയ്യാറാക്കി അംഗീകരിച്ചതോടെ സോഷ്യൽ ഓഡിറ്റ് പ്രക്രിയയും സംവിധാനവും കൂടുതൽ ശക്തവും ഫലപ്രദവുമായി മാറുകയും സോഷ്യൽ ഓഡിറ്റിന് പദ്ധതിയുടെ ആസൂത്രണവും നിർവ്വഹണവുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ നിർവ്വഹിക്കേണ്ട ചുമതലകളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് കൂടുതൽ വ്യക്തത കൈവരിക്കുന്നതിനും കഴിഞ്ഞു.

### സോഷ്യൽ ഓഡിറ്റ് വ്യവസ്ഥാപിതമാക്കുന്നതിന് സോഷ്യൽ ഓഡിറ്റ് സൊസൈറ്റികൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമം വ്യവസ്ഥ ചെയ്യതനുസരിച്ച് ഗ്രാമസഭകൾക്ക് സോഷ്യൽ ഓഡിറ്റ് ചുമതല ഏറ്റെടുക്കുന്നതിന് കഴിയുന്ന സഹായ സംവിധാനം ആവശ്യമാണെന്ന് ഓഡിറ്റ് സ്കീം റൂൾസ് 2011-ൽ വ്യക്തമാക്കുന്നുണ്ട്. ഇതിനായി അതത് സംസ്ഥാന ഗവൺമെന്റുകൾക്കു

ള്ള ഉത്തരവാദിത്വം നിറവേറ്റുന്നതിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് യൂണിറ്റുകൾ രൂപീകരിക്കണമെന്ന് ചട്ടങ്ങൾ നിഷ്കർഷിക്കുന്നു. പദ്ധതി നിർവ്വഹണ സംവിധാനത്തിൽ നിന്നും സ്വതന്ത്രമായി പ്രവർത്തിക്കുന്ന സോഷ്യൽ ഓഡിറ്റ് യൂണിറ്റുകളും ഇതിന് ഭരണപരമായ നേതൃത്വം നൽകുന്നതിന് സോഷ്യൽ ഓഡിറ്റ് സൊസൈറ്റികളും രൂപീകരിക്കണമെന്ന് സോഷ്യൽ ഓഡിറ്റ് ചട്ടത്തിൽ വ്യവസ്ഥ ചെയ്യുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളുടെ സംഘാടനം, നടത്തിപ്പ്, സോഷ്യൽ ഓഡിറ്റ് പ്രക്രിയയുമായി ബന്ധപ്പെട്ട വിവിധഘട്ട പ്രവർത്തനങ്ങൾ, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കൽ, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യുന്നതിനുള്ള ജനകീയ പങ്കാളിത്ത വേദികൾ, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിക്കേണ്ട തുടർനടപടികൾ, സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ നിർവ്വഹണ സംവിധാനം സ്വീകരിക്കേണ്ട പരിഹാര നടപടികൾ, പദ്ധതി മെച്ചപ്പെടുത്തുന്നതിന് കൈക്കൊള്ളേണ്ട ഭാവി തീരുമാനങ്ങൾ ഇങ്ങിനെയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച എല്ലാ വിശദാംശങ്ങളും സോഷ്യൽ ഓഡിറ്റ് ചട്ടങ്ങളുടെ ഭാഗമായി വ്യക്തമാക്കുന്നുണ്ട്. സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ ഗ്രാമസഭകളെ സഹായിക്കുന്ന റിസോഴ്സ് പേഴ്സൺമാർ പുലർത്തേണ്ട മൂല്യങ്ങളും സമീപനവും കാഴ്ചപ്പാടും സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങളും സോഷ്യൽ ഓഡിറ്റ് ചട്ടങ്ങൾ നൽകുന്നുണ്ട്.

### സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരളം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമവ്യവസ്ഥകളും തുടർന്ന് കേന്ദ്ര ഗവൺമെന്റ് തയ്യാറാക്കി പുറപ്പെടുവിച്ച ചട്ടങ്ങളും നടപ്പാക്കുന്നതിനായി കേരള ഗവൺമെന്റ് 2015-ൽ തന്നെ സോഷ്യൽ ഓഡിറ്റ് സൊസൈറ്റി രൂപീകരണത്തിനായുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി [G.O(Rt) No.3906/2015/LSGD തീയതി 30.12.2015]. എന്നാൽ, സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ട്രാവൻകൂർ-കൊച്ചി ചാരിറ്റബിൾ സൊസൈറ്റി ആക്ട് 1955 പ്രകാരം രൂപീകരിച്ച് രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞത് 2017 ജനുവരി മാസത്തിൽ മാത്രമാണ്. തുടർന്ന് സോഷ്യൽ ഓഡിറ്റിന്റെ രൂപീകരണത്തിനും റിസോഴ്സ് പേഴ്സൺമാരുടെ തെരഞ്ഞെടുപ്പ്, നിയമനം, പരിശീലനം എന്നിവയ്ക്കായി വളരെയേറെ കാലതാമസം ഉണ്ടാകുകയും ചെയ്തു. സോഷ്യൽ ഓഡിറ്റ് പ്രവർത്തനം കേരളത്തിൽ യഥാർത്ഥത്തിൽ തുടക്കം കുറിച്ചത് 2019-20 വർഷത്തിൽ മാത്രമാണ്. 2019-20 വർഷത്തിൽ സംഘടിപ്പിച്ച സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ കേവലം 2831 മാത്രമായിരുന്നു. തുടർന്ന് ലോകത്താകെ പടർന്ന് പിടിച്ച കോവിഡ്-19 മഹാമാരി സാമൂഹ്യ ജീവിതത്തിലും പൊതുഭരണ രംഗത്തും സൃഷ്ടിച്ച പ്രതിസന്ധി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിച്ചു. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ ഉൾപ്പെടെയുള്ള സാമൂഹ്യ ഒത്തുചേരലുകൾ ഒഴിവാക്കി പദ്ധതിയുടെ കൺകറന്റ് സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതിനായുള്ള മാർഗ്ഗരേഖ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ കേരളത്തിലെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനം ചിട്ടയായി നടപ്പാക്കുന്നതിനും റിപ്പോർട്ട് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ എം.ഐ.എസ്. വെബ് പോർട്ടലിൽ രേഖപ്പെടുത്തി നൽകുന്നതിനും കഴിഞ്ഞില്ല.

### സോഷ്യൽ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ പിന്തുണയും സഹായങ്ങളും

പൊതുഭരണ നിർവ്വഹണവും വികസന പദ്ധതികളും സുതാര്യമായി നടപ്പാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ നയത്തിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് എല്ലാ പിന്തുണയും തദ്ദേശസ്വയംഭരണ വകുപ്പും സംസ്ഥാന ഗവൺമെന്റും നൽകുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് നേതൃത്വം നൽകുന്നതിന് മുഴുവൻ സമയ ഡയറക്ടറെ നിയമിച്ചതോടൊപ്പം സോഷ്യൽ ഓഡിറ്റ് ഭരണ സംവിധാനം പുനഃസംഘടിപ്പിക്കുകയും ചെയ്തു. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയ്ക്ക് പുതിയ ജനറൽ ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. മാത്രവുമല്ല, സോഷ്യൽ ഓഡിറ്റ് പ്രവർത്തന പുരോഗതി കൃത്യമായി അവലോകനം ചെയ്യുന്നതിനും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. എം.വി. ഗോവിന്ദൻമാഷും നിലവിലെ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷും പ്രത്യേക ശ്രദ്ധ നൽകുകയുണ്ടായി. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം സോഷ്യൽ ഓഡിറ്റ് ഫണ്ട് യഥാസമയം ലഭ്യമാക്കാതെ പ്രതിസന്ധി സൃഷ്ടിച്ചപ്പോൾ സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് മൂന്ന് കോടി രൂപ വായ്പയായി നൽകി, നിലച്ചുപോയ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ പുനഃരാരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും പ്രിൻസിപ്പൽ സെക്രട്ടറിയും നൽകിയ പിന്തുണ വളരെ വിലപ്പെട്ടതായിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അവലോകന യോഗങ്ങളിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തന പുരോഗതി വിലയിരുത്തുന്നതും സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ പ്രധാനപ്പെട്ട അജണ്ടയിലേക്ക് സോഷ്യൽ ഓഡിറ്റ് ഇടം നേടിയെന്നതും സോഷ്യൽ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ നൽകി വരുന്ന ശക്തമായ പിന്തുണയും സഹായങ്ങളുമാണ് വ്യക്തമാക്കുന്നത്.

### സോഷ്യൽ ഓഡിറ്റിൽ കേരളം ഒന്നാമത്

തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും ശക്തമായ പിന്തുണയും സഹായങ്ങളും സംബന്ധിച്ച സന്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സോഷ്യൽ ഓഡിറ്റിനോടുള്ള സമീപനത്തിൽ ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിക്കുകയുണ്ടായി. 2021-22 സാമ്പത്തിക വർഷത്തിന്റെ രണ്ടാപാദത്തിൽ കേരളം സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് കൈവരിക്കു

കയും ഇതിന്റെ പ്രഖ്യാപനം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 2023 ഏപ്രിൽ 10-ന് എറണാകുളത്ത് വച്ച് നടത്തിയതോടെ കേരളം കൈവരിച്ച സോഷ്യൽ ഓഡിറ്റ് നേട്ടങ്ങൾ ദേശീയ ശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി. ഇതോടൊപ്പം തന്നെ തുടർന്ന് ചിട്ടയായ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്കാവശ്യമായ വർദ്ധിച്ച തോതിലുള്ള പിന്തുണയും സഹായങ്ങളും പഞ്ചായത്തുകളുടെ ഭാഗത്തു നിന്നും ലഭിക്കുന്നതിനും ഇത് ഇടയാക്കി. സോഷ്യൽ ഓഡിറ്റ്, പദ്ധതിയുടെ അവിഭാജ്യ ഭാഗമാണെന്നും നിയമപരമായ ഉത്തരവാദിത്വമാണെന്നുമുള്ള കാഴ്ചപ്പാട് ഒട്ടുമിക്ക പഞ്ചായത്തുകളിലെയും ഭരണസമിതി അംഗങ്ങളിലും ഉദ്യോഗസ്ഥരിലും വളർന്നുവരുന്നതിന് വലിയൊരളവിൽ സഹായിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിനോടുള്ള സംശയകരവും ഭയപ്പാടോടെയുമുള്ള സമീപനത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാകുകയും ചെയ്തു എന്നതും ശ്രദ്ധേയമാണ്. തുടർന്നങ്ങോട്ട് കഴിഞ്ഞ മൂന്ന് വർഷക്കാലവും വർഷത്തിൽ രണ്ട് പ്രാവശ്യം എല്ലാ പഞ്ചായത്തുകളിലെയും മുഴുവൻ എം.ജി. എൻ.ആർ.ഇ.ജി.എസ്. പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കി റിപ്പോർട്ടുകൾ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ വെബ് പോർട്ടലിൽ രേഖപ്പെടുത്തി നൽകുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമായി കേരളത്തിന് മാറാൻ കഴിഞ്ഞു.

### സോഷ്യൽ ഓഡിറ്റ് ഭൗതിക പുരോഗതിയിൽ വിസ്മയകരമായ നേട്ടങ്ങൾ

സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി നിയമിക്കുന്നതിന് കഴിഞ്ഞതിന്റെ ഫലമായി ചിട്ടയായ സോഷ്യൽ ഓഡിറ്റ് പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് കഴിഞ്ഞ മൂന്ന് വർഷക്കാലം അഭിമാനകരമായ നേട്ടം കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞു. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ കൊഴിഞ്ഞുപോക്ക് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ യഥാസമയം പുതിയ നിയമനം നടത്തി പരിഹരിക്കാൻ കഴിഞ്ഞതിലൂടെ ആവശ്യമായ മനുഷ്യവിഭവശേഷി ഉറപ്പാക്കുന്നതിന് സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷക്കാലം 800-ലധികം സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെയും 110 ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെയും 10 ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെയും നിയമനം സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ പൂർത്തിയാക്കുകയുണ്ടായി. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും സംഘടിപ്പിക്കുന്ന നിരന്തരമായ അവലോകന യോഗങ്ങളിലൂടെയും തുടർപരിശീലനങ്ങളിലൂടെയും റിസോഴ്സ് പേഴ്സൺമാരുടെ പ്രവർത്തനക്ഷമത ഉയർത്തുന്നതിനും ഗുണമേന്മയോടെ സോഷ്യൽ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കഴിയുന്നുണ്ട്. വിവിധതലങ്ങളിലുള്ള സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ പരസ്പര സഹകരണത്തോടെയുള്ള ടീം വർക്കിന്റെ ഫലമായിട്ടുകൂടിയാണ് സോഷ്യൽ ഓഡിറ്റിൽ ഉയർന്ന `ൗതിക പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞതെന്നതും ശ്രദ്ധേയമാണ്. കഴിഞ്ഞ നാല് വർഷക്കാലത്തെ സോഷ്യൽ ഓഡിറ്റ് ഭൗതിക പുരോഗതി സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിട്ടുണ്ട്.

| | ഒന്നാംപാദം | | രണ്ടാംപാദം | |
|---|---|---|---|---|
| FY | GS | PH | GS | PH |
| 2021-22 | 6737 | 296 | 10413 | 562 |
| 2022-23 | 11381 | 651 | 15848 | 941 |
| 2023-24 | 15824 | 941 | 15801 | 939 |
| 2024-25 | 15336 | 932 | 11886 | 586 |

സോഷ്യൽ ഓഡിറ്റ് ഭൗതിക പുരോഗതിയിൽ മാത്രമല്ല, കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ തയ്യാറാക്കിയ ഓഡിറ്റ് സ്റ്റാന്റേർഡ്സും നടപടിക്രമങ്ങളും ഉയർന്ന ഗുണനിലവാരം പുലർത്തിക്കൊണ്ട് പാലിക്കുന്നതിനും സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഓഡിറ്റ് ഗുണമേന്മ വിലയിരുത്തുന്നതിനുള്ള സുപ്രധാന മാനദണ്ഡം, ഓഡിറ്റ് കാലയളവിൽ കണ്ടെത്തി റിപ്പോർട്ട് ചെയ്യപ്പെടുന്ന പദ്ധതി നിർവ്വഹണ പ്രശ്നങ്ങളാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റിനായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം തയ്യാറാക്കി അംഗീകരിച്ച സോഷ്യൽ ഓഡിറ്റ് ഇഷ്യൂസ് പ്രധാനമായും താഴെപ്പറയുന്നവയാണ്.

1. സാമ്പത്തിക ദുർവിനിയോഗം (Financial Misappropriation)
2. സാമ്പത്തിക വ്യതിയാനം (Financial Deviation)
3. പ്രക്രിയ ലംഘനം ( Process Violation)
4. പരാതികൾ (GrievanCes)

മുകളിൽ സൂചിപ്പിക്കപ്പെട്ട വിലയിരുത്തൽ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സോഷ്യൽ ഓഡിറ്റിൽ കഴിഞ്ഞ നാല് വർഷക്കാലം കണ്ടെത്തി റിപ്പോർട്ട് ചെയ്യാൻ കഴിഞ്ഞ ഇഷ്യൂസ് സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| FY | FM | FD | PV | Gr | Total |
|---|---|---|---|---|---|
| 2021-22 | 70 | 43 | 640 | 115 | 868 |
| 2022-23 | 709 | 824 | 4479 | 882 | 6894 |
| 2023-24 | 3939 | 1657 | 7956 | 1415 | 14967 |
| 2024-25 | 7175 | 3588 | 24044 | 2204 | 37011 |

### സോഷ്യൽ ഓഡിറ്റിൽ വിപുലമായ ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞു

സോഷ്യൽ ഓഡിറ്റിലൂടെ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്ന സുപ്രധാനമായ ജനാധിപത്യ മൂല്യം ഭരണ നിർവ്വഹണത്തിലും വികസന പ്രവർത്തനങ്ങളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക എന്നതാണ്. ഇതിനായി നിരവധി പങ്കാളിത്ത വേദികൾ സോഷ്യൽ

ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി സൃഷ്ടിക്കപ്പെടുന്നുണ്ട്. ഇതിൽ ഏറ്റവും പ്രധാനം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിലെയും സോഷ്യൽ ഓഡിറ്റ് പബ്ലിക് ഹിയറിംഗുകളിലെയും വിപുലമായ ജനപങ്കാളിത്തമാണ്. കേവലം തൊഴിലുറപ്പ് തൊഴിലാളികളുടെയും പദ്ധതിയുമായി ബന്ധപ്പെട്ട മേറ്റുമാരുടെയും പങ്കാളിത്തത്തിനപ്പുറം എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിലും പബ്ലിക് ഹിയറിംഗുകളിലും ഉറപ്പാക്കുന്നതിന് പഞ്ചായത്തുകളുടെ സഹായത്തോടെ പരിശ്രമിക്കുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് വ്യവസ്ഥാപിതമാകുന്നതിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം വേണ്ടത്ര ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടില്ല എന്നതാണ് യഥാർത്ഥ്യം. എന്നാൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിൽ വലിയതോതിലുള്ള ജനകീയപങ്കാളിത്തം ജനകീയാസൂത്രണ കാലഘട്ടത്തിന് ശേഷം കഴിഞ്ഞ മൂന്ന് വർഷക്കാലം തുടർച്ചയായി ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിലെ കഴിഞ്ഞ് മൂന്ന് വർഷക്കാലത്തെ പങ്കാളിത്തം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിട്ടുണ്ട്.

| വർഷം | ഒന്നാംപാദം | രണ്ടാംപാദം |
|---|---|---|
| 2022-23 | 621785 | 790590 |
| 2023-24 | 852245 | 739262 |
| 2024-25 | 761364 | പുരോഗമിച്ചു വരുന്നു |

### സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് റിപ്പോർട്ട് പഞ്ചായത്തടിസ്ഥാനത്തിൽ ക്രോഡീകരിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വാർഡ് അടിസ്ഥാനത്തിലാണ് കേരളത്തിൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ സംഘടിപ്പിക്കുന്നത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഗ്രാമസഭകൾ എന്നത് പഞ്ചായത്ത് അടിസ്ഥാനത്തിലാണ്. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കി കേന്ദ്ര ഗ്രാമവികസന വെബ് പോർട്ടലിൽ രേഖപ്പെടുത്തുന്നതിന് കഴിയുക പഞ്ചായത്ത് അടിസ്ഥാനത്തിൽ മാത്രമാണ്. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിംഗിൽ കേരളം നേരിട്ട പ്രധാനപ്പെട്ട വെല്ലുവിളിയും ഇതുതന്നെയായിരുന്നു. ഇത് മറികടക്കുന്നതിനായി സോഷ്യൽ ഓഡിറ്റ് വാർഡ്തല ഗ്രാമസഭാ യോഗത്തിൽ അംഗീകരിച്ച റിപ്പോർട്ടുകൾ പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ച് പഞ്ചായത്ത്തല സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന സോഷ്യൽ ഓഡിറ്റ് പബ്ലിക് ഹിയറിംഗിൽ അവതരിപ്പിച്ച് ചർച്ചചെയ്ത് അംഗീകരിക്കുന്നു. ഇത്തരത്തിൽ പഞ്ചായത്ത് തലത്തിൽ ചേരുന്ന പബ്ലിക് ഹിയറിംഗിലെ പങ്കാളിത്തം കൂടുതൽ പ്രാതിനിധ്യ സ്വഭാവമുള്ളതും ഉയർന്ന നിലവാരം പുലർത്തുന്ന ചർച്ചകൾക്ക് നേതൃത്വം നൽകാൻ കഴിയുന്നവരുമാണ് എന്നതാണ് പ്രത്യേകത. പഞ്ചായത്ത് വിഷയാടിസ്ഥാനത്തിലുള്ള വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, പഞ്ചായത്ത് ആസൂത്രണ സമിതി അംഗങ്ങൾ, വില്ലേജ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ, കുടുംബശ്രീ ഭാരവാഹികൾ, വിവിധ വികസന മേഖലയിലെ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരാണ് സോഷ്യൽ ഓഡിറ്റ് പബ്ലിക് ഹിയറിംഗിൽ പങ്കെടുക്കുന്നത്. അതുകൊണ്ടുതന്നെ ഗൗരവമായ ചർച്ചകൾ നടത്തുന്നതിന് കഴിയുന്നതാണ് സോഷ്യൽ ഓഡിറ്റ് പബ്ലിക് ഹിയറിംഗിലെ പങ്കാളിത്തം. കഴിഞ്ഞ മൂന്ന് വർഷക്കാലം സംസ്ഥാനത്തെ സോഷ്യൽ ഓഡിറ്റ് പബ്ലിക് ഹിയറിംഗിലെ പങ്കാളിത്തം സംബന്ധിച്ച വിവരങ്ങൾ താഴെകൊടുത്തിട്ടുണ്ട്.

| സാമ്പത്തിക വർഷം | ഒന്നാംപാദം | രണ്ടാംപാദം |
|---|---|---|
| 2022-23 | 69695 | 95518 |
| 2023-24 | 105004 | 87057 |
| 2024-25 | 79577 | പുരോഗമിച്ചു വരുന്നു |

### സോഷ്യൽ ഓഡിറ്റ് ഫണ്ട് വർദ്ധിച്ച തോതിൽ വാങ്ങി എടുക്കുന്നതിന് കഴിഞ്ഞു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് ഫണ്ട് പൂർണ്ണമായും കേന്ദ്ര ഗ്രാമവികസന മന്ത്രാലയമാണ് നൽകുന്നത്. പദ്ധതിയ്ക്കായി മുൻവർഷം ചെലവഴിച്ച തുകയുടെ 0.05 ശതമാനമാണ് സോഷ്യൽ ഓഡിറ്റ് ഫണ്ടായി കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം വകയിരുത്തുന്നത്. ഇത് വർഷത്തിൽ തുല്യ ഗഡുക്കളായി നാല് തവണകളായാണ് ലഭിക്കുക. കേന്ദ്ര ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റ് നയമനുസരിച്ച് അനുവദിച്ചു നൽകിയ പണത്തിന്റെ 75 ശതമാനം ചെലവഴിക്കുകയും സോഷ്യൽ ഓഡിറ്റിൽ അതനുസരിച്ച് ഭൗതിക പുരോഗതി കൈവരിക്കുകയും ചെയ്തെങ്കിൽ മാത്രമേ തുടർന്നുള്ള ഗഡു അനുവദിക്കുകയുള്ളൂ. കർശനമായ ധനവിനിയോഗ നിയന്ത്രണവും പണം അനുവദിക്കുന്നതിൽ സങ്കീർണ്ണമായ ഉപാധികളും പുലർത്തുന്നതിനാൽ ഇന്ത്യയിലെ നല്ലൊരു പങ്ക് സംസ്ഥാനങ്ങളിലും അർഹമായ സോഷ്യൽ ഓഡിറ്റ് ഫണ്ട് യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി നിലനിൽക്കുകയാണ്. 2017-18 സാമ്പത്തിക വർഷം മുതലാണ് കേരളത്തിന് സോഷ്യൽ ഓഡിറ്റ് ഫണ്ട് ലഭ്യമായി തുടങ്ങിയത്. എന്നാൽ ആദ്യ നാല് വർഷക്കാലം അർഹമായ സോഷ്യൽ ഓഡിറ്റ് ഫണ്ട് വാങ്ങി എടുക്കുന്നതിനും സോഷ്യൽ ഓഡിറ്റ് കാര്യക്ഷമമായി നടപ്പാക്കുന്നതിനും കഴിഞ്ഞില്ലായെന്ന് വ്യക്തമാണ്. കഴിഞ്ഞ നാല് വർഷക്കാലത്തെ കേരളത്തിന്റെ മികച്ച സോഷ്യൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനത്തിന്റെ ഫലമായി വർദ്ധിച്ച തോതിൽ സോഷ്യൽ ഓഡിറ്റ് ഫണ്ട് വാങ്ങി എടുക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്.

2017-18 മുതൽ 2024-25 വരെയുള്ള വിവിധ വർഷങ്ങളിൽ കേരളത്തിന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽ നിന്നും ലഭിച്ച സോഷ്യൽ ഓഡിറ്റ് ഫണ്ട് സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിട്ടുണ്ട്.

| ക്രമ നമ്പർ | വർഷം | ലഭിച്ച ഗഡുക്കളുടെ എണ്ണം | ലഭിച്ച സോഷ്യൽ ഓഡിറ്റ് ഫണ്ട് തുക |
|---|---|---|---|
| 1 | 2017-18 | ഒന്ന് | 4,18,37,000/- |
| 2 | 2018-19 | ഇല്ല | ഇല്ല |
| 3 | 2019-20 | ഒന്ന് | 7,30,37,000/- |
| 4 | 2020-21 | ഇല്ല | ഇല്ല |
| 5 | 2021-22 | രണ്ട് | 2,92,21,000/- |
| 6 | 2022-23 | മൂന്ന് | 14,00,20,000/- |
| 7 | 2023-24 | നാല് | 19,09,36,000/- |
| 8 | 2024-25 | രണ്ട് | 7,88,25,000/- |
| | ആകെ | | 55,38,76,000/- |

## സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ സ്വീകരിച്ച തുടർനടപടികൾ

സോഷ്യൽ ഓഡിറ്റ് അടിസ്ഥാനപരമായി ഒരു "കറക്റ്റീവ് ഓഡിറ്റ്" ആണ്. സോഷ്യൽ ഓഡിറ്റിലൂടെ കണ്ടെത്തുന്ന പദ്ധതി നിർവ്വഹണത്തിൽ സംഭവിച്ച പിഴവുകൾ തിരുത്തുന്നതിനും തുടർന്നങ്ങോട്ട് ആവർത്തിക്കാതിരിക്കുന്നതിനും നിർവ്വഹണ സംവിധാനത്തിന് ഉത്തരവാദിത്വമുണ്ട്. ഗുണഭോക്താക്കളായ ജനങ്ങളോടും പദ്ധതിക്കായി പണം നൽകുന്ന ഗവൺമെന്റിനോടുമുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇത്തരം തിരുത്തലുകൾ നടത്തുന്നതിന് പദ്ധതി നിർവ്വഹണ സംവിധാനം ബാദ്ധ്യതപ്പെട്ടിരിക്കുന്നത്. പദ്ധതി നിർവ്വഹണ സംവിധാനം ജനങ്ങളോടും പദ്ധതിക്ക് രൂപം നൽകി പണം വകയിരുത്തുന്ന സർക്കാരിനോടും സമാധാനം ബോധിപ്പിക്കേണ്ടതുണ്ട്. ഇക്കാര്യം ഉറപ്പാക്കുന്നത് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സ്വീകരിക്കുന്ന ക്രിയാത്മകമായ പരിഹാര നടപടികളിലൂടെയാണ്. സോഷ്യൽ ഓഡിറ്റ് തുടർപ്രവർത്തനത്തിന്റെ ഭാഗമാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലെ കണ്ടെത്തലുകളിന്മേൽ ബന്ധപ്പെട്ട നിർവ്വഹണ സംവിധാനം ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ചു എന്നുറപ്പാക്കുകയെന്നത്. ഇതിനുള്ള ഉത്തരവാദിത്വം പദ്ധതി നിർവ്വഹണം നടത്തുന്ന പഞ്ചായത്തുകൾക്കും അതോടൊപ്പം പദ്ധതി നിർവ്വഹണത്തിന് മേൽനോട്ടം വഹിക്കുന്ന ബന്ധപ്പെട്ട സർക്കാർ വകുപ്പിലെ ഉദ്യോഗസ്ഥർക്കുമുണ്ട്. അതുകൊണ്ടുതന്നെ സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതുപോലെയുള്ള പ്രാധാന്യം സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിക്കുന്ന തുടർനടപടികളിലും ഉണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിലെ കണ്ടെത്തലുകളിന്മേൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നതിൽ കേരളത്തിന്റെ നേട്ടങ്ങൾ ശ്രദ്ധേയമാണ്. കഴിഞ്ഞ നാല് വർഷക്കാലം സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി കണ്ടെത്തിയ നിർവ്വഹണ പ്രശ്നങ്ങളിന്മേൽ പഞ്ചായത്തുകൾ സ്വീകരിച്ച പരിഹാര നടപടികൾ സംബന്ധിച്ച പുരോഗതി താഴെ കൊടുത്തിട്ടുണ്ട്.

| സാമ്പത്തിക വർഷം | കണ്ടെത്തിയ നിർവ്വഹണ പ്രശ്നങ്ങൾ | ക്ലോസ് ചെയ്തവ | തിരിച്ചടച്ച തുക |
|---|---|---|---|
| 2021-22 | 868 | 851 | 1,46,031 |
| 2022-23 | 6894 | 6697 | 27,96,564 |
| 2023-24 | 14967 | 13143 | 55,30,837 |
| 2024-25 | 37011 | 10544 | 19,27,688 |
| ആകെ | 59740 | 31235 | 1,04,01,120 |

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും സോഷ്യൽ ഓഡിറ്റിന്റെ സ്വാധീനം

കേരളത്തിന്റെ ഗ്രാമീണ സമ്പദ് വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിൽ സുപ്രധാനമായ സംഭാവനകൾ നൽകുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. ഇക്കഴിഞ്ഞ മൂന്ന് വർഷക്കാലം മാത്രമാണ് സോഷ്യൽ ഓഡിറ്റ് ചിട്ടയായും കാര്യക്ഷമമായും നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടുള്ളത്. സോഷ്യൽ ഓഡിറ്റ് ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞതിന്റെ ഫലമായി പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ഗുണപരമായ ഒട്ടേറേ മാറ്റങ്ങൾ കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നത് സാർവ്വത്രികമായി അംഗീകരിക്കുന്ന വസ്തുതയാണ്. കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ താഴെപ്പറയും പ്രകാരം സംഗ്രഹിക്കാം ;

1. പദ്ധതിയുമായി ബന്ധപ്പെട്ട് നിർബന്ധമായും തയ്യാറാക്കി സൂക്ഷിക്കേണ്ട രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിക്കുന്നതിന് പഞ്ചായത്തുകൾ നിർബന്ധിതമായി. ഇതിന്റെ ഫലമായി പദ്ധതിയുമായി ബന്ധപ്പെട്ട സുതാര്യത വർദ്ധിപ്പിക്കാൻ കഴിഞ്ഞു.
2. പദ്ധതി ആസൂത്രണവും നിർവ്വഹണവും കൂടുതൽ വ്യവസ്ഥാപിതവും നിയമാനുസൃതവും ആക്കുന്നതിന് കഴിഞ്ഞു. പദ്ധതിയിൽ അനുവദനീയമായ പ്രവൃത്തികൾ മാത്രം ഏറ്റെടുക്കുന്നതിന് പഞ്ചായത്തുകളെ നിർബന്ധിതമാക്കി മാറ്റാൻ കഴിഞ്ഞു.
3. പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ ജനങ്ങൾക്കും കൂടുതൽ പ്രയോജനകരവും സ്ഥായിയായ വികസനത്തിന് സഹായകമാക്കി മാറ്റുന്നതിനും വലിയൊരളവിൽ കഴിഞ്ഞു.
4. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രവൃത്തികൾ കൂടുതൽ കാര്യക്ഷമവും മെച്ചപ്പെട്ട ഭൗതിക ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുന്നവയും ആണെന്ന് ഉറപ്പാക്കാൻ കഴിഞ്ഞു.
5. പദ്ധതിയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന എഞ്ചിനീയറിംഗ് പ്രവൃത്തികളുടെ അളവ് സോഷ്യൽ

ഓഡിറ്റിന്റെ ഭാഗമായി എടുക്കാൻ തുടങ്ങിയതോടെ മെച്ചപ്പെട്ട ആസൂത്രണവും ഉയർന്ന ഭൗതിക നേട്ടങ്ങളും ഉറപ്പാക്കുന്നതിന് കഴിഞ്ഞു.

6. പദ്ധതി ആസൂത്രണത്തിലും അവലോകനത്തിലും ജനകീയ പങ്കാളിത്തം വലിയൊരളവിൽ വർദ്ധിപ്പിക്കാൻ കഴിഞ്ഞു.
7. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും പാലിക്കേണ്ട സുതാര്യമായ നടപടി ക്രമങ്ങൾ പാലിക്കപ്പെടുന്നു എന്നുറപ്പാക്കുന്നതിന് വലിയ തോതിൽ കഴിഞ്ഞിട്ടുണ്ട്.
8. തൊഴിലാളികൾക്ക് നിയമം ഉറപ്പുനൽകുന്ന അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവകാശ ലംഘനത്തിനെതിരെ പരാതിപ്പെടുന്നതിനുമുള്ള കരുത്ത് വലിയ തോതിൽ വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞു.
9. തൊഴിലുറപ്പ് തൊഴിലാളികൾക്ക് നിയമം ഉറപ്പു നൽകുന്ന തൊഴിലിട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിൽ വലിയ തോതിലുള്ള ഇടപെടലുകൾ നടത്താൻ കഴിഞ്ഞു.
10. വില്ലേജ് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും വലിയൊരളവിൽ കഴിഞ്ഞിട്ടുണ്ട്.
11. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആസൂത്രണം, നിർവ്വഹണം, അവലോകനം എന്നിവയിൽ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളുടെ ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഇതുസംബന്ധിച്ച് തീരുമാനങ്ങൾ എടുക്കുന്നതിൽ കാര്യപ്രാപ്തി വർദ്ധിപ്പിക്കുന്നതിനും സഹായിച്ചു.
12. സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിലൂടെ പദ്ധതിയെ സംബന്ധിച്ച അറിവ് പൊതുജനങ്ങളിൽ വലിയൊരളവിൽ വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

## സോഷ്യൽ ഓഡിറ്റ് ശക്തിപ്പെടുത്തി പദ്ധതിയുടെ സാമൂഹ്യ-സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ശുപാർശങ്ങളും

1. സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ തദ്ദേശസ്വയംഭരണ സ്ഥാപന നിയമങ്ങളിൽ ഉൾപ്പെടുത്തി ആവശ്യമായ നിയമ പരിഷ്കരണ നടപടികൾ സ്വീകരിക്കുക.
2. എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളും കേന്ദ്ര സഹായപദ്ധതികളും പ്രാദേശിക പദ്ധതിയുമായി പൂർണ്ണമായും സംയോജിപ്പിക്കുകയും പ്രാദേശിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന എല്ലാ വികസന പ്രോജക്ടുകളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുക.
3. സോഷ്യൽ ഓഡിറ്റിന് ആവശ്യമായ സ്വതന്ത്ര സംവിധാനം സംസ്ഥാന തലത്തിൽ എന്ന പോലെ ജില്ലാ-ബ്ലോക്ക് തലങ്ങളിൽ രൂപീകരിക്കുക.
4. ഗ്രാമസഭകളെ ശാക്തീകരിക്കുകയും സോഷ്യൽഓഡിറ്റ് ഗ്രാമസഭകളിലെ പങ്കാളിത്തം വർദ്ധിപ്പിക്കുകയും ചെയ്യുക. പൊതു ഗ്രാമസഭകളുടെ ക്വാറം സംബന്ധിച്ച നിയമവ്യവസ്ഥ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളുടെ കാര്യത്തിലും ഉറപ്പാക്കുക.
5. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ തയ്യാറാക്കി അംഗീകരിച്ച ദേശീയ തലത്തിൽ പ്രാബല്യത്തിലുള്ള സോഷ്യൽ ഓഡിറ്റ് ചട്ടങ്ങളുടെ മാതൃകയിൽ സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യമനുസരിച്ച് സോഷ്യൽ ഓഡിറ്റ് ചട്ടങ്ങൾ തയ്യാറാക്കി വിജ്ഞാപനം ചെയ്യുക.
6. സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ സമയബന്ധിതവും ശക്തവുമായ തുടർനടപടികളും പദ്ധതി നിർവ്വഹണത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ ഡിപ്പാർട്ടുമെന്റ് തലത്തിൽ കർശനമായ നടപടികൾ സ്വീകരിക്കുക.
7. സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ ആവശ്യമായ ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാനും തദ്ദേശസ്വയംഭരണ ട്രൈബ്യൂണലിനും നൽകുക.
8. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനാവശ്യമായ ഫണ്ട് അതത് വികസന പദ്ധതികളുടെ ചെലവിന്റെ 0.05 ശതമാനം വകയിരുത്തുകയും അത് സോഷ്യൽ ഓഡിറ്റ് സംവിധാനത്തിന് യഥാസമയം ലഭ്യമാക്കുകയും ചെയ്യുക.
9. സോഷ്യൽ ഓഡിറ്റിനാവശ്യമായ വിപുലമായ ജനകീയ അവബോധം വളർത്തുകയും വികസന വിദ്യാഭ്യാസ പ്രചാരണ പ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്യുക.
10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പരിശീലനത്തിൽ സോഷ്യൽ ഓഡിറ്റ് പ്രാധാന്യത്തോടെ ഉൾച്ചേർക്കുകയും അതനുസരിച്ച് പാഠ്യപദ്ധതി തയ്യാറാക്കുകയും ചെയ്യുക.
11. എല്ലാ വികസന വകുപ്പുകളുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പരിശീലനത്തിൽ സോഷ്യൽ ഓഡിറ്റ് പ്രധാനപ്പെട്ട പാഠ്യപദ്ധതിയായി ഉൾപ്പെടുത്തുക.
12. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ഭരണസമിതി യോഗം ഗൗരവമായി ചർച്ച ചെയ്യുകയും ചെയ്യുക.
13. സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൻമേൽ സ്വീകരിക്കുന്ന തുടർനടപടികളുടെ പുരോഗതിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അവാർഡ് നിർണ്ണയത്തിനുള്ള പ്രധാനപ്പെട്ട മാനദണ്ഡങ്ങളിലൊന്നായി അംഗീകരിക്കുക.

ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് യൂണിറ്റ്, കേരളം. ഫോൺ: 9496143232

## 154

## Employment Challenges Faced by Contractual Youth in Local Self-Government: A Case Study Analysis

Soundariya

This study examines the employment challenges faced by contractual youth in Local Self-Government (LSGD) institutions, with a particular focus on issues such as wage disparities, underemployment despite high educational qualifications, and the mental health implications associated with their working conditions. Through a detailed case study analysis, the research highlights the systemic gaps within the LSGD framework that contribute to these challenges, including the heavy reliance on contract-based manpower. Despite possessing higher education, many contract workers are often underpaid and relegated to roles that do not align with their qualifications, leading to feelings of frustration, stress, and mental health concerns. The study also explores how the lack of job security, recognition, and the overburdening of workers exacerbates these problems. By shedding light on these pressing issues, this paper aims to advocate for more equitable labor practices and policy reforms to improve the working conditions of contractual youth within the LSGD system.

Soundariyasunil08@gmail.com. 8089297240

# വിജ്ഞാന കേരളം

## 155

## ഒരു തദ്ദേശ സ്വയംഭരണസ്ഥാപനം ഒരു ആശയം (OLOI) പ്രാദേശിക പ്രശ്ന പരിഹാരത്തിനും സാമ്പത്തിക വികസനത്തിനുമായി ക്വാഡ്രപ്പിൾ ഹെലിക്സ് മാതൃക

വിമൽ രവി, ഡോ. അശോക് കുമാർ എ., ഡോ. വൃന്ദ വി. നായർ & വിപിൻ വി.സി.

**പശ്ചാത്തലം**

1997 ലെ പീപ്പിൾസ് പ്ലാൻ ക്യാമ്പയിൻ ഇന്ത്യയിലെ പഞ്ചായത്തീരാജ് സംവിധാനത്തിലെ ഒരു നാഴിക ക്കല്ലായിരുന്നു. കഴിഞ്ഞ ഇരുപത്തിയെട്ട് വർഷത്തെ പ്രവർത്തങ്ങൾ വിലയിരുത്തുമ്പോൾ നിരവധി കാര്യങ്ങളിൽ വലിയ മുന്നേറ്റം ഉണ്ടാക്കാൻ കേര ളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. സംസ്ഥാന ബജറ്റിന്റെ 40% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി മാറ്റി വയ്ക്കപ്പെടു ന്നുണ്ട്. ഇത് പ്രാദേശിക ഭരണത്തെ ശക്തിപ്പെടുത്താ നും സാമൂഹിക ആരോഗ്യ, വിദ്യാഭ്യാസം, ജീവിത നിലവാരം, ദുരന്തനിവാരണം തുടങ്ങിയ മേഖലക ളിൽ വലിയ പുരോഗതി കൈവരിക്കാൻ കേരളത്തെ സഹായിച്ചു.

മേൽപ്പറഞ്ഞ നേട്ടങ്ങൾ നിലനില്ക്കെ തന്നെ ഗൗരവത രമായ നിരവധി രണ്ടാം തലമുറ വികസന പ്രതിസ ന്ധികൾ സംസ്ഥാനം നേരിടുന്നുണ്ട്. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരമ്പരാഗത കർത്തവ്യങ്ങളായ സേവന വിതരണം, അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനം, സാമൂഹിക ക്ഷേമ

പദ്ധതികൾ നടപ്പിലാക്കുക എന്നിവയ്ക്ക് പുറമെ പുതിയ വെല്ലുവിളികളെ തരണം ചെയ്യുന്നതിനും, പുതിയ സമീപന രീതികൾ നടപ്പിലാക്കുന്നതിനും, പ്രാദേശിക സാമ്പത്തിക വികസനം സൃഷ്ടിക്കുന്നതിനും സജ്ജ മാകേണ്ടതായിട്ടുണ്ട്. ഇതിലൂടെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ കാര്യക്ഷമവും നവീകരണപ രവുമായ നിലയിലേക്ക് മാറുവാനും സാധിക്കും.

2021-22 ലെ ബജറ്റ് പ്രസംഗത്തിന്റെ ഖണ്ഡിക 63 പ്രകാരം, സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഇന്നൊവേഷൻ പ്രോത്സാഹിപ്പി ക്കുന്നതിന് വേണ്ടി സുസ്ഥിരമായ ഒരു സംവിധാനം ലക്ഷ്യമിട്ടുകൊണ്ടാണ് 'ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരാശയം' (ഒ.എൽ.ഒ.ഐ) എന്ന പദ്ധതി പ്രഖ്യാപിച്ചത്. തുടർന്ന്, കെ-ഡിസ്കും കിലയും സംയു ക്തമായി പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉത്തരവാ വുകയും ചെയ്തു.

OLOI പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 215 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വികസനപ്ര ശ്നങ്ങൾ നൂതനാശയ രൂപീകരണ പ്രക്രിയയിലൂടെ പരിഹാരം തേടുന്നതിനായി 'സുലേഖ' ഓൺലൈൻ പോർട്ടൽ സംവിധാനത്തിലൂടെ സമർപ്പിച്ചു. തുടർന്ന്, പ്രശ്നപരിഹാര ശ്രമങ്ങളുടെ ഭാഗമായി പ്രശ്നത്തി ന്റെ വ്യാപ്തി, ദൈർഘ്യം, ആഘാതം തുടങ്ങിയ മാന ദണ്ഡങ്ങൾ അടിസ്ഥാനമാക്കി പൈലറ്റ് ഘട്ടത്തിലേ ക്ക് നൂറോളം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രശ്ന ങ്ങളെ ഒൻപത് വിഷയമേഖലകളിലായി തരം തിരിച്ചു. പ്രശ്നങ്ങളുടെ വിവിധങ്ങളായ തലങ്ങൾ മനസ്സിലാക്കു കയും അതാത് വിഷയ മേഖലയിലെ അക്കാദമിക്/ ഗവേഷണ സ്ഥാപനങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവയെ കണ്ണിചേർത്തു ക്വാഡ്രപ്പിൾ ഹെലിക്സ് അധിഷ്ഠിത ഇന്നൊവേഷൻ ആവാസവ്യവസ്ഥയിലൂടെ നൂതനാശ യങ്ങൾ കണ്ടെത്തുകയും വിശദമായ പദ്ധതിരേഖകൾ തയ്യാറാക്കുകയും ചെയ്തു. അവയിൽ ചിലതാണ് താഴെ സൂചിപ്പിക്കുന്നവ.

### മുഖ്യ നേട്ടങ്ങൾ

"ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരാശയം (OLOI)" പദ്ധതിയിലൂടെ കണ്ടെത്തിയ നൂതനാശയങ്ങൾ

1. ഇലക്ട്രോ കെമിക്കൽ പ്രക്രിയ വഴിയുള്ള വികേന്ദ്രീ കൃത മലിനജല ശുദ്ധീകരണ പ്ലാന്റ് (STP).
2. ബയോഫിൽറ്റർ സാങ്കേതികവിദ്യ വഴിയുള്ള വികേന്ദ്രീകൃത മലിനജല ശുദ്ധീകരണ പ്ലാന്റ്.
3. ഊർജ്ജ ക്ഷമതയുള്ള സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സിസ്റ്റം.
4. വേസ്റ്റ് കളക്ഷന് വേണ്ടിയുള്ള ഇലക്ട്രിക് ട്രൈ സൈക്കിൾ.
5. ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്താത്ത പ്രശ്നം പരിഹരിക്കുന്നതിന് സഹായകരമായ 'ഷാഫ്റ്റ്' ടെക്നോളജി.
6. അശാസ്ത്രീയമായ കക്ക സംസ്കരണത്തിലൂടെയു ള്ള ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തൊഴിലാളികൾക്ക് വരുമാനം വർദ്ധിപ്പിക്കുന്നതി നും വേണ്ടിയുള്ള ശാസ്ത്രീയ കക്ക സംസ്കരണ മാതൃക.
7. ഉപയോഗിച്ച സാനിറ്ററി പാഡുകൾ ശാസ്ത്രീ യമായി സംസ്കരിച്ച് പൾപ്പും പ്ലാസ്റ്റിക്കും ആക്കി മാറ്റുന്ന സാങ്കേതികവിദ്യ.
8. കനം കുറഞ്ഞതും വിലകുറഞ്ഞതുമായ പ്ലാസ്റ്റിക് മാലിന്യങ്ങളെ ശാസ്ത്രീയമായി സംസ്കരിച്ചു മൂല്യ വർദ്ധിതമായ കെട്ടിട നിർമാണ സാമിഗ്രികളാക്കു ന്ന സാങ്കേതികവിദ്യ.
9. ഫുഡ് പാക്കിങ്ങിനുപയോഗിക്കുന്ന ബയോ പാക്കുകൾ.
10. കുടിവെള്ള പ്രശ്ന പരിഹാരം - ഗ്രാമ പഞ്ചായ ത്തുകൾ നേരിട്ടുവരുന്ന കുടിവെള്ള പ്രശ്നങ്ങളെ ടാഗ്സ് ഫോറവും ഐഐടി ടീമും ചേർന്ന് പഠിച്ചു, കഠിനമായ പ്രശ്നം നേരിടുന്ന പ്രദേശ ത്തിന് ഒരു അടിയന്തിര പരിഹാരമെന്നോണം ഒരു ഹൈ TDS റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് സ്ഥാപിച്ചു കുടിവെള്ളം വിതരണം ചെയ്യാനു ള്ള വിശദാംശങ്ങളും, ദീർഘകാല പ്ലാൻ എന്ന നിലയിൽ അവിടുത്തെ അക്വിഫെർ പഠിച്ച് 'നിയ ന്ത്രിത അക്വിഫർ റീചാർജിങ്' നടപ്പിലാക്കാനു ള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശിച്ചു കൊണ്ടുള്ള പദ്ധതി.
11. ഗ്രാമ പഞ്ചായത്തുകൾ കാലങ്ങളായി നേരിട്ട് വരുന്ന കുടിവെള്ള പ്രശനം പരിഹരിക്കുന്നതിന് 'ആസൂത്രിത മഴവെള്ള സംഭരണവും നിയന്ത്രിത അക്വിഫർ റീചാർജിംഗും' നടപ്പിലാക്കാനും തുടർ ച്ചയായ നിരീക്ഷണം നടത്തിവരുന്നതിനുമുള്ള പദ്ധതി.
12. വയോജന പരിപാലനവുമായി ബന്ധപെ ട്ടു വയനാട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ സഹായത്തോടെ വികസിപ്പിച്ചെടു ക്കുന്ന ടൈം ബാങ്ക്.
13. കേരള ശാസ്ത്ര സാങ്കേതിക സർവകലാശാല യുടെ സഹായത്തോടെ 19 പഞ്ചായത്തുകളിൽ നടത്തുന്ന കാർബൺ ന്യൂട്രൽ പ്രവർത്തങ്ങൾ.

ഇതിനെ തുടർന്ന്, പ്രാദേശിക ഇന്നൊവേഷൻ ഇക്കോ സിസ്റ്റം ശക്തിപ്പെടുത്തുന്നതിനായി കെഡിസ്ക് ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററുകൾ (BIC) സ്ഥാപിക്കുന്നതി നുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ക്വാഡ്രപ്പിൾ ഹെലിക്സ് മോഡലിനെ അടിസ്ഥാനമാക്കിയുള്ള ഈ ക്ലസ്റ്ററുകൾ പ്രാദേശിക സാമ്പത്തിക വികസനത്തി നും (LED) രണ്ടാതലമുറ വികസന വെല്ലുവിളികൾക്ക് പ്രായോഗിക പരിഹാരങ്ങൾ കണ്ടെത്തുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായക മാകും. ഇതിന്റെ ഭാഗമായി 116 ഗ്രാമപഞ്ചായത്തു കളെ ഉൾപ്പെടുത്തി 19 ബ്ലോക്ക് പഞ്ചായത്തുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററുകൾ പ്രവർത്തനം ആരംഭിച്ചു.

ഈ ശ്രമങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി, പ്രശ്നപരിഹാരങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും APJ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുമായി (KTU) സഹകരിക്കുന്നതിനുള്ള ആദ്യനടപടികൾ സ്വീകരിച്ചു. KTU-ന് കീഴിലുള്ള എല്ലാ കോളേജുകളിലും സാമൂഹിക പ്രസക്തിയുള്ള പ്രോജക്ടുകൾ മിനി-പ്രോജക്ടുകളായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രായോഗിക പഠനത്തിനും നവീനാശയ സൃഷ്ടിക്കും പുതിയ വഴികൾ തുറക്കുന്നതിനു സഹായകരമാകും. ഇതിനായി, കെഡിസ്ക് സാമൂഹിക പ്രസക്തിയുള്ള പ്രശ്നങ്ങളുടെ ഒരു പ്രശ്ന സമാഹരണം തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ നടത്തുകയും അത് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുകയും ചെയ്യും. കെഡിസ്ക് ഈ ദിശയിൽ മറ്റ് സർവകലാശാലകളുമായും അക്കാദമിക സ്ഥാപനങ്ങളുമായും കൂടുതൽ സഹകരണം വികസിപ്പിക്കുന്നതിനായി പ്രവർത്തിക്കുകയും ചെയ്യും.

**ഉപസംഹാരം**

കെഡിസ്ക്കും കിലയും സംയുക്തമായി നടപ്പിലാക്കുന്ന OLOI പ്രോഗ്രാം രണ്ടാം തലമുറ വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രാദേശിക സർക്കാരുകളെയും അക്കാദമിക/ഗവേഷണ സ്ഥാപനങ്ങളെയും, സ്റ്റാർട്ടപ്പ് സംരംഭങ്ങളേയും, പൊതുജനങ്ങളെയും കണ്ണിചേർത്തു ക്വാഡ്രപ്പിൾ ഹെലിക്സ് മോഡലിലൂടെ നൂതനവും ഫലപ്രദവുമായ മാതൃകകൾ സൃഷ്ടിക്കാൻ സാധിക്കും എന്ന് തെളിയിച്ചു.

**156**

## പ്രാദേശിക സമ്പത്തിക വികസനവും തൊഴിലും - മൈഗ്രേഷൻ കോൺക്ലേവും വിജ്ഞാന പത്തനംതിട്ട

ബി. ഹരികുമാർ[1], അജിത് കുമാർ ആർ.[2] & ഡോ. വിവേക് ജേക്കബ് എബ്രഹാം[3]

അഞ്ചാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന്റെ ഭാഗമായി ജില്ലകളിലെ പഠന ഗവേഷണകേന്ദ്രങ്ങൾ ജില്ലാ പഠന സെമിനാർ സംഘടിപ്പിക്കുക എന്ന തീരുമാനം കൈക്കൊള്ളുകയും അതിന്റെ വെളിച്ചത്തിൽ പത്തനംതിട്ട ജില്ലയിൽ പഠന കോൺഗ്രസ് സംഘടിപ്പിക്കുന്നതിന് ജൻഡർ, പ്രവാസം എന്നീ വിഷയങ്ങൾ തീരുമാനിക്കുകയും ഈ വിഷയങ്ങളെ അധികരിച്ചു ജില്ലാ പഠന കോൺഗ്രസ് സംഘടിപ്പിക്കുന്നതിന്റെ ചുമതല വി എസ് ചന്ദ്രശേഖരപിള്ള പഠന ഗവേഷണ കേന്ദ്രത്തിന് നൽകുകയും ചെയ്തു. ആദ്യ യോഗം പത്തനംതിട്ടയിലെ പഠന ഗവേഷണ കേന്ദ്രത്തിന്റെ ഓഫീസിൽ ചേരുകയും പത്തനംതിട്ട ജില്ലയുടെ പ്രത്യേക സാഹചര്യത്തിൽ പ്രവാസികൾ കൂടുതൽ ഉള്ള ജില്ലാ എന്ന പരിഗണനയിൽ പ്രവാസം എന്ന വിഷയത്തെ അധികരിച്ചു തിരുവനന്തപുരത്തെ എ കെ ജി പഠന ഗവേഷണകേന്ദ്രവുമായി ചേർന്ന് ഒരു ദിവസത്തെ സെമിനാർ സംഘടിപ്പിക്കാൻ തീരുമാനിക്കുകയുണ്ടായി. എ കെ ജി പഠന ഗവേഷണ കേന്ദ്രത്തിന്റെ ഡയറക്ടറും മുൻ ധനകാര്യ മന്ത്രിയുമായിരുന്ന ഡോ. ടി എം തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ പ്രവാസത്തിന്റെ സർവ്വ മേഖലകളെയും സ്പർശിച്ചു കൊണ്ട് “പ്രവാസവും നവകേരളവും” എന്ന വിഷയത്തിൽ മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ത്രിദിന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കാൻ തീരുമാനിച്ചു. സെമിനാറിന്റെ വിജയകരമായ നടത്തിപ്പിനായി സാഹിത്യകാരൻ ശ്രീ ബെന്യാമിൻ അധ്യക്ഷനായും മുൻ എം എൽ എ യും വി എസ് ചന്ദ്രശേഖര പിള്ള പഠന ഗവേഷണ കേന്ദ്രം ചെയർമാനുമായ എ പദ്മകുമാർ സെക്രെട്ടറിയായും സംഘാടക സമിതി രൂപികരിച്ചു.

സാധാരണ ഗതിയിൽ പ്രവാസികളുമായി ബന്ധപ്പെട്ട ചർച്ചകളിൽ മുഴച്ചു നിൽക്കുന്ന വിഷയം പ്രവാസികൾ അയക്കുന്ന പണവും അതിന്റെ പ്രത്യാഘാതവുമാണ്. എന്നാൽ അതിൽ നിന്നും മാറി “വിജ്ഞാന സമൂഹത്തിലേക്കുള്ള കേരളത്തിന്റെ പരിവർത്തനത്തിൽ പ്രവാസികളുടെ പങ്ക്” എന്ന വിഷയത്തിന് ഊന്നൽ നൽകി നാല് ദിവസം നീണ്ടു നിൽക്കുന്ന അന്താരാഷ്ട്ര പ്രവാസ സംഗമം - മൈഗ്രേഷൻ കോൺക്ലേവ് -2024 എന്ന പേരിൽ സംഘടിപ്പിക്കുക എന്ന ആശയം മുന്നോട്ട് വരികയും തത്ഫലമായി 2024 ജനുവരി 18 മുതൽ 21 വരെ തിരുവല്ലയിൽ നടത്താൻ തീരുമാനിക്കുകയും ചെയ്തു.

2024 ജനുവരി 18 ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി പ്രവാസ സംഗമവും അന്തരാഷ്ട്ര സെമിനാറിന്റെയും ഉത്ഘാടനം തിരുവല്ലയിൽ നിർവഹിച്ചു. വിജ്ഞാന സമ്പദ് ഘടനയിലേക്കുള്ള പ്രയാണത്തിൽ പ്രവാസികളുടെ വിജ്ഞാനവും നൈപുണിയും ലോക പരിചയവും എങ്ങനെ ഉപയോഗപ്പെടുത്താം എന്നതിനെ മുൻനിർത്തി ലോകത്തെ 4 ടൈം സോണുകളായി തിരിച്ചായിരുന്നു സംഘാടനം. നാല് ഓൺലൈൻ വേദികളിലായി തുടർച്ചയായി 24 മണിക്കൂർ നീണ്ടു നിന്ന സംവാദങ്ങളിൽ ലോകത്തെമ്പാടുമുള്ള ഒരു ലക്ഷത്തിലധികം പ്രവാസികൾ ഓൺലൈൻ ആയും നേരിട്ടും പങ്കെടുത്തു. അതോടൊപ്പം 20, 21 തീയതികളിലായി തിരുവല്ല മാർത്തോമാ കോളേജിൽ പ്രവാസത്തിന്റെ വിവിധ

മേഖലകളിലായി ക്രോഡീകരിച്ച 35 വിഷയങ്ങളിൽ 150 ഓളം പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു.

അഭ്യസ്തവിദ്യരും വലിയ പ്രതീക്ഷകളുമുള്ള ഒരു പുതിയ തലമുറയുടെ പ്രതീക്ഷകൾക്കനുസരിച്ചുള്ള ഉയർന്ന വരുമാനം നൽകുന്ന തൊഴിലുകൾ എങ്ങനെ കേരളത്തിൽ സൃഷ്ടിക്കാം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ പ്രവാസികളുടെ പങ്ക് എന്തെന്ന ചോദ്യത്തിനാണ് മൈഗ്രേഷൻ കോൺക്ലേവ് 2024 ഉത്തരം നൽകിയത്. തുടർന്ന് നടത്തിയ തിരുവല്ല പ്രഖ്യാപനം എങ്ങനെ പ്രായോഗിക തലത്തിൽ നടപ്പിൽ വരുത്താം എന്ന ചിന്തയുടെ മൂർത്ത രൂപമായി വികസിച്ചു വന്നതാണ് വിജ്ഞാന പത്തനംതിട്ട.

തൊഴിലന്വേഷണത്തിന്റെ ഭാഗമായി നാടും വീടും ഉപേക്ഷിച്ചു പ്രവാസത്തിലേക്ക് നീങ്ങുന്ന മലയാളി ജീവിതത്തെ കൂടുതൽ കരുത്താർന്ന, ജ്ഞാനസംബന്ധിയായ പുതുതലമുറ തൊഴിൽ ഇടങ്ങളിലേക്ക്, വിദേശത്തും സ്വദേശത്തും ഇണക്കിച്ചേർക്കാൻ നമുക്കു കഴിയേണ്ടതുണ്ട്. ഉത്തരവാദിത്വ തൊഴിൽ ദാതാക്കൾ, മെച്ചപ്പെട്ട തൊഴിൽ സംസ്കാരം, മെച്ചപ്പെട്ട തൊഴിലിടം, ജാതി ലിംഗ സ്വമത്വാധിഷ്ഠിതവും സുരക്ഷയും ഉള്ള തൊഴിൽ എന്നിങ്ങനെ വിവിധ കാര്യങ്ങൾ ഉറപ്പാക്കാൻ കൂടുതൽ ക്രമീകൃതമായ പദ്ധതിയും സംഘാടനവും വിലപേശലും അനിവാര്യമാണെന്ന തിരിച്ചറിവു കൂടി വിജ്ഞാന പത്തനംതിട്ട എന്ന ആശയത്തെ കൂടുതൽ മികവാർന്നതാകി. അതോടൊപ്പം തൊഴിൽ സേവനം സാക്ഷാത്കരിക്കാൻ കുടുംബശ്രീ മിഷൻ, കെ-ഡിസ്ക്, കേരള ക്ലോളഡ്ജ് ഇക്കോണമി മിഷൻ, മൈഗ്രേഷൻ കോൺക്ലേവ് എന്നിവ കൈ കോർത്തപ്പോൾ “വിജ്ഞാന പത്തനംതിട്ട - ഉറപ്പാണ് തൊഴിൽ” പദ്ധതിക്ക് തുടക്കവുമായി.

ആദ്യ ചുവട് വെപ്പ് എന്ന നിലയിൽ ജില്ലാ മിഷൻ കോർഡിനേറ്റർ ആയി ശ്രീമതി. ബീന ഗോവിന്ദും അവരുടെ നേതൃത്വത്തിൽ മൈഗ്രേഷൻ കോൺക്ലേവ് സംഘാടന സമിതി അംഗങ്ങൾ ചേർന്ന് പ്രൊജക്റ്റ് മാനേജ്മന്റ് യൂണിറ്റും രൂപീകരിക്കുന്നു. അതിനെ തുടർന്ന് 2024 ഫെബ്രുവരി 17 ന് - അടൂർ മണ്ഡലത്തിൽ ആദ്യത്തെ ജോബ് സ്റ്റേഷൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് മന്ത്രി വീണ ജോർജ് ഉത്ഘാടനം നിർവഹിക്കുന്നു. ഇതിന്റെ തുടർച്ച എന്ന നിലയിൽ ജില്ലയിലെ എം എൽ എ മാർ അവരവരുടെ മണ്ഡലങ്ങളിൽ(റാന്നി, ആറന്മുള, കോന്നി, തിരുവല്ല) ജോബ്സ്റ്റേഷൻ ആരംഭിക്കുന്നു. ഓരോ ജോബ്സ്റ്റേഷനുകളിലും കെ-ഡിസ്ക് അവരുടെ ഉദ്യോഗസ്ഥരെ നിയമിക്കുന്നു. പഞ്ചായത്തുകൾതോറും ബോധവത്കരണ പരിപാടി ആരംഭിക്കുന്നു. പിന്നീട് കെ-ഡിസ്ക് ഉദ്യോഗസ്ഥർക്ക് പകരം ജില്ലയിൽ നിന്ന് ആവശ്യമുള്ള ഉദ്യോഗസ്ഥരെ കണ്ടെത്തുന്നു.

### ഘടനയും പ്രവർത്തനവും

പത്തനംതിട്ട ജില്ലയിലെ അഞ്ച് അസംബ്ലി മണ്ഡലങ്ങളായ തിരുവല്ല, ആറന്മുള, അടൂർ, റാന്നി കോന്നി എന്നിവയോടൊപ്പം പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന കാഞ്ഞിരപ്പള്ളി, പൂഞ്ഞാർ എന്നീ അസംബ്ലി മണ്ഡലങ്ങളും ചേർന്നതാണ് വിജ്ഞാന പത്തനംതിട്ടയുടെ പ്രവർത്തന മേഖല. എല്ലാ മണ്ഡലങ്ങളിലെയും ജോബ് സ്റ്റേഷനുകളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുന്നതിനും ജില്ലാ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ യൂണിറ്റും (പി എം യു) ഡിസ്ട്രിക്ട് മിഷൻ കോഡിനേറ്ററും പ്രവർത്തിക്കുന്നു. ജില്ലയിൽ ഉൾപ്പെട്ട 5 നിയമസഭാ മണ്ഡലങ്ങളിൽ നിന്നുള്ള 19 അംഗങ്ങൾ ഉൾപ്പെട്ടതാണ് പി എം യു. ഓരോ ജോബ് സ്റ്റേഷന് കീഴിലും കീ റിസോഴ്സ് പേഴ്സൺസ്, പ്രൊഫഷണൽ റിസോഴ്സ് പേഴ്സൺസ്, കമ്മ്യൂണിറ്റി അംബാസിഡർ ജോബ്സ്റ്റേഷൻ സ്റ്റാഫ് എന്നിങ്ങനെ നാല് തരത്തിലുള്ള പ്രവർത്തകർ ഉണ്ട്.

കീ റിസോഴ്സ് പേഴ്സൺ പഞ്ചായത്ത് / വാർഡ് തല പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു. പ്രൊഫഷണൽ റിസോഴ്സ് പേഴ്സൺ തൊഴിൽ ദാതാക്കൾക്ക് ആവശ്യമായ തരത്തിലുള്ള തൊഴിൽ അന്വേഷകരെ ആണോ ലഭ്യമായിട്ടുള്ളത് എന്ന് പരിശോധിക്കുകയും അവരുടെ യോഗ്യതകളും തൊഴിലിന് അവർ അനുയോജ്യരായവരാണോ എന്ന് ഉറപ്പാക്കുന്നതിനും മോക്ക് ഇൻറർവ്യൂകളും ഷാഡോ ഇന്റർവ്യൂ കളും നടത്തി അവരുടെ നൈപുണിതലം പരിശോധിച്ച് ജോബിലേക്ക് എത്തിക്കാൻ പറ്റുന്ന രീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തൊഴിൽ അന്വേഷകർക്ക് നൽകുകയും ചെയ്യുന്നു. കമ്മ്യൂണിറ്റി അംബാസിഡർസ് വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും പൊതുസമൂഹവുമായി സംവദിച്ച് തൊഴിലന്വേഷകരെ കണ്ടെത്തി ഡി. ഡബ്ല്യു. എം. എസ് രജിസ്ട്രേഷൻ നടത്തുന്നതിലും തൊഴിൽ അന്വേഷകരുടെ ഡാറ്റാ ബേസ് വ്യാപകമാക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ജോബ്സ്റ്റേഷനുകൾ ദൈനംദിന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും തൊഴിൽ അന്വേഷകർക്കുള്ള സഹായങ്ങൾ നല്കുകയും രജിസ്ട്രേഷൻ റെക്കോർഡുകളുടെ സൂക്ഷിക്കലും ഒപ്പം മണ്ഡലതലത്തിലുള്ള എല്ലാവിധ അഡ്മിനിസ്ട്രേറ്റീവ് സഹായങ്ങൾ CA, KRP, PRP എന്നിവർക്ക് നല്കുകയും തൊഴിൽമേളകളിലേക്കും തൊഴിലുകളിലേക്കും തൊഴിലന്വേഷകരെ ഏകോപിപ്പിക്കുകയും ചെയ്യുന്നു.

നിയതവും ശ്രേണീകൃതവുമായ ഒരു സംഘാടനം നിലനിൽക്കുമ്പോൾ തന്നെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലെയും ജനപ്രതിനിധികളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളെയും ഇതിൻറെ ഭാഗമാക്കുവാൻ വിജ്ഞാന പത്തനംതിട്ടയ്ക്ക് കഴിയുന്നുണ്ട്. ജോബ്സ്റ്റേഷനുകളുടെ മേൽനോട്ടം എംഎൽഎമാർക്കും അതോടൊപ്പം തന്നെ തൊഴിൽ അന്വേഷകരെ ഈ ജോബ് സ്റ്റേഷനുകളിലേക്ക് എത്തിക്കുന്നതിന് ഉത്തരവാദിത്വം പഞ്ചായത്ത് മെമ്പർമാർക്കും ഉള്ളതാണ്.

സ്കൂളുകൾ, കോളേജുകൾ, ലൈബ്രറി കൗൺസിൽ, വായനശാലകൾ, യുവജനപ്രസ്ഥാനങ്ങൾ, ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയോടൊപ്പം സാമൂഹ്യ സാംസ്കാരിക രംഗ

ങ്ങളിൽ പ്രവർത്തിക്കുന്ന പൊതുപ്രവർത്തകരെയും ചേർത്താണ് വിജ്ഞാന പത്തനംതിട്ട പദ്ധതി മുന്നേറുന്നത്. പ്രവാസ ലോകത്തുനിന്ന് മടങ്ങി വന്നിട്ടുള്ള വ്യക്തികൾ, അവരുമായി ബന്ധപ്പെട്ടിട്ടുള്ള പ്രസ്ഥാനങ്ങൾ, ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച പ്രൊഫഷണൽവൈദഗ്ധ്യം നേടിയ വ്യക്തികൾ, നിലവിൽ ഔദ്യോഗിക ജീവിതത്തിൽ പ്രവർത്തിക്കുന്നവർ എന്നിവരുടെ സന്നദ്ധപ്രവർത്തനം വിജ്ഞാന പത്തനംതിട്ട പദ്ധതിയെ വേറിട്ടതാക്കുന്നു. വിജ്ഞാന പത്തനംതിട്ടയുടെ ആദ്യ തൊഴിൽമേള 2024 മാർച്ച് 16 -ാം തീയതി പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ വച്ച് നടത്തപ്പെട്ടു.

പദ്ധതി വിജയകരമായി മുന്നോട്ട് പോകവേ 2024 ജൂൺ മാസത്തിൽ ജില്ലാ മിഷൻ കോർഡിനേറ്റർ ശ്രീമതി. ബീന ഗോവിന്ദിന്റെ അകാലവേർപാടിനെ തുടർന്ന് ശ്രീ. ബി. ഹരികുമാർ ഡി എം സി ആയി നിയമിക്കപ്പെടുകയുണ്ടായി. തുടർന്ന് 1500 ൽ പരം ഉദ്യോഗാർത്ഥികൾ പങ്കെടുത്ത ആദ്യ മെഗാ ജോബ്ഫെയർ 2024 ഓഗസ്റ്റ് മാസത്തിൽ റാന്നി സെന്റ്. തോമസ് കോളേജിൽ വച്ചുനടത്തപ്പെട്ടു. പിന്നീട് തുടർച്ചയായി 10 ഓളം തൊഴിൽമേളകൾ പത്തനംതിട്ട ജില്ലയിലെ വിവിധ കോളേജുകൾ കേന്ദ്രീകരിച്ച് നടത്തപ്പെട്ടു. ഇതുവരെയും ജില്ലയിൽ അങ്ങോളമിങ്ങോളം നടത്തപ്പെട്ട വലുതും ചെറുതുമായ തൊഴിൽ മേളകളിൽ പങ്കെടുത്ത 6000 ൽ പരം ഉദ്യോഗാർത്ഥികളിൽ 2345 ആളുകൾക്ക് ജോലി ലഭിക്കുകയും 2500 ൽ അധികം ആളുകൾ ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു.

തൊഴിൽമേളകളുടെ സംഘാടനത്തിൽ എയ്ഡഡ് കോളജുകളുടെയും സ്വാശ്രയ കോളജുകളുടെയും പിന്തുണ, കോളേജ് അദ്ധ്യാപകർ, സ്കൂൾ അദ്ധ്യാപകർ, നാഷണൽ സർവീസ് സ്കീം, എൻസിസി തുടങ്ങിയ പ്രസ്ഥാനങ്ങളും വോളണ്ടിയേഴ്സും വിവിധതൊഴിൽ മേളകൾക്ക് സ്വമേധയാ വിഭവങ്ങൾ വിട്ടു നൽകിയത് എന്നതെല്ലാം പദ്ധതിയെ വേറിട്ടതാക്കി.

തൊഴിൽ അന്വേഷകരുടെ നിര ഒരു മാസം കൊണ്ടോ ഒരു വർഷം കൊണ്ടോ അവസാനിക്കുന്ന ഒന്നല്ല. ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ നിന്ന് ഓരോ വർഷവും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾ തൊഴിൽ അന്വേഷകരുടെ നിരയിലേക്ക് കൂട്ടിച്ചേർക്കപ്പെടുകയാണ്. പഠിച്ചിറങ്ങുമ്പോൾ തന്നെ തൊഴിൽ ലഭ്യമാക്കുക, അതിന് അവരെ പ്രാപ്തരാക്കുക എന്നീ ഉദ്ദേശ്യങ്ങളോട്കൂടി വിജ്ഞാന പത്തനംതിട്ട പുതിയ ഒരു പദ്ധതിയ്ക് രൂപം നൽകിക്കൊണ്ടിരിക്കുന്നു. ജില്ലയിലെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും വിദ്യാർഥികൾക്ക് ലോകോത്തര നൈപുണി വികസന കോഴ്സുകൾ ലഭ്യമാകുന്ന പദ്ധതിയ്ക്ക് 2025 മാർച്ച് മാസം ആരംഭം കുറിക്കുന്നു.

മികച്ച പൊതുജന പങ്കാളിത്തം, ജനപ്രതിനിധികളുടെയും ഉന്നത തൊഴിൽ മേഖലകളിൽ പ്രവർത്തിപരിചയം ഉള്ളവരുടെയും പ്രവാസത്തിൽ നിന്ന് തിരികെ വന്ന് മാതൃനാടിന് വേണ്ടി പ്രവർത്തിക്കാൻ സന്നദ്ധരായവരുടെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വിവിധ സാമൂഹ്യ സാംസ്കാരിക സംഘടനകളുടെയും സഹകരണവും സന്നദ്ധ സേവനവും കൊണ്ട് വേറിട്ടതാണ് "വിജ്ഞാന പത്തനംതിട്ട - ഉറപ്പാണ് തൊഴിൽ" പദ്ധതി.

തൊഴിൽ ഒരു സംസ്കാരമാണ്. ജീവനോപാധി എന്നതിനപ്പുറം അന്തസ്സാർന്ന ജീവിതത്തിൻ്റെ അടയാളപ്പെടുത്തൽ കൂടിയാണ് അത്. ജ്ഞാന സംബന്ധിയായ തൊഴിൽ കൂടുതൽ മികച്ചതാണ് എന്ന പൊതുബോധ്യത്തിൽ നിന്ന് മാറി ഏതു തൊഴിലും സമൂഹം ആർജിച്ച ജ്ഞാനബോധത്തെ ഉപയോഗപ്പെടുത്തുന്ന ഒന്നാവുമ്പോഴാണ് വിജ്ഞാന സമൂഹം സമത്വാധിഷ്ഠിത സംസ്കൃതിയാവുന്നത്. തൊഴിൽ നല്കുന്നതും ജ്ഞാനാധിഷ്ഠിത തൊഴിലിലേക്ക് ഒരുവനെ നയിക്കുന്നതും ഒരു സാംസ്കാരിക പ്രവർത്തനമാണ്. തൊഴിൽ കാട്ടിക്കൊടുക്കുക മാത്രമല്ല തൊഴിലിനാവശ്യമായ നൈപുണി പരിശീലത്തിലൂടെയും തൊഴിലന്വേഷകൻ്റെ ഒപ്പം ചേർന്ന് തൊഴിൽ നേടാൻ അവനെ പ്രാപ്തനാക്കുകയും ചെയ്യുന്ന ഉത്തരവാദിത്വ മദ്ധ്യവർത്തികൾ നവകേരള സൃഷ്ടിക്കാവശ്യമാണ്. "വിജ്ഞാന പത്തനംതിട്ട - ഉറപ്പാണു തൊഴിൽ" അത്തരത്തിലൊരു പ്രായോഗികാന്വേഷണമാണ്.

---

1. ഡി എം സി, വിജ്ഞാന പത്തനംതിട്ട
2. പി എം യൂ അംഗം, വിജ്ഞാന പത്തനംതിട്ട
3. കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട

157

# ഉടനടി പരിഹാരം ആവശ്യമുള്ള സങ്കീർണ്ണ പ്രശ്നങ്ങൾക്ക് നൂതന പരിഹാരങ്ങൾ കണ്ടെത്താൻ കെ-ഡിസ്ക് മുന്നോട്ടുവയ്ക്കുന്ന ഹാക്കത്തോൺ മാതൃക

ജോസിൻ ജോൺ[1], ഡോ. ഷെറിൻ സാം ജോസ്[1], സാന്ത്വന പി.എസ്.[1] & ഭാഗ്യ ബി. അനിൽ[1]

## ഹാക്കത്തോൺ പശ്ചാത്തലം

നാം ഇന്ന് പല മേഖലകളിലും വിവിധങ്ങളായ വികസന പ്രശ്നങ്ങൾ നേരിടുന്നുണ്ട്. അവയ്ക്ക് പരിഹാരം കണ്ടെത്തുവാനുള്ള മാർഗ്ഗങ്ങൾ നിലവിൽ ഒരുപക്ഷേ നമ്മുടെ അറിവിൽ ഇല്ലായിരിക്കാം. ഇത്തരത്തിലുള്ള സങ്കീർണ്ണമായ പ്രശ്നങ്ങൾക്കുള്ള നൂതനമായ പരിഹാര മാർഗ്ഗങ്ങൾ നമ്മുടെ സംസ്ഥാനത്തിനകത്തോ പുറത്തോ ചിലപ്പോൾ കണ്ടെത്താനാകും. ഉടനടി പ്രശ്നപരിഹാരം ആവശ്യമുള്ള വിഷയങ്ങളിൽ വളരെ വേഗത്തിൽ, ഇത്തരത്തിൽ നിലവിലുള്ള പരിഹാര മർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി നമുക്ക് സ്വീകരിക്കാവുന്ന ഒരു നൂതന മാർഗ്ഗമാണ് ഹാക്കത്തോണുകൾ. മാലിന്യ സംസ്കരണ മേഖലയിലെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനായി കെ-ഡിസ്ക് നടത്തിയ ഹാക്കത്തോൺ പ്രക്രിയയെക്കുറിച്ചും അതിലൂടെ കണ്ടെത്തിയ നൂതനാശയങ്ങളേക്കുറിച്ചും നമുക്ക് മനസ്സിലാക്കാം.

കനം കുറഞ്ഞതും വിലകുറഞ്ഞതുമായ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംസ്കരണം ലോകത്തെമ്പാടും വലിയൊരു വെല്ലുവിളിയാണ്. അവയെ വേർതിരിച്ച് ശേഖരിക്കുകയും അവയുടെ അളവ് കുറച്ചു കൊണ്ടുവരുന്നതിനുള്ള പദ്ധതികളാവിഷ്കരിക്കുകയുമാണ് വേണ്ടത്. ഇത്തരത്തിൽ തരംതിരിച്ച് ശേഖരിക്കുന്നവയെ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുക എന്നതാണ് നിലവിലുള്ള പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനുള്ള ഫലപ്രദമായ പോംവഴി. ഖരമാലിന്യങ്ങളിൽ ഏറ്റവും കൂടുതൽ പ്രശ്നങ്ങളുണ്ടാക്കുന്നത് പാക്കേജിംഗിനുപയോഗിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളാണ്. ഹരിത കർമസേനകളുടെ പ്രവർത്തനം വിപുലീകരിച്ചതു വഴി കേരളത്തിൽ 87 ശതമാനം വീടുകളിൽ നിന്നും നേരിട്ട് വേർതിരിച്ച പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കപ്പെടുന്നുണ്ട്. എന്നാൽ ഇവയെ സംസ്കരിക്കുന്നതിനുള്ള സംവിധാനം കേരളത്തിലില്ല എന്നതൊരു വെല്ലുവിളിയാണ്.

കെ-ഡിസ്കിന്റെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം (One Local Government One Idea - OLOI) പ്രോഗ്രാമിന്റെ പ്രാഥമിക ഘട്ടത്തിൽ, 215 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (LSGI-കൾ) സുലേഖ ഓൺലൈൻ പോർട്ടൽ വഴി അവരുടെ വികസന വെല്ലുവിളികൾ സമർപ്പിച്ചു. ഇവയിൽ, 33 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുറഞ്ഞ മൂല്യമുള്ള പ്ലാസ്റ്റിക്കുകളും സാനിറ്ററി മാലിന്യങ്ങളും കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പ്രത്യേകം തിരിച്ചറിഞ്ഞ് നൂതനമായ പരിഹാരങ്ങൾ ആവശ്യമുള്ള ഒരു പ്രധാന ആശങ്കാ മേഖലയായി എടുത്തുകാണിച്ചു.

OLOI പ്രോഗ്രാമിന്റെ ഭാഗമായി 2023 ജൂലായ് 14-ന് സംഘടിപ്പിച്ച നാഷണൽ കൺസൾട്ടേറ്റീവ് ഗ്രൂപ്പ് (NCG) യോഗത്തിൽ പങ്കെടുത്തുകൊണ്ട് അന്നത്തെ ആദരണീയ അഡീഷണൽ ചീഫ് സെക്രട്ടറിയും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുമായിരുന്ന ശ്രീമതി. ശാരദ മുരളീധരൻ മാലിന്യ സംസ്കരണ രംഗത്തിൽ OLOI പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുകയും ഇതിനായി മാലിന്യ സംസ്കരണ മേഖലയിൽ സംസ്ഥാനത്തിനകത്തും പുറത്തും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും വിദഗ്ധരെയും സ്റ്റാർട്ടപ്പുകളെയും മറ്റു യുവ ആശയദാതാക്കളെയും ഉൾപ്പെടുത്തി വിദഗ്ധസേവനങ്ങളും ഉപദേശങ്ങളും തേടണം എന്നും നിർദേശിക്കുകയും ചെയ്തിരുന്നു.

ഇതേതുടർന്ന് നിലവിൽ പരിഹാരം കാണാൻ സാധിക്കാത്ത മാലിന്യ സംസ്കരണ മേഖലയിൽ കേരളം ഇന്ന് അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങൾക്കും നൂതനാശയം വഴി സമഗ്രവും സംയോജിതവുമായ പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി കേരളത്തിൽ ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, മാലിന്യമുക്തം നവകേരളം, കെ. എസ്. ഡബ്ല്യു. എം. പി., ക്ലീൻ കേരള കമ്പനി, കുടുംബശ്രീ, കില എന്നീ സ്ഥാപനങ്ങളുടെ ചുമതലക്കാരെയും പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു കോർ ഗ്രൂപ്പിന് കെ-ഡിസ്ക് രൂപം നൽകി.

വിദഗ്ധസഹായം തേടേണ്ടുന്ന പ്രശ്നങ്ങളുടെ സംക്ഷിപ്ത രൂപരേഖ തയ്യാറാക്കുന്നതിനായി കോർ ഗ്രൂപ്പിന്റെ രണ്ട് ശില്പശാലകൾ സംഘടിപ്പിക്കുകയുണ്ടായി. പരിഹാരം തേടേണ്ടുന്നതിനായി കണ്ടെത്തിയ വിഷയങ്ങളെ നാലായി തരം തിരിച്ചു.

1. മാലിന്യ സംസ്കരണത്തിനും വേർതിരിക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനുമുള്ള സാങ്കേതികവിദ്യകൾ (Technologies for waste processing, segregation and transfer)
2. വിഭവ പരിപാലനം (Resource reuse Management)
3. നൂതന സംരംഭകത്വ (Business) മാതൃകകൾ

4. മാലിന്യങ്ങൾ കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ (Waste reduction methods)

നൂതനാശയരൂപീകരണ പ്രക്രിയയിലൂടെ പരിഹാരം തേടേണ്ട വിഷയങ്ങളെ, മാലിന്യസംസ്കരണ മേഖലയിൽ സംസ്ഥാനത്തിനകത്തും പുറത്തും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും വിദഗ്ധരെയും സ്റ്റാർട്ടപ്പ്കളെയും യുവ ആശയ ദാതാക്കളെയും ഉൾപ്പെടുത്തി—വിഷയ അടിസ്ഥാനത്തിൽ ഹാക്കത്തോണുകൾ സംഘടിപ്പിച്ച്, സാങ്കേതിക മികവും സാമൂഹ്യ സ്വീകാര്യതയും ഉള്ള പരിഹാര മാർഗങ്ങൾ കണ്ടെത്തുന്നതിന് വേണ്ടി, ഒരു ഓൺലൈൻ പോർട്ടൽ സംവിധാനം തയ്യാറാക്കി.

ഈ പോർട്ടൽ വഴിയായി കേരളത്തിനകത്തും പുറത്തും നിന്നുള്ള 187 സ്റ്റാർട്ടപ്പുകൾ പരിഹാരങ്ങൾ സമർപ്പിച്ചു. അതിനുശേഷം ഈ മേഖലയിലെ വിദഗ്ധരുടെ സഹായത്തോടെ മുൻകൂട്ടി നിശ്ചയിച്ച മൂല്യനിർണ്ണയ മാനദണ്ഡങ്ങളോടുകൂടിയ ത്രിതല മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയാക്കി. അതിൽനിന്നും അവസാന റൗണ്ടിലേക്ക് 30 ആശയങ്ങൾ തിരഞ്ഞെടുക്കപ്പെട്ടു. തിരഞ്ഞെടുക്കപ്പെട്ട 30 സ്റ്റർട്ടപ്പുകളെയും വിശദമായി വിലയിരുത്തുന്നതിനുവേണ്ടി അതാത് മേഖലയിൽ നിന്നും 37 വിദഗ്ധരെ ഉൾപ്പെടുത്തി 11 ദിവസങ്ങളിലായി സ്റ്റർട്ടപ്പുകളുടെ ഓൺലൈൻ അവതരണം വഴി മൂല്യനിർണയം നടത്തി 6 പദ്ധതികൾ ചുരുക്കപ്പട്ടികയിലേക്ക് തെരഞ്ഞെടുത്തു. അവ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെയും അഡീഷണൽ ചീഫ് സെക്രട്ടറിയുടെയും മുൻപാകെ അവതരിപ്പിച്ചു.

**ഹാക്കത്തോൺ മുന്നോട്ടുവയ്ക്കുന്ന നൂതനാശയങ്ങൾ**

- **ഉപയോഗിച്ച സാനിറ്ററി പാഡുകൾ കത്തിക്കാതെതന്നെ സംസ്കരിച്ചെടുത്ത് പ്ലാസ്റ്റിക്കും പൾപ്പുമായി മാറ്റുന്നതിനായുള്ള നൂതന സാങ്കേതിക വിദ്യ.**

  സംസ്കരിച്ച സാനിറ്ററി പാഡിൽ നിന്നുമുള്ള പ്ലാസ്റ്റിക്, റീസൈക്കിളേഴ്സിന് കൊടുക്കുകയും പൾപ്പ്, സ്റ്റേഷണറി വസ്തുക്കളും പേപ്പർ ഉൽപ്പന്നങ്ങളും നിർമ്മിക്കാൻ ഉപയോഗിക്കുകയും ചെയ്യുന്നു. ശേഖരണ ബിന്നുകൾ, കേന്ദ്രീകൃത സംസ്കരണ യൂണിറ്റ്, മലിനജല സംസ്കരണ പ്ലാന്റ് എന്നിവ ഈ സംവിധാനത്തിൽ ഉൾപ്പെടുന്നു; ലാൻഡ് ഫില്ലിംഗിനെ അപേക്ഷിച്ച് കാർബൺ പുറന്തള്ളൽ 58% കുറവാണ്; കത്തിക്കുന്നതിനേക്കാൾ കാർബൺ പുറന്തള്ളൽ 68% കുറവ്; പുകയോ ജലമലിനീകരണമോ ഇല്ല; ദുർഗന്ധം ഉണ്ടാകുന്നില്ല; നിലവിലുള്ള ഇൻസിന്റേഷനും ലാൻഡ് ഫില്ലിങ്ങിനും ബദൽ പരിഹാരം എന്നിവയാണ് ഇതിന്റെ സവിശേഷതകൾ.

- **റീസൈക്കിൾ ചെയ്യാനാവാത്ത മൾട്ടി ലേയേർഡ് & സിംഗിൾ യൂസ് പ്ലാസ്റ്റിക് മാലിന്യങ്ങൾ, സി&ഡി വേസ്റ്റ് എന്നിവ ഉപയോഗിച്ച് ഇഷ്ടികകൾ, റൂഫിംഗ് ടൈലുകൾ, പേവർ ബ്ലോക്കുകൾ, ടൈലുകൾ, സ്ലാബുകൾ, ജാളികൾ തുടങ്ങിയ ഉയർന്ന നിലവാരമുള്ള നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന സാങ്കേതികവിദ്യ. (3 സ്റ്റാർട്ടപ്പുകൾ)**

  വെള്ളത്തിന്റെ കുറഞ്ഞ ആഗിരണം; ഉയർന്ന കംപ്രസ്സീവ് സ്ട്രെങ്ത്; ഭാരം താങ്ങാനുള്ള ഉയർന്ന ശേഷി; കുറഞ്ഞ താപ ചാലകത; സുരക്ഷിതമായ താപ സ്ഥിരത; നിർമ്മാണത്തിന് വളരെ കുറവ് വെള്ളം മതി; വളരെ പെട്ടെന്ന് നിർമ്മിച്ചെടുക്കാം; കുറഞ്ഞ അളവിലുള്ള കാർബൺ ഡൈ ഓക്സൈഡ് പുറംതള്ളൽ; ഭാരം കുറവ്; താരതമ്യേന കുറഞ്ഞ വില എന്നിവയാണ് ഇതിന്റെ പ്രധാന സവിശേഷതകൾ.

- **പ്ലാസ്റ്റിക് വേസ്റ്റും അഗ്രോ വേസ്റ്റും ഉപയിഗിച്ച് തടിക്ക് ബദലായ ഉൽപന്നങ്ങളുണ്ടാക്കുന്ന സാങ്കേതികവിദ്യ.**

  20 മുതൽ 50 വർഷം വരെ കേടു കൂടാതെ നിലനിൽക്കും; ഉപയോഗശേഷം പുനചംക്രമണം ചെയ്യാവുന്നതാണ്; വായു, ജലം, മണ്ണ് എന്നിവയുടെ സാന്നിധ്യത്തിൽ യാതൊരുവിധ കേടുപാടും ഉണ്ടാകുന്നില്ല; കാലപ്പഴക്കം കൊണ്ട് ആകൃതിയിലോ ഘടനയിലോ യാതൊരുമാറ്റവും വരില്ല; അഴുകൽ, പ്രാണികളുടെ ആക്രമണം എന്നിവയെ പ്രതിരോധിക്കും; ഭംഗി വർദ്ധിപ്പിക്കുന്നതിന് ലാമിനേഷനുള്ള സാധ്യത എന്നിവയാണ് ഇതിന്റെ പ്രധാന സവിശേഷതകൾ.

- **പ്ലാസ്റ്റിക് ആവരണമുള്ള പേപ്പർ പാക്കിങ്ങിന് ബദലായി ഫുഡ് പാക്കിങ്ങിനുപയോഗിക്കാവുന്ന ബയോ പാക്കുകൾ.**

  സവിശേഷതകൾ: കടലാസിലും മറ്റ് കാർഷിക അധിഷ്ഠിത കട്ട്ലറികളിലും പ്ലാസ്റ്റിക് കോട്ടിംഗുകൾക്ക് പകരമായി സസ്യ എണ്ണയിൽ നിന്ന് ഉരുത്തിരിഞ്ഞെടുത്ത ഒരു ബയോ ലെയർ സാങ്കേതിക വിദ്യ. ഇത് പരിസ്ഥിതി സൗഹൃദ ബാരിയർ കോട്ടിംഗായി വർത്തിക്കുന്നു. പൂർണമായും ജൈവ-അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചാണ് ഇത് നിർമ്മിക്കുന്നത്. ചപ്പാത്തി, ചിപ്സ് എന്നിവ പോലുള്ള ഇനങ്ങളുടെ പാക്കിങ്ങിന് മൂന്ന് രൂപ വരെ ചിലവ് വരാം; ഒരു വർഷം വരെ ഷെൽഫ് ലൈഫ് ഉണ്ട്.

ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശപ്രകാരം ഈ ആശയങ്ങൾ, തേക്കടിയിൽ വച്ച് നടന്ന മുനിസിപ്പൽ ചേംബർ യോഗത്തിൽ, താല്പര്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പിലാക്കാൻ സാധിക്കുന്ന വിധം ഒരു പദ്ധതിയായി അവതരിപ്പിക്കുകയുണ്ടായി.

സാനിറ്ററി പാഡുകൾ കത്തിക്കാതെതന്നെ സംസ്കരിച്ചെടുത്ത് പ്ലാസ്റ്റിക്കും പൾപ്പുമായി മാറ്റുന്നതിനായുള്ള നൂതന സാങ്കേതിക വിദ്യ, കനം കുറഞ്ഞതും വില കുറഞ്ഞതുമായ പ്ലാസ്റ്റിക് മാലിന്യങ്ങളെ ശാസ്ത്രീയമായി സംസ്കരിച്ചു മൂല്യവർദ്ധിതമായ ഉല്പന്നങ്ങളുണ്ടാ

ക്കുന്ന സാങ്കേതികവിദ്യ എന്നിവ KSWMP യുമായി ചേർന്ന് വേൾഡ് ബാങ്കിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുവാനുള്ള ശ്രമം നടത്തുവാനും പ്ലാസ്റ്റിക് ആവരണമുള്ള പേപ്പർ പാക്കിങ്ങിന് ബദലായി ഫുഡ് പാക്കിങ്ങിനുപയോഗി ക്കാവുന്ന ബയോ പാക്കിംഗ് ഉല്പന്നങ്ങളെ പ്രോത്സാ ഹിപ്പിക്കുവാനും ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിച്ചു. അതനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. കെ. എം. എബ്രഹാമി ന്റെ അധ്യക്ഷതയിൽ ബന്ധപ്പെട്ടവരുമായി യോഗം ചേരുകയും പദ്ധതി നടപ്പിലാക്കാനുള്ള കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ക്ലീൻ കേരള കമ്പ നിയുടെ സഹകരണത്തോടെ പ്ലാസ്റ്റിക് റീസൈക്ലിങ് യൂണിറ്റിനുള്ള സ്ഥലം ആലപ്പുഴ ജില്ലയിലും സാനിറ്ററി പാഡ് റീസൈക്ലിങ്ങിനായി തിരുവനന്തപുരം കോർ പ്പറേഷൻ പരിധിയിലും സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ശുചിത്വ മിഷന്റെ എംപാനെൽമെന്റ് നടപടി പൂർത്തീ കരിക്കുന്നതിനും കേരള സ്റ്റാർട്ടപ്പ് മിഷൻ രജിസ്ട്രേഷൻ നടത്തുന്നതിനും വേണ്ടിയുള്ള നടപടികൾ കെ-ഡിസ്കി ന്റെ നേതൃത്വത്തിൽ ഊർജ്ജിതമായി നടന്നുവരുന്നു. ഇത് പൂർത്തിയായാൽ മാലിന്യ സംസ്കരണ രംഗത്ത് കേരളത്തിൽ ഒരു മാതൃകാ പദ്ധതി നടപ്പിലാക്കുവാൻ നമുക്ക് സാധിക്കും.

**ഉപസംഹാരം**

നാം ഇന്ന് നേരിടുന്ന പല വികസന പ്രശ്നങ്ങൾക്കും അതിവേഗം പരിഹാരം കണ്ടെത്തുവാൻ ഇത്തരം ഹാക്കത്തോണുകൾ സംഘടിപ്പിക്കുന്നതിലൂടെ സാധിക്കും. പ്രശ്നങ്ങൾ പട്ടികപ്പെടുത്തുകയും അതിനുശേഷം ശില്പശാലകൾ സംഘടിപ്പിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധരുടെ സഹാ യത്തോടെ പ്രശ്ന പ്രസ്താവനകൾ തയ്യാറാക്കുന്ന തുവഴി പ്രശ്നത്തെക്കുറിച്ചും പ്രശ്നപരിഹാരത്തെ ക്കുറിച്ചും വ്യക്തമായ ധാരണ രൂപപ്പെടുത്തുവാൻ കഴിയുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രശ്നപരിഹാ രത്തിനായി ഒരു ഓൺലൈൻ പോർട്ടൽ സംവിധാനം വഴി സംസ്ഥാനത്തിനകത്തും പുറത്തും നിന്നുമായി, ഉടനടി നടപ്പിലാക്കുവാൻ സാധിക്കുന്ന നൂതന ആശയങ്ങളും സാങ്കേതിക വിദ്യകളും ക്ഷണിക്കാം. ഈ പോർട്ടൽ വഴി സമർപ്പിക്കപ്പെടുന്ന ആശയങ്ങൾ വിവിധ മേഖലയിലുള്ള വിദഗ്ധരുടെ സഹായത്തോടെ പല തലങ്ങളിലായി മൂല്യനിർണ്ണയം നടത്തി ഉടനടി നടപ്പിലാക്കാൻ സാധിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുവാൻ നമുക്ക് സാധിക്കും. ഇത്തരത്തിൽ ഹാക്കത്തോണുകൾ വഴി കണ്ടെത്തുന്ന പരിഹാര മാർഗ്ഗങ്ങൾ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്കും സർക്കാർ വകുപ്പുകൾക്കും അതിവേഗം നടപ്പിലാക്കുവാൻ സാധിക്കും.

---

കെഡിസ്ക്, തിരുവനന്തപുരം, കേരള

158

# നൈപുണി വികസനം ഉന്നതവിദ്യാഭ്യാസമേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക്

ബി. ഹരികുമാർ, ഡോ. റാണി ആർ. നായർ & ഡോ. തോംസൺ കെ. അലക്സ്

അതിവേഗം വികസിച്ചു കൊണ്ടിരിക്കുന്ന ആഗോള സമ്പദ് വ്യവസ്ഥയിൽ, പ്രത്യേക മേഖലകളിൽ നിപുണരായ (വൈദഗ്ധ്യം) തൊഴിലാളികൾ അനിവാര്യമാണ്. വ്യക്തിപരവും തൊഴിൽപരവുമായ വികസനത്തിൽ വൈദഗ്ധ്യം (Skill) അഥവാ നൈപുണി അതിപ്രധാന പങ്കാണ് വഹിക്കുന്നത്. എന്തുകൊണ്ട് നൈപുണി പരിശീലനം അത്യന്താപേക്ഷിതമാവുന്നു? അവിടെ തദ്ദേശസ്വയഭരണ സ്ഥാപനങ്ങൾ നിർവഹിക്കേണ്ട ചുമതലകൾ ഏവ? അതിനേതെങ്കിലും തരത്തിലുള്ള മാതൃകകൾ വികസിപ്പിക്കുവാൻ നമുക്കാവുമോ?

## എന്തുകൊണ്ട് നൈപുണി പരിശീലനം (skilling)

1. നിലവിലെ തൊഴിൽ സാഹചര്യങ്ങൾക്കും വ്യവസായ ആവശ്യങ്ങൾക്കും താല്പര്യങ്ങൾക്കും അനുസൃതമായ ഒരു വിദ്യാഭ്യാസമോ നൈപുണി പരിശീലനമോ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നില്ല എന്ന കുറവ് നിലനില്ക്കുന്നു. അതിനൊരു പരിഹാരം എന്ന നിലയിൽ പുതുതലുറയ്ക്ക് സമഗ്രമായ നൈപുണി പരിശീലനം സാധ്യമാക്കേണ്ടതുണ്ട്.
2. നൈപുണ്യമുള്ള (skillfull) ഒരു യുവജനസമൂഹം സാമ്പത്തിക വികസനത്തിന് അത്യന്താപേക്ഷിതമായ ഉയർന്ന ഉൽപ്പാദനക്ഷമതയ്ക്കും നവീകരണത്തിനും സംഭാവന നൽകുന്നു. വിദഗ്ധ തൊഴിലാളികൾ നിക്ഷേപം ആകർഷിക്കുകയും വ്യവസായങ്ങളെ മുന്നോട്ട് നയിക്കുകയും ചെയ്യുന്നു.
3. സാങ്കേതിക മാറ്റങ്ങളോടുള്ള പൊരുത്തപ്പെടുത്തൽ: AI, ഓട്ടോമേഷൻ, ഡിജിറ്റൽ ടൂളുകൾ എന്നിവ പോലെയുള്ള സാങ്കേതികവിദ്യയിലെ പുരോഗതി മനസ്സിലാക്കുന്നതിനൊപ്പം, മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതിനും നൈപുണി പരിശീലനം സഹായിക്കുന്നു.
4. സംരംഭകത്വം: നൈപുണി പരിശീലനം സർഗ്ഗാത്മകതയും പ്രശ്നപരിഹാര കഴിവുകളും വളർത്തുന്നു, പരമ്പരാഗത തൊഴിലിനെ മാത്രം ആശ്രയിക്കാതെ സ്വന്തം സംരംഭങ്ങൾ തുടങ്ങാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും യുവാക്കളെ ശാക്തീകരിക്കുന്നു.
5. അസമത്വം കുറയ്ക്കൽ: പാർശ്വവൽക്കരിക്കപ്പെട്ട, അധഃസ്ഥിതരായ യുവതക്ക് നൈപുണി പരിശീലനം അവസരങ്ങൾ നൽകുന്നു, മെച്ചപ്പെട്ട വേതനം ലഭിക്കുന്ന ജോലികൾ ലഭ്യമാക്കാനും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും അവരെ പ്രാപ്തരാക്കുന്നു.
6. ആഗോള മത്സരക്ഷമത: പരസ്പരബന്ധിതമായ ഒരു ലോകത്ത്, അന്താരാഷ്ട്ര സമ്പദ്‌വ്യവസ്ഥയിൽ രാജ്യങ്ങൾക്ക് ഫലപ്രദമായി പങ്കെടുക്കാൻ കഴിയുമെന്ന് ഉറപ്പാക്കിക്കൊണ്ട് ആഗോള തലത്തിൽ മത്സരിക്കാൻ യുവാക്കളെ നൈപുണി പരിശീലനം സഹായിക്കുന്നു.
7. വ്യക്തിഗത വികസനം: സാമ്പത്തിക നേട്ടങ്ങൾക്കപ്പുറം, നൈപുണി പരിശീലനം ആത്മവിശ്വാസം, വിമർശനാത്മക ചിന്ത, നേതൃത്വഗുണം എന്നിവ വളർത്തുന്നു, അത് വ്യക്തിഗത വളർച്ചയ്ക്കും സാമൂഹിക സംഭാവനയ്ക്കും അത്യന്താപേക്ഷിതമാണ്.
8. നൈപുണ്യ വിടവുകൾ പരിഹരിക്കുന്നു: പല വ്യവസായങ്ങളും നൈപുണ്യ ദൗർലഭ്യം നേരിടുന്നു. നൈപുണ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലൂടെ, യുവാക്കൾക്ക് ഈ വിടവുകൾ നികത്താനും സുസ്ഥിര വികസനത്തിന് ചാലകശക്തിയാകാനും നൈപുണി പരിശീലനം അനിവാര്യമാണ്.

നൈപുണി പരിശീലനം തൊഴിലിലേക്കുള്ള ഒരു പാത മാത്രമല്ല, പ്രതിരോധശേഷിയുള്ളതും നൂതനവും ഏവരേയും ചേർത്തു പിടിക്കുന്നതുമായ (inclusive development) സമൂഹങ്ങൾ കെട്ടിപ്പടുക്കുന്നതിനുള്ള ഒരു മൂലക്കല്ലാണ്. ഗവൺമെന്റുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വകാര്യ മേഖലകളും യുവാക്കൾക്ക് പ്രാപ്യവും പ്രസക്തവുമായ നൈപുണി പരിശീലനം നൽകുന്നതിന് സഹകരിക്കണം, ഭാവിയിലെ വെല്ലുവിളികൾക്കും അവസരങ്ങൾക്കും നമ്മുടെ യുവാക്കൾ തയ്യാറാണെന്ന് ഉറപ്പാക്കാൻ കഴിയണം.

## തദ്ദേശസ്വയഭരണ സ്ഥാപനങ്ങൾ നിർവഹിക്കേണ്ട ചുമതലകൾ ഏവ?

അറിവ്, വിവരങ്ങൾ, ഇന്നവേഷൻ എന്നിവയിൽ അധിഷ്ഠിതമായ സാമ്പത്തിക വളർച്ച ഉൽപ്പാദനക്ഷമത മത്സരക്ഷമത എന്നിവയാണ് വിജ്ഞാന സമ്പദ് വ്യവസ്ഥയുടെ സവിശേഷത. ഇവിടെ നൈപുണി പരിശീലനം ഒരു നിർണായക ഘടകമായി മാറുന്നു. അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന നവ സാങ്കേതികതയിലൂന്നിയ പുതുതലമുറ വ്യവസായ സംരംഭങ്ങൾക്ക് നിപുണരായ തൊഴിലാളികൾ ആവശ്യമുണ്ട്. അത്തരത്തിലുള്ള വിദഗ്ധ തൊഴിലാളികളെ സജ്ജരാക്കാൻ

മുൻസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പങ്കാളികളാവേണ്ടതാണ്

വിജ്ഞാനത്തിന്റെ ഉൽപാദനത്തിലൂടെയും ഉപയോഗത്തിലൂടെയും സമ്പത്ത് സൃഷ്ടിക്കുകയും ഇന്നവേഷൻ സാധ്യമാക്കുകയും കാര്യക്ഷമത ഉറപ്പാക്കുകയും ചെയ്യുന്ന ഒരിടമാണ് ജ്ഞാനസമ്പദ് വ്യവസ്ഥ. അത് ബൗദ്ധിക മൂലധനം, സാങ്കേതിക വൈദഗ്ധ്യമുള്ള മനുഷ്യ വിഭവ ശേഷി എന്നിവയെ വളരെയധികം ആശ്രയിക്കുന്നു. വൈദഗ്ദ്ധ്യം അഥവാ നൈപുണിക്ക് വിജ്ഞാന സമ്പദ് വ്യവസ്ഥയിലും വൈജ്ഞാനിക സമൂഹത്തിലും നിർണായക സ്വാധീനം ആണുള്ളത്.

സാങ്കേതിക വിദ്യയോടൊപ്പം, ഡിജിറ്റൽ, സോഫ്റ്റ് സ്കിൽ വൈദഗ്ധ്യമുള്ള വ്യക്തികളെ സജ്ജമാക്കുക, പുതുമയും സർഗാത്മകതയും വളർത്തുക, കൃത്രിമ ബുദ്ധി, ഓട്ടോമേഷൻ ഡാറ്റ അനലിറ്റിക്സ് തുടങ്ങിയ സാങ്കേതിക പുരോഗതികളിലേക്ക് യുവതലമുറയെ പൊരുത്തപ്പെടുത്തുക, പ്രവർത്തനക്ഷമമാക്കുക, വിദ്യാഭ്യാസവും വ്യവസായ ആവശ്യകതകളും തമ്മിലുള്ളവിടവ് നികത്തുക, എന്നിങ്ങനെ നിരവധി ഉത്തരവാദിത്വങ്ങളിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറേണ്ടതുണ്ട്.

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

പ്രാദേശിക നൈപുണി ആവശ്യങ്ങൾ പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ താഴെത്തട്ടിൽ പ്രവർത്തിക്കുന്ന സംവിധാനം ആവേണ്ടതുണ്ട്. നൈപുണി പരിശീലനം പ്രോത്സാഹിപ്പിക്കുന്നതിനും വിജ്ഞാന സമ്പദ് വ്യവസ്ഥയെ പിന്തുണയ്ക്കുന്നതിനും ശ്രദ്ധ വയ്ക്കേണ്ടതുണ്ട്. അതിനായി പ്രാദേശിക നൈപുണ്യ വിടവുകൾ തിരിച്ചറിയുക, അതത് പ്രദേശങ്ങളിലെ വ്യവസായ ആവശ്യങ്ങൾ കണ്ടെത്തുന്നതിനും മനുഷ്യ വിഭവ ശേഷിയുടെ വൈവിദ്യം കണ്ടെത്തുന്നതിനും സമഗ്രമായ സർവ്വേകൾ നടത്താൻ കഴിയേണ്ടതുണ്ട്. കൃഷി, ടൂറിസം, ഐ. ടി., തുടങ്ങിയ പ്രാദേശിക സമ്പദ് വ്യവസ്ഥകളുടെ ഉന്നമനത്തിന് സഹായിക്കുന്ന മേഖലകളിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നൈപുണി പരിപാടികൾ ക്രമീകരിക്കാൻ തദ്ദേശസ്വയംഭരണവകുപ്പുകൾക്ക് കഴിയും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, പോളിടെക്നിക്കുകൾ, കമ്മ്യൂണിറ്റി കോളജുകൾ എന്നിവ തുടങ്ങുന്നതിനും നിലവിലുള്ളവയെ ശാക്തീകരിക്കുന്നതിനും അതിലൂടെ തദ്ദേശവാസികൾക്ക് നൈപുണീ പരിശീലനം ഉറപ്പാക്കുന്നതിനും പഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റികൾക്കും കഴിയേണ്ടതാണ് സന്നദ്ധ സംഘടനകൾ സ്വകാര്യ വ്യക്തികൾ സ്ഥാപനങ്ങൾ നിലവിൽ ലഭ്യമായ സർക്കാർ ഏജൻസികൾ എന്നിവയുമായി സഹകരിച്ച് ശില്പശാലകൾ, സെമിനാറുകൾ, സർട്ടിഫിക്കേഷൻ കോഴ്സുകൾ എന്നിവ സംഘടിപ്പിക്കാൻ കഴിയും. ഡിജിറ്റൽ സാക്ഷരത പ്രോത്സാഹിപ്പിക്കുന്നതിനും, വിജ്ഞാന സമ്പദ് വ്യവസ്ഥയിൽ തദ്ദേശവാസികളുടെ ഡിജിറ്റൽ സാക്ഷരത ഉപയോഗപ്പെടുത്തുന്നതിനും, അതിനായി ഡിജിറ്റൽ സാക്ഷരതാ ക്യാമ്പുകൾ നടത്തുന്നതിനും, കമ്പ്യൂട്ടറുകളിലേക്കും ഇൻറർനെറ്റിലേക്കും സാങ്കേതിക വൈദ്ഗ്ധ്യം ലഭിക്കാത്ത തദ്ദേശവാസികളെ പ്രോത്സാഹിപ്പിക്കുന്നതിനും പഞ്ചായത്തുകൾക്ക് കഴിയും. ഇൻകുബേഷൻ സെൻററുകൾ സൃഷ്ടിക്കുന്നതിനും, യുവ സംരംഭകർക്ക് മെന്റർഷിപ്പ്, ഫണ്ടിങ്, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നൽകുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പുകൾ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. വിപണികളുമായി സഹകരിച്ചുകൊണ്ട് നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുകയും പ്രത്യേകിച്ച് പ്രാദേശിക സ്റ്റാർട്ടപ്പുകളും ചെറുകിട ബിസിനസുകളും പ്രോത്സാഹിപ്പിക്കാൻ പഞ്ചായത്തുകൾക്ക് കഴിയണം.

സ്ത്രീകൾ, ഭിന്നശേഷിയുള്ള വ്യക്തികൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ സാമ്പത്തികവും സാമൂഹികവുമായി പിന്നാക്കം നിൽക്കുന്ന ജനത തുടങ്ങി പാർശ്വവൽക്കരിപ്പിക്കപ്പെട്ട എല്ലാ വിഭാഗങ്ങളിലും ഉള്ളവരെ ചേർത്ത് പിടിക്കുന്ന നൈപുണി പരിശീലന പരിപാടികൾ ആണ് പഞ്ചായത്തുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ലക്ഷ്യംവയ്ക്കേണ്ടത്. മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് നൈപുണ്യ പരിശീലന പരിപാടികളിൽ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സ്കോളർഷിപ്പുകളും സ്റ്റൈപ്പൻഡുകളും ഗതാഗത സൗകര്യങ്ങളും ഉറപ്പാക്കണം. നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വകാര്യമേഖല പ്രാദേശിക സമൂഹങ്ങൾ എന്നിവ മുന്നോട്ടുവയ്ക്കുന്ന നൈപുണ്യ പരിശീലന പരിപാടികൾ ഏകോപിപ്പിക്കുകയും അവ അതത് ഇടങ്ങളിൽ ഉപയോഗപ്പെടുത്താനും കഴിയേണ്ടതാണ്.

കേരള സർക്കാരിൻറെ കീഴിലുള്ള KKEM, ASAP, KASE എന്നിങ്ങനെ നിരവധി സംവിധാനങ്ങളെ ഉപയോഗപ്പെടുത്താൻ പ്രാദേശിക ഭരണസംവിധാനങ്ങൾ ശ്രമിക്കേണ്ടതാണ്. നൈപുണി പരിശീലനം നേടിയവരെ അനുയോജ്യമായ തൊഴിലുടമകളുമായി കോർത്തിണക്കി തൊഴിലധിഷ്ഠിതരാക്കുക എന്ന ഉത്തരവാദിത്വം കൂടി വിജ്ഞാന കേരളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആവശ്യപ്പെടുന്നു.

നൈപുണി പരിശീലന പങ്കാളിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രയോജനപ്രദമാകും. അവയുടെ പ്രാദേശിക വിഭവങ്ങളെ പ്രയോജനപ്പെടുത്തുന്നതിനും പ്രാദേശിക സമൂഹത്തിൻറെ ആവശ്യങ്ങൾക്ക് ഉപയുക്തമായ രീതിയിൽ നൈപുണി പരിശീലന പരിപാടികൾ രൂപകൽപ്പന ചെയ്യുന്നതിലൂടെ പ്രാദേശിക സമ്പദ്ഘടനയെ ഉത്തേജിപ്പിക്കുന്നതിനും കഴിയും. ഇത് വർദ്ധിച്ച തൊഴിലവസരം പ്രാദേശിക തലത്തിൽ സൃഷ്ടിക്കും എന്ന് മാത്രമല്ല തൊഴിലില്ലായ്മ കുറയ്ക്കുകയും, ജ്ഞാനസംബദ്ധമായ തൊഴിൽ സംസ്കാരം രൂപപ്പെടുകയും ചെയ്യും. പ്രാദേശികതലത്തിൽ വിദഗ്ധരായ തൊഴിലാളികൾ നിക്ഷേപം ആകർഷിക്കുകയും പ്രാദേശിക വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. വ്യക്തികളെ ശക്തികരിക്കുന്നതിനും ദാരിദ്ര്യം കുറയ്ക്കുന്നതിനും ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്നതിനും സുസ്ഥിരത വികസനം ഉറപ്പാക്കുന്നതിനും

ഹരിത സാങ്കേതിക വിദ്യകളിലൂടെ പാരസ്ഥിതിക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ഇവ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ സഹായിക്കും.

ഈയൊരു പശ്ചാത്തലത്തിൽ നിന്നുകൊണ്ടാവണം പുതുമാതൃകകളെ പറ്റി നാം ചിന്തിക്കേണ്ടത്. അത്തരത്തിൽ ഒരു ശ്രമം നടന്നത് പത്തനംതിട്ട ജില്ലയിലാണ്. വിജ്ഞാന പത്തനംതിട്ടയുടെ അടുത്ത ഘട്ടമായി പത്തനംതിട്ട നൈപുണി പരിശീലന പരിപാടികൾക്ക് തുടക്കം കുറിച്ചിരിക്കുന്നു.

## നൈപുണി പരിശീലന പരിപാടികൾക്ക് മാതൃകകൾ വികസിപ്പിക്കുവാൻ നമുക്കാവുമോ?

അഞ്ചാമത് അന്തർദേശീയ കേരളാ പഠന കോൺഗ്രസ്സിന്റെ ഭാഗമായി 2024 ജനുവരി 18-21 പത്തനംതിട്ട ജില്ലയിൽ തിരുവല്ലയിൽ വച്ച് നടത്തപ്പെട്ട മൈഗ്രേഷൻ കോൺക്ലേവിന്റെ തുടർ പ്രവർത്തനങ്ങൾ എന്ന നിലയിൽ പത്തനംതിട്ടയിൽ പൈലറ്റ് പ്രൊജക്റ്റ് ആയി ആരംഭിച്ച വിജ്ഞാന പത്തനംതിട്ട അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് ശേഷം തൊഴിൽ മേളകൾ ആരംഭിച്ചപ്പോൾ പിന്തള്ളപ്പെട്ട ഉദ്യോഗാർഥികളുടെ വിവരങ്ങൾ ശേഖരിച്ചു നടത്തിയ പഠനങ്ങളുടെ ഫലം തൊഴിലന്വേഷകർക്ക് തൊഴിലുടമകൾ അന്വേഷിക്കുന്ന കഴിവുകളോ യോഗ്യതകളോ എല്ലായ്പ്പോഴും ഉണ്ടായിരിക്കണമെന്നില്ല എന്നത് വലിയ തിരിച്ചറിവായിരുന്നു. ഇത് സംഘാടകരെ ചില ചോദ്യങ്ങളിലേക്ക് എത്തിച്ചു.

എന്താണ് കേരളത്തിൻറെ ഉന്നത വിദ്യാഭ്യാസമേഖലയിൽ ഉണ്ടാവേണ്ട മാറ്റങ്ങൾ? തൊഴിൽ മേഖലയിൽ ആഗോള തലത്തിൽ ഉണ്ടാവുന്ന വികാസം എന്താണ്? അതിനനുരൂപമായി തൊഴിൽ നൈപുണി ഉള്ള തൊഴിൽ അന്വേഷകരാണോ നമ്മുടെ കൈവശമുള്ളത്? അതെങ്ങനെ തിരിച്ചറിയാം? അത്തരത്തിൽ നൈപുണി ആർജ്ജനത്തിൽ വിടവുകൾ ഉണ്ടെങ്കിൽ അവ എങ്ങനെ പരിഹരിക്കാം? നൈപുണി വികാസ സങ്കേതങ്ങൾ എങ്ങനെ തൊഴിലന്വേഷകരിലേക്ക് എത്തിക്കാം? അതിനായി കേരളത്തിൻറെ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും സർക്കാർ സംവിധാനങ്ങളേയും കെ- ഡിസ്കിലൂടെയും, കേരള ക്നോളഡ്ജ് മിഷനിലൂടെയും  കൂടുതൽ ജനകീയവും വികേന്ദ്രീകൃതവുമയി എങ്ങനെ ഇണക്കിച്ചേർക്കാം?

ഇതിന്റെ പ്രാരംഭ നടപടി എന്ന നിലയിൽ ജില്ലയിലെ വിവിധകോളേജ് അദ്ധ്യാപകർ, ജോലിയിൽ നിന്നും വിരമിച്ച സ്കൂൾ അദ്ധ്യാപകർ തുടങ്ങിയവരെ പ്രൊഫഷണൽ റിസോഴ്സ് പേഴ്സൺമാരായി കണ്ടെത്തി. ഓരോ തൊഴിൽമേളകൾക്കും മുന്നോടിയായി ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ ആയും ഓഫ്‌ലൈൻ ആയും വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നൽകി. പൂർണമായും സന്നദ്ധ പ്രവർത്തനങ്ങൾ ആണ് അവർ നടത്തിയത്. 4. മറ്റൊന്ന് കെ- ഡിസ്കിന്റെയും കേരള നോളജ് മിഷൻറേയും സഹകരണത്തോടെ നടപ്പിലാക്കിയ റിക്രൂട്, ട്രയിൻ ആൻഡ് ഡിപ്ലോയ് (RTD) എന്ന പ്രോഗ്രാം ആയിരുന്നു. ഓൺലൈനായി ലഭ്യമാകുന്ന വിവിധതരം കോഴ്സുകളെ പരിചയപ്പെടുത്താൻ ഈ സംവിധാനം ഉപകരിക്കപ്പെട്ടു. വിവിധ കമ്പനികളുടെ ഓൺലൈൻ / ഓഫ്‌ലൈൻ ഓറിയന്റേഷൻ ക്ലാസുകളും ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കി.

എന്നാൽ പഠനം പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്ക് എല്ലായ്പ്പോഴും ഇത്തരം ക്ലാസുകൾ നൽകുക പ്രായോഗികം ആവില്ല എന്ന തിരിച്ചറിവും പഠനത്തോടൊപ്പം നൈപുണി പരിശീലനവും എന്ന രീതിയിലേക്ക് മാറ്റുന്നതാവും ഉചിതം എന്ന ബോധ്യവും “എൻറെ വിദ്യാർത്ഥി എൻറെ അഭിമാനം” എന്ന പ്രോജെക്ടിലേക്ക് സംഘാടകരെ നയിച്ചു.

ഇതിന്റെ ഫലമായി ജില്ലയിൽ ഒരു സ്കില്ലിങ് ടീമിന് രൂപം നൽകി.

പഠിച്ചിറങ്ങുമ്പോൾ തന്നെ തൊഴിൽ ലഭ്യമാക്കുക, അതിന് അവരെ പ്രാപ്തരാക്കുക. എന്നത് ഓരോ അദ്ധ്യാപകന്റെയും ചുമതല ആയി മാറ്റി. ഇത് സാധ്യമാക്കുന്നതിനു 51 സ്ഥാപനങ്ങളുടെ കൂട്ടായ്മ വിജ്ഞാന പത്തനംതിട്ടക്ക് കീഴിലുണ്ട്. ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പ്ലേസ്മെന്റ് ഓഫീസേഴ്സും അവരോടൊപ്പം മെന്റേഴ്സും DWMS പ്ലാറ്റ്ഫോമിൽ ലഭ്യമാകുന്ന നൈപുണീ പരിശീലനത്തിന് വിദ്യാർത്ഥികളെ സജ്ജരാക്കുന്നു.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ടെക്നിക്കൽ ഇൻസ്‌ടിടുഷൻസ്, ആർട്സ് & സയൻസ് വിഭാഗം, കോമേഴ്സ് & മാനേജ്മന്റ് വിഭാഗം എന്നിങ്ങനെ തരാം തിരിക്കുകയായിരുന്നു പ്രാഥമിക ജോലി.

പ്ലേസ്മെൻറ് ഓഫീസർമാരുടെ നേതൃത്വത്തിൽ ക്യാമ്പസ്സിൽ ഒരു സ്കിൽ സെന്റർ ഉണ്ടാവും. ടീച്ചർ മെന്റർമാർ ക്യാമ്പസ്സിലും പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റർമാർ സമൂഹത്തിലും വിദ്യാർത്ഥികൾക്ക് വേണ്ട സഹായങ്ങൾ നൽകും. ക്യാമ്പസ്സിനെ കമ്മ്യൂണിറ്റിയുമായി ബന്ധിപ്പിക്കുന്ന ജോലി ജോബ്സ്റ്റേഷൻ നിർവഹിക്കും.

പ്ലേസ്മെൻറ് ഓഫീസർമാർക്കുള്ള ഓറിയൻറേഷൻ ക്ലാസ്, കാമ്പസ് സന്ദർശനം - DWMS പരിചയപ്പെടുത്തൽ എന്നിവ പൂർത്തീകരിക്കപ്പെട്ടു.

വിജ്ഞാന പത്തനംതിട്ട വോളണ്ടിയർ സെക്രട്ടറിമാർക്കുള്ള ശില്പശാല, കാമ്പസുകൾ കേന്ദ്രീകരിച്ചുള്ള വിവിധ കരിയർ സേവനങ്ങൾ, സ്കിൽ അപ്ഡേഷൻ പരിപാടികൾ, മോക് ഇൻറർവ്യൂ സഹായങ്ങൾ, കാമ്പസ് കേന്ദ്രീകരിച്ചുള്ള ജോബ് ഫെയറുകൾക്ക് സംഘാടന സഹായം, Masai, Linkedin, Coursera തുടങ്ങിയ പ്ലാറ്റഫോമുകളിൽ ലഭ്യമായ കോഴ്സുകൾ സർക്കാർ സാമ്പത്തിക സഹായത്തോടെ വിദ്യാർത്ഥികൾക്ക് നൽകുക എന്നിവയാണ് തുടർ പ്രവർത്തനങ്ങൾ.

ജില്ലയിൽ ആകമാനം 2000 ൽ അധികം വിദ്യാർത്ഥികൾ ഒന്നാം ഘട്ടത്തിൽ ഇതിന്റെ ഭാഗമാകും. 2025 ജൂലൈ - ഓഗസ്റ്റ് മാസം നടക്കുന്ന തൊഴിൽമേളയിലേക്ക് ജില്ലയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ

അവസാന വർഷ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്നതാണ് ലക്ഷ്യം.

മേൽപ്പറഞ്ഞ പദ്ധതിക്കായി പത്തനംതിട്ട ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ വർഷം തന്നെ ഫണ്ട് വകയിരുത്തിയിരിക്കുന്നു. ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തുകളും ചില ഗ്രാമപഞ്ചായത്തുകളും ഇത്തരത്തിൽ ഒരു ഇടപെടൽ നടത്തി കഴിഞ്ഞിരിക്കുന്നു. വിജ്ഞാന പത്തനംതിട്ട മിഷനുമായി സഹകരിച്ചുകൊണ്ട് വനിതാ ശാക്തീകരണത്തിൻറെ ഭാഗമായി വനിതകൾക്ക് നൈപുണി പരിശീലനം നല്കുന്നതിനുള്ള മാർഗങ്ങളും പത്തനംതിട്ട ജില്ലയിലെ ചില ഗ്രാമ പഞ്ചായത്തുകൾ വിഭാവനം ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് മെമ്പർമാരും സാമൂഹ്യ സാംസ്കാരിക മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരും റിട്ടയർ ആയ അധ്യാപകരും മികച്ച സ്വകാര്യ കമ്പനികളിൽ പ്രവർത്തിച്ചിരുന്നവരുമായവ്യക്തികൾ ഇതിൻറെ ഭാഗമായിട്ടുണ്ട്. പ്രവാസത്തിൽ നിന്ന് മടങ്ങിവന്ന് പത്തനംതിട്ട ജില്ലയിൽ താമസമാക്കിയ പ്രവാസികൾ ആവശ്യമായ നിർദ്ദേശങ്ങളും സഹകരണവും നൽകിക്കൊണ്ടിരിക്കുന്നു. ഇത്തരത്തിൽ ജനകീയവും പുതുമയാർന്നതുമായ ഒരു പങ്കാളിത്ത നൈപുണ്യ പരിശീലനമാണ് പത്തനംതിട്ട ലക്ഷ്യം വയ്ക്കുന്നത്. പ്രവർത്തന സരണിയിൽ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ട് പോകേണ്ടതുണ്ട്. ഓരോ ഘട്ടത്തിലും വരുന്ന വെല്ലുവിളികളെ നേരിടേണ്ടതും ഫലപ്രദമായി പ്രതിരോധിക്കേണ്ടതും ജനകീയ അടിത്തറയിൽ ഊന്നിക്കൊണ്ടേ കഴിയുകയുള്ളൂ. ഇതര നൈപുണി പരിശീലനപരിപാടികളിൽ നിന്ന് വ്യത്യസ്തമായി സമൂഹത്തിൻറെ താഴെത്തട്ടിലുള്ള പാർശ്വവൽക്കരിക്കപ്പെട്ട ജനതയെ ചേർത്തുനിർത്തിക്കൊണ്ട് സങ്കീർണമായ സാങ്കേതികവിദ്യാധിഷ്ഠിതമായ വൈജ്ഞാനിക സമ്പദ്ഘടനയിലെ തൊഴിലുകൾ ഏവർക്കും പ്രാപ്യമാക്കുക എന്ന സമത്വത്തിൽ ഊന്നിയുള്ള സോഷ്യലിസ്റ്റ് ദാർശനികത ഉയർത്തിപ്പിടിക്കുവാൻ നൈപുണി പരിശീലനത്തിന്റെ വിജ്ഞാന പത്തനംതിട്ട മാതൃക ശ്രമിക്കുന്നു.

ബി. ഹരികുമാർ (ഡി എം സി, വിജ്ഞാന പത്തനംതിട്ട)

ഡോ. റാണി ആർ. നായർ & ഡോ. തോംസൺ കെ. അലക്സ് (ബി എ എം കോളേജ്, തുരുത്തിക്കാട്, പത്തനംതിട്ട) (പി എം യു അംഗങ്ങൾ, വിജ്ഞാന പത്തനംതിട്ട)

**159**

## ഷീ വെൽനസ് സെന്റർ തുമ്പമൺ

പന്തളം ബ്ലോക്ക് പഞ്ചായത്ത് -കുടുംബശ്രീ സംയുക്ത സംരംഭം

ജീവിതശൈലി രോഗങ്ങളിൽ നിന്ന് ഒരു മോചനം എന്ന ലക്ഷ്യത്തോടെ എല്ലാ പ്രായത്തിലും ഉള്ള വനിതകൾക്ക് ആരോഗ്യ പരിരക്ഷയുടെ പുതിയ അധ്യായം തീർക്കുകയാണ് പത്തനംതിട്ട ജില്ലയിൽ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയായ ഷീ വെൽ നസ് സെന്റർ (She Wellness Centre). തദ്ദേശസ്ഥാപനവും കുടുംബശ്രീയും കൈകോർത്തപ്പോൾ ജില്ലയിൽ മുൻപില്ലാത്ത ഒരു പൊതുസംരംഭം നിലവിൽ വന്നു.5 ലക്ഷം രൂപ മുതൽമുടക്കി ബ്ലോക്ക് പഞ്ചായത്ത് ആധുനിക സജ്ജീകരണങ്ങളോടെ ഒരു വനിതാ ജിം തുമ്പമൺ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സ്ഥാപിച്ചു. ട്രെഡ്മിൽ, സ്പിൻ ബൈക്ക്, എലിപ്റ്റിക്കൽ ബൈക്ക്, സ്റ്റാൻഡിങ് ടിസ്റ്റർ, സിറ്റിംഗ് ടിസ്റ്റർ ബാക്ക് എക്സ്റ്റൻഷൻ മെഷീൻ, യോഗ റോളർ,വെയിറ്റ് ലിഫ്റ്റിംഗ് ബാർ സ്ലിം ട്രിം,ചെസ്റ്റ് എക്സ്പാൻഡർ എന്നിങ്ങനെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ജിം ആണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സ്ഥാപിച്ചത്. എന്നാൽ അത് ഏറ്റെടുത്തു നടത്താൻ ആരുമില്ലാതെ വന്നപ്പോഴാണ് കുടുംബശ്രീ ജില്ലാ മിഷനുമായി ആലോചിച്ചത്. ഇതനുസരിച്ച് ജിം ഒരു വനിത ഗ്രൂപ്പ് സംരംഭം ആക്കി മാറ്റിക്കൊണ്ട് മൂന്നുപേർ അടങ്ങുന്ന സംരംഭക ഗ്രൂപ്പിന് പരിപാലനത്തിനായി കുടുംബശ്രീ ഏറ്റെടുത്തു നൽകി. മികച്ച യോഗ്യതയുള്ള ഒരു ട്രെയിനറെ അഭിമുഖത്തിലൂടെ കണ്ടെത്തി.ഇപ്പോൾ 55 വനിതകൾ സ്ഥിരം ആരോഗ്യ പരിരക്ഷയ്ക്കായി എത്തുന്ന കേന്ദ്രമായി ഇതു മാറിയിരിക്കുന്നു .

വൈകിട്ട് 4.30-5.30,5.30-6.30 എന്നിങ്ങനെ രണ്ട് ബാച്ചായിട്ടാണ് പരിശീലനം.

ബ്ലോക്ക് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ, കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവർ അടങ്ങുന്ന ഒരു മോണിറ്ററിംഗ് സമിതി ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. കൂടാതെ ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് ആരോഗ്യപരിരക്ഷ, എക്സർസൈസ് എന്നിവ വേണമെങ്കിൽ യോഗ്യതയുള്ള പേഴ്സണൽ ട്രെയിനറുടെ സേവനവും ജിമ്മിനോട് അനുബന്ധമായി നൽകുന്നു.

കൂടാതെ ടി സംരംഭകർക്ക് ജിമ്മിന്റെ മുൻപിൽ കുടുംബശ്രീയുടെ ഒരു മാർക്കറ്റിംഗ് കിയോസ്ക് കൂടി അനുവദിച്ചു നൽകി. ആശുപത്രിയുടെ ലാബിൽ വരുന്നവർക്കും ജിമ്മിൽ വരുന്നവർക്കും അത്യാവശ്യം വെള്ളവും, ലഘു ഭക്ഷണവും , കുടുംബശ്രീ ഉത്പന്നങ്ങളും മറ്റും നൽകിക്കൊണ്ട് അധിക വരുമാനം ഈ കിയോസ്കിലൂടെ ഉറപ്പാക്കാനും സംരം ഭകർക്കു സാധിക്കുന്നു.

വനിതകൾക്ക് വ്യായാമം,സ്വയം പ്രതിരോധം, ആത്മധൈര്യം എന്നിവ പകരുന്നതിനും ഒപ്പം മാനസികാരോഗ്യം ഉറപ്പാക്കാനും ഈ സെന്റർ സഹായിക്കുന്നു.

160

# മാലിന്യ നിർമാർജനം

ആന്തൂർ നഗരസഭ

2015 നവംബർ ഒന്നാം തീയ്യതി തളിപ്പറമ്പ് മുനിസിപ്പാലിറ്റി വിഭജിച്ച് പുതുതായി രൂപം കൊണ്ട നഗരസഭയാണ് ആന്തൂർ നഗരസഭ. നഗരസഭയുടെ ആകെ വിസ്തീർണം 24.6 ച.കിമീറ്ററും 2011–ലെ സെൻസസ് പ്രകാരം ആകെ ജനസംഖ്യ 28480 ആണ്. ഇപ്പോൾ ജനസംഖ്യ 33,553–ൽ എത്തി നിൽക്കുകയാണ്. നിലവിൽ നഗരസഭയിൽ 28 വാർഡുകളിലായി 8756 വീടുകളും, 945 സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നുണ്ട്. കഴിഞ്ഞ 9 വർഷത്തെ പ്രവർത്തനങ്ങളുടെ ഭാഗമായി മാലിന്യ സംസ്കരണ രംഗത്ത് മാതൃകാപരമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആന്തൂർ നഗരസഭയ്ക്ക് സാധിച്ചി ട്ടുണ്ട്. നഗരസഭ കൗൺസിലിന്റെ സജീവമായ ഇടപെടലും നഗരസഭ ആരോഗ്യ വിഭാഗത്തിലെ 14 കണ്ടിജന്റ് ജീവനക്കാർ, 28 ഹരിതസേനാംഗങ്ങൾ എന്നിവരുടെ ഫീൽഡ് തലത്തിലുള്ള പ്രവർത്തനവും കാരണമാണ് നഗരസഭയ്ക്ക് മാലിന്യസംസ്കരണ രംഗത്ത് നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടുള്ളത്.

നിലവിൽ നഗരസഭയിൽ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ പ്രദാനം ചെയ്യുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടുണ്ട്. കൂടാതെ നഗരസഭയുടെ കടമ്പേരി വാർഡിൽ ഒരു എം.സി.എഫ്, ആർ.ആർ.എഫ്, ഒരു വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റ് എന്നിവയും, നഗരസഭയുടെ 28 വാർഡിലും മിനി എം.സി.എഫുകളും, ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതിന് പുറമേ 8 തുമ്പൂർമുഴി യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. നഗരസഭ പരിധിയിലെ പൊതുശൗചാലയങ്ങളിലും മുഴുവൻ വിദ്യാലയങ്ങളിലും സാനിറ്ററി മാലിന്യം സംസ്കരിക്കുന്നതിനായി നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടുണ്ട്. മാസത്തിലെ അവസാനത്തെ ആഴ്ച നഗരസഭയിലെ പ്രധാന പൊതു ഇടങ്ങളും, റോഡുകളും മാലിന്യ മുക്തമാക്കുന്നതിനായി നമ്മുടെ ഹരിതകർമസനേയുടെ സജീവ ഇടപെടൽ ഉണ്ടാകാറുണ്ട്. നഗരസഭയ്ക്കകത്ത് നടക്കുന്ന പ്രധാന ഉത്സവങ്ങൾ, ആഘോഷങ്ങൾ, പൊതു പരിപാടികൾ എന്നിവ ഹരിതപ്രോട്ടോകോൾ പാലിച്ച് നടത്തുന്നതിന് ഹരിത കർമസനേയുടെ നേതൃത്വപരമായ പങ്ക് ഉണ്ടാകാറുണ്ട്.

നഗരസഭ പരിധിയിലെ മുഴുവൻ കോഴി കച്ചവടക്കാരും പാപ്പിനിശ്ശേരിയിൽ പ്രവർത്തിക്കുന്ന റെൻഡറിംഗ് പ്ലാന്റുമായി കരാർ ഒപ്പ് വെച്ചതിന്റെ ഫലമായി കോഴി മാലിന്യ പ്രശ്നവും പരിഹരിക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്.

എന്നിരുന്നാലും ഹരിതകർമസേനയുടെ വീടുവീടാന്തരമുള്ള ദൈനംദിന പ്രവർത്ത നമാണ് നഗരത്തെ ശുചിത്വപൂർണമായി നിലനിർത്തുന്നതിന് പ്രധാന പങ്ക് വഹിക്കുന്നത്. നഗരസഭ ഹരിതകർമസേന രൂപം കൊണ്ടത് 2017–ലാണ്. ആകെ 28 ഹരിതസേനാംഗങ്ങൾ 4 ക്ലസ്റ്ററുകളിലായി വേർപിരിഞ്ഞ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരുന്നു. ആരംഭ കാലത്ത് പൊതുജനങ്ങളുടെ ഭാഗത്ത് നിന്ന് കടുത്ത അവഗണനയും നിസ്സഹകരണവും നേരിട്ടിരുന്നു. 2019–ലാണ് ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിതകർമസേന പ്രവർത്തനം പുനഃക്രമീകരണം നടത്തിയത്. അതിനു ശേഷം നിരന്തരമായ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഫലമായി നഗരസഭ പരിധിയിലെ മുഴുവൻ വീടുകളും, സ്ഥാപനങ്ങളും ഹരിതകർമ സേനയുമായി പൂർണമായി സഹകരിക്കുന്നുണ്ട്. ശുചിത്വമിഷൻ തയ്യാറാക്കിയ കലണ്ടർ പ്രകാരം എല്ലാ മാസവും അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്നുണ്ട്. കൂടാതെ നഗരസഭ പരിധിയിലെ ഹോട്ടലുകൾ, പച്ചക്കറി കടകൾ എന്നിവിടങ്ങളിൽ നിന്ന് ജൈവമാലിന്യങ്ങൾ ദിനം പ്രതി ശേഖരിക്കുകയും ആയത് നഗരസഭ വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റിലെത്തിച്ച് വളമാക്കി മാറ്റി കർഷകർക്ക് വിൽക്കുകയും ചെയ്യുന്നുണ്ട്. അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിന് നിലവിൽ വീടു കളിൽ നിന്ന് പ്രതിമാസം 50 രൂപയും സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയുമാണ് യൂസർഫീ ഇനത്തിൽ ഈടാക്കുന്നത്. ജൈവമാലിന്യങ്ങൾ ശേഖരിക്കു ന്നതിന് ദിനം പ്രതി ഒരു സ്ഥാപനത്തിൽ നിന്ന് 50 രൂപയാണ് ഈടാക്കുന്നത്.

നിലവിൽ ജൈവ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും കൂടാതെ ചുവടെ കൊടുത്തിട്ടുള്ള സംരംഭങ്ങൾ കൂടി ഹരിതകർമസേന ഏറ്റെടുത്ത് നടത്തുന്നുണ്ട്.

1) കാറ്ററിംഗ് യൂണിറ്റ് – 28 പേർ
2) ജൈവവള നിർമാണ യൂണിറ്റ് – പ്രതിദിനം 4 പേർ
3) തുണി സഞ്ചി നിർമാണം – 7 പേർ
4) സ്റ്റീൽ ഗ്ലാസ്, പ്ലേറ്റ് വാടകയ്ക്ക് നൽകൽ – (ഗ്രീൻ പ്രോട്ടോകൾ പാലിക്കുവാൻ ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുവാൻ 7പേർ)
5) ഇനോക്കുലം നിർമാണം – 2 പേർ
6) മത്സ്യഫെഡ് – 2 പേർ
7) ഹാൻഡ് വാഷ് ഡിഷ് വാഷ് നിർമാണം – 7 പേർ

കൂടാതെ ഹരിതകർമസേനയുടെ ആഭിമുഖ്യത്തിൽ ബക്കളം വയലിൽ കൂട്ടുകൃഷിയും ചെയ്തു വരുന്നുണ്ട്. ഹരിതകർമസേനയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഭംഗം വരുത്താതെയാണ് മേൽ സംരംഭങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നത്.

മേൽ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കർമസേനയ്ക്ക് നിലവിൽ ലഭിക്കുന്ന വരുമാനത്തിന്റെ ഇനങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| യൂസർ ഫീ | – | മാസം ശരാശരി 15,000 രൂപ |
| സംരഭങ്ങളിൽ നിന്ന് | – | മാസം ശരാശരി 5,000 രൂപ |

മാലിന്യമുക്തം നവകേരള പ്രവർത്തനത്തിന്റെ ഭാഗമായി വാർഡ് തലത്തിലുള്ള ഐ ഇ സി പ്രവർത്തനങ്ങളിലും ഹരിതകർമസേന സജീവമായി ഇടപെട്ട് വരുന്നുണ്ട്. ഹരിത കർമസേനയുടെ ആഭിമുഖ്യത്തിൽ മാലിന്യമുക്ത സന്ദേശം ഉൾക്കൊള്ളുന്ന സംഗീത ശിൽപം മുഴുവൻ വാർഡുകളിലും, സ്ഥാപനങ്ങളിലും 2023–ൽ തന്നെ അവതരിപ്പിച്ചിട്ടു ള്ളതാണ്. കൂടാതെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഘോഷ യാത്രകൾ, ഫ്ളാഷ് മോബുകൾ, നോട്ടീസ് വിതരണം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള ബോധവൽക്കരണ ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നുണ്ട്. ജൈവ മാലിന്യ ഉപാധികളുടെ ഉപയോഗക്ഷമത സംബന്ധിച്ച് വീടുകൾ തോറും പരിശോധനയും പരിഹാര നിർദേശ ങ്ങളും നൽകി വരുന്നത് ഹരിതകർമസേനാംഗങ്ങളാണ്.

മേൽ പ്രവർത്തനങ്ങളുടെയെല്ലാം ഫലമായി സംസ്ഥാന സർക്കാരും, ശുചിത്വ മിഷനും, ഹരിത കേരള മിഷനും നൽകി വരുന്ന നിരവധി പുരസ്കാരങ്ങൾക്ക് നമ്മുടെ ഹരിതകർമസേന അർഹത നേടിയിട്ടുണ്ട്. ആന്തൂർ നഗരസഭയ്ക്ക് 2022–23 വർഷത്തെ സ്വരാജ് ട്രോഫി കരസ്ഥമാക്കുന്നതിന് ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾ നിർണായ കമായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെയും, ജില്ലയിലെയും മികച്ച ഹരിത കർമസേന ക്കുള്ള പുരസ്കാരം ആന്തൂർ നഗരസഭ ഹരിതകർമസേന കരസ്ഥമാക്കിയിട്ടുണ്ട്.

2025 മാർച്ച് 30–ന് നാം ലക്ഷ്യമിടുന്ന മാലിന്യമുക്ത നവകേരളം സാക്ഷാത്ക രിക്കുന്നതിന് ആന്തൂർ നഗരസഭയും ഒരുമിച്ച് കൈകോർത്ത് മുന്നേറുകയാണ്.

161

# ഹരിതകർമ്മസേന പ്രവർത്തനമികവ്

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്

13 അംഗങ്ങളുമായി ഹരിതകർമ്മസേന 2.10.2018 ൽ തുടങ്ങി. ആദ്യ മാസം 4 വാർഡുകളിൽ നിന്നായി യൂസർഫീ 4180 രൂപ കലക്ഷൻ. 16.5.2019 ൽ 6 പേർ കൂടി ചേർന്നു അംഗബലം 18 ആയി.

സംരംഭം 1. 30.12.2019 . ഹരിത മംഗല്യം . 2 ലക്ഷം വീതം വായ്പ, 2 ഗ്രൂപ്പുകൾക്ക്. വലിയ പ്ലേറ്റും ഗ്ലാസും 1500 വീതം. ചെറിയ പ്ലേറ്റും ഗ്ലാസും 500 വീതം.

സംരംഭം 2. 2023, 24 . പേപ്പർ ബാഗ് നിർമ്മാണം. 4 ലക്ഷം.
സംരംഭം 3. 2024, 25 . തുണിസഞ്ചി നിർമ്മാണം. 3 ലക്ഷം .

.2021 ജൂലായ് മുതൽ വാതിൽപടി മാലിന്യ ശേഖരണത്തിന് കൃത്യത കൈവരിച്ചു. മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും സേവനം ഉറപ്പാക്കി. പ്രതിമാസ അവലോകനം കർശനമാക്കി. യൂസർഫീ ലക്ഷ്യം 50 ശതമാനത്തിലേക്ക് ' ഡിസംബർ ആവുമ്പഴേക്കും കൃത്യനിഷ്ഠ ഉറപ്പാക്കി. യൂസർഫീ ശേഖരണം പടിപടിയായി വർദ്ധിച്ചു. മറ്റു ജോലികൾ ഉപേക്ഷിച്ച് പൂർണ്ണമായും ഇതിൽ വ്യാപൃതരായി.

സമൂഹത്തിൽ ഹരിതകർമ്മസേന. 2022 ൽ പരിസര ശുചീകരണം, ടൗൺ ശുചീകരണം , പൊതു ശുചീകരണം മുതലായവയിൽ പങ്കാളിയായി. ഇതോട് കൂടി സമൂഹത്തിൽ നല്ല മതിപ്പ് ഉളവാക്കാൻ കഴിഞ്ഞു. യൂസർഫീ 70 ശതമാനത്തിലെത്തി. ഭരണസമിതിയുടെ പൂർണ്ണ പിന്തുണ കാര്യക്ഷമത പതിൻമടങ്ങ് വർദ്ധിപ്പിച്ചു.

2022 നവംബർ - വർണ്ണം 2025. ഇതോടു കൂടി ശുചിത്വ പ്രവർത്തനങ്ങൾക്ക് പുതിയ മുഖം, ജനകീയ സ്വീകാര്യത. ഹരിതകർമ്മസേനാ കൺസോർഷ്യം രൂപീകരിച്ചു. നാല് ക്ലസ്റ്ററുകളാക്കി തിരിച്ചു.

യൂസർഫീ കലക്ഷനിൽ വൻ കുതിപ്പ് .
2022 ഒക്ടോബർ 75% നവംബർ 80%. ഡിസംബർ 90%.

നിരോധിത വസ്തുക്കൾക്കെതിരെ പ്രചരണം . ഹരിത പെരുമാറ്റച്ചട്ടം കർശനമാക്കി. ഇവ ശുചിത്വ പ്രവർത്തനങ്ങളിൽ വേഗത കൈവരിക്കാൻ സഹായിച്ചു.
2022 ഡിസംബർ 1 മുതൽ18 വരെ നാടുണർത്തിയ ശുചിത്വ സന്ദേശ യാത്ര പുതിയൊരു ഊർജ്ജമായി. 212 വീട്ടുമുറ്റ സദസ്സുകൾ. 11 വിദ്യാലയ മുറ്റ സദസുകൾ. ഹരിത പെരുമാറ്റച്ചട്ടം പാലിക്കാൻ കർമ്മപരിപാടി. ഹരിത പാഠശാലകൾ. പഞ്ചായത്ത് പരിധിക്കുള്ളിൽ
110 ഐ ഇ സി ബോർഡുകൾ. നൂറിലധികം പേർ പങ്കെടുക്കുന്ന പരിപാടികൾക്ക് രജിസ്ട്രേഷൻ, ഉൽസവങ്ങളുടെ കലണ്ടർ, എന്നിവയിലൂടെ ഹരിതകർമ്മസേനയുടെ ഇടപെടൽ ശക്തമാക്കി കൊണ്ട് അവ ഹരിതോൽസവങ്ങളാക്കി മാറ്റി.
.
ഹരിതകർമ്മസേന – ഫ്രണ്ട് ഓഫീസ് കണക്ടിവിറ്റി. നൂറിലധികം പേർ പങ്കെടുക്കുന്ന പരിപാടികൾക്ക് രജിസ്ട്രേഷൻ നടക്കുമ്പോൾ തന്നെ കൺസോർഷ്യത്തിന് വിവരം ലഭ്യമാക്കുന്നു. നടത്തിപ്പുകാരെ ഹരിതകർമ്മസേന ബന്ധപ്പെടുന്നു, ഹരിത പെരുമാറ്റ ചട്ടം ഉറപ്പാക്കുന്നു. 2023 ഏപ്രീൽ മുതൽ ഇതുവരെ 250 രൂപ ഫീസ് അടച്ച് നടന്ന പരിപാടികൾ - 225 .

ചുരുട്ടിയെറിയുന്ന തുണ്ടു കടലാസു മുതൽ എല്ലാ അജൈവ മാലിന്യങ്ങളും ശേഖരിക്കുന്നതിന് ഹരിത കർമ്മസേന പ്രാപ്തരാവുന്നു.

പ്രതിമാസം 100% വാതിൽപ്പടി ശേഖരണവും യൂസർഫീ കലക്ഷനും കണ്ണൂർ ജില്ലയിൽ ആദ്യമായി നേടി വിജയിച്ചതിന്റെ പ്രഖ്യാപനം ചപ്പാരപ്പടവിൽ 2023 ഏപ്രീൽ 8 ന് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി ശ്രീ എം ബി രാജേഷ് അവർകൾനിർവ്വഹിച്ചു. 2023 ജനുവരി മുതൽ തുടർച്ചയായി 25 മാസങ്ങളായി നാളിതുവരെയും ഈ വിജയം ആവർത്തിച്ച് സുസ്ഥിരത കൈവരിച്ചത് തെളിയിച്ചു.

മികച്ച അടിസ്ഥാന സൗകര്യങ്ങളുള്ള എം സി എഫ്. ഓഫീസ് മുറി. ഫർണിച്ചർ. സോർട്ടിങ്ങ് ടേബിൾ. ശുചിമുറി . വിശ്രമമുറി. പാർട്ടീഷനോടുകൂടിയ സ്റ്റോറേജ് മുറി. ഫയർ ഓഡിറ്റ്. ബെയിലിങ്ങ് യൂണിറ്റ്. വാർഡുകളിൽ 2 വീതം മിനി എം സി എഫ്, 60 ബോട്ടിൽ ബൂത്തുകൾ. സ്കൂൾ പരിസരത്ത് മിഠായിക്കൂട്, കുപ്പിക്കൂട്. ചെറു ഉദ്യാനങ്ങളാൽ സൗന്ദര്യവത്കരിച്ച എംസി എഫും മിനി എം സി എഫുകളും.

ഞങ്ങളെങ്ങനെ ഞങ്ങളായി. 12 ദിവസം കൊണ്ട് കലക്ഷൻ പൂർത്തിയാക്കുന്നു. മൂന്നാം ദിവസം മുതലുള്ള ട്രാൻസ്പോർട്ടേഷൻ പ്ലാൻ തയ്യാറാക്കി. പതിനഞ്ച് ദിവസത്തിനകം തരം തിരിക്കുന്നു. 18 ദിവസമാകുമ്പോഴേക്കും ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുന്നു.
എം സി എഫി ലോ മിനി എം സി എഫിലോ കെട്ടി കിടക്കുന്നില്ല. ആകെ വാർഡുകൾ 18, ഹരിതകർമ്മസേന 24. ശരാശരി പ്രതിമാസ വരുമാനം 17700രൂപ. പാഴ്വസ്തു വിൽപന വഴി പ്രതിമാസം ശരാശരി 60,000

കൺസോർഷ്യം ഫണ്ടിലേക്ക്. ഇനോക്കുലം വിതരണം, സ്വാപ്പ് ഷോപ്പ്, പേപ്പർ ബാഗ് യൂണിറ്റ്, തുണി സഞ്ചി യൂണിറ്റ് തുടങ്ങിയവ മികച്ച രീതിയിൽ നടത്തുന്നതിലൂടെ അധിക വരുമാനം ലഭിക്കുന്നു. ഏറ്റവും കൂടിയ മാസ വരുമാനം 24000 രൂപ.

കൺസോർഷ്യം ഫണ്ട് പൊതു ആവശ്യങ്ങൾക്ക്.
വിനോദ യാത്രക്ക് 2023, 24ൽ 1,25,000രൂപയും 2024, 25 ൽ 1,54,000 രൂപയും ഉപയോഗിച്ചു. ചപ്പാരപ്പടവ് സ്കൂൾ എൻ എസ് എസ് യൂണിറ്റ് നിർദ്ധന വിദ്യാർത്ഥിക്ക് വീട് വെച്ച് കൊടുത്തപ്പോൾ ഹരിതകർമ്മസേനയുടെ വക കട്ടിലും ബെഡും ഫർണീച്ചറും വാങ്ങി കൊടുത്തു.
2024 വർഷത്തെ റിപ്പബ്ലിക് ദിന പരിപാടിയിൽ പങ്കെടുക്കാൻ ഹരിതകർമ്മസേന സെക്രട്ടറി ജാൻസി ജോർജിന് അവസരം ലഭിച്ചത് ഏറ്റവും വലിയ അംഗീകാരമായി.

"ചപ്പാരപ്പടവ് ഹരിതകർമ്മസേന ഒരു വിളിപ്പുറത്ത്. ആർക്കും എപ്പോഴും ആശ്രയിക്കാം."

. ഒരു ശീലമാറ്റം ഉണ്ടായി വരണമെങ്കിൽ ഏറെ അദ്ധ്വാനിക്കേണ്ടിവരും. അത് എളുപ്പത്തിൽ മാറ്റിയെടുക്കാനാവില്ല. നമ്മുടെ പ്രവർത്തനങ്ങൾ തുടർന്ന് കൊണ്ടേയിരിക്കാം നമ്മൾ ജയിക്കും വരെ. നമ്മുടെ പൂർവികർ നമുക്ക് നൽകിയ മനോഹരമായ പ്രകൃതി നമ്മളാൽ മലിനമാക്കപ്പെട്ടു. ഇനി വരുന്ന തലമുറയ്ക്ക് ഇവിടെ ജീവൻ സാധ്യമാകണമെങ്കിൽ നമ്മളാൽ മലിനമാക്കപ്പെട്ട പ്രകൃതി നമ്മൾ തന്നെ വൃത്തിയാക്കിയേ മതിയാകൂ. നമ്മുടെ വീടും പരിസരവും നമ്മുടെ തോടും റോഡുകളും പുഴയോരവും മാലിന്യമുക്തമാക്കുന്നതിനായി മറ്റ് എല്ലാ തിരക്കുകളും മാറ്റിവെച്ച് ഈ യജ്ഞത്തിൽ പങ്കാളിയാകാം.

**162**

# സമ്പൂർണ്ണ ശുചിത്വവും മാലിന്യനിർമാർജനവും

കതിരൂർ ഗ്രാമപഞ്ചായത്ത്

ജൈവവൈവിധ്യത്തിന്റെ കലവറയായ ഒരു ചെറിയ ഗ്രാമമായ കതിരൂർ കണ്ണൂർ ജില്ലയിലെ പാനൂർ ബ്ലോക്കിൽ പെടുന്നു. "കതിരന്റെ ഊർ (ഭൂമി)" എന്ന അർത്ഥത്തിൽ നിന്നാണ് കതിരൂർ എന്ന പേര് ഉരുത്തിരിഞ്ഞതെന്ന് വിശ്വസിക്കപ്പെടുന്നു, ഈ സ്ഥലത്തിന്റെ സമൃദ്ധമായ നെൽവയലുകൾ സൂചിപ്പിക്കുന്നത്. ഇവിടുത്തെ ശുദ്ധവായുവിൽ ചിത്രശലഭങ്ങൾ വളരുന്നു. കതിരൂരിലെ മണ്ണ്, വായു, ജലം എന്നിവ സംരക്ഷിക്കാനുള്ള ഞങ്ങളുടെ ശ്രമങ്ങൾ ഇപ്പോൾ ഈ നാടിനെ ചിത്രശലഭങ്ങളുടെ പറുദീസയാക്കി മാറ്റിയിരിക്കുന്നു. കമിഞ്ഞുകൂടിയ മാലിന്യക്കൂമ്പാരങ്ങളിൽ നിന്ന് മാരകമായ രോഗങ്ങൾ മുളച്ചുപൊന്തിയിരുന്നു, പൊതുജനങ്ങൾ അവയുടെ വ്യത്യസ്ത സ്വഭാവത്തിൽ നിന്ന് ഉണരാൻ തയ്യാറായിരുന്നില്ല. ആവശ്യത്തിന് സമ്പന്നമായിരുന്ന കൃഷി താരതമ്യേന കുറഞ്ഞപ്പോൾ, ജൈവ മാലിന്യങ്ങൾ ഇനി വളമായി ഉപയോഗിക്കാൻ കഴിഞ്ഞില്ല. അങ്ങനെ, വർദ്ധിച്ചുവരുന്ന മാലിന്യക്കൂമ്പാരങ്ങൾ പഞ്ചായത്തിന് മുന്നിൽ ഒരു ചോദ്യചിഹ്നമായി. കതിരൂർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നടത്തിയ പരിസ്ഥിതി പഠനങ്ങളുടെ നിരീക്ഷണങ്ങളിൽ സ്വയം ശുചിത്വത്തെക്കുറിച്ചും പരിസ്ഥിതി ശുചിത്വത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കാൻ കഴിയുമെന്ന് കണ്ടെത്തി, സ്കൂൾ മാനേജ്മെന്റിന്റെ സഹായത്തോടെ ഇത് വിജയകരമായി നടപ്പിലാക്കി. 70 വീടുകൾക്ക് ഒരു അയൽപക്ക ഗ്രൂപ്പ് എന്ന നിലയിൽ വീടുകൾക്ക് 7 പേർ വീതമുള്ള ഗ്രൂപ്പുകൾ രൂപീകരിച്ചു. ഓരോ വീട്ടിലും ഒരു കമ്പോസ്റ്റ് കുഴി നിർമ്മിക്കാനും മണ്ണിനൊപ്പം ലയിക്കുന്ന ഖരമാലിന്യം ആ കുഴിയിൽ നിക്ഷേപിക്കാനും ആളുകളെ പ്രോത്സാഹിപ്പിച്ചു. ഇതോടൊപ്പം, മണ്ണിര കമ്പോസ്റ്റമായി അല്ലെങ്കിൽ വളവുമായി അല്ലെങ്കിൽ സസ്യങ്ങൾക്ക് വളമായി ഇത് ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകി. ഇപ്പോൾ കതിരൂർ ഗ്രാമപഞ്ചായത്തിൽ ഏതെങ്കിലും തരത്തിലുള്ള ജൈവ മാലിന്യ സംസ്കരണ സൗകര്യമില്ലാത്ത ഒരു വീടുപോലുമില്ല. ഇതിനായി, പഞ്ചായത്ത് 4627 പൈപ്പ് കമ്പോസ്റ്റ്, 3252 റിംഗ് കമ്പോസ്റ്റ്, 159 നാഡെപ് കമ്പോസ്റ്റ്, 465 ബയോ ഗ്യാസ്, 69 മണ്ണിര കമ്പോസ്റ്റ് എന്നിവ വിതരണം ചെയ്തു. 2021-22 വർഷത്തിൽ 35,47,098 രൂപ വിലമതിക്കുന്ന 1587 റിംഗ് കമ്പോസ്റ്റ് ഞങ്ങൾ വിതരണം ചെയ്തു. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റും എസ്എംബി ഫണ്ടും ഇതിനായി ഉപയോഗിച്ചു. അജൈവ മാലിന്യ സംസ്കരണത്തിനായി പഞ്ചായത്തിൽ ശക്തമായ ഒരു സംഘമുണ്ട്. 23 ഹരിത കർമ്മസേന വളണ്ടിയർമാർ എല്ലാ വീടുകളിൽ നിന്നും കടകളിൽ നിന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച്, പൊടിച്ച് ബെയിലിംഗ് ചെയ്ത ശേഷം ക്ലീൻ കേരള മിഷന് കൈമാറുന്നു. ആശുപത്രികളിലെ മെഡിക്കൽ മാലിന്യങ്ങൾ പഞ്ചായത്ത് ഫണ്ടിൽ നിന്ന് ഉപയോക്തൃ ഫീസ് അടച്ച് "ഇമേജ്" എന്ന ഏജൻസിക്ക് കൈമാറുന്നു. ഔഷധ സ്ട്രിപ്പുകൾ, ചെരിപ്പുകൾ, ബാഗുകൾ, തെർമോക്കോളുകൾ, തകർന്ന ഗ്ലാസ് കഷണങ്ങൾ, ഇ-മാലിന്യങ്ങൾ, വസ്ത്രങ്ങൾ എന്നിവ ഹരിത കർമ്മ സേന വീടുകളിൽ നിന്ന് പതിവായി ശേഖരിച്ച് ഉപയോക്തൃ ഫീസ് അടച്ച് ക്ലീൻ കേരള മിഷന് കൈമാറുന്നു. മാലിന്യ സംസ്കരണ സംവിധാനത്തിന്റെ ഭാഗമായി പഞ്ചായത്തിൽ 35 മിനി എംസിഎഫ്, 50 കുപ്പി ബൂത്ത്, 1 ആർആർഎഫ്, 1 എംസിഎഫ് എന്നിവയുണ്ട്. 2021-22 സാമ്പത്തിക വർഷത്തേക്ക് ഹരിത കർമ്മസേന 27,33,972 രൂപ ഉപയോക്തൃ ഫീസ് ആയി ശേഖരിച്ചു. പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിനായി സ്മാർട്ട് ഗാർബേജ് ആപ്പ് സംവിധാനം കൊണ്ടുവരുന്നതിനായി 2.04 ലക്ഷം രൂപ ചെലവഴിച്ചു. ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി, ജലാശയങ്ങൾ ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവരെ സിസിടിവി ക്യാമറകളുടെയും പഞ്ചായത്തിലെ പൊതു സംവിധാനങ്ങളുടെയും സഹായത്തോടെ പിടികൂടി ശിക്ഷിക്കാൻ ഒരുങ്ങുന്നു. "തെളിനീരൊഴുക്കും നവകേരളം" (നവകേരളത്തിൽ ശുദ്ധജലത്തിന്റെ ഒഴുക്ക്) എന്ന മെഗാ നീർത്തട ശുചീകരണ പരിപാടി നടത്തി, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ ഉൾപ്പെടെ 5000-ത്തിലധികം പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ. കതിരൂർ ഗ്രാമപഞ്ചായത്ത് പാനൂർ ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് തലശ്ശേരി നദിയുടെ കതിരൂർ ഭാഗം, കല്ലുംബ്രം, മഞ്ഞക്കൽ അരുവി എന്നിവ

വൃത്തിയാക്കി. ഇതോടൊപ്പം, പഞ്ചായത്തിലെ മുപ്പത് കുളങ്ങളും മുപ്പത് ഉപ അരുവികളും പൊതുജന പങ്കാളിത്തത്തോടെ വൃത്തിയാക്കി. ഇതിന്റെ ഭാഗമായി സമാനമായ പ്രവർത്തനങ്ങൾ ഇപ്പോഴും നടക്കുന്നു. അങ്ങനെ കനത്ത മഴയിൽ പോലും വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശം വെള്ളപ്പൊക്കത്തിൽ നിന്ന് സംരക്ഷിക്കപ്പെട്ടു. 7 കിലോമീറ്ററിലധികം നീർത്തട നടത്തം സംഘടിപ്പിച്ചു. പ്രധാന അരുവികളിലെ ഉപ അരുവികളെ കണ്ടെത്തി ജനപങ്കാളിത്തത്തോടെ പ്രാദേശിക പേരുകൾ നൽകി. ഈ പഠനത്തെത്തുടർന്ന്, കേരളത്തിൽ ആദ്യമായി, കതിരൂർ ഗ്രാമപഞ്ചായത്ത്, പാനൂർ ബ്ലോക്ക് പഞ്ചായത്ത്, ഹരിത കേരള മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 2021 ഡിസംബർ 2 ന് കതിരൂർ പഞ്ചായത്തിൽ "തോട് സഭ" എന്ന പേരിൽ ഒരു പ്രത്യേക ഗ്രാമസഭ വിളിച്ചുചേർത്തു. കതിരൂരിലെ ജനസാന്ദ്രത കൂടിയ സാമൂഹിക സാഹചര്യത്തിൽ, ശവസംസ്കാരം നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. മണ്ണ്, ജലം, വായു മലിനീകരണം എന്നിവ ഇല്ലാതാക്കുന്നതിനായി ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഒരു ഗ്യാസ് ശ്മശാനം ആരംഭിച്ചു. 2021-22 വർഷത്തിൽ 441 മൃതദേഹങ്ങൾ സംസ്കരിച്ചു, 15,43,500 രൂപ വരുമാനം നേടി, വാർഷിക അറ്റകുറ്റപ്പണി ചെലവ് 14,52,500 രൂപയായിരുന്നു. പഞ്ചായത്തിലെ ഒരു പരിസ്ഥിതി സൗഹൃദ സംസ്കരണ പ്ലാന്റായി ഇത് മാറി. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി, സ്കൂളുകൾ, അങ്കണവാടികൾ, സർക്കാർ, പൊതു കെട്ടിടങ്ങൾ, പഞ്ചായത്ത് പരിധിയിലെ വീടുകൾ എന്നിവിടങ്ങളിൽ കിണർ റീചാർജ് ചെയ്യുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചു. "നനവ്" പരിപാടിയുമായി ബന്ധപ്പെട്ട് പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ 75 കിണറുകൾ റീചാർജ് ചെയ്തു. മഴവെള്ള സംഭരണവും ഭൂഗർഭജല സംരക്ഷണവും ഒരേസമയം സാധ്യമാക്കുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി, കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി 10.36 കിലോമീറ്റർ എംബാർക്ക്മെന്റ് ജോലികൾ ചെയ്തു. 12.8 ഏക്കർ തരിശുഭൂമി സി.

**163**

## മാലിന്യമുക്തം നവകേരളം പദ്ധതി

പയ്യന്നൂർ നഗരസഭ

ശുചിത്വം സമൂഹത്തിന്റെ അവകാശവും നാം ഓരോരുത്തരുടെയും ഉത്തരവാദിത്വവുമാണ്. കേരളം അഭിമുഖീകരിക്കുന്ന വലിയ സാമൂഹിക പ്രശ്നങ്ങളിൽ ഒന്ന് മാലിന്യത്തിന്റേതാണ്. വ്യക്തിയെ സംരക്ഷിച്ച് മനുഷ്യ ജീവിതം ഭൂമിയിൽ നിലനിർത്തുന്നതിന് ശാസ്ത്രീയമായ മാലിന്യ സംസ്കരണം അനിവാര്യമാണ്. മാലിന്യ പ്രശ്നം തന്നെയാണ് മറ്റു തദ്ദേശസ്ഥാപനങ്ങളിൽ എന്നപോലെ 44 വാർഡുകളും 1973 വീടുകളും 90000 ത്തോളം ജനസംഖ്യയുള്ള പയ്യന്നൂർ നഗരസഭ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. എന്നാൽ ശുചിത്വ കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ആരംഭിച്ച വിവിധ ക്യാമ്പയിനുകളുടെ ഫലമായി ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് നിരവധി നേട്ടങ്ങൾ കൈവരിക്കാൻ പയ്യന്നൂർ നഗരസഭയ്ക്ക് സാധിച്ചു. മാലിന്യം വലിച്ചെറിയൽ ഒഴിവാക്കി ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുകയും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറി സമ്പൂർണ്ണവും സുസ്ഥിരവുമായ ശാസ്ത്രീയ മാലിന്യ സംസ്കരണ സംസ്കാരം വളർത്തിയെടുക്കാൻ നഗരസഭയ്ക്ക് സാധിച്ചിട്ടുണ്ട്.

എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന സന്ദേശം നഗരസഭാ പ്രദേശം ഒന്നാകെ ഏറ്റെടുക്കുന്നതിന് സ്വച്ഛ് സർവ്വെക്ഷൻ 2024 ന്റെ ഭാഗമായി ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വ്യക്തികൾക്ക്, സ്ഥാപനങ്ങൾക്ക് വാർഡുകൾക്ക്, സ്വച്ഛത ചാമ്പ്യൻ ,സ്വച്ഛ് വാർഡ്, ആത്മ നിർഭർ വാർഡ് വിഭാഗങ്ങളിലായി അവാർഡും അനുമോദനവും ഏർപ്പെടുത്തുകയുണ്ടായി.നഗരഭയിലെ സ്കൂളുകൾ, അംഗൻവാടികൾ , കലാലയങ്ങൾ,വിനോദ സഞ്ചാര കേന്ദ്രങ്ങൾ , അയൽക്കൂട്ടങ്ങൾ, ഓഫീസുകൾ തുടങ്ങിയവ ഹരിത സ്ഥാപനങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്.

സമൂഹത്തിൽ ശുചിത്വം, മാലിന്യ സംസ്കരണം എന്നിവ സംബന്ധിച്ച് ഇപ്പോഴുള്ള അവസ്ഥയ്ക്ക് മാറ്റം കൊണ്ടുവരുന്നതിന് ഏറ്റവും യോജിച്ച മാർഗം നാളത്തെ പൗരന്മാരായ ഇന്നത്തെ വിദ്യാർത്ഥികളാണ്. പുതുതലമുറയിൽ മാലിന്യ നിർമാർജ്ജനത്തെ കുറിച്ച് അവബോധം കൊണ്ടുവരാനും മാലിന്യ മുക്തം നവ കേരളത്തിന് പുതിയ ആശയങ്ങൾ സംഭാവന ചെയ്യുവാനും നഗരസഭ പരിധിയിലെ എല്ലാ വിദ്യാലയങ്ങളിലെയും വിദ്യാർത്ഥികൾക്ക് അവസരം നൽകുകയെന്ന ലക്ഷ്യത്തോടെയാണ്നവംബർ 14 ശിശുദിനത്തിൽ കുട്ടികളുടെ ഹരിതസഭ സംഘടിപ്പിച്ചിട്ടുണ്ട്.

**പ്രവർത്തനങ്ങൾ**

വാർഡുകൾ സമ്പൂർണ്ണ മാലിന്യമുക്ത വാർഡ് ആയി പ്രഖ്യാപിക്കുന്നതിന് വാർഡ് കമ്മിറ്റിയും ജനപങ്കാളിത്തത്തോടെയുള്ള ജാഗ്രത സമിതിയും ചേർന്ന് വിശദമായ കർമ്മ പരിപാടികൾ തയ്യാറാക്കി. സ്ക്വാഡ് പ്രവർത്തനവും വീടുകളും പരിസരങ്ങളും പൊതു ഇടങ്ങളും ശുചീകരിക്കുന്ന പ്രവർത്തനങ്ങൾ നടത്തി. ഹരിത കർമ്മ സേന ശേഖരിക്കുന്ന പാഴ്വസ്തുക്കൾ നിശ്ചിത കേന്ദ്രങ്ങളിൽ മാത്രം സൂക്ഷിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ വാർഡുകളിൽ ഉണ്ടാക്കി. മാലിന്യങ്ങൾ വലിച്ചെറിയാതിരിക്കാൻ ബിന്നുകൾ സ്ഥാപിച്ചു. നിരീക്ഷിക്കാൻ സ്ക്വാഡുകൾക്ക് പ്രത്യേക ചുമതല നൽകി. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാനുള്ള സംവിധാനം ഒരുക്കി. അജൈവമാലിന്യങ്ങൾ ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നുണ്ടെന്ന് ഉറപ്പുവരുത്തി. അങ്കണവാടികളിലും സ്കൂൾ കുട്ടികൾക്കിടയിലും രക്ഷിതാക്കൾക്കും മാലിന്യ സംസ്കരണത്തെ കുറിച്ചുള്ള ബോധവൽക്കരണവും പങ്കാളിത്തവും ഉറപ്പുവരുത്തി. വിവിധ ബഹുജന സംഘടനകൾ, സന്നദ്ധ സാംസ്കാരിക സംഘടനകൾ, വ്യാപാര സ്ഥാപനങ്ങൾ സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷൻ തുടങ്ങിയവരുടെ സഹായസഹകരണങ്ങൾ മാലിന്യമുക്ത അവാർഡ് പ്രഖ്യാപനത്തിലേക്ക് ഉറപ്പുവരുത്തി.

**164**

# മാലിന്യനിർമാർജനം

പയ്യന്നൂർ ഗ്രാമപഞ്ചായത്ത്

**അജൈവമാലിന്യ സംസ്കരണം**

വാതിൽപ്പടി ശേഖരണം :- കവറേജ് 100 % ഉം യൂസർ ഫീ നിലവിൽ 90 –95 % കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. വാതിൽപ്പടി ശേഖരണത്തിന് വിമുഖത കാണിക്കുന്നവർക്കെതിരെ , നോട്ടീസ്, തുടർ നടപടികൾ സ്വീകരിക്കുകയും കൃത്യമായ ഇടവേളകളിൽ ഭരണ സമിതി ഉദ്യഗസ്ഥതല അവലോകനയോഗവും ചേരുന്നുണ്ട് . പൂർണ്ണമായും ഡിജിറ്റലൈസ് ഉപയോഗിച്ചുള്ള ശേഖരണ പ്രവർത്തനങ്ങളാണ് ഹരിതകർമ്മസേന നടത്തിവരുന്നത്.

**ഹരിതകർമ്മസേന**

മാലിന്യമുക്ത നഗരസഭ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് നഗരസഭയുടെ ചാലക ശക്തിയായി പ്രവർത്തിക്കുന്നത് 66 അംഗബലമുള്ള ഹരിത കർമ്മ സേനയാണ്. മാലിന്യ ശേഖരണത്തിന് നഗരസഭ അനുവദിച്ച വാഹനങ്ങൾ കൈകാര്യം ചെയ്യുന്നതുൾപ്പെടെ നഗരസഭയെ ഹരിത സമൃദ്ധിയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും മാലിന്യ സംസ്കരണം,ഹരിത പെരുമാറ്റ ചട്ടം ഉൾപ്പെടെ ബന്ധപ്പെട്ടുള്ള ഹരിത സംരംഭങ്ങൾ സേന ഏറ്റെടുത്തു നടത്തുന്നു. നഗര ശുചീകരണവുമായി ബന്ധപ്പെട്ട് ശുചീകരണ തൊഴിലാളികളുടെ പ്രവർത്തനം അഭിനന്ദാർഹമാണ്.

**സ്വാപ്പ് ഷോപ്പ്**

പുനരുപയോഗിക്കാൻ കഴിയുന്ന വസ്തുക്കൾ സൗജന്യമായി ഏൽപ്പിക്കാനും ആവശ്യക്കാർക്ക് സൗജന്യമായി നൽകാനുമുള്ള നഗരസഭയുടെ സ്വാപ്പ് ഷോപ്പ് (RRR Center)നഗരസഭ ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്നുണ്ട്.

**ഹരിതപെരുമാറ്റ ചട്ടം**

മാലിന്യത്തിന്റെ തോത് കുറയ്ക്കുന്നതിനും സർക്കാർ നിരോധിത വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുമായി നഗരസഭാ പരിധിയിൽ 100 ൽ കൂടുതൽ ആൾക്കാർ പങ്കെടുക്കുന്ന ചടങ്ങുകൾ രജിസ്റ്റർ ചെയ്യിക്കുകയും ചട്ടം പാലിക്കുന്നതിന് ആവശ്യമായ ഹരിത മാംഗല്യം എന്ന

പേരിലുള്ള സംരംഭം (സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ് ) മുതലായവ ആവശ്യക്കാർക്ക് നൽകുകയും ആവശ്യപ്പെടുന്നവർക്ക് സർവീസ് നൽകുകയും ചെയ്യുന്നു. വാർഡ് ജാഗ്രത സമിതികൾ നിരീക്ഷിക്കുകയും നഗരസഭയുടെ ആരോഗ്യവിഭാഗം നേതൃത്വം നൽകുന്ന വിജിലൻസ് ടീം നിയമലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിച്ചുവരുന്നു.

**സി.സി.ടി.വി ക്യാമറകൾ**

മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി നഗരത്തിലെ 16 ഇടങ്ങളിലായി 27 സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുകയും ആരോഗ്യ വിഭാഗം സ്ക്വാഡ് കൃത്യമായ പരിശോധനകൾ നടത്തി വരികയും ചെയ്യുന്നുണ്ട്.

**ജൈവമാലിന്യസംസ്കരണം**

നഗരസഭാ പരിധിയിൽ പ്രതിദിനം 17 ടൺ ജൈവമാലിന്യം ഉല്പാദിപ്പിക്കപ്പെടുന്നു. ഗാർഹികതലത്തിലും സ്ഥാപനതലത്തിലും ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കമ്മ്യൂണിറ്റി തലത്തിൽ പ്രധാന കേന്ദ്രങ്ങളിൽ 3 തുമ്പൂർ മുഴി മോഡൽ സംവിധാനം പ്രവർത്തിച്ച് വരുന്നു. 44 വാർഡുകളിലുമായി 62 മിനി എം.സി.എഫുകളും 33 ബോട്ടിൽ ബൂത്തുകളും നഗരസഭാ ട്രെഞ്ചിങ് ഗ്രൗണ്ടിൽ എം.സി.എഫ്, ആർ.ആർ.എഫ്, തുമ്പൂർ മുഴി മോഡൽ കമ്പോസ്റ്റിംഗ് എന്നിവ പ്രവർത്തിക്കുന്നുണ്ട്.

**ദ്രവ മാലിന്യ സംസ്കരണം**

ഗാർഹിക തലത്തിലും സ്ഥാപന തലത്തിലുമായി സോക്കേജ് പിറ്റുകൾ, സെപ്റ്റിക്ക് ടാങ്കുകൾ ഉപയോഗിച്ച് വരുന്നുണ്ട്. നഗരസഭയിലെ വെള്ളം കയറുന്ന പ്രദേശങ്ങളിൽ ഫൈബർ സെപ്റ്റിക്ക് ടാങ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇനി ഞാൻ ഒഴുകട്ടെ , തെളിനീരൊഴുകും നവകേരളത്തിന്റെ ഭാഗമായി നഗരസഭാ പരിധിയിലെ നീർച്ചാലുകളും തോടുകളും ശുചീകരിക്കുകയും 6 കുളങ്ങൾ നവീകരണം നടത്തുകയും 11 കുളങ്ങളുടെ നവീകരണ പ്രവർത്തികൾ നടന്നു വരുന്നു. തോട്, മറ്റ് ജലാശയങ്ങളിലൂടെ പ്ലാസ്റ്റിക്കുകൾ, മറ്റ് വസ്തുക്കൾ, ഖരമാലിന്യങ്ങൾ പുഴയിലെക്ക് ഒഴുകിയെത്തി ജല ആവാസവ്യവസ്ഥയെ മലിനമാക്കുന്നതിൽ നിന്ന് തടയുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗമൊരുക്കുക എന്ന ലക്ഷ്യത്തോടെ തോടുകൾക്ക് സ്ക്രീനിംഗ് നെറ്റ് സിസ്റ്റം ( End Screening System) സ്ഥാപിച്ചു. നഗരത്തിലെ ഓവുചാലുകൾ കൃത്യമായ ഇടവേളകളിൽ ശുചീകരിച്ച് വരുന്നു. 3 STP പ്രോജക്ടുകൾ വിവിധ ഘട്ടങ്ങളിലാണ്.

ബയോ റെമഡിയേഷൻ (ലെഗസി വേസ്റ്റ്) KSWMP ഏറ്റെടുത്ത് നടത്തുന്നതിനുള്ള പ്രാരംഭ ഘട്ടത്തിലാണ്.

**വേസ്റ്റ് ടു ആർട്ട്** ക്യാമ്പയിന്റെ ഭാഗമായി പയ്യന്നൂരിന്റെ പ്രവേശന കവാടത്തിൽ ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് ബോട്ടിലുകൾ, സ്കൂൾ ബാഗുകൾ, ചെരുപ്പുകൾ, പ്ലാസ്റ്റിക് ചാക്കുകൾ, തെർമോകോൾ,ബൾബുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള മനുഷ്യൻ വലിച്ചെറിയുന്ന മാലിന്യങ്ങൾ പ്രകൃതിയിലെ ജീവജാലങ്ങളെ എങ്ങനെ ബാധിക്കുന്നു എന്നുള്ളതിൻ്റെ വേറിട്ടൊരു കാഴ്ചയായി ഏറ്റവും കൂടുതൽ ആയുസ്സുള്ള ജീവിയെന്ന് അറിയപ്പെടുന്ന ആമയുടെ പുറം തോടിൽ നാം നിസാരം എന്ന് കരുതി വലിച്ചെറിയുന്ന സൗന്ദര്യ വർദ്ധക വസ്തുവായ വള കുടുങ്ങി ആമ വളരുകയും കുടുങ്ങിക്കിടന്ന വളയെ അതിജീവിച്ച് വന്ന ആമയുടെ ദയനീയ അവസ്ഥ "ജീവനം" ശിൽപ്പമൊരുക്കുകയും കവ്വായി കായലോരത്ത് മത്സ്യത്തിന്റെ വയറ്റിൽ അകപ്പെട്ട പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കൊണ്ട് ദുരിതമനുഭവിക്കുന്ന വേദനാജനകമായ കാഴ്ച പുതു തലമുറകളെ ഓർമ്മപ്പെടുത്തി അതിജീവനം എന്ന ശിൽപ്പവും ഒരുക്കി.

**ശുചിത്വ നഗരം –സുന്ദര നഗരം**

നഗര സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി നഗരത്തിലെ ടൗണുകളിലും വിവിധ ഇടങ്ങളിലും റോഡിനിരുവശങ്ങളിലുമായി ചെടികൾ വച്ച് പിടിപ്പിക്കുകയും ആകർഷകമായ കോർണർ ഗാർഡനുകൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്.

**“വിശ്രമമില്ലാത്ത ജീവിതയാത്രയ്ക്കിടയിലും പിറന്ന മണ്ണിന്റെ വിശുദ്ധിയും പച്ചപ്പും ശുദ്ധമായ ജലസ്രോതസ്സുകളും വരും തലമുറയ്ക്കായി കാത്തുസൂക്ഷിക്കേണ്ടത് നാം ഓരോരുത്തരുടെയും കടമയാണ്.. അതിനായി നമുക്ക് ഒരുമിച്ച് കൈകോർക്കാം”**

165

# ക്ലീൻ പെരുമണ്ണ ഗ്രീൻ പെരുമണ്ണ

പെരുമണ്ണ ഗ്രാമപഞ്ചായത്ത്

കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്കിൽ കോഴിക്കോട് കോർപ്പറേഷനോട് അതിർത്തി പങ്കിടുന്ന ഗ്രാമപഞ്ചായത്താണ് പെരുമണ്ണ ഗ്രാമപഞ്ചായത്ത്. 18 വാർഡുകളുള്ള പഞ്ചായത്തിൽ ഏകദേശം 10820 വീട്ടുകളും 571 സ്ഥാപനങ്ങളുമാണുള്ളത്. 33 അംഗങ്ങളുള്ള ഹരിതകർമ്മസേനയുടെ നേതൃത്വത്തിലാണ് പഞ്ചായത്തിലെ മാലിന്യ സംസ്കരണം നടക്കുന്നത്. 600 സ്ക്വയർഫീറ്റിൽ പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് സ്ഥാപിച്ച എം.സി.എഫിന് സ്ഥല പരിമിധി ഉണ്ടെങ്കിലും പഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മാതൃകാപരമായി നടത്തി വരുന്നുണ്ട്. നിലവിലുള്ള എം.സി.എഫിനോടൊപ്പം പുതിയ എം.സി.എഫ് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.

2018 ൽ പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന രൂപീകരിച്ചിരുന്നെങ്കിലും 2021 ൽ ഹരിതകേരളം മിഷൻ്റെ സഹായത്തോടെയാണ് പ്രവർത്തനം ആരംഭിച്ചത്. അതുവരെ മാലിന്യം മൊത്തത്തിൽ ശേഖരിച്ച് സ്വകാര്യ ഏജൻസിക്ക് കൈമാറുന്ന രീതിയായിരുന്നു ഉണ്ടായിരുന്നത്. 2021 ജനുവരിയിൽ ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ ആരംഭിച്ച തരംതിരിക്കൽ വില്പനയുടെ ഭാഗമായി പഞ്ചായത്തിൽ അതുവരെയുണ്ടായിരുന്ന സംവിധാനത്തിന് പകരം തരംതിരിച്ച് വില്പന നടത്തുന്ന രീതിക്ക് തുടക്കം കുറിച്ചു. പ്ലാസ്റ്റിക്ക്, പേപ്പർ, തുണി, കുപ്പി-ചില്ല് തുടങ്ങിയവ പ്രത്യേകം തരംതിരിച്ച് കൈമാറുന്ന രീതിയിലേക്ക് മാറുകയും മാലിന്യത്തിൽ നിന്നും വരുമാനം എന്ന ആശയത്തിലേക്ക് ചുവടുവയ്ക്കുകയും ചെയ്തു. 2022 ആവസാനത്തോടെ എം.സി.എഫിൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കുകയും തരംതിരിച്ച് വില്പന നടത്തുന്ന വരുമാനം വർധിക്കുകയും ചെയ്തു. നേരത്തെ റിജക്റ്റിൽ കയറ്റി അയച്ചിരുന്ന മൾട്ടിലെയർ പ്ലാസ്റ്റിക്ക്, തെർമോക്കോൾ എന്നിവ വില്പന നടത്താൻ ആരംഭിച്ചത് വരുമാനം ഉയർത്തുന്നതിന് സഹായകരമായി. 2024 ഒക്ടോബർ 2 ന് ആരംഭിച്ച മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൻ്റെ ഭാഗമായി പൊതുജനങ്ങൾക്ക് പാഴ്വസ്തുക്കൾ നേരിട്ട് എം.സി.എഫിലേക്ക് എത്തിച്ച നൽകുന്നതിനായി പ്രത്യേക കൗണ്ടർ സംവിധാനം ഒരുക്കി. വീടുകളിലോ സ്ഥാപനങ്ങളിലോ മറ്റോ പരിപാടികൾ നടക്കുന്നത് വഴി ഉണ്ടാകുന്ന പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള പാഴ്വസ്തുക്കൾ ഹരിതകർമ്മസേനയെ കാത്തുനിൽക്കാതെ യൂസർഫീ നൽകി എം.സി.എഫിലേക്ക് എത്തിക്കാം. അതോടൊപ്പം മുഴുവൻ ഹരിതകർമ്മസേന അംഗങ്ങൾക്കും ആരോഗ്യ ഇൻഷൂറൻസ് പരിരക്ഷ നൽകിയിട്ടുണ്ട്. ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ നടക്കുന്ന പാഴ്വസ്തു ശേഖരണത്തിന് പുറമെ പഞ്ചായത്തിൽ ഉണ്ടാകാനിടയുള്ള മറ്റു മാലിന്യങ്ങളായ ചിക്കൻ മാലിന്യം സർക്കാർ അംഗീകൃത റെന്ററിങ്ങ് പ്ലാന്റായ ഫ്രഷ്കട്ട് എഞ്ചൻസിക്കും ഡയപ്പർ, നാപ്കിൻ ഉൾപ്പെടെയുള്ള സാനിറ്ററി മാലിന്യം ആക്രി ഇംപാക്റ്റ് പ്രൈവറ്റ് ലിമിറ്റഡ് വഴിയും സംസ്കരണം നടത്തുന്നുണ്ട്.

പെരുമണ്ണ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും നൽകുന്ന പിന്തുണ മാതൃകാപരമായ പ്രവർത്തനത്തിന് സഹായകരമാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡൻ്റ് ഉൾപ്പടെയുള്ള ഭരണ സമിതി അംഗങ്ങൾ എം.സി.എഫിൽ തരംതിരിക്കൽ പ്രവർത്തനങ്ങളിൽ പങ്കാളികളകാറുണ്ട്. ഹരിതകേരളം മിഷൻ്റെ ഇടപെടലും എടുത്തു പറയേണ്ടതാണ്.

ശേഖരിക്കുന്ന പാഴ്വസ്തുക്കൾ മുഴുവനും തരംതിരിച്ച് മാത്രം കൈമാറുന്ന രീതി അവലംബിച്ച 2021 ൽ 57476 കിലോ പാഴ്വസ്തുക്കൾ ശേഖിച്ചതിൽ നിന്നും 26390 കിലോ റിജക്റ്റ് മാലിന്യമായി കൈമാറിയപ്പോൾ 17246 കിലോ പ്ലാസ്റ്റിക്ക്, പേപ്പർ എന്നിവയും 13840 കിലോ ചില്ല് മാലിന്യവും വില്പന നടത്തി. ഇത്തരത്തിൽ പാഴ്വസ്തുക്കൾ കൈമാറിയത് വഴി റിജക്റ്റ് മാലിന്യത്തിന് 263900 രൂപ പഞ്ചായത്തിന് ചിലവായപ്പോൾ പ്ലാസ്റ്റിക്ക്, പേപ്പർ, കുപ്പി ചില്ല് മാലിന്യങ്ങളായ 31086 കിലോക്ക് 117159 രൂപ വരുമാനം ഹരിതകർമ്മസേനക്ക് നേടാനായി.

2022 വർഷത്തിൽ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ തീരുമാനിക്കുകയും അന്നേ വർഷം 73015 കിലോ പാഴ്വസ്തുക്കൾ ശേഖരണം നടത്തിയപ്പോൾ 21752 കിലോ പ്ലാസ്റ്റിക്ക്,പേപ്പർ തുടങ്ങിയവയും 7700 കിലോ കുപ്പി-ചില്ല് മാലിന്യം, 23500 കിലോ തുണി മാലിന്യം എന്നിവയിൽ നിന്നായി 172376 രൂപ ഹരിതകർമ്മസേനയ്ക്ക് ലഭിക്കുകയും ചെയ്തു. 20063 കിലോ റിജക്റ്റ് മാലിന്യം കയറ്റി അയയ്ക്കുന്നതിനായി 150000 രൂപ ചിലവാകുകയും ചെയ്തു. മുൻ വർഷത്തേക്കാൾ കൂടുതൽ പണം തരംതിരിക്കൽ വരുമാനത്തിലൂടെ നേടാനായത് ഹരിതകർമ്മസേനക്ക് കൂടുതൽ ആവേശമായി.

2023 വർഷത്തിൽ വലിയ മാറ്റം ഉണ്ടാക്കാൻ സാധിച്ചിരുന്നു. 178364 കിലോ പാഴ്വസ്തുക്കൾ ശേഖരണം നടത്തിയപ്പോൾ 77419 കിലോ പ്ലാസ്റ്റിക്കും 25365 കിലോ കുപ്പി- ചില്ല് മാലിന്യവും 15580 കിലോ തുണി മാലിന്യവും കയറ്റി അയച്ചത് വഴി 854827 രൂപ ഹരിതകർമ്മസേനയക്ക് ലഭിച്ചു. 60000 കിലോ റിജക്റ്റ് മാലിന്യം കയറ്റി അയയ്ക്കുന്നതിന് 3 ലക്ഷം രൂപ മാത്രമേ ചിലവായിട്ടുള്ളൂ.

2024 വർഷത്തിൽ ഡിസംബർ മാസം വരെ 169896 കിലോ പാഴ്വസ്തുക്കളാണ് ശേഖരണം നടത്തിയത് അതിൽ 97376 കിലോ പ്ലാസ്റ്റിക്ക്, പേപ്പർ, 25000 കിലോ കുപ്പി-ചില്ല് മാലിന്യം 47520 കിലോ തുണി മാലിന്യം എന്നിവ കയറ്റി അയച്ചതിൽ നിന്നായി 744180 രൂപ വരുമാനം നേടിയപ്പോൾ 2024 ഡിസംബർ വരെ 52080 കിലോയാണ് റിജക്റ്റ് മാലിന്യം കയറ്റി അയച്ചത്. ഇതിൽ 20260 കിലോ ചെരുപ്പ്, ബാഗ് മാലിന്യമാണ്. 153380 രൂപയാണ് ഇത്തരത്തിൽ കയറ്റി അയച്ചതിന് 2024 ജനുവരി മാസം മുതൽ ഡിസംബർ മാസം വരെ ചിലവായ തുക.

**166**

# ആരോഗ്യം

കതിരൂർ ഗ്രാമപഞ്ചായത്ത്

നൂറ്റാണ്ടിലെ പകർച്ചവ്യാധിയെ അതിജീവിച്ച കേരളത്തിലെ കണ്ണൂർ ജില്ലയിലെ തലശ്ശേരി-കൂർഗ് റോഡിന്റെ വശത്ത് 12.30 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഒരു ചെറിയ ഗ്രാമമാണ് കതിരൂർ. കോവിഡ് 19 കാലത്ത് ലോകം നിശ്ചലമായി. ജനങ്ങൾക്ക് വേണ്ടി അതീവ ശ്രദ്ധയോടെയും ആശങ്കയോടെയും പഞ്ചായത്ത് ഒപ്പം നിന്നു. കോവിഡ് 19 എന്ന തിന്മയ്ക്കെതിരെ പോരാടാൻ ആരോഗ്യ മേഖലയിലെ എല്ലാ വിഭാഗങ്ങളും ഒന്നിച്ചു. ഒരുപക്ഷേ ഈ പോരാട്ടം നമ്മുടെ ഗ്രാമത്തിന് ഏറ്റവും മികച്ച ആരോഗ്യ സംരക്ഷണം നൽകാനുള്ള ശക്തി നൽകിയിരിക്കാം. കോവിഡ് വ്യാപനം നല്ല രീതിയിൽ നിയന്ത്രിക്കാൻ പഞ്ചായത്തും ആരോഗ്യ വകുപ്പും ആർആർടി വളണ്ടിയർമാരും ഒരുമിച്ച് പ്രവർത്തിച്ചതാണ് കോവിഡ് മൂലമുള്ള മരണങ്ങളിൽ കുറവുണ്ടാക്കിയത്. ഈ പഞ്ചായത്തിൽ കോവിഡ് വാക്സിൻ 100% ലക്ഷ്യം കൈവരിച്ചു. ഒരു കുടുംബാരോഗ്യ കേന്ദ്രവും 6 ആരോഗ്യ ഉപകേന്ദ്രങ്ങളുമുണ്ട്. കുടുംബാരോഗ്യ കേന്ദ്രത്തിൽ സായാഹ്ന ഒപി സേവനവും അതിനായി ഡോക്ടർ ഉൾപ്പെടെയുള്ള മറ്റ് എല്ലാ സൗകര്യങ്ങളുമുണ്ട്. ഫിസിയോതെറാപ്പി സെന്റർ നിർമ്മാണത്തിനായി 20 ലക്ഷം രൂപ ചെലവഴിച്ചു. സ്പോൺസർഷിപ്പിലൂടെയും വിവിധ സർക്കാർ പദ്ധതികളിലൂടെയും വാങ്ങിയ 10 ലക്ഷം രൂപയുടെ ഫിസിയോതെറാപ്പി സാമഗ്രികളാണ് ഈ കേന്ദ്രത്തിൽ സജ്ജീകരിച്ചിരിക്കുന്നത്. ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി ഒരു ആയുർവേദ ഡിസ്പെൻസറിയും രണ്ട് ഹോമിയോ ഡിസ്പെൻസറികളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. വൈകല്യമില്ലാത്ത ഭാവി എന്ന ആശയം സാക്ഷാത്കരിക്കുന്നതിനായി, ഗർഭിണികൾക്കായി താലോലം എന്ന സമഗ്ര പദ്ധതി നടപ്പിലാക്കി വരുന്നു. ജനന വൈകല്യങ്ങളില്ലാതെ പ്രസവിക്കുക എന്ന ലക്ഷ്യം കണക്കിലെടുത്ത്, ഗർഭിണികൾക്ക് ആവശ്യമായ പരിചരണവും വൈദ്യസഹായവും കുടുംബാരോഗ്യ കേന്ദ്രം വഴി നടപ്പിലാക്കുന്നു. 16 വയസ്സിന് താഴെയുള്ള എല്ലാ കുട്ടികൾക്കും പോളിയോ ഉൾപ്പെടെ പൂർണ്ണമായി പ്രതിരോധ കുത്തിവയ്പ്പ് നൽകിയിട്ടുണ്ട്. കതിരൂർ ഗ്രാമപഞ്ചായത്തിൽ 2 'പകൽ വിശ്രമ കേന്ദ്രങ്ങൾ' ഉണ്ട്. പകൽ വിശ്രമ കേന്ദ്രത്തിൽ പരിചരണകർ ജോലി ചെയ്യുന്നു. ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി പോഷകാഹാരം ഉൾപ്പെടെയുള്ള ഭക്ഷണം നൽകുന്ന ഒരു സംവിധാനവും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, കേന്ദ്രങ്ങളിൽ നൽകുന്ന വ്യായാമ ഉപകരണങ്ങൾ വയോജനങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്താൻ സഹായിക്കുകയും ജീവിതശൈലി രോഗങ്ങളിൽ നിന്ന് ഒരു പരിധിവരെ സംരക്ഷണം നൽകുകയും ചെയ്യുന്നു. അലോപ്പതി, ആയുർവേദ, ഹോമിയോ മെഡിക്കൽ ക്യാമ്പുകൾ ഈ കേന്ദ്രങ്ങളിൽ പതിവായി സംഘടിപ്പിക്കാറുണ്ട്. പഞ്ചായത്തിൽ 203 പാലിയേറ്റീവ് കെയർ രോഗികളുണ്ട്. അവർക്ക് വീട്ടിൽ പരിചരണം നൽകുന്നതിനായി പഞ്ചായത്തിന് സ്വന്തമായി ആംബുലൻസ് ഉണ്ട്. പരിചരണം നൽകുന്നതിനായി ഒരു പാലിയേറ്റീവ് കെയർ നഴ്സും നിയമിക്കപ്പെട്ടിട്ടുണ്ട്. രോഗികൾക്ക് വാതിൽപ്പടി സേവനം നൽകുന്നതിനായി 18 വാർഡുകളിലായി 36 വളണ്ടിയർമാരും 30 ആശാ വർക്കർമാരുമുണ്ട്. ഡെങ്കിപ്പനി, പക്ഷിപ്പനി, മലേറിയ, മീസിൽസ്, ടൈഫോയ്ഡ്, മലേറിയ, മഞ്ഞപ്പനി, ഫൈലേറിയസിസ് തുടങ്ങിയ പകർച്ചവ്യാധികൾ പഞ്ചായത്തിൽ പടരുന്നത് തടയാൻ വാർഡ് തല ശുചിത്വ സമിതികൾ വാർഡ് തല ശുചിത്വ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. നമ്മുടെ യുവതലമുറയെ മയക്കുമരുന്നുകളുടെ കെണിയിൽ നിന്ന് രക്ഷിക്കുന്നതിനായി, കെ ഷീൽഡ് (മയക്കുമരുന്നിനെതിരെ പ്രാദേശികമായി കതിരൂർ സുസ്ഥിര ആരോഗ്യ പ്രതിരോധശേഷി വിദ്യാഭ്യാസം) എന്ന പേരിൽ ഒരു ബോധവൽക്കരണ പരിപാടി നടക്കുന്നു. എക്സൈസ്, പോലീസ് വകുപ്പുകളുടെ സഹായത്തോടെയാണ് പരിപാടി നടത്തുന്നത്. ജനകീയസൂത്ര പദ്ധതിയുടെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി, കതിരൂർ ഗ്രാമപഞ്ചായത്തിനെ സുസ്ഥിര സ്ത്രീ സൗഹൃദ ഗ്രാമമാക്കി മാറ്റുന്നതിനായി പെൻകതിർ എന്ന പുതിയ ആശയം രൂപപ്പെടുത്തി. സ്ത്രീകളുടെ സമഗ്ര വികസനത്തിനായി നിരവധി പരിപാടികളും പ്രവർത്തനങ്ങളും പദ്ധതികളും രൂപപ്പെടുത്തി. സ്ത്രീകൾ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളിൽ ഒന്നാണ് വിളർച്ച. വിശദമായ ഗവേഷണങ്ങൾക്ക് ശേഷം ലോകമെമ്പാടുമുള്ള വിവിധ ആരോഗ്യ സംഘടനകൾ ഇത് ഗുരുതരമായ പ്രശ്നമായി പ്രഖ്യാപിച്ചിട്ടുണ്ട്. നിരവധി ചർച്ചകൾക്ക് ശേഷം, സ്ത്രീകൾക്കിടയിൽ സാധാരണയായി കാണപ്പെടുന്ന വിളർച്ചയും അനുബന്ധ രോഗങ്ങളും മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് "വിംഗ്സ്" (വിളർച്ച വിരുദ്ധ സ്ത്രീകൾക്കുള്ള സമഗ്രവും യഥാർത്ഥവുമായ സംവിധാനം) എന്ന പരിപാടി ആരംഭിക്കാൻ തീരുമാനിച്ചു. പദ്ധതി വിജയകരമായി പുരോഗമിക്കുന്നു. കതിരൂർ ഗ്രാമപഞ്ചായത്തിൽ ഒരു ജെൻഡർ റിസോഴ്സ് സെന്റർ ഉണ്ട്. ലിംഗ വികസനവും സ്ത്രീ ശാക്തീകരണവും ഏകോപിപ്പിക്കുന്നതിനായി കുടുംബശ്രീ ഒരു ജെൻഡർ കൗൺസിലറെ നിയമിച്ചു. ആവശ്യക്കാർക്കും ജാഗ്രതാ സമിതിക്കും ജെൻഡർ കൗൺസിലിംഗ് പിന്തുണ നൽകുന്നു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരായ വിജിലൻസ് കമ്മിറ്റികൾ 18 വാർഡുകളിലും ഫലപ്രദമായി പ്രവർത്തിക്കുന്നു. പെങ്കതിർ പദ്ധതിയുടെ ഭാഗമായി എല്ലാ വാർഡുകളിലും ഇതിനായി ഒരു പരാതിപ്പെട്ടി സ്ഥാപിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണ സംവിധാനത്തിന്റെ ഭാഗമായി പഞ്ചായത്തിൽ 35 മിനി എംസിഎഫ്, 50 ബോട്ടിൽ ബൂത്ത്, 1 ആർആർഎഫ്, 1 എംസിഎഫ് എന്നിവയുണ്ട്. 23 ഹരിതകർമസേന വളണ്ടിയർമാരാണ് പഞ്ചായത്തിലെ എല്ലാ വീടുകളിൽ നിന്നും കടകളിൽ നിന്നും വൃത്തിയാക്കിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നത്. 2021-22 സാമ്പത്തിക വർഷത്തേക്ക് അവർ 27,33,972 രൂപ ഉപയോക്തൃ ഫീസ് ആയി പിരിച്ചെടുത്തു. ആരോഗ്യ മേഖലയിൽ പഞ്ചായത്തിന്റെ ഫലപ്രദമായ ഇടപെടൽ കാരണം കതിരൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് 2018-ൽ NQAS അവാർഡും 2019-20-ൽ കായകൽപ് അവാർഡും ലഭിച്ചു. 2018-19-ൽ സംസ്ഥാന സർക്കാരിന്റെ 'KASH' അവാർഡും ലഭിച്ചു.

167

# വിദ്യാഭ്യാസം

കതിരൂർ ഗ്രാമപഞ്ചായത്ത്

അങ്കണവാടി മുതൽ ഹയർ സെക്കൻഡറി തലം വരെ ശരിയായ പാത കാണിക്കാൻ കതിരൂർ ഗ്രാമപഞ്ചായത്ത് എപ്പോഴും കുട്ടികളോടൊപ്പം ഉണ്ട്. കതിരൂർ ഗ്രാമപഞ്ചായത്തിൽ 30 അങ്കണവാടികളും 2 ഹയർ സെക്കൻഡറി സ്കൂളുകളും 21 എൽപി & യുപി സ്കൂളുകളും വിജയകരമായി പ്രവർത്തിക്കുന്നു. സ്കൂളുകളുടെ പുരോഗതി പ്രോത്സാഹിപ്പിക്കുന്നതിനായി കുടുംബശ്രീയുടെ കീഴിൽ 18 വാർഡുകളിലായി ഒരു ബാലസഭയുണ്ട്. 1997-98 കാലഘട്ടത്തിൽ തന്നെ പ്രൈമറി അധ്യാപകർക്കായി ഡിജിറ്റൽ സാക്ഷരതയുടെ പ്രാരംഭ ഘട്ടം ഞങ്ങൾ ആരംഭിച്ചു. അധ്യാപകരിൽ നിന്ന് കുട്ടികൾ ശരിയായ ഡിജിറ്റൽ സാക്ഷരത നേടി. കുട്ടിക്കാലത്ത് ഇംഗ്ലീഷ് പഠിക്കാൻ കഴിയാത്ത 40 വയസ്സിനു മുകളിലുള്ളവർക്ക് "ഐ കാൻ ഇംഗ്ലീഷ്" പ്രോഗ്രാമിന്റെ ഭാഗമാകാൻ അവസരം ലഭിച്ചു. 2021-22 ൽ, ലോക കുട്ടികളുടെ പുസ്തക ദിനത്തിൽ കുടുംബശ്രീ സിഡിഎസ് ബാലസഭ നടത്തിയ "പുസ്തക കതിർ" പ്രോഗ്രാമിലൂടെ ഒരു മൂവിംഗ് ലൈബ്രറി സ്ഥാപിച്ചു. കുടുംബശ്രീ 37000 രൂപ വിലവരുന്ന 250 പുസ്തകങ്ങൾ വിതരണം ചെയ്തു. പുതിയ യുവതലമുറയ്ക്ക് ഒരു കായിക സംസ്കാരം സ്ഥാപിക്കുന്നതിനായി രൂപകൽപ്പന ചെയ്ത "ടാലന്റ് ഹണ്ട്" പരിപാടി, അന്താരാഷ്ട്ര തലത്തിൽ ഇതിനകം അംഗീകരിക്കപ്പെട്ടിട്ടുള്ള കായികതാരം ശ്രീ ജി രവീന്ദ്രന്റെ നേതൃത്വത്തിൽ വിജയകരമായി നടക്കുന്നു. അക്വാട്ടിക് ക്ലബ്ബിന്റെ നേതൃത്വത്തിൽ 2000-ത്തിലധികം കുട്ടികളെ നീന്തൽ പഠിപ്പിച്ചു. പൊതുജനങ്ങളുടെ വലിയ പിന്തുണയോടെ നടത്തിയ ഈ പരിപാടിയുടെ ഭാഗമായി വളണ്ടിയർമാരും പ്രാദേശിക ഇൻസ്ട്രക്ടർമാരും ചേർന്ന് 182 വിദ്യാർത്ഥികളെ പഠിപ്പിക്കുകയും അവർക്ക് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. എൽഎസ്എസ്, യുഎസ്എസ് പരീക്ഷകളിൽ പങ്കെടുത്തവർക്ക് പ്രത്യേക പരിശീലനവും മോക്ക് ടെസ്റ്റുകളും നൽകി. ആ വർഷം 24 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിച്ചു. "ബ്രേവ്" എന്ന സ്വയം സുരക്ഷാ പരിശീലന പരിപാടിയിലൂടെ 424 പെൺകുട്ടികൾ കരാട്ടെ ഉൾപ്പെടെയുള്ള സ്വയം സുരക്ഷാ പരിശീലനം പൂർത്തിയാക്കി. കുട്ടികൾക്കെതിരായ അതിക്രമങ്ങൾക്കെതിരെയുള്ള വിജിലൻസ് കമ്മിറ്റികൾ 18 വാർഡുകളിലും ഫലപ്രദമായി പ്രവർത്തിക്കുന്നു. പെങ്കതിർ പദ്ധതിയുടെ ഭാഗമായി എല്ലാ വാർഡുകളിലും ഇതിനുള്ള പരാതിപ്പെട്ടി സ്ഥാപിച്ചിട്ടുണ്ട്. കതിരൂർ പഞ്ചായത്തിന് കീഴിലുള്ള എല്ലാ സ്കൂളുകളുടെയും ചരിത്രം പ്രസിദ്ധീകരിക്കുക എന്ന ആശയം നിലവിൽ പ്രക്രിയയിലാണ്. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രദർശിപ്പിക്കുന്നതിനായി "കളിമുറ്റം" എന്ന പേരിൽ ഒരു മാസികയും പുറത്തിറക്കുന്നുണ്ട്. ഇംഗ്ലീഷ് വായനയുടെ സങ്കീർണ്ണതയെക്കുറിച്ചുള്ള ആറാം ക്ലാസ് വിദ്യാർത്ഥികളുടെ ആശങ്കകൾ കണക്കിലെടുത്ത്, സമർത്ഥരായ അധ്യാപകരുടെ സഹായത്തോടെ അഞ്ചാം ക്ലാസ് വിദ്യാർത്ഥികൾക്കായി ഒരു ബ്രിഡ്ജ് കോഴ്സ് നടത്തുന്നു. ടോയ്‌ലറ്റ് സൗകര്യം, വൈദ്യുതി എന്നിവ പ്രാപ്തമാക്കുകയും എയ്ഡഡ് സ്കൂളുകൾക്ക് പുസ്തകങ്ങൾ, പാത്രങ്ങൾ, കിണർ, മറ്റ് വിദ്യാഭ്യാസ അനുബന്ധ ഉപകരണങ്ങൾ എന്നിവ നൽകുകയും ചെയ്തുകൊണ്ട് 3 സർക്കാർ സ്കൂളുകളുടെ നവീകരണത്തിന് സാമ്പത്തിക സഹായം നൽകി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പഞ്ചായത്ത് ഇതിനകം 10 ലക്ഷം രൂപ എസ്എസ്കെയിലേക്ക് കൈമാറിയിട്ടുണ്ട്. ഇതിനുപുറമെ, സ്കൂൾ ടോയ്‌ലറ്റുകൾക്കായി 324149 രൂപ ചെലവഴിക്കുകയും 21 എൽപി, യുപി സ്കൂളുകൾക്ക് 445200 രൂപ വിലമതിക്കുന്ന 84 മാലിന്യ ബിന്നുകൾ നൽകുകയും ചെയ്തു. ഒരു സ്ഥലത്തിന്റെ പ്രത്യേകത അതിന്റെ കലയാണ്. പഞ്ചായത്തിലെ എല്ലാവരുടെയും കലാപരമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി, പഞ്ചായത്ത് തന്നെ ഒരു പുതിയ പദ്ധതി - "ആർട്ട് ഗാലറി" രൂപീകരിച്ചു. രാജ്യത്തെ ഏറ്റവും മികച്ച 10 കലാകാരന്മാരിൽ ഒരാളും കോട്ടയം മലബാർ സ്കൂളിലെ രണ്ടാം ക്ലാസ്സിൽ പഠിക്കുന്നതുമായ നീരവിന്റെ ചിത്രങ്ങൾ ഉൾപ്പെടെ നിരവധി കുട്ടികളുടെ ചിത്രങ്ങൾ ഈ ആർട്ട് ഗാലറിയിൽ പ്രദർശിപ്പിച്ചിരുന്നു. ദേശീയ അധ്യാപക അവാർഡ് ജേതാവും പ്രശസ്ത കലാകാരനുമായ ശ്രീ കെ.എം. ശിവകൃഷ്ണൻ മാസ്റ്ററുടെ നേതൃത്വത്തിൽ സ്കൂളുകളിൽ "മൂവിംഗ് ആർട്ട് ഗാലറി" നടപ്പിലാക്കാൻ പോകുന്നു. എല്ലാ അങ്കണവാടികളിലൂടെയും കുട്ടികൾക്ക് പോളിയോ വാക്സിനേഷൻ ഉൾപ്പെടെയുള്ള വാക്സിനേഷനുകൾ പതിവായി നൽകുന്നു, കൂടാതെ അങ്കണവാടികൾ വഴി കുട്ടികൾക്ക് പോഷകസമൃദ്ധമായ പ്രത്യേക ഭക്ഷണ വിതരണവും നടത്തുന്നു. ഇതിനായി ഞങ്ങളുടെ സ്വന്തം ഫണ്ട് ഉൾപ്പെടെ വിവിധ ഗ്രാന്റുകൾ ഉപയോഗിച്ച് 3261000 രൂപ ചെലവഴിച്ചു. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 300 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ഒരു ബഡ്സ് സ്പെഷ്യൽ സ്കൂൾ ഞങ്ങളുടെ പക്കലുണ്ട്. ഈ സ്വപ്ന പദ്ധതിക്കായി, കെട്ടിട നിർമ്മാണത്തിനായി 80 ലക്ഷം രൂപയും അധ്യാപന, പഠന സാമഗ്രികൾ, തെറാപ്പി ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി 12.5 ലക്ഷം രൂപയും വിനിയോഗിച്ചു. അതായത്, സ്പീച്ച് തെറാപ്പിയും ഫിസിയോ തെറാപ്പിയും ഇവിടെ നൽകുന്നു, ഇത് കുട്ടികളുടെയും രക്ഷിതാക്കളുടെയും ആത്മവിശ്വാസം ശക്തിപ്പെടുത്തുന്നു. വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിനായി 14.35 ലക്ഷം രൂപ ചെലവഴിച്ചു, ഈ പദ്ധതി ഇപ്പോഴും തുടരുന്നു. ഈ വർഷം അവസാനത്തോടെ വികലാംഗ വിദ്യാർത്ഥികൾക്ക് ബഡ്സ് സ്കൂളിലേക്കുള്ള യാത്രയ്ക്കായി ഒരു സ്കൂൾ ബസ് വാങ്ങാൻ ഞങ്ങൾ പദ്ധതിയിടുന്നു.

# 168

# സമഗ്ര വിദ്യാഭ്യാസ പരിപാടി - സ്മൈൽ

കണ്ണൂർ ജില്ലാ പഞ്ചായത്ത്

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്ന പരിപാടിയാണ് സ്മൈൽ. 2006–07 വർഷം തന്നെ SSLC വിജയശതമാനം വർദ്ധിപ്പിക്കുന്നതിനായി ''മുകുളം'' എന്ന പേരിൽ സമഗ്ര വിദ്യാഭ്യാസ പരിപാടി ആരംഭിച്ചിരുന്നു. ഈ പരിപാടിയുടെ തുടർച്ചയെന്ന നിലയിൽ 2023–24 വർഷമാണ് '' സ്മൈൽ '' ആരംഭിച്ചത്. ഈ വർഷവും തുടരുന്നു.

## ലക്ഷ്യങ്ങൾ

- ഗുണനിലവാരമുള്ള ക്ളാസ് റൂം വിനിമയം ഉറപ്പുവരുത്തുക
- എല്ലാ വിദ്യാലയങ്ങളിലും 100% SSLC വിജയം ഉറപ്പുവരുത്തുക
- SSLC യിൽ എല്ലാ കുട്ടികൾക്കും എല്ലാ വിഷയത്തിനും C+ ഉം അതിനുമുകളിലും ഉറപ്പുവരുത്തുക
- പരീക്ഷയെഴുതുന്ന 20% കുട്ടികൾക്കെങ്കിലും മുഴുവൻ വിഷയങ്ങളിലും A+ നേടുക
- 08, 09 ക്ളാസുകളിൽ വിദ്യാഭ്യാസ ഗുണനിലവാരം ഉറപ്പുവരുത്തുക
- +1, +2 ക്ളാസുകളിലെ വിജയശതമാനം ഉയർത്തുക. കൂടുതൽ കുട്ടികൾക്ക് A+ നേടുക
  പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് (+1, +2, SSLC) പിന്തുണ സാമഗ്രികൾ ഉറപ്പുവരുത്തുക
- മിടുക്കരായ കുട്ടികൾക്ക് അധിക പഠന സഹായികൾ ഉറപ്പുവരുത്തുക.

അക്കാദമിക ലക്ഷ്യങ്ങൾക്കു പുറമെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ കൂടി മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നുണ്ട്.

## ഗവൺമെന്റ് ഹൈസ്കൂളുകളിൽ

- അന്താരാഷ്ട്ര നിലവാരമുള്ള ക്ളാസ്മുറികൾ, കെട്ടിടങ്ങൾ തയ്യാറാക്കൽ
- കുടിവെള്ള സൗകര്യങ്ങൾ, ചുറ്റുമതിൽ, കളിസ്ഥലങ്ങൾ, ഓഡിറ്റോറിയങ്ങൾ ലഭ്യമാക്കൽ
- കമ്പ്യൂട്ടർ, ലാബ് ഉപകരണങ്ങൾ, കളിയുപകരണങ്ങൾ എന്നിവ ലഭ്യമാക്കുക
- വൈദ്യുത സൗകര്യങ്ങൾ ഉറപ്പുവരുത്തുക
- സോളാർ സംവിധാനങ്ങൾ ഉണ്ടാക്കുക.

## ചരിത്ര പശ്ചാത്തലം

2006 ന് മുമ്പ് SSLC വിജയശതമാനം മറ്റുള്ള ജില്ലകളേക്കാൾ പിറകിൽ 09–10 സ്ഥാനം (45–50%)

വിജയശതമാനം ഉയർത്താൻ പ്രത്യേക പദ്ധതി തയ്യാറാക്കാൻ തീരുമാനിച്ചു.

മുനിസിപ്പാലിറ്റി പരിധിയിലുള്ള വിദ്യാലയങ്ങൾക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി രൂപീകരിക്കാൻ നിർദ്ദേശം നൽകി.

''മുകുളം'' എന്ന പേരിൽ 2006–07 വർഷം സമഗ്ര വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കി

ഇതിന്റെ ഭാഗമായി 10 –ാം ക്ളാസിലെ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കാവശ്യമായ പഠനസഹായി ഓരോ വിഷയത്തിനും തയ്യാറാക്കി, ഡയറ്റിന്റെ സഹായത്തോടെ തയ്യാറാക്കി കോപ്പികൾ ഓരോ വിദ്യാലയത്തിനും അയച്ചു നൽകി. കൂടാതെ പരീക്ഷയ്ക്കു വരാൻ സാധ്യതയുള്ള ചോദ്യങ്ങളുടെ ശേഖരണവും നൽകി.

ആദ്യഘട്ടങ്ങളിൽ SSLC മാത്രമാണെങ്കിലും പിന്നീട് ഹയർസെക്കന്ററിയിലും ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു.

<u>താഴെ പറയുന്ന പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടത്തുന്നു.</u>

- റിസോർസ് അദ്ധ്യാപകരുടെ കാഴ്ചപ്പാട് രൂപീകരണ ശില്പശാലകൾ
- സാമഗ്രികൾ നിർമ്മിക്കുന്നതിനുള ശില്പശാലകൾ
- വിദ്യാലയങ്ങളിൽ മുകുളം കോഡിനേറ്റർമാരെ ചുമതലപ്പെടുത്തുന്നു.
- അധിക സമയ പിന്തുണ ക്ളാസുകൾ, പഠന ക്യാമ്പുകൾ
- കുട്ടികൾക്ക് റിഫ്രെഷ്മെന്റ്
- മുകുളം മോഡൽ പരീക്ഷകൾ
- വിദ്യാലയതലത്തിൽ ആസൂത്രണ അവലോകന യോഗങ്ങൾ, രക്ഷിതാക്കളുടെ യോഗങ്ങൾ, ഗൃഹസന്ദർശനം.
- കൗൺസലിംഗ് ക്ളാസുകൾ, മോട്ടിവേഷൻ ക്ളാസുകൾ
- ചാനലുകളിൽ പാനൽ ചർച്ചകൾ
- പരീക്ഷാ വിശകലനങ്ങൾ (ഡയറ്റ്)
- അക്കാദമിക മോണിറ്ററിംഗ് (ഡയറ്റ്)
- വിദ്യാലയത്തിന്റെ സാഹചര്യമനുസരിച്ച് പ്രത്യേക പരിപാടികൾ

ഈ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ തൊട്ടടുത്ത വർഷംതന്നെ SSLC വിജയശതമാനം 77 ൽ നിന്ന് 90% വർദ്ധിച്ചു. തുടർന്നുള്ള വർഷങ്ങളിൽ ഉയർന്ന് 2013 –ൽ 96.22 ആയി. ഇത് സംസ്ഥാന തലത്തിൽ കണ്ണൂരിന്റെ സ്ഥാനം മുന്നോട്ട് കൊണ്ടുവന്നു.

- 2021 ൽ കോവിഡ് പശ്ചാതലത്തിൽ ഡയറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ "STEPS' എന്നപേരിൽ തലശ്ശേരി വിദ്യാഭ്യാസ ജില്ലയിൽ നടപ്പിലാക്കിയ പരിപാടി ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ ജില്ല മുഴുവൻ വ്യാപിപ്പിച്ചു. മോഡൽ പരീക്ഷകൾ, അദ്ധ്യാപക പരിശീലന മോണിറ്ററിംഗ് എന്നിവ നടന്നു. SSLC പരീക്ഷയിൽ ജില്ലയ്ക്ക് ഒന്നാംസ്ഥാനം.
- 2022 ൽ 10 –ാം ക്ളാസിലെ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി തയ്യാറാക്കിയ സാമഗ്രികൾ പരിഷ്ക്കരിച്ചു. +1, +2 കുട്ടികൾക്കുകൂടി വിഷയങ്ങളിൽ പുന്തുണാ സാമഗ്രികൾ തയ്യാറാക്കുകയും പരിശീലനം നൽകുകയും ചെയ്തു. SSLC വിജയശതമാനത്തിൽ ഒന്നാം സ്ഥാനം HSS ൽ മൂന്നാം സ്ഥാനം.
- 2023 ൽ പരിപാടിയുടെ SMILE (Special Module for Improvement in Public Exams) എന്ന പേരിൽ തയ്യാറാക്കിയ സാമഗ്രികൾ (SSLC, +1, +2) തലത്തിലെ കുട്ടികളിലെത്തിക്കുകയും പരിശീലനം നൽകുകയും ചെയ്തു. മുകളിൽ സൂചിപ്പിച്ച എല്ലാ പിന്തുണാപ്രവർത്തനങ്ങളും പരിശീലനങ്ങളും സമയബന്ധിതമായി നടപ്പിലാക്കി. തുടർച്ചയായി മൂന്നാംവർഷവും . SSLC ഒന്നാം സ്ഥാനം നിലനിർത്തി. HSS ൽ മൂന്നാംസ്ഥാനം.
- 2024 ൽ SMILE പ്രവർത്തനങ്ങൾ തുടർന്നു. SSLC ക്ക് രണ്ടാം സ്ഥാനവും HSS ന് സംസ്ഥാനത്ത് 5 –ാം സ്ഥാനവും ലഭിച്ചു.

- 2025 ലും SMILE പ്രവർത്തനങ്ങൾ തുടരുന്നു. മികച്ച വിജയം പ്രതീക്ഷിക്കുന്നു. SSLC ൽ A+ കളുടെ എണ്ണവും കൂടിവന്നിട്ടുണ്ട്.
- **<u>അക്കാദമിക പ്രവർത്തനങ്ങൾ കൂടാതെ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മികച്ചതാക്കുന്നതിന് വിവിധ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.</u>**
- ജില്ലാ പഞ്ചായത്ത് ഫണ്ട്, CSR ഫണ്ട് എന്നിവ കണ്ടെത്തി ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള വിദ്യാലയങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കെട്ടിടങ്ങളും സ്മാർട്ട് ക്ളാസ് മുറികളും നിർമ്മിച്ചു.
- ചുറ്റുമതിൽ, അസംബ്ളിഹാൾ, കിച്ചൺ, കളിസ്ഥലം എന്നിവ നിർമ്മിച്ചു.
- HS, HSS കളിൽ ലാബ് ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ നൽകി.
- ക്ളാസ് റും, ഓഫീസ് റും ഫർണിച്ചറുകൾ, ശുദ്ധമായ കുടിവെള്ള സൗകര്യം, ഇൻസിനേറ്ററുകൾ തുടങ്ങിയവ നൽകി.
- മോഡ്യുലാർ ടോയ്‌ലറ്റുകൾ സ്ഥാപിച്ചു.
- കുടുംബശ്രീയുമായി സഹകരിച്ച് സ്കൂഫേകൾ സ്ഥാപിച്ചു
- സോളാർ വൈദ്യുത സിസ്റ്റം സ്ഥാപിച്ചു
- ലാപ്ടോപ്പുകൾ ഉൾപ്പെടെയുടെ ഇലക്ട്രോണിക് ഉപകരണങ്ങൾ നൽകി.
- HSS വിദ്യാലയങ്ങൾ ജലപരിശോധന ലാബുകൾ നൽകി.
- പട്ടികവർഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം
- ഗോത്രവർഗ്ഗ കുട്ടികളെ സ്കൂളിലെത്തിക്കുന്ന ഗോത്രസുരക്ഷാ പദ്ധതി
- പെൺകുട്ടികൾക്ക് സെൽഫ് ഡിഫൻസിംഗ് പരിപാടി
- വിദ്യാലയങ്ങൾക്ക് കളിയുപകരണങ്ങൾ നൽകി.

## 169

# സുസ്ഥിര കാർഷിക വികസനത്തിനായുള്ള സംയോജിത ഇടപെടൽ മാതൃക

അടിമാലി ഗ്രാമപഞ്ചായത്ത്

നെൽക്കൃഷി – കട്ടമുടി കുഞ്ചിപ്പെട്ടിക്കുടി പാടശേഖരം

അടിമാലി ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ ഉൾപ്പെട്ട പൂർണ്ണമായും ആദിവാസി വിഭാഗങ്ങൾ മാത്രം ഉൾക്കൊള്ളുന്ന പ്രദേശമാണ് കട്ടമുടി കുഞ്ചിപെട്ടി. മുതുവാൻ വിഭാഗത്തിൽപ്പെട്ട ആളുകളാണ് ഇവിടെയുള്ളത്. വനത്താൽ ചുറ്റപ്പെട്ട ഇവിടം ഏകദേശം 20 ഏക്കറിൽ കൂടുതൽ വ്യാപിച്ചുകിടക്കുന്ന പാടശേഖരമാണുള്ളത്. വർഷങ്ങളായി തരിശിട്ട് കിടന്ന ഈ പാടശേഖരത്തിൽ 4 വർഷങ്ങൾക്കു മുമ്പ് UNDP പദ്ധതിയിലൂടെ വീണ്ടും കൃഷി ആരംഭിച്ചു. ആ പദ്ധതി അവസാനിച്ചെങ്കിലും കേരള സർക്കാരിൻറെ ഹരിത കേരളം മിഷൻ കുടിയിലെ നെൽകൃഷി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ഇടപെടലുകൾ ആരംഭിച്ചു. ഇതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് നടന്നുകൊണ്ടിരിക്കുന്നത്. പാടശേഖരത്തിന് യന്ത്രസാമഗ്രികൾ ഒന്നുമില്ലാത്തതുകൊണ്ട് തന്നെ പൂർണമായും മനുഷ്യാധ്വാനത്തിലാണ് നെൽകൃഷി ചെയ്യുന്നത്. അതുകൊണ്ടുതന്നെ കാർഷിക ചെലവ് വളരെ കൂടുതലായിരുന്നു. നൂതന ശാസ്ത്രീയ രീതികൾ ഒന്നും തന്നെ പിന്തുടരാത്തത് കൊണ്ട് വലിയതോതിലുള്ള വിളവും ഉണ്ടായിരുന്നില്ല. ഹരിത കേരളം മിഷൻ, കാർഷിക വികസന കാർഷിക ക്ഷേമ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ്, വനം വന്യജീവി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ മിഷൻ, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കൃഷി വിജ്ഞാൻ കേന്ദ്ര, സലിം അലി ഫൗണ്ടേഷൻ, എൻ ജി ഒ യൂണിയൻ തുടങ്ങിയ വിവിധ വകുപ്പുകളെയും സന്നദ്ധ സംഘടനകളെയും സംവിധാനങ്ങളെയും സംയോജിപ്പിച്ചുകൊണ്ടുള്ള ഇടപെടലുകളാണ് നടത്തിയത്.

കർഷകരെ സംഘടിപ്പിച്ചുകൊണ്ട് പാടശേഖരസമിതി, ജൈവകൃഷിക്കൂട്ടം തുടങ്ങിയവ രൂപീകരിച്ച രജിസ്ട്രേഷൻ പൂർത്തീകരിച്ചു. ഇതിലൂടെ കർഷകരുടെ പൂർണ്ണ പങ്കാളിത്തത്തോടെയുള്ള വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. കാർഷിക ക്ഷേമ കാർഷിക വികസന വകുപ്പ്, സലിം അലിഫൗണ്ടേഷൻ മുഖാന്തിരം വിവിധ പരിശീലനങ്ങളും സാമ്പത്തിക സഹായങ്ങളും ഉറപ്പാക്കി.നെൽകൃഷിയോടൊപ്പം തന്നെ പച്ചക്കറിയും, പാടശേഖരത്തിലെ കുളങ്ങളിൽ മീൻ കൃഷിയും പ്രോത്സാഹിപ്പിച്ചുകൊണ്ട് ഒരു സംയോജിത മാതൃക സൃഷ്ടിച്ചു ബ്ലോക്ക് പഞ്ചായത്തിന്റെ വാട്ടർഷെഡ് പ്രോജക്ടിൽ ഉൾപ്പെടുത്തി പാടശേഖരത്തിലൂടെ ഒഴുകുന്ന തോടുകളുടെ സംരക്ഷണഭിത്തി നിർമ്മിക്കുന്ന പദ്ധതി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

പാടശേഖരത്തിലെ ജല ദൗർലഭ്യം പരിഹരിക്കുന്നതിനായി പ്രധാന ജലസ്രോതസ്സിൽ ബ്രഷ് വുഡ് ചെക്ക് ഡാം തൊഴിലുറപ്പ് പദ്ധതി മുഖാന്തരം നിർമിച്ചു. പ്രസ്തുത സ്ഥലത്ത് കോൺക്രീറ്റ് വിസിബി നിർമ്മിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പ് പ്രത്യേക എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.പാടശേഖരം ചെറുകിട യന്ത്രവൽകൃതമാക്കുന്നതിന്റെ ഭാഗമായി പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ് മുഖാന്തിരം 7 ലക്ഷം രൂപയുടെ വിവിധ ചെറുകിട കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുന്ന പദ്ധതി അവസാനഘട്ടത്തിലാണ്. ഉൽപാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് നൂതന ശാസ്ത്രീയ കാർഷിക രീതികൾ പരിശീലിപ്പിക്കുന്നതിന്റെ ഭാഗമായി പരിശീലനങ്ങളും സാങ്കേതിക സഹായങ്ങളും കൃഷി വിജ്ഞാൻ കേന്ദ്ര മുഖാന്തരം നടപ്പിലാക്കി വരുന്നു പാടശേഖരത്തിൽ ഇളഞ്ഞ നെല്ല് കുഞ്ചിപ്പെട്ടി അരി എന്ന പേരിൽ ബ്രാൻഡ് ചെയ്ത് പുറത്തിറക്കി. ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ ആർ കേളു ബ്രാൻഡ് പ്രകാശനം ചെയ്തു. എന്നെ അരിയുടെ വിപണനം സജീവമാക്കുന്ന പ്രവർത്തനങ്ങൾ കാർഷിക ക്ഷേമ കാർഷിക വികസന വകുപ്പും, പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പും സംയോജിതമായി മുന്നോട്ടു കൊണ്ടു പോവുകയാണ്.വേ റ്റ വില്ലേജ് എന്ന സ്റ്റാർട്ടപ്പുമായി ചേർന്നുകൊണ്ട് പ്രദേശത്ത് ഫാം ടൂറിസം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചർച്ചകൾ ആരംഭിച്ചുകഴിഞ്ഞു. കഴിഞ്ഞവർഷം 5 ഏക്കറിൽ താഴെ കൃഷി ചെയ്തിരുന്ന ഇടത്തുനിന്നും ഈ വർഷം 14.4 ഏക്കറിലേക്ക് നെൽകൃഷി വർദ്ധിപ്പിച്ചു. 17 വ്യക്തിഗത കർഷകരും 3 കുടുംബശ്രീ യൂണിറ്റുകളും ഉൾപ്പെടെ 20 കർഷകരാണ് ഇപ്രാവശ്യം നെൽകൃഷി ചെയ്യുന്നത്. കഴിഞ്ഞവർഷം 5 കർഷകർ മാത്രം കൃഷി ചെയ്തിരുന്നിടത്ത് നിന്നാണ് ഈ വലിയ മാറ്റം സാധ്യമാക്കിയത്. ഇനിയും പാടശേഖരത്തിലെ തരിശിട്ടു കിടക്കുന്ന മറ്റു ഭാഗങ്ങൾ കൂടി കൃഷിയോഗ്യമാക്കുന്നതിനുള്ള ആലോചനയിലാണ് കുടിയിലെ നിവാസികൾ. ഇതിനായി തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വരികയാണ്.

## 170

# കാലാവസ്ഥ വ്യതിയാനം, ദുരന്ത നിവാരണം, ജൈവവൈവിധ്യ സംരക്ഷണം

കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത്

കാലാവസ്ഥാ വ്യതിയാനം പ്രാദേശികമായി പോലും സംഭവിച്ചുകൊണ്ടിരിക്കുകയാണല്ലോ? പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, കാലാവസ്ഥാ വ്യതിയാനം, ദുരന്ത നിവാരണം എന്നിവ പരസ്പര പൂരകമാണല്ലോ? ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതോടൊപ്പം, ദുരന്തങ്ങൾ വരാനിടയാകുന്ന സാഹചര്യങ്ങൾ ലഘൂകരിക്കുക എന്നതും ഏറെ ഗൗരവത്തോടെ കാണുന്നു. ഇത്തരം സാഹചര്യങ്ങൾ രൂപപ്പെടുത്തണമെങ്കിൽ ജൈവവൈവിധ്യം സംരക്ഷിച്ചേ മതിയാകൂ. ജൈവവൈവിധ്യ സംരക്ഷണം വഴി കാലാവസ്ഥാ വ്യതിയാനം ചെറിയ തോതിലെങ്കിലും പ്രതിരോധിക്കാനും, അതുവഴി പ്രകൃതിക്ഷോഭങ്ങളും ദുരന്തങ്ങളും ലഘൂകരിക്കാൻ സാധിക്കുമെന്ന അനുഭവപാഠം മുൻനിർത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് പ്രവർത്തിച്ചു വരുന്നു.

42.07 ചതുരശ്ര കിലോമീറ്ററാണ് ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി. ഗ്രാമപഞ്ചായത്തിന് സ്വന്തമായി തന്നെ 1 ഏക്കറിലധികം കാവുകൾ ഉണ്ട്. കൂടാതെ 92 ഏക്കറോളം സ്വകാര്യ കാവുകൾ ചെറുതും വലുതുമായുണ്ട്. ഈ അനുഗ്രഹം പ്രദേശത്തിന്റെ കാലാവസ്ഥയിലും ജലലഭ്യതയ്ക്കും അനുഗുണമായി ഭവിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ പ്രളയകാലത്ത് ദുരന്തങ്ങൾ ലഘൂകരിക്കാനും, വരൾച്ച പ്രതിരോധിക്കാനും ചെറിയതോതിലെങ്കിലും സാധിക്കുന്നുണ്ട്. ഈ രംഗത്തെ ഏതാനും പദ്ധതികളും പ്രവർത്തനങ്ങളും ചുവടെ ചേർക്കുന്നു.

- ഇനി ഞാനൊഴുകട്ടെ - ജലാശയങ്ങളും, തോടുകളും ശുചീകരണം
- ചെങ്കൽ പണകളിൽ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ
- പാതയോരം മനോഹരം
- മണ്ണ് കയ്യാല നിർമ്മാണം.
- തോടുകൾ നവീകരിച്ച് കയർ ഭൂവസ്ത്രം വിരിക്കൽ
- കാവുകൾക്കും പൊതുകുളങ്ങൾക്കും ജൈവവേലി നിർമ്മാണം.
- ഔഷധത്തോട്ട നിർമ്മാണം.
- കാലാവസ്ഥ വ്യതിയാനം - പഠനം
- കാലാവസ്ഥയ്ക്കനുസൃതമായി കൃഷി ചെയ്യൽ
- കുട്ടികളുടെ ജൈവവൈവിധ്യ പഠന കോൺഗ്രസ്സ് (പഞ്ചായത്ത്തലം)
- ചെറുധാന്യ കൃഷി - 'ചെറുതല്ല ചെറുധാന്യം'
- വിദ്യാലയങ്ങളിൽ ശലഭോദ്യാനം
- ദുരന്തനിവാരണസേന പരിശീലനം
- വാർഡുകളിൽ ദുരന്തനിവാരണസേന
- റിഹാബിലിറ്റേഷൻ സെന്റർ
- കുട്ടികൾക്ക് നീന്തൽ പരിശീലനം
- തരിശ് രഹിത കൃഷിയിടങ്ങൾ
- ജൈവപച്ചക്കറി കൃഷി പ്രോത്സാഹനം

മേൽ പ്രവർത്തനങ്ങളെയെല്ലാം കണക്കിലെടുത്ത് 2021 – 2022 വർഷത്തെ ജൈവവൈവിധ്യ പരിപാലന സമിതിക്കുള്ള സംസ്ഥാന പുരസ്കാരം (ഒന്നാം സ്ഥാനം) കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്തിന് ലഭിക്കുകയുണ്ടായി.

## 171

# ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിലെ മികച്ച ജല, ഊർജ്ജ സംരക്ഷണമാതൃക

മരിയൻ കോളേജ്, കുട്ടിക്കാനം

ജലസംരക്ഷണ പ്രവർത്തനങ്ങൾ

രണ്ട് ലക്ഷം ചതുരശ്ര അടി സംഭരണ സംവിധാനം.

മഴവെള്ളം അല്ലാതെ മറ്റൊരു മാർഗവും കോളേജിന്റെ ദൈനംദിന പ്രവർത്തനത്തിനും കുടിവെള്ളത്തിനും ലഭ്യമല്ലാത്തതിനാൽ പൂർണ്ണമായും മഴവെള്ള സംരക്ഷണത്തെ ആശ്രയിക്കേണ്ട സാഹചര്യം കോളേജിനെ സംബന്ധിച്ച് അനുചിതമാണ്.

ഈ സാഹചര്യത്തിലാണ് കോളേജിലെ രണ്ടുലക്ഷം ചതുരശ്രേണി കെട്ടിടത്തിലെ പൂർണ്ണമായും ലഭിക്കുന്ന മഴവെള്ളത്തെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി വലിയ ചെക്ക് ഡാം നിർമ്മിച്ചു.

പൂർണ്ണമായും വിവിധതരത്തിലുള്ള ഫിൽട്രേഷൻ സംവിധാനത്തിലൂടെ കുടിവെള്ളമായും മറ്റ് ആവശ്യമായും ഇവയെ റീസൈക്കിൾ ചെയ്ത് ഉപയോഗിക്കുന്നു.

50 ലക്ഷം ലിറ്റർ വെള്ളം സംഭരിക്കാൻ ശേഷിയുള്ള ചെക്ക് ഡാം പ്രാരംഭഘട്ടത്തിൽ നിർമ്മിച്ചുവെങ്കിലും ഇന്ന് അവയുടെ സംഭരണശേഷി വർദ്ധിപ്പിച്ച് 90 ലക്ഷം ലിറ്റർ ജലം സംരക്ഷിക്കുന്ന രീതിയിൽ പരിപാലിച്ചുവരുന്നു.

കൂടാതെ ഉപയോഗശേഷം അവശേഷിക്കുന്ന ജലത്തെ എസ്ഡിപി സംവിധാനത്തിലൂടെ റീസൈക്കിൾ ചെയ്തു ചെടികൾക്കും പച്ചക്കറികൾക്കും ഉപയോഗിച്ച് പൂർണമായും സംരക്ഷിച്ച ഉപയോഗിച്ചുവരുന്നു.

100% മഴവെള്ളത്തെ മാത്രം ആശ്രയിച്ച് പ്രവർത്തിക്കുന്ന ക്യാമ്പസ് ആയതിനാൽ 2000 കുട്ടികളുടെയും 300 ഓളം അധ്യാപകരുടെയും ദൈനംദിന ആവശ്യം നിറവേറ്റപ്പെടുന്നു.

500 മെഗാവാട്ട് സോളാർ പ്ലാൻറ്.

കോളേജിലെ 40% വൈദ്യുതി പൂർണ്ണമായും സൗരോർജ്ജത്തിൽ നിന്ന് ഉപയോഗിച്ചുവരുന്നു.

പ്രതിദിനം 500 മെഗാ വാട്ട് വൈദ്യുതി ഇത്തരത്തിൽ ഉത്പാദിപ്പിച്ച് കോളേജിലെ ദൈനംദിന പ്രവർത്തനങ്ങളും ഹോസ്റ്റൽ അനുബന്ധ സൗകര്യങ്ങളും ഇവയിൽ പ്രവർത്തിപ്പിക്കുന്നു. കൂടാതെ സ്റ്റീം കുക്കിംഗ് സംവിധാനത്തിലൂടെ യും സോളാർ കുക്കിംഗ് സംവിധാനത്തിലൂടെയും ഊർജ്ജത്തെ പൂർണമായും സൂക്ഷ്മതയോടെ പരിപാലിച്ച് ഉപയോഗിച്ചുവരുന്നു.

സീറോ കാർബൺ എമിഷൻ.

പൂർണ്ണമായും മലിനീകരണം കുറയ്ക്കുന്നതിന് എല്ലാ മുൻകരുതലും സ്വീകരിച്ചു വരുന്നു. ഒന്നര ഏക്കറിൽ സംരക്ഷിത വനം(പച്ചതുരുത്ത്),butterfly garden, എന്നിവ കാർബൺ ഉത്പാദനം നിയന്ത്രിക്കുന്നു

## 172

# ലിംഗസമത്വത്തിൽ അധിഷ്ഠിതമായ ഭരണവും പരിപാടിയും

കതിരൂർ ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ലയിലെ പാനൂർ ബ്ലോക്കിലെ കതിരൂർ എന്ന ചെറിയ ഗ്രാമം ശക്തമായ ആസൂത്രണ പ്രക്രിയയിലൂടെ കേരളത്തിന്റെ പുരോഗതിയുടെ ഉദാഹരണങ്ങളിലൊന്നാണ്. വാക്കുകളിലൂടെയല്ല, പ്രവൃത്തിയിലൂടെയാണ് നാം ലിംഗസമത്വം അടയാളപ്പെടുത്തിയത്. സ്ത്രീകൾ നേരിടുന്ന അതുല്യമായ പ്രശ്നങ്ങളും അവരുടെ സാമൂഹിക ജീവിത പ്രതിസന്ധികളും വികസന പ്രക്രിയകളിൽ അവരുടെ പങ്കാളിത്തം സ്ഥിരീകരിക്കുന്നതിനൊപ്പം മുന്നിൽ കൊണ്ടുവരേണ്ടതുണ്ട്. സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമായി പഞ്ചായത്ത് സ്ത്രീകളുടെ പ്രത്യേക ഗ്രാമസഭയിൽ സജീവമായി പങ്കെടുക്കുന്നു. കതിരൂർ ഗ്രാമപഞ്ചായത്തിലെ സീഷ്ണ എന്ന പെൺകുട്ടിയെ വളർത്തുന്നതിനും പ്രതിസന്ധികളിൽ വലയുന്ന സ്ത്രീ സമൂഹത്തിന് അതിജീവനത്തിന്റെ മാതൃക സൃഷ്ടിക്കുന്നതിനും പഞ്ചായത്ത് ഇടപെട്ടു. പഞ്ചായത്തിന്റെ പെൺകതിർ പദ്ധതിയുടെ ബ്രാൻഡ് അംബാസഡറായി സീഷ്ണയെ നിയമിച്ചു. സ്ത്രീകൾ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളിൽ ഒന്ന് വിളർച്ചയാണ്. വിശദമായ ഗവേഷണത്തിന് ശേഷം ലോകമെമ്പാടുമുള്ള വിവിധ ആരോഗ്യ സംഘടനകൾ ഇത് ഗുരുതരമായ ഒരു പ്രശ്നമായി പ്രഖ്യാപിച്ചിട്ടുണ്ട്. നിരവധി ചർച്ചകൾക്ക് ശേഷം, സ്ത്രീകൾക്കിടയിൽ സാധാരണയായി കാണപ്പെടുന്ന വിളർച്ചയും അനുബന്ധ രോഗങ്ങളും മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് "വിംഗ്സ" (സ്ത്രീകളുടെ സമഗ്രവും യഥാർത്ഥവുമായ വിളർച്ച വിരുദ്ധ സംവിധാനം) എന്ന പരിപാടി ആരംഭിക്കാൻ തീരുമാനിച്ചു. മാലിന്യ നിർമാർജനത്തിന്റെ ഭാഗമായി 23 ഹരിതകർമസേന വളണ്ടിയർമാരാണ് പഞ്ചായത്തിലെ എല്ലാ വീടുകളിൽ നിന്നും കടകളിൽ നിന്നും വൃത്തിയാക്കിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നത്. 2021–22 സാമ്പത്തിക വർഷത്തേക്ക് അവർ 27,33,972 രൂപ ഉപയോക്തൃ ഫീസ് ഈടാക്കി. കതിരൂർ ഗ്രാമപഞ്ചായത്തിൽ ഒരു ജെൻഡർ റിസോഴ്സ് സെന്റർ ഉണ്ട്. ജെൻഡർ വികസനവും സ്ത്രീ ശാക്തീകരണവും ഏകോപിപ്പിക്കുന്നതിന് കുടുംബശ്രീ ഒരു ജെൻഡർ കൗൺസിലറെ നിയമിച്ചു. ആവശ്യക്കാർക്കും ജാഗ്രതാ സമിതിക്കും ജെൻഡർ കൗൺസിലിംഗ് പിന്തുണ നൽകുന്നു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെയുള്ള വിജിലൻസ് കമ്മിറ്റികൾ 18 വാർഡുകളിലും ഫലപ്രദമായി പ്രവർത്തിക്കുന്നു. പെൺകതിർ പദ്ധതിയുടെ ഭാഗമായി എല്ലാ വാർഡുകളിലും ഇതിനുള്ള പരാതിപ്പെട്ടി സ്ഥാപിച്ചിട്ടുണ്ട്. പെൺകതിറിന്റെ ഭാഗമായി പ്രായമായ സ്ത്രീകൾക്കായി നടപ്പിലാക്കുന്ന ഒരു പരിപാടിയാണ് അമ്മയോടൊപ്പം പിറന്നാൾ (അമ്മ). 60 വയസ്സിനു മുകളിലുള്ള ഒറ്റയ്ക്ക് താമസിക്കുന്ന എല്ലാ അമ്മമാരുടെയും ജന്മദിനങ്ങൾ പഞ്ചായത്ത് നേതൃത്വം അവരുടെ വീട്ടിൽ കേക്ക് മുറിച്ച് സമ്മാനങ്ങൾ നൽകി ആഘോഷിക്കുന്നു. അമ്മമാരുടെ ജന്മദിനം ആഘോഷിക്കാൻ മറക്കുന്ന കുട്ടികൾക്കുള്ള ഒരു ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ പരിപാടി. കുട്ടികൾക്ക് അമ്മമാരോടൊപ്പം ഒത്തുചേരാൻ ഇത് വഴിയൊരുക്കുന്നു. പെൺകതിർ പദ്ധതിയുടെ ഭാഗമായി സ്ത്രീകൾക്കായി പഞ്ചായത്ത് നടപ്പിലാക്കുന്ന ബ്രേവ് എന്ന സ്വയം സുരക്ഷാ പരിശീലന പരിപാടിയിലൂടെ 424 പെൺകുട്ടികൾ കരാട്ടെ ഉൾപ്പെടെയുള്ള സ്വയം സുരക്ഷാ പരിശീലനം പൂർത്തിയാക്കി. പെൺകതിറിന്റെ ഭാഗമായി സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനായി പഞ്ചായത്ത് വനിതാ ഫിറ്റ്നസ് ക്ലബ് ആരംഭിച്ചു. 2021–22 സാമ്പത്തിക വർഷത്തിൽ, പഞ്ചായത്ത് 485090 രൂപയുടെ ഫിറ്റ്നസ് ഉപകരണങ്ങൾ നൽകി. പഞ്ചായത്ത് ഫിറ്റ്നസ് ക്ലബ് മാനേജ്മെന്റ് കമ്മിറ്റി സ്വമേധയാ ഉള്ള പിന്തുണയോടെ ഒരു ലക്ഷം രൂപയുടെ ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങി. ഇപ്പോൾ ഏകദേശം 200 സ്ത്രീകൾ ഫിറ്റ്നസ് ക്ലബ്ബിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അവർ ദിവസവും വരുന്നു. ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി, രണ്ട് വിധവകളായ സ്ത്രീകൾക്ക് ഗുണഭോക്താക്കൾക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 4 സെന്റ് ഭൂമി വീതം അനുവദിക്കുകയും ലൈഫ് ഭവന പദ്ധതി പ്രകാരം ഓരോരുത്തർക്കും വീട് നൽകുകയും ചെയ്തു. പഞ്ചായത്തിലെ 1194 വിധവകൾക്ക് പ്രതിമാസം 1600 രൂപ വിധവാ പെൻഷൻ കാലതാമസമില്ലാതെ നൽകുന്നു. 50 വയസ്സിനു മുകളിലുള്ള 381 അവിവാഹിതരായ സ്ത്രീകൾക്ക് 1600 രൂപ പ്രതിമാസ പെൻഷൻ നൽകുന്നു. 1512 വൃദ്ധ സ്ത്രീകൾക്ക് 1600 രൂപ വീതമുള്ള വാർദ്ധക്യ പെൻഷൻ നൽകുന്നു. 18 വാർഡുകളുള്ള കതിരൂർ ഗ്രാമപഞ്ചായത്തിലെ 219 അയൽക്കൂട്ടങ്ങളിലായി നിലവിൽ 3146 കുടുംബശ്രീ അംഗങ്ങളുണ്ട്. വായ്പയായി 15 കോടി 90 ലക്ഷം 15 ആയിരം രൂപയും പലിശ സബ്സിഡിയായി 21 ലക്ഷത്തി 85 ആയിരം 510 രൂപയും കുടുംബശ്രീ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 2021–22 കാലയളവിൽ 10 കുടുംബശ്രീ മൈക്രോ സംരംഭകത്വ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു. അവയിലൊന്നായ പൊന്ന്യം ചിപ്സ് യൂണിറ്റിന്റെ ഉൽപ്പന്നം ജില്ലയിലെ കുടുംബശ്രീയുടെ 4 ബ്രാൻഡഡ് ഉൽപ്പന്നങ്ങളിലൊന്നായി ശ്രദ്ധ നേടി. കേരള സർക്കാരിന്റെ വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി കതിരൂർ പഞ്ചായത്തിൽ ജനകീയ ഹോട്ടൽ ആരംഭിച്ചു. 7 കുടുംബങ്ങൾക്ക് ഉപജീവനമാർഗമാണിത്. 2021–22 ൽ, സർക്കാരിന്റെ തൊഴിലവസര സൃഷ്ടി പദ്ധതിയുടെ ഭാഗമായി കതിരൂർ ഗ്രാമപഞ്ചായത്തിൽ 22 വ്യവസായ യൂണിറ്റുകൾ ആരംഭിച്ചു. 68 പേർ പുതിയ ബിസിനസ് സ്ഥാപനങ്ങൾ ആരംഭിച്ചു. 33 സ്ത്രീകൾക്ക് ഇതിലൂടെ തൊഴിൽ ലഭിച്ചു. ഖാദി ബോർഡിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന വനിതാ കൈത്തറി യൂണിറ്റ് 10 കുടുംബങ്ങൾക്ക് സഹായഹസ്തമാണ്. ഏകദേശം 1500 സ്ത്രീകൾ കാർഷിക മേഖലയെ ആശ്രയിച്ചിരിക്കുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 689 സ്ത്രീകൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് ജോലി ചെയ്യുന്നു. 2021–22 കാലയളവിൽ, പദ്ധതിയിലൂടെ 46,870 പുരുഷദിനങ്ങൾ സൃഷ്ടിക്കുകയും 2.9 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കുകയും ചെയ്തു.

173

# ട്രാൻസ്ജന്റർപോളിസിയും തദ്ദേശസ്വയംഭരണവകുപ്പുകളും

ഡോ. രശ്മി ജി.

ഒരു ലിംഗവിഭാഗത്തിൽ ജനിക്കുകയും അപരലിംഗവിഭാഗത്തിന്റെ താല്പര്യങ്ങളും ചേഷ്ടകളും പ്രകടിപ്പിക്കുകയും ചെയ്യുന്ന വ്യക്തികളെയാണ് ട്രാൻസ്ജന്റർ എന്നു പറയുന്നത്. പുരുഷ രൂപത്തിനുള്ളിലെ സ്ത്രൈണത, സ്ത്രീരൂപത്തിനുള്ളിലെ പൗരുഷം എന്നിവയുടെ പ്രകടനപരതകൾ ട്രാൻസ്ജന്ററുകളെ പൊതുസമൂഹത്തിൽ അതിവേഗം ദൃശ്യരാക്കുന്നു. ട്രാൻസ്ജന്ററുകളിൽ ഒരു വിഭാഗം വ്യക്തികൾ ലിംഗ മാറ്റ ശസ്ത്രക്രിയ നടത്തുവാൻ താല്പര്യമുള്ളവരായിരിക്കും.

ട്രാൻസ്ജന്ററുകൾ പൊതുവെ ഇന്ത്യൻ സമൂഹത്തിൽ അറിയപ്പെടുന്നത് 'ഹിജഡ' എന്ന അഭിസംബോധനയിലാണ്. അമേരിക്കയിലെ റെഡ് ഇന്ത്യൻസിനിടയിൽ ബെർഡാഷസ്, ഫിലിപ്പീൻസിൽ ബക്ക്ലസ്, ഓമാനിൽ സതിത്സ്, പാകിസ്ഥാനിൽ മൂരത്ത്, സിനനയ്സ്, ഷെയ്ത്താൻ, തെക്കനേഷ്യയിൽ ജോഗപ്പാസ്, ജോഗ്താസ്, ഹിജറാസ് എന്നിങ്ങനെ വിളിക്കപ്പെടുന്ന ട്രാൻസ്ജന്റേഴ്സിന് ഇന്ത്യൻ സമൂഹത്തിൽ ഗാണ്ടു, ചക്ക, കോജ, അറവാണി, ഒമ്പത്, ചാന്ത്പൊട്ട് എന്നിങ്ങനെയുള്ള വിളിപ്പേരുകളുണ്ട്.

**ട്രാൻസ് വിഭാഗങ്ങൾ**

നിർദ്ദിഷ്ഠ ലിംഗവിഭാഗത്തിൽ ജനിക്കുകയും അപരലിംഗവിഭാഗത്തിലേക്കു പരിവർത്തനം ചെയ്ത് ജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന ട്രാൻസ്ജന്ററുകളുണ്ട്. അതിനായി അവർ ചെയ്യുന്ന ശസ്ത്രക്രിയയാണ് ലിംഗമാറ്റ ശസ്ത്രക്രിയ. ശാരീരികമായി സ്ത്രീയായ വ്യക്തി ലിംഗമാറ്റ ശസ്ത്രക്രിയ നടത്തി പുരുഷനായി മാറുമ്പോൾ ആ വ്യക്തിയെക്കുറിക്കുവാനുപയോഗിക്കുന്ന പദമാണ് ട്രാൻസ്മെൻ (F.T.M/ F2M/ F to M- Female to male) ലിംഗമാറ്റശസ്ത്രക്രിയ നടത്തി പുരുഷൻ സ്ത്രീയായി മാറാറുണ്ട്. അത്തരം വ്യക്തികളെക്കുറിക്കുന്ന പദമാണ് **ട്രാൻസ് വുമൺ**. യഥാർത്ഥ സ്ത്രീ/പുരുഷന്മാരുടെ പ്രത്യുല്പാദന പ്രക്രിയകൾ നിർവ്വഹിക്കുവാൻ ട്രാൻസ്മെൻ/ ട്രാൻസ്വുമണിനു കഴിയുകയില്ല. (M.T.F. / M2F/Male to Female) സ്ത്രീ, പുരുഷൻ എന്നിങ്ങനെ കള്ളികൾ സൃഷ്ടിച്ച് അധികാരകേന്ദ്രിതമായ പദവികൾ സൃഷ്ടിച്ചെടുത്തിരിക്കുന്ന സമൂഹത്തിൽ സ്ത്രീയെന്നോ പുരുഷനെന്നോ ആത്യന്തികമായി തീർപ്പുകല്പിക്കുവാൻ കഴിയാത്ത വിഭാഗങ്ങളെക്കുറിക്കുന്നതാണ് **ഇന്റർസെക്സ്** (Inter Sex) എന്ന പദം. ഇന്റർസെക്സ് എന്നു പറഞ്ഞാൽ ജനിതകപരമായോ ശാരീരികമായോ ലൈംഗികാഭിരുചിയിൽ മാറ്റങ്ങൾ ഉള്ള വ്യക്തികളാണ്. പണ്ടുകാലത്ത് ഹെർമാഫ്രോഡൈറ്റുകൾ എന്നു വിശേഷിപ്പിക്കപ്പെട്ടിരുന്നവരാണ് വർത്തമാനകാലത്ത് ഇന്റർസെക്ഷ്വൽസ് എന്ന് അറിയപ്പെടുന്നത്.

**ട്രാൻസ്ജന്റർ പോളിസിയും കേരള ഗവൺമെന്റും**

കേരളത്തിലാദ്യമായി സർവ്വേയുടെ അടിസ്ഥാനത്തിൽ ട്രാൻസ്ജന്റർ പോളിസി 2015 ൽ രൂപീകരിക്കപ്പെട്ടു. ചരിത്രത്തിലാദ്യമായിട്ടാണ് ട്രാൻസ്ജന്റർ പോളിസി ഒരു ഇന്ത്യൻ സംസ്ഥാനത്തു രൂപീകരിക്കപ്പെടുന്നത്. ട്രാൻസ്ജന്ററുകളെ പൊതുവേ അംഗീകരിച്ച തമിഴ്നാടു പോലെയുള്ള സംസ്ഥാനങ്ങൾക്കുപോലും ഇത്തരത്തിൽ ഒരു പോളിസി രൂപീകരിക്കുവാൻ കഴിഞ്ഞില്ല.

കേരളത്തിൽ ട്രാൻസ്ജന്റർ പോളിസിയുടെ രൂപീകരണാർത്ഥം ആദ്യം തീരുമാനിക്കപ്പെട്ടത് ട്രാൻസ്ജന്ററുകളുടെ കണക്ക് ലഭ്യമാകുന്നതിനുള്ള സർവ്വേ നടത്തുകയെന്നതായിരുന്നു. ഇത്തരമൊരു സർവ്വേയുടെ നേതൃത്വം വഹിച്ചത് സംഗമയും സെക്ഷ്വൽ മൈനോറിറ്റി ഫോറം ഓഫ് കേരളയുമാണ്. സർവ്വേയുടെ ആത്യന്തിക വിശകലനത്തിൽ കേരളത്തിൽ ഇരുപത്തയ്യായിരത്തോളം ട്രാൻസ്ജന്ററുകൾ ഉണ്ടെന്നാണ് തെളിഞ്ഞത്. ഇതിനെത്തുടർന്നാണ് സാമൂഹ്യനീതിവകുപ്പ് ട്രാൻസ്ജന്റർ പോളിസി രൂപകല്പന ചെയ്യുന്നത്. ട്രാൻസ്ജന്റർ സർവ്വേയിലൂടെ സഞ്ചരിക്കുമ്പോൾ വ്യക്തമാകുന്ന കാര്യം 58% ട്രാൻസ്ജന്റർ വിദ്യാർത്ഥികളും പത്താംക്ലാസിനുമുമ്പ് വിദ്യാഭ്യാസം ഉപേക്ഷിക്കുവാൻ നിർബ്ബന്ധിതരായിരുന്നു. ശാരീരിക മാനസിക പീഡനങ്ങൾ, ലിംഗപദവിയെ സംബന്ധിച്ച സങ്കടകരമായ അനുഭവങ്ങൾ എന്നിവയാണ് അതിനുള്ള കാരണങ്ങൾ. 54% പേരുടെ മാസവരുമാനം അയ്യായിരത്തിൽ താഴെ ആയിരിക്കുമ്പോൾ തന്നെ അതിൽ 11.6% ത്തിനു മാത്രമേ സ്ഥിരജോലിയുള്ളു. 52% ട്രാൻസ്ജന്ററുകൾ പൊലീസ് പീഡനങ്ങൾ അനുഭവിച്ചുവെങ്കിൽ 70% പേർ പൊലീസിനെ അഭിമുഖീകരിക്കാൻ ഭയപ്പെടുന്നു. 89% പേർക്ക് ജോലിസ്ഥലങ്ങളിൽ മോശം അനുഭവങ്ങൾ നേരിടേണ്ടിവരുന്നു. 28% പേർ പങ്കാളികളാൽ പീഡിപ്പിക്കപ്പെടുകയോ ബലാൽസംഗം ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ട്. 96% പേരും തങ്ങൾക്കുണ്ടാകുന്ന അതിക്രമങ്ങളെക്കുറിച്ച് പൊലീസിൽ പരാതിപ്പെടുവാൻ തയ്യാറല്ല. 76% പേർ ലിംഗപദവി സ്ഥാപിക്കുവാൻ കഴിയാതെ നില്ക്കുമ്പോൾ 78% പേർ വിവേചനങ്ങൾ ഭയന്ന് ലിംഗപദവി വെളിപ്പെടുത്തുവാൻ തയ്യാറാകുന്നില്ല. 51% പേർ തങ്ങളുടെ ഐഡന്റിറ്റി കുടുംബങ്ങളിൽ നിന്നുപോലും മറച്ചുപിടിക്കുന്നു.

**ട്രാൻസ്ജന്റർ പോളിസി മുമ്പോട്ടുവയ്ക്കുന്ന ലക്ഷ്യങ്ങൾ**

സ്ത്രീ, പുരുഷൻ, ട്രാൻസ്ജന്റർ എന്നിവർക്ക് തുല്യ അവകാശങ്ങളും അവസരങ്ങളും വിഭവങ്ങളും പ്രയോജനങ്ങളും ലഭ്യമാക്കുന്ന നീതിയുക്തമായ ആദർശാത്മകമായൊരു ലോകത്തെ ട്രാൻസ്ജന്റർ പോളിസി ലക്ഷ്യമിടുന്നു. എല്ലാ പൗരന്മാരെയുംപോലെയും സ്വാതന്ത്ര്യത്തോടെ ജീവിക്കുവാനുള്ള അവകാശം. അക്രമങ്ങളിൽനിന്നും വിമുക്തമായ ഒരു ജീവിതം ആസ്വദിക്കാനുള്ള സ്വാതന്ത്ര്യം, തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം, വികസനത്തെ സംബന്ധിച്ചുള്ള തീരുമാനങ്ങളിൽ തങ്ങളുടെ സാന്നിദ്ധ്യവും പ്രാതിനിധ്യവും ഉണ്ടാകണമെന്ന് ട്രാൻസ്ജന്റർ പോളിസി ലക്ഷ്യമിടുന്നു. 2015 ജൂലൈ 20 ന് കേരളനിയമസഭ യിൽ സാമൂഹ്യക്ഷേമവകുപ്പു മന്ത്രി ഡോ. എം കെ മുനീർ ഭിന്നലിംഗത്തിൽപ്പെട്ടവരുടെ സർക്കാർ രേഖകളിൽ എം എക്സ് എന്നു രേഖപ്പെടുത്തുമെന്നു പ്രഖ്യാപിച്ചു. സമൂഹത്തിന്റെ അധിക്ഷേപങ്ങൾ നേരിടുന്ന ഭിന്നലിംഗ ത്തിൽപ്പെട്ടവരുടെ സംരക്ഷണത്തിനായി ഭിന്നലിംഗനയവും അതിന്റെ നടത്തിപ്പിനായി ബോർഡും രൂപീകരിക്കു മെന്ന് മുനീർ പറഞ്ഞു.

ട്രാൻസ്ജന്റർ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ, വിദ്യാഭ്യാസം, അംഗീകാരം, സുരക്ഷ എന്നിവ ഉറപ്പുവരു ത്തുന്നതിനുവേണ്ടിയാണ് കേരള സർക്കാർ ട്രാൻസ്ജന്റർ നയം നടപ്പിലാക്കുന്നത്. പോളിസിയിലെ പ്രധാന നിർദ്ദേ ശങ്ങൾ ഇപ്രകാരമാണ് ജില്ലകളിൽ കലക്ടർ അദ്ധ്യക്ഷനായി ട്രാൻസ്ജന്റർ ജസ്റ്റിസ് കമ്മിറ്റിയും സംസ്ഥാനതല ത്തിൽ സാമൂഹികനീതി മന്ത്രി അദ്ധ്യക്ഷനായി ട്രാൻസ്ജന്റർ ജസ്റ്റിസ് ബോർഡും സ്ഥാപിക്കുക, സർക്കാർ പൊതു മേഖലാ സ്ഥാപനങ്ങളിൽ തുല്യപരിഗണന. ഇത് ഉറപ്പാക്കേണ്ടത് ട്രാൻസ്ജന്റർ ജസ്റ്റിസ് ബോർഡ്, വിദ്യാഭ്യാസം, പൊതുഗതാഗതം, ആരോഗ്യം ഉൾപ്പെടെയുള്ള മേഖലകളിൽ പ്രതിബന്ധമില്ലാതെ പ്രവേശനം, എല്ലാ അപേക്ഷാ ഫോമുകളിലും 'അദേർസ്' എന്നു രേഖപ്പെടുത്താൻ കോളം, ലിംഗപരമായ പെരുമാറ്റം കൊണ്ടോ വസ്ത്രധാ രണം കൊണ്ടോ അപമാനിക്കപ്പെടുന്നതു തടയാൻ നടപടി, കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കാൻ അവ സരം, വിവേചനമോ അക്രമമോ നേരിട്ടാൽ സൗജന്യ നിയമസഹായം, ഭിന്നലിംഗക്കാരായ മക്കളെ ഉപേക്ഷിക്കുന്ന മാതാപിതാക്കൾക്കെതിരെ നടപടി, ലൈംഗിക ദുരുപയോഗം, ഗാർഹിക പീഡനം എന്നിവയ്ക്കെതിരായ നിയമ ങ്ങളിൽ പ്രത്യേക പരിഗണന, ഇവരുടെ മനുഷ്യാവകാശം ലംഘിക്കുന്ന പൊലീസുകാർക്കെതിരെ കർശന നടപ ടി, പ്രത്യേക ശുചിമുറി സൗകര്യം, വരുമാനമാർഗ്ഗം കണ്ടെത്താൻ സ്വയംതൊഴിൽ ധനസഹായം, ആരോഗ്യ ഇൻഷു റൻസ്, വീടുവയ്ക്കാൻ ധനസഹായം, അഗതികൾക്ക് പെൻഷൻ പദ്ധതി, പൊതുവിതരണ സംവിധാനത്തിന്റെ ഭാഗമാക്കി ബി പി എൽ റേഷൻ കാർഡ്, വിവേചനം അവസാനിപ്പിക്കാൻ ശക്തമായ ബോധവല്ക്കരണം. ട്രാൻസ്ജന്റർ സമൂഹത്തിന്റെ സമഗ്രവികസനത്തിന് ഉപയുക്തമാകുന്നവിധത്തിലാണ് ട്രാൻസ്ജന്റർ പോളിസി ഇത്തരത്തിൽ രൂപകല്പന ചെയ്തത്.

ട്രാൻസ്ജന്റർ പോളിസി കേരളത്തിൽ നടപ്പിലായതിനെ തുടർന്ന് ട്രാൻസ് വിഭാഗങ്ങളുടെ ആരോഗ്യ - തൊഴിൽ സുരക്ഷ - സാമ്പത്തിക മേഖലകളിൽ ഗണ്യമായ വ്യതിയാനങ്ങളുണ്ടായി. ട്രാൻസ്ജന്റർ പോളിസി രൂപീകരിക്കപ്പെട്ടപ്പോൾതന്നെ ട്രാൻസ് വിഭാഗങ്ങളുടെ ആത്മവിശ്വാസമില്ലായ്മ ഒരു പരിധിവരെ ദൂരീകരിക്കപ്പെട്ടു. തങ്ങൾക്കും പൊതുസമൂഹത്തിൽ അർഹമായ നിലകൾ കൈവരുമെന്ന വിശ്വാസം അതുവഴി അവരിൽ സൃഷ്ടി ക്കപ്പെട്ടു. ട്രാൻസ്ജന്റർ പോളിസി വന്നതിന്റെ പ്രകടിതമായ മാറ്റങ്ങളുടെ തുടർച്ചകളിലൊന്നാണ് സാക്ഷരതാ മിഷൻ നടത്തുന്ന സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി, സാമൂഹ്യനീതി വകുപ്പിന്റെ അനന്യം പദ്ധതി, കൊച്ചി മെട്രോയിൽ ട്രാൻസുകൾക്ക് തൊഴിൽ അവസരം തുടങ്ങിവ ഉദാഹരണങ്ങൾ.

174

# ലിംഗനീതിയും സ്ത്രീശാക്തീകരണവും

താനാളൂർ ഗ്രാമപഞ്ചായത്ത്

ഒരു സ്ത്രീക്ക് ശക്തിയും സമത്വവും കൈവരിച്ചാൽ മാത്രമേ മുഴുവൻ സമൂഹത്തിന്റെയും പുരോഗതിക്ക് ചിറക് ലഭിക്കു. സ്ത്രീകളുടെ പങ്കാളിത്തത്തോടെയുള്ള വികസന പ്രവർത്തനങ്ങൾക്കേ സമൂഹത്തെ മുന്നോട്ട് നയിക്കാനാവു. ജെൻഡർ നയ രേഖയുടെ അടിസ്ഥാനത്തിൽ സ്ത്രീ ശാക്തീകരണത്തിനായി നിരവധി പുതുമയാർന്ന പദ്ധതികൾ നടപ്പിലാക്കി, ഓരോ വനിതക്കും കൂടുതൽ ആത്മവിശ്വാസവും സാമ്പത്തിക സ്വാതന്ത്ര്യവും സാമൂഹ്യ സുരക്ഷിതത്വവും നൽകുന്ന പദ്ധതികൾ വിഭാവനം ചെയ്ത് സമൂഹത്തിനാകെ മാതൃകയായി മാറുകയാണ് താനാളൂർ ഗ്രാമ പഞ്ചായത്ത്.

പഞ്ചായത്തിന്റെ ജെൻഡർ സൗഹൃദമാകാനുള്ള പ്രവർത്തനങ്ങൾ സമഗ്രമായ മേഖലകളിൽ ആയി പടർന്നു കിടക്കുകയാണ്. കഴിഞ്ഞ മൂന്ന് വർഷമായി പെൺകുട്ടികൾക്ക് തായ്ക്വണ്ടോ, കളരി, കരാട്ടെ, ഫുട്ബോൾ വോളിബാൾ, ബാഡ്മിന്റൺ തുടങ്ങിയ പരിശീലനങ്ങൾ നൽകി വരുന്നു. ഇത് ചെറിയ പ്രായത്തിൽ തന്നെ പെൺകുട്ടികൾക് ആത്മ ധൈര്യവും ആരോഗ്യവും സുരക്ഷിതത്വവും നൽകുന്നു. അംഗൻവാടികളിൽ ആരംഭിച്ച സൈക്ലിംഗ് പരിശീലനം പിന്നീട് സ്കൂളുകളിലെ സൈക്ലിംഗ് ക്ലബ്ബ് രൂപീകരണത്തിലേക് പരിവർത്തിപ്പിച്ചു മുന്നേറി. ഇതോടൊപ്പം തന്നെ കുടുംബശ്രീ വഴി ഇരുന്നൂറോളം സ്ത്രീകൾക് ഇരുചക്രവാഹനപരിശീലനം നൽകി. പഞ്ചായത്തിന് കീഴിൽ ഉള്ള മുഴുവൻ LP സ്കൂളിലെയും കുട്ടികളെയും ഉൾപ്പെടുത്തി നടത്തുന്ന “ഓടിയും ചാടിയും” എന്ന കായിക പരിശീലനം കുട്ടികളുടെ ആരോഗ്യ ശീലങ്ങളും മാനസിക ആരോഗ്യവും മെച്ചപ്പെടുത്താനുള്ള ഒരു വലിയ മുന്നേറ്റമാണ്.

തൊഴിൽ മേള, തൊഴിൽ പരിശീലനങ്ങൾ, തൊഴിൽ സംരംസംരംഭങ്ങൾ എന്നിവ നിരവധി സ്ത്രീകളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സഹായിച്ചു. ഹോട്ടൽ നടത്തിപ്പ് ഗൃഹലക്ഷ്മി സംരംഭങ്ങൾ, തയ്യൽ കേന്ദ്രങ്ങൾ , വ്യാപാര സ്ഥാപങ്ങൾ ഇങ്ങനെ പല മേഖലകളിലും സ്ത്രീകളുടെ നേതൃത്വത്തിൽ സംരംഭങ്ങൾ നടത്തി മുന്നേറുന്നു. ഹരിതകർമ്മ സേനാംഗങ്ങൾ, ആഷ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങി സ്വയം സാമ്പത്തികശേഷിയുള്ള സ്ത്രീകളുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുന്നു. ഇങ്ങനെ സ്ത്രീകൾക്ക് സമൂഹത്തിൽ സ്വാശ്രയത്വത്തോടെ ജീവിക്കാനുള്ള ഇടമൊരുക്കി.

വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും തൊഴിൽ സാധ്യതകളിലും മാത്രമല്ല സർഗ്ഗത്മാഗത കൂടി ഉയർത്താനുള്ള ശ്രമങ്ങൾ പല പദ്ധതികളായി പഞ്ചായത്ത് നടപ്പാക്കി വരുന്നു. ഇതിനായി പത്ര നിർമ്മാണം, പെയിന്റിംഗ് പരിശീലനം, 'ഷീ ആർട്ട് ഗാലറി'യുടെ രൂപീകരണം, സംഗീതോപകരണ പരിശീലനം, സ്ത്രീകളുടെ കരകൗശല വസ്തുക്കളുടെ പ്രദർശനം സാംസ്കാരികമേളകൾ സ്ത്രീ വയോജനങ്ങളുടെ വിനോദയാത്ര തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ വർഷം “ഷീ തീയേറ്ററും” സ്ത്രീകളുടെ പബ്ലിക്കേഷനും നടപ്പാക്കാനാണ് പഞ്ചായത്ത് ലക്ഷ്യം വെക്കുന്നത്.

സമൂഹത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കാൻ GRC (ജൻഡർ റിസോഴ്സ് സെന്റർ) പ്രവർത്തിക്കുന്നു. GRC യുടെ നേതൃത്വത്തിൽ സജീവമായി നടക്കുന്ന ജാഗ്രത സമിതി പ്രവർത്തനങ്ങൾ

സ്ത്രീകൾക്കും കുട്ടികൾക്കും പ്രായമായവർക്കും എതിരെ നടക്കുന്ന അതിക്രമങ്ങളെ പ്രതിരോധിക്കാൻ എപ്പോഴും സജ്ജമാണ്. ഒരു പ്രശ്നമുണ്ടായാൽ പരാതിപ്പെടാൻ ഒരിടമുണ്ട് എന്ന ബോധ്യം ഏതൊരു പൗരനും ധൈര്യം നൽകാൻ പഞ്ചായത്തിനായിട്ടുണ്ട്. നിലവിലുള്ള പരാതികൾ പരിഹരിക്കാൻ ഓരോ മാസവും അഭിഭാഷകരുടെയും പൊലീസിന്റെയും സാന്നിധ്യത്തിൽ പ്രത്യേക സിറ്റിംഗുകൾ സംഘടിപ്പിക്കുന്നു. കുടുംബ പ്രശ്നങ്ങൾ, വയോജനങ്ങളുടെ സംരക്ഷണം, drop out തുടങ്ങി പല പ്രശ്നങ്ങളും എളുപ്പത്തിൽ പരിഹരിക്കാൻ സാധിക്കുന്ന ഈ സംവിധാനം ഗ്രാമവാസികൾക്ക് വിശ്വാസവും സുരക്ഷയും നൽകുന്നു.

സ്ത്രീ ശാക്തീകരണത്തിന്റെ വഴിയിൽ താനാളൂർ ഗ്രാമപഞ്ചായത്ത് നടത്തുന്നത് ഒരു വലിയ മുന്നേറ്റമാണ്. ഈ പ്രയത്നങ്ങൾ സമത്വസമൂഹത്തിന്റെ പുതിയ ദിശകളിലേക്ക് പഞ്ചായത്തിനെ നയിക്കുന്നു. സർക്കാർ വകുപ്പുകളും സാമൂഹിക സംഘടനകളും ഒറ്റ മനസ്സോടെ കൈകോർക്കുമ്പോൾ, ഈ ഗ്രാമപഞ്ചായത്ത് സ്ത്രീ ശാക്തീകരണത്തിന്റെ മാതൃകയായി മാറും.

**175**

## ബാലസൗഹൃദ തദ്ദേശഭരണം

ഒളവണ്ണ ഗ്രാമപഞ്ചായത്ത്

ഓരോ ജനനവും റിപ്പോർട്ട് ചെയ്യപ്പെടുന്നുവെന്നും രജിസ്റ്റർ ചെയ്യപ്പെടുന്നുവെന്നും പഞ്ചായത്ത് ഉറപ്പ് വരുത്തുന്നു. ജനനസമയവും ഓരോ കാലഘട്ടത്തിലും കുഞ്ഞുങ്ങളുടെ തൂക്കവും, ആശുപത്രികൾ, എഫ്.എച്ച്.സി, അങ്കണവാടികൾ, ഹെൽത്ത് സെന്ററുകൾ എന്നിവ വഴി മോണിറ്റർ ചെയ്തുകൊണ്ടേയിരിക്കുന്നു. ഇതിനായി 23 വാർഡുകൾ ഉള്ള ഒളവണ്ണയിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടി ഒരു FHC യും, 18 ജീവനക്കാരോടെ 06 സബ് സെന്ററുകളും, 56 അംഗൻവാടികളിലായി 112 ജീവനക്കാരും 900 കുട്ടികളും അതിൽ ആറോളം ഭിന്നശേഷിയുള്ള കുഞ്ഞുങ്ങളും പഠിക്കുന്നു. പഞ്ചായത്തിൽ 38 ആശവർക്കർമാരും 612 കുടുംബശ്രീ അയൽക്കൂട്ടങ്ങളും പ്രവർത്തിക്കുന്നു.

കേരളത്തിൽ ഏറ്റവും കൂടുതൽ അങ്കണവാടികൾ ഉള്ള ഗ്രാമ പഞ്ചായത്താണ് ഒളവണ്ണ. 56 അങ്കണവാടികൾ ഉള്ളതിൽ 53 എണ്ണവും സ്പോൺസർഷിപ്പിൽ സ്ഥലം വാങ്ങിയാണ് സ്വന്തമായി കെട്ടിടം നിർമ്മിച്ചത്. കുട്ടികൾ വരക്കുന്ന ചിത്രങ്ങളെ ഉൾപ്പെടുത്തി മാമ്പഴം എന്ന മാഗസിനും അംഗനപൂമഴ എന്ന കൈപ്പുസ്തകം കുഞ്ഞുങ്ങൾക്കും, അദ്ധ്യാപകർക്ക് അംഗന തൈമാവ് എന്ന പേരിലും ഇറങ്ങുന്നു. കുഞ്ഞുങ്ങളുടെ സർഗ്ഗശേഷികളെ ഉൾപ്പെടുത്തി മാമ്പഴം ഉറവ് എന്നീ മാസികകളും പ്രസിദ്ധികരിച്ചിട്ടുണ്ട്. പഠനോപകരണങ്ങൾ വിതരണം ചെയ്യുകയും കല പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ വർഷവും അങ്കണവാടി കലോത്സവങ്ങളും നടത്തുന്നു. ഹെൽത്തി ആന്റ് ഹാപ്പിയെസ്റ്റ് പ്രൊജക്ടിന്റെ ഭാഗമായി എല്ലാ അങ്കണവാടികളിലും വൺ ടേബിൾ വൺ ചെയർ പദ്ധതിക്ക് തുടക്കമിട്ടു. ജൈലമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുക വഴി മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള ശരിയായ രീതികൾ പഠിപ്പിക്കുന്നതിനും അടുക്കളത്തോട്ടം എന്ന പദ്ധതി വഴി ചെറിയ പച്ചക്കറി തോട്ടം ഉണ്ടാക്കുന്നതിനും ഭക്ഷ്യസുരക്ഷയുടെ ബാലപാഠവും, ടിപ്പ് ഇറിഗേഷൻ ചെയ്തു വഴി ജല സംരക്ഷണത്തിന്റെ പ്രാധാന്യവും കുട്ടികളിലേക്കെത്തിച്ച് മികച്ച മാതൃക കാണിക്കുന്നതിനും സാധിച്ചിട്ടുണ്ട്. എല്ലാ കുഞ്ഞുങ്ങൾക്കും പോഷകാഹാരം

നൽകുന്നതിനും, അങ്കണവാടികളിൽ ഫസ്റ്റ് എയ്ഡ് ബോക്സുകൾ നൽകുന്നതിനും സാധിച്ചു. ഹോണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അങ്കണവാടി ജീവനക്കാർക്ക് നിലവിലുള്ള സംവിധാനത്തിന് പുറമെ അധിക വരുമാനവും പഞ്ചായത്ത് നൽകുന്നു . പോഷകാഹാര ഫണ്ട് വിതരണം ചെയ്തതിൽ സംസ്ഥാനത്ത് ഏറ്റവും ഉയർന്ന സ്ഥാനത്തുള്ള ഗ്രാമ പഞ്ചായത്താണ് ഒളവണ്ണ.

ജോലി ചെയ്യുന്ന രക്ഷിതാക്കൾക്ക് കുഞ്ഞുങ്ങളെ സുരക്ഷിതമായി സംരക്ഷിക്കുന്നതിനായി ഒരു മോഡൽ പ്രൊജക്ട് എന്ന രീതിയിലാണ് അങ്കണവാടിക്കൊപ്പം പകൽ വീട് എന്ന സ്വപ്നവും യാഥാർത്ഥ്യമാക്കിയിരിക്കുന്നത്. പ്രായമായ ആളുകൾക്കായുള്ള വിശ്രമ കേന്ദ്രമാണ് പകൽവീട്. കുഞ്ഞുങ്ങൾക്ക് പഴയ തലമുറയോട് സംവദിക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും കുഞ്ഞുങ്ങളുടെ പരിപാലനവും ഇതിനോടൊപ്പം നടക്കുന്നു.

ഒരു കുഞ്ഞും ജനനത്തിന്റേയോ ജീവിത സാഹചര്യങ്ങളുടെയോ പേരിൽ ഒറ്റപ്പെടരുതെന്നും കൂട്ടത്തിൽ സാമൂഹ്യജീവിതം കെട്ടിപ്പെടുക്കണമെന്നും ആഗ്രഹിച്ചു കൊണ്ടാണ് ഒളവണ്ണയിൽ ബഡ്സ് സ്കൂൾ ആരംഭിച്ചത്. ഇവിടേക്ക് തദ്ദേശ സ്ഥാനത്തിന്റെ പുറത്തു നിന്നു പോലും കുട്ടികൾ എത്തുന്നു. ഉൾച്ചേർക്കുക എന്നത് കുഞ്ഞുങ്ങളോട് ചെയ്യുന്ന ഏറ്റവും വലിയ സാമൂഹ്യ ഉത്തരവാദിത്വമാണ്. കാസ്റ്റ്, കളർ. ജെൻഡർ, സാമ്പത്തിക –സാമൂഹ്യ പദവികൾ, ജാതി, ഭിന്നശേഷി എന്നിവയാലൊന്നും ഒരു കുട്ടി പോലും മാറ്റി നിർത്തലുകൾ അനുഭവിക്കുന്നില്ല എന്ന ഉറപ്പ് വരുത്തലാണ് നമുക്ക് ഇവിടെ കാണാൻ സാധിക്കുക. ഓട്ടിസം മുതൽ ഹൈപ്പർ ആക്ടിവിറ്റി ഉൾപ്പെടെയുള്ള 43 കുഞ്ഞുങ്ങളാണ് ഇവിടെ പഠിക്കുന്നത്. ഇവർക്കായി 4 ജീവനക്കാരും അതിന് പുറമെ പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരും കരുതലായി എത്താറുണ്ട്.

ഒളവണ്ണ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 60 പ്രീ സ്കൂളുകളും, 05 സർക്കാർ സ്കൂളുകളും, 9 എയ്ഡഡ് സ്കൂളും, 08 പ്രൈവറ്റ് സ്കൂളും, പഞ്ചായത്തിന്റേത് മാത്രമായി ഒരു സ്കൂളും, 02 ഹയർസെക്കന്ററി സ്കൂളും, 02 കോളേജുകളും പ്രവർത്തിക്കുന്നു. ഏകദേശം 13510 കുട്ടികൾക്ക് ഒളവണ്ണ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കുന്നു . ഓരോ വിദ്യാർത്ഥിക്കും വ്യക്തിഗത പരിഗണന ലഭിക്കുന്ന രീതിയിലാണ് കരിക്കുലം തയ്യാറാക്കിയിരിക്കുന്നത്. ഇതിനായി സ്മാർട്ട് ക്ലാസ്സ് റൂമുകൾ, കംമ്പ്യൂട്ടർ ലാബ്, ഫിസിക്സ് ലാബ്, കെമിസ്ട്രി ലാബ്, ലൈബ്രറി, ലൈഫ് സ്കിൽ ഡവലപ്മെന്റിനായി നീന്തൽ, തായ്ക്കോണ്ടോ പരിശീലനം, മറ്റ് കലാ–കായിക പരിശീലനങ്ങൾ, കുട്ടികളിൽ സഹവർത്തിത്തം ഉറപ്പാക്കുന്നതിന് സഹവാസ ക്യാമ്പുകൾ, സർഗ്ഗശേഷി വികസനത്തിനായി ഉറവ് എന്ന് മാഗസിൻ, ഗവേഷണത്വര വർദ്ധിപ്പിക്കുന്നതിനും അധികവായനക്കുമായി ആധുനിക രീതിയിൽ സജ്ജീകരിച്ച വായന ശാലകൾ, ക്ലബ്ബുകളുമായി സഹകരിച്ച് വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തി തെരുവുനാടകങ്ങൾ, ഒളവണ്ണയിലെ പ്രാദേശിക ഉത്സവമായ ഒളവണ്ണ ഫെസ്റ്റിലെ കുട്ടികളുടെ പങ്കാളിത്തം, പരിസര ശുചീകരണവും ലക്ഷ്യമാക്കി വിദ്യാർഥികൾ ഉല്പാദിപ്പിക്കുന്ന മാലിന്യം നീക്കം ചെയ്യുന്നതിന് സ്കൂളിൽ തന്നെ നടപ്പിലാക്കുന്ന കളക്ടേഴ്സ് അറ്റ് സ്കൂൾ പ്രൊജക്ട് എല്ലാ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും നാപ്കിൻവെന്റിങ് മെഷീനും ഡിസ്ട്രോയറും സ്ഥാപിച്ചു. കൗമാരക്കാരായ കുട്ടികളുടെ എച്ച്.ബി കൗണ്ട് ടെസ്റ്റ് ചെയ്യുന്നതിന് 12 ക്യാമ്പെയിൻ പ്രവർത്തനത്തിൽ 200 കുട്ടികളിൽ അതിന്റെ പ്രയോജനം എത്തി. അതു കൂടാതെ മെഡിക്കൽ ക്യാമ്പുകളും നടത്താറുണ്ട്. ഇതിന് പുറമെ കംമ്പ്യൂട്ടർ സാക്ഷരത ഉറപ്പ് വരുത്തുന്നതിനാണ് ഇ–മുറ്റം പ്രൊജക്ട് രൂപപ്പെടുത്തിയത്. എല്ലാ വിദ്യാലയങ്ങളിലും ശുദ്ധജലവും, സർക്കാർ നൽകുന്ന പോഷകാഹാര വിതരണവും ശരിയായ രീതിയിൽ നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

സാധിക്കാത്ത കുട്ടികളെ കണ്ടെത്തി പഠനോപകരണങ്ങൾ സ്പോൺസർഷിപ്പ് ഉൾപ്പെടെ ഉള്ളവയിലൂടെ പഠനത്തിനാവശ്യമായ അന്തരീക്ഷം വീടുകളിൽ ഉണ്ടാക്കികൊടുക്കുകയുമാണ് ചെയ്യുന്നത്.

2 ലക്ഷം മുതൽ മുടക്കിൽ കൗമാര പ്രായക്കാർക്കും സ്ത്രീകൾക്കുമായി യോഗ പരിശീലന കേന്ദ്രവും, ഫുഡ്ബോളും, വോളിബോളും ഉൾപ്പെടെ സ്പോർട് ആക്ടീവിറ്റികളും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിൽ നടത്തി വരുന്നു.

കുട്ടികളിലെ നേതൃത്വ പാടവം അറിവ്, സാമൂഹ്യ പ്രതിബന്ധത വളർത്തിയെടുക്കൽ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കൽ, അവർ നേരിടുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കാൻ, കൂട്ടായ ചർച്ചകൾ എന്നിവ ലക്ഷ്യം വെച്ചാണ് കുട്ടികളുടെ ബാല സഭകൾ സ്കൂൾ തലത്തിലും പഞ്ചായത്ത് തലത്തിലും നടക്കുന്നത്. മാസത്തിൽ ഒരു തവണയെങ്കിലും ഇത്തരം ബാലസഭകൾ ചേരാറുണ്ട്. 23 വാർഡുകളിലും ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നു. മാസത്തിൽ ഒരു തവണ ഇവർ വീടുകൾ കയറി അടിസ്ഥാന വിലയിരുത്തലുകൾ നടത്താറുണ്ട്. പഞ്ചായത്തിൽ ചൈൽഡ് വെൽഫയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റിയും, കമ്മ്യൂണിറ്റി വിമൺ ഫെസിലിറ്റേറ്റും സജീവമാണ്. കൃത്യമായ ഒരു ഡി.പി.ആർ, ചൈൽഡ് ബഡ്ജറ്റിംങ് എന്നിവ പ്രകാരമാണ് പഞ്ചായത്തിൽ കുട്ടികളുടെ സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ നടക്കുന്നത്.

നാല് ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമാണ് ഒളവണ്ണ ഗ്രാമപഞ്ചായത്ത്. മഴക്കാലവും പ്രളയവും കൂടുതൽ നാശം വരുത്തിവെക്കുന്ന പ്രദേശമാണ്. പ്രകൃതി ദുരന്തങ്ങളിൽ നിന്നും കുഞ്ഞുങ്ങളെ അവരുടെ അതിജീവന പാഠങ്ങൾ പഠിപ്പിക്കേണ്ടത്. ഒരു സമൂഹത്തിന്റെ കൂട്ടായ ഉത്തരവാദിത്തമാണ് എന്ന് മനസ്സിലാക്കിയാണ് 200 കുഞ്ഞുങ്ങൾക്ക് ജൻഡർ വ്യത്യാസമില്ലാതെ പഞ്ചായത്തിന്റെ പരിധിയിൽ 10 സെന്റ് സ്ഥലത്തിൽ ജില്ലാ പഞ്ചായത്തിന്റെ പ്രൊജക്ടായി നീന്തൽ പരിശീലനകേന്ദ്രം സ്ഥാപിച്ചത് അതിനാൽ തന്നെ ഒളവണ്ണ ഗ്രാമ പഞ്ചായത്തിൽ കഴിഞ്ഞ ഒരു വർഷം കാലാവസ്ഥ വ്യതിയാനം വരുത്തുന്ന ദുരിതം മൂലം ഒരു കുട്ടിപോലും മരിച്ചിട്ടില്ല.

കുട്ടികളുടെ സ്ഥാപനം കൂടിയായി നാൾക്കുനാൾ മാറുകയാണ് ഒളവണ്ണ ഗ്രാമപഞ്ചായത്ത്. പോലീസ് സ്റ്റേഷനിൽ നിന്നും അവരുടെ അവകാശങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ നൽകികൊണ്ടേയിരിക്കുന്നു. യൂസർ ഫ്രണ്ട്ലിയായ ഗൈഡുകളും, ചുമർചിത്രങ്ങളും IEC ബോർഡുകളും സ്ഥാപിച്ചു കഴിഞ്ഞു. ഇതര സംസ്ഥാന തൊഴിലാളികളുടെ ജീവിത അവസ്ഥ, പഠനം, അതിനായി കമ്മിറ്റികൾ എന്നിവയെല്ലാം ഒരുങ്ങിക്കഴിഞ്ഞു. ശക്തമായ നിയമ പിൻബലമുള്ള ഏത് പ്രതിസന്ധിയിലും കൂട്ടായി അവർക്കൊപ്പം ഉണ്ടാകും എന്ന് ഉറപ്പിച്ച് പറയുകയാണിവിടെ ഒളവണ്ണ. ഭാഷയുടെയോ ദേശത്തിന്റെയോ അതിർ വരമ്പുകൾ ഇല്ലാതെ എല്ലാ വീടുകളിലും വൈദ്യുതിയും കുടിവെള്ളവും എത്തിച്ചിട്ടുണ്ട്. അതിദരിദ്ര പട്ടികയിൽ 124 കുടുംബങ്ങൾ മാത്രമുള്ള കേരളത്തിലെ ഏറ്റവും ജനസംഖ്യയുള്ള പഞ്ചായത്താണ് ഒളവണ്ണ. ഗ്രാമപഞ്ചായത്തിലെ കുട്ടികൾ ഇവിടെ സുരക്ഷിതരാണ്. കരുതലോടെ ഒളവണ്ണ.

## 176

# ചെപ്പ് (CHEP- Children's Happiness and Empowerment Programme)

കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത്

കുട്ടികളുടെ അവകാശങ്ങളെ ഫലപ്രാപ്തിയിലെത്തിക്കുന്നതിലൂടെ മാത്രമെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കാന് കഴിയു. എല്ലാ കുട്ടികൾക്കും അവരുടെ അവകാശങ്ങളായ അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിവ പൂർണ്ണമായും ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. കുട്ടികളോട് ഏറ്റവും അടുത്ത് നിൽക്കുന്ന ഭരണ സ്ഥാപനമെന്ന നിലയില് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തില് വലിയ പങ്ക് വഹിക്കാൻ കഴിയും. കുട്ടികളുടെ എല്ലാ അവകാശങ്ങളും ക്രമാനുഗതമായി സാക്ഷാൽക്കരിക്കാന് കഴിയേണ്ടതുണ്ട്.

കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് ശിശുസൌഹൃദ പഞ്ചായത്താക്കി മാറ്റുന്നതിനായി നിരവധി പ്രവർത്തനങ്ങള് ഇക്കഴിഞ്ഞ കാലങ്ങളില് ഏറ്റെടുത്ത് നടപ്പിലാക്കി വരികയാണ്. ഗ്രാമപഞ്ചായത്ത് വിവിധ മേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികള് ഇതിന്റെ ഭാഗമായി വരും. കുട്ടികൾക്ക് മാത്രം ഉള്ള പദ്ധതികൾ, കുട്ടികൾക്ക് കൂടി പ്രയോജനമുള്ള പദ്ധതികള് എന്നിങ്ങനെ 2 വിധത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികൾ അങ്കണവാടികൾ, വിദ്യാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നവയാണ്.

പഞ്ചായത്തിൽ ഒരു ഹയർസെക്കന്ററി ഉൾപ്പെടെ 10 വിദ്യാലയങ്ങളും അൺഎയ്ഡഡ് മേഖലയില് 2 വിദ്യാലയങ്ങളും പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ 25 അങ്കണവാടികളും 1 ശിശുമന്ദിരവും ഉണ്ട്. എല്ലാ വിദ്യാലയങ്ങൾക്കും അങ്കണവാടികൾക്കും മെച്ചപ്പെട്ട ഭൌതീക സാഹചര്യം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഇക്കഴിഞ്ഞ വർഷം നടപ്പിലാക്കിയ പദ്ധതികള് ചുവടെ കൊടുക്കുന്നു.

1. സ്കൂൾ പാർലമെന്റ്
2. കുട്ടികളുടെ ഗ്രാമസഭ
3. ബാലസഭ
4. ഇലക്കറിമേള
5. അനുമോദനവും ആദരവുകളും
6. ശിശുസൌഹൃദം - ബോധവൽക്കരണ ക്ലാസ്സുകള്
7. ശിശുസൌഹൃദ പഞ്ചായത്ത് ഏകദിന ശിൽപശാല
8. ചെറുതല്ല ചെറുധാന്യം
9. അത്താഴം കുടുംബത്തോടെ കുശലത്തോടെ
10. കായിക പരിശീലനം
11. നീന്തൽ പരിശീലനം

12. ഹരിത വിദ്യാലയം
13. കരാട്ടെ പരിശീലനം
14. ലഹരിക്കെതിരെ - ആത്മഹത്യാ പ്രവണതകൾക്കെതിരെ ബോധവൽക്കരണ ക്ലാസ്സ്
15. കളിയോളം - നടീല് ഉത്സവം
16. ശിശുദിന പരിപാടികൾ
17. കുട്ടികളുടെ അവകാശങ്ങൾ - സ്കൂളുകളില് സൈൻബോർഡ് സ്ഥാപിച്ചു.
18. അങ്കണവാടി ആകർഷകമാക്കല്

**177**

## പായം ബാലസൗഹൃദ പഞ്ചായത്ത്

പായം ഗ്രാമപഞ്ചായത്ത്

പായം ഗ്രാമപഞ്ചായത്ത്, കുട്ടികളുടെ സംരക്ഷണം, സുരക്ഷിതത്വം, അവകാശം, വികസനം എന്നിവ ലക്ഷ്യം വെച്ചു കൊണ്ട് ബാലസൌഹൃദ പഞ്ചായത്ത് ആയി പ്രഖ്യാപിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 3402 കുട്ടികളുടെ വികസനത്തിനായി വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരികയാണ്. കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം, കലാ–കായിക വികസനം, പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, എല്ലാ മേഖലകളിലും കുട്ടികളുടെ സർവ്വതോന്മുഖവികസനം ലക്ഷ്യമിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ വിജയകരമായി നടപ്പാക്കി വരുന്നു.

കുട്ടികൾക്കായി യോഗ പരിശീലനം, കരാട്ടെ പരിശീലനം, നീന്തൽ പരിശീലനം, കുട്ടി ഡോക്ടർമാരെ രൂപപ്പെടുത്തൽ, കാർഷിക മേഖലയിലെ അവബോധം വളർത്തൽ, ജലസുരക്ഷയിൽ കൂടുതൽ ബോധവാന്മാരാക്കുന്നതിന് അമൃത ബിന്ദു പദ്ധതി, മാലിന്യ ശേഖരണ –സംസ്കരണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തവും ശുചിത്വ പ്രവർത്തനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനും മറ്റുള്ളവർക്ക് പകർന്നു നൽകുന്നതിനും അവരെ പ്രാപ്തരാക്കാന്നതിന് – ഗ്രീൻ പോലീസ് കേഡറ്റ് എന്ന പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. . കുട്ടികൾ വഴി സ്കൂളുകളിൽ ശുചിത്വം സൃഷ്ടിക്കുന്നതിന് വ്യത്യസ്ത പരിപാടികൾ നടപ്പിലാക്കി. ശുചിത്വ പാർലമെന്റ്, ഹരിതസഭ എന്നിവ മികച്ച രീതിയിൽ നടപ്പാക്കുകയും ചെയ്തു. പരിശീലനം ലഭിച്ച കുട്ടികളുടെ മേൽനോട്ടത്തിൽ എല്ലാ സ്കൂളുകളിലും ഹരിതസഭ സംഘടിപ്പിക്കുകയും ഹരിത റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തു. പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ സ്കൂളുകളിൽ നിന്ന് 5 കുട്ടികളെ കണ്ടെത്തി അവർക്ക് ഹരിത പോലീസ് കാഡറ്റിൻ്റെ യൂണിഫോമുകളും ഐ.ഡി. കാർഡുകളും നല്കി ഗ്രീൻ പോലീസ് കേഡറ്റുകൾ രൂപീകരിച്ച് ജൈവ–അജൈവ ദ്രവമാലിന്യ സംസ്കാരണത്തിന്റെ പ്രാധാന്യം എല്ലാ വിദ്യാർത്ഥി നെയും ബോധവാന്മാരാക്കുകയും സ്കൂളുകൾ ഹരിതാഭമാക്കുകയും ചെയ്തു. പാഴ് വസ്തുക്കളിൽ നിന്നും അലങ്കാര വസ്തുകൾ ഉണ്ടാക്കാനുള്ള ശില്പ ശാല സംഘടിപ്പിച്ച

ബാലസഭ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പഠനയാത്രയും വിദ്യാർത്ഥികൾക്ക് സംഘടിപ്പിക്കപ്പെട്ടിരുന്നു.

വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് സ്‌കൂൾ മുറ്റത്തും മറ്റ് സ്ഥലങ്ങളിലും '**വിത്തും കൈകോട്ടും**' പദ്ധതിയും നടപ്പാക്കി. പഴയ കൃഷി രീതികളും മണ്ണും കാർഷിക മേഖലയുമായുള്ള ബന്ധം കുട്ടികളെ പരിചയപ്പെടുത്താൻ സാധിച്ചു. അംഗൻവാടികളിൽ പോഷകത്തോട്ടം, അങ്കണ-

ആയുർവേദ പദ്ധതി എന്നിവ നടപ്പാക്കുകയും '**സ്നേഹരാം**' പദ്ധതിയും കുട്ടികളുടെ നേതൃത്വത്തിൽ വിജയകരമായി നടപ്പാക്കുകയും ചെയ്തു.

പഞ്ചായത്തിലെ സ്കൂളുകളിൽ ഹരിത സൗഹൃദ പദ്ധതികളുടെ ഭാഗമായി സ്മാർട്ട് ക്ലാസുകൾ, കൃഷി പോഷകത്തോട്ടം, ബാലസൗഹൃദ ശൗചാലയം,ചുമർ ചിത്രങ്ങൾ എന്നിവ തയ്യാറാക്കുകയും പ്രധാന ആനനപന്തിക്കവല അംഗൻവാടിക്കായി ഒരു പുതിയ കെട്ടിടം നിർമ്മിക്കുകയും പ്രൊജക്ടറും ലാപ്ടോപ്പും സ്ഥാപിച്ച് സ്മാർട്ട് ആംഗൻവാടിയായി മാറ്റുകയും ചെയ്തു. സ്കൂളുകളിൽ ആയുർവേദ ക്ലബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരികയാണ്.

വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം വർധിക്കുന്ന സാഹചര്യത്തിൽ കുട്ടികളെ ലഹരിക്കെതിരെ ബോധവാന്മാരാക്കാൻ **"ലഹരിയല്ല ജീവിതം"** പദ്ധതി നടപ്പാക്കി. ബോധവൽക്കരണ ക്ലാസുകൾ, ക്വിസ് പ്രോഗ്രാം, പ്രഖ്യാപന റാലി, വിവിധ കായിക മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു. ജി.ആർ.സി കൗൺസിലർമാരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നടപ്പാക്കുകയും ആവശ്യമായപ്പോൾ രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും കൗൺസിലിംഗ് നൽകുകയും ചെയ്തു.

പട്ടികജാതി വിഭാഗത്തിൽപെടുന്ന വിദ്യാർത്ഥികൾക്കായി വീടുകളിൽ പഠന മുറികൾ നിർമ്മിക്കാനുള്ള ധനസഹായം, വിദ്യാർത്ഥികൾക്കായി ലാപ്ടോപ്പുകൾ, ഡെസ്കുകളും കസേരകളും നൽകൽ, വിദ്യാർത്ഥികളെ സ്കൂളിലേക്ക് പോവുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സൗജന്യ പ്രഭാത ഭക്ഷണം നൽകൽ, ഗോത്ര സാരഥി പദ്ധതിയിൽ സ്കൂളുകളിലേക്ക് സൗജന്യ ബസ് സൗകര്യം എന്നിവ നടപ്പാക്കി.

പട്ടികജാതി വിദ്യാർത്ഥികളെ ഉൾപ്പെടുത്തി നാസിക് ബാൻഡ്, കലാപരിപാടികൾ എന്നിവ സംഘടിപ്പിച്ച് കൊണ്ടാണ് ഈ സമൂഹത്തിന്റെ പ്രോത്സാഹനം ഉറപ്പാക്കിയത്. പഞ്ചായത്തിലെ ഹരിത ടൂറിസ്റ്റം കേന്ദ്രങ്ങളിൽ കുട്ടികൾക്കായി ഒരു ഹരിതപാർക്ക് സജീവമാക്കുകയും കുട്ടികളുടെ ഗ്രാമസഭകൾ സമയബന്ധിതമായി നടത്തുകയും ചെയ്തു.

ഇത്തരം മികച്ച പ്രവർത്തനങ്ങൾ കണക്കിലെടുത്തുകൊണ്ട് പായം ഗ്രാമപഞ്ചായത്തിന് 2023ലെ ദേശീയ ബാലസൗഹൃദ പഞ്ചായത്ത് പുരസ്കാരം നേടാൻ സാധിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ സുസ്ഥിരമാക്കി നിലനിർത്തുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കുട്ടികളുടെ ആവശ്യങ്ങൾ അറിഞ്ഞു കൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് ഗ്രാമസഭകളിലും പദ്ധതി ആസൂത്രണ പ്രക്രിയയിൽവർക്കിംഗ്ഗ്രൂപ്പുകളിലും അവരുടെ പങ്കാളിത്തംഉറപ്പാക്കുകയും ചെയ്തു വരുന്നു.

## 178

# വയോസൗഹൃദ തദ്ദേശഭരണം

ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്

ജീവിതത്തോടൊപ്പം ആരംഭിച്ച് ജീവിതചക്രം മുഴുവൻ തുടരുന്ന പ്രക്രിയയാണ് വാർദ്ധക്യം. പ്രായമായവർ അഥവാ വയോജനങ്ങൾ ആയ വ്യക്തികൾ മനുഷ്യരുടെ ശരാശരി ആയുസ്സിനോട് അടുത്തെത്തിയവരാണ്. നമ്മുടെ സാമൂഹിക വ്യവസ്ഥിതി അനുസരിച്ച് 60 വയസ്സിനു മുകളിൽ പ്രായമുള്ളവരെയാണ് വയോജനങ്ങളുടെ ഗണത്തിൽപ്പെടുത്തിയിട്ടുള്ളത്. നമുക്ക് മുമ്പേ നമുക്ക് വേണ്ടി നമ്മുടെ സമൂഹത്തിന് വേണ്ടി തങ്ങളുടെ ഒരായുഷ്കാലത്തെ അധ്വാനവും പരിശ്രമവും സമർപ്പിച്ചവരാണ് ഇവർ . ആരോഗ്യപരമായും മാനസിക പരമായും ന്യൂനതകൾ അനുഭവിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ അവർക്ക് കൈത്താങ്ങാവുക എന്നുള്ളത് ഈ തലമുറയുടെയും വരും തലമുറയുടെയും കടമയാണ്. ആയതുകൊണ്ട് തന്നെ ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് വ്യത്യസ്തമായ വയോജന ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നു .

## 1. പകൽ വീട്

ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് വയോജനക്ഷേമ മേഖലയിൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതിയാണ് പകൽവീട്. വാർദ്ധക്യം മൂലം വീടുകളിൽ ഒറ്റപ്പെടുന്ന ശാരീരിക മാനസിക ന്യൂനതകളാൽ പാർശ്വവൽക്കരിക്കപ്പെടുന്ന വയോജനങ്ങൾക്കായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ഹാപ്പിനസ് സെന്റർ മാതൃകയിലാണ് ഇതിന്റെ പ്രവർത്തനം. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉള്ള വയോജനങ്ങൾ ദൈനംദിനം പകൽവീട്ടിൽ(സ്നേഹസ്ഥലി) എത്തിച്ചേരുകയും അവരുടെ വ്യത്യസ്തമായ കഴിവുകൾ പ്രകടിപ്പിക്കുകയും, അവർക്ക് വേണ്ട പോഷകാഹാരം വിതരണം നടത്തുക എന്നതിലുപരി പരസ്പരം കൂടിക്കാഴ്ചകൾ കൊണ്ടും ആശയവിനിമയം കൊണ്ടും അവരിൽ മാനസികോല്ലാസം കൈവരുന്നു. വളരെ സജീവതയിൽ പോകുന്ന ഈ പദ്ധതി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വിപുലപ്പെടുത്താൻ ഭരണസമിതി ആലോചിച്ച് ഇരിക്കുകയാണ് സ്വന്തമായി കെട്ടിടമുള്ള സാംസ്കാരിക ക്ലബ്ബുകളെ കൂട്ടുപിടിച്ച് സംയുക്തമായി പദ്ധതി നടപ്പിലാക്കാം എന്നാണ് കരുതുന്നത്.

## 2. വയോജന മെഡിക്കൽ ക്യാമ്പ്

വയോജനങ്ങളുടെ മാനസിക ആരോഗ്യത്തെ പോലെ തന്നെ പ്രധാനപ്പെട്ട ഒന്നാണ് ശാരീരിക ആരോഗ്യവും വാർദ്ധക്യത്തിന്റെ ആഗമനത്തോട് കൂടി നമ്മുടെ ശരീരത്തിലെ അവയവങ്ങൾക്ക് ക്ഷയങ്ങൾ സംഭവിക്കുന്നു. ഇങ്ങനെയുള്ള ആളുകൾക്ക് വൈദ്യശാസ്ത്രത്തിൻറെ പിൻതുണയോട് കൂടി ആവശ്യമായ നൂതന ഉപകരണങ്ങൾ നൽകുകയാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ഇതിനായി പഞ്ചായത്ത് തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഓരോരുത്തർക്കും ആവശ്യമായി വരുന്ന ഉപകരണങ്ങൾ വിതരണം ചെയ്യുന്നു

## 3. വയോജന കലോത്സവം

വയോജനങ്ങളുടെ സർഗാത്മക കഴിവുകളെ കണ്ടെത്താനും അതിനെ പരിപോഷിപ്പിക്കാനും വേണ്ടി ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്യുന്ന പദ്ധതിയാണിത്. വിവിധ കാലയിനങ്ങളിൽ പഞ്ചായത്ത് തലത്തിൽ മത്സരങ്ങളിൽ സംഘടിപ്പിക്കുന്നു.

ഓരോ വാർഡുകളിൽ നിന്നും ടീമായി വരുന്ന വയോജനങ്ങൾ വാശിയേറിയ മത്സര ബുദ്ധിയോടുകൂടിയാണ് വയോജന കലോത്സവത്തെ കാണുന്നത് എന്നതിന് തെളിവായിരുന്നു പോയ കാലങ്ങളിലെ കലോത്സവങ്ങൾ. ഈ പദ്ധതികളാണ് ഗ്രാമപഞ്ചായത്ത് വയോജനങ്ങൾക്കായി നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ ഇതുകൂടാതെ അനവധി വ്യക്തിഗത ആനുകൂല്യങ്ങൾ ലഭിക്കുന്ന വയോജന പദ്ധതികളും നടത്തിവരുന്നു.

നിങ്ങൾ പാർശ്വവത്ക്കരിക്കപ്പെടേണ്ടവരല്ല, നിങ്ങൾ ഒറ്റപ്പെട്ട പോകേണ്ടവരല്ല എന്ന് വിളിച്ച പറയത്തക്ക രീതീലിയാണ് പഞ്ചായത്തിൻറെ പ്രവർത്തനം. ഇനിയും നൂതനമായതും വൈവിധ്യമായതുമായ പദ്ധതികൾ വയോജനക്ഷേമ മേഖലയിൽ നടപ്പിലാക്കണം എന്ന ലക്ഷ്യവുമായി മുന്നോട്ട് പോകുകയാണ് ഭരണ സമിതി.

179

# തൊഴിലും പ്രാദേശിക സാമ്പത്തിക വികസനവും

പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

വളരെയേറെ തലങ്ങളിൽ സൂക്ഷ്മമായി ചർച്ച നടത്തേണ്ട വിഷയമാണിത്.

കേരളത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി എന്താണ് ? ബഡ്ജറ്റ് പ്രസംഗത്തിൽ ആശാവഹമായ മാറ്റങ്ങൾ ഉണ്ടാകുന്ന എന്ന് ധനമന്ത്രി സൂചിപ്പിച്ചു.

റവന്യൂ കമ്മിയും, ധനകമ്മിയും കടഭാരവും കുറക്കാൻ കഴിഞ്ഞു എന്നുള്ളത് നേട്ടമാണ്.

| | റവന്യൂ കമ്മി | ധനകമ്മി |
|---|---|---|
| 2021-22 | 2.25 | 4.04 |
| 2023-24 | 1.58 | 2.9 |

പൊതു കടവും ആഭ്യന്തര ഉത്പാദനവും തമ്മിലുള്ള അനുപാതം 2021-22 ൽ 35.92 ആയിരുന്നത് 2023-24 ൽ 34.2 ആയി കുറഞ്ഞിട്ടുണ്ട്. കേന്ദ്ര വിഭവങ്ങളിൽ കുറവ് വന്നിട്ടും ഈ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞത് തനത് വരുമാനത്തിലെ വർദ്ധനവിലൂടെയാണ്. കേന്ദ്ര അവഗണന തുടരുമെന്ന സാഹചര്യത്തിൽ ഇനി എങ്ങനെ തനത് വരുമാന വർദ്ധനവ് ഉണ്ടാക്കാൻ കഴിയും എന്ന് പരിശോധിക്കണം. പ്രാദേശിക സാമ്പത്തിക വികസനത്തിലൂടെ കൂടുതൽ മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയിലേക്ക് കേരളത്തിന് എത്തിച്ചേരാൻ കഴിയും. അതിനാവശ്യമായ പദ്ധതികൾ സൂക്ഷ്മ തലത്തിൽ നടപ്പിലാക്കാൻ കഴിയണം.

**1. കേരളത്തിന്റെ കാർഷിക മേഖല**

അടിസ്ഥാന മേഖലയെ പുഷ്ടിപ്പെടുത്തുകയാണ് ഒന്നാമത് മാർഗ്ഗം. ഒരു സ്വയം പര്യാപ്ത സംസ്ഥാനമായി മാറാൻ നമുക്ക് കഴിയണം. ഈ മേഖലയിൽ ചെലവഴിക്കുന്ന പണത്തിന് അനുസൃതമായി ഔട്ട്പുട്ട് നമുക്ക് ലഭിക്കുന്നുണ്ടോ? പരിശോധിക്കണം.

**വരുമാനം**

| 1970-71 ൽ | |
|---|---|
| പ്രൈമറി | 33% |
| സെക്കണ്ടറി | 13% |
| സേവനം | 54% |

എന്നിങ്ങനെയായിരുന്നു.

എന്നാൽ ഇന്ന് കേരളത്തിന്റെ കാർഷിക മേഖല സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 8 ശതമാനം ആണ് സംഭാവന ചെയ്യുന്നത്. കാർഷിക മേഖല ഇന്ന് നേരിടുന്ന കടുത്ത ചില പ്രതിസന്ധികളെയെങ്കിലും മറികടക്കാൻ പദ്ധതികൾ വേണം.

1. കാലാവസ്ഥാ വ്യതിയാനം.
2. ഉൽപന്നങ്ങളുടെ വില സ്ഥിരത ഇല്ലായ്മ
3. വന്യമൃഗ ശല്യം
4. കാർഷിക യന്ത്ര വൽകരണത്തിന്റെ അഭാവം

ഇവയെ മറികടക്കാൻ കഴിഞ്ഞാൽ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കാനും കൂടുതൽ തൊഴിലും അതു വഴി പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പു വരുത്താനും കഴിയും. കാർഷിക മേഖലയിൽ ഇടപെടൽ ശക്തിപ്പെടുത്താൻ കഴിയുന്ന വിധത്തിൽ വകുപ്പിനെ അടിമുടി മാറ്റാൻ കഴിയണം.

### മനുഷ്യ വിഭവ ശേഷി

കേരളത്തിന്റെ മനുഷ്യ വിഭവ ശേഷിയെ - മനുഷ്യ അദ്ധ്വാനത്തെയും ബൗദ്ധിക ശക്തിയെയും ലോക വിപണിയിൽ മാർക്കറ്റ് ചെയ്യാൻ കഴിയണം. 2024 -ലെ കണക്ക് അനുസരിച്ച് പ്രവാസികൾ അയക്കുന്ന വിദേശ നാണയത്തിന്റെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. ഇന്ത്യയിൽ പ്രവാസികൾ അയക്കുന്ന പണത്തിന്റെ 21 ശതമാനം സംഭാവന ചെയ്യുന്നത് കേരളീയരാണ്. എന്നാൽ ഇത് പൂർണ്ണമായി പ്രയോജനപ്പെടുത്തുവാനും തൊഴിലും വരുമാനവും വർദ്ധിപ്പിക്കുവാനും കഴിയുന്ന പദ്ധതികൾ വേണം.

കേരളത്തിലെ പുതിയ തലമുറ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ എങ്ങനെ പരിഹരിക്കാം.

**തൊഴിലില്ലായ്മ (2022-23 കണക്കുകൾ)**

20 വയസ്സ് മുതൽ 24 വയസ്സ് വരെ

| | | |
|---|---|---|
| എസ്.എസ്.എൽ.സി | - | 38% |
| ബിരുദം | - | 31% |
| ബിരുദാനന്തര ബിരുദം | - | 3.8 % |
| ഡിപ്ലോമ | - | 15.3% |

25 വയസ്സ് മുതൽ 35 വയസ്സ്' വരെ

| | | |
|---|---|---|
| എസ്.എസ്.എൽ.സി | - | 17.7 % |
| ബിരുദം | - | 28.5% |
| ബിരുദാനന്തര ബിരുദം | - | 9.3 % |
| ഡിപ്ലോമ | - | 15.6% |

കേരളത്തിൽ നിന്നും വലിയൊരു വിഭാഗം യുവ തലമുറ വിദ്യാഭ്യാസത്തിനും, തൊഴിലിനും വേണ്ടി അന്യ സംസ്ഥാനങ്ങളെയും മറ്റ് രാജ്യങ്ങളെയും ആശ്രയിക്കുന്നു എന്നത് വസ്തുതയാണ്. വളരെ കുറഞ്ഞ വരുമാനത്തിലും ജീവിത നിലവാരത്തിലുമാണ് ഇവരിൽ ഏറെ പേരും ജീവിക്കുന്നത്.

കേരളത്തിലെ വിദഗ്ദ തൊഴിൽ മേഖലകളിൽ പോലും നമ്മുടെ പുതിയ തലമുറയെ ലഭിക്കുന്നില്ല. നമ്മുടെ മനുഷ്യ വിഭവശേഷിയെ ലോകവിപണിയിൽ മാർക്കറ്റ് ചെയ്യണമെങ്കിൽ ഇവരെ സ്കിൽ ചെയ്യിപ്പിക്കാൻ കഴിയണം.

അതിനുള്ള സമഗ്ര പദ്ധതി പ്രൈമറി തലം മുതൽ ആരംഭിക്കണം. ഭാഷ-ശാസ്ത്ര മേഖലകളിൽ ഊന്നൽ നൽകണം. ജനസംഖ്യയുമായി ബന്ധപ്പെട്ട് ഉയർന്നു വരുന്ന പ്രശ്നം ഗൗരവത്തിൽ കണ്ടെത്താനും ഇടപെടാനും കഴിയണം.

**ജനന നിരക്ക്**

| | |
|---|---|
| 2024 | 3.48 ലക്ഷം |
| 2014 | 5.34 ലക്ഷം |
| 2014 ന മുൻപ് | 6 ലക്ഷം |

യുവ തലമുറയുടെ എണ്ണം കുറയുകയും വയോജനങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു. വയോജനങ്ങളുടെ കാര്യശേഷിയെ കൂടുതലായി ഉപയോഗിച്ച പ്രാദേശിക സാമ്പത്തിക വളർച്ചാ പദ്ധതികൾ നടപ്പിലാക്കണം.

**ദാരിദ്ര്യ നിർമ്മാർജ്ജനം**

കേരളം അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. എന്നാൽ അടിത്തട്ടിൽ പ്രത്യേകിച്ച് പിന്നോക്ക വിഭാഗങ്ങൾക്കിടയിൽ ദാരിദ്ര്യം ഇന്നും നിലനിൽക്കുന്നു. ഭൂമിയും വീടും ഇല്ലാത്തവർ, ടോയ്‌ലറ്റ് സംവിധാനവും കുടിവെള്ളവും ഇല്ലാത്ത നിരവധി കുടുംബങ്ങൾ പ്രത്യേകിച്ച് ഉന്നതികളിൽ ഇവരുടെ സാമൂഹിക പുരോഗതിക്ക് വേണ്ടിയുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയണം. അതുവഴി ഇവരെ കൂടുതലായി തൊഴിൽ മേഖലയിലേക്ക് കൊണ്ടുവരാൻ കഴിയും.

**ടൂറിസം**

പ്രാദേശിക ടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ കഴിയണം. അവസാനമായി തദ്ദേശ സ്ഥാപനം എന്ന നിലയിൽ ഈ മേഖലകളിൽ എല്ലാം ഇടപെടാൻ കഴിയുന്ന വിധത്തിൽ ബ്ലോക്ക് പഞ്ചായത്തുകളെ ശക്തിപ്പെടുത്തണം.

# 180

# സംയോജിത/ സംയുക്ത പദ്ധതികൾ, നൂതന പ്രവർത്തനങ്ങൾ

കതിരൂർ ഗ്രാമപഞ്ചായത്ത്

ജീവിതം അവർക്ക് ഒരു പോരാട്ടമായിരുന്നു. കാണാനും സംസാരിക്കാനും കേൾക്കാനും ഇന്ദ്രിയങ്ങളെ കവർന്ന വിധിയോട് പൊരുതിയ സീഷ്ണ. എല്ലാത്തരം ശാരീരിക പരിമിതികളോടും മത്സരിച്ച അവർ നൃത്തത്തിൽ പോലും തന്റെ കഴിവ് പ്രകടിപ്പിക്കുന്നു. പഞ്ചായത്ത് നടപ്പിലാക്കുന്ന സ്ത്രീ സൗഹൃദ പദ്ധതിയായ പെൺകതിർ എന്ന പരിപാടിയുടെ ബ്രാൻഡ് അംബാസഡറാണ് അവർ. കതിരൂർ പഞ്ചായത്തിൽ 384 ഭിന്നശേഷിക്കാരുണ്ട്. ഇതിൽ 357 പേർക്ക് പ്രതിമാസം 1600 രൂപ പെൻഷനും 60 പേർക്ക് പ്രതിവർഷം 27,500 രൂപ വീതം സ്കോളർഷിപ്പും നൽകുന്നു. അവർക്കായി പൂർണ്ണമായും സജ്ജീകരിച്ച ഒരു ബിയുഡി സ്കൂളും വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി എന്നിവയുള്ള സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്. നടത്തിയ മെഡിക്കൽ ക്യാമ്പിന്റെ ഭാഗമായി വികലാംഗർക്ക് 2,50,215 രൂപയുടെ ചികിത്സാ ഉപകരണങ്ങളും വിതരണം ചെയ്തു. വൈകല്യമില്ലാത്ത ഭാവി എന്ന ആശയം നടപ്പിലാക്കുന്നതിനായി, പഞ്ചായത്തിലെ ഗർഭിണികളെ കേന്ദ്രീകരിച്ച് താലോലം എന്ന പരിപാടി നടത്തിവരുന്നു. 16 വയസ്സിന് താഴെയുള്ള വിദ്യാർത്ഥികൾക്കുള്ള പോളിയോ വാക്സിൻ ഉൾപ്പെടെ വാക്സിനേഷൻ വിജയകരമായി നടക്കുന്നു. പ്രായമായവരുടെ വാർദ്ധക്യം സന്തോഷകരവും അന്തസ്സുള്ളതും സുരക്ഷിതവുമാക്കുന്നതിന് സേവനങ്ങൾ നൽകുന്നതിന് പഞ്ചായത്തിന് ഉത്തരവാദിത്തമുണ്ട്. വയോജന ഗ്രാമസഭ ശരിയായി നിറവേറ്റുകയും അവരുടെ ആവശ്യങ്ങൾ ശരിയായി ചർച്ച ചെയ്യുകയും പരിഹരിക്കുകയും ചെയ്യുന്നു. വാർദ്ധക്യം, ഗുരുതരമായ രോഗം എന്നിവ കാരണം ചലനശേഷി കുറഞ്ഞ മുതിർന്ന പൗരന്മാർക്ക് സർക്കാർ ഇൻഷുറൻസ് സുരക്ഷാ സേവനങ്ങൾ, ലൈഫ് സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് പുതുക്കൽ, നികുതി അടയ്ക്കൽ എന്നിവ വാതിൽപ്പടി സേവനങ്ങൾ വഴി ലഭ്യമാക്കുന്നു. പഞ്ചായത്തിൽ വയോജനങ്ങൾക്കായി 30 വയോജന ക്ലബ്ബുകളും 14 വയോജന അയൽപക്ക ഗ്രൂപ്പുകളും പ്രവർത്തിക്കുന്നു. മുതിർന്ന പൗരന്മാർക്കായി 2 'ദിവസ വിശ്രമ കേന്ദ്രങ്ങൾ' ഉണ്ട്. അവിടെ ഭക്ഷണം നൽകുന്നു, അവിടെ ലഭ്യമായ ഫിറ്റ്നസ് ഉപകരണങ്ങൾ ആരോഗ്യകരമായ ജീവിതശൈലി നിലനിർത്താൻ അവരെ സഹായിക്കുന്നു. പഞ്ചായത്ത് അതിന്റെ ഭൗതിക ഉപകരണങ്ങൾക്കായി 3,50,000 രൂപ ചെലവഴിച്ചു. അതിനായി പരിചരണകരെ നിയമിക്കുന്നു. ആയുർവേദം, അലോപ്പതി, ഹോമിയോ മെഡിക്കൽ ക്യാമ്പുകളും ഈ കേന്ദ്രങ്ങളിൽ നടത്തി. സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനായി പെൺകതിറിന്റെ ഭാഗമായി പഞ്ചായത്ത് വനിതാ ഫിറ്റ്നസ് ക്ലബ് ആരംഭിച്ചു. 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് 485090 രൂപയുടെ ഫിറ്റ്നസ് ഉപകരണങ്ങൾ നൽകി. പഞ്ചായത്ത് ഫിറ്റ്നസ് ക്ലബ് മാനേജ്മെന്റ് കമ്മിറ്റി സ്വമേധയാ പിന്തുണയോടെ ഒരു ലക്ഷം രൂപയുടെ ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങി. ഇപ്പോൾ 200 ഓളം സ്ത്രീകൾ ഫിറ്റ്നസ് ക്ലബ്ബിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്, ദിവസവും ഇത് വരുന്നു. പഞ്ചായത്തിലെ പ്രായമായ അമ്മമാർക്കായി പെൺകതിറിന്റെ ഭാഗമായി നടത്തുന്ന ഒരു പരിപാടിയാണ് അമ്മയോടൊപ്പം പിറന്നാൾ (അമ്മയോടൊപ്പം പിറന്നാൾ). 60 വയസ്സിനു ശേഷമുള്ള എല്ലാ അമ്മമാരും കേക്ക് മുറിച്ച് സമ്മാനങ്ങൾ സ്വീകരിക്കുന്നു. ഇത് കുടുംബത്തിനുള്ളിൽ ബന്ധം വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നു. പൊതുസ്ഥലങ്ങളിൽ വിശ്രമത്തിനായി പാർക്കുകൾ ക്രമീകരിച്ചിട്ടുണ്ട്. പഴയ സിനിമകൾ തിയേറ്ററുകളിൽ പ്രദർശിപ്പിക്കുന്നതിന് ഞങ്ങൾ അവതരിപ്പിച്ച മറ്റൊരു പദ്ധതി കൂടിയുണ്ട്. ആഴ്ചയിൽ ഒരു സിനിമയാണ് ഷെഡ്യൂൾ. ടിക്കറ്റിനും ലഘുഭക്ഷണത്തിനും 5 രൂപ നിരക്കിൽ പഴയ തിയേറ്ററുകളിലൊന്നായ "ജ്യോതി ടാക്കീസിൽ" സിനിമ പ്രദർശിപ്പിക്കുന്നു. ഇതിലൂടെ, അവർക്ക് വിശ്രമിക്കാനും പരസ്പരം അർത്ഥവത്തായ ബന്ധം കെട്ടിപ്പടുക്കാനും അവസരമുണ്ട്. ഇത് തീർച്ചയായും അവർക്ക് സന്തോഷകരമായ ഒരു മാനസികാവസ്ഥ നിലനിർത്തുന്നതിന് വളരെയധികം സഹായിക്കും. കുടുംബശ്രീയുടെ നേതൃത്വത്തിൽ അഗതിരഹിത പദ്ധതിയുടെ ഭാഗമായി 38 ഗുണഭോക്താക്കൾക്ക് എല്ലാ മാസവും പലചരക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നു. 2021-22 കാലയളവിൽ, ഈ പദ്ധതി പ്രകാരം മൂന്ന് ഗുണഭോക്താക്കൾക്ക് വീട് പരിപാലിക്കുന്നതിനായി 150000 രൂപ വീതം ധനസഹായം നൽകി. പ്രത്യേക പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് കട്ടിലുകളും പതിവായി വിതരണം ചെയ്യുന്നു. പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം 129 മുതിർന്ന പൗരന്മാരെയും 74 പേരെയും പരിചരിക്കുന്നു. പഞ്ചായത്തിലെ അർഹരായ 4699 വയോധികർക്ക് 1600 രൂപ പെൻഷൻ നൽകുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ മുതിർന്ന പൗരന്മാരുടെ യോഗങ്ങൾ വിളിച്ചുകൂട്ടുന്നു. ഇതിന്റെ ഭാഗമായി കലാ-വിനോദ പരിപാടികളും നടത്തുന്നു. പരിപാടിയിൽ പങ്കെടുക്കുന്ന 100-ലധികം പേർക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുന്നു. പെൺകതിർ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ സ്ത്രീകൾക്കായി "BRAVE" എന്ന പേരിൽ ഒരു സ്വയം സുരക്ഷാ പരിശീലന പരിപാടി നടത്തുന്നു. ഇതുവരെ 500-ലധികം പെൺകുട്ടികൾ ഈ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ, പഞ്ചായത്തിൽ നിലവിൽ ഒരു വനിതാ ജിം പ്രവർത്തിക്കുന്നുണ്ട്. കതിരൂർ ഗ്രാമപഞ്ചായത്തിൽ ഒരു ജെൻഡർ റിസോഴ്സ് സെന്റർ ഉണ്ട്. ലിംഗ വികസനവും സ്ത്രീ ശാക്തീകരണവും ഏകോപിപ്പിക്കുന്നതിനായി കുടുംബശ്രീ ഒരു ജെൻഡർ കൗൺസിലറെ നിയമിച്ചു. ആവശ്യക്കാർക്ക് ജെൻഡർ കൗൺസിലർ കൗൺസിലിംഗ് പിന്തുണ നൽകുന്നു, ജാഗ്രത സമിതിയും പ്രവർത്തിക്കുന്നു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കായുള്ള വിജിലൻസ് കമ്മിറ്റികൾ 18 വാർഡുകളിലും ഫലപ്രദമായി പ്രവർത്തിക്കുന്നു. പെങ്കതിർ പദ്ധതിയുടെ ഭാഗമായി എല്ലാ വാർഡുകളിലും ഇതിനായി ഒരു പരാതിപ്പെട്ടി സ്ഥാപിച്ചിട്ടുണ്ട്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ പോലീസ് വകുപ്പിനെ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. വയോജനങ്ങളുടെ ക്ഷേമം നിലനിർത്തുന്നതിനായി പഞ്ചായത്ത് വിവിധ പരിപാടികൾ നടത്തുകയും 20/01/2021 ന് പഞ്ചായത്തിനെ വയോജന സൗഹൃദ പഞ്ചായത്ത് (വയോജന സൗഹൃദ പഞ്ചായത്ത്) ആയി പ്രഖ്യാപിക്കുകയും ചെയ്തു. നമ്മുടെ യുവതലമുറയെ ഈ ആക്രമണങ്ങളിൽ നിന്ന് രക്ഷിക്കാൻ

**181**

# തൊഴിലുറപ്പ് പദ്ധതി

കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത്

തൊഴിലുറപ്പ് പദ്ധതി മികച്ച നിലയിൽ തന്നെ ഏറ്റെടുത്ത് നടത്തുന്ന ഒരു ഗ്രാമപഞ്ചായത്താണ് കാങ്കോൽ-ആലപ്പടമ്പ ഗ്രാമപഞ്ചായത്ത്. തത്ഫലമായി 2022-23 ലെ മഹാത്മാ പുരസ്കാരത്തിന് അർഹത നേടി. (ജില്ലയിൽ ഒന്നാം സ്ഥാനം) തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിയതിന്റെ ഫലമായി സാമ്പത്തിക, സാമൂഹ്യ, സാംസ്കാരിക മേഖലയിൽ സാമാന്യം മെച്ചപ്പെട്ട പുരോഗതി ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ഈ രംഗത്ത് ഏറ്റവും കൂടുതൽ ജോലി ചെയ്യുന്നത് സ്ത്രീ തൊഴിലാളികളാണ്. വിശിഷ്യ മുതിർന്ന പൗരന്മാർ. ചെറുതെങ്കിലും ഒരു വരുമാനം ലഭിക്കുന്നതിന്റെ ഫലമായി വീട്ടിലും നാട്ടിലും കൂടുതൽ അംഗീകാരവും പരിരക്ഷയും ലഭിക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്. ഈ രംഗത്ത് 1162 സ്ത്രീകളും 316 പുരുഷന്മാരും തൊഴിലെടുക്കുന്നു. 2023-24 സാമ്പത്തിക വർഷം 4,43,33,000 കോടി രൂപ പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിൽ ചെലവഴിച്ചു. 2024-2025ൽ നാളിതുവരെയായി ചെലവഴിച്ച തുക 3,50,83,000 രൂപയാണ്. ഈ വർഷം നൂറു പണി പൂർത്തീകരിച്ചവരാകട്ടെ 315 പേരുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തു വരുന്ന പ്രധാന പദ്ധതികളിൽ ചിലത് ഇവിടെ പ്രതിപാദിക്കുന്നു.

- **'പാതയോരം മനോഹരം'-** പദ്ധതിയുടെ ഭാഗമായി പാതയോരം മനോഹരമാക്കുക മാത്രമല്ല, പാതയോരങ്ങളിൽ മാലിന്യം വലിച്ചെറിയൽ കൂടി ഒരു പരിധി വരെ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്.
- **'ഇനി ഞാനൊഴുകട്ടെ'-** ജലാശയങ്ങളും തോടുകളും മാലിന്യ മുക്തമാക്കി ഉപയോഗപ്രദമാക്കൽ പ്രവർത്തി.
- തോട് സംരക്ഷണം, മണ്ണിടിച്ചിൽ എന്നിവ ഒഴിവാക്കുന്നതിനായി തോട് വരമ്പുകളിൽ കയർ ഭൂവസ്ത്രം വിരിക്കൽ
- മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ (തടയണ, മണ്ണ് കയ്യാല, ബണ്ട് നിർമ്മാണം, നീർക്കുഴി നിർമ്മാണം മുതലായവ)
- കാവുകളും മറ്റും സംരക്ഷിക്കുന്നതിനായി ജൈവവേലി നിർമ്മിക്കൽ.
- തൊഴുത്ത്, ആട്ടിൻകൂട് എന്നിവയുടെ നിർമ്മാണം.
- സ്കൂളുകൾക്ക് ഭക്ഷണശാല, മൂത്രപ്പുര മുതലായവ നിർമ്മിക്കൽ
- സ്വാശ്രയ സംഘങ്ങൾക്ക് ഷെഡ്ഡ് നിർമ്മാണം.
- **കിണർ റീചാർജ്ജിംഗ് -** വർദ്ധിച്ചു വരുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം 200 ഓളം കിണറുകൾ റീചാർജ്ജ് ചെയ്തു. റീചാർജ്ജ് പ്രവർത്തിയുടെ ഭാഗമായി ഭൂഗർഭജലനിരപ്പ് ഉയർത്താൻ സാധിക്കുകയും കൂട്ടമായി ചെയ്ത ഇടങ്ങളിൽ വേനൽക്കാലത്ത് ജലക്ഷാമം പരിഹരിക്കാനും സാധിച്ചിട്ടുണ്ട്. ഈ പ്രവർത്തി ഇപ്പോഴും തുടർന്നു വരുന്നു. 100% കിണറുകളും റീചാർജ്ജ് ചെയ്യുക എന്നതാണ് ലക്ഷ്യം.

ചുരുക്കത്തിൽ മികച്ച ക്ഷേമപ്രവർത്തനമായ ദേശീയ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളയി (പ്രത്യക്ഷമായോ. പരോക്ഷമായോ) മാറാത്ത കുടുംബങ്ങളുടെ എണ്ണം പഞ്ചായത്തിൽ തന്നെ വിരളമാണ്.

# കുറിപ്പുകൾ

# കുറിപ്പുകൾ

# കുറിപ്പുകൾ

# കുറിപ്പുകൾ

# കുറിപ്പുകൾ




പാട്യം ഗോപാലൻ പഠനഗവേഷണകേന്ദ്രം, കണ്ണൂർ
എ.കെ.ജി. പഠനഗവേഷണകേന്ദ്രം • തിരുവനന്തപുരം

www.akgcentre.in